# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 19, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1815/2021

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
9. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
10. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
11. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
12. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
13. ശ്രീ. അനൂപ് ജേക്കബ് (പിറവം)
14. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
15. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
16. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
17. ശ്രീ. അൻവർ സാദത്ത് (ആലുവ)
18. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
19. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)
20. ശ്രീ. കെ. ബാബു (നെന്മാറ)
21. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി- (എസ്.ടി.)

22. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

23. ശ്രീ. വി. ടി. ബൽറാം (തൃത്താല)

24. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

25. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

28. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

29. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

30. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

31. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

32. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

33. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

34. ശ്രീമതി ഗീതാ ഗോപി (നാട്ടിക - എസ്.സി.)

35. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

36. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

37. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

38. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

39. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

40. ഡോ. കെ. ടി. ജലീൽ (തവനൂർ)

41. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

42. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

43. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

44. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

45. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

46. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

47. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

48. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

49. ശ്രീ. വി. ജോയി (വർക്കല)

50. ശ്രീ. എം.സി. കമറുദ്ദീൻ (മഞ്ചേശ്വരം)

51. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി- എസ്.ടി.)

52. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

53. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

54. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

55. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

56. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ- എസ്.സി.)

57. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

58. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

59. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

60. ശ്രീ. മാണി സി. കാപ്പൻ (പാലാ)

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ. പി. (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

70. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

71. ശ്രീ. സി. കെ. നാണു (വടകര)

72. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

73. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

74. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

75. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

76. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

77. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം - എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര - എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്ല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട് - എസ്.സി.)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ് - എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ - എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

114 ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി ഷാനിമോൾ ഉസ്മാൻ (അരൂർ)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

129. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

130. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

131. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

132. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

133. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

136. ശ്രീ. എം. വിൻസെന്റ് (കോവളം)

137. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം) *

---

* 18-1-2021-ന് കെ. വി. വിജയദാസ് എം. എൽ.എ. അന്തരിച്ചു.

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

### ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. എ.കെ.ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം
പട്ടികവർഗ്ഗക്ഷേമം
പിന്നോക്കസമുദായക്ഷേമം
നിയമം
സാംസ്കാരികം
പാർലമെന്ററികാര്യം
കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ
കേരള ചലച്ചിത്ര അക്കാദമി

**ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ
സർവ്വേയും ലാൻഡ് റെക്കോർഡ്സും
ലാൻഡ് റിഫോംസ്
ഭവനനിർമ്മാണം

**ഡോ. കെ. ടി. ജലീൽ, ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം
സാങ്കേതിക വിദ്യാഭ്യാസം
സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാലകൾ ഒഴികെ)
പ്രവേശന പരീക്ഷകൾ
എൻ.സി.സി.
അസാപ് (ASAP)
ന്യൂനപക്ഷക്ഷേമം
വഖഫും ഹജ്ജ് തീർത്ഥാടനവും

**ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി**

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)
വാണിജ്യം
മൈനിംഗ് ആൻഡ് ജിയോളജി
കൈത്തറിയും ടെക്സ്റ്റൈലും
ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്
സ്പോർട്സും യുവജനകാര്യവും

**ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

**ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

**ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

**ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി**

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി സർവ്വകലാശാല

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ളാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

തൊഴിൽ
നൈപുണ്യം
തൊഴിലും പരിശീലനവും
പുനരധിവാസം
ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്
എക്സൈസ്
ലേബർ കോടതികൾ

**പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം
സാക്ഷരതാ മിഷൻ

**ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം
മോട്ടോർ വാഹനങ്ങൾ
ജലഗതാഗതം

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി**

ആരോഗ്യം
കുടുംബക്ഷേമം
മെഡിക്കൽ വിദ്യാഭ്യാസം
ഇൻഡിജിനസ് മെഡിസിൻ
മെഡിക്കൽ സർവ്വകലാശാല
ഡ്രഗ്സ് കൺട്രോൾ
ഹോമിയോപ്പതി
പ്രകൃതി ചികിത്സ
ആയുഷ്
സാമൂഹ്യനീതി

**ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി**

പൊതുമരാമത്ത്
രജിസ്ട്രേഷൻ
കമ്പിത്തപാൽ
റെയിൽവേ

**ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി**

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

**ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

*പേജ്*

**I ചരമോപചാരം**

ശ്രീ. കെ. വി. വിജയദാസിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ് --1

**II അനുബന്ധം**

19-1-2021-ലെ ചോദ്യോത്തരങ്ങൾ --11

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 19, ചൊവ്വ*

| വാല്യം 183] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|

നിയമസഭ 2021 ജനുവരി മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ : ഓർഡർ....ഓർഡർ......

## ചരമോപചാരം

### കെ. വി. വിജയദാസിന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിൽ നമ്മോടൊപ്പം സജീവ സാന്നിധ്യമായിരുന്ന കോങ്ങാട് നിയമസഭാംഗം കെ. വി. വിജയദാസ് വിടവാങ്ങിയിരിക്കുകയാണ്. തലച്ചോറിലെ രക്തസ്രാവത്തെത്തുടർന്ന് ചികിത്സയിലായിരിക്കെ ഇന്നലെ രാത്രി 7.45-ഓടെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ വച്ചായിരുന്നു അന്ത്യം. അസുഖബാധിതനായി ചികിത്സയിലായിരുന്ന അദ്ദേഹത്തെ കഴിഞ്ഞ ദിവസം ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയിരുന്നു.

എലപ്പുള്ളിയിൽ കെ. വേലായുധന്റെയും എ. താത്തയുടെയും മകനായി 1959 മേയ് 25-ന് ആണ് കെ. വി. വിജയദാസ് ജനിച്ചത്. കേരള സോഷ്യലിസ്റ്റ് യൂത്ത് ഫെഡറേഷനിലൂടെ രാഷ്ട്രീയരംഗപ്രവേശം നടത്തിയ കെ. വി. വിജയദാസ് ഗ്രാമപഞ്ചായത്ത് മെമ്പറെന്ന നിലയിലാണ് പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്നത്. മിച്ചഭൂമി സമരത്തിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം 13 ദിവസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 1977-ൽ സി.പി.ഐ.(എം) സിറ്റി ബ്രാഞ്ച്

അംഗമായി പൊതുജനാധിപത്യ പ്രസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച അദ്ദേഹം പിന്നീട് സി.പി.ഐ.(എം) ചിറ്റൂർ ഏരിയ സെക്രട്ടറി, പാലക്കാട് ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

കർഷകരുടെ പ്രശ്നങ്ങളിൽ പൊതുവേയും ക്ഷീരകർഷകരുടെ പ്രശ്നങ്ങളിൽ പ്രത്യേകിച്ചും ആഴമേറിയ ജ്ഞാനമുണ്ടായിരുന്ന കെ. വി. വിജയദാസ് തേനാരി ക്ഷീരോല്പാദക സഹകരണ സംഘം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. ഒരു മികച്ച സഹകാരിയായിരുന്ന അദ്ദേഹം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർ, പ്രാഥമിക സഹകരണ സംഘം അസോസിയേഷൻ ജില്ലാ പ്രസിഡന്റ്, എലപ്പുള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിരുന്നു.

കേരള കർഷക സംഘത്തിന്റെ സംസ്ഥാന കമ്മിറ്റി അംഗമെന്ന നിലയിൽ കർഷകരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1995-ൽ നടന്ന ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച കെ. വി. വിജയദാസ് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായി. പ്രസിഡന്റ് എന്ന നിലയിൽ ഭരണപാടവം തെളിയിച്ച അദ്ദേഹം നടത്തിയ ദീർഘവീക്ഷണത്തോടെയുള്ള വികസന പ്രവർത്തനങ്ങളിൽ ഒന്നായ 'മീൻവല്ലം' ജലവൈദ്യുത പദ്ധതി ഏഷ്യയിൽത്തന്നെ ഒരു ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന ആദ്യ ജലവൈദ്യുത പദ്ധതിയായിരുന്നു.

കോങ്ങാട് മണ്ഡലരൂപീകരണത്തിനുശേഷം 2011-ൽ നടന്ന ആദ്യതെരഞ്ഞെടുപ്പിലും തുടർന്ന് 2016-ലും അദ്ദേഹം കോങ്ങാട് മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തി. പത്ത് വർഷക്കാലം കോങ്ങാടിന്റെ വികസനപന്ഥാവിൽ തന്റേതായ പാദമുദ്രകൾ പതിപ്പിച്ച് മുന്നേറാൻ അദ്ദേഹത്തിനായി.

കെ. വി. വിജയദാസിന്റെ നിര്യാണത്തോടെ ഒരു മികച്ച സഹകാരിയെയും ലാളിത്യം മുഖമുദ്രയാക്കിയ ജനകീയനായ ഒരു നേതാവിനേയും വിശിഷ്യ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയേയുമാണ് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, നമ്മോടൊപ്പം ഉണ്ടാകേണ്ടിയിരുന്ന കെ. വി. വിജയദാസിന്റെ അകാലനിര്യാണത്തിൽ അങ്ങയുടെ വികാരത്തോടൊപ്പം ഞാനും ചേരുകയാണ്. അദ്ദേഹം രോഗബാധിതനായി ആശുപത്രിയിൽ എത്തിയതോടെതന്നെ ദിവസം കഴിയുംതോറും പുതിയ ആരോഗ്യപ്രശ്നങ്ങൾ ഉയർന്നുവരികയാണ് ചെയ്തത്. കോവിഡിന്റെ ആക്രമണമാണ് ആദ്യം ഉണ്ടായതെങ്കിലും അത് ചികിത്സിച്ച്

ഭേദമാക്കാൻ കഴിഞ്ഞു. പക്ഷേ പിന്നീട് ആരോഗ്യനില വല്ലാതെ വഷളാകുകയാണുണ്ടായത്. ഇന്നലെ അദ്ദേഹത്തെ രോഗം കീഴ്പ്പെടുത്തുകയും ചെയ്തു. ഈ സഭയിൽ ഒരു ദശാബ്ദത്തോളം ഉണ്ടായിരുന്ന വിജയദാസ് സഭാ കാലാവധി പൂർത്തിയാക്കുന്നതിന് തൊട്ടുമുമ്പാണ് സഭയോടും ഈ ലോകത്തോടും വിടപറഞ്ഞത്. തുടർച്ചയായി രണ്ടാം തവണയും കോങ്ങാട് മണ്ഡലത്തിൽനിന്നാണ് വിജയദാസ് സഭാംഗമായത്. അനാരോഗ്യത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കുന്നതുവരെ പാലക്കാട്ടെയും ജന്മനാടായ എലപ്പുള്ളിയിലേയും ജനങ്ങളോടൊപ്പം വിജയദാസുണ്ടായിരുന്നു. എല്ലാഘട്ടത്തിലും അദ്ദേഹത്തിന്റെ ഒരു പ്രത്യേകത, ജനങ്ങളിൽ ഒരാളായി എല്ലാപ്രവർത്തനങ്ങളുടെയും മുൻപന്തിയിൽ നിൽക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. അങ്ങനെയാണ് അദ്ദേഹം കർഷക സംഘത്തിന്റെ പ്രവർത്തകനും നേതാവും അതോടൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തകനുമൊക്കെയായി മാറുന്നത്. പാടത്തിറങ്ങി കൃഷി ചെയ്യുന്ന കർഷകന്റെ അനുഭവമാണ് കർഷകന്റെ സങ്കടങ്ങളെക്കുറിച്ച് ഈ സഭയിലും സമരവീഥികളിലും ഉറച്ച ബോധ്യത്തോടെ സംസാരിക്കാൻ വിജയദാസിന് കരുത്ത് പകർന്നത്. കർഷകർക്കുള്ള വായ്പാ സഹായം, നെല്ല് സംഭരണം, ജലസേചനം ഇങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിലും പരിഹരിക്കുന്നതിലും എല്ലാകാലത്തും മുന്നിൽനിന്ന് പ്രവർത്തിക്കാനും ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഇടപെടാനും വിജയദാസിന് കഴിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ കക്ഷിപരിഗണനകൾക്ക് അതീതമായ ജനകീയ അംഗീകാരം വിജയദാസിനുണ്ടായിരുന്നു. സഹകാരിയെന്ന നിലയിലും ഭരണാധികാരി എന്ന നിലയിലും മാതൃകാപരമായ ഇടപെടലുകൾ അദ്ദേഹത്തിൽ നിന്നുണ്ടായി. സർവ്വീസ് സഹകരണ ബാങ്കുകളിൽ, എലപ്പുള്ളി സഹകരണ ബാങ്കിനെ മികച്ച സ്ഥാപനമാക്കിയതിനുപിന്നിൽ വിജയദാസിന്റെ കഴിവുണ്ട്. അതുപോലെതന്നെ, തേനാരി ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗം ഇങ്ങനെ സഹകരണ രംഗത്ത് മികച്ച സംഭാവനയാണ് വിജയദാസിന്റെ ഭാഗത്തുനിന്നുണ്ടായത്. 1995-ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'മീൻവല്ലം' ജലവൈദ്യുതപദ്ധതി നടപ്പിലാക്കിയത് ആ ഘട്ടത്തിലായിരുന്നു. രാജ്യത്തിനുതന്നെ മാതൃകയായ ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ അദ്ദേഹം നൽകിയ നേതൃത്വപരമായ സംഭാവന ഓർമ്മയിലെന്നും തങ്ങിനിൽക്കുന്നതാണ്. സ്വന്തം മണ്ഡലത്തിന്റെ വികസന പ്രശ്നങ്ങളിൽ അതീവ ശ്രദ്ധയോടെയാണ് വിജയദാസ് ഇടപെട്ടിരുന്നത്. അവിടെയുള്ള ചെറിയ വിഷയങ്ങൾപോലും ഗൗരവമായി കാണുകയും ഇടപെടുകയും

ചെയ്യുന്ന പ്രകൃതമായിരുന്നു. ചിരിക്കുന്ന മുഖവും സൗമ്യതയുമായി കോങ്ങാടിന്റെയും പാലക്കാടിന്റെയും കർഷകജനതയുടെയും ആവശ്യങ്ങളുമായി മുന്നിലെത്തുന്ന വിജയദാസിനെ ഈ സഭയിലുള്ള എല്ലാവരും സ്നേഹത്തോടെയാണ് കണ്ടിരുന്നത്. നിസ്വാർത്ഥമായ ജനസേവനത്തിന്റെ നൈരന്തര്യമായിരുന്ന ആ ജീവിതത്തിനുണ്ടായ ആകസ്മികമായ അന്ത്യം കേരള ജനതയ്ക്ക് പൊതുവിലും ഈ സഭയ്ക്ക് പ്രത്യേകിച്ചും വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കോവിഡ് മഹാമാരിയും അതിനെത്തുടർന്നുള്ള അസ്വസ്ഥതകളും നമ്മുടെ ഒരു സഭാംഗത്തെക്കൂടി തട്ടിയെടുത്തിരിക്കുകയാണ്. കോങ്ങാട് അംഗം കെ. വി. വിജയദാസ് ഈ സഭയിൽ നമ്മോടൊപ്പം ഉണ്ടാകേണ്ടിയിരുന്ന ഒരാളായിരുന്നു. എപ്പോഴും ചിരിച്ച മുഖവുമായി എല്ലാവരെയും സമീപിക്കുന്ന മനുഷ്യസ്നേഹിയായ ഒരു പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. കോങ്ങാട് അംഗം വിജയദാസിന്റെ അപ്രതീക്ഷിതമായ വിയോഗം നമ്മളെ വല്ലാതെ ദുഃഖിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ മരണം നമുക്ക് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല. കർഷകരുടെ മനസ്സ് കണ്ടറിഞ്ഞ, അടിമുടി കർഷകനായ ഒരു ജനപ്രതിനിധിയായിരുന്നു കെ. വി. വിജയദാസ്. അദ്ദേഹം, കർഷകന്റെ പ്രശ്നങ്ങളാണ് മിക്കവാറും ഈ സഭയിൽ ഉയർത്തിക്കൊണ്ടുവരാറുള്ളത്. നെൽ കർഷകരുടെ പ്രശ്നങ്ങൾ, അവർ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വിവരണങ്ങൾ ഇതെല്ലാം അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ നമുക്ക് എപ്പോഴും കേൾക്കാൻ കഴിയുമായിരുന്നു. സാധാരണ കർഷകത്തൊഴിലാളി കുടുംബത്തിൽ ജനിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അവർക്കുവേണ്ടി പോരാടിയ ജനനേതാവായിരുന്നു അദ്ദേഹം. എലപ്പുള്ളി ഗ്രാമത്തിൽ എല്ലാവരുടെയും പ്രിയങ്കരനായ, സൗമ്യശീലനായ ഒരു വ്യക്തിയായിട്ടാണ് വിജയദാസിനെ നമുക്ക് കാണാൻ കഴിയുന്നത്. അദ്ദേഹം മികച്ച ഒരു സഹകാരിയായിരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം നടത്തിയ പല പ്രവർത്തനങ്ങളും ശ്രദ്ധേയമായിരുന്നു. രാഷ്ട്രത്തിനുതന്നെ മാതൃകയായ 'മീൻവല്ലം' ജലവൈദ്യുതപദ്ധതി അദ്ദേഹം പ്രസിഡന്റായിരിക്കെയാണ് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയത്. പഴയ ശ്രീകൃഷ്ണപുരം മണ്ഡലമായ കോങ്ങാടുനിന്ന് 2011-ലും 2016-ലും അദ്ദേഹം വിജയിച്ച് ഈ സഭയിലെത്തി. ഓരോ തെരഞ്ഞെടുപ്പിലും അദ്ദേഹത്തിന്റെ ഭൂരിപക്ഷം കൂടിയത് അദ്ദേഹത്തിനുണ്ടായിരുന്ന ജനസമ്മതിയുടെ

അളവുകോലായി നമുക്ക് കണക്കാക്കാൻ കഴിയുന്നതാണ്. ഈ സഭയുടെ കാലയളവിൽ നമുക്ക് ഏഴ് പ്രിയപ്പെട്ട സഹപ്രവർത്തകരെയാണ് നഷ്ടമായത്. അതിൽ ഏഴാമത്തെയാളാണ് അദ്ദേഹം. മനുഷ്യസ്നേഹിയും ജനകീയനുമായ ഒരു നല്ല പൊതുപ്രവർത്തകനെയാണ് വിജയദാസിന്റെ നിര്യാണംമൂലം നഷ്ടമായിരിക്കുന്നത്. വിജയദാസിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ വിയോഗംമൂലം വേദനിക്കുന്ന കുടുംബാംഗങ്ങളെ എന്റെയും പ്രതിപക്ഷത്തിന്റെയും ആദരാഞ്ജലികളും അനുശോചനവും അറിയിക്കുന്നു.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നിയമനിർമ്മാണ വേദികൾക്കെന്നും കരുത്തും ഭംഗിയും പകർന്നുനൽകിയ അംഗമായിരുന്ന കെ. വി. വിജയദാസ്. കോടീശ്വരന്മാരും വ്യവസായ പ്രമുഖരും കരിയറിസ്റ്റ് രാഷ്ട്രീയക്കാരും ജനാധിപത്യ വേദികളെ കയ്യടക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, പാലക്കാടിന്റെയും കർഷകരുടെയും അദ്ധ്വാനത്തിന്റെ തഴമ്പ് പകർന്ന കൈകളുമായി ഈ സഭയിലേയ്ക്ക് തലയുയർത്തി കടന്നുവന്ന ജനനേതാവായിരുന്ന സഖാവ് വിജയദാസ്. 1987-ൽ എലപ്പുള്ളി പഞ്ചായത്തിലെ അംഗമായി തെരഞ്ഞെടുക്കപ്പെട്ടതുമുതൽ 1995-ൽ പാലക്കാട് ജില്ലയിലെ ആദ്യ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായപ്പോഴും 2011 മുതൽ നിയമസഭയിൽ കോങ്ങാട് മണ്ഡലത്തെ തുടർച്ചയായി പ്രതിനിധീകരിക്കുമ്പോഴും അദ്ദേഹത്തിന്റെ മനസ്സുനിറയെ കൃഷിയും കർഷകനും കാർഷികവ്യവസ്ഥയുമായിരുന്നുവെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. സ്വന്തം പ്രതിച്ഛായ വളർത്താനുള്ള ആധുനിക പ്രവണതകളൊന്നുമില്ലാത്ത വിജയദാസ്, സ്വാഭാവികമായും അതൊക്കെ അന്യമായിരുന്ന വ്യക്തിയായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. പ്രത്യയ ശാസ്ത്രബോധവും അതിലും തെളിവാർന്ന വർത്തമാനവുമാണ് വിജയദാസെന്ന ജനനേതാവിനെ നയിച്ചിരുന്നത്. യുവജന പ്രസ്ഥാനത്തിലും കർഷക പ്രസ്ഥാനത്തിലും പ്രവർത്തിച്ചപ്പോഴും ജനപ്രതിനിധിയായി പ്രവർത്തിച്ച പ്പോഴുമൊക്കെ ആരെയാണ് താൻ പ്രതിനിധീകരിക്കുന്നതെന്ന് ആർക്കും വ്യക്തമാകുന്ന നിലപാടുകളുടെ ധീരത അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രവൃത്തിയിലും ദൃശ്യമായിരുന്നു. രാജ്യമാകെ കർഷകർക്കുവേണ്ടി പോരാടാനൊരുങ്ങുന്ന ഈ നിർണ്ണായക ഘട്ടത്തിൽ നമുക്ക് നഷ്ടപ്പെടുന്നത് സമാനതകളില്ലാത്ത ഒരു യഥാർത്ഥ കർഷക നേതാവിനെക്കൂടിയാണ്. ഈ സഭയുടെ നഷ്ടത്തോടൊപ്പം ഒരു നാടിന്റെ നഷ്ടം കൂടിയാണ് സഖാവ് വിജയദാസിന്റെ അപ്രതീക്ഷിതമായ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. പ്രിയപ്പെട്ട വിജയദാസിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാവ് എന്നുള്ള നിലയ്ക്ക് ശ്രീ. ഇ. ചന്ദ്രശേഖരൻ അവർകളും പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. പാലക്കാട് ജില്ലയിലെ സി.പി.ഐ.(എം)-ന്റെ മുതിർന്ന നേതാവായിരുന്ന കെ. വി. വിജയദാസ് കെ.എസ്.വൈ.എഫ്.-ലൂടെ പൊതുരംഗത്ത് കടന്നുവരികയും മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിക്കുകയും ചെയ്തു. അദ്ദേഹം താഴെത്തട്ടിലുള്ള സാധാരണ ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച് ജനകീയ നേതാവായി മാറിയ വ്യക്തിയാണ്. എലപ്പുള്ളി ഗ്രാമപഞ്ചായത്തംഗമായ അദ്ദേഹം 1995-ൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റും 2011 മുതൽ കോങ്ങാട് എം.എൽ.എ-യുമാണ്. എലപ്പുള്ളിക്കാർക്ക് നഷ്ടപ്പെട്ടിരിക്കുന്നത് അവരുടെ പ്രിയപ്പെട്ട ദാസേട്ടനെയാണ്. കാർഷിക-സഹകരണ മേഖലയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്ന അദ്ദേഹം. അദ്ദേഹത്തിന് കോവിഡ് ബാധിക്കുകയും പിന്നീട് നെഗറ്റീവായെങ്കിലും, കോവിഡാനന്തര പ്രശ്നങ്ങളെത്തുടർന്ന് കുറേ ദിവസമായി രോഗശയ്യയിലായിരുന്നു. സാധാരണ ജനങ്ങളുടെ ഇടയിൽനിന്നും പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നു വന്നതുകൊണ്ടുതന്നെ സാധാരണക്കാരുടെ പ്രശ്നങ്ങൾ എന്നും ഉയർത്തിപ്പിടിക്കുന്നതിനും പ്രശ്നപരിഹാരത്തിനും അദ്ദേഹം അനായാസം പ്രവർത്തിക്കുകയുണ്ടായി. ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, അദ്ദേഹം നെൽകർഷകരുടെ വിഷയങ്ങൾ സഭയിൽ എന്നും ഉയർത്തിപ്പിടിച്ചിരുന്നു. കാർഷിക മേഖലയിൽ വ്യത്യസ്തവും നൂതനവുമായ ആശയങ്ങൾ നടപ്പിൽ വരുത്തുന്നതിന് അദ്ദേഹം ശ്രദ്ധേയമായ നിർദ്ദേശങ്ങൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. വശ്യമാർന്ന നിഷ്കളങ്കമായ ചിരി, ഇനി ഓർമ്മയിൽ മാത്രം അവശേഷിക്കുകയാണ്. എനിക്ക് വിജയദാസിന്റെ നഷ്ടം വ്യക്തിപരമായ ഒരു നഷ്ടം കൂടിയാണ്. അത്രയും വലിയൊരു സൗഹൃദമാണ് അദ്ദേഹവും ഞാനും തമ്മിലുണ്ടായിരുന്നത്. പലപ്പോഴും അദ്ദേഹം എന്റെ മുറിയിൽ വരികയും ധാരാളം സമയം സംസാരിച്ചിരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ കുടുംബത്തിനുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, കാർഷികമേഖലയിൽനിന്നും വളർന്നുവന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പത്ത് വർഷത്തോളം നിയമസഭാംഗം എന്ന നിലയിൽ നമ്മോടൊപ്പം പ്രവർത്തിച്ച, കൃഷിക്കാരുടെയും പാലക്കാടിന്റെയും മൊത്തത്തിലുള്ള ആവശ്യത്തിനുവേണ്ടി പോരാടിയ, അക്കാര്യങ്ങൾ നിയമസഭയിൽ നന്നായി വിശദീകരിച്ച ബഹുമാന്യനായ സഹപ്രവർത്തകന്റെ ഓർമ്മയ്ക്കുമുമ്പിൽ പ്രണാമമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റും പറഞ്ഞ കാര്യങ്ങളോട് യോജിച്ചുകൊണ്ട് ആ ദുഃഖത്തിൽ ഞാൻ പങ്കുചേരുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ പ്രിയപ്പെട്ട സുഹൃത്തും സഹപ്രവർത്തകനുമായിരുന്ന കെ. വി. വിജയദാസിന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ജീവിതത്തിൽ വിഷമങ്ങൾ അനുഭവിക്കുന്നവന്റെയും നൊമ്പരങ്ങൾ തന്റെ ജീവിതത്തിന്റെ പ്രശ്നമായികണ്ട് വൈകാരികതയോടെ നിയമസഭയിൽ അവതരിപ്പിക്കുന്ന ഒരു സമീപനമായിരുന്നു കെ. വി. വിജയദാസ് എപ്പോഴും സ്വീകരിച്ചിരുന്നത്. അദ്ദേഹത്തെക്കുറിച്ചുള്ള ആ വികാരപരമായ ഓർമ്മകളാണ് നമ്മുടെയെല്ലാം മനസ്സിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്നത്. കർഷകന്റെ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കാനും അത് നേടിയെടുക്കാനുമുള്ള പരിശ്രമത്തിൽ വിജയദാസ് എന്നും ആത്മാർത്ഥതയോടെ നിലകൊണ്ടു എന്നുള്ളത് അഭിമാനത്തോടുകൂടിയാണ് നമുക്ക് പറയാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായ വേർപാട് എല്ലാവരേയും വേദനിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടുമൂലം ദുഃഖം അനുഭവിക്കുന്ന എല്ലാവരോടുംകൂടെ ആ ദുഃഖത്തിൽ പങ്കുചേരുന്നു. വിജയദാസിന്റെ ഓർമ്മകൾക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാന്യനായ പ്രതിപക്ഷനേതാവുമുൾപ്പെടെ ഇവിടെ രേഖപ്പെടുത്തിയ ഹൃദയ വികാരത്തോട് ഞാനും പങ്കുചേരുകയാണ്. വീണ്ടും ഈ സഭയിലെ ഒരു സഹോദരനെക്കൂടി നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. അദ്ദേഹവുമായി ബന്ധപ്പെട്ടവർക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്തതാണ് അദ്ദേഹവുമായുള്ള ആത്മബന്ധത്തിന്റെ ഓരോ പദവിന്യാസങ്ങളും. ലാളിത്യവും സ്നേഹവും കൊണ്ടുനിറഞ്ഞ ആ വ്യക്തിത്വത്തിന്റെ സ്നേഹസ്പർശം അനുഭവിച്ചവരാണ് നമ്മളെല്ലാംതന്നെ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ പാലക്കാടൻ മണ്ണിന്റെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക വിചാരങ്ങളെയും വികാരങ്ങളെയും പ്രതിസ്പന്ദിപ്പിക്കുന്നതായിരുന്നു. വിജയദാസിന്റെ പ്രവർത്തനങ്ങൾ പുതിയ തലമുറയ്ക്ക് മാതൃകാപരമാണ്, ആവേശകരമാണ്. ആ സഹപ്രവർത്തകനെക്കുറിച്ചുള്ള ദീപ്തമായ ഓർമ്മകൾ നമ്മുടെ സഭയിൽ നിറയുകയാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അഗാധമായ ദു:ഖം അനുഭവിക്കുന്ന കുടുബാംഗങ്ങളോടൊപ്പം പങ്കുചേർന്നുകൊണ്ട് ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ സഭയിലെ ഏഴാമത്തെ സഹപ്രവർത്തകനാണ് നമ്മൾ ചരമോപചാരം അർപ്പിക്കുന്നത് എന്നത് ഏറെ വേദനാജനകമായ കാര്യമാണ്. പ്രിയപ്പെട്ട കെ. വി. വിജയദാസിനെക്കുറിച്ച് അങ്ങും സഭയിൽ പൊതുവായും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. വളരെ സൗമ്യമായ പെരുമാറ്റത്തോടെയും പുഞ്ചിരിയോടെയുമൊക്കെ നമ്മളെ എന്നും സമീപിച്ചിരുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം. ലഭിച്ച അവസരങ്ങൾ വളരെ നന്നായി വിനിയോഗിക്കാൻ കഴിഞ്ഞിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. 2011 മുതൽ എം.എൽ.എ. എന്ന നിലയിൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുമ്പോഴും പാലക്കാട് ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനായിരിക്കുമ്പോഴും ഗ്രാമപഞ്ചായത്ത് മെമ്പറായി വന്നപ്പോഴുമൊക്കെ അദ്ദേഹത്തിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെ വളരെ ഭംഗിയായി നിർവ്വഹിക്കാൻ കഴിഞ്ഞു. അനവധി നൂതനമായ ആശയങ്ങൾ മുന്നോട്ട് കൊണ്ടുവരാൻ ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനായിരുന്ന സന്ദർഭങ്ങളിൽ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. തീർച്ചയായും ഒരു ജനപ്രതിനിധി വ്യത്യസ്തനാകുന്നത്, ലഭിക്കുന്ന അവസരങ്ങൾ നാടിനുവേണ്ടി എങ്ങനെ വിനിയോഗിക്കുന്നുവെന്നതിലാണ്. ആ അർത്ഥത്തിൽ കെ.വി. വിജയദാസ് വളരെ ഭംഗിയായി അദ്ദേഹത്തിൽ അർപ്പിതമായ കർത്തവ്യങ്ങൾ നിർവ്വഹിച്ചാണ് ഈ ലോകത്തോട് വിട പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ വേർപാട് തീർച്ചയായും അവിടത്തെ ജനങ്ങളെ സംബന്ധിച്ച്; ആ പ്രദേശത്തെ സംബന്ധിച്ച് ഏറെ വേദനിപ്പിക്കുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കുള്ള ദുഃഖവും അവർക്കുള്ള വേദനയും നഷ്ടവും വാക്കുകൾക്കതീതമാണ്. ആ കുടുംബത്തോടൊപ്പം ഞാനും ദുഃഖത്തിൽ പങ്കുചേരുന്നു. കെ. വി. വിജദാസിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാണി. സി. കാപ്പൻ</u>: സർ, നമ്മുടെ സഹപ്രവർത്തകനായിരുന്ന കെ. വി. വിജയദാസിന്റെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. നെല്ലറയുടെ നെല്ലച്ഛനായിരുന്ന വിടവാങ്ങിയ എം.എൽ.എ. കെ. വി. വിജയദാസ്. കർഷകരുടെ അവകാശങ്ങൾക്കുവേണ്ടി എന്നും ശബ്ദമുയർത്തിയ അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായിരുന്നു നെല്ല്. എം.എൽ.എ. ആയിരിക്കുമ്പോഴും സ്വന്തം പാടത്ത് കൃഷിയിറക്കി വിള കൊയ്തിരുന്ന തനി പാലക്കാടൻ കർഷകനായിരുന്നു കെ. വി. വിജയദാസ്. നെൽക്കർഷകന്

വേദനിച്ചാൽ അപ്പോൾ അദ്ദേഹം ശബ്ദമുയർത്തും. ഒരു വർഷം മുമ്പ് പാലക്കാട് നടന്ന മലയാള മനോരമ കർഷകശ്രീ മേളയിൽ നെൽകർഷക സെമിനാറിന്റെ ഉദ്ഘാടകനായി അദ്ദേഹമെത്തി, നെല്ലിനെക്കുറിച്ച് വലിയൊരു പ്രബന്ധം തന്നെ അവതരിപ്പിച്ചു. നെല്ലിന്റെ പിറന്നാളായ കന്നിമാസത്തിലെ മകം നക്ഷത്രത്തിൽ മലയാള മനോരമയിൽ നെല്ലിനെക്കുറിച്ച് ലേഖനവുമെഴുതി. നെൽക്കർഷകർക്ക് ഇപ്പോൾ നടപ്പാക്കിയ റോയൽറ്റി പദ്ധതി അദ്ദേഹത്തിന്റെ ആശയമായിരുന്നു. കൃഷി ഭവനുകൾ പ്രായോഗിക വിവരങ്ങൾ പകരുന്ന കേന്ദ്രങ്ങളാകണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശമാണ് എല്ലാ ബ്ലോക്കുകളിലും കൃഷിവിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങാൻ കൃഷി വകുപ്പിനെ പ്രേരിപ്പിച്ചത്. പാലക്കാടിന്റെ ആദ്യത്തെ ജില്ലാ പ്രസിഡന്റായ കെ. വി. വിജയദാസ് 2011-ലാണ് ആദ്യമായി നിയമസഭാംഗമായത്. തുടർന്ന് 2016-ൽ വിജയമാവർത്തിച്ചു. 1987-ൽ എലപ്പുള്ളി പഞ്ചായത്തംഗവുമായി. ഇതെല്ലാം ജനങ്ങൾ കെ. വി. വിജയദാസിന് നൽകിയ അകമഴിഞ്ഞ പിന്തുണയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എല്ലാക്കാലത്തും ജനങ്ങളോടൊപ്പം പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ നിര്യാണം ഈ നാടിന് തീരാനഷ്ടമാണ്. അദ്ദേഹത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളുടെയും മറ്റ് കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ഞാൻ എന്റെ അനുശോചനം അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, പാലക്കാട് കർഷക ജില്ലയാണ്. ആ കർഷകജില്ലയുടെ യഥാർത്ഥപ്രതിനിധിയായിരുന്നു അദ്ദേഹം. വെറും കൃഷിക്കാരൻ മാത്രമല്ല, ശരിയായി കൃഷി ചെയ്യുന്നയാളായിരുന്നു അദ്ദേഹം. അതുകൊണ്ട് അവരുടെ എല്ലാ പ്രശ്നങ്ങളും ശരിക്കും ഉൾക്കൊള്ളാനും അത് പ്രകടിപ്പിക്കാൻ കിട്ടുന്ന അവസരങ്ങളിലെല്ലാം അത് ഉന്നയിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അങ്ങനെയുള്ള ഒരു യഥാർത്ഥ കർഷകപ്രതിനിധിയുടെ അഭാവം തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞാൻ എന്റെ അനുശോചനം രേഖപ്പെടുത്തുന്നു. ഒപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അനുശോചനം അറിയിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നമ്മുടെ പ്രിയപ്പെട്ട കെ. വി. വിജയദാസ് നമ്മളോടൊപ്പം ഈ സഭയിലില്ല എന്നോർക്കുമ്പോൾ വളരെ വേദനയുണ്ട്. ഇതിനുമുമ്പ് നേതാക്കന്മാർ പലരും പറഞ്ഞതുപോലെ ഏഴ് പ്രമുഖ വ്യക്തികൾ പതിനാലാം കേരള നിയമസഭയുടെ ഈ കാലഘട്ടത്തിൽ നമ്മുടെ

മുന്നിൽനിന്ന് മാഞ്ഞുപോയി എന്നുള്ളത് ഏറ്റവും ദുഃഖകരമായ കാര്യമാണ്. ഈ സഭയുടെ അവസാന സമ്മേളനത്തിൽ നമുക്കെല്ലാം പ്രിയപ്പെട്ട, സൗമ്യതയുടെ പര്യായമായ, കർഷകരുടെയും പാവപ്പെട്ടവരുടെയും ആശയും അഭിലാഷവുമായിരുന്ന കെ. വി. വിജയദാസാണ് നമ്മെ വിട്ടുപിരിഞ്ഞത്. കഴിഞ്ഞ ഏതാനും ദിവസമായി കെ. വി. വിജയദാസിന്റെ ആരോഗ്യനില വളരെ ഗുരുതരമായി മുന്നോട്ടുപോകുമ്പോൾ ആശങ്കയോടെയാണ് നമ്മൾ അദ്ദേഹത്തെക്കുറിച്ച് ഓർത്തിരുന്നത്. അദ്ദേഹം ഒരു നല്ല കർഷകനേതാവും ഒരു സമരനേതാവും അതിലുപരി കർഷകരെ സഹായിക്കുന്ന ഒരു നല്ല സഹകാരിയുമായിരുന്നു. സഹകരണ രംഗത്തെ പ്രവർത്തനങ്ങളിൽ അദ്ദേഹം വളരെ മികച്ച സഹകാരിയായി പ്രവർത്തിക്കുകയും അതിലൂടെ ഒരുപാട് നല്ല കാര്യങ്ങൾ പാലക്കാട് ജില്ലയ്ക്കും കേരളത്തിനും സംഭാവന ചെയ്യാനും കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാടിൽ അത്യധികമായ വേദനയുണ്ട്. ഈ സഭയിൽ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമടക്കമുള്ള നേതാക്കന്മാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് യോജിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണത്തിലും കുടുംബത്തിന്റെ ദുഃഖത്തിലും എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പ്രിയങ്കരനായ നമ്മുടെ സഹപ്രവർത്തകൻ കെ. വി. വിജയദാസിന്റെ നിര്യാണത്തിൽ എല്ലാവരും പ്രകടിപ്പിച്ച വേദനയോടുകൂടിയുള്ള പ്രതികരണത്തോട് ഞാനും യോജിക്കുകയാണ്. അനുകരണീയമായ പ്രവർത്തനത്തിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച വലിയ ജനനേതാവിനെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. നെൽക്കർഷകരുടെ കാര്യത്തിൽ അദ്ദേഹം നടത്തിയ പോരാട്ടം വളരെ വലുതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിലെ നെൽക്കർഷകരുടെ പ്രതിനിധിയായി എപ്പോഴും ഉയർത്തിക്കാണിക്കുവാൻ കഴിയുന്ന ഒരു വലിയ നേതാവാണ് കെ. വി. വിജയദാസ് എന്ന കാര്യത്തിൽ സംശയമില്ല. സ്വന്തം കൃഷിയിടത്തിൽ അദ്ദേഹംതന്നെ കൃഷി ചെയ്തിരുന്നു എന്നുപറയുമ്പോൾ അദ്ദേഹത്തിന് എത്രയോ വലിയ കർഷക മനസ്സായിരുന്നു എന്ന് നമുക്കറിയാം. രാഷ്ട്രീയക്കാർ കൃഷിക്കാർക്കുവേണ്ടി സംസാരിക്കും, പക്ഷേ അദ്ദേഹം കൃഷി ചെയ്തുകൊണ്ട് കൃഷിക്കാർക്കുവേണ്ടി വാദിക്കുകയായിരുന്നു. അങ്ങനെയുള്ള ഒരു വലിയ മനുഷ്യസ്നേഹിയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നു എന്നതുപോലെതന്നെ അദ്ദേഹം ഒരു നല്ല പൊതുപ്രവർത്തകനുമായിരുന്നു, നല്ല ജനകീയ നേതാവായിരുന്നു.

കെ. വി. വിജയദാസ് എന്ന സഹപ്രവർത്തകനെപ്പറ്റി പറയുമ്പോൾ അതിന് പിറകിൽ 'നല്ല' എന്നൊരു വാക്ക് ചേർത്തേ പറയാൻ കഴിയൂ എന്നതാണ് പ്രധാനപ്പെട്ട കാര്യം. ആ വലിയ മനുഷ്യന്റെ നിര്യാണത്തിൽ വളരെ വേദനയോടുകൂടി എന്റെ ദുഃഖം രേഖപ്പെടുത്തുന്നു.

(അന്തരിച്ച സഹപ്രവർത്തകനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ...., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.25-ന് പിരിഞ്ഞു.)

## II അനുബന്ധം

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നിയമങ്ങൾ.

1(*121) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്*:
ശ്രീ. പി. ഉണ്ണി:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക സർവേയിൽ വായ്പ ഇളവ്, ഗുണഭോക്താക്കളുടെ ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവ കുറയ്ക്കാനിടയാക്കുമെന്നും അവശ്യവസ്തു നിയമം വഴിയുള്ള സർക്കാർ ഇടപെടൽ വിപണിയെ തളർത്തുമെന്നുമുള്ള വിചിത്ര താത്വിക അടിത്തറ സൃഷ്ടിച്ചശേഷം ഏകപക്ഷീയമായ നിയമനിർമ്മാണങ്ങളിലൂടെ രാജ്യത്തെ കർഷകരെ പെപ്സികോ, റിലയൻസ് തുടങ്ങിയ കുത്തക കമ്പനികളുടെ ദാക്ഷിണ്യത്തിന് വിട്ടുകൊടുക്കുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരെ സംസ്ഥാന സർക്കാരിന് എങ്ങനെ ഇടപെടാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

---

* 18-1-2021-ന് കെ.വി. വിജയദാസ് എം.എൽ. എ. അന്തരിച്ചു.

പരിശോധിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ 2019-20 വർഷത്തെ സാമ്പത്തിക സർവ്വേയിൽ കോർപ്പറേറ്റ് അനുകൂല പഠനങ്ങളുടെ പിൻബലത്തോടെ കാർഷിക മേഖലയിൽ വായ്പ ഇളവ് നൽകുന്നത്, ഗുണഭോക്താക്കളുടെ ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവ കുറയ്ക്കാനിടയാകുമെന്ന് സ്ഥാപിക്കുന്നു. കൂടാതെ വർഷങ്ങളായി നിലനിൽക്കുന്ന സ്ഥിരമായി വർദ്ധിപ്പിക്കുന്ന കുറഞ്ഞ താങ്ങുവില (MSP) കാരണം, കൂടുതൽ കർഷകർ നെല്ല്, ഗോതമ്പ് തുടങ്ങിയ വിളകൾ കൃഷി ചെയ്യുമെന്നും ഇവ സംഭരിക്കാൻ കൂടുതൽ സബ്സിഡി വേണ്ടിവരുമെന്നും സമർത്ഥിക്കുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണത്തിൽനിന്നും എഫ്.സി.ഐ പിൻമാറണമെന്നും സംഭരണ ചുമതല സംസ്ഥാനങ്ങളെ ഏൽപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു. സബ്സിഡികൾ കാർഷിക മേഖലയിലെ വളർച്ചയ്ക്ക് വിഘാതമാണെന്നും അതിനാൽ ഭക്ഷ്യ ധാന്യ മാർക്കറ്റുകൾ സ്വകാര്യ മേഖലയ്ക്ക് സംഭരണം, സംസ്കരണം തുടങ്ങിയവയിൽ നിക്ഷേപം നടത്താൻ തടസ്സമാണെന്നും സ്ഥാപിക്കുന്നു. ഇത്തരം സ്വകാര്യ നിക്ഷേപത്തിന് തടസ്സം നിൽക്കുന്ന 1955-ലെ അവശ്യവസ്തു നിയമം, Food Corporation Act 1964 തുടങ്ങിയ നിയമങ്ങൾ അടിയന്തരമായി പിൻവലിക്കണമെന്നും (Stroke of the Pen) കൂടാതെ റേഷൻ വിതരണം 25% ആളുകളിലായി പരിമിതപ്പെടുത്തി, മറ്റുള്ള ഉപഭോക്താക്കൾക്ക് ബ്രസീൽ മുതലായ രാജ്യങ്ങളിൽ നിലനിൽക്കുന്ന ഭക്ഷ്യധാന്യ വിതരണത്തിന് പകരം നേരിട്ട് തുക നൽകുന്ന കൂപ്പൺ (DBT) സംവിധാനമാണ് അഭികാമ്യം എന്ന് നിർദ്ദേശിക്കുന്നു. ഈ പശ്ചാത്തലം സൃഷ്ടിച്ചാണ് കോർപ്പറേറ്റ് മേഖലയെ സഹായിക്കുന്ന കുറഞ്ഞ താങ്ങുവില (MSP) ഉറപ്പ് നൽകാത്ത, കാർഷിക മേഖലയിലെ മൂന്ന് നിയമങ്ങളും ജൂൺ മാസത്തിൽ ഓർഡിനൻസായി സെപ്റ്റംബറിൽ പാർലമെന്റിൽ ചർച്ചയ്ക്ക് അവസരം ഉണ്ടാക്കാതെയും നിയമം ആക്കിയത്. കേന്ദ്രസർക്കാർ പാസ്സാക്കിയ ദി ഫാർമേഴ്സ് (എംപവർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് & ഫാം സർവ്വീസസ് ആക്ട് 2020, ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് & കോമേർസ് (പ്രൊമോഷൻ & ഫെസിലിറ്റേഷൻ) ആക്ട് 2020, അവശ്യ സാധന (ഭേദഗതി) ആക്ട് 2020 എന്നിവ പരസ്പരം ബന്ധപ്പെട്ടിട്ടുള്ളതാണ്. കൃഷിയും കാർഷികവിപണനവും ഇന്ത്യയെ സംബന്ധിച്ച് തന്ത്രപ്രധാനമായ വിഷയങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ (ആർട്ടിക്കിൾ 246) കൃഷി 14 ആയും മാർക്കറ്റ് & ഫെയർസ് 28 ആയും സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകളോട് ആലോചിച്ചും സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുത്തും അവരുടെ താത്പര്യം സംരക്ഷിച്ചുമല്ലാതെ ഈ മേഖലയിൽ കേന്ദ്ര നിയമങ്ങൾ

കൊണ്ടുവരുവാൻ പാടില്ലായിരുന്നു. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ചും ആവശ്യങ്ങൾ അനുസരിച്ചുമാണ് കാർഷിക നയങ്ങൾ രൂപീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഈ നിയമങ്ങൾ കൂടുതൽ ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുമോയെന്ന ആശങ്കയുണ്ട്. ഇപ്പോൾ കുറ്റകരമായി കരുതപ്പെടുന്ന പൂഴ്ത്തിവയ്പും കരിഞ്ചന്തയും കേന്ദ്രനിയമം നടപ്പിലാക്കുന്നതോടെ നിയമപരമായി മാറുകയും ഈ നിയമങ്ങൾ കേരളത്തിലെ റേഷനിംഗ് സമ്പ്രദായത്തെയും പൊതുവിതരണ രംഗത്തെയും തകർക്കും. ദീർഘകാല അടിസ്ഥാനത്തിൽ കുറഞ്ഞ താങ്ങുവില സമ്പ്രദായം തന്നെ ഇല്ലാതാകാനും കാർഷിക മേഖലയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കാനും ഈ മൂന്ന് നിയമങ്ങൾ കാരണമാകും. ഈ സർക്കാർ അടിസ്ഥാന വില സമ്പ്രദായം ശക്തിപ്പെടുത്തി പ്രൈവറ്റ് മേഖലയുടെ ചൂഷണം കുറയ്ക്കുവാനും നടപടി എടുത്തു. 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില നവംബർ മാസം മുതൽ നടപ്പിലാക്കിയത് കൂടാതെ നെല്ലിന്റെയും തേങ്ങയുടെയും സംഭരണ വിലയും റബ്ബറിന്റെ അടിസ്ഥാന വിലയും 2021-22 ബഡ്ജറ്റിൽ വർദ്ധിപ്പിച്ചു. കേന്ദ്രസർക്കാർ പാസ്സാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾമൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ പാസ്സാക്കിയ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31-12-2020-ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസ്സാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം പൊതുതാൽപ്പര്യ പ്രകാരം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

(ബി) കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവന്ന നിയമങ്ങളിൽ ന്യായവില ഉറപ്പാക്കാൻ വ്യവസ്ഥയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. നെല്ല്, കൊപ്ര ഉൾപ്പെടെ 25 ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിൽ, കരാർ വ്യാപകമാവുന്നതോടെ കമ്പനികളുടെ താൽപ്പര്യത്തിന് അനുസരിച്ചുള്ള വില സമ്പ്രദായങ്ങൾ നിലവിൽ വരികയും അതുവഴി വിപണി വില ഇടിയുകയും കർഷകരുടെ വരുമാനം കുറയുന്നതിന് ഇടയാകുകയും തത്ഫലമായി കാർഷികമേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുകയും ചെയ്യും.

(സി) കൃഷി ആരംഭിക്കുന്നതിനുമുമ്പുതന്നെ വിളയുടെ ഗുണനിലവാരവും വിലയും നിശ്ചയിച്ചുകൊണ്ടുള്ള കരാറിൽ ഏർപ്പെടണമെന്നും അതിനുശേഷം ഉഭയകക്ഷി സമ്മതത്തോടെ കുത്തക കമ്പനിയുടെ താല്പര്യാർത്ഥം മാത്രമെ കരാറിൽനിന്ന് പിൻവാങ്ങാൻ കഴിയുകയുള്ളൂ എന്നുമുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നത് കർഷകരുടെ താല്പര്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിരുന്നോ; വിശദമാക്കുമോ?

പരിശോധിച്ചിരുന്നു. ഈ നിയമത്തിൽ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടണം എന്നാണ് വ്യവസ്ഥ. ഈ രീതി കരാറിൽ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ വില നിർണ്ണയത്തിന്റെ കാര്യത്തിൽ അവ്യക്തത നിലനിൽക്കും. ഗുണനിലവാരം, ഗ്രേഡുകൾ മുതലായവ അനുസരിച്ച് വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടുമ്പോൾ കർഷകരുടെ പല ഉൽപ്പന്നങ്ങളും തിരസ്കരിക്കപ്പെടുകയും വളരെ കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ട അവസ്ഥ വരികയും ചെയ്യും. സിവിൽ കോടതിയിൽ തർക്ക പരിഹാരത്തിന് വ്യവസ്ഥ ഇല്ലാത്തതിനാലും ചെറുകിട-നാമമാത്ര കർഷകർക്ക് കമ്പനികൾക്കെതിരെ അനുകൂല വിധി ലഭിക്കാൻ ഇടയില്ലാത്തതിനാലും ഈ വ്യവസ്ഥ കോർപ്പറേറ്റുകൾക്ക് അനുകൂലമാണോയെന്ന ആശങ്കയുണ്ട്.

### കെ.എസ്.ആർ.ടി.സി.-യിൽ സ്വയംപര്യാപ്ത പാക്കേജ്

2(*122) <u>ശ്രീ. പി. കെ. ശശി</u>:
<u>ശ്രീ. രാജു എബ്രഹാം</u>:
<u>ശ്രീ. ബി. ഡി. ദേവസ്സി</u>:
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച സ്തംഭനാവസ്ഥയെ മറികടക്കാൻ കെ.എസ്.ആർ.ടി.സി.-ക്കായിട്ടുണ്ടോ; പ്രതിമാസ വരുമാനം പൂർവ സ്ഥിതിയിലേക്കെത്തിക്കാൻ ഓപ്പറേഷൻ രീതിയിലെ വൈവിധ്യം സഹായകരമായിട്ടുണ്ടോ?

കോവിഡ് സൃഷ്ടിച്ച സ്തംഭനാവസ്ഥയെ പൂർണ്ണമായി മറികടക്കാൻ കെ.എസ്.ആർ.ടി.സി.-ക്കായിട്ടില്ല. എന്നിരുന്നാലും കോവിഡ് കാലത്ത് വരുമാനം മെച്ചപ്പെടുത്താൻ ഓപ്പറേഷൻ രീതിയിലെ വൈവിധ്യം സഹായകരമായിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തെ പ്രതിസന്ധിയിൽനിന്ന് കരകയറ്റി സ്വയം പര്യാപ്തമാക്കുന്നതിന് പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രൊഫ. സുശീൽഖന്നയെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് 27-2-2019-ൽ സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും പ്രഥമ പാക്കേജ് അംഗീകരിക്കുകയും ചെയ്തു. അതിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.ആർ.ടി.സി.-യെ മൂന്ന് ലാഭ കേന്ദ്രങ്ങളായി വിഭജിക്കാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ മൂന്ന് സോണുകളാക്കി വിഭജിക്കുകയും സോണുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

2. വർക്ക്ഷോപ്പുകൾ നവീകരിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഉൾപ്പെടുത്തുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

3. കെ.എസ്.ആർ.ടി.സി.യിൽ മിഡിൽ മാനേജ്മെന്റിലും ഹയർ മാനേജ്മെന്റിലും പ്രൊഫഷണലുകളെ നിയമിക്കണമെന്ന നിർദ്ദേശപ്രകാരം അക്കൗണ്ട്സ് വിഭാഗത്തിൽ CA/ICWA യോഗ്യതയുള്ളവരെയും ഓപ്പറേഷൻ വിഭാഗത്തിൽ മാനേജ്മെ ന്റ് വിദഗ്ദ്ധൻമാരെയും നിയമിക്കുകയുണ്ടായി.

4. ഡയറക്ടർ ബോർഡിൽ ഗതാഗത രംഗത്തെ വിദഗ്ദ്ധരെ നിയമിക്കണമെന്ന നിർദ്ദേശപ്രകാരം രണ്ട് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ട്. (Central Transport Research Institute-ന്റെ ഡയറക്ടർ, ഗതാഗത വിദഗ്ദ്ധൻ ശ്രീ. ഇളങ്കോവൻ എന്നിവരെ) 15-10-2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റിവ്യൂ യോഗത്തിൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബസ്സ് സ്റ്റാഫ് അനുപാതം കുറയ്ക്കണമെന്നും കെ.എസ്.ആർ.ടി.സി.-യെ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും കിഫ്ബിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും നാലാമത് ലാഭകേന്ദ്ര മായി K.S.R.T.C SWIFT എന്ന SPV രൂപീകരിക്കാനുള്ള നിർദ്ദേശം വിശകലനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി, ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, കെ.റ്റി.ഡി.എഫ്.സി. സി.എം.ഡി., കെ.എസ്.ആർ.ടി.സി. സി.എം.ഡി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി

രൂപീകരിക്കുകയും കമ്മിറ്റിയുടെ പ്രഥമ യോഗത്തിന്റെ യോഗ നടപടിക്കുറിപ്പ് ഗതാഗത വകുപ്പ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് 1,500 രൂപ ഇടക്കാലാശ്വാസം നൽകുവാനും ശമ്പള പരിഷ്കരണം നടപ്പിലാക്കാനും തത്വത്തിൽ അംഗീകരിക്കുകയും 1,500 രൂപ ഇടക്കാലാശ്വാസമായി 2020 നവംബർ മുതൽ നൽകിവരികയും ചെയ്യുന്നു.

(സി) പെർമിറ്റില്ലാതെ സ്വകാര്യ വാഹന ഓപ്പറേറ്റർമാർക്ക് ഏത് റൂട്ടിലും വാഹനമോടിക്കാൻ അനുമതി നൽകിയ കേന്ദ്ര നിയമ ഭേദഗതി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി മൂർഛിപ്പിക്കാൻ വഴിവയ്ക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന പോംവഴിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

നിയമ ഭേദഗതിയോടുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

(ഡി) പൊതുമേഖല വിരുദ്ധ മുതലാളിത്ത പ്രീണന നടപടി പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ കഴിയുമോ എന്നറിയിക്കാമോ?

നിയമ ഭേദഗതിയോടുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## ഇ-ബസ് പ്രോജക്ട് കൺസൾട്ടന്റ് നിയമനം

3(*123) ശ്രീ. റോജി എം. ജോൺ:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ബസ് പ്രോജക്ടിന്റെ ഭാഗമായി ടെൻഡർ വിളിക്കാതെ പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിനെ കൺസൾട്ടന്റായി നിയമിച്ചിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഗതാഗത രംഗത്ത് ആൾട്ടർനേറ്റീവ് ഫ്യുവൽ കൊണ്ടുവരുന്നതിനും ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവ് പ്രകാരം LNG, CNG, Electric, Hydrogen fuel എന്നിവ ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുകയും

ഇലക്ട്രിക് വെഹിക്കിൾ നയം രൂപീകരിക്കുകയും ഈ രംഗത്തുള്ള സ്റ്റേക്ക്ഹോൾഡേഴ്സുമായി ആശയവിനിമയം നടത്തി മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി EV Policy പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. 200000 ഇരുചക്രവാഹനങ്ങൾ, 50000 ഇലക്ട്രിക് ഓട്ടോ, 3000 ഇലക്ട്രിക് ബസ്സുകൾ, 100 ഇലക്ട്രിക് ബോട്ടുകൾ, 1000 ഇലക്ട്രിക് ട്രക്കുകൾ എന്നിവയാണ് 2022-ഓടുകൂടി മാർക്കറ്റിൽ ഇറക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ വലിയൊരു മുന്നേറ്റം കേരളത്തിൽ നടപ്പാക്കുന്നത് കണ്ടുകൊണ്ട് പല കമ്പനികളും കേരളത്തിൽ മുതൽമുടക്കുവാൻ താൽപ്പര്യം പ്രകടിപ്പിച്ചുവന്നിരുന്നു. സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി 7-11-2019 ലെ സ.ഉ.(സാധാ) നമ്പർ 515/2019/ഗതാ പ്രകാരം പി.ഡബ്ല്യൂ.സി എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. Toshiba, Arrival, HESS, Hitachi, Seimens, ABB തുടങ്ങിയ കമ്പനികൾ വ്യവസായ വകുപ്പുമായും, ഗതാഗത വകുപ്പുമായും ചർച്ചകൾ നടത്തുകയും കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം NICSI അംഗീകൃത കൺസൾട്ടന്റുകളിൽനിന്നും ടെൻഡർ വിളിക്കുകയും ബസ്സ് പോർട്ട്, ലോജിസ്റ്റിക് പോർട്ട്, ഇ-മൊബിലിറ്റി എന്നീ മൂന്ന് മേഖലകളിലായി അഞ്ച് കൺസൾട്ടൻസികളിൽനിന്നും മൂന്ന് കൺസൾട്ടന്റുകളെ തെരഞ്ഞെടുത്തു. ധനകാര്യ, വ്യവസായ വകുപ്പിന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കി ദക്ഷിണ മേഖലയിൽ ഇ-മൊബിലിറ്റി കൺസൾട്ടന്റായി തിരഞ്ഞെടുക്കപ്പെട്ട പി.ഡബ്ല്യൂ.സി-യെ KDISC-ന്റെ കീഴിൽ സംസ്ഥാനത്ത് Electric Vehicle manufacturing eco system സംബന്ധിച്ച് പഠിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നു.

(ബി) പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിലെ ഉദ്യോഗസ്ഥർക്ക് സെക്രട്ടേറിയറ്റിൽ ഓഫീസ് തുറക്കുന്നതിനുള്ള പ്രൊപ്പോസൽ ഗതാഗത സെക്രട്ടറി ധനവകുപ്പിന് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വാല്യൂ മാനേജ്മെന്റ് ഓഫീസ് (for handling matters where highly technical and financial expertise is required) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ പരിശോധനയ്ക്കായി ധനവകുപ്പിന് നൽകിയിരുന്നു.

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ധനവകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു; വിശദമാക്കുമോ?

ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വാല്യൂ മാനേജ്മെന്റ് ഓഫീസ് സ്ഥാപിക്കുന്നതിനായി ഒരു പ്രോജക്ട് മാനേജ്മെന്റ് വിദഗ്ധന്റെയും ഒരു ഫംഗ്ഷണൽ കൺസൾട്ടന്റിന്റെയും സേവനം ഒരു വർഷത്തേയ്ക്ക് NICSI അംഗീകരിച്ച നിരക്കിൽ ഏർപ്പെടുത്താവുന്നതാണ് എന്ന അഭിപ്രായമാണ് ധനകാര്യ വകുപ്പ് നൽകിയിട്ടുള്ളത്.

**കുടുംബശ്രീയുടെ ശാക്തീകരണം**

4(*124) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലനില്പിനായി നിരന്തര പോരാട്ടത്തിൽ ഏർപ്പെടേണ്ടിവന്ന കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സംഘടനാശേഷിയിൽ ഈ സർക്കാരിന് മുന്നേറ്റം സൃഷ്ടിക്കാനായിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രളയാനന്തരവും കോവിഡ് കാലത്തും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും സമ്പദ്ഘടനയുടെ പുനരുജ്ജീവനത്തിനും പ്രധാന പങ്കുവഹിക്കുന്ന ഏജൻസിയായി മാറാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോവിഡ് കാലത്തും പ്രളയ കാലത്തും അഭിമാനകരവും പ്രശംസനീയമായ ഇടപെടലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയത്. പ്രളയ കാലത്ത് കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

11.18 കോടി രൂപ അയൽക്കൂട്ടാംഗങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകി. ഒന്നാം പ്രളയ കാലത്ത് 40000 ത്തോളം കുടുംബങ്ങൾക്ക് താല്ക്കാലിക വാസ സൗകര്യം കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ ഒരുക്കി. 1.99 ലക്ഷം വീടുകളും 12132 റോഡുകളും പൊതു ഇടങ്ങളും വൃത്തിയാക്കി ടേക് ഹോം കിറ്റ് പായ്ക്കിംഗിലെ അയൽക്കൂട്ടാംഗങ്ങളുടെ സന്നദ്ധ സേവനം സമൂഹ അടുക്കളയുടെ നടത്തിപ്പ് - 35000 ലധികം ഭക്ഷണ പാക്കറ്റുകൾ വിതരണം ചെയ്തു. 39444 പേർക്ക് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് മുഖേന കൗൺസിലിംഗ് സേവനം നൽകി. സർക്കാരിന്റെ നവകേരള ലോട്ടറി വിൽപ്പനയിലെ പങ്കാളിത്തം - 372510. നവകേരള ലോട്ടറികൾ (9.31 കോടി രൂപ) കുടുംബശ്രീ സി.ഡി.എസ്.

മുഖേന വില്പന നടത്തി. പ്രളയത്തിൽ ഗൃഹോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കോവിഡ് മഹാമാരി കാലത്ത് കേരളത്തിൽ ആരും പട്ടിണി കിടക്കരുതെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ഭൂരിപക്ഷം സ്ഥലങ്ങളിലും ഏറ്റെടുത്ത് നടപ്പിലാക്കിയത് കുടുംബശ്രീ പ്രവർത്തകരാണ്. ലോക്ക് ഡൗൺ കാലത്ത് സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ പദ്ധതി" നടപ്പിലാക്കി. 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലെ 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി. ലോക്ക് ഡൗൺ കാലത്ത് സർക്കാരുകളുടേയും ആരോഗ്യ വകുപ്പിന്റെയും സന്ദേശങ്ങൾ താഴെക്കിടയിൽ എത്തിക്കുന്നതിന് കുടുംബശ്രീ ത്രിതല സംഘടനാ നേതൃത്വത്തിൽ 22 ലക്ഷം അംഗങ്ങളെ ഉൾപ്പെടുത്തി 1.9 ലക്ഷം വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ലോക്ക് ഡൗൺ കാലത്ത് സ്ത്രീകളുടെയും, കുട്ടികളുടെയും വയോജനങ്ങളുടെയും മാനസികാരോഗ്യം ശക്തിപ്പെടുന്നതിന് തുടർച്ചയായി ഐ.ഇ.സി.-കൾ തയ്യാറാക്കി താഴേക്കിടയിലേക്ക് പ്രചരിപ്പിച്ചു. 'അതിജീവനം കേരളീയം' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേനയുള്ള വിവിധ പദ്ധതികളിലൂടെ 40971 പേർക്ക് തൊഴിൽ ലഭ്യമാക്കി. 'വിശപ്പ് രഹിതം കേരളം' പദ്ധതിയിലൂടെ 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന 856 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. കോവിഡ്-19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വയോജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന സന്ദേശം എത്തിക്കുന്നതിനും വയോജനങ്ങളുടെ കരുതലിനുമായി കുടുംബശ്രീയും ആരോഗ്യ വകുപ്പും സംയോജിപ്പിച്ച് ഗ്രാന്റ് കെയർ (റിവേഴ്സ് ക്വാറന്റൈൻ) പദ്ധതി നടപ്പിലാക്കി. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായി ലോക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ സമൂഹത്തിലെ ദുർബല ജനവിഭാഗത്തിന് ഭക്ഷണം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയും സംയുക്തമായി 1103 കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിച്ചു. ഹോം ക്വാറന്റൈനിൽ കഴിയുന്ന ഒറ്റപ്പെട്ടവർക്ക് ഭക്ഷണം, മരുന്ന് മറ്റ് അവശ്യവസ്തുക്കൾ എന്നിവ കുടുംബശ്രീ മുഖാന്തരം എത്തിക്കുകയും കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ വഴി ഹോം ക്വാറന്റീനിൽ കഴിയുന്നവർക്ക് ഫോൺ മുഖാന്തരം കൗൺസിലിംഗ് നൽകുകയും ചെയ്തു. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്കിലെ ജീവനക്കാരും കമ്മ്യൂണിറ്റി കൗൺസിലർമാരും വയോജന അയൽക്കൂട്ടാംഗങ്ങൾക്കും ഒറ്റപ്പെട്ട് താമസിക്കുന്നവർക്കും ഫോണിൽ വിളിച്ച് പ്രത്യേക കൗൺസിലിംഗ് സേവനം നൽകി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആയൂർ മാസ്ക് ഉൾപ്പടെ 7614268 മാസ്കുകളും, 9332

ലിറ്റർ സാനിറ്റൈസറും നിർമ്മിച്ച് വിതരണം ചെയ്തു. കോവിഡ് പശ്ചാത്തലത്തിൽ വീടുകളും സ്ഥാപനങ്ങളും അണുവിമുക്തമാക്കുന്നതിനായി സംസ്ഥാനത്തുടനീളം 100 ഡിസ്-ഇൻഫെക്ഷൻ ടീമുകൾ രൂപീകരിച്ചു. സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീയുടെ കീഴിൽ പുതിയ 339 കാർഷിക സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു. സുഭിഷ കേരളം പദ്ധതിയുടെ ഭാഗമായി 6498 കുടുംബശ്രീ അംഗങ്ങൾ മത്സ്യ കൃഷി ചെയ്യാൻ താത്പര്യപൂർവ്വം മുന്നോട്ടുവന്നിട്ടുണ്ട് കോവിഡ് കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കാനായി വിദ്യാർത്ഥികൾക്ക് കുടുംബശ്രീയും കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് ലാപ്ടോപ്പ് ലഭ്യമാക്കുന്ന പദ്ധതിയാണ് വിദ്യാശ്രീ.

(സി) ദാരിദ്ര്യനിർമ്മാർജ്ജന, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ സുപ്രധാന കണ്ണിയായി കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ സുപ്രധാന കണ്ണിയായി കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് കഴിഞ്ഞ $4^{1/2}$ വർഷംകൊണ്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

2017-ൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽനിന്ന് കുടുംബശ്രീക്ക് 75 കോടി രൂപ ലഭിച്ച സ്ഥാനത്ത് 2020-21 സാമ്പത്തിക വർഷത്തിൽ പ്രത്യേക ഉപജീവന പദ്ധതിയടക്കം 250 കോടി രൂപയായി വർദ്ധിപ്പിച്ചു. 2021 ബഡ്ജറ്റിൽ പ്രസ്തുത തുക 260 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 7 ജില്ലകളിൽ മാത്രമായിരുന്ന സ്നേഹിത കൗൺസിലിംഗ് സെന്റർ 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. ചരിത്രത്തിൽ ആദ്യമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ സ്കൂളുകളിലേയും പാഠപുസ്തകങ്ങൾ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്ത് വിതരണം ചെയ്യാൻ സാധിച്ചു. ഇതുവഴി 312 കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചു. ആദിവാസി മേഖലയായ അട്ടപ്പാടിയിലും വയനാട്ടിലും സാമൂഹ്യക്ഷേമ വകുപ്പിന്റേയും പട്ടികവർഗ്ഗ വകുപ്പിന്റേയും സഹായത്തോടുകൂടി കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ നടത്താൻ സാധിച്ചു. അട്ടപ്പാടിയിലും വയനാട്ടിലും തൊഴിലുറപ്പ് ജോലിചെയ്യുന്ന ആദിവാസി വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ

വകുപ്പിന്റെ സഹായത്തോടുകൂടി കുടുംബശ്രീ മുഖേന മുൻകൂർ വേതനം നൽകാൻ സാധിച്ചു. പ്രളയകാലത്ത് സർവ്വതും നഷ്ടപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആർ.കെ.എൽ.എസ്. വായ്പ ലഭ്യമാക്കി. ഈ ഇനത്തിൽ 1,680 കോടി രൂപ 28,212 അയൽക്കൂട്ടങ്ങൾക്കായി നൽകാൻ സാധിച്ചു. ഇതു കൂടാതെ 261 കോടി രൂപ പലിശ സബ്സിഡി ഇനത്തിലും നൽകി. കോവിഡ് കാലത്ത് സർക്കാരിന്റെ താങ്ങായി 1908 കോടി രൂപയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി" നടപ്പിലാക്കി. ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 4,000 രൂപ ആയിരുന്നു. ആയത് നിലവിൽ 7,000 രൂപയായി വർദ്ധിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 332 കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കി. 27458 പുതിയ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാൻ സാധിച്ചു. ഈ 4 1/2 വർഷംകൊണ്ട് 53501 അയൽക്കൂട്ടങ്ങൾക്ക് 12,623.86 കോടി രൂപ ബാങ്ക് വായ്പ ലഭ്യമാക്കി. പ്രസ്തുത വായ്പയിൽ പലിശ സബ്സിഡിയായി 186.37 കോടി രൂപ സർക്കാർ അനുവദിച്ചു. മാച്ചിംഗ് ഗ്രാന്റിനത്തിൽ അയൽക്കൂട്ടങ്ങൾക്ക് 21.58 കോടി രൂപ വിതരണം ചെയ്തു. 18,511 അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപ നിരക്കിൽ 27.76 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ വിതരണം ചെയ്തു. എ.ഡി.എസ്.-കൾക്കുള്ള ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിനത്തിലായി 519 എ.ഡി.എസ്.-കൾക്ക് ഒരു ലക്ഷം രൂപ വീതം ആകെ 5.19 കോടി രൂപ വിതരണം ചെയ്തു. കേരള ചിക്കൻ പദ്ധതി, പി.എം.എ.വൈ.(അർബൻ)-ലൈഫ്, ജനകീയ ഹോട്ടൽ, ഹരിതകർമ്മസേന മുഖേനയുള്ള ഗ്രീൻ എന്റർപ്രൈസസ്, കുടുംബശ്രീ സൂക്ഷ്മ സംരംഭകത്വം മുഖേന 50000 പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കൽ, വിദ്യാശ്രീ ലാപ്പ്ടോപ്പ് പദ്ധതി എന്നിവ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ 24 ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 2021 മാർച്ചിനുമുമ്പ് 26 കേരള ചിക്കൻ ഔട്ട്ലെറ്റുകൾ കൂടി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (ലീപ്) പദ്ധതിയുടെ ഭാഗമായി 40,917 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. 18511 അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപ നിരക്കിൽ 27.76 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ വിതരണം ചെയ്തു. വിശപ്പുരഹിത കേരളത്തിന്റെ ഭാഗമായി 856 ജനകീയ ഹോട്ടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച് പ്രവർത്തിക്കുന്നു.

## കാർഷിക വിളകളുടെ സംഭരണം

5(*125) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾ ശേഖരിച്ച് സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് ചില സംസ്ഥാനങ്ങളിൽ നിലവിലുള്ള മണ്ഡി സംവിധാനം സംസ്ഥാനത്ത് എവിടെയെങ്കിലും നിലവിലുണ്ടോ?

മറ്റ് ചില സംസ്ഥാനങ്ങളിൽ നിലവിലുള്ളതു പോലെ APMC മണ്ഡി സംവിധാനങ്ങൾ കേരളത്തിൽ നിലവിലില്ല.

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഗുണ-ദോഷങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

മറ്റ് ചില സംസ്ഥാനങ്ങളിൽ നിലവിലുള്ളതുപോലെ APMC മണ്ഡി സംവിധാനങ്ങൾ കേരളത്തിൽ നിലവിലില്ല.

(സി) നെൽകൃഷി മേഖലകളായ കുട്ടനാട്, പാലക്കാട്, റബ്ബർ ഉല്പാദന കേന്ദ്രമായ മദ്ധ്യതിരുവിതാംകൂർ മേഖല എന്നിവിടങ്ങളിലെ ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും സംബന്ധിച്ചും കർഷകർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കുട്ടനാട്, പാലക്കാട് മേഖലകളിലെ നെൽകൃഷി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ഡി) നെല്ല് സംഭരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കർഷക സൗഹൃദമല്ലെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

പ്രത്യേകിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ നെല്ല് സംഭരണം കാര്യക്ഷമമായാണ് നടന്നുവരുന്നത്.

## കേന്ദ്ര ഉന്നത വിദ്യാഭ്യാസ നയം

6(*126) ശ്രീ. വി. ടി. ബൽറാം:

ശ്രീ. എം. വിൻസെന്റ്:

ശ്രീമതി ഷാനിമോൾ ഉസ്മാൻ:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഉന്നത വിദ്യാഭ്യാസ നയം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതിൻപ്രകാരം ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത നയം നടപ്പിലാക്കുന്നതിനായി ഗവർണർ വിളിച്ചുചേർത്ത യോഗത്തിൽ സർക്കാർ എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ നയത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ നിലപാടുകൾ വ്യക്തമാക്കുകയുണ്ടായി. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) കേന്ദ്ര നയം നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് പ്രത്യേക വിഹിതം ലഭ്യമാക്കുമോ?

സംസ്ഥാനങ്ങൾക്ക് പ്രത്യേക വിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച് വാഗ്ദാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് രൂപംനൽകുന്ന നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിൽനിന്നും സംസ്ഥാനത്തിന് പ്രത്യേക വിഹിതം ലഭിക്കുന്നതിന് അർഹതയുണ്ടോയെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനങ്ങൾക്ക് പ്രത്യേക വിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച് വാഗ്ദാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക

## പഠനത്തോടൊപ്പം തൊഴിൽ ചെയ്യാൻ അവസരം

7(*127) ഡോ. എം. കെ. മുനീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെപ്പോലെ പഠനത്തോടൊപ്പം തൊഴിൽ ചെയ്യാൻ അവസരം ഒരുക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് തൊഴിലെടുക്കാവുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുക എന്നത് സർക്കാരിന്റെ നയമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിനായി കോളേജുകളുടെ പ്രവർത്തനസമയം രാവിലെ 8 മണി മുതൽ 1 മണി വരെ ആക്കുവാൻ ആലോചനയുണ്ടോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ കോളേജുകൾ വീണ്ടും തുറന്ന സാഹചര്യത്തിൽ രാവിലെ 8.30 മുതൽ വൈകിട്ട് 5 മണി വരെ രണ്ട് ബാച്ചുകളായി (ഒരു ബാച്ചിന് പരമാവധി അഞ്ച് മണിക്കൂർ) ക്ലാസ്സുകൾ നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇത്തരത്തിലുള്ള സമയക്രമീകരണം കുട്ടികൾക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിനും ഉതകുന്നുണ്ട്.

(സി) ഇക്കാര്യം നടപ്പാക്കുന്നതിന് മുമ്പായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ കോളേജുകൾ വീണ്ടും തുറന്ന സാഹചര്യത്തിൽ രാവിലെ 8.30 മുതൽ വൈകിട്ട് 5 മണി വരെ രണ്ട് ബാച്ചുകളായി (ഒരു ബാച്ചിന് പരമാവധി അഞ്ച് മണിക്കൂർ) ക്ലാസ്സുകൾ നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇത്തരത്തിലുള്ള സമയക്രമീകരണം കുട്ടികൾക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിനും ഉതകുന്നുണ്ട്.

## കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന കാർഷിക നിയമങ്ങൾ

8(*128) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജോർജ് എം.തോമസ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോത്പാദനവും വിപണനവും ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം സംസ്ഥാനങ്ങളുടെ അധികാരമായിരിക്കെ ഇതിന് വിരുദ്ധമായി കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന നിയമങ്ങളും അവശ്യവസ്തു നിയമഭേദഗതിയും കർഷകരിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണഘടനാ വിരുദ്ധമായ ഈ നീക്കം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉണ്ട്. കേന്ദ്രസർക്കാർ പാസ്സാക്കിയ ദി ഫാർമേഴ്സ് (എംപവർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് & ഫാം സർവ്വീസസ് ആക്ട് 2020, ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് & കോമേഴ്സ് (പ്രൊമോഷൻ & ഫെസിലിറ്റേഷൻ) ആക്ട് 2020, അവശ്യസാധന (ഭേദഗതി) ആക്ട് 2020 എന്നിവ പരസ്പരം ബന്ധപ്പെട്ടിട്ടുള്ളതാണ്. കൃഷിയും കാർഷിക വിപണനവും ഇന്ത്യയെ സംബന്ധിച്ച് തന്ത്രപ്രധാനമായ വിഷയങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ (ആർട്ടിക്കിൾ 246) കൃഷി 14 ആയും മാർക്കറ്റ് & ഫെയർസ് 28 ആയും സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകളോട് ആലോചിച്ചും സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുത്തും അവരുടെ താത്പര്യം സംരക്ഷിച്ചുമല്ലാതെ ഈ മേഖലയിൽ കേന്ദ്ര നിയമങ്ങൾ കൊണ്ടുവരുവാൻ പാടില്ലായിരുന്നു. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ചും ആവശ്യങ്ങൾ അനുസരിച്ചുമാണ് കാർഷിക നയങ്ങൾ രൂപീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഈ നിയമങ്ങൾ കൂടുതൽ ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുമോയെന്ന ആശങ്കയുണ്ട്. ഇപ്പോൾ കുറ്റകരമായി കരുതപ്പെടുന്ന പൂഴ്ത്തിവയ്പും കരിഞ്ചന്തയും കേന്ദ്രനിയമം നടപ്പിലാക്കുന്നതോടെ നിയമപരമായി മാറുകയും ഈ നിയമങ്ങൾ കേരളത്തിലെ റേഷനിംഗ് സമ്പ്രദായത്തെയും പൊതുവിതരണ രംഗത്തെയും ഗുരുതരമായി ബാധിക്കുമോയെന്ന ആശങ്കയും നിലനിൽക്കുന്നു. കേന്ദ്രസർക്കാർ പാസ്സാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷകവിരുദ്ധ നിയമങ്ങൾമൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ പാസ്സാക്കിയ

മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31-12-2020-ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസ്സാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കരാർ കൃഷി പ്രോത്സാഹിപ്പിച്ച് കുത്തക താല്പര്യം സംരക്ഷിക്കുന്ന ഈ നിയമം കർഷകന്റെ വിലപേശൽശേഷി ഇല്ലാതാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നിയമത്തിൽ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടണം എന്നാണ് വ്യവസ്ഥ. എന്നാൽ ഉഭയകക്ഷി സമ്മതപ്രകാരം കുറഞ്ഞ വില കരാറിൽ ഉൾപ്പെടുത്താം. ഇത് പ്രകാരം കുറഞ്ഞ താങ്ങുവില ഉറപ്പ് വരുത്തുന്നില്ല. കൂടാതെ ഗുണനിലവാരം, ഗ്രേഡുകൾ എന്നിവ അനുസരിച്ച് വില നിശ്ചയിക്കുവാൻ വ്യവസ്ഥയുള്ളതിനാൽ, കർഷകരുടെ ഉൽപ്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിംഗിലേയ്ക്ക് മാറ്റി വിലയിടിക്കുവാൻ ഇടയാകും എന്ന ആശങ്കയുണ്ട്. കർഷകരുടെ വിലപേശൽ ശേഷി കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്ക് മുന്നിൽ വളരെ ദുർബ്ബലമാകുമോ എന്ന ആശങ്കയും നിലനിൽക്കുന്നു. അതിനാലാണ് കേന്ദ്രസർക്കാർ പാസ്സാക്കിയ മൂന്ന് കർഷകവിരുദ്ധ നിയമങ്ങളും റദ്ദ് ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് പ്രമേയം വഴി ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) സംസ്ഥാനം പാസ്സാക്കിയ നിയമങ്ങളുടെ മേൽ ഭരണഘടനാ വിരുദ്ധമായി പ്രഭാവം നല്കിയിരിക്കുന്നതിനെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

നിയമനടപടിക്ക് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

## ഗതാഗതരംഗത്ത് സംസ്ഥാന താത്പര്യ സംരക്ഷണം

9(*129) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നികുതി ജി.എസ്.ടി. മാതൃകയിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച് സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കുന്ന തരത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് നിർദ്ദേശം വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 88(9)-ാം വകുപ്പ് പ്രകാരം പെർമിറ്റ് എടുത്ത് സർവ്വീസ് നടത്തുന്ന ആൾ ഇന്ത്യാ ടൂറിസ്റ്റ് വാഹനങ്ങൾ അവ പ്രവേശിക്കുന്ന സംസ്ഥാനത്തെ നികുതി അടച്ചാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. എന്നാൽ ഇത്തരം വാഹനങ്ങളുടെ നികുതി കേന്ദ്രം സ്വീകരിച്ച് സംസ്ഥാനങ്ങൾക്ക് വിഹിതം വെയ്ക്കുകയും ഈ വാഹനങ്ങൾ യാതൊരു തടസ്സവും കൂടാതെ ഇന്ത്യയിൽ മുഴുവൻ സർവ്വീസ് നടത്തുന്നതിന് അനുവാദം നൽകുന്ന തരത്തിൽ കേന്ദ്രം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ നീക്കം സംസ്ഥാനത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഒട്ടനവധി ടൂറിസ്റ്റ് വാഹനങ്ങൾ സംസ്ഥാനത്തേയ്ക്ക് സർവീസ് നടത്തിവരുന്നുണ്ട്. ഇതിൽനിന്നും നല്ലൊരു തുക സംസ്ഥാനത്തിന് റോഡ് നികുതിയായി ലഭിച്ചു വരുന്നുണ്ട്. എന്നാൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടൂറിസ്റ്റ് ബസ്സുകൾ തുലോം കുറവായതിനാൽ ഇത്തരം വാഹനങ്ങളിൽനിന്നും വളരെ കുറച്ച് തുകയാണ് നികുതിയായി ലഭിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സ്വകാര്യ ബസ് ഓപ്പറേറ്റർമാർ സംസ്ഥാനപാതകൾ കുത്തകയാക്കുന്നത് തടയുന്നതിനും സർക്കാർ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ വാഹന നികുതി ഇനത്തിൽ കെ.എസ്.ആർ.ടി.സി. പ്രതിവർഷം ഒടുക്കിവന്നിരുന്ന ശരാശരി തുകയായ 13 കോടി രൂപ, 2021 മാർച്ച് 31 വരെ 7-6-2019-ലെ ജി.ഒ. (പി). നമ്പർ 20/2019/ഗതാ., പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഗ്രീൻ ടാക്സ് ഒടുക്കുന്നതിൽനിന്നും 8-12-2020-ലെ ജി.ഒ.(പി). 65/ 2020/ഗതാ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പെർമിറ്റ് ഫീസും, സി.എഫ് ടെസ്റ്റ് പുതുക്കുന്നതിനുള്ള ഫീസും ജി.ഒ. (പി).നമ്പർ 64/2020/ഗതാ., തീയതി. 7-12-2020 പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. സ്വകാര്യ ബസ്സുകൾക്ക് അന്തർസംസ്ഥാന പാതകളിൽ സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ കർണ്ണാടക സംസ്ഥാനവുമായും,

2019-ൽ തമിഴ്നാട് സർക്കാരുമായും അന്തർസംസ്ഥാന ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിന് സ്വകാര്യ ബസ്സുകളെ അനുവദിക്കുന്നതരത്തിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിനെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

(ഡി) റോഡ് വിസ്തൃതി കണക്കിലെടുത്തും റോഡ് ഉപയോഗം കണക്കിലെടുത്തും റോഡ് നികുതി നിശ്ചയിക്കുന്ന രീതിയിലേയ്ക്ക് കേന്ദ്രസർക്കാർ നീങ്ങിയാൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ എങ്ങനെ സംരക്ഷിക്കുമെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സംരക്ഷണം**

10(*130) ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതരംഗത്ത് കോവിഡ് സൃഷ്ടിച്ച ആഘാതം കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തികമായി അസ്ഥിരപ്പെടുത്താതിരിക്കാൻ സർക്കാർ നടത്തിയ ഇടപെടലും നൽകിയ സഹായവും വിശദമാക്കാമോ?

2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ സഹായത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി. നിലനിൽക്കുന്നത്. ഇപ്പോൾ ഒരുമാസം ശരാശരി 130 കോടി രൂപയോളം ശമ്പളത്തിനും പെൻഷനുമായി ധനസഹായം സർക്കാർ നൽകുന്നു. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നൽകിയ സഹായത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രതിസന്ധികാലത്ത് ശമ്പളം നൽകുന്നതിനായി 666.39 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 661.63 കോടി രൂപയും സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് ഫണ്ടായി 5 കോടി രൂപയും കെ.റ്റി.ഡി.എഫ്.സി. വായ്പയുടെ പലിശ ഒടുക്കുന്നതിന് 12.77 കോടി രൂപയും ഡീസൽ പ്രൈസ് ഇനത്തിൽ ഐ.ഒ.സി.-യ്ക്ക് നൽകുന്നതിനായി 20 കോടി രൂപയും ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 7.30 കോടി രൂപയും ശബരിമല സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിനായി 10 കോടി രൂപയും

കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും ദിവസവേതന ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനായി 2.11 കോടി രൂപയും ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നതിലേയ്ക്കായി 4.37 കോടി രൂപയും 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 2.73 കോടി രൂപയും ചേർത്ത് ഈ കോവിഡ് കാലഘട്ടത്തിൽ ആകെ 1472.31 കോടി രൂപ സർക്കാർ സഹായമായി നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി പെൻഷൻകാരുടെ ആത്മഹത്യയ്ക്കിടയാക്കിയ സ്ഥിതി സംജാതമാകാതിരിക്കാൻ പ്രതിസന്ധി കാലത്തും ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ കരുതൽ നടപടിയുണ്ടായോയെന്ന് അറിയിക്കാമോ?

കോവിഡ് പ്രതിസന്ധി കാലത്ത് ശമ്പളം നൽകുന്നതിനായി 666.39 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 661.63 കോടി രൂപയും സർക്കാർ സഹായം നൽകിയതിനാൽ ശമ്പളവും പെൻഷനും മുടങ്ങിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.-ക്ക് വിവിധ ഇനത്തിൽ നൽകിയ സാമ്പത്തിക സംരക്ഷണം വിശദീകരിക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ സാമ്പത്തിക സഹായങ്ങളെക്കുറിച്ച് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച സാമ്പത്തിക സഹായം അനുബന്ധം I* ആയി ചേർക്കുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച സാമ്പത്തിക സഹായം അനുബന്ധം II* ആയി ചേർക്കുന്നു.

(ഡി) സ്ഥാപനത്തിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയാണ്?

മോട്ടോർ വാഹന നികുതി, ഗ്രീൻ ടാക്സ്, പെർമിറ്റ് ഫീസ്, സി.എഫ്. ടെസ്റ്റ് പുതുക്കുന്നതിനുള്ള ഫീസ് എന്നിവ കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, കൊറിയർ പാഴ്സൽ, എ.ടി.എം. മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്സ് എന്ന പദ്ധതിയും സൈറ്റ് സീയിംഗ് പദ്ധതിയും കെ.എസ്.ആർ.ടി.സി.-യുടെ വാനുകളും സജ്ജീകരിച്ചിട്ടുണ്ട്. ലോജിസ്റ്റിക്സ് കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യൂവൽ കോംപ്ലക്സ് CNG, LNG ഔട്ട്ലെറ്റുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും സ്ഥലം പാട്ടത്തിന് നൽകുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം, ബസ്സ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാധിഷ്ഠിതമായതുൾപ്പെടെ നടത്തുന്ന നവീകരണങ്ങളെക്കുറിച്ച് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്ന 5500 വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള 5500 ETM മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഇതുവഴി യാത്രക്കാരുടെ എണ്ണം, ട്രിപ്പ് കളക്ഷൻ, പ്രീപെയ്ഡ് കാർഡ് ഉപയോഗം എന്നിവകളും.

3. ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ്, സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോട് കൂടിയ ജി-സ്പാർക്ക് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ, ഇ-ഓഫീസ് സംവിധാനം പുരോഗമിച്ചുവരുന്നു. കിഫ്ബി ധനസഹായത്തോടെ 310 എണ്ണം Fully Built Non AC CNG BS VI ബസ്സുകൾ വാങ്ങുന്നതിലേയ്ക്കായി ദർഘാസ് നടപടിക്രമം നടന്നു വരുന്നു. 50 ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റി ഓടിച്ചുനോക്കി പ്രവർത്തനക്ഷമത വിലയിരുത്തിയതിന് തീരുമാനമായിട്ടുണ്ട്. 5 ഡീസൽ ബസ്സുകൾ സി.എൻ.ജി. ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ FAME-II സ്കീം പ്രകാരം തിരുവനന്തപുരം മേഖലയ്ക്കായി 50 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നടപടിക്രമം നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വർക്ക് ഷോപ്പുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സെൻട്രൽ വർക്ക്ഷോപ്പിന്റെയും മറ്റ് 4 റീജിയണൽ വർക്ക്ഷോപ്പുകളുടേയും ആധുനികവത്ക്കരണത്തിനും ഒപ്പംതന്നെ 9 ജില്ലാ വർക്ക്ഷോപ്പുകളുടെ രൂപീകരണത്തിനുമായി 2020-21 വർഷത്തിന്റെ പ്ലാൻ ഫണ്ടിൽ 31.93 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

11(*131) ശ്രീ. പി . ഉണ്ണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളനാശത്തിന് നൽകി വരുന്ന നഷ്ടപരിഹാര തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഇരുപത് വർഷങ്ങൾക്കുശേഷമാണ് 22-3-2017-ലെ സ.ഉ. (എം.എസ്) നമ്പർ 37/2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നത്. വിശദാംശം അനുബന്ധം - I* ആയി ചേർക്കുന്നു.

(ബി) നിലവിൽ ഏതെല്ലാം വിളകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരിച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് പദ്ധതി ആകർഷകമാക്കിയതിന് ശേഷം കൂടുതൽ കർഷകരെ ഇതിൽ ചേർക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. കൃഷിഭവൻ/ബ്ലോക്ക്/ജില്ലാതലത്തിൽ എല്ലാ വർഷവും ജൂലൈ 1 വിള ഇൻഷ്വറൻസ് ദിനമായി ആചരിക്കുകയും ഇതിന്റെ ഭാഗമായി 2 ആഴ്ച നീണ്ടുനിൽക്കുന്ന വിള ഇൻഷ്വറൻസ് ക്യാമ്പയിനുകളും സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ടി ക്യാമ്പയിനുകളുടെ ഭാഗമായി ക്ലാസുകൾ സംഘടിപ്പിക്കുകയും കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്തു. ഇതുകാരണം കൂടുതൽ കർഷകരെ ടി പദ്ധതിയിൽ അംഗങ്ങളാക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 മുതൽ ടി പദ്ധതിയിൽ ചേർന്ന കർഷകരുടെ എണ്ണം അനുബന്ധം - II* ആയി ചേർക്കുന്നു.

(ഡി) പ്രളയംമൂലം കാർഷികവിളകൾക്കുണ്ടായ വ്യാപകമായ നാശനഷ്ടം പരിഗണിച്ച് കർഷകരെ സഹായിക്കുന്നതിനായി പ്രസ്തുത പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രളയംമൂലം കാർഷികവിളകൾക്കുണ്ടായ വ്യാപകമായ നാശനഷ്ടം പരിഗണിച്ച് കർഷകരെ സഹായിക്കുന്നതിനായി കൂടുതൽ വിളകളെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സമയബന്ധിതമായി പോളിസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും, കർഷകർക്ക് നഷ്ടപരിഹാരകത്തുക നൽകുന്നതിനുമായി വിള ഇൻഷ്വറൻസ് പദ്ധതി കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ (AIMS) നിലവിൽ വന്നിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമതയോടെ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് പ്രയോജനകരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഴം-പച്ചക്കറികൾക്ക് ഏർപ്പെടുത്തിയ തറവില

12(*132) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് പതിനാറ് ഇനം പഴം-പച്ചക്കറികൾക്ക് തറവില ഏർപ്പെടുത്തി വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഏതൊക്കെ ഇനങ്ങൾക്കാണ് ഇപ്രകാരം തറവില നിശ്ചയിച്ചിട്ടുള്ളത്?

പതിനാറ് ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില ഏർപ്പെടുത്തി "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ 26-10-2020-ന് G.O.(MS)No.80/2020/Agri പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. മരിച്ചീനി, നേന്ത്രൻ & വയനാടൻ നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്ക് അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്.

(ബി) നിലവിൽ സർക്കാർ പ്രഖ്യാപിച്ച തറവിലയ്ക്ക് നിയമസാധുതയുണ്ടോ; ഇല്ലെങ്കിൽ അതിന് നിയമസാധുത നൽകുന്നതിന് ആലോചിക്കുമോ?

സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തറവില പ്രഖ്യാപിച്ചത്. ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയതല്ല. നിയമസാധുത നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) തറവില നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയ ഏത്തക്ക ഉൾപ്പെടെയുള്ള പല പച്ചക്കറികൾക്കും സർക്കാർ നിശ്ചയിച്ച നിരക്കിനെക്കാൾ കുറഞ്ഞ നിരക്കാണ് കമ്പോളത്തിൽ ലഭിക്കുന്നത് എന്നത് വസ്തുതയാണോ?

2020 ഒക്ടോബർ മാസം 26 -നാണ് അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിൽ വന്നത്. 2021 ജനുവരി 12 വരെയുള്ള അടിസ്ഥാന വില പ്രഖ്യാപിച്ച വിളകളുടെ വില നിലവാരം (സംസ്ഥാനതല, മാസ ശരാശരി നിരക്കുകൾ) പരിശോധിച്ചതിൽനിന്നും നേന്ത്രൻ, വയനാടൻ നേന്ത്രൻ, എന്നിവയുടെ വില മാത്രമാണ് അടിസ്ഥാന വിലയേക്കാൾ കുറഞ്ഞിട്ടുള്ളത്. അടിസ്ഥാന വിലയേക്കാൾ കുറഞ്ഞ വിലയുള്ള പ്രദേശങ്ങളിൽ കൃഷിക്കാർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ ആ പ്രദേശത്ത് ചുമതലപ്പെടുത്തിയിട്ടുള്ള വിപണികൾ വഴി സംഭരണം നടത്തി സർക്കാർ പ്രഖ്യാപിച്ച അടിസ്ഥാന വില ഉറപ്പാക്കുന്നുണ്ട്.

(ഡി) സർക്കാർ നിശ്ചയിച്ച വിലയിൽനിന്നും കമ്പോളത്തിൽ വില കുറയുമ്പോൾ തറവില നൽകി അത് സംഭരിക്കുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ, A-grade ക്ലസ്റ്റർ മാർക്കറ്റുകൾ തുടങ്ങിയ 550 മാർക്കറ്റുകൾ മുഖേന അടിസ്ഥാന വില പ്രഖ്യാപിച്ച വിളകൾ ശേഖരിച്ചുവരുന്നു. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴുന്ന സാഹചര്യത്തിൽ ജില്ല പ്രൈസസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംഭരണം തുടങ്ങുന്നു. AIMS പോർട്ടൽ വഴി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർക്ക് അടിസ്ഥാന വിലയും വിപണിവിലയും തമ്മിലുള്ള വില വ്യത്യാസം ബാങ്ക് അക്കൗണ്ട് മുഖേന ലഭിക്കുന്നതാണ്.

(ഇ) ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിന് പുറമെ കൂടുതൽ വിളകൾക്ക് തറവില നൽകുവാൻ ആലോചിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

പുതിയ വിളകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പദ്ധതിപ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് പുതിയ വിളകൾ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല**

13 (*133) ശ്രീ. എം. സ്വരാജ്:
ശ്രീ. എം. മുകേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനായി കരിക്കുലവും സിലബസും പഠനവസ്തുക്കളും തയ്യാറാക്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാപ്യത കൂടുതൽ വിദ്യാർത്ഥികളിലേക്കെത്തിക്കുന്നതിനുമാണ് ശ്രീനാരായണ ഗുരു ഓപ്പൺ

യൂണിവേഴ്സിറ്റി ലക്ഷ്യമിടുന്നത്. വിദൂര വിദ്യാഭ്യാസ മാതൃകയിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. കൂടാതെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി എല്ലാ സർവ്വകലാശാലകളിലെയും ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ ബോർഡുകളിലെ അംഗങ്ങൾക്ക് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ മാതൃകയിൽ (Outcome based education) പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കരിക്കുലവും സിലബസും പരിഷ്കരിക്കുന്ന നടപടികൾ അവസാനഘട്ടത്തിലുമാണ്.

(ബി)ജീവിതസാഹചര്യംകൊണ്ട് റെഗുലർ വിദ്യാഭ്യാസം അസാധ്യമായവർക്കും പ്രായഭേദമന്യേ നൈപുണിശേഷി കൈവരിക്കാനാഗ്രഹിക്കുന്നവർക്കും അതിനുള്ള അവസരം ആധുനികസാങ്കേതികവിദ്യയുടെ കൂടി സഹായത്തോടെ ഒരുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയെക്കുറിച്ച് വിശദമാക്കാമോ?

സമൂഹത്തിന്റെ നാനാതുറയിലുള്ള പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിദൂരമാർഗ്ഗത്തിലും നേരിട്ടും തൊഴിലധിഷ്ഠിത നൈപുണ്യ കോഴ്സുകളും ഉന്നത വിദ്യഭ്യാസവും ഗുണപ്രാപ്തിയിലധിഷ്ഠിതമായി നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല ഏറ്റെടുത്തിട്ടുള്ളത്. ബിരുദ-ബിരുദാനന്തര കോഴ്സുകൾ സിംഗിൾ മേജർ, ഡബിൾ മേജർ, ട്രിപ്പിൾ മേജർ രീതിയിൽ നൽകുന്നതിന് വേണ്ടിയുള്ള കരിക്കുലം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. റെഗുലർ വിദ്യാഭ്യാസം അസാധ്യമായവർക്കും വീട്ടമ്മമാർ ഉൾപ്പടെ വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പ്രയോജനപ്രദമായ രീതിയിലാണ് കോഴ്സുകൾ നടത്താനുദ്ദേശിക്കുന്നത്.

(സി) പരമ്പരാഗത കോഴ്സുകൾക്ക് പുറമേ ഹ്രസ്വകാല, തൊഴിലധിഷ്ഠിത കോഴ്സുകൾകൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ഡി) പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിനോടൊപ്പം മറ്റു സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് സംബന്ധിച്ച് ചില കോണുകളിൽ നിന്നുയർത്തുന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. മറ്റ് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കൂടുതൽ മേഖലകളിലെ കോഴ്സുകൾ ഗുണനിലവാരം ഉറപ്പുവരുത്തി വിദൂര വിദ്യാഭ്യാസം മുഖേന ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വഴി പൂർണ്ണമായും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പഴം-പച്ചക്കറികളുടെ അടിസ്ഥാനവില നിർണ്ണയം

14(*134) <u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പച്ചക്കറികൾക്കും പഴങ്ങൾക്കും ഇതര സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടിയിരുന്ന സാഹചര്യത്തിന് മാറ്റംവരുത്താൻ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇതര സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറിയെ ആശ്രയിച്ചിരുന്നതിന് പരിഹാരമായി സംസ്ഥാനത്തെ പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷി യുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് ഓണത്തിന് ഒരുമുറം പച്ചക്കറി എന്ന ബൃഹത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി ഓരോ വർഷവും 65 ലക്ഷം കുടുംബങ്ങൾക്ക് ആവശ്യമായ പച്ചക്കറി വിത്ത് കിറ്റുകൾ നൽകിവരുന്നു. ഇതിനു പുറമേ 2018-ൽ പുനർജ്ജനിയുടെ ഭാഗമായി ഒരു കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു. കോവിഡ് 19 ലോക്ഡൗൺ കാലയളവിൽ ആദ്യഘട്ടത്തിൽ 50 ലക്ഷം വിത്ത് പായ്ക്കറ്റുകൾ റേഷൻ കടകൾ, വിവിധ ഏജൻസികൾ എന്നിവ മുഖേന വിതരണം ചെയ്തു. 2015-16 കാലഘട്ടത്തിൽ സംസ്ഥാനത്ത് 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉല്പാദിപ്പിച്ചിരുന്നതെങ്കിൽ സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ 2019-20 ആയപ്പോൾ ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ

സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങൾ ഇവയാണ്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം, പച്ചക്കറി തൈകളുടെ വിതരണം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യസംസ്കരണവും സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം ജില്ലാ ക്ലസ്റ്ററുകൾ വികസനം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷി, ഓണത്തിനൊരുമുറം പച്ചക്കറി, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ-കൾ മുഖേന പച്ചക്കറി വിത്ത് വിതരണം, വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വകസന പദ്ധതികൾക്കായി ധനസഹായം, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന " ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി സമഗ്ര പച്ചക്കറി വികസന പദ്ധതി 2020-21-ൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മഴമറ നിർമ്മാണം. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായ നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2018-19 ആയപ്പോഴേയ്ക്കും 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.06 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി

പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 10093 സ്വാശ്രയ കർഷക ഗ്രൂപ്പുകളിലായി 207358 കർഷകർ അംഗങ്ങളായ 291 സ്വാശ്രയ കർഷക സമിതി മാർക്കറ്റുകൾ മുഖേന 2019-20-ൽ 120234 മെട്രിക് ടൺ പഴവർഗ്ഗങ്ങളും 91115 മെട്രിക് ടൺ പച്ചക്കറികളും ഉല്പാദിപ്പിച്ചു. 2020-21 വർഷം ഡിസംബർ വരെ 117463 മെട്രിക് ടൺ പഴവർഗ്ഗങ്ങളും 61000 മെട്രിക് ടൺ പച്ചക്കറിയും വിപണനം നടത്തിയിട്ടുണ്ട്. 2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശുനില കൃഷിമൂലം 7000 ഹെക്ടറിൽനിന്നും 105000 ടൺ പച്ചക്കറിയുടെയും 7500 ഹെക്ടർ വാഴ കൃഷിയിൽനിന്നും 90000 ടൺ വാഴക്കുലയുടെയും ഉല്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, പനീർ ചാമ്പ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരകം മുരിങ്ങ, കറിവേപ്പ്, വാളൻപുളി, കൊടംപുളി, റമ്പൂട്ടാൻ, കടച്ചക്ക, മാംഗോസ്റ്റീൻ, ചാമ്പക്ക, പപ്പായ, നേന്ത്രൻ വാഴ, ഞാലിപ്പൂവൻ വാഴ, തുടങ്ങിയ 21 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനുമായി ലക്ഷ്യമിട്ട് " ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വീട്ടുവളപ്പുകൾ, പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, എന്നിവിടങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയുണ്ടായി. നാളിതുവരെ 132.36 ലക്ഷം ഫലവൃക്ഷത്തൈകൾ വിവിധ വകുപ്പുകൾ, കൃഷി വകുപ്പ് ഫാം, വനം വകുപ്പ്, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എം.എൻ.ആർ.ഇ.ജി.എസ്, കുടുംബശ്രീ തുടങ്ങിയ നിർവ്വഹണ ഏജൻസി മുഖേന വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറികളുടെയും പുഷ്പ വിളകളുടെയും ഹൈടെക് കൃഷി സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിന് ഇൻഡോ-ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി " ഒരു മികവിന്റെ കേന്ദ്രം " (സെന്റർ ഓഫ് എക്സലൻസ്) വയനാട് ജില്ലയിലെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ അമ്പലവയലിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ക്യാമ്പസിൽ തുടക്കം കുറിച്ചു. പച്ചക്കറി കൃഷിയിലും പുഷ്പ കൃഷിയിലും മികച്ച സാങ്കേതിക വിദ്യകൾ അവലംബിച്ചുവരുന്ന നെതർലാന്റുമായുള്ള സഹകരണത്തിലൂടെ നൂതന സാങ്കേതികവിദ്യകൾ നമ്മുടെ നാട്ടിലെത്തിച്ച്

കർഷകർക്ക് പകർന്നുനൽകുന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം " Area Expansion of Fruits" എന്ന പദ്ധതിയിലൂടെ വിവിധ ഇനങ്ങളായ ടിഷ്യുകൾച്ചർ വാഴ, പൈനാപ്പിൾ, സ്ട്രോബെറി, വിദേശ ഇനങ്ങളായ റംമ്പൂട്ടാൻ, ലിച്ചി, മാംഗോസ്റ്റീൻ എന്നിവയുടെയും കൃഷി വ്യാപനം നടപ്പിലാക്കി വരുന്നു. കൂടാതെ ഇടുക്കി, വയനാട് ജില്ലകളിൽ കൂടുതലായി ഫലവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി ഇടുക്കി, വയനാട് പാക്കേജുകളും നടപ്പിലാക്കിവരുന്നു. പച്ചക്കറികൃഷിയും പഴവർഗ്ഗ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ. മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന ഫലമായ ചക്കയുടെ ഉല്പാദനവും ഉപയോഗവും സംഭരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചു. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. വില സ്ഥിരത ലഭിക്കുന്നതിലൂടെ കർഷകർ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുവാൻ തല്പരരാവുകയും അതുവഴി ഉല്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നു.

**(ബി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിൽനിന്ന് കർഷകരെ പിന്തിരിപ്പിച്ചിരുന്ന മുഖ്യപ്രശ്നം വിളകളുടെ ഉല്പാദനത്തിലെ അസ്ഥിരതയും വിലത്തകർച്ചയുമാണെന്ന പ്രശ്നം പരിഹരിക്കുന്നതിന് നേന്ത്രക്കായ, മരിച്ചീനി, മറ്റു പച്ചക്കറികൾ എന്നിവയ്ക്ക് അടിസ്ഥാനവില നിർണ്ണയിച്ചത് സംബന്ധിച്ചും അത് കർഷകർക്ക് എപ്രകാരം പ്രയോജനപ്രദമാകുമെന്നതിനെക്കുറിച്ചും അറിയിക്കാമോ?**

കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. അടിസ്ഥാന വില പ്രഖ്യാപിച്ച 16 ഇനം പഴം-പച്ചക്കറികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു*. താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് പദ്ധതി നടപ്പിലാക്കുന്നത്.

(1) കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക.

(2) വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽനിന്ന് കർഷകരെ സംരക്ഷിക്കുക.

(3) തെരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകർക്ക് താങ്ങുവില ഉറപ്പാക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(4) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

(5) ബന്ധപ്പെട്ട എല്ലാ ഏജൻസികളെ ഉൾപ്പെടുത്തിയും മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെ കൂടുതൽ വിപണന സാധ്യതകൾ കൈവരിക്കുന്നു. ഒരു നിശ്ചിത കാർഷികോല്പന്നത്തിന്റെ ഉല്പാദനത്തിന് കർഷകന് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാകും അടിസ്ഥാന വിലയെന്നും അടിസ്ഥാന വില പ്രഖ്യാപിക്കുന്നതോടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാന വില ലഭിക്കുന്നതിനാൽ കർഷകന് ഉണ്ടാകുന്ന വരുമാന നഷ്ടം തടയുമെന്നും അതുവഴി കാർഷിക താല്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാനും സാധ്യമാകും. കൂടാതെ അടിസ്ഥാന വില നിർണ്ണയം ഒരു കർഷകന് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനാൽ അടിസ്ഥാന വിലയുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുന്നു.

**(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം കർഷകർക്കെല്ലാം ലഭിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?**

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെയും കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ വഴിയും വിളകൾ ശേഖരിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. വി.എഫ്.പി.സി.കെ.-യുടെ ആഭിമുഖ്യത്തിൽ 250 മാർക്കറ്റുകളും ഹോർട്ടികോർപ്പിന്റെ കീഴിലുള്ള 18 മാർക്കറ്റുകളും കൃഷി വകുപ്പിന്റെ കീഴിലുള്ള 26 മാർക്കറ്റുകളും 250 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കൂടാതെ 6 മൊത്ത വ്യാപാര മാർക്കറ്റുകളും സംഭരണത്തിൽ ഏർപ്പെടുന്നു. തറവില പ്രഖ്യാപിച്ച ജില്ലകളിൽ ഇത്തരം മാർക്കറ്റുകൾ മുഖേന സംഭരിക്കുന്ന വിളകൾക്ക് കർഷകന് ലഭിക്കേണ്ട വില വ്യത്യാസം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതാണ്. ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകൻ വിള, വിസ്തീർണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിക്കുന്ന വിളവ്, വിളവെടുപ്പ് സമയം എന്നിവ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കാർഷിക പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ വിളകൾ അനുസരിച്ച് നിർദിഷ്ട സമയങ്ങളിൽ (2 പ്രാവശ്യം) കൃഷിയിടത്തിന്റെ ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത് കൃഷി ഭവനുകളിൽനിന്നും പരിശോധന നടത്തി ഉറപ്പുവരുത്തുന്നതാണ്. ആനുകൂല്യം എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് ലഭ്യമാകുക. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലുള്ള വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്,

ഇക്കോഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾ വഴിയും വിളകൾ ശേഖരിക്കുന്നതാണ്. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴ്ന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകന് ലഭിക്കേണ്ട വില വ്യത്യാസം നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.

**റൂസ ഫണ്ട് വിനിയോഗം**

15(*135) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്കും സർവ്വകലാശാലകൾക്കുമായുള്ള കേന്ദ്രസർക്കാർ പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ (റൂസ) പ്രകാരമുള്ള ഫണ്ട് വിനിയോഗത്തിലും ശേഷിക്കുന്ന തുക വാങ്ങിയെടുക്കുന്നതിലും വീഴ്ച ഉണ്ടായതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റൂസ ഫണ്ട് വിനിയോഗത്തിലോ ശേഷിക്കുന്ന തുക വാങ്ങിയെടുക്കുന്നതിലോ വീഴ്ച ഉണ്ടായിട്ടില്ല.

(ബി) തുക വകമാറ്റി ചെലവഴിച്ചവർക്കെതിരെയും ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തവർക്കെതിരെയും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

തുക വകമാറ്റി ചെലവഴിക്കുകയോ ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് നൽകാതിരിക്കുകയോ ചെയ്തിട്ടില്ല.

(സി) റൂസ ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരിൽനിന്ന് എന്തെങ്കിലും വിവരം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

റൂസ ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും എല്ലാ സംസ്ഥാനങ്ങൾക്കും അതോടൊപ്പം കേരളത്തിനും സമയാസമയങ്ങളിൽ കത്ത് അയയ്ക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇവയ്ക്ക് യഥാസമയംതന്നെ സംസ്ഥാന റൂസ പ്രോജക്ട് ഡയറക്ടറേറ്റിൽനിന്നും മറുപടി നൽകാറുണ്ട്.

## കേന്ദ്ര കാർഷിക നിയമങ്ങൾക്ക് ബദൽ നിയമം

16(*136) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. വി .ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കാർഷിക നിയമങ്ങൾക്കെതിരെ ബദൽ നിയമം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; ബദൽ നിയമത്തിന്റെ കരട് തയ്യാറാക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങളുടെ ദോഷഫലങ്ങൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടത്തുകയും കേന്ദ്ര കാർഷിക നിയമങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 28-12-2020-ലെ സ.ഉ.(സാധാ) നമ്പർ 1026/2020/കൃഷി, 29-12-2020-ലെ സ.ഉ.(സാധാ) നമ്പർ 1029/2020/കൃഷി എന്നിവ പ്രകാരം കർഷകർക്ക് പ്രയോജനകരമായ ഒരു കരട് നിയമം തയ്യാറാക്കാൻ താഴെ പറയും പ്രകാരം* ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമങ്ങൾ കർഷകരെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) കേന്ദ്രനിയമങ്ങളിലുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിനായി പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിച്ചാൽ ബദൽ നിയമനിർമ്മാണത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമായി വരുമോ;

(ഡി) ഇതുസംബന്ധിച്ച് നിയമവകുപ്പ് നൽകിയിട്ടുള്ള നിയമോപദേശം എന്താണ്; വെളിപ്പെടുത്താമോ?

(ബി-ഡി) കരട് നിയമം നിയമ വകുപ്പിന്റെ പരിശോധനയ്ക്കായി നൽകിയിരിക്കുകയാണ്. പുതിയ നിയമനിർമ്മാണം സംബന്ധിച്ച് രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമായി വരുമോയെന്നുള്ള വിവരം നിയമവകുപ്പിന്റെ അഭിപ്രായത്തിന് വിധേയമായിരിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റബ്ബറിന്റെ താങ്ങുവില

17 (*137) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചമൂലം വലിയ പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നൽകിവരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഇപ്പോഴും സംസ്ഥാന സർക്കാർ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയുടെ 6-ാം ഘട്ടമാണ് ഇപ്പോൾ നിലവിലുള്ളത്. 6-ാം ഘട്ടത്തിൽ പുതിയ കർഷകർക്ക് രജിസ്റ്റർ ചെയ്യുവാൻ 2020 നവംബർ 30 വരെ അവസരം നൽകിയിരുന്നു. നിലവിൽ 5 ലക്ഷത്തോളം കർഷകർ ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുതിയ ബജറ്റിൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപ ആയി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2020-21-ലെ ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 180 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, 2020 ജൂൺ വരെയുള്ള കർഷകരുടെ ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 48.20 കോടി രൂപ കൂടി വിതരണം ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. റബ്ബറിന്റെ വിലത്തകർച്ചമൂലം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകർക്ക് ഈ പദ്ധതി വലിയൊരു തോതിൽ ആശ്വാസമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഇനത്തിൽ കർഷകർക്ക് 1331.4 കോടി രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ കർഷകർക്ക് നൽകിയതുക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഈ സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

2021-22 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ റബ്ബറിന്റെ തറവില 170 രൂപയായി ഉയർത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ വിദ്യാഭ്യാസ നയം

18(*138) ശ്രീ. പി. ടി. എ. റഹീം:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം ഉന്നത വിദ്യാഭ്യാസരംഗത്ത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതത്തെക്കുറിച്ച്, സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള മികവിന്റെ പശ്ചാത്തലത്തിൽ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിലയിരുത്തിയതിലെ പ്രധാന നിഗമനങ്ങൾ എന്തൊക്കെയാണ്;

(ബി) യുക്തിചിന്തയും ശാസ്ത്രീയവീക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനും വൈജ്ഞാനികരംഗത്ത് കരുത്താർജ്ജിക്കുന്നതിനും വേണ്ട കാഴ്ചപ്പാടിനു പകരം വ്യവസായികൾക്ക് വേണ്ട തൊഴിൽശക്തിയെ രൂപപ്പെടുത്തിയെടുക്കുന്നതിനാണ് പ്രസ്തുത നയം പ്രാമുഖ്യം നൽകുന്നതെന്ന ആശങ്ക പരിശോധിക്കപ്പെട്ടിട്ടുണ്ടോ?

(എ&ബി) ദേശീയ വിദ്യാഭ്യാസ നയം 2020 പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. പ്രഭാത് പട്നായിക്കിന്റെ നേതൃത്വത്തിൽ ആറംഗ സമിതി രൂപവൽക്കരിച്ചു. സമിതി ശിപാർശകൾ സമർപ്പിച്ചു.

- രാജ്യത്തെ വിദ്യാഭ്യാസ മേഖല നിലവിലുള്ള മാതൃകയിൽനിന്നും കാതലായ മാറ്റങ്ങൾ വരുത്തുന്നതാണ് ദേശീയ വിദ്യാഭ്യാസ നയം 2020. വിദ്യാഭ്യാസം രാജ്യത്തിൽ നിലനിൽക്കുന്ന ഫെഡറൽ, ജനാധിപത്യ വ്യവസ്ഥയ്ക്ക് ഉതകുന്ന രീതിയിൽ രൂപപ്പെടുത്തിയ ഒരു നയമല്ല ഇത് എന്നാണ് സംസ്ഥാനം വിലയിരുത്തുന്നത്.
- " Inclusiveness" അഥവാ " ഉൾക്കൊള്ളൽ" സമീപനം ഈ നയരേഖയിൽ പരാമർശിക്കപ്പെടുന്നില്ല. വിദ്യാഭ്യാസം രാഷ്ട്ര നിർമ്മാണ പ്രക്രിയയ്ക്ക് സഹായകരമാകണമെങ്കിൽ ദളിതർക്കും പിന്നോക്ക വിഭാഗക്കാർക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അർഹമായ സംവരണ (reservation)ത്തെപ്പറ്റി നയരേഖയിൽ പരാമർശിക്കപ്പെടണം.
- വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ഒന്നാണ് ദേശീയ വിദ്യാഭ്യാസ നയം 2020, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്കോളർഷിപ്പ് ലഭ്യമാക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും, ഇതിനുള്ള ഫണ്ട് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുമെന്നുള്ള ഉറപ്പ് നൽകുന്നില്ല.

- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിന് വിദൂര വിദ്യാഭ്യാസ സമ്പ്രദായ (Open Distance Learning)ത്തെയും തൊഴിലധിഷ്ഠിത (Vocational Education) വിദ്യാഭ്യാസത്തെയും NEP 2020 ഉയർത്തിക്കാണിക്കുന്നു. സംസ്ഥാനത്ത് 3, 5, 8, ക്ലാസ്സുകളിൽ നടത്തപ്പെടുന്ന പരീക്ഷകളിൽ വിജയിക്കാനാകാതെ കൊഴിഞ്ഞു പോകേണ്ടിവരുന്ന വിദ്യാർത്ഥികളെ മേൽപ്പറഞ്ഞ ധാരകളിലേയ്ക്ക് ഉൾക്കൊള്ളിക്കുമെന്നാണ് NEP അവകാശപ്പെടുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്കില്ല. എങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സമഗ്ര വിദ്യാഭ്യാസത്തിന്റെ ഭാഗമായി, ഉയർന്ന ഉദ്യോഗാർത്ഥികളെ വളർത്തിയെടുക്കുന്നതിനായി ആരംഭിച്ചുകഴിഞ്ഞു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്കും അസാപ്പ് മുതലായ തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്ന ഏജൻസികൾക്കും കേന്ദ്രം സഹായം നൽകേണ്ടതാണ്.
- NEP അദ്ധ്യാപകർക്ക് tenure track രീതി നിർദ്ദേശിക്കുന്നു. ഇത് പരമ്പരാഗതമായി പിൻതുടരുന്ന രീതിക്ക് വിപരീതമാണ്. ആയതിനാൽ ഇത് നടപ്പിലാക്കുന്നതിനുമുൻപ് അധ്യാപകരുമായും സർവ്വകലാശാല നിലയിലും ചർച്ചകൾ ആവശ്യമാണ്.

(സി) കോളേജുകൾ സ്വയംഭരണ സ്ഥാപനങ്ങളായി മാറണമെന്ന നിർദ്ദേശവും സാമൂഹ്യനീതിയധിഷ്ഠിതമായ സംവരണത്തെക്കുറിച്ച് പരാമർശിക്കാതിരുന്നതും സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാകുമെന്ന ആശങ്ക, പ്രത്യേകിച്ച് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം ഐ.ഐ.ടി.-കളിൽ സംവരണം വേണ്ടെന്ന് ശിപാർശ ചെയ്തതായുള്ള റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ, പഠന വിധേയമാക്കിയിരുന്നോ?

NEP-യിൽ reservation-നെപ്പറ്റി പരാമർശമില്ല. റിസർവേഷൻ ഇല്ലാതാക്കാനുള്ള ശ്രമങ്ങളെ എതിർക്കേണ്ടതാണ്. പിന്നോക്ക പ്രദേശങ്ങളിലും വിദൂര ജില്ലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പരിഗണന ഉണ്ടാകണമെന്ന നിർദ്ദേശം രേഖയിലുണ്ട്. എന്നാൽ അസന്തുലിതമായ പ്രാദേശിക വികസനത്തിന്റെ കാരണം ഭൗതിക അപ്രാപ്യത മാത്രമല്ലെന്നതാണ് വസ്തുത. മതം, ജാതി, വർഗ്ഗം, ലിംഗം, വൈകല്യം തുടങ്ങിയ നിരവധി ഘടകങ്ങളും പ്രാപ്യതയെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകങ്ങളാണ്. പ്രാപ്യതയെ മേൽ ഘടകങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് മനസ്സിലാക്കാൻ രേഖ ശ്രമിച്ചിട്ടില്ല. വിദ്യാർത്ഥി പ്രവേശനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിനും സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും വൈകല്യമുള്ളവരുടെ പ്രാപ്യത പ്രശ്നത്തെക്കുറിച്ചും രേഖയിൽ പരാമർശമില്ല. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഐ.ഐ.ടി.-കളിൽ സംവരണം വേണ്ടെന്ന് ശിപാർശ ചെയ്തതായുള്ള റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ പഠന വിധേയമാക്കിയിട്ടില്ല.

(ഡി) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി ഏകപക്ഷീയമായി പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസനയത്തോടുള്ള വിയോജിപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കരട് വിദ്യാഭ്യാസ നയം പുറപ്പെടുവിച്ച സമയത്തുതന്നെ ആയതിലെ വിവിധ നിർദ്ദേശങ്ങളിലുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. പ്രഖ്യാപിച്ചിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വീക്ഷണങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ലൈഫ് പദ്ധതിയുടെ നേട്ടങ്ങൾ**

19(*139) <u>ശ്രീ. രാജു എബ്രഹാം</u>:
<u>ശ്രീ. എം. സ്വരാജ്</u>:
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>:
<u>ശ്രീ ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയായ ലൈഫ് ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാന രഹിതമായ ആരോപണങ്ങളെ തള്ളിക്കളഞ്ഞ് പദ്ധതി നിർവ്വഹണം കൂടുതൽ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ലൈഫ് ഭവന നിർമ്മാണ പദ്ധതി ത്വരിതഗതിയിലാണ് നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ടത്തിൽ യാതൊരു പുരോഗതിയുമില്ലാത്ത വീടുകൾ കണ്ടെത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, രണ്ടാം ഘട്ടത്തിൽ അർഹരായിട്ടും വിവിധ കാരണങ്ങളാൽ കരാറിലേർപ്പെടാൻ സാധിക്കാത്ത ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തി കരാർ വയ്പ്പിക്കുന്നതിലുള്ള നടപടി സ്വീകരിക്കുകയും, മൂന്നാം ഘട്ട ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ത്വരിത ഗതിയിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകി. ഇപ്രകാരം 19327 ഗുണഭോക്താക്കൾ ഭൂമി വാങ്ങി ഭൂമിയുള്ള ഭവനരഹിതരായി മാറിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നു.

(ബി) നിലവിലുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാതെ പോയിട്ടുള്ള ഭവനരഹിതരെക്കൂടി ഉൾക്കൊള്ളിച്ച് പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി അവർക്കും വീട് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഭൂരഹിത-ഭവനരഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടേയും ഒരു പുതിയ ഗുണഭോക്തൃ പട്ടിക സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുകയും 832850 അപേക്ഷകൾ (ഭൂമിയുള്ള ഭവന രഹിതർ - 5,80,650 ഭൂരഹിത ഭവനരഹിതർ - 2,52,200) ലഭ്യമായിട്ടുണ്ട്.

(സി) ലൈഫ് പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി ഭവനസമുച്ചയങ്ങളടക്കം എത്ര വീടുകളുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ?

ലൈഫ് പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി 250547 വീടുകളും 6 ഭവന സമുച്ചയങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. മിഷൻ നേരിട്ടും സ്പോൺസർഷിപ്പിലൂടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേനയും പൂർത്തീകരിച്ച ഭവന സമുച്ചയങ്ങൾ : ഇടുക്കി - അടിമാലി ഗ്രാമപഞ്ചായത്ത് (217 യൂണിറ്റ്) തിരുവനന്തപുരം - വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് (24 യൂണിറ്റ്), തിരുവനന്തപുരം - മണ്ണന്തല (7 യൂണിറ്റ്), എറണാകുളം - അങ്കമാലി മുനിസിപ്പാലിറ്റി (12 യൂണിറ്റ്) എറണാകുളം - കീഴ്മാട് പഞ്ചായത്ത് (12 യൂണിറ്റ്), മലപ്പുറം - പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി (200 യൂണിറ്റ്).

## സർവ്വകലാശാലകളുടെ ആഭ്യന്തരകാര്യങ്ങൾ

20(*140) ശ്രീ. എം . ഉമ്മർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ സ്വയംഭരണസ്ഥാപനങ്ങളാകയാൽ അവയുടെ ആഭ്യന്തരകാര്യങ്ങളിൽ സർക്കാർ ഇടപെടാൻ പാടില്ലെന്ന് 2003-ൽ സുപ്രീംകോടതി വിധി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഇതിൽ വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയത് പിന്നീട് എപ്രകാരം പരിഹരിച്ചുവെന്ന് വിവരിക്കാമോ?

(എ&ബി) സർവ്വകലാശാലയുടെ സ്വയംഭരണാവകാശങ്ങളിൽ സർക്കാർ ഇടപെടലുകൾ നടത്തിയിട്ടില്ല.

## കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണം

21(*141) ശ്രീ. എം. നൗഷാദ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സർക്കാർ, എയ്ഡഡ് കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; അർഹമായ തോതിൽ റൂസ ഫണ്ട് നേടിയെടുക്കാനായിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യ വിപുലീകരണത്തിനായി വിവിധ ശീർഷകങ്ങളിലായി താഴെ കാണുന്ന പട്ടിക പ്രകാരമുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി നൽകിയിട്ടുണ്ട്.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2016-17 | 38 കോടി |
| 2 | 2017-18 | 42.5 കോടി |
| 3 | 2018-19 | 44.6 കോടി |
| 4 | 2019-20 | 75 കോടി |
| 5 | 2020-21 | 77 കോടി |

കൂടാതെ Asset Maintenance Fund ൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം 16.81 കോടി രൂപയും 2020-21 സാമ്പത്തികവർഷം 11.73 കോടി രൂപയും വിവിധ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അറ്റകുറ്റപ്പണി നടത്തുന്നതിനായി

അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക ഗുണമേൻമാ വർദ്ധനവിനുമായി റൂസ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

റൂസ 1-ാം ഘട്ടത്തിന്റെ ഭാഗമായി കേരളത്തിലെ ആറ് യൂണിവേഴ്സിറ്റികൾക്ക് ഘടകം 3 പ്രകാരം 20 കോടി രൂപ വീതവും ഗവൺമെന്റ് കോളേജുകൾക്ക് ഘടകം 7 പ്രകാരം 2 കോടി രൂപ വീതവും അടിസ്ഥാനസൗകര്യ വികസനത്തിനായി സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി. കൂടാതെ മാതൃകാ കോളേജ് പദ്ധതിയിൽ (ഘടകം 5) ഉൾപ്പെടുത്തി മൂന്നാർ ഗവൺമെന്റ് കോളേജിന് 4 കോടി രൂപയും ഘടകം II-ൽ ഉൾപ്പെടുന്ന ഫാക്കൽറ്റി ഇംപ്രൂവ്മെന്റിനുവേണ്ടി കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ അക്കാദമിക്ക് സ്റ്റാഫ് കോളേജിന് 1 കോടി രൂപയും അനുവദിക്കുകയുണ്ടായി. റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 4 പ്രധാന ഘടകങ്ങളിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്തിന് കേന്ദ്രസഹായം ലഭ്യമാകുന്നത്. ഘടകം 5 പ്രകാരം മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനായി 12 കോടി ലഭിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ രേഖകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഘടകം 8 പ്രകാരം സ്വയം ഭരണകോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ 5 സ്വയം ഭരണകോളേജുകൾക്ക് 5 കോടിരൂപവീതമാണ് ലഭ്യമാകുന്നത്. കൂടാതെ സംസ്ഥാനത്ത് സർക്കാർ മേഖലയിലെ ഏക സ്വയം ഭരണസ്ഥാപനമായ മഹാരാജാസ് കോളേജിന് ഈ ഘടകത്തിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംസ്ഥാനം പൂർത്തീകരിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഘടകം 9 പ്രകാരം കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ 2 കോടി രൂപ വീതമാണ് സംസ്ഥാനത്തെ അർഹരായ ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്ക് ലഭ്യമാകുന്നത്. ഘടകം 10 പ്രകാരം ഗവേഷണ മേഖലയിലെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 50 കോടി രൂപ വീതമാണ് ഗവേഷണ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലകൾക്ക് ലഭ്യമാകുന്നത്. ഈ പദ്ധതിയിൽ മഹാത്മാ ഗാന്ധി

സർവ്വകലാശാലയും കുസാറ്റുമാണ് പങ്കാളികൾ. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകയുടെ തുല്ല്യമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാനം നൽകുമ്പോൾ മാത്രമാണ് പദ്ധതി തുടർ ഫണ്ട് ഗഡുക്കളായി അനുവദിക്കപ്പെടുന്നത്. അപ്രകാരം ധനവിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം നൽകപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റൂസ പദ്ധതിയിൽ സംസ്ഥാനത്തിന് ഇതുവരെ 183.86 കോടി രൂപയുടെ കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ട്. ടി തുകയ്ക്ക് ആനുപാതികമായുള്ള ഫണ്ട് സംസ്ഥാനം അനുവദിച്ചുകൊണ്ട് റൂസ പദ്ധതി സംസ്ഥാനം നടപ്പാക്കിവരികയാണ്.

**(ബി) വിദഗ്ദ്ധസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൂതന കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പരീക്ഷാരീതിയിലുൾപ്പെടെ വരുത്തേണ്ട നവീകരണം സംബന്ധിച്ച മറ്റെന്തെല്ലാം ശിപാർശകളാണ് വിദഗ്ദ്ധസമിതി സമർപ്പിച്ചിരിക്കുന്നത്?**

സർക്കാർ നിശ്ചയിച്ച വിദഗ്ദ്ധസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5-11-2020-ലെ G.O.(Ms) 389/2020/H.EDN, 1-12-2020-ലെ G.O.(MS) 431/ 2020/H.EDN, 30-12-2020-ലെ G.O(MS) 473/2020/H.EDN ഉത്തരവുകൾ പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 47 സർക്കാർ കോളേജുകളിലായി 49 കോഴ്സുകളും 105 സർക്കാർ എയ്ഡഡ് കോളേജുകളിലായി 117 കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. വിദഗ്ദ്ധസമിതിയുടെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു.

1. NAAC-A ഗ്രേഡ്/NIRF റാങ്കിംഗിൽ 100-നുള്ളിലോ ഉള്ള കോളേജുകൾ/സർവ്വകലാശാലകൾക്ക് 4 വർഷ ഹോണേഴ്സ് ഡിഗ്രി അനുവദിക്കണം.
2. ട്രിപ്പിൾ മെയിൻ പ്രോഗ്രാമുകൾ അനുവദിക്കണം അതിൽ ഒന്ന് ന്യൂജനറേഷൻ കോഴ്സ് ആയിരിക്കണം.
3. നാലാമത്തെ വർഷം ഏതെങ്കിലും സ്പെഷ്യലൈസേഷന് അവസരം നൽകുന്ന നിലയിൽ 4 വർഷ പ്രോഗ്രാമുകൾ ആരംഭിക്കാവുന്നതാണ്.
4. മൈനർ ഡിഗ്രി പ്രോഗ്രാമുകൾ ആരംഭിക്കണം.
5. തൊഴിലധിഷ്ഠിത സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ ആരംഭിക്കണം.
6. Course based Undergraduate Research പ്രോഗ്രാമുകൾ ആരംഭിക്കണം.

(സി) വർഷങ്ങളായി അധ്യാപകരുടെ കുറവ് നിലവിലുണ്ടായിരുന്നത് പരിഹരിക്കാൻ നടപടിയെടുത്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ 375 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും 322 തസ്തികകളിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എയ്ഡഡ് മേഖലയിലെ കോളേജുകളിൽ 753 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലും വിവിധ അദ്ധ്യാപക തസ്തികകൾ ഇക്കാലയളവിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**ജൈവകൃഷി പ്രോത്സാഹനത്തിന് ഇക്കോ ഷോപ്പുകൾ**

22(*142) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ജൈവകാർഷിക നയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

നിലവിലുള്ള ജൈവ കാർഷിക നയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നാളിതുവരെ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി പ്രകാരം 1405 ക്ലസ്റ്ററുകളിലായി 35220 ഹെക്ടറിലും കുട്ടനാട്ടിലെ ജിഎപി പ്രകാരം 27750 ഹെക്ടറിലും എന്നിങ്ങനെ ജൈവ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. ഉത്തമ കൃഷി മുറകൾ പാലിച്ച് ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി കേരളത്തിലുടനീളം ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കി നടപ്പ് സാമ്പത്തിക വർഷം 14 ഇക്കോഷോപ്പുകൾ പുതുതായി സ്ഥാപിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച 15 ഇക്കോഷോപ്പുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി 14.70380 ലക്ഷം രൂപ ധനസഹായം നല്കി പദ്ധതി നടപ്പിലാക്കി വരുന്നു. ക്ലസ്റ്ററുകളിൽനിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "കേരള ഓർഗാനിക്" എന്ന് ബ്രാൻഡ് നെയിമിൽ പായ്ക്കറ്റുകളിലാക്കി

വിൽക്കുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കളാണ് പായ്ക്കിംഗിനായി ഉപയോഗിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ ആകെ 274 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ഇക്കോഷോപ്പുകളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കേരള കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കി 3 മാസത്തിൽ ഒരിക്കൽ ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുകയും അതുവഴി ഉപഭോക്താക്കളുടെ ഇടയിൽ കൂടുതൽ സ്വീകാര്യത കൈവരിക്കുവാനും സാധിച്ചു. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതി പ്രകാരവും ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ആകെ 1151.97485 ലക്ഷം രൂപ ചെലവഴിച്ച് 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നു. നാളിതുവരെ 2445 PGS സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒക്ടോബർ മാസത്തിൽ പട്ടാമ്പിയിൽ ജീവാണു ജൈവവള ഗുണനിയന്ത്രണശാല പ്രവർത്തനം ആരംഭിച്ചു. പട്ടാമ്പിയിൽ ലാബ് പ്രവർത്തനക്ഷമമാകുന്നതോടുകൂടി വിപണിയിൽ ലഭ്യമായ ജൈവ ജീവാണു വളത്തിന് ആനുപാതികമായി പ്രതിവർഷം 1000 സാമ്പിളുകളെങ്കിലും പരിശോധിക്കാൻ സാധിക്കും. ഇപ്രകാരം ഗുണമേന്മയുള്ള ജൈവ ജീവാണു വളങ്ങളും കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. പൂർണ്ണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തിൽ കേന്ദ്ര സഹായത്തോടുകൂടി കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം (സുഭിക്ഷം സുരക്ഷിതം പദ്ധതി) പ്രകാരം 168 ക്ലസ്റ്ററുകളിലായി 84000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 500 ഹെക്ടർ വീതമുള്ള ഓരോ ക്ലസ്റ്ററിനും 26.52 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകളും ജൈവ ക്ലസ്റ്ററുകളുടെ നേരിട്ടുള്ള

വിപണികളും ആരംഭിച്ചിട്ടുണ്ട്. Good Agricultural Practices (ജി.എ.പി.) സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "സേഫ് റ്റൂ ഈറ്റ് - കേരള ഓർഗാനിക്" ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോഷോപ്പുകളിലൂടെ വിപണനം നടത്തുന്നു. ഇങ്ങനെ കർഷകരിൽനിന്നും ശേഖരിച്ച് ഇക്കോഷോപ്പുവഴി ലഭ്യമാകുന്നുണ്ട്. ഈ സംരംഭം കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണമില്ലാതെ നേരിട്ട് വിൽക്കുന്നതിന് സാധ്യമാക്കുന്നു. "സേഫ് റ്റൂ ഈറ്റ് - കേരള ഓർഗാനിക്" ലേബലോടു കൂടിയ "സുരക്ഷിത പച്ചക്കറികൾ" പരിസ്ഥിതി സൗഹൃദമായ പായ്ക്കറ്റുകളിലാണ് വിപണനം നടത്തുന്നത്. ഇത്തരം ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ നേരിട്ടുള്ള വിപണി വഴിയും വിപണനം നടത്തുന്നു. കൂടാതെ ഹോർട്ടികോർപ്പിന്റെ വിവിധ വിൽപ്പന കേന്ദ്രങ്ങളിൽ ജൈവ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കിവരുന്നു.

**(സി) ജൈവകൃഷി വികസന പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ ഇതുവരെ എത്ര ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ?**

ജൈവകൃഷി വികസന പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ ഇതുവരെ ആകെ 274 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

**(ഡി) സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമകൃഷിമുറകളും ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇക്കോഷോപ്പുകളുടെ പ്രവർത്തനം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?**

നല്ല കൃഷി മുറകൾ പാലിച്ച് ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ച് പായ്ക്ക് ചെയ്ത് "കേരള ഓർഗാനിക്" ലേബലോടുകൂടി വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച ജൈവ ഉല്പന്നങ്ങളാണ് ഇക്കോഷോപ്പുകൾ വഴി വില്പന നടത്തുന്നത്. ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുമുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിച്ചുവരുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ആകെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്.

## കർഷകമിത്ര പദ്ധതി

23(*143) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ ഉല്പാദനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ കർഷകമിത്ര പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഉല്പാദനത്തിന് പുറമേ കാർഷിക വിളകളുടെ സംഭരണം, വിപണനം എന്നിവ സുഗമമാക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗ്രാമപ്രദേശങ്ങളിൽ കർഷകരെ സന്ദർശിച്ച് അവർ ഉല്പാദിപ്പിക്കുന്നതും അധികം വരുന്നതുമായ പഴം, പച്ചക്കറി, മുട്ട തുടങ്ങിയവ നേരിൽ സംഭരിച്ച് വിലയുടെ 50% സംഭരിക്കുന്ന സമയം കർഷകർക്ക് നൽകുകയും ബാക്കി തുക വിറ്റഴിക്കുന്ന മുറയ്ക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ വിളകളുടെ കീടരോഗ നിയന്ത്രണത്തിനും സഹായിക്കുന്നു. കർഷകർക്ക് വിപണി വില ഉടൻ ലഭ്യമാക്കാനും അധികം വരുന്ന കാർഷിക ഉല്പന്നങ്ങൾ വിപണി വഴി കാലതാമസം കൂടാതെ വിറ്റഴിക്കാനും സഹായിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച താങ്ങു വിലയേക്കാൾ താഴെപോയ നേന്ത്രൻ, വയനാടൻ നേന്ത്രൻ, പയർ എന്നിവ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലായി ഹോർട്ടികോർപ്പിന്റെ ചുമതലപ്പെടുത്തിയ വിപണികൾ വഴി 3446 ടൺ ഇതുവരെ സംഭരിച്ചു. മാർക്കറ്റ് വില കർഷകർക്ക് അപ്പോൾ തന്നെ നൽകിയിട്ടുണ്ട്. മാർക്കറ്റ് വിലയും അടിസ്ഥാന വിലയും തമ്മിലുള്ള വ്യത്യാസമായ 3.88 കോടി രൂപ കൃഷിക്കാരുടെ അക്കൗണ്ടിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(സി) വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പച്ചക്കറി കൃഷിയെക്കുറിച്ചും സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഉത്തമ കൃഷിരീതികളെക്കുറിച്ചും അവബോധം നൽകുന്നതിനായി ഈ സർക്കാർ എന്തെല്ലാം പരിശീലന, ബോധവൽക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

"ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിലൂടെ വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി 'കൃഷി പാഠശാല' എന്ന പരിശീലന/ബോധവത്കരണ പരിപാടി നടത്തിവരുന്നു. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് അനുവർത്തിക്കേണ്ട മുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു. സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന വിവിധ പദ്ധതികളുടെ ഏകോപനത്തിനും നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ വിജ്ഞാന വ്യാപനത്തിനുംവേണ്ടി കേരളത്തിലെ 152 ബ്ലോക്കുകളിൽ ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചു, കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻ നോഡൽ ഓഫീസറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയിൽ കാർഷിക വിദഗ്ധരും ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. പ്രസ്തുത കമ്മിറ്റി പ്രാദേശിക മേഖല അടിസ്ഥാനമാക്കിയുള്ള കാർഷിക ഉല്പാദന വിപണന പ്ലാനുകൾ തയ്യാറാക്കുകയും കൂടാതെ കൃഷിക്കാർ നേരിടുന്ന കാലിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും കൃഷിപാഠശാലയുടെ വിഷയനിർണ്ണയം മേൽനോട്ടം നടത്തുകയും ഫീൽഡ് സന്ദർശനങ്ങൾ നടത്തി കൃഷിക്കാർക്ക് ഉപദേശം നൽകുകയും ചെയ്യുന്നു. കൂടാതെ ആരോഗ്യത്തിനായി സുരക്ഷിതവും പോഷകസമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെയും ഡയറ്റീഷ്യന്റെയും സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽക്കൂടി ബോധവല്ക്കരണം നടത്തിവരുന്നു. ഈ ബോധവല്ക്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാൻ സ്വീകരിക്കേണ്ട ഭക്ഷണക്രമത്തെക്കുറിച്ച് (ഹെൽത്ത് പ്ലേറ്റ്) അവബോധം നൽകുന്നു. കൂടാതെ പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ്‌ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ എന്നിവയിൽക്കൂടി വിഷരഹിത പച്ചക്കറി ഉല്പാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി വരുന്നു. സംസ്ഥാനത്ത് എല്ലാ വീട്ടുവളപ്പുകളിലും പച്ചക്കറി ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ കൃഷി ഭവനുകൾ മുഖാന്തരം സംഘടിപ്പിച്ചുവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിനും വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി

രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുകയും കാർഷിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള പരിശീലനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനായി പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വിലവരുന്ന പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകിവരുന്നു. ഈ പദ്ധതിയിലൂടെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ചുള്ള അവബോധം അവർക്ക് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ വീട്ടമ്മമാർ, യുവജനങ്ങൾ എന്നിവർക്ക് പച്ചക്കറി കൃഷിയെക്കുറിച്ചും, സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ഉത്തമ കൃഷിരീതികളെക്കുറിച്ചും അവബോധം നൽകുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ഒരു ഫേസ് ബുക്ക് പേജ് ആരംഭിക്കുകയും ആകാശവാണി കൊച്ചി നിലയവുമായി ബന്ധപ്പെട്ട് കൃഷി മുറകൾ, സംയോജിത രോഗനിയന്ത്രണം തുടങ്ങിയവയെ കുറിച്ച് പ്രഭാഷണ പരമ്പര സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഇതിനു പുറമേ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം പ്രസിദ്ധീകരണമായ 'കൃഷിയങ്കണം'-ത്തിലും ഇതിനെ സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു.

**കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് നൂതന പദ്ധതികൾ**

24(*144) ശ്രീ . കാരാട്ട് റസാഖ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ . വി . വിജയദാസ്:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി പ്രധാന വിളകളായ നെല്ല്, പച്ചക്കറികൾ, തെങ്ങ്, ഫലവിളകൾ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കഴിഞ്ഞ നാല് വർഷമായി ഭക്ഷ്യവിള ഉൽപാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, മില്ലറ്റ്, കരിമ്പ്,

എള്ള് പോലുള്ള പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ ഉൽപാദനത്തിനും പ്രോത്സാഹനത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. കാർഷിക വിളകളുടെ വിപണനത്തിനും മൂല്യവർദ്ധനവിനും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂട്ടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായി 25-5-2019-ലെ സ. ഉ. നമ്പർ 66/2019/കൃഷി പ്രകാരം കാർഷിക മേഖലയെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായും 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും വിഭജിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലേയും കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്താണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതു കൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തുനിന്നും ലഭിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ താഴെ ചേർക്കുന്നു.

1. പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പദ്ധതി
2. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി
3. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി
4. കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി
5. വൈഗ
6. പച്ചക്കറി വികസനം 'ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതി
7. നെല്ല് വികസനം
8. കൃഷി പാഠശാല

9. ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ

10. കേരഗ്രാമം പദ്ധതി

11. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും

12. ഓഫീസ് ആട്ടോമേഷനും ഐ.റ്റി. സാങ്കേതിക വിദ്യയും

13. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അധിക ധനസഹായം

14. പുനർജ്ജനി - പ്രളയാനന്തര കാർഷികമേഖലയുടെ പുനഃസ്ഥാപനം

15. സുഭിക്ഷ കേരളം

16. പച്ചക്കറികൾക്കും ഫലങ്ങൾക്കുമുള്ള അടിസ്ഥാന വില.

(ബി) കാർഷിക കേരളത്തിന്റെ പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മുഴുവൻ പദ്ധതികളും കർഷകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാരിന്റെ ഭരണാനുമതി ആവശ്യമായ ഏകദേശം എല്ലാ പ്രോജക്ടുകൾക്കും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് സമയബന്ധിതമായിത്തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന/ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിലെ പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ അവരുടെ ചുമതലയിലുള്ള ജില്ലകളിലെ പദ്ധതി നടത്തിപ്പ് പ്രത്യേകം നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) കർഷകരുടെ വിവിധ കാർഷികാവശ്യങ്ങൾക്കായി എത്ര കോടി രൂപയുടെ കാർഷിക വായ്പ ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ?

കർഷകരുടെ വിവിധ കാർഷികാവശ്യങ്ങൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗബാങ്കുകൾ മുഖേന വിതരണംചെയ്ത വായ്പത്തുകയുടെ outstanding കണക്ക് ചുവടെ ചേർക്കുന്നു* കൂടാതെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന 57024.64 കോടി രൂപയും കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇക്കാലയളവിൽ കർഷകരുടെ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് സർക്കാർ അനുവദിച്ച മൊറട്ടോറിയത്തിന്റെ വിശദാംശം നൽകുമോ?

2018-19 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തോടനുബന്ധിച്ച് ദുരന്തബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ വായ്പ എടുത്തിട്ടുള്ളവർക്ക് മൊറാട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടുള്ള നിർദേശങ്ങൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗബാങ്കുകൾക്ക് നൽകുകയുണ്ടായി. മൊറട്ടോറിയം പ്രഖ്യാപിച്ചതിന്റെ ഭാഗമായുള്ള പ്രധാന ഇളവുകളുടേയും ആനുകൂല്യങ്ങളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കാർഷിക വിള വായ്പ നിലവിലുള്ള വിള/വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ഒരു വർഷം വരെ മൊറട്ടോറിയവും തുടർന്ന് തിരിച്ചടവിന് 2 മുതൽ 5 വർഷം വരെ അധിക കാലാവധിയും കൃഷി ആവശ്യത്തിന് നിലവിലെ തോത് അനുസരിച്ചും ഭൂമിയുടെ വിസ്തീർണ്ണം, വിളവിന്റെ സ്വഭാവം എന്നിവയ്ക്കനുസരിച്ചും മാർജിനോ അധിക ഈടോ ഇല്ലാത്ത പുതിയ വായ്പ നിലവിലുള്ള വായ്പയ്ക്കും പുതിയ വായ്പയ്ക്കും നിശ്ചിത കാലാവധി വരെ സാധാരണ പലിശ മാത്രം, പിഴപ്പലിശ ഇല്ല മറ്റു കാർഷിക വായ്പകൾ വിളനാശം ഉണ്ടായവർക്കും അതോടൊപ്പം വളർത്തുമൃഗങ്ങൾ, കാർഷികോപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്കും നിലവിലെ വായ്പകൾക്ക് 12 മുതൽ 18 മാസം വരെ മോറാട്ടോറിയം നിലവിലുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിന് 1 വർഷം മുതൽ 5 വർഷം വരെ അധിക കാലാവധി കന്നുകാലികൾ കാർഷികോപകരണങ്ങൾ മറ്റ് കാർഷികാവശ്യങ്ങൾ എന്നിവയ്ക്കായി ആവശ്യാനുസരണം പുതിയ വായ്പ പുതിയ വായ്പകൾക്ക് വേറെ ഈടോ ഗ്യാരന്റിയോ നൽകേണ്ടതില്ല.

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം മുൻ സർക്കാരിന്റെ കാലയളവിലുള്ള കുടിശ്ശികയുൾപ്പെടെ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മുൻസർക്കാരിന്റെ കാലയളവിലുള്ള കുടിശ്ശികയുൾപ്പെടെ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് 2020 ഡിസംബർ 31 വരെ 2112.09754 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം

25(*145) ശ്രീ. കെ. രാജൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീമതി സി. കെ. ആശ:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലെയും അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പതിമൂന്ന് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്.

(ബി) ഏതൊക്കെ തസ്തികകളിലെ നിയമനമാണ് പി.എസ്.സി.-ക്ക് വിട്ടതെന്ന് വ്യക്തമാക്കുമോ?

26-2-2016-ലെ സ.ഉ.(അച്ചടി) നമ്പർ 7/2016/ഉ.വി.വ. ഉത്തരവ് പ്രകാരം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II എന്നീ രണ്ട് തസ്തികകളിലേയ്ക്കും 6-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 37/2020/ഉ.വി.വ. ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, യൂണിവേഴ്സിറ്റി ലൈബ്രേറിയൻ (യു.ജി.സി). തസ്തിക, പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ്-II (ലൈബ്രറി), യൂണിവേഴ്സിറ്റി എഞ്ചിനീയർ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ), ഓവർസിയർ ഗ്രേഡ്-II (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), ഇലക്ട്രീഷ്യൻ, പമ്പ് ഓപ്പറേറ്റർ, പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ (നാഷണൽ സർവ്വീസ് സ്കീം), സെക്യൂരിറ്റി ഓഫീസർ, ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (ഹെവി പാസഞ്ചർ/ഗുഡ്സ് വെഹിക്കിൾ), ബസ്സ് കണ്ടക്ടർ, സിസ്റ്റം മാനേജർ, സിസ്റ്റം അനലിസ്റ്റ്, പ്രോഗ്രാമർ എന്നിങ്ങനെയുള്ള 16 തസ്തികകളിലേയ്ക്കും കൂടിയുള്ള നിയമനം നടത്തുന്നതിന് പി.എസ്.സി.-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വിവിധ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടുകൾ, തസ്തിക, തസ്തികകളുടെ പേരുകൾ, ശമ്പള സ്കെയിൽ, യോഗ്യത എന്നിവ എപ്രകാരം ക്രോഡീകരിച്ചുവെന്നറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇക്കാര്യം പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിവിധ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടുകൾ, തസ്തിക, തസ്തികകളുടെ പേരുകൾ, ശമ്പള സ്കെയിൽ, യോഗ്യത എന്നിവ ക്രോഡീകരിച്ചത്.

(ഡി) സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ നിയമനം എന്നുമുതലാണ് പി.എസ്.സി. നടത്തുന്നതെന്ന് അറിയിക്കുമോ?

22-3-2016 മുതൽ.

**കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണം**

26(*146) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്ന പേരിൽ കമ്പനി തുടങ്ങുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ "Value Addition and Post Harvest Management including Honey production and Agro Business Company" എന്ന സ്കീമിനുവേണ്ടി 2435-01-800-94(പ്ലാൻ) ശീർഷകത്തിൽ 2700.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ "കേരള അഗ്രോ ബിസിനസ്സ് കമ്പനി(കാബ്കോ)" യുടെ രൂപീകരണം എന്ന ഘടകത്തിനായി 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 9-10-2017-ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 9-10-2017-ലെ സ.ഉ.(എം.എസ്.)നം. 123/17/എ.ഡി. പ്രകാരം കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 22-6-2017-ലെ സ.ഉ.(ആർ.റ്റി.)നമ്പർ. 625/2017/ കൃഷി ഉത്തരവ് പ്രകാരം അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുതമലപ്പെടുത്തിയിട്ടുള്ളതും ടി കമ്പനി രൂപീകരണത്തിനായി 150 ലക്ഷം രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, വിപണനത്തിനുമായി "സിയാൽ" മാതൃകയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്ന പേരിൽ കമ്പനി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പനി രൂപീകരണം സംബന്ധിച്ച അടിസ്ഥാന വിഷയങ്ങൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കമ്പനി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കേരള അഗ്രോ ബിസിനസ്സ് കമ്പനി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കുന്ന അഗ്രോ പാർക്കുകളുടെ നടത്തിപ്പിന് ഒരു അപെക്സ് സ്ഥാപനം എന്ന നിലയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി അനിവാര്യമാണ്.

2. ഓരോ സീസണിലെയും ഉൽപ്പന്നങ്ങളുടെ വിപണി വിശകലനം നടത്തുക.

3. കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളായ കേരഫെഡ്, ഓയിൽപാം ഇൻഡ്യ ലിമിറ്റഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നതിന് നല്ല ബ്രാൻഡിംഗ്, പാക്കേജിംഗ്, മാർക്കറ്റിംഗ് തന്ത്രങ്ങൾ തുടങ്ങിയവ ഏകോപിപ്പിക്കുന്ന മധ്യവർത്തിയായി നിലകൊള്ളുക.

4. കേരള അഗ്രോ ബിസിനസ്സ് കമ്പനി പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് കൃഷി വകുപ്പിന് ഉൽപ്പാദനമേഖലയിൽ പൂർണ്ണമായ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും.

5. കൃഷിക്കാർക്കും എഫ്.പി.ഒ.-യ്ക്കും സംരംഭകർക്കും തങ്ങളുടെ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിനു വേണ്ടി കേരള അഗ്രോ ബിസിനസ് കമ്പനിയുടെ സേവനം ലഭ്യമാക്കുവാൻ സാധിക്കും.

6. അധികോൽപ്പാദന സമയത്ത് കർഷകർക്ക് സഹായം ലഭ്യമാക്കുകവഴി, തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കും എന്ന ആത്മവിശ്വാസം കർഷകരിൽ ഉണ്ടാക്കുവാൻ സാധിക്കും.

7. കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ വഴിയുള്ള ഉൽപ്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ വിപണിയിൽ ഇറക്കുക.

8. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക.

9. സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക.

10. കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും മൂല്യവർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുക.

11. അഗ്രോ പാർക്കുകൾ വഴിയുള്ള ഉൽപ്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ വിപണിയിൽ ഇറക്കുക.

12. കർഷകരുടേയും കാർഷിക മേഖലയിലെ സഹകരണ സൊസൈറ്റികളുടേയും സംരംഭകരുടേയും പ്രാതിനിധ്യം ഉൾക്കൊള്ളിച്ച് സിയാൽ മാതൃകയിൽ വിപണന കമ്പനി സ്ഥാപിക്കുക.

(സി) കമ്പനിയുടെ ഘടന എപ്രകാരമായിരിക്കുമെന്നറിയിക്കുമോ?

കമ്പനിയുടെ ഘടന സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് പ്രസ്തുത കമ്പനി രൂപീകരണം വഴിയൊരുക്കുമോ; വ്യക്തമാക്കുമോ?

അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണം മുഖേന കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ വിപണിയിൽ ഇറക്കുന്നതുമൂലം ടി സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം സാധ്യമാകുന്നതിന് സഹായകരമാണ്. ആഭ്യന്തര, അന്തർദ്ദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതുവഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുന്നതിനും, കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കൃഷിക്കാർക്കും മൂല്യ വർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുന്നതിനും കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ രൂപീകരണംമൂലം സാധ്യമാകുന്നു.

## കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

27(*147) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തുടങ്ങാൻ തീരുമാനിച്ചത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

13-10-2020 -ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 19/2020/കൃഷി പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 15-10-2020-ൽ ചെയർമാനും മറ്റ് ബോർഡ് അംഗങ്ങളും ചുമതല ഏറ്റെടുത്തതോടെ കേരള കർഷക ക്ഷേമനിധി ബോർഡ് ഔദ്യോഗികമായി നിലവിൽ വന്നു. ബോർഡിന്റെ ആദ്യ യോഗം 4-11-2020-ന് തിരുവനന്തപുരം, ആനയറ സമേതിയിൽ ചേരുകയും ബോർഡിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. പുതിയ ബഡ്ജറ്റിൽ 200 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ ചട്ടങ്ങളും പദ്ധതിയും ബൈലോയും രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ ആസ്ഥാന മന്ദിരത്തിനായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം മേഖലാ ഓഫീസിനും ലെയ്സൺ ഓഫീസിനുമായി ഉദ്ദേശം 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആനയറ സമേതിയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെയും ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കർഷക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി. യുമായി ചർച്ചകൾ നടന്നുവരികയാണ്. കർഷകർക്കുള്ള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വിഷയത്തിലും സർക്കാർ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള കർഷക ക്ഷേമനിധി ബോർഡിന്റെ അംഗത്വം എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; സ്വന്തമായി സ്ഥലം ഉണ്ടാവണമെന്ന് നിർബന്ധമുണ്ടോയെന്നും പാട്ടത്തിന് കൃഷി നടത്തുന്നവർക്ക് അംഗത്വത്തിന് അർഹതയുണ്ടോയെന്നും വിശദമാക്കുമോ;

(സി) സ്ഥലം കൈവശമിരുന്നിട്ടും പട്ടയം അനുവദിച്ച് ലഭിക്കാത്ത ഇടുക്കി പോലെയുള്ള പ്രദേശങ്ങളിലെ കർഷകർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കുന്നതിന് സാധ്യമാണോ; ഇല്ലെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും കേരള കർഷക ക്ഷേമനിധി ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള തുക കർഷകക്ഷേമ നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നപക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരെ നിധിയിലെ അംഗങ്ങളായി കരുതുന്നതാണ്. കർഷക ക്ഷേമനിധി ആക്ട് പ്രകാരം " കർഷകൻ" എന്നാൽ ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തക പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റു വിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും പതിനഞ്ച് ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും അഞ്ച് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും മൂന്ന് വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവന മാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നവർ കർഷകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല. സ്വന്തമായി സ്ഥലം ഉണ്ടാകണമെന്ന് നിർബന്ധമില്ല. പാട്ടക്കാർക്കും പദ്ധതിയിൽ അംഗമാകാം.

(ഡി) കർഷകർക്ക് സർക്കാർ ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും കർഷക ക്ഷേമനിധി ബോർഡ് അംഗത്വം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഇല്ല.

## അഗ്രഗേറ്റർ ലൈസൻസ് സംവിധാനം

28(*148) ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ടിക്കറ്റ് നൽകി ഏത് റൂട്ടിലും സ്വകാര്യ കമ്പനികൾക്ക് ബസ് സർവ്വീസ് നടത്താൻ അനുമതി നൽകുന്ന കേന്ദ്ര സർക്കാരിന്റെ അഗ്രഗേറ്റർ

ലൈസൻസ് കെ.എസ്.ആർ.ടി.സി.-യെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേന്ദ്ര ഉപരിതല മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ അഗ്രഗേറ്റർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ മാർഗ്ഗരേഖ സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ ആശങ്ക അറിയിച്ചിട്ടുള്ളതും, ടി വിഷയം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് 5-1-2021-ൽ ഡൽഹിയിൽവച്ച് ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിധിൻ ഗഡ്ഖരി ബഹു. സംസ്ഥാന ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുള്ളതാണ്. സ്വകാര്യ ബസ്സുകൾക്ക് ഏത് റൂട്ടിലും സർവ്വീസ് നടത്തുവാൻ അനുമതി നൽകുന്ന തരത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന കരട് വിജ്ഞാപനപ്രകാരം സ്വകാര്യ ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള മുഴുവൻ എസ്.റ്റി.യു.-കളുടെ നിലനിൽപ്പിനെ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ സർവ്വീസുകൾ നിയമവിധേയമാകുന്നതും കൂടുതൽ സ്റ്റേജ് ക്യാരേജുകൾ തന്നെ കോൺട്രാക്ട് ക്യാരേജ് ആയി സർവ്വീസ് നടത്തുവാനുള്ള സാദ്ധ്യത തള്ളിക്കളയാൻ ആവില്ല. ഇത് കെ.എസ്.ആർ.ടി.സി.-യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴിവെയ്ക്കും. കൂടാതെ സ്വകാര്യ ബസ്സുകൾക്ക് സ്ഥലപരിമിതി ഇല്ലാതെ എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കിതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. ഇത്തരത്തിൽ കൂടുതൽ സർവ്വീസുകൾ യഥേഷ്ടം ആരംഭിക്കുന്നത് റോഡിലെ മൽസരയോട്ടത്തിനും വലിയ അപകടങ്ങൾക്കും കാരണമാകുന്നതാണ്. കെ.എസ്.ആർ.ടി.സി. 1950-ലെ ആർ.ടി.സി ആക്ട് പ്രകാരം സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്ഥാപിതമായി പ്രവർത്തിച്ചുവരുന്ന ഒരു പൊതുഗതാഗത സ്ഥാപനമാണ്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നിരവധി ആനുകൂല്യങ്ങൾ നൽകിവരികയുമാണ്. ആയത് കാരണം പലപ്പോഴും ലാഭനഷ്ടം നോക്കാതെ, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യാത്രക്കാരുടെ ആവശ്യങ്ങൾ കണക്കിലെടുത്താണ് സർവ്വീസുകൾ നടത്തിവരുന്നത്. സംസ്ഥാനത്തിന്റെ എല്ലാ പ്രധാന മേഖലകളേയും ബന്ധിപ്പിച്ചു കൊണ്ട് സർവ്വീസുകൾ നടത്തിവരുന്നു. പ്രസ്തുത കരട് വിജ്ഞാപനം നടപ്പിലാക്കിയാൽ പൊതുമേഖലാ ട്രാൻസ്പോർട്ടിന്റെ പൂർണ്ണമായ പതനത്തിന് കാരണമാകുന്നതും അതുവഴി സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായുള്ള മേൽ പ്രവർത്തനങ്ങൾ അനിശ്ചിതത്ത്വത്തിൽ ആകും, ഇതിൽനിന്നും കെ.എസ്.ആർ.ടി.സി പൂർണ്ണമായും പിൻവാങ്ങുന്നത് സാധാരണക്കാരായ ജനങ്ങളെ കൂടുതൽ ചൂഷണത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നതാണ്. ടി നിർദ്ദേശം സ്വകാര്യ സർവ്വീസുകൾക്ക് മാത്രം അനുകൂലമാണ്. സ്റ്റേജ് കാര്യേജ് സർവ്വീസുകൾ

നടത്തുന്ന കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് കോൺട്രാക്ട് ക്യാരേജ് സർവ്വീസ് നടത്തുന്നതിനും കഴിയാത്ത സാഹചര്യത്തിൽ സ്വാഭാവികമായും ടി നിർദ്ദേശം നടപ്പിലാക്കുന്നത് കെ.എസ്.ആർ.ടി.സി.-യെ സമീപഭാവിയിൽ തന്നെ ഗുരുതര പ്രതിസന്ധിയിലേയ്ക്ക് എത്തിക്കും. കേരളത്തിലെ ജനസാന്ദ്രതയും സാമൂഹിക സ്ഥിതിയും കണക്കിലെടുത്താൽ ടി നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ എ.സി. ബസ്സുകൾ നിരത്തിലെത്തുമെന്നും സ്റ്റേജ് ക്യാരേജ് സർവ്വീസുകൾക്ക് പകരമായി ടി ബസ്സുകൾ സർവ്വീസ് നടത്തുമെന്നും അതുവഴി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്കും സർക്കാരിനും വരുമാന നഷ്ടം ഉണ്ടാക്കുന്നതുമാണ്. പുതിയ നിർദ്ദേശപ്രകാരം മോട്ടോർ വാഹന വകുപ്പ് വഴിയുള്ള മേൽനോട്ടമോ മറ്റ് നിയന്ത്രണ സംവിധാനങ്ങളോ സംസ്ഥാന സർക്കാരിന് പരിമിതമാകുന്നതാണ്.

(ബി) പ്രസ്തുത സംവിധാനം സംസ്ഥാനത്തെ പൊതുഗതാഗത രംഗത്തെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ചുള്ള സംസ്ഥാന സർക്കാരിന്റെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി

29(*149) ശ്രീ. വി. ജോയി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പദ്ധതി വിഹിതത്തിന്റെ നാലിലൊന്ന് തുകയുടെ വികസനം നടപ്പാക്കേണ്ട സ്ഥാപനങ്ങളെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധനവിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ദ്ധരുടെയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതുമായ ഒരു ആസൂത്രണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രക്രിയയാണ് ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികവർഷത്തിന്റെ ആരംഭത്തിൽ നിർവ്വഹണം ആരംഭിക്കുന്ന രീതിയിൽ മുൻകൂട്ടിത്തന്നെ വികസന പദ്ധതികൾക്ക് അംഗീകാരം നേടുന്ന രീതിയിലേയ്ക്ക് മാറുകയുണ്ടായി. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്. ജനകീയാസൂത്രണ പ്രക്രിയയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണ ചുമതലകളിൽ സഹായ സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെ ആസൂത്രണ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ വിഷയ മേഖലാടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾക്കും രൂപം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസർമാരെയും നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ ഗുണനിലവാരവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിനായി ജില്ലാ റിസോഴ്സ് സെന്ററുകളും രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ കില, IMG, SIRD, DPC എന്നിവ മുഖാന്തരം വിപുലമായ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഉതകുന്ന സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കേണ്ട സേവനങ്ങൾ അഴിമതിരഹിതമായി സുതാര്യവും കാര്യക്ഷമതയോടെയും ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ?

ഉണ്ട്. വ്യത്യസ്ത ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഐ.കെ.എം. വികസിപ്പിച്ചുകൊണ്ടിരിക്കുന്ന Integrated Local Self Government Management System (ERP - Enterprise Resources Planning) ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, സാമൂഹിക ക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ്‌വെയറുകളുടെ ഡൊമൈൻ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും വർക്ക് ഫ്ലോ, സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് & അക്കൗണ്ടിംഗ് എന്നീ മൊഡ്യൂളുകളുടെ വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുകയും ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 2020 മേയ് 20-ന് ERP സോഫ്റ്റ്‌വെയർ പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിക്കുകയുമുണ്ടായി. നിലവിൽ 150 ഗ്രാമപഞ്ചായത്തുകളിൽ ILGMS സോഫ്റ്റ്‌വെയറിന്റെ വിന്യാസം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ. നിലവാരം കൈവരിച്ചുകഴിഞ്ഞോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.എസ്.ഒ. നിലവാരം കൈവരിച്ചിരുന്നോ എന്നറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും (152 എണ്ണം) ഐ.എസ്.ഒ. നിലവാരം കൈവരിച്ചുകഴിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാനിൽ ഉൾപ്പെടുത്തി, സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾ ISO അംഗീകാരം നേടിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഇടമലക്കുടി, ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്തുകൾക്ക് ISO അംഗീകാരം ഇനി ലഭിക്കാനുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 162 ഗ്രാമപഞ്ചായത്തുകളും, 4 നഗരസഭകളും, 2 ബ്ലോക്ക് പഞ്ചായത്തുകളും ഐ.എസ്.ഒ. നിലവാരം കൈവരിച്ചിരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ശാസ്ത്രീയ മാലിന്യ സംസ്കരണം**

30(*150) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ടിരുന്ന ഗുരുതര പ്രശ്നങ്ങളിലൊന്നായിരുന്ന ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തിയ പ്രവർത്തനത്തിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തി ശുചിത്വ പദവി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷനു കീഴിൽ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ജൈവ മാലിന്യങ്ങളുടെ ഉറവിട മാലിന്യ സംസ്കരണം സാധ്യമാക്കുകയും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കുകയും ചെയ്യുന്ന തരത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതോടൊപ്പം സാധ്യമായ ഇടങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾകൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാനം നേരിട്ടിരുന്ന മാലിന്യ സംസ്കരണത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ 4 വർഷങ്ങളിലായി ഉറവിടമാലിന്യ

സംസ്കരണ രീതികളുടെ പ്രോത്സാഹനാർത്ഥം ഗാർഹികതലത്തിൽ 84,531 ബയോഗ്യാസ് പ്ലാന്റുകളും 3.14 ലക്ഷം കമ്പോസ്റ്റിംഗ് പ്ലാന്റുകളും കൂടാതെ 98 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും 2003 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും സ്ഥാപിച്ചു. സാമൂഹികതല മാലിന്യ സംസ്കരണത്തിലൂടെ മാലിന്യ സംസ്കരണം ഗ്രാമീണ മേഖലയിലെ ഊർജ്ജ ഉല്പാദന ഉപാധി കൂടി ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 20 സാമൂഹികതല ബയോഗ്യാസ് പ്ലാന്റ് പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 7 എണ്ണം നിലവിൽ പൂർത്തിയായിട്ടുണ്ട്. ഗാർഹിക/സ്ഥാപനതലത്തിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനകൾ മുഖേന നിശ്ചിത ഇടവേളകളിൽ ശേഖരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ വച്ച് തരംതിരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇവിടെനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്ന പ്രക്രിയ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ നടത്തുന്നു. ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് വെച്ച് അജൈവമാലിന്യ നീക്കം സുഗമമാക്കുവാൻ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളും നഗരസഭകളും ഖരമാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യമൊരുക്കി ശുചിത്വ പദവി നേടിയിട്ടുണ്ടെന്ന് അറിയിക്കുമോ?

കേരളത്തിലെ 597 ഗ്രാമപഞ്ചായത്തുകളും 60 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ശുചിത്വ പദവി നേടിയിട്ടുണ്ട്.

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ശാസ്ത്രീയമായ മാലിന്യ സംസ്കരണ ശേഷി കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പുതുതായി രണ്ടായിരത്തി ഒരുന്നൂറ് കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP) എന്നാണ് ഈ പദ്ധതിയുടെ പേര്. ഇതിൻപ്രകാരം കേരളത്തിലെ 87 നഗരസഭകളിലെയും 6 കോർപ്പറേഷനുകളിലെയും ശാസ്ത്രീയ ജൈവ-അജൈവ മാലിന്യ സംസ്കരണം, ലെഗസി മാലിന്യ നിർമ്മാർജ്ജനം, സാനിട്ടറി ലാൻഡ്ഫിൽ നിർമ്മാണം, റീ-സൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ മുതലായവ നടപ്പിലാക്കി ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ കൂടുതൽ ഇടപെടലുകൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പുതുതായി ലോക ബാങ്ക് ധനസഹായത്തോടെ 2100 കോടി രൂപയുടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 2021 - 2026 എന്നതാണ് ടി പദ്ധതിയുടെ കാലപരിധി.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷിക കർമ്മസേനയുടെ പ്രവർത്തനം

1 (1488) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ കർഷകത്തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത തൊഴിലാളി മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിൽ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 367 കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. 18 വയസ്സു മുതൽ 55 വയസ്സിനകം പ്രായമുള്ള കാർഷിക മേഖലയിലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ 25-30 വരെ അംഗങ്ങൾ/തൊഴിലാളികൾ അടങ്ങുന്നതാണ് കൃഷി വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാർഷിക കർമ്മസേന/ തൊഴിൽസേന. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കീഴിലുള്ള മുഴുവൻ കാർഷിക യന്ത്രങ്ങളും പ്രവർത്തനസജ്ജമാക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ നേതൃത്വത്തിൽ കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. യന്ത്ര സാമഗ്രികളുടെ സഹായത്തോടെ കൃഷിപ്പണികൾ കുറഞ്ഞ സമയത്തിനുള്ളിൽ കൃത്യമായി നടത്തുന്നു. തൊഴിലാളികൾക്ക് കൃത്യമായ വരുമാനവും അതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട സേവനവും ഇതിലൂടെ ലഭ്യമാകുന്നു. പുതുതായി ഒരു കാർഷിക കർമ്മസേന രൂപീകരിക്കുന്നതിന് ആദ്യവർഷം രജിസ്ട്രേഷൻ, ട്രെയിനിംഗ്, യൂണിഫോം അലവൻസ്, ഓഫീസ് രൂപീകരണം തുടങ്ങിയവയ്ക്കായി ഒരു ലക്ഷം രൂപയും തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തനത്തിനുവേണ്ടിയുള്ള മെഷിനറികൾ വാങ്ങുന്നതിന് 9 ലക്ഷം രൂപയും കൃഷി വകുപ്പ് നൽകിവരുന്നു. തുടർ വർഷങ്ങളിൽ ആവശ്യാനുസരണം മെഷിനറികൾ വാങ്ങുന്നതിനും സുഗമമായി പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി കർമ്മസേനകളിൽനിന്നുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ അവർക്ക് സഹായം അനുവദിച്ചുവരുന്നു.

(ബി) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനകം എത്ര കർഷകർ ഇതിൽ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ?

ഉണ്ട്. ക്ഷേമനിധി പദ്ധതിപ്രകാരം അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

(സി) കാർഷിക കർമ്മസേനയുടെ പ്രവർത്തനം ഏതൊക്കെ മേഖലയിലാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും അത് വിജയപ്രദമാണോയെന്നുമുള്ള വിശദാംശം നൽകുമോ?

നടീൽ വസ്തുക്കളുടെ ഉത്പാദനം, വിത്തുല്പാദനം, ഗ്രോബാഗ് തയ്യാറാക്കൽ, കാർഷിക വിളകളുടെ പരിപാലനം, കാർഷിക പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, നൂതന കൃഷിമുറകൾ നടപ്പാക്കൽ (കണിക ജലസേചനം/മഴമറ/പോളിഹൗസ് നിർമ്മാണം) തുടങ്ങി വിവിധ മേഖലകളിൽ കാർഷിക കർമ്മസേനയുടെ പ്രവർത്തനം ലഭ്യമാണ്. മിക്കവാറും എല്ലാ കാർഷിക കർമ്മ സേനകളും വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങൾ

2 (1489) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്രനിയമങ്ങളിൽ ഉൾക്കൊള്ളുന്ന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമായിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയുംമൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവിലപോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ

ശക്തിക്കുമുന്നിൽ വളരെ ദുർബ്ബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞുപോകുന്ന എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും.

(സി) സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനപ്രദമായ വ്യവസ്ഥകൾ എന്തെങ്കിലും ആ നിയമങ്ങളിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കർഷകരുടെ താൽപ്പര്യങ്ങളെ എല്ലാ വിധത്തിലും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളാണ് പുതിയ കേന്ദ്ര നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പുതിയ കർഷക നിയമവുമായി ബന്ധപ്പെട്ട് കൂടുതൽ വിഷയങ്ങളിൽ പഠനം നടത്തി വരുന്നു.

## ഡാറ്റാ ബാങ്ക്

3 (1490) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് പൂർണ്ണമാക്കി വിജ്ഞാപനം ചെയ്യുമെന്ന വാഗ്ദാനം ഇനിയും നടപ്പിലാക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 328 കൃഷി ഭവനുകളിൽ മാത്രമാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിരുന്നത്. 733 കൃഷി ഭവനുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ ബാക്കി ഉണ്ടായിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതിനും ഉപഗ്രഹ സാങ്കേതിക സംവിധാനം ഉപയോഗിച്ച് ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. 18-1-2017-ൽ ബഹു. റവന്യൂ, കൃഷി എന്നീ വകുപ്പുമന്ത്രിമാരുടെ

അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തുടർന്ന് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 18-1-2017-ലെ സ.ഉ.(സാധാ)നമ്പർ 47/2017/ കൃഷി പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളെ തുടർന്ന് പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 733 കൃഷി ഭവനുകളിൽ 602 എണ്ണവും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 64 എണ്ണം പ്രസിദ്ധീകരിക്കുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട് ആയത് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. 30-5-2017-ൽ ടി നിയമത്തിന്റെ ചട്ടങ്ങളിൽ റവന്യൂ വകുപ്പ് ഭേദഗതി ചെയ്യുകയും വിട്ടുപോയ പ്രദേശങ്ങൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനും തെറ്റായി ഉൾപ്പെടുത്തിയ പ്രദേശങ്ങൾ പുനഃ പരിശോധിക്കുന്നതിനും അവസരം നൽകുകയുണ്ടായി. പുതുക്കിയ വില്ലേജ്, റീസർവ്വേ രേഖകളുടേയും 2008-ലെ സ്ഥലത്തിന്റെ അവസ്ഥ സംബന്ധിച്ച് ഉപഗ്രഹചിത്രങ്ങളുടെ റിപ്പോർട്ട് ആവശ്യമായി വന്നതിനാലും 67 കൃഷി ഭവനിലെ ഡാറ്റാ ബാങ്ക് പൂർണ്ണമാക്കാൻ അല്പം കാലതാമസം ഉണ്ടായി എങ്കിലും അവയും പ്രസിദ്ധപ്പെടുത്താനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) ഇതിനകം എത്ര പ്രദേശങ്ങളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു; ഇനി ശേഷിക്കുന്നവ എത്ര?

സംസ്ഥാനത്തെ 1077 കൃഷി ഭവനുകളിൽ 16 കൃഷി ഭവൻ പ്രദേശങ്ങളിൽ നെൽവയലോ, തണ്ണീർത്തടമോ ഇല്ല. ബാക്കിയുള്ള 1061 കൃഷി ഭവനുകളിൽ 930 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കൃഷി ഭവനുകളിൽ 67 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം അന്തിമഘട്ടത്തിലാണ്.

(സി) ഡാറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം

4 (1491) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു?

2016-17 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 7.25 ലക്ഷം മെട്രിക് ടൺ ആയിരുന്നു.

(ബി) 2019-20 ലെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു?

2019-20 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയിരുന്നു.

(സി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ആവിഷ്കരിച്ചുനടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന " ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. ജില്ലാ ക്ലസ്റ്റർ വികസനം
5. മഴമറ നിർമ്മാണം
6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
7. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
8. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

9. 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം'

10. നല്ല കാർഷിക മുറകളും ജൈവകൃഷിയും

11. പി.കെ.വി.വൈ. പദ്ധതി സമഗ്ര പച്ചക്കറി വികസന പദ്ധതിക്കുപരി 2020-21 വർഷത്തിൽ ' സുഭിക്ഷ കേരളം' എന്ന പദ്ധതിയിലൂടെയും 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകി വരുന്നു.

ഇതുകൂടാതെ കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന് 'കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി' എന്ന പദ്ധതിയിലൂടെ 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. വില സ്ഥിരത കിട്ടുന്നതുമൂലം കർഷകർ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുവാൻ തല്പരരാകുകയും അതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ശരാശരി എത്ര മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ പച്ചക്കറിയുടെ ഉല്പാദനം 2015-16 വർഷത്തിൽ 6.28 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2019-20 വർഷത്തിൽ 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുവാൻ സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് 8 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചു.

**കയ്പാട് കൃഷി**

5 (1492) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വട്ടുവം ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിൽ പരമ്പരാഗത കയ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് രണ്ടാംഘട്ടമായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന സമർപ്പിച്ച പ്രോജക്ടിന് ഫണ്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിൽ കയ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന

സൗകര്യം മെച്ചപ്പെടുത്തുന്നതിന് രണ്ടാം ഘട്ടമായി നബാർഡ് ആർ.ഐ.ഡി.എഫ്. XXVI-ൽ ഉൾപ്പെടുത്തുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 10.23 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിരുന്നെങ്കിലും ലഭ്യമായ ഫണ്ടിലെ സെക്ടറൽ അലോക്കേഷൻ പരിമിതിമൂലം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഒന്നാംഘട്ടത്തിൽ ലഭ്യമായ പത്ത് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലെ ഒന്നാം ഘട്ടത്തിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏഴോം പഞ്ചായത്തിലെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

## തൃശ്ശൂർ - പൊന്നാനി കോൾ വികസന പദ്ധതി

6 (1493) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - പൊന്നാനി കോൾ വികസന പദ്ധതിയുടെ ഭാഗമായി നബാർഡ് സഹായത്തോടുകൂടി ആരംഭിച്ച ഒന്നാംഘട്ട പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

കോൾ വികസന ഒന്നാംഘട്ട പദ്ധതി 123.52 കോടി രൂപയുടെ 50 പ്രവൃത്തികളായി തിരിച്ചാണ് ടെണ്ടർ നടപ്പിലാക്കിയത്. ആയതിൽ 47 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാലും ഏറ്റെടുക്കാൻ ആളില്ലാത്തതിനാലും ഒഴിവാക്കേണ്ടി വന്നു. ഒന്നാംഘട്ട പ്രവൃത്തികൾക്കായി ഇതുവരെ 107.01 കോടി രൂപയുടെ ക്ലെയിം നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം - I* ആയി ചേർക്കുന്നു.

(ബി) ഒന്നാംഘട്ട പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് അറിയിക്കുമോ?

ഒന്നാംഘട്ട പദ്ധതിയുടെ അടങ്കൽ തുക 123.52 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം -II *ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരഗ്രാമം പദ്ധതി

7 (1494) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏതൊക്കെ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആകെ 264 കേരഗ്രാമങ്ങൾ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളും വിശദാംശവും വർഷവും മണ്ഡലവും തിരിച്ച് ഉൾപ്പെടുത്തിയുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## കാർഷികമേഖലയിലെ ഇടപെടലുകൾ

8 (1495) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖല കഴിഞ്ഞ കുറെ വർഷങ്ങളായി തകർച്ചയിലാണെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള പ്രധാനകാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് കാർഷിക മേഖല തകർച്ചയിലാണെന്നത് വസ്തുതയല്ല. കഴിഞ്ഞ സർക്കാരുമായി തുലനം ചെയ്യുമ്പോൾ കഴിഞ്ഞ 5 വർഷക്കാലം കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന കാലഘട്ടമാണ്. നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽനിന്നും 231000 ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. പച്ചക്കറിയുടെ ഉല്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 15 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 2018-ലും 2019-ലും ഉണ്ടായ പ്രളയവും വെള്ളപ്പൊക്കവും കാരണം പതിനായിരക്കണക്കിന് ഹെക്ടർ നെൽകൃഷി നശിച്ചിട്ടും, 'പുനർജ്ജനി' പരിപാടിയിലൂടെ നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയും ചെയ്തു. ആയതിലൂടെ 6 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. 'ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ പുത്തൻ ഉണർവ് നൽകി. പച്ചക്കറിയുടെ വിസ്തീർണ്ണം 52829.99 ഹെക്ടറിൽനിന്നും 96313.17 ഹെക്ടറായും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 14.93 ലക്ഷം മെട്രിക് ടൺ ആയും വർദ്ധിച്ചു. കോവിഡ് കാലത്തു നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി 'സുഭിക്ഷ കേരളം' പദ്ധതിയും കാർഷിക മേഖലയ്ക്ക് മികച്ച പിന്തുണ നൽകി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ തകർച്ചയിൽനിന്നും കാർഷികമേഖലയെ കൈപിടിച്ച് ഉയർത്തുവാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്?

പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജ്ജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകി. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. പുനർജ്ജനി പരിപാടിയിലൂടെ നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയും ചെയ്തു. ആയതിലൂടെ 6 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. കർഷകർക്ക് കൃഷി ചെയ്യുന്നതിന് സഹായമായി വിത്തുകളും പച്ചക്കറി തൈകളും മറ്റ് നടീൽ വസ്തുക്കളും സൗജന്യമായി നൽകി. കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായംപോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് കർഷർക്ക് സഹായം നൽകി. ഇതിനു പുറമെ പ്രകൃതി ദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' എന്ന പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിലും ഇതിന്റെ ഭാഗമായി പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം ഭക്ഷ്യ ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തതയുടെ ആവശ്യകത പൊതുവേ ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലക്ഷ്യത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' ക്യാമ്പയിൻ കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വാണ് ഉണ്ടാക്കിയിരിക്കുന്നത്. 19555 ഹെക്ടർ തരിശുഭൂമിയിൽ മാത്രം ഇതിന്റെ ഭാഗമായി പുതുതായി കൃഷിയിറക്കുകയുണ്ടായി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കാളികളായി.

(സി) ഇവമൂലം ഈ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ?

മേൽപ്പറഞ്ഞ ഇടപെടലുകളിലൂടെ കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുവാൻ സാധിച്ചു. കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മറ്റു വകുപ്പുകളുടെയും സമഗ്ര ഇടപെടലുകളിലൂടെ നടത്തി വരുന്ന സുഭിക്ഷ കേരളം പദ്ധതിയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുവാനുള്ള ശ്രമത്തിലാണ് നമ്മുടെ സംസ്ഥാനം. കൂടാതെ സംസ്ഥാനത്തെ കർഷകർക്ക് സഹായകരമാകുന്ന വിവിധ പദ്ധതികളിലൂടെ കർഷകരിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ച് അവരുടെ നഷ്ടപ്പെട്ട മനോധൈര്യം വീണ്ടെടുക്കുവാൻ സാധിച്ചു.

**കാർഷികമേഖലയുടെ ശാക്തീകരണം**

9 (1496) ശ്രീ. എസ് ശർമ്മ:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിമേഖല ശാക്തീകരിക്കുന്നതിന്, വിശേഷിച്ച് ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്തെ കൃഷിമേഖല ശാക്തീകരിക്കുന്നതിനും വിശേഷിച്ച് ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികളാണ് നടപ്പിലാക്കിയത്. നെൽകൃഷി വികസനം, പ്രാദേശിക വിളകളുടെ വികസനം എന്നീ പദ്ധതികളിലുൾപ്പെടുത്തി നെല്ല്, ചെറുധാന്യങ്ങൾ എന്നിവയുടെ കൃഷി വികസിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിൽ 2.20449 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ച് ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടം നടത്തി. 2018-ലും 2019-ലും ഉണ്ടായ പ്രളയവും വെള്ളപ്പൊക്കവും കാരണം പതിനായിരക്കണക്കിന് ഹെക്ടർ നെൽകൃഷി നശിച്ചിട്ടും 2.3 ലക്ഷം ഹെക്ടറിൽ നെൽകൃഷി നിലനിർത്തുവാനും ശാസ്ത്രീയ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാനും സാധിച്ചു.

നെൽകർഷകർക്ക് ഉല്പാദനോപാധികൾക്കുള്ള ധനസഹായം, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി, നെല്ല് വികസന ഏജൻസികളുടെ പ്രവർത്തനം, കരനെൽകൃഷി, തരിശുനില കൃഷി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ ഘടകങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാരിസ്ഥിതിക സംരക്ഷണത്തിൽ നെൽവയലുകൾ വഹിച്ച പങ്ക് കണക്കിലെടുത്ത്, പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് ഈ മേഖലകളിൽ അധ്വാനിക്കുന്ന കർഷകർക്ക് ഒരു ബഹുമതിയായി, കൃഷിചെയ്യാവുന്ന നെൽവയലുകളുടെ ഉടമകൾക്ക് 'റോയൽറ്റി'യായി ഹെക്ടറിന് 2000 രൂപ നിരക്കിൽ ധനസഹായം കൃഷി വകുപ്പിലൂടെ നൽകിവരുന്നു. ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ ഗുണമേന്മയുള്ള വിത്തുകൾക്കും, ഭൂമി ഒരുക്കൽ, ജലസേചനം തുടങ്ങിയ മറ്റ് ചെലവുകൾക്കുമാണ് സഹായം നൽകുന്നത്. പട്ടികവർഗ്ഗ സമൂഹത്തിന് ആഹാരവും പോഷക സുരക്ഷയും ഉറപ്പാക്കുന്നതിനായി അവരുടെ ഭൂമിയിൽ വിള ഉല്പാദന പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ട്രൈബൽ മേഖലയിൽ നടപ്പിലാക്കിവരുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതി വൻ വിജയമായിട്ടുണ്ട്. ഇടുക്കി ജില്ലയിലെ തായന്നംകുടി പ്രദേശത്തും ചെറുധാന്യങ്ങളുടെ കൃഷിക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകിവരുന്നു. ശാസ്ത്രീയ അടിത്തറയുള്ള പരമ്പരാഗത ഇനങ്ങളും കൃഷിരീതികളും സംരക്ഷിക്കുന്നതിനും ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നു. 'ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ സംസ്ഥാനത്ത് പച്ചക്കറിക്കൃഷിയിൽ പുത്തൻ ഉണർവ്വും കാർഷിക മേഖലയ്ക്ക് മികച്ച പിന്തുണയും നൽകി. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പച്ചക്കറിക്കൃഷിയുടെ വിസ്തീർണ്ണം 52829.99 ഹെക്ടറിൽനിന്നും 96313.17 ഹെക്ടറായും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 14.93 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചു.

(ബി) സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും വർദ്ധിപ്പിക്കാനായിട്ടുണ്ടോ; കൃഷിയിറക്കാതെ തരിശായിട്ടിരിക്കുന്ന വയലുകളിൽ കൃഷിയിറക്കുന്നതിന് ചെയ്ത കാര്യങ്ങളുടെ ഫലപ്രാപ്തി അറിയിക്കാമോ?

2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 230941 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. നെൽ ഉത്പാദനം 823913 ടണ്ണിൽനിന്നും 991500 ടൺ വരെ ഉയർത്തുവാനും

സാധിച്ചു. കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തൃതി (ഹെക്ടർ) | നെൽ ഉത്പാദനം (ടൺ) |
|---|---|---|
| 2016-17 | 171398 | 654725 |
| 2017-18 | 220449 | 781965 |
| 2018-19 | 202985 | 991500 |
| 2019-20 | 230941 | 908312 |

തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്ന നടപടി തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും; മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 40,000 രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം തരിശ് നെൽകൃഷി പദ്ധതി നടപ്പിലാക്കിയതിന്റെ വിസ്തൃതി ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരമാണ് .

| വർഷം | വിസ്തൃതി (ഏക്കർ) |
|---|---|
| 2016-17 | 6872.4 |
| 2017-18 | 13550 |
| 2018-19 | 9060 |
| 2019-20 | 7380.23 |
| 2020-21 | 12500 |

(സി) രാജ്യത്ത് ആദ്യമായി നെൽകൃഷിക്ക് റോയൽറ്റി നൽകാൻ ആരംഭിച്ചിട്ടുണ്ടോ; കർഷകർക്ക് ന്യായമായ താങ്ങുവിലയും കാര്യക്ഷമായ നെല്ലുസംഭരണവും ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 40 കോടി രൂപ ഇതിനായി നീക്കിവെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 109783 കർഷകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അതിൽ 52565 കർഷകർക്കായി 458.56878 ലക്ഷം രൂപ വിതരണം ചെയ്തു. കർഷകർക്ക് ന്യായമായ താങ്ങുവിലയും കാര്യക്ഷമമായ നെല്ലുസംഭരണവും ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കിലോയ്ക്ക് 27 രൂപ 48 പൈസ നൽകിക്കൊണ്ട് സപ്ലൈകോ നെല്ലുസംഭരണം നടത്തിവരുന്നു. 2019-20 വർഷത്തിൽ 7.01 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകന് ന്യായമായ വില ലഭിക്കുന്നതിനും സുതാര്യമായ രീതിയിൽ സംഭരണം നടത്തുന്നതിനും സപ്ലൈകോ നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരിച്ചതിനുശേഷം കർഷകന് നൽകുന്ന PRS നെ അടിസ്ഥാനമാക്കി ബാങ്കുകൾ കർഷകർക്ക് വായ്പ നൽകുന്നു. ഇത് കാരണം കർഷകന് അർഹതപ്പെട്ട തുക ലഭിക്കുന്നതിന് കാലതാമസം ഒഴിവാകുന്നു.

## പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

10 (1497) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ നമ്മുടെ ആവശ്യകതയുടെ പകുതി മാത്രമേ വരുയെന്നും ശേഷിക്കുന്നവയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് 2015-2016 - ൽ 46500 ഹെക്ടർ സ്ഥലത്ത് 6.28 ലക്ഷം ടൺ പച്ചക്കറി കൃഷി ചെയ്തു. 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2018-19 ആയപ്പോഴേക്കും 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി

കൃഷിയുടെ വിസ്തൃതി 1.06 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടുത്ത അഞ്ച് വർഷംകൊണ്ട് പച്ചക്കറി ഉല്പാദനം 20 ലക്ഷം മെട്രിക് ടൺ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ശരാശരി ഉപഭോഗം ഇപ്പോൾ 20 ലക്ഷം മെട്രിക് ടൺ ആണ്. സംസ്ഥാനം പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിച്ചാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്ത പച്ചക്കറികൾക്ക് മാത്രം ഇതര സംസ്ഥാനങ്ങളെ ആശ്രയിച്ചാൽ മതിയാകും.

(ബി) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിലൂടെ ഉണ്ടായ മാറ്റം വിശദമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി കൃഷി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ സർക്കാർ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന ' ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, മഴമറ നിർമ്മാണം ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം, പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം, കാര്യക്ഷമമായി പ്രവർത്തിക്കുന്ന ' എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള

ധനസഹായം ' ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2018-19 ആയപ്പോഴേക്കും പച്ചക്കറി ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.06 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കോവിഡുമൂലമുള്ള ലോക്ക്ഡൗൺ കാലത്ത് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയിൽ വൻ വർദ്ധനവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

കോവിഡുമൂലമുള്ള ലോക്ഡൗൺ കാലത്ത് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് 19 മഹാമാരി സമയത്തെ ലോക്ക്ഡൗൺ കാലം പ്രയോജനപ്രദമായി ചെലവഴിക്കുന്നതിനും, സ്വന്തം വീട്ടുവളപ്പിൽത്തന്നെ വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിച്ച് സ്വയം പര്യാപ്തരാകുന്നതിനും വേണ്ടി വീട്ടുവളപ്പിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 10 രൂപ വിലവരുന്ന 50 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. ഈ സംരംഭം പൊതുജനങ്ങൾ ഏറ്റെടുക്കുകയും അതിന്റെ ഫലമായി 20000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും അതിലൂടെ 1.02 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും സാധിച്ചു.

(ഡി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷികമേഖല രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടില്ല. എന്നാൽ കാലാവസ്ഥയുടെയും മണ്ണിന്റെ ഘടകത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റായി തരംതിരിച്ചിട്ടുണ്ട്. അതത് പ്രദേശങ്ങളിൽ അനുയോജ്യമായ പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ കൂടുതലായി ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## കൃഷി വകുപ്പ് പദ്ധതികൾ

11 (1498) ശ്രീ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്തുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് കൃഷിരീതി ശാസ്ത്രീയമാക്കി കർഷകർക്ക് വരുമാനം ഉറപ്പുവരുത്താൻ കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്?

പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജ്ജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണംചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകി. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. പുനർജ്ജനി പരിപാടിയിലൂടെ നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയുംചെയ്തു. ആയതിലൂടെ 6 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. കർഷകർക്ക് കൃഷി ചെയ്യുന്നതിന് സഹായമായി വിത്തുകളും പച്ചക്കറി തൈകളും മറ്റ് നടീൽ വസ്തുക്കളും സൗജന്യമായി നൽകി. കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായംപോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് കർഷർക്ക് സഹായം നൽകി. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായാണ് 25-5-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 66/2019/കൃഷി പ്രകാരം കാർഷിക മേഖലയെ 5 കാർഷിക

പാരിസ്ഥിതിക മേഖലകളായി വിഭജിച്ചിട്ടുള്ളത്. കൂടാതെ കേരളം സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്കാണ് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതുകൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തുനിന്നും ലഭിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. കർഷകർക്ക് കാർഷിക പാരിസ്ഥിതിക യൂണിറ്റുകളെ സംബന്ധിച്ചും അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ കൃഷിമുറകൾ നടപ്പിലാകുന്നതിനെക്കുറിച്ചും ബോധവത്കരണം നൽകുന്നതിനായി കൃഷിഭവനുകളുടെ കീഴിൽ 'കൃഷി പാഠശാല' എന്ന പേരിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പ് സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. 'സുഭിക്ഷ കേരളം' ക്യാമ്പയിനിൽ ഭാഗഭാക്കായി കർഷകർക്ക് ആവശ്യമായ സാങ്കേതിക വിജ്ഞാനം നൽകുന്നതിനായി ബ്ലോക്ക് തലത്തിൽ കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കുപുറമെ, കാർഷിക സർവ്വകലാശാല, കേന്ദ്ര കാർഷിക ഗവേഷണ കേന്ദ്രങ്ങൾ എന്നിവയിലെ ശാസ്ത്രജ്ഞരും ജനപ്രതിനിധികളും ഇതിൽ പങ്കെടുക്കുന്നു. കർഷകരുടെ കൃഷിയിട സന്ദർശനം, പ്രദർശന തോട്ടം സ്ഥാപിക്കൽ എന്നിവ ഇതിന്റെ ഭാഗമായി നടത്തുന്നു. ഇതിനു പുറമെ പ്രകൃതിദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ' എന്ന പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരിമൂലം ഭക്ഷ്യോല്പാദനമേഖലയിൽ സ്വയംപര്യാപ്തതയുടെ ആവശ്യകത പൊതുവെ ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലക്ഷ്യത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' ക്യാമ്പയിൻ കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വാണ് ഉണ്ടാക്കിയിരിക്കുന്നത്. 19555 ഹെക്ടർ തരിശു ഭൂമിയിൽ മാത്രം ഇതിന്റെ ഭാഗമായി പുതുതായി കൃഷിയിറക്കുകയുണ്ടായി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കാളികളായി.

(ബി) പ്രസ്തുത പദ്ധതികളിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു: കോൾ ഡെവലപ്മെന്റ് ഏജൻസിയുടെ നേതൃത്വത്തിൽ

തോടുകൾ ആഴംകൂട്ടി കളകൾ നീക്കംചെയ്ത് നീരൊഴുക്ക് വർദ്ധിപ്പിക്കുക. ഇരിങ്ങാലക്കുടയിൽ കെ.എൽ.ഡി.സി. തോട് ആഴംകൂട്ടൽ നടപ്പിലാക്കുന്നുണ്ട്. ബണ്ട് റിപ്പയറിങ്- പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി ബണ്ടുകൾ ബലപ്പെടുത്തുന്നതാണ്. മുരിയാട്, പൊറിത്തിശ്ശേരി കൃഷിഭവനുകളിൽ ആകെ 90093 രൂപയുടെ ആനുകൂല്യത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. കാട്ടൂർ കൃഷിഭവനിൽ പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി സിൽറ്റ് റിമൂവൽ നടത്തിയതിന് 95000 രൂപ നൽകുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ഡബിൾ കോളിൽ ഉൾപ്പെടുത്തി കാട്ടൂർ കൃഷിഭവൻ പരിധിയിലെ ബണ്ടുകൾ ബലപ്പെടുത്തുന്നതിന് 438000 രൂപ ആനുകൂല്യം നൽകുന്നുണ്ട്.

പമ്പ് സെറ്റ് റിപ്പയറിംഗ്- 152282 രൂപയുടെ പമ്പ് സെറ്റ് റിപ്പയറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. സുഭിക്ഷ കേരളത്തിൽ ഉൾപ്പെടുത്തി ജൈവഗൃഹം പദ്ധതി നടപ്പിലാക്കി. നടീൽ വസ്തുക്കളായ തെങ്ങിൻതൈകൾ, ജാതിതൈകൾ, കുരുമുളക് വള്ളികൾ, ഫലവൃക്ഷതൈകൾ, പച്ചക്കറിതൈകൾ, വിത്തുകൾ തുടങ്ങിയവ വിതരണം നടത്തി. പാടശേഖരങ്ങളിൽ സുഗമമായ രീതിയിൽ കൃഷി നടപ്പിലാക്കുന്നതിനുവേണ്ടി തോടുകൾ വൃത്തിയാക്കൽ, സ്ലൂയിസ് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ തുടങ്ങിയവ നടന്നുവരുന്നു. പ്രളയാന്തര പ്രവർത്തനങ്ങളുടെ ഭാഗമായി ഇനിയൊരു പ്രളയത്തിനെ നേരിടാവുന്ന രീതിയിൽ പാടശേഖരങ്ങളിലേയും പൊതുജലസംഭരണികളിലേയും ജലാഗമന നിർഗ്ഗമന സംവിധാനങ്ങൾ സമയബന്ധിതമായി ക്രമീകരികരിക്കുവാൻ ഏർപ്പാടാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി എത്ര രൂപയുടെ പ്രവൃത്തികളാണ് നടന്നുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് റീബിൽഡ് കേരള ഇനിഷ്യറ്റീവ്-ന്റെ ഭാഗമായി 520.497 കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, അനുബന്ധ ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കുവാനായി ഭരണാനുമതി നൽകിയിട്ടുള്ളത്. വെള്ളപ്പൊക്ക നിയന്ത്രണം, അടിസ്ഥാന സൗകര്യ വികസനം, സംയോജിത കൃഷി വികസനം, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേന എന്നിവയുടെ ശാക്തീകരണം, വിവിധ പഠനങ്ങൾ മുതലായവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. കൃഷി വകുപ്പിന് പുറമെ, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സികെ, ATMA (ആത്മ), സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, റെയ്ഡ്കോ, സംസ്ഥാന വൈദ്യുത ബോർഡ് തുടങ്ങിയ വകുപ്പുകൾ/ഏജൻസികൾ ഇതിൽ പങ്കാളികളാണ്.

## വിഷരഹിത പച്ചക്കറി ഉത്പാദനം

12 (1499) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ' ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിഷരഹിതമായ പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാകുന്നതിന് കൃഷി വകുപ്പ് ' ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനുവരി ഒന്നുമുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതിലേയ്ക്കായി 2020 ജനുവരി ഒന്നുമുതൽ പദ്ധതി നടപ്പിലാക്കാനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പായ്ക്കറ്റുകളും പച്ചക്കറി തൈകളും ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്തു. വർഷംമുഴുവനും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭിക്കുന്നതിന് കീടരോഗ പ്രതിരോധശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും ബഹുവർഷ പച്ചക്കറി ഇനങ്ങളും വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിച്ച് വരുന്നു. സുരക്ഷിതമായ പഴങ്ങളും, പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷിചെയ്യുക, ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജന പ്രതിനിധികളുടെ, അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, ജൈവ രീതിയിലുള്ള പോഷകപ്രദർശനത്തോട്ടം നടപ്പിലാക്കിയിട്ടുണ്ട്. ' കൃഷി പാഠശാല-യിലൂടെ വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ കർഷകത്തൊഴിലാളികൾ, ഉപഭോക്താക്കൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി പരിശീലന/ ബോധവല്ക്കരണ ക്ലാസ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യത്തിനായി സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പു വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൃഷി വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായി പൊതുജനങ്ങളിൽ ബോധവല്ക്കരണ പരിപാടികൾ നടത്തുകയും ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാൻ സ്വീകരിക്കേണ്ട ഭക്ഷണക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകിയിട്ടുമുണ്ട്.

വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പൊലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അങ്കണവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി ചെയ്യുന്നതിനും കൂടുതലായി വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും ഇതിലൂടെ വിഷരഹിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, ' എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖാന്തരം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുമുണ്ട്. മറ്റുല്പാദനോപാധികളായ ജൈവ വളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്?

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടുനിൽക്കുന്ന ' ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. ജില്ലാ ക്ലസ്റ്റർ വികസനം

5. മഴമറ നിർമ്മാണം

6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

7. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം

8. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ' എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

9. ' ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം'

10. നല്ല കാർഷിക മുറകളും ജൈവകൃഷിയും

11. പി.കെ.വി.വൈ. സമഗ്ര പച്ചക്കറി വികസന പദ്ധതിക്കുപരി 2020-21 വർഷത്തിൽ ' സുഭിക്ഷ കേരളം' എന്ന പദ്ധതിയിലൂടെയും 7,000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകിവരുന്നു.

(സി) ചെറുകിട പഴം-പച്ചക്കറി ഉല്പാദകരുടെ ഉല്പന്നങ്ങൾ അവരുടെ കുടുംബാവശ്യം കഴിഞ്ഞ് മിച്ചം വരുന്നത് ഒരു പ്ലാറ്റ്ഫോമിൽ സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചെറുകിട പഴം-പച്ചക്കറി ഉല്പാദകരുടെ ഉല്പന്നങ്ങൾ അവരുടെ കുടുംബാവശ്യം കഴിഞ്ഞ് മിച്ചം വരുന്നത് അതത് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകൾ വഴി സംഭരിച്ച് പൊതുജനങ്ങൾക്ക് വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നു. ഇത് കൂടാതെ കർഷകമിത്ര ആഴ്ചച്ചന്ത, ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്കുതലത്തിൽ ബി.എൽ.എഫ്.ഒ. മാർക്കറ്റുകൾ എന്നിവകളിലൂടെ സംഭരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നു. ഓണം, വിഷു സീസണുകളിൽ എല്ലാ പഞ്ചായത്തുകളിലും വകുപ്പുതലത്തിൽ ' ഓണസമൃദ്ധി' മാർക്കറ്റുകൾ വഴി കർഷകരുടെ ഉല്പന്നങ്ങൾ മാർക്കറ്റ് നിരക്കിനേക്കാൽ 30% അധികം നൽകി സംഭരിക്കുകയും 10% മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ഉണഭോക്താക്കൾക്ക് വിൽക്കുകയും ചെയ്യുന്നു. പഴം-പച്ചക്കറി കൃഷിചെയ്യുന്ന കർഷകരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 290 സ്വാശ്രയ കർഷക സമിതികൾ വി.എഫ്.പി.സി.കെ.-യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. ചെറുകിട പഴം-പച്ചക്കറി ഉല്പാദകരുടെ ഉൽപ്പന്നങ്ങൾ അവരുടെ കുടുംബാവശ്യം കഴിഞ്ഞ് മിച്ചംവരുന്നത് സ്വാശ്രയ കർഷക സമിതികൾ വഴി വിൽക്കുന്നതിന് സാധ്യമാണ്. ഇതിനുപുറമേ, സുരക്ഷിത പഴം-പച്ചക്കറി വിപണനം നടത്തുന്നതിന് കൗൺസിലിന്റെ കീഴിലുള്ള ' തളിർ' റീട്ടെയിൽ ഔട്ട്ലെറ്റുകൾ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും കടപ്പാക്കടയിലും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള 49 സസ്യ ചില്ലറ വിൽപ്പന ശാലകൾ, റീബിൽഡ് കേരള പദ്ധതിയിൽ കൗൺസിൽ ആരംഭിക്കുന്ന തളിർ ഗ്രീൻ ഇക്കോഷോപ്പ് മോഡൽ ഔട്ട്ലെറ്റുകൾ എന്നിവയിലൂടെയും ചെറുകിട പഴം-പച്ചക്കറി ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കർഷകമിത്രകൾവഴി ഗ്രാമപ്രദേശങ്ങളിൽ കർഷകരെ സന്ദർശിച്ച് അവർ ഉൽപ്പാദിപ്പിക്കുന്നതും അധികം വരുന്നതുമായ പഴം പച്ചക്കറികൾ നേരിൽ സംഭരിച്ച് വിലയുടെ 50% സംഭരിക്കുന്ന സമയം കർഷകർക്ക് നൽകുകയും ബാക്കി തുക വിറ്റഴിക്കുന്ന മുറയ്ക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കർഷകർക്ക് വിപണി വില ഉടൻ ലഭ്യമാക്കാനും അധികം വരുന്ന കാർഷിക ഉല്പന്നങ്ങൾ വിപണിവഴി കാലതാമസംകൂടാതെ വിറ്റഴിക്കാനും സഹായിക്കുന്നു

**അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി**

13 (1500) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>:
<u>ശ്രീമതി ഗീതാ ഗോപി</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

അട്ടപ്പാടിയിലെ ആദിവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും 2017-2018 മുതൽ ചെറുധാന്യഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) അട്ടപ്പാടിയിലെ ചെറുധാന്യങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്ത മില്ലറ്റ് വില്ലേജ് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം വിശദമാക്കുമോ?

മില്ലറ്റ് വില്ലേജ് പദ്ധതിപ്രകാരം ചെറുധാന്യങ്ങൾ, നിലക്കടല, പയറുവർഗ്ഗങ്ങളായ പയർ, തുവര, എണ്ണക്കുരുക്കളായ കടുക്, എള്ള്, സൂപ്പർ ഫുഡ് ചിയ എന്നിവ കൃഷി ചെയ്യുന്നതിന് തെരഞ്ഞെടുത്ത 70 ഊരുകളിലെ കർഷകർക്ക് ധനസഹായം അനുവദിക്കുന്നതോടൊപ്പം 5 ഊരുകളെ മാതൃകാ ഊരുകളായി വികസിപ്പിച്ചെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചെറുധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലൂടെ അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്ക് അവരുടെ പരമ്പരാഗത ഭക്ഷ്യവിഭവങ്ങൾ ലഭ്യമാക്കുകയും അതുവഴി അവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുകയുമാണ് പദ്ധതിയുടെ പരമമായ ലക്ഷ്യം.

(സി) ആദിവാസി വിഭാഗത്തിന്റെ മുഖ്യ ആഹാരമായിരുന്ന ചെറുധാന്യങ്ങളായ തിനയും ചാമയും കൂവരകും ഉൾപ്പെടെയുള്ളവയെ പഴയ പ്രതാപത്തോടെ തിരികെക്കൊണ്ടുവരുന്നതിനുള്ള ശ്രമമാണോ ഈ പദ്ധതിയെന്ന് വ്യക്തമാക്കുമോ?

അതെ. പദ്ധതി ആരംഭിക്കുന്നതിനുമുൻപ് കേവലം 300 ഹെക്ടറിൽ താഴെ ഉണ്ടായിരുന്ന ചെറുധാന്യങ്ങളുടെ കൃഷി ഇപ്പോൾ 1200 ഹെക്ടറിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) അട്ടപ്പാടിയിലെ കൃഷിപ്പണികൾക്ക് നേതൃത്വം നല്കുന്ന മണ്ണൂക്കാരന്മാർ, ഭണ്ഡാരികൾ എന്നിവരെ വിളിച്ചുചേർത്ത് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൂടി പരിഗണിച്ചും ഓരോ പ്രദേശത്തെ കാലാവസ്ഥ പരിഗണിച്ചുമാണോ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇറക്കുന്നതിനുമുൻപ് പ്രസ്തുത ഊരുകൂട്ടങ്ങൾ കൂടി തീരുമാനമെടുത്തിട്ടാണ് കൃഷിയിറക്കുന്നത്.

(ഇ) പ്രസ്തുത പദ്ധതിയിൽനിന്നുള്ള ഉല്പന്നങ്ങളെ അട്ടപ്പാടി മില്ലറ്റ് വില്ലേജ് പ്രോഡക്ട് എന്ന പേരിൽ ബ്രാന്റ് ചെയ്ത് വിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ബ്രാന്റ് ചെയ്ത് വിൽക്കാനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ കോയമ്പത്തൂർ കെ.വി.കെ.-യുടെ സഹായത്തോടെ 3 ടൺ ധാന്യങ്ങൾ ബ്രാന്റ് ചെയ്ത് വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. ആർ.കെ.ഐ. പദ്ധതിയുടെ കീഴിൽ സംസ്കരണശാല ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു.

**പുനർജ്ജനി പദ്ധതി**

14 (1501) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽനിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുവാൻ ആവിഷ്കരിച്ച പുനർജ്ജനി പദ്ധതിയിലൂടെ ഇതിനകം നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 182.76 കോടി രൂപയുടെ പദ്ധതികൾക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്. ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. ജില്ലകളിൽ 'പുനർജ്ജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജ്ജനി പദ്ധതി നടപ്പിലാക്കിയത്. വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടി രൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കാർഷിക മേഖലയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് കൃഷി വകുപ്പ് ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കാർഷിക മേഖലയ്ക്കുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 93.4 കോടി രൂപ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ പ്രത്യേക പാക്കേജ് എന്ന നിലയിൽ അനുവദിക്കുകയുണ്ടായി.

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയെന്നും ഓരോ പദ്ധതിക്കും എന്ത് തുക കേന്ദ്രസഹായമായി ലഭിച്ചുവെന്നും അറിയിക്കാമോ; അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ?

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ പ്രത്യേക പാക്കേജ് (സ്പെഷ്യൽ പാക്കേജ് ടു മിറ്റിഗേറ്റ് ദി കലാമിറ്റി എറൈസിംഗ് ഓൺ അക്കൗണ്ട് ഓഫ് ഫ്ലഡ്സ് ഇൻ കേരള ഡ്യൂറിംഗ് 2018-19) എന്ന നിലയിൽ 93.4 കോടി രൂപ അനുവദിക്കുകയുണ്ടായി. 2018-19, 2019-20 വർഷങ്ങളിൽ മേൽ പദ്ധതി പ്രകാരം ലഭിച്ച തുക സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന വിനിയോഗിക്കുകയും, ബാക്കിയായ 30.22 കോടി രൂപ 2020-21 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി വിനിയോഗിക്കുവാൻ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടന്നുവരുന്നു.

**മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി**

15 (1502) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

മാംഗോ കൃഷിയുടെ വികസനത്തിനായിട്ടുള്ള പൈലറ്റ് പ്രോജക്റ്റ് പദ്ധതി പ്രകാരം 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും മാവ് കൃഷിയുടെ പുനരുദ്ധാരണവുമാണ് പ്രസ്തുത പദ്ധതി മുഖാന്തരം ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ മുതലമടയിൽ ഒരു മാംഗോ പാർക്ക് KIIFB-യുടെ ധനസഹായത്താൽ സ്ഥാപിക്കുന്നതിനായി INKEL എന്ന കമ്പനിയെ SPV ആയി നിയമിക്കുകയും INKEL സമർപ്പിച്ച 16 കോടി രൂപയുടെ പ്രസ്തുത പദ്ധതി KIIFB -യുടെ പരിഗണനയിലുമാണ്.

(ബി) മാംഗോ ഹബ്ബിനായി നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

മാംഗോ കൃഷിയുടെ വികസനത്തിനായിട്ടുള്ള പൈലറ്റ് പ്രോജക്റ്റ് പദ്ധതി പ്രകാരം 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും മാവ് കൃഷിയുടെ പുനരുദ്ധാരണവുമാണ് പ്രസ്തുത പദ്ധതി മുഖാന്തരം ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ മുതലമടയിൽ ഒരു മാംഗോ പാർക്ക്

KIIFB-യുടെ ധനസഹായത്താൽ സ്ഥാപിക്കുന്നതിനായി INKEL എന്ന കമ്പനിയെ SPV ആയി നിയമിക്കുകയും INKEL സമർപ്പിച്ച 16 കോടി രൂപയുടെ പ്രസ്തുത പദ്ധതി KIIFB -യുടെ പരിഗണനയിലുമാണ്.

(സി) നെന്മാറ നിയോജകമണ്ഡലത്തിലെ മാവ് കർഷകരുടെ സ്വപ്നപദ്ധതിയായ മാംഗോ ഹബ്ബിന്റെ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

മാവ് കൃഷിയുടെ പൈലറ്റ് പദ്ധതി 2021 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്ന തരത്തിൽ നടപ്പിലാക്കിവരുന്നു.

## കാർഷിക മേഖലയുടെ സമഗ്രവികസനം

16 (1503) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യംവച്ച് കൊച്ചി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് കൊച്ചി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതൊക്കെയാണെന്നും ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളിൽ 2016-17 മുതൽ 2020-21 വരെ നടപ്പാക്കിവന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പാറശ്ശാലയിലെ കൃഷി വകുപ്പ് പദ്ധതികൾ

17 (1504) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശവും ആയതിലേയ്ക്കായി വകയിരുത്തിയ തുകയും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

2016 മുതൽ 2020 വരെയുള്ള കൃഷിവകുപ്പ് പദ്ധതികൾ പൂർത്തീകരിച്ച് കഴിഞ്ഞു. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികൾ 2021 ഫെബ്രുവരിയിൽ പൂർത്തീകരിക്കുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

18 (1505) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ള പദ്ധതികളുടെ പേര്, ഓരോ പദ്ധതിക്കും വിനിയോഗിച്ച തുക, ഓരോ പദ്ധതിയുടെയും പുരോഗതി എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) 2021-22 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ മുകളിൽ ആവശ്യപ്പെട്ടത് പ്രകാരം തന്നെ നൽകാമോ?

2021-22 സാമ്പത്തിക വർഷാരംഭത്തിൽ മാത്രമേ ഈ വിവരം ലഭ്യമാകുകയുള്ളൂ.

**പുനർജ്ജനി പദ്ധതി**

19 (1506) ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം നാശനഷ്ടം സംഭവിച്ച കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന്റെ ഭാഗമായി ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധ പ്രവർത്തകർ, കാർഷികകർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പിലാക്കിയ പുനർജ്ജനി പദ്ധതി പ്രകാരം എന്തെല്ലാം സഹായമാണ് കർഷകർക്ക് ലഭ്യമാക്കിയതെന്ന് അറിയിക്കാമോ?

(എ&ബി) പ്രളയംമൂലം കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ സന്നദ്ധ പ്രവർത്തകർ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രവർത്തനരഹിതമായ കാർഷിക ഉപകരണങ്ങൾ, പമ്പുസെറ്റുകൾ, പെട്ടി പറ എന്നിവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ കൃഷി സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് പുനർജ്ജനി പദ്ധതിയിൽ പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങര കൃഷി ഭവനുകളുടെ നിർമ്മാണം, പന്തളം കരിമ്പ് വിത്തുൽപാദന കേന്ദ്രത്തിലെ ഫാം റോഡ് പുനരുദ്ധാരണം, പത്തനംതിട്ട ജില്ലാ മണ്ണ് പരിശോധനാശാലയുടെ കെട്ടിട നിർമ്മാണം, ഓണാട്ടുകരയുടെ വികസനം എന്നിവക്കായി ആകെ 224 ലക്ഷം രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷം രൂപ) വകയിരുത്തി പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(സി) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും എത്ര തുക ഇതിനായി നീക്കിവച്ചുവെന്നും വ്യക്തമാക്കാമോ?

പ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19, 2019-20-ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വിവിധ പദ്ധതികളിലായി നീക്കിവെച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കൃഷി വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

20 (1507) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ പുതിയ പദ്ധതികൾ

21 (1508) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ കൃഷിവകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുകയാണ് നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

2020-21 വർഷത്തിൽ കൃഷി വകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ മണ്ഡലം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

## സുഭിക്ഷ കേരളം പദ്ധതി

22 (1509) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയിലൂടെ കേരളത്തിൽ പച്ചക്കറി ഉത്പാദനത്തിൽ എത്രത്തോളം വർദ്ധന ഉണ്ടായിട്ടുണ്ട്?

2020-21 വർഷത്തിലെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ തരിശുകൃഷി പദ്ധതിയിലൂടെ കേരളത്തിൽ 4593 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 68895 ടൺ അധികം പച്ചക്കറി ഉല്പാദന വർദ്ധനവുമുണ്ടായിട്ടുണ്ട്. ഈ സാമ്പത്തികവർഷം 7000 ഹെക്ടർ തരിശ് ഭൂമിയിലാണ് പച്ചക്കറി കൃഷി ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുമൂലം 105000 ടൺ പച്ചക്കറി ഉല്പാദനവും പ്രതീക്ഷിക്കുന്നു.

(ബി) ആറന്മുള മണ്ഡലത്തിൽ കാർഷിക വിള ഉത്പാദനത്തിൽ സുഭിക്ഷകേരളം പദ്ധതി ആവിഷ്കരിച്ചതിനുശേഷം എത്രത്തോളം വർദ്ധന ഉണ്ടായിട്ടുണ്ട്?

ആറന്മുള മണ്ഡലത്തിൽ കാർഷിക ഉത്പാദനത്തിൽ സുഭിക്ഷകേരളം പദ്ധതി ആവിഷ്കരിച്ചതിനുശേഷം ഉള്ള വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു*.

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | മെട്രിക് ടൺ |
|---|---|---|
| 1. | പത്തനംതിട്ട മുനിസിപ്പാലിറ്റി | 32 ഹെക്ടർ 480 മെട്രിക് ടൺ |
| 2. | ആറന്മുള | 60 ഹെക്ടർ 898 മെട്രിക് ടൺ |
| 3. | ചെന്നീർക്കര | 31 ഹെക്ടർ 429 മെട്രിക് ടൺ |
| 4. | ഇലന്തൂർ | 30 ഹെക്ടർ 490 മെട്രിക് ടൺ |
| 5. | കോഴഞ്ചേരി | 18 ഹെക്ടർ 270 മെട്രിക് ടൺ |
| 6. | കുളനട | 42 ഹെക്ടർ 672 മെട്രിക് ടൺ |
| 7. | മല്ലപ്പുഴശ്ശേരി | 32 ഹെക്ടർ 480 മെട്രിക് ടൺ |
| 8. | മെഴുവേലി | 61 ഹെക്ടർ 915 മെട്രിക് ടൺ |
| 9. | നാരങ്ങാനം | 29 ഹെക്ടർ 493 മെട്രിക് ടൺ |
| 10. | ഓമല്ലൂർ | 17 ഹെക്ടർ 272 മെട്രിക് ടൺ |
| 11. | ഇരവിപേരൂർ | 66 ഹെക്ടർ 980 മെട്രിക് ടൺ |
| 12. | കോയിപ്രം | 70 ഹെക്ടർ 990 മെട്രിക് ടൺ |
| 13. | തോട്ടപ്പുഴശ്ശേരി | 33 ഹെക്ടർ 528 മെട്രിക് ടൺ |

(സി) ഇക്കാലയളവിൽ ആറന്മുള മണ്ഡലത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ഏതൊക്കെ ഇനങ്ങളിലുള്ള പച്ചക്കറിക്കാണ് ഉത്പാദനവർദ്ധന ഉണ്ടായിട്ടുള്ളത്?

സുഭിക്ഷകേരളം പദ്ധതി കാലയളവിൽ പയർ, പടവലം എന്നീ ഇനം പച്ചക്കറികൾക്കാണ് ഉല്പാദനവർദ്ധനവ് ഉണ്ടായിട്ടുള്ളത്.

**പച്ചക്കറി ഉല്പാദന രംഗത്തെ പദ്ധതികൾ**

23 (1510) ശ്രീ. റോഷി അഗസ്റ്റിൻ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ ഉതകുന്ന തരത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പച്ചക്കറി ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ജില്ലാ ക്ലസ്റ്റർ, സ്റ്റാഗേഡ് ക്ലസ്റ്റർ എന്നീ ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ധനസഹായം നൽകിയതുവഴി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ എന്നിവർ മുഖേന വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിയതിലൂടെ വീടുകളിൽ വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധിച്ചു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തികൊണ്ട് വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം നിർമ്മിച്ചും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകയും ചെയ്തതിലൂടെ വിഷരഹിത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിനായി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സബ്സിഡി ഇനത്തിൽ നൽകിവരുന്നു. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിന് കർഷകർക്ക് സഹായകരമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മുഖ്യഘടകമായി ഉൾപ്പെടുത്തി നൂതന രീതിയായ മഴമറ നിർമ്മിക്കുന്നതിന് സബ്സിഡി നൽകിവരുന്നു. മഴമറ കൃഷിരീതിയിലൂടെ കർഷകർക്ക് വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും അതിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പാക്കറ്റുകളും, പച്ചക്കറി തൈകളും " ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്യുകയും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭിക്കുന്നതിന് കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, ബഹുവർഷ പച്ചക്കറി ഇനങ്ങളും, വീട്ടുവളപ്പിൽ പ്രോത്സാഹിപ്പിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം നൽകുന്നതിനും എല്ലാ വിഭാഗം ജനങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിൽ

പരിശീലനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2018-19 ആയപ്പോഴേക്കും 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ടൺ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.06 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശു കൃഷിമൂലം 7000 ഹെക്ടറിൽനിന്നും 105000 ടൺ പച്ചക്കറിയുടെയും 7500 ഹെക്ടർ വാഴക്കൃഷിയിൽനിന്നും 90000 ടൺ വാഴക്കുലയുടെയും ഉല്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രധാന പച്ചക്കറി ഉല്പാദന മേഖലകളിൽ പച്ചക്കറി കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

കേരളത്തിൽ നിലവിലുള്ള 6 ഗ്രാമീണ അർബൻ മൊത്ത വ്യാപാര വിപണികളിൽ നിലവിൽ ശീതീകരണ സംവിധാനം നിലവിലുണ്ട്. മൊത്ത വ്യാപാര വിപണിയിൽ വില്പനയ്ക്കായി എത്തുന്ന പഴം-പച്ചക്കറികൾ ഈ സംവിധാനം വഴി ശേഖരിച്ച് സൂക്ഷിക്കാവുന്നതാണ്. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ വയനാട് ജില്ലയിൽ പൂർത്തീകരിച്ച പാക്ക്ഹൗസിൽ 20 മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഒരു ശീതീകൃത സംവിധാനം നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പാക്ക് ഹൗസിനും ടി സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ കൃഷി വകുപ്പ് മുഖാന്തരം ജില്ലാതലത്തിൽ 20 കോൾഡ് സ്റ്റോറേജുകൾ ഉൾപ്പെടുന്ന പാക്ക് ഹൗസ് സ്ഥാപിപ്പിക്കുന്നതിനുള്ള പ്രോജക്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനമാകുന്ന തരത്തിൽ കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനമാകുന്ന തരത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് എന്ന വായ്പാ പദ്ധതിയിലൂടെ ബാങ്കുകൾ മുഖേന കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കിവരുന്നു.

## കോതമംഗലം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

24 (1511) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്നും, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കോതമംഗലം മണ്ഡലത്തിൽ കൃഷി വകുപ്പ് പുതുതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.

1. കാർഷിക അഭിവൃദ്ധിക്കും പുരോഗതിക്കും വേണ്ടി കർഷകരെ സഹായിക്കുന്നതിന് ആരംഭിച്ചിട്ടുള്ള കോതമംഗലം അഗ്രോ സർവ്വീസ് സെന്റർ സ്ഥിതിചെയ്യുന്ന കെട്ടിടം പുതുക്കി പ്പണിയുന്നതിനുള്ള പദ്ധതി.
2. അഗ്രോ സർവ്വീസ് സെന്റർ മുഖേന പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് നഴ്സറി ആരംഭിക്കുന്നതിനും സ്വന്തമായി സ്ഥലം വാങ്ങുന്നതിനും ഷെഡ് നിർമ്മിക്കുന്നതിനും ആവശ്യമായ പദ്ധതി.
3. കർഷകരെ സഹായിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പി ക്കുന്നതിനുംവേണ്ടി ചാണകം ഉണക്കിനൽകുന്ന യന്ത്രം വാങ്ങുന്ന പദ്ധതി.
4. നേന്ത്രവാഴ, പൈനാപ്പിൾ, സുഗന്ധവിള എന്നിവയുടെ ഉൽപ്പാദനത്തിന് ഊന്നൽ നൽകുന്ന പദ്ധതി.
5. വിവിധ പാടശേഖര സമിതികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാലക്കുടി മണ്ഡലത്തിലെ ചാത്തൻ ചാൽ സംരക്ഷണം

25 (1512) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സുകളിലൊന്നായ കാടുകുറ്റി പഞ്ചായത്തിലെ "ചാത്തൻ ചാൽ" സംരക്ഷണത്തിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഈ പ്രോജക്ടിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ?

കാടുകുറ്റി പഞ്ചായത്തിലെ ചാത്തൻ ചാൽ സംരക്ഷണം നബാർഡ് ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 727 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി രണ്ട് റീച്ചുകളായി തിരിച്ച് (റീച്ച് 1-3,56,08,000, റീച്ച് 2– 3,70,92,000) കനാൽ ബണ്ടുകളുടെ നവീകരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ട് പ്രവൃത്തികളും മൂന്ന് തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും അനുവദനീയമായ നിരക്കിൽ കരാറുകാർ ക്വാട്ട് ചെയ്യാത്തതിനാൽ പുനർദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

26 (1513) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

കൃഷി വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ 33 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - I* ആയി ചേർത്തിരിക്കുന്നു.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾക്ക് 2974.27701 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അനുബന്ധം - II*ആയി ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം

27 (1514) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു?

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നു.

(ബി) ആയത് 2020-21 ആയപ്പോഴേക്കും എത്ര മെട്രിക് ടൺ ആയി വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ?

2020-21 വർഷത്തിൽ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2019-20-ൽ പച്ചക്കറി ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു.

(സി) നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്?

നമ്മുടെ പച്ചക്കറി ആവശ്യകതയുടെ 60% മാത്രമാണ് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നത്.

(ഡി) ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നു; ഏതൊക്കെ സംസ്ഥാനങ്ങളിൽനിന്നും; ഇവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പച്ചക്കറി ആവശ്യകതയുടെ 40% അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നു. ഹോർട്ടികോർപ്പ് മുഖേന തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്ന് പച്ചക്കറികൾ സംഭരിച്ചുവരുന്നു. സവാള നാസിക്കിൽനിന്നും നാഫെഡ് മുഖേന സംഭരിക്കുന്നു. ഇതിനുപുറമേ മറ്റ് ഏജൻസികളിൽനിന്നും പച്ചക്കറി സംഭരിക്കുന്നുണ്ട്. സംസ്ഥാനത്ത് പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ വിവിധ മാർക്കറ്റുകളിൽനിന്നും കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിക്കുകയും പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ്

പരിശോധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ " സേഫ് ടു ഈറ്റ്" എന്ന ഘടകത്തിൽ 2020-21 വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ സംസ്ഥാനത്തിന് എപ്പോൾ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കുമോ?

നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ 2019-20 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2020-21 വർഷത്തിൽ പച്ചക്കറിയുടെ ഉല്പാദനം 16 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന ' സുഭിക്ഷ കേരളം' തുടങ്ങിയ മറ്റു പദ്ധതികളേയും സംയോജിപ്പിച്ചുകൊണ്ട് വരുന്ന 5 വർഷംകൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**ജൈവ പച്ചക്കറി**

28 (1515) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര ഹെക്ടറിലാണ് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതെന്നും ഒരു വർഷത്തെ ശരാശരി ഉല്പാദനം എത്ര ടൺ ആണെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൻകീഴിൽ 35125 ഹെക്ടർ സ്ഥലത്ത് പഴം, പച്ചക്കറി കൃഷിയും പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി വഴി 12480 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷിയും വ്യാപിപ്പിച്ചു. 2019-20 സാമ്പത്തിക വർഷത്തെ ശരാശരി ഉല്പാദനം 24960 ടൺ ആണ്.

(ബി) ജൈവ പച്ചക്കറി കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് ചെയ്തുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ജൈവകാർഷിക നയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകിയത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുക. നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് പഴം, പച്ചക്കറി കൃഷി 35125 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ 'സേഫ് റ്റു ഈറ്റ്- കേരള ഓർഗാനിക്' എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോ ഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമകൃഷിമുറകളും പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഒരു ഇക്കോഷോപ്പ് സജ്ജമാക്കുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിലവിൽ ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഇതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' പദ്ധതിക്കുകീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ മുൻവർഷം സ്ഥാപിച്ച തെരഞ്ഞെടുത്ത ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതവും നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 14 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻവർഷം സ്ഥാപിച്ച ഇക്കോ ഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടും നൽകുന്നതിനും 42.70380 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഇക്കോഷോപ്പുകളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ വിഷാംശത്തിന്റെ തോത് പരിശോധിച്ച് പരിശോധനാഫലം 3 മാസത്തിൽ ഒരിക്കൽ കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കുവാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം

ചെലവഴിച്ച് 624 ക്ലസ്റ്ററുകൾ രൂപീകരിച്ച 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നു. നാളിതുവരെ 2445 PGS സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2020-21) പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം (സുഭിക്ഷം സുരക്ഷിതം പദ്ധതി) (ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി) രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ച വരുന്നു. പൂർണ്ണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളിലായാണ് (84000 ഹെക്ടർ) ടി പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 2.52 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ജൈവ വൈപ്പിൻ പദ്ധതി

29 (1516) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) പാരിസ്ഥിതികാനുമതി ലഭിക്കാത്തതിനാൽ നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ തുടർ നടത്തിപ്പ് ഉപേക്ഷിക്കുവാൻ 6-10-2020-ൽ കൂടിയ ഉന്നതതല സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

KCZMA -യുടെ അനുമതി ലഭ്യമാക്കുന്ന പക്ഷവും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്ന കാര്യം പുനഃപരിശോധിക്കാനാവൂ.

## ഹോർട്ടികോർപ്പിൽ വിജിലൻസ് അന്വേഷണം

30 (1517) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിലെ ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

2011 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ നടന്ന ഹോർട്ടികാർപ്പിലെ ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ടുകൾ വി.ഇ.8/16/ എസ്.ഐ.യു-2, വി.ഇ.3/2018/ ഐ.ഡി.കെ, വി.ഇ.1/ 2018/കെ.എസ്.ഡി എന്നീ നമ്പരുകളായി 15-11-2019-ലെ വിജ്-ബി2/774/2019-വിജ്, 10-7-2019-ലെ വിജ്-ബി2/536/2017-വിജി, 3-2-2020-ലെ വിജ്-ബി2/593/2017-വിജ്. എന്നീ വിജിലൻസ് വകുപ്പിന്റെ കത്തുകൾപ്രകാരം കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങളിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് രണ്ട് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും വിജിലൻസിനെക്കൊണ്ട് അന്വേഷണം നടത്തുവാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ബി) ഹോർട്ടികോർപ്പിൽ എന്തൊക്കെ ക്രമക്കേടുകൾ നടന്നുവെന്നാണ് വിജിലൻസ് എസ്.പി.-യുടെ റിപ്പോർട്ടിലുള്ളതെന്ന് അറിയിക്കുമോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വിജിലൻസ് അന്വേഷണത്തിൽ ഹോർട്ടികോർപ്പിൽ കണ്ടെത്തിയ ക്രമക്കേടുകളും അതിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി* ചേർത്തിരിക്കുന്നു. അനുബന്ധം വി.ഇ.8/16/എസ്.ഐ.യു-2, വി.ഇ.3/2018/ ഐ.ഡി.കെ, വി.ഇ.1/2018/കെ.എസ്.ഡി. എന്നീ അന്വേഷണം പൂർത്തിയാക്കിയ വിജിലൻസ് കേസുകളുടെ അന്വേഷണ റിപ്പോർട്ട് തുടർ നടപടി സ്വീകരിക്കുന്നതിനായി 15-11-2019-ലെ വിജ്-ബി2/774/2019- വിജ്., 10-7-2019-ലെ വിജ്-ബി2/536/2017-വിജി, 3-2-2020-ലെ വിജ്- ബി2/593/ 2017-വിജ് എന്നീ കത്തുകൾപ്രകാരം കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ട്.

1. (വി.ഇ 8/16/ എസ്.ഐ.യു-2) നമ്പർ വിജിലൻസ് അന്വേഷണം കണ്ടെത്തലുകൾ/ശിപാർശകൾ 2011 മുതൽ 2015 കാലഘട്ടം വരെയുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹോർട്ടികോർപ്പിന്റെ മാനേജിംഗ് ഡയറക്ടർമാരിൽ ദീർഘകാലം മാനേജരുടെ ചുമതല വഹിച്ചിരുന്നത് ഡോ. പ്രതാപൻ. കെ ആണെന്നും ടിയാൻ 5-6-2015 -ൽ 414/0/13/1(9110/566 പ്രകാരമുള്ള സർക്കുലറിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളാണ് പച്ചക്കറി സംഭരിക്കേണ്ടതെന്നും ദിവസേനയുള്ള പച്ചക്കറികളുടെ ഗുണനിലവാരം 11 മണിക്കുമുമ്പ് ശേഖരിച്ച് അതത് ദിവസത്തെ മാർക്കറ്റ് ഇന്റലിജൻസ് ബ്യൂറോയുടെ വിലയുമായി താരതമ്യം ചെയ്ത് ടി ബ്യൂറോയുടെ വിലയിൽനിന്നും 13% കുറച്ചോ വിതരണക്കാർ നൽകുന്ന നിരക്കോ ഏതാണ് കുറവ് എന്നതിൽ ആയതിന് സപ്ലൈ ഓർഡർ നൽകേണ്ടതാണെന്നും, വിതരണം ചെയ്ത് 28 മണിക്കൂറിനുള്ളിൽ Goods Inward Note (GIN) എഴുതി പേയ്മെന്റ് നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 2012-15 കാലയളവിലെ പർച്ചേയ്സ് രജിസ്റ്റർ GIN എന്നിവ random പരിശോധന നടത്തിയതിൽ ദിവസങ്ങൾക്കും ആഴ്ചകൾക്കും ശേഷമാണ് പർച്ചേസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പച്ചക്കറികളുടെ GIN തയ്യാറാക്കിയിട്ടുള്ളതെന്നും, ആയതിൽ പർച്ചേസ് രജിസ്റ്ററും GIN-ഉം ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടില്ലെന്നും ഓരോ ദിവസത്തേയും പച്ചക്കറികളുടെ മൊത്തവില നിലവാരം എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സംഭരണ സമയത്തുണ്ടായിരുന്ന വിലയിലാണോ ഹോർട്ടികോർപ്പ് സംഭരിച്ചിരുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ലായെന്നും പർച്ചേസ് നടത്തുവാനായി പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയോ ആയതിന് പ്രത്യേക നിർദ്ദേശങ്ങളോ ഇല്ലായെന്നും കൂടാതെ പച്ചക്കറി വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്നും, കൃഷി ഭവനിൽ കർഷകരായി രജിസ്റ്റർ ചെയ്ത കർഷകർക്ക് മാത്രമേ ഹോർട്ടികോർപ്പിൽ ടിയാൻമാരുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാവൂ എന്നിരിക്കേ ഇപ്രകാരം രജിസ്റ്റർ ചെയ്ത ചില കർഷകർ സ്വന്തം ഉൽപ്പന്നമെന്ന വ്യാജേന അന്യസംസ്ഥാനങ്ങളിൽനിന്നും വിലകുറച്ചുവാങ്ങി കാർഷിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതായും, മാർക്കറ്റുകളിൽ വിൽപ്പന നടത്താൻ കഴിയാത്ത പഴകിയ പച്ചക്കറികളും മറ്റും ഹോർട്ടികോർപ്പിൽ വിൽക്കുന്നതുമൂലം ഹോർട്ടികോർപ്പിന് നഷ്ടം സംഭവിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. 2011-2013 കാലയളവിൽ ചാലക്കമ്പോളത്തിലെ മൊത്തവ്യാപാരികളിൽനിന്നും തമിഴ്നാട്ടിലെ SM വിലാസ് വടശ്ശേരിയിൽനിന്നും, 2013-15 കാലയളവിൽ തമിഴ് നാട്ടിലെ പാവൂർചത്രത്തുള്ള കാമരാജ് വെജിറ്റബിൾസ് ആൻഡ് ഫ്രൂട്ട്സ് എന്ന സ്ഥാപനത്തിൽനിന്നും പച്ചക്കറി സംഭരിച്ചിട്ടുള്ളതായും, എന്നാൽ ടി സമയത്തുള്ള പച്ചക്കറിയുടെ മൊത്തവില നിലവാരം ആധികാരികമായി ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള മൊത്തവിലനിലവാരം അനുസരിച്ചാണോ ഹോർട്ടികോർപ്പ് പച്ചക്കറി സംഭരണം നടത്തിയതെന്ന് തെളിയിക്കാനായിട്ടില്ല. കൂടാതെ 2011-2015 കാലഘട്ടത്തിലെ

വിതരണവും സംഭരണവുമായി ബന്ധപ്പെട്ട ഫയലുകളൊന്നും തന്നെ നിലവിലില്ലാത്തതിനാൽ ടി കാലഘട്ടത്തിലെ അഴിമതിയെക്കുറിച്ച് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും എന്നാൽ ഡോ. കെ. പ്രതാപൻ, മാനേജിംഗ് ഡയറക്ടറായിരുന്ന കാലത്ത് പച്ചക്കറി സംഭരണത്തിനും വിതരണത്തിനുമായി സർക്കുലർ പ്രകാരം നൽകിയ നിർദ്ദേശത്തിന് വിപരീതമായിട്ടാണ് ഹോർട്ടികോർപ്പിന്റെ ഹെഡ് ഓഫീസ് മുഖാന്തരം സംഭരണം നടത്തിയതെന്നും കണ്ടെത്തിയിട്ടുണ്ട്. സ്വീകരിച്ച നടപടികൾ (കൃഷി-പി.യു.1/199/2019-കൃഷി നമ്പർ ഫയൽ) 30-5-2020-ലെ കൃഷി-പി.യു 1/199/2019-കൃഷി നമ്പർ കത്ത് പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

1. ഹോർട്ടികോർപ്പിലെ പഴം പച്ചക്കറി സംഭരണത്തിനും വിതരണത്തിലും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അവ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും കർഷകരിൽനിന്നും ശേഖരിക്കുന്ന വിളകളുടെ വില കർഷകന്റെ ബാങ്ക് അക്കൗണ്ട് മുഖാന്തരം നൽകുവാൻ.

2. ഹോർട്ടികോർപ്പിന്റെ ജില്ലാ അടിസ്ഥാനത്തിൽ ഫിനാൻസ് മാനേജർ, ജില്ലാ മാനേജർ, പർച്ചേസ് മാനേജർ എന്നിവർ ഉൾപ്പെടുന്ന സെൻട്രലൈസ്ഡ് പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് അവർ അതാത് ദിവസത്തെ പച്ചക്കറികളുടെ മൊത്തവില നിലവാര സൂചിക ശേഖരിച്ച് ആയതിൻപ്രകാരം പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കും.

3. സംഭരിക്കുന്ന പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും യഥാർത്ഥ തൂക്കവും ഡാമേജ് നീക്കിയ തൂക്കവും പർച്ചേസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അന്നുതന്നെ Goods Inward Note (GIN) തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറെ ഏൽപ്പിച്ച് ആയത് ജില്ലാ മാനേജർ ഉറപ്പ് വരുത്തുവാനും ഓരോ ആഴ്ചയിലും നടത്തുന്ന സംഭരണവും വിതരണവും ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഹെഡ് ഓഫീസ് ടീം പരിശോധിച്ച് പച്ചക്കറിയുടെ മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്ത് ക്രമക്കേടുകൾ ഉണ്ടെങ്കിൽ പരിഹരിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുവാൻ.

4. പർച്ചേസ് മാനേജർ, ഡിസ്ട്രിബ്യൂഷൻ മാനേജർ തുടങ്ങി ഹോർട്ടികോർപ്പിലെ ഉത്തരവാദിത്വപ്പെട്ട എല്ലാ തസ്തികകളിലും സ്ഥിരം ജീവനക്കാരെയോ ഡെപ്യൂട്ടേഷൻ സ്റ്റാഫിനെയോ നിയമിക്കേണ്ടതും അവർക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും രേഖാമൂലം നിർവ്വചിച്ച് നൽകുവാൻ.

5. ഹോർട്ടികോർപ്പിലെ സംഭരണവും വിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ വ്യക്തമായി എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കണ്ട് ഹെഡ് ഓഫീസിലെ മുതിർന്ന ഉദ്യോഗസ്ഥർ വെരിഫൈ ചെയ്യുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ.

6. കൂടാതെ, പച്ചക്കറികളുടെ ദിവസേനയുള്ള മൊത്തവില സൂചിക തയ്യാറാക്കിത്തരുവാൻ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

2. (വി.ഇ.3/2018/ഐ.ഡി.കെ) നമ്പർ വിജിലൻസ് അന്വേഷണം കണ്ടെത്തലുകൾ ഇടുക്കി വട്ടവടയിലെ ശീതകാല പച്ചക്കറി വിപണന കർഷക സംഘം (IDK/TC/137/12)കർഷകരിൽനിന്നും പച്ചക്കറി വാങ്ങി ഹോർട്ടികോർപ്പ് വഴി വിപണനം നടത്തുന്നതിനായി 2013-ൽ 5 ലക്ഷം രൂപ പലിശരഹിത വായ്പയായി വാങ്ങിയിരുന്നുവെന്നും ആ പണം ഉപയോഗിച്ച് കർഷകരിൽനിന്നും കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ വാങ്ങി, കൂടിയ വിലയ്ക്ക് ഹോർട്ടികോർപ്പിന് കൊടുത്തും വട്ടവടയിൽ ഉൽപ്പാദനമില്ലാത്ത സമയത്ത് തമിഴ്നാട്ടിൽനിന്നും വാങ്ങി കോവിലൂരിലെത്തിച്ച് വട്ടവടയിലെ പച്ചക്കറി എന്ന് പറഞ്ഞ് വിപണനം നടത്തിയും സംഘം പ്രസിഡന്റും സംഘത്തിലെ അംഗങ്ങളും ഹോർട്ടികോർപ്പിന്റെ ജീവനക്കാരനും വൻ ലാഭമുണ്ടാക്കി അഴിമതി നടത്തി എന്നതായിരുന്നു അന്വേഷണവിധേയമായ ആരോപണം. വിജിലൻസ് അന്വേഷണത്തിൽ ആരോപണം അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ്വീകരിച്ച നടപടികൾ (കൃഷി-പി.യു.1/109/2019-കൃഷി നമ്പർ ഫയൽ) ഇടുക്കി വട്ടവടയിലുള്ള ശീതകാല പച്ചക്കറി വിപണന കർഷകസംഘം ഇപ്പോൾ കർഷകരിൽനിന്നും പച്ചക്കറികൾ വാങ്ങി ഹോർട്ടികോർപ്പിന് നൽകുന്നില്ലാത്തതിനാൽ State Horticulture Mission-ൽനിന്നും നൽകിയിരുന്ന റിവോൾവിംഗ് ഫണ്ട് 5,00,000 രൂപയും സീഡ് മണിയായി നൽകിയിരുന്ന 1,00,000 രൂപയും സംഘത്തിന്റെ അക്കൗണ്ടിൽനിന്നും SHM-ൽ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ SHM ഡയറക്ടറോട് 20-11-2019-ലെ കൃഷി-പി.യു.1/109/2019-കൃഷി നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ എല്ലാ ഡി.പി.സി.-കളിലും ഹെഡ് ഓഫീസുകളിലും പച്ചക്കറികൾ വാങ്ങുന്നതിന്റെയും, സംഘങ്ങൾക്ക് ആയതിന്റെ വില നൽകുന്നതിന്റെയും കൃത്യമായ രേഖകൾ എഴുതി സൂക്ഷിക്കുന്നതിന് ഹോർട്ടികോർപ്പ്, മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 20-11-2019-ലെ കൃഷി-പി.യു.1/109/2019-കൃഷി നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. (വി.ഇ.1/2018/ഐ.ഡി.കെ) നമ്പർ വിജിലൻസ് അന്വേഷണം കണ്ടെത്തലുകൾ 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കാസർഗോഡ് ജില്ലയിൽ നടപ്പാക്കിയ വാഴക്കൃഷി വികസന പദ്ധതി പ്രകാരം വിതരണം ചെയ്ത ടിഷ്യൂ കൾച്ചർ നേന്ത്ര വാഴ തൈകൾക്കുപകരം കർഷകർക്ക് റോബസ്റ്റ ഇനത്തിൽപ്പെട്ട ജി-9 തൈകളാണ് ലഭിച്ചതെന്നും ആയത് കൃഷി ചെയ്ത വകയിൽ കർഷകർക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചുവെന്നും ടെണ്ടർ നടപടികൾ പാലിക്കാതെ നടത്തിയ പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക നഷ്ടവും കർഷകർക്കും കാർഷിക മേഖലയ്ക്കും ഉല്പാദന നഷ്ടവും ഉണ്ടായി എന്നതായിരുന്നു ആരോപണ വിഷയം. വിജിലൻസ് അന്വേഷണം നടത്തിയതിൽ ഓദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച സംഭവിക്കുകയും കർഷകർക്ക് ധനനഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്വീകരിച്ച നടപടികൾ (കൃഷി-പി.യു.1/03/2018-കൃഷി നമ്പർ ഫയൽ)

1) ഹോർട്ടികോർപ്പിലെ ടെക്നിക്കൽ ഓഫീസറായിരുന്ന ശ്രീമതി ഷൈലജയ്ക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുവാനും

2) കർഷകർക്ക് ഉണ്ടായ സമ്പത്തിക നഷ്ടം കൃഷി ഡയറക്ടർ കണക്കാക്കി നൽകുന്ന മുറയ്ക്ക് ശ്രീമതി ഷൈലജയിൽനിന്നും അവരുടെ ഭാഗം ഈടാക്കി കൃഷി ഡയറക്ടർക്ക് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാനും

3) ടിഷ്യൂകൾച്ചർ വാഴത്തൈ വിതരണത്തിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ച കിളിമാനൂരിലെ തറട്ടയിൽ നഴ്സറി എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും ടി സ്ഥാപന ഉടമയ്ക്കെതിരെ ഉചിതമായ നിയമനടപടി കൊക്കൊള്ളുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും ഹോർട്ടികോർപ്പ് എം.ഡി.-ക്ക് 2-11-2020-ലെ കൃഷി-പി.യു1/3/2018-കൃഷി നമ്പർ സർക്കാർ കത്ത് പ്രാകരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം

31 (1518) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 2020 ഡിസംബർ 31 വരെ ഹോർട്ടി കോർപ്പ് മുഖാന്തരം സംസ്ഥാനത്തുനിന്ന് എത്ര ടൺ പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞു എന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പ് മുഖാന്തരം സംസ്ഥാനത്തുനിന്ന് സംഭരിച്ച് വിതരണം നടത്തിയ പച്ചക്കറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകരിൽനിന്നും അന്യ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും പച്ചക്കറി സംഭരിച്ചാണ് വിതരണം നടത്തുന്നത്. 2019-20 കാലഘട്ടത്തിൽ പച്ചക്കറി സംഭരണത്തിൽ കുറവുണ്ടായത് പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിനാലാണ്.

(ബി) ന്യായവിലയിൽ പച്ചക്കറി സംഭരണവും വിതരണവും നടത്തുന്ന ഹോർട്ടികോർപ്പ് ആർ.പി.സി.-കളും ഔട്ട്ലെറ്റുകളും സംസ്ഥാനത്ത് ഇപ്പോൾ എത്രയെണ്ണമാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഹോർട്ടികോർപ്പിന്റെ കീഴിൽ പഴം പച്ചക്കറി സംഭരണത്തിനും വിതരണത്തിനുമായി പ്രവർത്തിക്കുന്ന ജില്ലാ സംഭരണ കേന്ദ്രങ്ങളുടേയും ഔട്ട്ലെറ്റുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | കർഷകരിൽ നിന്നുള്ള സംഭരണം | |
|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | തുക (കോടിയിൽ) |
| 1 | 2016-17 | 7003.92 | 18.38 |
| 2 | 2017-18 | 7212.75 | 27.07 |
| 3 | 2018-19 | 8997.52 | 24.03 |
| 4 | 2019-20 | 7490.1 | 21.5 |
| 2020 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ | | 5324.123 | 13.37 |

(സി) ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതാണ്. സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 50 പുതിയ ഔട്ട്ലെറ്റുകളും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇതിനോടകം 20 പുതിയ സ്വന്തം സ്റ്റാളുകളും 20 ഫ്രാഞ്ചൈസി സ്റ്റാളുകളും ആരംഭിച്ചുകഴിഞ്ഞു. ഹോർട്ടികോർപ്പിന്റെ

പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1. കാസർഗോഡ് ജില്ലയിൽ സംഭരണ കേന്ദ്രം
2. ഇടുക്കി ജില്ലയിലെ കൊച്ചറയിൽ ഒരു സംഭരണ ഉപകേന്ദ്രം
3. സ്വന്തം സ്റ്റാളുകളുടെ എണ്ണം 100-ൽനിന്നും 150 ആയി വർദ്ധിപ്പിക്കുന്നത്
4. RIDF പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, എറണാകുളം ഡി.പി.സി.-കൾ നവീകരിക്കുന്നതും അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്
5. പച്ചക്കറി സംഭരണം കാര്യക്ഷമമാക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള റീഫർ വാനുകൾ സ്ഥാപിക്കുന്നത്
6. മാവേലിക്കരയിൽ പ്രവർത്തിക്കുന്ന തേനീച്ച വളർത്തൽ കേന്ദ്രത്തിന്റെ 2-ാം ഘട്ട നവീകരണം നടപ്പിലാക്കുന്നതും കർഷകരിൽനിന്നുമുള്ള തേൻ സംഭരണം വർദ്ധിപ്പിക്കുന്നതും
7. സംസ്ഥാനത്തുടനീളമുള്ള 33115 അങ്കണവാടികളിലെ 5 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് ദിവസേന തേൻ നൽകുന്നതിനായി സാമൂഹിക വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് "തേൻ കണം" പദ്ധതി
8. സംസ്ഥാനത്തുടനീളം മിൽമ ഔട്ട്‌ലെറ്റുകൾ മുഖേന ഹോർട്ടികോർപ്പിന്റെ തേനും തേനുൽപ്പന്നങ്ങളുടെയും വിപണനം
9. തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും വിപണനവും.
10. തിരുവനന്തപുരം ജില്ലയിലെ പാളയത്തും കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കർഷകരിൽനിന്നും അധിക വില നൽകി നാടൻ പഴങ്ങളും പച്ചക്കറികളും സംഭരിച്ച് വിപണനം നടത്തുന്നതിനായി പ്രത്യേക നാടൻ പഴം പച്ചക്കറി വിപണന ശാലകൾ ആരംഭിക്കുന്നത്.

**പച്ചക്കറികൾക്ക് താങ്ങുവില**

32 (1519) ശ്രീ. കെ.വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പതിനാറ് ഇനം പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ച സർക്കാരിന്റെ ഏറ്റവും മാതൃകാപരമായ കർഷക സൗഹൃദ നടപടിയിൽ പച്ചക്കറികൾക്ക് എപ്രകാരമാണ് വില നൽകുവാൻ ഉദ്ദേശിക്കുന്നത്?

പഴം, പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ട് 26-10-2020-ന് G.O.(MS)No.80/2020/Agri പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് വിലസ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക, വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ നിന്ന് കർഷകരെ സംരക്ഷിക്കുക, തെരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകരിൽനിന്നും തറവിലയിൽ സംഭരണം നടത്തി കർഷകരെ സംരക്ഷിക്കുക, കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക, ബന്ധപ്പെട്ട എല്ലാ ഏജൻസികളും ഉൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് പദ്ധതി നടപ്പിലാക്കുന്നത്. ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകൻ വിള, വിസ്തീർണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കാർഷിക പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ വിളകൾ അനുസരിച്ച് നിർദിഷ്ട സമയങ്ങളിൽ (2 പ്രാവശ്യം) കൃഷിയിടത്തിന്റെ ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്, ഇത് കൃഷി ഭവനുകളിൽനിന്നും പരിശോധന നടത്തി ഉറപ്പുവരുത്തുന്നതാണ്. ആനുകൂല്യം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് ലഭ്യമാകുക. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾ വഴി വിളകൾ ശേഖരിച്ചുവരുന്നു. അടിസ്ഥാന വിലയെക്കാൾ വിപണി വില താഴുന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ലഭിക്കേണ്ട വില വിത്യാസം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്.

(ബി) ഹോർട്ടികോർപ്പ് വഴി മാത്രമാണോ സംഭരണം ഏർപ്പെടുത്തുക; അതോ മറ്റ് ഏജൻസികളേയും ഈ പ്രക്രിയയിൽ ഉൾപ്പെടുത്തുമോ; നിശ്ചയിക്കപ്പെട്ടിട്ടുള്ള താങ്ങുവില കളക്ഷൻ സെന്ററിൽ നിന്ന് സംഭരിക്കപ്പെടുമ്പോൾത്തന്നെ നൽകുമോ; വിശദവിവരം നൽകുമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, ഇക്കോ ഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾ വഴി നിലവിൽ വിളകൾ ശേഖരിച്ചുവരുന്നു. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴുന്ന സാഹചര്യത്തിൽ ജില്ലാതല

പ്രൈസസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു. മാർക്കറ്റ് വില കർഷകർക്ക് പച്ചക്കറി സംഭരിക്കുമ്പോൾ തന്നെ നൽകി വരുന്നു. വിപണി വിലയും അടിസ്ഥാന വിലയും തമ്മിലുള്ള വ്യത്യാസം കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

## കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

33 (1520) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി 1.96 ലക്ഷം ഹെക്ടർ ആയിരുന്നു. സർക്കാരിന്റെ ചിട്ടയായ പ്രവർത്തനശൈലിയുടെ ഭാഗമായി നെൽകൃഷിയുടെ വിസ്തൃതി 2.31 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 2017-18-ൽ 220449 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായി നഷ്ടപ്പെട്ടിട്ടും 2018-19 വർഷത്തിൽ 202985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിർത്താൻ സാധിച്ചു. 2019-20 വർഷത്തിൽ 230941 ഹെക്ടർ നെൽകൃഷി ഇറക്കിയിട്ടുണ്ട്. 32761.61 ഹെക്ടർ നെൽകൃഷി പ്രകൃതി ക്ഷോഭത്താൽ നഷ്ടപ്പെട്ടിരുന്നു. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങൾ സുസ്ഥിര നെൽകൃഷി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5500 രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു. വികസന ഏജൻസികൾക്കുള്ള ഫണ്ട് നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. പ്രത്യേക നെല്ലിനങ്ങളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിക്കുള്ള പ്രോൽസാഹനം പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്സ്മതി) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. കരനെൽകൃഷി വികസനം- സംസ്ഥാനത്ത് എന്ന പദ്ധതിയിൽ കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കി. തരിശുനിലകൃഷി പദ്ധതിയിലൂടെ നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ടുവരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും നൽകി വരുന്നു. 2020-21 വർഷത്തിൽ ഒന്നാം വർഷ തരിശു കൃഷിക്ക് സഹായധനം 4,0000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി-ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. പാഠം ഒന്ന് പാടത്തേക്ക് യുവതലമുറയെ നെൽക്യഷിയിലേക്ക് ആകർഷിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കൊണ്ട് പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി 2019 -20 മുതൽ നടപ്പിലാക്കി വരുന്നു . നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷം ആരംഭിച്ച നടപ്പിലാക്കി വരുന്നു. നെൽകൃഷിക്ക് കുമ്മായം മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഹെക്ടറിന് 5,400 രൂപ വീതം സബ്സിഡി നൽകി വരുന്നു. ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കി വരുന്നു. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഒരു സീസണിൽ ഹെക്ടറിന് 1,000 രൂപ നിരക്കിൽ നൽകി വരുന്നു. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികത്തിയതും മറ്റാവശ്യങ്ങൾക്ക് പതിച്ചു കൊടുക്കാൻ തീരുമാനിച്ചതും പതിച്ചു കൊടുത്തതുമായ കൃഷിഭൂമി ഈ സർക്കാർ വന്നതിനുശേഷം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നല്കാമോ?

ഉണ്ട്. മറ്റാവശ്യങ്ങൾക്കായി തരിശിട്ടിരുന്ന നെൽവയലുകൾ തരിശു കൃഷിയിലൂടെ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കുമരകം മെത്രാൻ കായൽ, ആറന്മുള പാടശേഖര പ്രദേശം എന്നിവ ഇത്തരത്തിൽ വീണ്ടെടുത്ത് കൃഷി പുനരാരംഭിക്കാൻ കൃഷി വകുപ്പിന്റെ ഇടപെടൽ മുഖാന്തരം സാധിച്ചു.

(സി) ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പച്ചക്കറിയുടെ ഉൽപ്പാദനം 6.28 മെട്രിക് ടൺ ആയിരുന്നത് 2019-20-ൽ 14.9 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന 'ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പുതിയ പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ബഹു കേരള മുഖ്യമന്ത്രിയുടെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മഴമറ നിർമ്മാണം. വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. എല്ലാ കൃഷി ഭവൻ പരിധിയിലും

50 മുതൽ 100 സ്ക്വയർ മീറ്റർ വരെയുള്ള മഴമറകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചെലവ് വരുന്ന തുകയിൽ 75 ശതമാനം സബ്സിഡിയോട് കൂടി 50,000 രൂപയിൽ അധികരിക്കാതെയാണ് കർഷകർക്ക് നൽകുന്നത്. മഴമറയുടെ വിസ്തീർണമനുസരിച്ച് ചതുരശ്ര മീറ്ററിന് ആനുപാതികമായി സഹായം നൽകുന്നു. ഈ സർക്കാർ വന്നതിനു ശേഷം സംസ്ഥാനത്തെ പച്ചക്കറി ഉല്പദാനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം പച്ചക്കറി തൈകളുടെ വിതരണം മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, മാലിന്യസംസ്കരണം സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം ജില്ലാ ക്ലസ്റ്ററുകൾ വികസനം എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും തരിശു നില കൃഷി മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് വിതരണം, വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വകസന പദ്ധതികൾക്കായി ധനസഹായം.

## സംസ്ഥാനത്തെ നെൽകൃഷി ചെയ്യുന്നതിന്റെ വിസ്തീർണ്ണം

34 (1521) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17-ൽ സംസ്ഥാനത്ത് എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്തുവന്നിരുന്നത്?

2016-17-ൽ സംസ്ഥാനത്ത് 1,71,398 ഹെക്ടറിലാണ് നെൽകൃഷി ചെയ്തു വന്നിരുന്നത്.

(ബി) 2017-18 വർഷം സംസ്ഥാനത്ത് നെൽകൃഷി എത്ര ഹെക്ടറിൽ ചെയ്തിരുന്നു?

2017-18 വർഷം സംസ്ഥാനത്ത് നെൽകൃഷി 2,20,449 ഹെക്ടറിൽ ചെയ്തിരുന്നു.

(സി) 2018-19-ലെ മഹാപ്രളയത്തിൽ ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിക്കാനിടയായ സാഹചര്യത്തെ അതിജീവിച്ച് 2019-20-ൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ സാധിച്ചു?

2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നശിക്കാനിടയായ സാഹചര്യമുണ്ടായിട്ടും കർഷകരും കൃഷി വകുപ്പും ജനപ്രതിനിധികളും മറ്റ് അനുബന്ധ വകുപ്പുകളും നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 2019-20 വർഷത്തിൽ 2,30,941 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ സാധിച്ചു.

(ഡി) നെൽകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

നെൽവയൽ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, നെല്ലുൽപ്പാദനം കൂട്ടുന്നതിനും സർക്കാർ 2016-17 മുതൽ വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം* ആയി ചേർത്തിരിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ പാലക്കാട് ജില്ലയെയും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി നെൽകൃഷിക്ക് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു.

## ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത

35 (1522) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നശേഷം എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരംമാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷം ആരംഭിച്ച് നടപ്പിലാക്കി വരുന്നു. തരിശു ഭൂമിയിൽ നെൽക്യഷി ചെയ്യുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 30,000 രൂപയിൽ നിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽക്യഷിക്കുള്ള കുമ്മായത്തിന് 2015-16 ൽ നൽകിയിരുന്ന ഹെക്ടറിന് 3,000 രൂപയിൽനിന്ന് ഈ സർക്കാരിന്റെ കാലത്ത് ഹെക്ടറിന് 5,400 രൂപയായി വർദ്ധിപ്പിച്ചു. നെൽക്യഷിക്കുള്ള ഉഴവുകൂലി നിലവിലുള്ള ഹെക്ടറിന് 17,500 രൂപയിൽനിന്ന് 22,000 രൂപയായി 2020-21 ൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് കേരള സർക്കാർ താങ്ങുവിലയ്ക്ക് പുറമെ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് പ്രഖ്യാപിച്ചിട്ടുണ്ട്. 2015-16 കാലയളവിൽ സംസ്ഥാന വിഹിതമായ 7 രൂപ 40 പൈസയും കേന്ദ്ര വിഹിതമായ 14 രൂപ 10 പൈസയും ചേർത്ത് 21 രൂപ 50 പൈസയാണ് നൽകിയിരുന്നത്. എന്നാൽ നിലവിൽ 2020-21-ൽ സംസ്ഥാന വിഹിതമായ 8 രൂപ 80 പൈസയും കേന്ദ്ര വിഹിതമായ 18 രൂപ 68 പൈസയും ചേർത്ത് 27 രൂപ 48 പൈസയാണ് ഒരു കിലോയ്ക്ക് നൽകുന്നത്. പുതിയ ബഡ്ജറ്റിൽ നെല്ലിന്റെ സംഭരണ വില 28 രൂപയായി ഉയർത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ 2016-17 മുതൽ വിവിധ സംസ്ഥാനവിഷ്കൃത - കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം (1)* ആയി ചേർത്തിരിക്കുന്നു. നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉള്ള ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആനുകൂല്യം നൽകിവരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഹെക്ടറൊന്നിനു 3500 രൂപ ധനസഹായം നൽകുന്നു.

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നെല്ല് സംഭരണം സപ്ലൈകോ മുഖേനയാണ് നടത്തുന്നത്. സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കർഷകന് ന്യായമായ വില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നെല്ല് വിൽക്കുന്നതിനും ഇത് സഹായിക്കുന്നു. 2019-20-ൽ 7.01 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. നിലവിൽ നെല്ലിന്റെ സംഭരണ വില 27 രൂപ 48 പൈസയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാന വിഹിതം 8 രൂപ 80 പൈസയും കേന്ദ്ര വിഹിതം 18 രൂപ 68 പൈസയുമാണ്. പുതിയ ബഡ്ജറ്റിൽ നെല്ലിന്റെ സംഭരണ വില 28 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) നെൽകൃഷിയിലും ഉത്പാദനത്തിലും കഴിഞ്ഞ അഞ്ച് വർഷമുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കാമോ?

2015-16 വർഷത്തിൽ 1,96,870 ഹെക്ടർ നെൽ കൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 2,30,941 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. നെൽ ഉത്പാദനം 8,23,913 ടണ്ണിൽനിന്നും 9,91,500 ടൺ വരെ ഉയർത്തുവാനും സാധിച്ചു. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം (2)* ആയി ചേർക്കുന്നു.

(ഡി) ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ?

സംസ്ഥാന കൃഷി വകുപ്പ് പച്ചക്കറി വികസനത്തിന് വേണ്ടിയും നെല്ല് കൃഷി വികസനത്തിനുവേണ്ടിയും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ " ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ജനവരി 2020 തൊട്ട് 2021 വിഷു വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന കാലയളവിലേയ്ക്കുവേണ്ടി നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷംതോറും സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു. ' ജീവനി' പദ്ധതിയിൽ കൃഷി വകുപ്പിനെ കൂടാതെ ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കുടുംബശ്രീ, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം പങ്കാളികളാകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വിവിധ ഏജൻസികളായ വി.എഫ്.പി.സി.കെ., എസ്.എച്ച്.എം., എസ്.എഫ്.എ.സി., തുടങ്ങിയവയുടെ സംയോജനം " ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുടെ നടത്തിപ്പിന് ഉപയുക്തമാക്കുന്നു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളായ ആത്മ, ഓർഗാനിക് ഫാമിംഗ്, മാർക്കറ്റിംഗ് എന്നിവ സമഗ്ര പച്ചക്കറി വികസന പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നുണ്ട്. വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പായ്ക്കറ്റുകളും, പച്ചക്കറി തൈകളും " ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്തു. ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, ' എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നിവ മുഖാന്തരം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുകയും വിതരണം നടത്തിയിട്ടുമുണ്ട്. മറ്റുല്പാദനോപാധികളായ ജൈവ വളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി മറ്റു ഘടകങ്ങളായ 'ഓണത്തിന് ഒരു മുറം പച്ചക്കറി' ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം, മഴമറ നിർമ്മാണം എന്നിവയും നടപ്പിലാക്കി വരുന്നു. നെൽകൃഷി വികസന പദ്ധതിയിലൂടെ ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2018 ആഗസ്റ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ പതിനായിരക്കണക്കിന് ഹെക്ടർ നെൽകൃഷി നശിച്ചിട്ടും കൃഷി വകുപ്പ് നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയും ചെയ്തു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി നിലനിർത്തുന്നതിനും ശാസ്ത്രീയ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കിവരുന്ന നെല്ല് വികസന പരിപാടിയിലൂടെ ശരാശരി ഉൽപാദനക്ഷമത ഹെക്ടറിന് 3 ടണ്ണായി ഉയർത്തുവാൻ ലക്ഷ്യമിടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019-20 സാമ്പത്തിക വർഷത്തിൽ 2.30941 ലക്ഷം ഹെക്ടർ സ്ഥലത്തു നെൽകൃഷി വ്യാപിപ്പിക്കുകയും ആയതിലൂടെ 9 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപാദിപ്പിച്ചും ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടം നടത്തി. നെൽ വികസന പദ്ധതിയുടെ ഘടകങ്ങളായ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹനം, നെൽകൃഷി വിസ്തൃതി വർദ്ധനവ് എന്നിവയിലൂടെ സംസ്ഥാനം നെൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. 2020-21 വർഷത്തിൽ ഭക്ഷ്യ-കാർഷിക മേഖലയെ, സാരമായി ബാധിച്ച ആഗോള പ്രതിസന്ധിയാണ് കോവിഡ്-19 മഹാമാരി ഈ പ്രതിസന്ധി ഭക്ഷ്യ ക്ഷാമത്തിനും പോഷകാഹാരക്കുറവിനും ഇടയാക്കുന്നതാണ്. ഇത് പരിഹരിക്കുന്നതിനായി കേരള സർക്കാർ സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് തരിശുഭൂമികൃഷി. തദ്ദേശസ്വയഭരണസ്ഥാപനങ്ങളും കൃഷി വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം ഇതിനായി ഉപയോഗിക്കുന്നു. കൂടാതെ കൃഷി വകുപ്പ് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. 25,500 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. നാളിതുവരെ 19555 ഹെക്ടർ സ്ഥലത്ത് തരിശുഭൂമി കൃഷി നടപ്പിലാക്കി. ഇതിൽ 12,500 ഹെക്ടർ ഭൂമിയിലെ കൃഷിയ്ക്ക് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ വിഹിതവും 13,000 ഹെക്ടർ ഭൂമിയിലെ കൃഷിക്ക് ആർ.കെ.വി.വൈ. പദ്ധതി വിഹിതമായ 37 കോടി രൂപയുടെ ആനുകൂല്യവും നൽകുന്നതാണ്. 2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശുകൃഷിമൂലം 5000 ഹെക്ടർ ഭൂമിയിൽനിന്നും 17500 ടൺ നെല്ല്; 7000 ഹെക്ടർ കൃഷിയിൽനിന്നും 105000 ടൺ പച്ചക്കറി; 7500 ഹെക്ടർ വാഴകൃഷിയിൽനിന്നും 90000 ടൺ വാഴക്കുല; 5,000 ഹെക്ടർ കിഴങ്ങുവർഗ്ഗ കൃഷിയിൽനിന്നും 60000 ടൺ കിഴങ്ങു വിളകൾ; 500 ഹെക്ടർ ഭൂമിയിൽനിന്നും 475 ടൺ പയർ വർഗ്ഗങ്ങൾ; 500 ഹെക്ടർ ചെറുധാന്യ കൃഷിയിൽനിന്നും 325 ടൺ ചെറുധാന്യങ്ങൾ എന്നിങ്ങനെ ഉത്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

## നെല്ലുല്പാദനത്തിലുണ്ടായ വർദ്ധനവ്

36 (1523) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 2011-2016 കാലയളവിനേക്കാൾ നെല്ലുല്പാദനം എത്രമടങ്ങ് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

2011-12 വർഷത്തിൽ നെല്ലൽപ്പാദനം 889047 ടണ്ണിൽനിന്നും ഈ സർക്കാരിന്റെ കാലത്ത് 991500 ടൺ വരെ ഉയർത്തുവാൻ സാധിച്ചു. അതിന്റെ വിശദവിവരങ്ങൾ അനുബന്ധം (I)* ആയി ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകർഷകർക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിന്റെ ഭാഗമായി എത്ര കോടിരൂപയുടെ ആനുകൂല്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരംമാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷം ആരംഭിച്ച നടപ്പിലാക്കിവരുന്നു. തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 30,000 രൂപയിൽ നിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽക്കൃഷിക്കുള്ള കുമ്മായത്തിന് 2015-16 ൽ നൽകിയിരുന്ന ഹെക്ടറിന് 3,000 രൂപയിൽനിന്ന് ഈ സർക്കാരിന്റെ കാലത്തു ഹെക്ടറിന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5400 രൂപയായി വർദ്ധിപ്പിച്ചു. നെൽക്കൃഷിക്കുള്ള ഉഴവുകൂലി നിലവിലുള്ള ഹെക്ടറിന് 17,500 രൂപയിൽ നിന്ന് 22,000 രൂപയായി 2020-21ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് കേന്ദ്രസർക്കാർ MSP-യായി കിലോ ഒന്നിന് 18.68 രൂപയാണ് നൽകുന്നത്. എന്നാൽ സംസ്ഥാന സർക്കാർ MSP-യ്ക്ക് പുറമേ കിലോ ഒന്നിന് 8.80 രൂപ ഉത്പാദന ബോണസ്സായി അധികം നൽകി 27.48 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. പുതിയ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ നൽകുന്ന ഉത്പാദന ബോണസ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം 2021 ഏപ്രിൽ 1 മുതൽ നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 28 രൂപയായി വർദ്ധിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ 2016-17 മുതൽ വിവിധ സംസ്ഥാനാവിഷ്കൃത - കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം (II)* ആയി ചേർത്തിരിക്കുന്നു. നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉള്ള ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആനുകൂല്യം നൽകിവരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഹെക്ടറൊന്നിനു 3,500 രൂപ ധനസഹായം നൽകുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുനില കൃഷിയ്ക്ക് അനുവദിക്കുന്ന സബ്സിഡി 30,000 രൂപയിൽ നിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചു. നെൽകൃഷിയുടെ വിസ്തീർണ്ണവും കോൾ കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോൾ മേഖലയിൽ ഒരു അധിക വിള കൃഷി ചെയ്യുന്നതിനായി "ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി" നടപ്പിലാക്കി. ഇതുവഴി 2018-19 മുതൽ 3,500 ഏക്കർ അധികമായി നെല്ലും പയറുവർഗ്ഗങ്ങളും കൃഷി ചെയ്തുവരുന്നു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസനത്തിനായി ഹെക്ടർ ഒന്നിന് 10,000 രൂപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി. ചെറുകിട കർഷകർക്ക് സഹായകരമായ നിലയിൽ 430 ചെറുകിട അരിമില്ലുകളും സംസ്കരണ യൂണിറ്റുകളോടു കൂടിയ 17 വൻകിട അരിമില്ലുകളും സ്ഥാപിച്ചിട്ടുണ്ട്. പാടശേഖര സമിതികൾ പ്രാദേശിക കർഷക കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് അരിയാക്കി പ്രാദേശിക ബ്രാന്റ് നാമത്തിൽ വിപണനം ചെയ്തുവരുന്നുണ്ട്. പൊക്കാളി ഇനങ്ങൾക്കുപുറമെ ആറന്മുള, മയ്യിൽ, ചിറയ്ക്കര, കതിർമണി (ചിറയിൻകീഴ്) എന്നിവ ഇതിനകം വിജയം വരിച്ച പ്രാദേശിക ബ്രാന്റുകളായി ഉയർന്നുവന്നിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധം - III* ആയി ചേർക്കുന്നു.

## 'ഡബിൾ കോൾ' പദ്ധതി

37 (1524) ശ്രീ. മുരളി പെരുനല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ 'ഡബിൾ കോൾ' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നെല്ലുൽപ്പാദനം എത്രമാത്രം വർദ്ധിപ്പിക്കാനായി എന്ന് അറിയിക്കാമോ ?

2018-19 ഓപ്പറേഷൻ 'ഡബിൾ കോൾ' ഒന്നാം വർഷം 16 പാടശേഖരങ്ങളിലായി 2000 ഏക്കറിൽ കൃഷി നടത്തുകയും 2500 മെട്രിക് ടൺ (5.4 കോടി രൂപയുടെ ഉത്പാദനം) ഉണ്ടാവുകയും ചെയ്തു. 2019-20 രണ്ടാം വർഷം 6 പാടശേഖരങ്ങളിലായി 400 ഏക്കറിൽ കൃഷി ഇറക്കുകയും 425 മെട്രിക് ടൺ (1.15 കോടി രൂപയുടെ ഉത്പാദനം) ഉണ്ടാകുകയും ചെയ്തു. 2020-21 മൂന്നാം വർഷത്തിൽ 1500 ഏക്കറിൽ നെൽകൃഷിയും 900 ഏക്കറിൽ പയറ്, ചോളം എന്നിവയും പ്രദർശനത്തോട്ടത്തിന്റെ മാതൃകയിൽ 15 ഏക്കറിൽ എള്ള് കൃഷിയും ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. 2019-20-ലെ നീണ്ടുനിന്ന കാലവർഷവും വെള്ളപ്പൊക്കവുംമൂലം ഒന്നാം വിള വൈകുകയും തൻമൂലം ഡബിൾ കോൾ കൃഷിയുടെ വിസ്തൃതി കുറയാനുമിടയായി. 2018-19 കൊല്ലത്തിൽ 99600 തൊഴിൽദിനങ്ങളും രണ്ടാം വർഷത്തിൽ 40000 തൊഴിൽദിനങ്ങളും സൃഷ്ടിച്ചു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-20 വർഷത്തിൽ പയറുവർഗ്ഗങ്ങൾ 400 ഹെക്ടറിലും നവര 50 ഹെക്ടറിലും കൃഷിയിറക്കുകയുണ്ടായി. 2020 മാർച്ച് മുതലുണ്ടായ കോവിഡ് പ്രതിസന്ധി രണ്ടാം വർഷത്തെ ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയെ പ്രാരംഭദിശയിൽ ബാധിച്ചു.

(സി) ഡബിൾ കോൾ പദ്ധതി പ്രകാരം നെൽകർഷകർക്ക് നിലവിലുള്ള ആനുകൂല്യങ്ങൾക്ക് പുറമേ മറ്റ് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

നെൽകൃഷിക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന എസ്.ഡി.ആർ, ആർ.കെ.വി.വൈ, കുമ്മായം, ഉത്പാദന ബോണസ്സ്, പമ്പിംഗ് സബ്സിഡി എന്നീ ആനുകൂല്യങ്ങൾക്കു പുറമേ 10,000 രൂപ കൂടി ഒരു ഹെക്ടറിന് നൽകുന്നു. കൂടാതെ പെട്ടിപറ മാറ്റി അഞ്ച് സബ്-മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കുകയും ഇതിന് അനുബന്ധമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. 15 ട്രാക്ടറുകൾക്ക് റോട്ടോവേറ്റർ അനുവദിച്ചിട്ടുണ്ട്. ഓപ്പറേഷൻ ഡബിൾകോൾ പദ്ധതിയിൽ രണ്ടാംവിള കൃഷി ചെയ്യുന്ന കർഷകർക്ക് എ.ആർ.എസ്. മണ്ണുത്തി വികസിപ്പിച്ചെടുത്ത മനുരത്ന വിത്ത് നൽകിയിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി ജലസേചന സൗകര്യം, കുമ്മായം, ജൈവവളം മുതലായവ ലഭ്യമാക്കൽ, കീടരോഗ നിയന്ത്രണത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ ഇടപെടൽ, കൊയ്ത്തിനായി കെയ്കൊയുടെ സഹകരണം, നെല്ല് സംഭരണത്തിന് സപ്ലൈകോ രജിസ്ട്രേഷൻ മുതലായവയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## നെൽവയലുകളുടെ വിസ്തൃതി കുറയുന്ന സാഹചര്യം

38 (1525) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽവയലുകളുടെ വിസ്തൃതി വർഷംതോറും കുറയുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

കഴിഞ്ഞ 4 വർഷക്കാലമായി നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടായിട്ടില്ല. 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽ കൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 2017-18-ൽ 220449 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായി നഷ്ടപ്പെട്ടിട്ടും 2018-19 വർഷത്തിൽ 202985 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നിലനിർത്താൻ സാധിച്ചു. 2019-20 വർഷത്തിൽ 230941 ഹെക്ടർ നെൽകൃഷി ഇറക്കിയിട്ടുണ്ട്. 32761.61 ഹെക്ടർ നെൽകൃഷി പ്രകൃതിക്ഷോഭത്താൽ നഷ്ടപ്പെട്ടിരുന്നു.

(ബി) നെൽവയൽ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ലുല്പാദനം കൂട്ടുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;അതിലൂടെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ?

നെൽവയൽ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, നെല്ലുല്പാദനം കൂട്ടുന്നതിനും സർക്കാർ 2016-17 മുതൽ വിവിധ സംസ്ഥാനാവിഷ്കൃത-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം (1)* ആയി ചേർത്തിരിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ പാലക്കാട് ജില്ലയും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ എല്ലാ ജില്ലകളും ഉൾപ്പെടുത്തി നെൽകൃഷിക്ക് ആനുകൂല്യം നൽകിവരുന്നു.

നേട്ടങ്ങൾ: 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 230941 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. അരിയുടെ ഉത്പാദനം 549275 ടണ്ണിൽനിന്നും 605541 ടൺ വരെ ഉയർത്തുവാനും സാധിച്ചു. തരിശുനില കൃഷി, കരനെൽകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി, ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം എന്നീ ഘടകങ്ങളിലെ ഭൗതിക നേട്ടങ്ങൾ അനുബന്ധം (2)* ആയി ചേർക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഇതുവരെ 48515.59 ഹെക്ടറിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി.

(സി) നെൽകർഷകർക്ക് റോയൽറ്റി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്നും എങ്കിൽ എത്രപേർക്ക് റോയൽറ്റി നൽകിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

നെൽ കർഷകർക്ക് റോയൽറ്റി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും 4000 ലക്ഷം രൂപ നെൽകൃഷിക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി (Royalty for owners of cultivable paddy land) നൽകുന്നതിനായി നീക്കിവച്ചിട്ടുണ്ട്. 109783 കർഷകർ ഈ പദ്ധതിയിൽ ഇതുവരെ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31-12-2020 വരെ 52565 കർഷകർക്കായി 458.56878 ലക്ഷം രൂപ DBT മുഖാന്തരം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്തുകഴിഞ്ഞു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നെൽകർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

39 (1526) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകാമോ:

ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരംമാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷം ആരംഭിച്ച് നടപ്പിലാക്കിവരുന്നു. തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 30,000 രൂപയിൽനിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽക്കൃഷിക്കുള്ള കുമ്മായത്തിന് 2015-16 ൽ നൽകിയിരുന്ന ഹെക്ടറിന് 3,000 രൂപയിൽനിന്ന് ഈ സർക്കാരിന്റെ കാലത്ത് ഹെക്ടറിന് 5,400 രൂപയായി വർദ്ധിപ്പിച്ചു. നെൽക്കൃഷിക്കുള്ള ഉഴവുകൂലി നിലവിലുള്ള ഹെക്ടറിന് 17,500 രൂപയിൽനിന്ന് 22,000 രൂപയായി 2020-21 ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് കേന്ദ്രസർക്കാർ MSP യായി കിലോ ഒന്നിന് 18.68 രൂപയാണ് നൽകുന്നത്. എന്നാൽ സംസ്ഥാന സർക്കാർ MSP യ്ക്ക് പുറമേ കിലോ ഒന്നിന് 8.80 രൂപ ഉത്പാദന ബോണസ്സായി അധികം നൽകി 27.48 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. പുതിയ ബജറ്റിൽ സംസ്ഥാന സർക്കാർ നൽകുന്ന ഉത്പാദന ബോണസ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം 2021 ഏപ്രിൽ 1 മുതൽ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 28 രൂപയായി വർദ്ധിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ 2016-17 മുതൽ വിവിധ സംസ്ഥാനാവിഷ്കൃത - കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം (I)* ആയി ചേർത്തിരിക്കുന്നു. നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉള്ള ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആനുകൂല്യം നൽകിവരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഹെക്ടറൊന്നിനു 3,500 രൂപ ധനസഹായം നൽകുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുനില കൃഷിക്ക് അനുവദിക്കുന്ന സബ്സിഡി 30,000 രൂപയിൽ നിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചു. നെൽകൃഷിയുടെ വിസ്തീർണ്ണവും കോൾ കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോൾ മേഖലയിൽ ഒരു അധിക വിള കൃഷി ചെയ്യുന്നതിനായി "ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി" നടപ്പിലാക്കി. ഇതുവഴി 2018-19 മുതൽ 3500 ഏക്കർ അധികമായി നെല്ലും പയറുവർഗ്ഗങ്ങളും കൃഷി ചെയ്തുവരുന്നു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ) വികസനത്തിനായി ഹെക്ടർ ഒന്നിന് 10,000 രൂപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി. ചെറുകിട കർഷകർക്ക് സഹായകരമായ നിലയിൽ 430 ചെറുകിട അരിമില്ലുകളും സംസ്കരണ യൂണിറ്റുകളോടുകൂടിയ 17 വൻകിട അരിമില്ലുകളും സ്ഥാപിച്ചിട്ടുണ്ട്. പാടശേഖര സമിതികൾ പ്രാദേശിക കർഷക കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് അരിയാക്കി പ്രാദേശിക ബ്രാന്റ് നാമത്തിൽ വിപണനം ചെയ്തുവരുന്നുണ്ട്. പൊക്കാളി ഇനങ്ങൾക്കുപുറമെ ആറന്മുള, മയ്യിൽ, ചിറയ്ക്കര, കതിർമണി (ചിറയിൻകീഴ്) എന്നിവ ഇതിനകം വിജയംവരിച്ച പ്രാദേശിക ബ്രാന്റുകളായി ഉയർന്നുവന്നിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധം - II* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നെല്ലിന് കേരള സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ്; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര രൂപയാണ് താങ്ങുവില ഉണ്ടായിരുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. 2020-21-ൽ സംസ്ഥാന വിഹിതം 8 രൂപ 80 പൈസയും കേന്ദ്ര വിഹിതമായ 18 രൂപ 68 പൈസയും ചേർത്ത് 27 രൂപ 48 പൈസയാണ് ഒരു കിലോ നെല്ലിന് താങ്ങുവിലയായി നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന വിഹിതം 7 രൂപ 40 പൈസയും കേന്ദ്ര വിഹിതമായ 14 രൂപ 10 പൈസയും ചേർത്ത് 21 രൂപ 50 പൈസയാണ് താങ്ങുവില ഉണ്ടായിരുന്നത്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കാർഷിക പദ്ധതികൾ**

40 (1527) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ 2016 ഏപ്രിൽ 1-നും 2020 ഡിസംബർ 31-നും ഇടയിൽ നടപ്പിലാക്കിയ വിവിധ കാർഷിക പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ 2016 ഏപ്രിൽ 1-നും 2020 ഡിസംബർ 31-നും ഇടയിൽ നടപ്പിലാക്കിയ വിവിധ കാർഷിക പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദീകരിക്കുമോ?

സുസ്ഥിര നെൽകൃഷി വികസന പദ്ധതി, RKVY, ജനകീയാസൂത്രണ പദ്ധതി തുടങ്ങിയവ വഴി 3,69,46,924 രൂപയുടെ പദ്ധതികൾ 2016 മുതൽ 2020 വരെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) മണ്ഡലത്തിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; മികച്ചയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് മെച്ചപ്പെട്ട പ്രാദേശിക ഇനങ്ങളെ തെരഞ്ഞെടുക്കുന്ന പദ്ധതിയിൽ ആദിനാടൻ തെങ്ങിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കേരഗ്രാമം, കേരസമൃദ്ധി തുടങ്ങിയ സമഗ്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മെച്ചപ്പെട്ട പ്രാദേശിക ഇനങ്ങളുടെ തൈകൾ കൂടുതൽ തയ്യാറാക്കി കർഷകരുടെ കൈകളിൽ എത്തിക്കുന്നതിനായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രചാരത്തിലുള്ള നാളികേര ഇനമായ ആദിനാട് തേങ്ങ, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവും (CPCRI) ഓച്ചിറ ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷനും (OFEO) സംയുക്തമായി കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും ശാസ്ത്രീയമായി ശേഖരിച്ച് മേൽത്തരം തൈ ഉല്പാദനം നടത്തി കർഷകരിൽ എത്തിച്ച് വരുന്നു.

## കേരഗ്രാമം പദ്ധതി

41 (1528) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് എന്താണെന്ന് അറിയിക്കാമോ?

കേരഗ്രാമം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യംവയ്ക്കുന്നത് നാളീകേര കൃഷിയുടെ വിസ്തൃതി വർദ്ധനവും നാളീകേര ഉൽപ്പാദന വർദ്ധനവും അതുവഴി നാളീകേര കർഷകരുടെ ക്ഷേമവുമാണ്. 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായപദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണവസ്തുക്കൾ, ജൈവരാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർനിർമ്മാണ/സംസ്കരണയൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത്;?

കേരഗ്രാമം പദ്ധതി 1st year, 2nd year, 3rd year എന്നിങ്ങനെ 3 ഘട്ടങ്ങളിലായി ആകെ 24 പഞ്ചായത്തുകളിൽ നിലവിൽ നടപ്പിലാക്കിവരുന്നു. പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>കേരഗ്രാമം 1st year 4 എണ്ണം (2020-21 വർഷം ആരംഭിച്ചവ)</u>

1) തിരുവള്ളൂർ

2) കുന്നമംഗലം

3) കുറുവട്ടൂർ

4) കൂരാച്ചുണ്ട്

<u>കേരഗ്രാമം 2nd year 10 എണ്ണം (2019-20 വർഷം ആരംഭിച്ചവ)</u>

1) അത്തോളി

2) തലക്കുളത്തൂർ

3) കൂടരഞ്ഞി

4) എടച്ചേരി

5) കുറ്റ്യാടി

6) മരുതോങ്കര

7) ഒഞ്ചിയം

8) മേപ്പയൂർ

9) തിക്കോടി

10) ഫറോക്ക്

<u>കേരഗ്രാമം 3rd year 12 എണ്ണം (2018-19 വർഷം ആരംഭിച്ചവ)</u>

1) പെരുമണ്ണ

2) ബാലുശ്ശേരി

3) ഉണ്ണികുളം

4) ചെറുവണ്ണൂർ

5)നൊച്ചാട്

6) നന്മണ്ട

7) കട്ടിപ്പാറ

8) വളയം

9) വേളം

10) കായക്കൊടി

11) മൂടാടി

12) ചേറോട്

(സി) ബാലുശ്ശേരി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി വഴി എത്ര നാളികേര കർഷകർക്കാണ് വിവിധ പഞ്ചായത്തുകളിലായി ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്?

ബാലുശ്ശേരി മണ്ഡലത്തിൽ ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

നടുവണ്ണൂർ - 315

ബാലുശ്ശേരി - 2967

ഉണ്ണികുളം - 1536

അത്തോളി - 1228

കൂരാച്ചുണ്ട് - 1547

(ഡി) കേരഗ്രാമം പദ്ധതി കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

ഘട്ടംഘട്ടമായി നാളികേര കൃഷിയുള്ള എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

**നെടുമങ്ങാട് മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

42 (1529) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പോത്തൻകോട് പഞ്ചായത്തിൽ 2019-20 വർഷം കേരഗ്രാമം പദ്ധതി ഒന്നാംവർഷം നടപ്പിലാക്കി. 2020-21 വർഷം 2-ാം വർഷപദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ

അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. 2019-20 വർഷം ചുവടെ ചേർക്കുംവിധം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൂടാതെ 2020-21 വർഷം സംയോജിത കൃഷിപരിപാലനത്തിനും കേരസമിതി പ്രവർത്തനങ്ങൾക്കുള്ള സഹായവുമായി 19.73727 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിൽ 17.7 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

**കേരഗ്രാമം പദ്ധതി**

43 (1530) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'കേരഗ്രാമം' പദ്ധതിയിൽ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിനായി എത്ര കോടി രൂപ സർക്കാർ ചെലവാക്കിയിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം ഉള്ള പുരോഗതി വിവരങ്ങളും ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 278 പഞ്ചായത്തുകളിലായി 221 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ചെലവാക്കിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | കേരഗ്രാമം എണ്ണം | വിനിയോഗിച്ച തുക |
|---|---|---|
| 2016-17 | 30 | 3718.56 |
| 2017-18 | 44 | 3087.87 |
| 2018-19 | 77 | 3275.03 |
| 2019-20 | 55 | 1378.61 |
| 2020-21 | 15 | 2334.35 (തുക ചെലവഴിച്ച് വരുന്നു) |

കേരഗ്രാമം പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 കാലയളവിൽ 250 ഹെക്ടർ വീതമുള്ള 221 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത് കേരകൃഷി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി ഇതുവരെ 55250 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ സംയോജിതവിള പരിപാലനമുറകൾ നടപ്പിലാക്കുകയും 3512.67 ഹെക്ടറിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. 16708 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും 1309 ജൈവവള യൂണിറ്റുകൾ കർഷകരുടെ തോട്ടങ്ങളിൽ തയ്യാറാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## നാളികേര കൃഷി

44 (1531) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക, എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 21-11-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 138/2018/കൃഷി, സ.ഉ (കൈ) 34/2019/കൃഷി, തീയതി 1-3-2019 എന്നിവ പ്രകാരം നാളീകേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻതൈകൾ വീതം WCT, Dwarf, Hybrid ഇനങ്ങൾ 60:20:20 അനുപാതത്തിൽ 50% സബ്സിഡിയോടുകൂടി കർഷകർക്ക് വിതരണം ചെയ്യുന്നതിന് 2019-20 വർഷം മുതൽ തുടക്കംകുറിച്ചു. പദ്ധതിപ്രകാരം 2019-20 വർഷം 326025 തെങ്ങിൻതൈകളും 2020-21 വർഷം നാളിതുവരെ 783948 തൈകളും കർഷകർക്ക് കൃഷിവകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല ഫാമുകൾ, CPCRI, CDB എന്നീ സ്ഥാപനങ്ങളിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ കോൾ നിലങ്ങളിലെ ബണ്ടുകളിൽ 2019-20 വർഷം 13000 WCT തൈകളും ആലപ്പുഴ ജില്ലയിലെ R-Block കായൽ ബണ്ടുകൾ, കോട്ടയം ജില്ലയിലെ കൈപ്പുഴ വെച്ചൂർ പ്രദേശത്ത് 25000 WCT തൈകൾ 100% സബ്സിഡിയോടുകൂടി നടപ്പുവർഷം നടുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. കൂടാതെ കേരഗ്രാമം പദ്ധതിയിലൂടെയും ഉല്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യവും രോഗബാധിതവുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ ഗുണമേന്മയുള്ള തൈകൾ നടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിന്റെ തനതുകൃഷിയായ നാളികേര കൃഷിയുടെ വ്യാപനത്തിനും ഉല്പാദന വർദ്ധനവിനുമായി ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ പദ്ധതികൾ സംബന്ധിച്ച് തീരുമാനം ആകുന്നതേയുള്ളൂ.

(സി) നാശം സംഭവിച്ച് മുറിച്ചുമാറ്റേണ്ടിവരുന്ന തെങ്ങുകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നാളികേര കൃഷിയിൽ കർഷകന് വിജ്ഞാനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

രോഗം വന്നതും പ്രായാധിക്യംമൂലം ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് നിലവിൽ തെങ്ങൊന്നിന് 1000 രൂപയാണ് ആനുകൂല്യം നൽകിവരുന്നത്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നാളികേര കർഷകർക്ക് വിജ്ഞാനം പകരുന്നതിനായി വിവിധ പരിശീലന പരിപാടികൾ കൃഷിഭവൻ മുഖേനയും കാർഷിക പരിശീലന കേന്ദ്രങ്ങൾ, CPCRI, CDB, കാർഷിക സർവ്വകലാശാല എന്നിവ മുഖേനയും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിപാഠശാല മുഖേന പരിശീലന പരിപാടികളും നാളികേര കർഷകർക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കുറ്റ്യാടി വിത്തുതേങ്ങ സംഭരണം

45 (1532) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി വിത്ത് തേങ്ങ സംഭരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ:

(ബി) എത്ര ലക്ഷം വിത്തുതേങ്ങ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കുമോ?

(എ&ബി) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്യുന്നത് ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ, കേരസമൃദ്ധി എന്നീ പദ്ധതികളിലുൾപ്പെടുത്തി വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷമായി നടത്തിവരുന്നു. സംസ്ഥാനത്തെ പരമ്പരാഗത വിത്തുതേങ്ങ സംഭരണപ്രദേശമാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മേഖല. W C T ഇനത്തിൽപ്പെട്ട മുന്തിയതരം മാതൃവൃക്ഷങ്ങൾ കുറ്റ്യാടി മേഖലയിലെ കായക്കൊടി, ചെമ്പനോട, മരുതോംകര, കാവിലുംപാറ, കൂരാച്ചുണ്ട്, കായണ്ണ, കാന്തലാട്, കിനാലൂർ, ഉണ്ണികുളം, അത്തിയോടി, അവിടനല്ലൂർ, കോട്ടൂർ, കട്ടിപ്പാറ വില്ലേജുകളിൽനിന്നും തെരഞ്ഞെടുത്ത്

ശാസ്ത്രീയമായ രീതിയിൽ വിത്തുതേങ്ങ സംഭരണം നടന്നുവരുന്നു. കോഴിക്കോട് ജില്ലയിലെ വടകര (വിത്തു ശേഖരണം) ഓഫീസിന്റെ മേൽനോട്ടത്തിലാണ് സംഭരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങൾ അടയാളപ്പെടുത്തി അവയിൽനിന്നും ഡിസംബർ മുതൽ മേയ് വരെയുള്ള കാലയളവിൽ നടത്തുന്ന വിളവെടുപ്പിൽ വിളവെടുത്ത നല്ലയിനം വിത്തുതേങ്ങ മാത്രം തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകി തൈകളാക്കുന്നതിനായി എത്തിക്കുന്നു. 2020-21 വർഷത്തെ വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ 2020 ഡിസംബർ മാസത്തിൽ ആരംഭിക്കുകയും, വിത്തുതേങ്ങാ സംഭരണം 2021 മേയ് വരെ തുടരുകയും ചെയ്യുന്നതാണ്. 2021 മാർച്ച് വരെയുള്ള സംഭരണ പ്രവൃത്തിക്കായാണ് 378 ലക്ഷം രൂപ കുറ്റ്യാടി മേഖലയ്ക്ക് അനുവദിച്ചുനൽകിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി പ്രദേശത്തുനിന്നും സംഭരിച്ച വിത്തുതേങ്ങയുടെ എണ്ണവും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | സംഭരിച്ച വിത്തുതേങ്ങയുടെ എണ്ണം (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2016-17 | 3.232 | 171.3 |
| 2 | 2017-18 | 3.27 | 171.1 |
| 3 | 2018-19 | 3.41 | 261.1 |
| 4 | 2019-20 | 6.87 | 527.4 |
| 5 | 2020-21 | 10.0(സംഭരണലക്ഷ്യം) | 378.0 |
| | ആകെ | 26.782 | |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ 2019-20 വരെ കുറ്റ്യാടി പ്രദേശത്തുനിന്നും 16.782 ലക്ഷം WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ ശേഖരിച്ചിട്ടുണ്ട്. 2021 മേയ് വരെയുള്ള കാലയളവിൽ 10 ലക്ഷം വിത്തുതേങ്ങ കൂടി സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നാളികേര ഉത്പാദന മേഖലയിലെ വികസനപദ്ധതികൾ

46 (1533) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം കർഷകർക്ക് ഉറപ്പാക്കുന്നതിനും നാളികേര വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 7421 ലക്ഷം രൂപയാണ് നാളികേര വികസന പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നത്. കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 15 പുതിയ കേരഗ്രാമങ്ങളാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നടപ്പാക്കുന്നത്. തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും 0.2 ഹെക്ടർ വീതമുള്ള 25 മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി നടപ്പുവർഷം നടപ്പാക്കിവരുന്നു. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലയളവിൽ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ 50% ധനസഹായത്തോടെ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. പ്രായം ചെന്നതും ഉല്പാദന ക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ള പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. നടപ്പുവർഷം 621289 നെടിയയിനം, 32229 കുറിയയിനം, 130420 സങ്കരയിനം തൈകൾ ഉൾപ്പെടെ ആകെ 783938 തെങ്ങിൻതൈകൾ കർഷകർക്ക് നാളിതുവരെ വിതരണം

ചെയ്യുകയുണ്ടായി. മൂല്യവർദ്ധിത ഉല്പ്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിനും, നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാദ്ധ്യത വിപുലപ്പെടുത്തുന്നതിനും സംസ്ഥാനത്ത് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ വേങ്ങേരി മൊത്തവ്യാപാര വിപണിയിലും, കുത്താളി ജില്ലാകൃഷിത്തോട്ടത്തിലും, നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി തെരഞ്ഞെടുത്തിരിക്കുന്നത്. നാളികേരത്തിന്റെ സംസ്കരണം, മൂല്യവർദ്ധനം, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ആധുനിക സൗകര്യങ്ങൾ ടി അഗ്രോപാർക്കുകളിൽനിന്നും കർഷകർക്ക്/സംരംഭകർക്ക് ലഭ്യമാകുന്നതാണ്. ടി അഗ്രോപാർക്കുകൾ പ്രവർത്തന സജ്ജമാകുന്നതോടെ നാളികേരത്തിന്റെ മൂല്യവർദ്ധനയിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കാൻ കർഷകന് സാധിക്കും. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി തേങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സൂക്ഷ്മതല, ചെറുകിട, ഇടത്തരം സംരംഭകർക്ക് സഹായം നൽകിവരുന്നുണ്ട്. വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉത്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത ആനുകൂല്യം SFAC മുഖേന നൽകിവരുന്നുണ്ട്.

(ബി) കേരഗ്രാമങ്ങളെ സഹകരണ സംഘങ്ങളുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ സ്വീകരിച്ചിട്ടില്ല.

**കർഷക സംരക്ഷണ നടപടികൾ**

47 (1534) <u>ശ്രീ. എൻ. ഷംസുദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഇടനിലക്കാരുടെ പിടിയിൽനിന്ന് പുറത്തുവരാൻ കർഷകരെ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ വിപണികൾ വഴിയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ ഏജൻസികൾ വഴിയും ഉത്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും ആഴ്ച ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ട്.

## കർഷക ആത്മഹത്യകൾ

48 (1535) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നുവെന്ന് അറിയിക്കുമോ?

2018-ലെയും തുടർന്ന് 2019-ലെയും അനിതരസാധാരണമായ മഹാപ്രളയങ്ങളിൽ വസ്തുവകകളും കാർഷിക നഷ്ടവും സംഭവിച്ച കർഷകർ കാർഷിക/വ്യക്തിഗത ബാങ്ക് വായ്പാ കടബാദ്ധ്യതയിലും തുടർന്നുള്ള തിരിച്ചടവിലുള്ള ഭീതിയിലും സർക്കാരിന്റെ വിവിധ സഹായ പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിലും വയനാട് ജില്ലയിൽ 10-ഉം ഇടുക്കി ജില്ലയിൽ 11-ഉം കണ്ണൂർ ജില്ലയിൽ 2-ഉം എറണാകുളം, കാസർഗോഡ് ജില്ലകളിൽ ഒന്നും വീതം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷക ആത്മഹത്യകളുടെ പ്രധാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ?

2018-ലെയും തുടർന്ന് 2019-ലെയും അനിതര സാധാരണമായ മഹാപ്രളയങ്ങളിൽ വസ്തുവകകളും കാർഷിക നഷ്ടവും സംഭവിച്ച കർഷകർ കാർഷിക/വ്യക്തിഗത ബാങ്ക് വായ്പാ കടബാദ്ധ്യതയിലും തുടർന്നുള്ള തിരിച്ചടവിലുള്ള ഭീതിയിലും സർക്കാരിന്റെ വിവിധ സഹായ പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിലും വയനാട് ജില്ലയിൽ 10-ഉം ഇടുക്കി ജില്ലയിൽ 11-ഉം കണ്ണൂർ ജില്ലയിൽ 2-ഉം എറണാകുളം, കാസർഗോഡ് ജില്ലകളിൽ ഒന്നും വീതം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ കർഷക ആത്മഹത്യ തടയുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിള പരിപാലന പദ്ധതി, പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പദ്ധതി, പ്രളയത്തിൽ തകർന്ന കാർഷിക മേഖലയുടെ പുനഃസ്ഥാപനത്തിന് ആനുകൂല്യങ്ങൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## നെന്മാറ മണ്ഡലത്തിലെ കർഷകർക്കുള്ള പദ്ധതികൾ

49 (1536) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ നെന്മാറ, കൊല്ലംകോട് എന്നീ ബ്ലോക്കുകളിൽ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 48100 എണ്ണം പച്ചക്കറി വിത്തുകൾ, 270000 പച്ചക്കറിത്തൈകൾ, 15 സ്കൂളുകളിലെ പച്ചക്കറിത്തോട്ടം, 13 ജില്ലാ ക്ലസ്റ്ററുകൾ, 9 ഹെക്ടർ തരിശു നില കൃഷി, 30 ഹെക്ടർ സ്റ്റാഗേഡ് പച്ചക്കറി കൃഷി, പരമ്പരാഗത വിത്തിനങ്ങളുടെ പ്രോത്സാഹനത്തിന് 1.5 ഹെക്ടർ, പോഷകാഹാരത്തോട്ടം, 225 ഗ്രോബാഗുകൾ, 1200 സ്ക്വയർമീറ്റർ മഴമറ എന്നിങ്ങനെയുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. 90 ജൈവഗൃഹം സംയോജിത കൃഷി രീതി പ്രോജക്ട് അനുവദിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ 483.5557 ഹെക്ടറിൽ തരിശു നിലകൃഷിക്കായി കർഷകർക്ക് സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിക്കായി 16.66 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പച്ചക്കറി വികസന പദ്ധതി 2020-21 നടത്തിപ്പിനുവേണ്ടി നെന്മാറ നിയോജകമണ്ഡലത്തിൽ 51,85,800 രൂപ ചെലവഴിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ തരിശു നിലക്യഷിക്ക് 30,83,178 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിക്കായി 6,66,400 രൂപയും അനുവദിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയായ ജൈവഗൃഹം സംയോജിത കൃഷി രീതി പ്രോജക്ട് പ്രകാരം 17.31 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കാർഷിക വിപണിയിലെ ഇടനിലക്കാർ

50 (1537) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ചിറ്റൂരിൽ ഒരു കർഷകൻ മൂന്നേക്കറിലെ വഴുതന മതിയായ വില കിട്ടാത്തതിനാൽ ഉഴുതുമറിച്ച് നശിപ്പിച്ച സംഭവം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എരുത്തേൻപതി കൃഷി ഭവന്റെ പരിധിയിൽ വഴുതന കൃഷി ചെയ്ത കർഷകൻ യഥാർത്ഥത്തിൽ സീസൺ കഴിയാറായതിനാലും ഓണത്തിന് മുന്നോടിയായി പാവൽ കൃഷിയിറക്കേണ്ട ആവശ്യത്തിനാലുമാണ് വഴുതന കൃഷി ഉഴുതുമറിച്ചത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച് കർഷകനോട് മുഴുവൻ വഴുതനയും സംഭരിക്കാം എന്നുപറഞ്ഞ് പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഓണത്തിന് മുന്നോടിയായി പാവൽ കൃഷി ഇറക്കേണ്ടതിനാൽ ഉഴുതുമറിച്ചു. നിലവിൽ എല്ലാ ആഴ്ചയിലും ഹോർട്ടികോർപ്പ് കർഷകന്റെ പച്ചക്കറി സംഭരിക്കുന്നുണ്ട്.

(ബി) കാർഷിക വിപണിയിൽ നേട്ടം കൊയ്യുന്നത് യഥാർത്ഥത്തിൽ കർഷകനോ ഉപഭോക്താവോ അല്ല പകരം ഇടനിലക്കാരാണെന്ന യാഥാർത്ഥ്യത്തിലേയ്ക്കല്ലേ ഇത് വിരൽ ചൂണ്ടുന്നതെന്ന് അറിയിക്കാമോ?

മതിയായ വിപണന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇടനിലക്കാരെ പ്രോത്സാഹിപ്പിക്കുന്നില്ല.

(സി) എങ്കിൽ ഇടനിലക്കാരന് മുമ്പിൽ വിലപേശുന്നതിന് പകരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച വിലയും വിപണിയും കണ്ടെത്താൻ കർഷകനെ പ്രാപ്തമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

കർഷകന് യഥാസമയം വിപണി കണ്ടെത്തുന്നതിനും വില ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ജീവനി പദ്ധതി പ്രകാരം ആഴ്ച ചന്തകളും ഇക്കോഷോപ്പുകളും തുടങ്ങി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കർഷകരിൽനിന്ന് നേരിട്ട് VFPCK, HORTICORP എന്നീ സർക്കാർ സ്ഥാപനങ്ങളും ഉത്പന്നങ്ങൾ ശേഖരിച്ച് ഉത്പന്നത്തിന്റെ വില കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പ്രഖ്യാപനത്തിലൂടെ കർഷകർക്ക് 16 ഇനം പഴം പച്ചക്കറികൾക്ക് ഏറ്റവും കുറഞ്ഞ അടിസ്ഥാന വില ഉറപ്പാക്കുന്നുണ്ട്.

### കൃഷി ഭവൻ വഴിയുള്ള പ്രകൃതിക്ഷോഭ നഷ്ടപരിഹാരം

51 (1538) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ നെയ്യാറ്റിൻകര നഗരസഭ കൃഷി ഭവൻ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷി ഭവൻ പ്രദേശങ്ങളിൽ കൃഷി നാശത്തിന് എത്ര അപേക്ഷകൾ ആണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

2018-ൽ 255 അപേക്ഷയും 2019-ൽ 189 അപേക്ഷയും ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - I* ആയി ചേർത്തിരിക്കുന്നു.

(ബി) ഓരോ കൃഷി ഭവനിലും കർഷകർക്ക് പ്രകൃതിക്ഷോഭ നഷ്ടപരിഹാരമായി എത്ര തുകയാണ് നൽകിയതെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വിശദമാക്കാമോ?

2018-ൽ 2551218 രൂപയും 2019-ൽ 335004 രൂപയും നൽകിയിട്ടുണ്ട്. 2018-ൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 2019-ൽ 51620 രൂപ നൽകുന്നതിന് ഇനി ബാക്കിയുണ്ട്. വിശദാംശങ്ങൾ അനുബന്ധം - II*ആയി ചേർത്തിരിക്കുന്നു.

**കർഷകക്ഷേമനിധി ബിൽ**

52 (1539) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബിൽ എന്നാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത്; ഇതുപ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കിയോ; ഇല്ലെങ്കിൽ ഇതിന്റെ പുരോഗതി എന്താണ്?

കർഷക ക്ഷേമനിധി ബിൽ 2019 ഡിസംബർ ഇരുപതാം തീയതി പ്രാബല്യത്തിൽ വന്നു. ഇതുപ്രകാരം കരട് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാവുന്ന കർഷകക്ഷേമനിധി ബില്ലിലൂടെ കർഷകർക്ക് മുഖ്യമായും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുംപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും.

1. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച അംഗങ്ങൾക്ക് അറുപത് വയസ്സ് പൂർത്തിയായശേഷം ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ.

2. കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. സ്ഥായിയായ ശാരീരിക മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം

4. അംഗങ്ങൾക്ക് ചികിത്സാ സഹായം, വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ, വനിതാ അംഗങ്ങളുടെയോ അംഗങ്ങളുടെ പെൺമക്കളുടെയോ വിവാഹത്തിന് ധനസഹായം, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം.

5. ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഒറ്റത്തവണയായി നൽകൽ.

6. അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന മരണവും ശാരീരിക അവശതകളും പലവിധത്തിലുള്ള വിഷബാധകൾ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക് അംഗങ്ങൾക്കോ കുടുംബത്തിലെ അംഗങ്ങൾക്കോ പദ്ധതിപ്രകാരം നിശ്ചയിക്കുന്ന നഷ്ടപരിഹാരം.

## കർഷക ക്ഷേമനിധി ബോർഡ്

53 (1540) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി ആരംഭിച്ചിട്ടുള്ള കർഷക ക്ഷേമനിധി ബോർഡ് കർഷകർക്ക് കുറഞ്ഞത് അയ്യായിരം രൂപയെങ്കിലും പെൻഷൻ ലഭ്യമാക്കുമെന്ന കർഷകരുടെ പ്രതീക്ഷ യാഥാർത്ഥ്യമാക്കുന്ന തരത്തിൽ സ്കീം ആവിഷ്കരിച്ച് കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കർഷക ക്ഷേമനിധി ബോർഡ് മുഖേന അംഗങ്ങളായ കർഷകർക്ക് അറുപത് വയസ്സ് തികയുന്നതോടെ അടച്ച അംശദായത്തിന് ആനുപാതികമായി പെൻഷൻ നൽകുന്ന പദ്ധതിയാണ് തയ്യാറാക്കിവരുന്നത്. മിനിമം പെൻഷൻ തുക സംബന്ധിച്ച തീരുമാനം ഉടനെ എടുക്കുന്നതാണ്.

(ബി) രാജ്യത്തെ ആദ്യ കർഷക ക്ഷേമനിധി ബോർഡിലൂടെ ആർക്ക് ഏതെല്ലാം വിധത്തിലുള്ള പ്രയോജനം ലഭ്യമാക്കാനാണുദ്ദേശിക്കുന്നതെന്നും സർക്കാർ വിഹിതമെത്രയെന്നും അറിയിക്കാമോ?

കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരം കർഷകൻ എന്ന നിർവചനത്തിൽപ്പെടുന്ന എല്ലാ കർഷകർക്കും പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും. കർഷകൻ എന്നാൽ ഉടമസ്ഥനായോ അനുമതി പത്രക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തകപ്പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി മറ്റു വിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും പതിനഞ്ചു ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും അഞ്ചു ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശംവയ്ക്കുന്നവർ ഇക്കാര്യത്തിൽ കർഷകന്റെ നിർവ്വചനത്തിൽ പെടാത്തതാകുന്നു. കർഷക ക്ഷേമ നിധിയിൽ അംശദായം കുറഞ്ഞത് 100 രൂപയും തത്തുല്യമായ തുക സർക്കാർ വിഹിതമായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ വിഹിതം പരമാവധി 250 രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് താഴെപ്പറയും പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും.

1. അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ച അംഗങ്ങൾക്ക് അറുപത് വയസ്സ് തികയുമ്പോൾ മുതൽ ആനുപാതിക പെൻഷൻ
2. കുടുംബ പെൻഷനും മരണാനന്തര പെൻഷനും
3. സ്ഥായിയായ ശാരീരിക മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം
4. അംഗങ്ങളുടെ ചികിത്സാ സഹായം. വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകൽ, വനിതാ അംഗങ്ങളുടെയോ കർഷകരുടെയോ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം.
5. ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതി പ്രകാരം നിശ്ചയിക്കുന്ന ഒരു തുക ഒറ്റത്തവണയായി നൽകൽ
6. അംഗങ്ങൾക്കുണ്ടാവുന്ന അപകടങ്ങൾക്കും അപകടമരണങ്ങൾക്കും നഷ്ടപരിഹാരം നൽകൽ.

(സി) കർഷകരുടെ കഠിനാധ്വാനം കുത്തക കമ്പനികളുടെ ചൂഷണത്തിനുപാധിയാക്കാതെ അവർക്ക് ന്യായവില ലഭ്യമാക്കുന്നതിനും കൃഷി ആദായകരമായ തൊഴിലാക്കി മാറ്റുന്നതിനും സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കർഷകർക്ക് വിവിധ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ താഴെ പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

റബ്ബർ: സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 1-7-2015 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ ബജറ്റിൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പഴം പച്ചക്കറി: കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് പദ്ധതി നടപ്പിലാക്കുന്നത്.

1. കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക.
2. വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽനിന്ന് കർഷകരെ സംരക്ഷിക്കുക.
3. തെരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകരിൽ നിന്നും തറ വിലയിൽ സംഭരണം നടത്തി കർഷകരെ സംരക്ഷിക്കുക.
4. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

5. ബന്ധപ്പെട്ട എല്ലാ ഏജൻസികളെയുമുൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുക. ഒരു നിശ്ചിത കാർഷികോല്പന്നത്തിന്റെ ഉല്പാദനത്തിന് കർഷകന് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാകും അടിസ്ഥാന വിലയെന്നും അടിസ്ഥാന വില പ്രഖ്യാപിക്കുന്നതോടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാനവില കർഷകന് ലഭിക്കുന്നതിനാൽ കർഷകന് ഉണ്ടാകുന്ന വരുമാന നഷ്ടം തടയുമെന്നും അതുവഴി കാർഷിക താല്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാൻ സാധ്യമാകും. കൂടാതെ അടിസ്ഥാന വില നിർണ്ണയം ഒരു കർഷകന് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനാൽ അടിസ്ഥാന വിലയുള്ള വിളകൾ കൃഷി

ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്, ഇക്കോഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾവഴി വിളകൾ ശേഖരിക്കുന്നതാണ്. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴുന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശപ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു.

നെല്ല്: നെല്ലിന്റെ താങ്ങുവിലയ്ക്കുപുറമെ സംസ്ഥാന വിഹിതമായി നൽകുന്ന സ്റ്റേറ്റ് ബോണസ് ഇൻസെന്റീവ് 2018-19-ൽ കിലോയ്ക്ക് 7 രൂപ 80 പൈസയിൽനിന്നും 2019-20-ൽ 8 രൂപ 80 പൈസയാക്കി ഉയർത്തി. നെല്ലിന് ന്യായവില ഉറപ്പാക്കാൻ ഇതുമൂലം സാധിച്ചു. പുതിയ ബഡ്ജറ്റിൽ നെല്ലിന്റെ താങ്ങ് വില 28 രൂപയായി ഉയർത്തിയിട്ടുണ്ട്.

നാളികേരം: അതുപോലെതന്നെ നാളികേരത്തിന്റെ കാര്യത്തിൽ 2019 -ൽ പച്ച തേങ്ങ സംഭരിക്കുന്നതിനായി കിലോയ്ക്ക് 27 രൂപയായി നിശ്ചയിച്ചിരുന്നു. പുതിയ ബഡ്ജറ്റിൽ പച്ചത്തേങ്ങയുടെ താങ്ങ് വില 32 രൂപയായി ഉയർത്തിയിട്ടുണ്ട്. ന്യായവില ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ പദ്ധതികളും, അതോടൊപ്പം സുഭിക്ഷ കേരളം പരിപാടിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ വിവിധ വിളകളുടെ ഉല്പാദത്തിനുള്ള പ്രോത്സാഹനവും, കൃഷി ലാഭകരമാക്കുന്നതിനും, ചൂഷണത്തിൽനിന്നും മുക്തമാക്കുന്നതിനും ഗണ്യമായ തോതിൽ പ്രയോജനപ്പെട്ടിട്ടുണ്ട്.

**പെൻഷൻ**

54 (1541) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പിലാക്കിയ, ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 1994-ൽ പ്രഖ്യാപിച്ച പെൻഷൻ 1,000 രൂപയാണ് 60 വയസ്സ് കഴിഞ്ഞ കർഷക സമിതി അംഗങ്ങൾക്കായി നല്കിവരുന്നതെങ്കിലും മറ്റ് ക്ഷേമ പെൻഷനുകൾ 1994-ൽ 100 രൂപയായിരുന്നത് 2020-ൽ 15 ഇരട്ടി വർദ്ധിപ്പിച്ച് 1500 രൂപയായാണ് നൽകിവരുന്ന വസ്തുതയും 1994 ൽ അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 15 ഇരട്ടി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ലക്ഷം തൊഴിൽദാന പദ്ധതിയുടെ പെൻഷൻ നിലവിലും 1,000 രൂപയായി നിലനിൽക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 1994 ൽ നടപ്പിലാക്കിയ ലക്ഷം തൊഴിൽദാന പദ്ധതിയുടെ പെൻഷനും സാമൂഹ്യ സുരക്ഷാപെൻഷന് ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

30-3-1994-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 122/94/കൃഷി, പ്രകാരം 1994-ൽ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതിയുടെ തുടക്കത്തിൽ വാഗ്ദാനം ചെയ്തിരുന്ന ആനുകൂല്യങ്ങൾ കാലോചിതമായ മാറ്റത്തോടെ നൽകിവരുന്നുണ്ട്. കാർഷിക മേഖലയിൽ തുടരുന്ന അംഗങ്ങൾക്ക് 60 വയസ്സ് മുതൽ മരണം വരെ പ്രതിമാസം 1,000 രൂപ നിരക്കിൽ പെൻഷൻ നൽകുമെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. പ്രതിമാസം 1,000 രൂപ പെൻഷനും 30,000 രൂപ ഗ്രാറ്റുവിറ്റിയും 2014 മുതൽ നൽകിവരുന്നുണ്ട്. ഈ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽനിന്നാണ് പെൻഷനും/പദ്ധതിയിലെ മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നത്.

(ബി) ലക്ഷം തൊഴിൽ ദാനപദ്ധതിയിൽ 60 വയസ്സിനുശേഷം മരണ മടഞ്ഞവരുടെ നോമിനികളിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

60 വയസ്സിനുശേഷം ആനുകൂല്യം കൈപ്പറ്റാതെ മരണമടഞ്ഞവർക്ക് മരണം വരെയുള്ള പെൻഷനും/ഗ്രാറ്റുവിറ്റിയായ 30,000 രൂപയും നോമിനിക്ക് അനുവദിക്കുന്നുണ്ട്. പ്രസ്തുത ആനുകൂല്യം 5 പേർക്ക് നൽകിയിട്ടുണ്ട്.

(സി) ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങളിൽ 60 വയസ്സിന് താഴെപ്രായമുള്ള കർഷകർക്കായി കാർഷിക തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങൾക്ക് ഭാഗഭാക്കാകാവുന്നതാണ്.

(ഡി) കാർഷിക വികസന സമിതിയിൽ ലക്ഷം തൊഴിൽദാന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ രൂപീകരിച്ച ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിലും ഒരു ലക്ഷം യുവ കർഷക സമിതി പ്രതിനിധികൾ മുൻപ് ഉണ്ടായിരുന്നത് പുനഃസ്ഥാ പിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേക തൊഴിൽദാന പദ്ധതിക്കായി സർക്കാർ രൂപീകരിച്ച ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിൽ മറ്റ് സംഘടനകൾക്കൊന്നും പ്രാതിനിധ്യ മില്ലാത്തതിനാലാണ് ഒരു ലക്ഷം യുവകർഷക സമിതി പ്രതിനിധികളെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത്.

(ഇ) ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങളിൽ 31-12-2020-ന് എത്ര പേർക്ക് 60 വയസ്സ് പൂർത്തിയായി, അതിൽ എത്രപേർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ചു;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

31-12-2020 വരെ ആകെ 4189 പേർക്ക് 60 വയസ്സ് പൂർത്തിയായിട്ടുണ്ട്. 953 പേർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ചിട്ടുണ്ട്.

**കടാശ്വാസ കമ്മീഷൻ**

55 (1542) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈത്തിരി താലൂക്കിൽനിന്നും കാർഷിക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി; എത്ര അപേക്ഷകൾ നിരസിച്ചു; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; തീർപ്പാക്കാനുള്ള അപേക്ഷകൾ എന്ന് തീർപ്പാക്കാനാവും; വിശദമാക്കാമോ?

ജില്ലാ അടിസ്ഥാനത്തിലാണ് കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ നടത്തുന്നത്. താലൂക്ക് അടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിക്കുന്നില്ല. വയനാട് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് 6513 അപേക്ഷകൾ ലഭിച്ചതിൽ 1974 എണ്ണം തീർപ്പാക്കുകയും 354 അപേക്ഷകൾ നിരസിക്കുകയും ചെയ്തു. 4185 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. കോവിഡ് മഹാമാരിമൂലം 2020 ഏപ്രിൽ മുതൽ നിർത്തിവച്ചിരുന്ന സിറ്റിംഗ് 2021 ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത താലൂക്കിൽ കാർഷിക കടാശ്വാസ കമ്മീഷൻ എത്ര രൂപയുടെ ആനുകൂല്യങ്ങൾ അനുവദിച്ചു; വർഷം തിരിച്ച് കണക്കുകൾ നൽകാമോ?

വയനാട് ജില്ല സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 25413058 |
| 2017-18 | 22496707 |
| 2018-19 | 41956144 |
| 2019-20 | 223539341 |

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക കടാശ്വാസ കമ്മീഷൻ ടി താലൂക്കിൽ എത്ര രൂപയുടെ ആനുകൂല്യം അനുവദിച്ചു?

വയനാട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 23,10,64,136 രൂപ (ഇരുപത്തിമൂന്ന് കോടി പത്ത് ലക്ഷത്തി അറുപത്തിനാലായിരത്തി നൂറ്റിമുപ്പത്തിയാറ് രൂപ) കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾക്ക് അർഹരായ കർഷകർ അവരുടെ വിഹിതം ബാങ്കിൽ അടച്ചാലും പണയംവച്ച പ്രമാണങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2012-ലെ സർക്കാർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരവും കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ ഉടൻതന്നെ ഈട് പ്രമാണങ്ങൾ കർഷകർക്ക് തിരികെ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ ഉത്തരവുകളിൽ ഇതുസംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

## പൂതൃക്കയിലെ 2014-ലെ പ്രകൃതിക്ഷോഭം

56 (1543) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ പ്രകൃതിക്ഷോഭംമൂലം പൂതൃക്ക ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ഉണ്ടായ കാർഷികനഷ്ടത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; കാർഷികനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) നഷ്ടപരിഹാരം അനുവദിക്കുന്നതിന് കാലതാമസമോ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചയോ ഉണ്ടായിട്ടില്ല. കാർഷികനഷ്ടം 99,61,239 രൂപ (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തൊമ്പത് രൂപ) എന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത നഷ്ടപരിഹാരം എത്രയുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നഷ്ടപരിഹാര തുകയായ 11,04,295 രൂപ (പതിനൊന്ന് ലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) 721 ഗുണഭോക്താക്കൾക്കായി അനുവദിച്ചിട്ടുണ്ട്.

## പിറവത്തെ കാർഷിക വിളകൾക്ക് നഷ്ടപരിഹാരം

57 (1544) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 വർഷത്തിൽ ഉണ്ടായ കാറ്റിലും മഴയിലും കാർഷിക വിളകൾക്ക് നാശനഷ്ടം ഉണ്ടായതായി കാണിച്ച് പിറവം മണ്ഡലത്തിലെ എത്ര കർഷകരിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

480 കർഷകരിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷകരിൽ എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് എന്ന വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ആമ്പല്ലൂർ പഞ്ചായത്തിൽ 3-ഉം എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ 8-ഉം മണീട് പഞ്ചായത്തിൽ 77-ഉം കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകർക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

58 (1545) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ അനുവദിച്ചു എന്ന് വിശദമാക്കാമോ; ഓരോ പദ്ധതികൾക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ ?

കൃഷി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ 217.358 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതിയുടെ വിവരം അനുബന്ധമായി *ചേർക്കുന്നു.

(ബി) 2018-ലെ പ്രളയത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്ര കോടി രൂപയുടെ ആനുകൂല്യങ്ങൾ ഇതിനകം വിതരണം ചെയ്തുവെന്നും ഇനി എത്ര രൂപ വിതരണം ചെയ്യാനുണ്ടെന്നും വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-ലെ പ്രളയത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ 30,66,61,677 രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ആയതിന് ആനുകൂല്യമായി 11,77,54,390 രൂപ ആവശ്യപ്പെടുകയും ടി തുക കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്. ഇനി ഈ ഇനത്തിൽ തുക നൽകുവാൻ ബാക്കിയില്ല.

(സി) 2019-ലെ പ്രളയത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്ര കോടി രൂപയുടെ ആനുകൂല്യം വിതരണം ചെയ്തു; ഇനി ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം നേരിടുന്നതിന് കാരണം വിശദമാക്കാമോ; ഇനി നൽകാനുള്ള ആനുകൂല്യങ്ങൾ എന്ന് വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ?

2019-ലെ പ്രളയത്തിൽ 12,19,34,682 രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. അതിന് നഷ്ടപരിഹാരമായി 4,06,44,894 രൂപ ആവശ്യപ്പെട്ടതിൽ 3,95,28,306 രൂപ DBT മുഖാന്തരം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക നൽകുവാൻ കഴിയാതിരുന്നത് കർഷകരുടെ അപേക്ഷയിലും അക്കൗണ്ട് നമ്പരുകളിലുമുണ്ടായ പിഴവുകളും സാങ്കേതിക പിഴവുകളും കാരണമാണ്. ഈ പിഴവുകൾ പരിഹരിച്ച് ഉടൻതന്നെ ടി തുക DBT മുഖാന്തരം കർഷകർക്ക് വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2016 -17 വർഷം മുതൽ നാളിതുവരെ കൃഷിനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ആനുകൂല്യങ്ങൾ മണ്ഡലത്തിൽ വിതരണം ചെയ്തു; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ ?

2016-17 വർഷം മുതൽ നാളിതുവരെ കൃഷിനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് 16,29,85,433 രൂപ വിതരണംചെയ്തിട്ടുണ്ട്. വിതരണം ചെയ്ത തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 6,46,18,541 |
| 2017-18 | ഇല്ല |
| 2018-19 | 7,49,75,211 |
| 2019-20 | 73,42,699 |
| 2020-21 | 1,60,48,982 |

(ഇ) 2016 -17 വർഷം മുതൽ നാളിതുവരെ വിള ഇൻഷ്വറൻസിന്റെ ഭാഗമായി കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപ വിതരണം ചെയ്തുവെന്ന് അറിയിക്കുമോ; ഈ ഇനത്തിൽ ഇനി ആർക്കെങ്കിലും ആനുകൂല്യം നല്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ തുക എത്രയെന്നും ആയത് എന്ന് വിതരണം ചെയ്യാനാകുമെന്നും അറിയിക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നാളിതുവരെ കൽപ്പറ്റ മണ്ഡലത്തിലെ കർഷകർക്ക് 3,59,48,038 രൂപ അനുവദിച്ചു. ഈ ഇനത്തിൽ ഇനി 84,00,000 രൂപ നൽകുവാൻ ബാക്കിയുണ്ട്. ടി തുക ഉടനടി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറന്മുള മണ്ഡലത്തിലെ പച്ചക്കറി സംഭരണം**

59 (1546) <u>ശ്രീമതി വീണാ ജോർജ്ജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വിള ഇൻഷ്വറൻസ്/പ്രകൃതിക്ഷോഭത്തിലെ നഷ്ടപരിഹാരം എന്നീ വിഭാഗങ്ങളിൽ കൃഷി വകുപ്പിൽനിന്ന് കർഷകർക്ക് എത്രത്തോളം ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം നാളിതുവരെ കൃഷിനാശം സംഭവിച്ച 689 കർഷകർക്ക് 86,93,290 രൂപ (എൺപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ) നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 2020-21 വർഷത്തിൽ 1,73,85,880 രൂപ (ഒരു കോടി എഴുപത്തിമൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എണ്ണൂറ്റി എൺപത് രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ആറന്മുള മണ്ഡലത്തിൽ പച്ചക്കറി സംഭരണത്തിന് എത്രത്തോളം ക്രമീകരണങ്ങൾ നിലവിൽ ഉണ്ട്; പുതിയ സംഭരണ കേന്ദ്രങ്ങൾ പത്തനംതിട്ടയിലോ ആറന്മുളയിലോ ആരംഭിക്കുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

നിലവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ 4 ആഴ്ചചന്തകൾ, 5 ഇക്കോ ഷോപ്പുകൾ, 5 ക്ലസ്റ്റർ മാർക്കറ്റുകൾ, വി.എഫ്.പി.സി.കെ. വിപണികൾ എന്നിവ മുഖേന അടിസ്ഥാന വിലയ്ക്ക് പച്ചക്കറികൾ ശേഖരിക്കുന്നുണ്ട്. കൂടാതെ കാർഷിക കൂട്ടായ്മകൾക്ക് എഫ്.പി.ഒ. രജിസ്ട്രേഷൻ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് ലോൺ നൽകിക്കൊണ്ട് കാർഷിക മേഖലയിൽ പുരോഗതിവരുത്തുവാൻ വേണ്ട നടപടികളും സ്വീകരിക്കുന്നുണ്ട്.

## കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം

60 (1547) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 കാലവർഷ കെടുതിയിൽ ഇടുക്കിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എത്ര രൂപയുടെ നഷ്ടമാണ് വിലയിരുത്തിയിട്ടുള്ളതെന്നറിയിക്കാമോ?

482.18 ലക്ഷം രൂപയുടെ കൃഷിനാശമാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

2471 കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(സി) എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1,47,74,319 രൂപ (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റിപത്തൊൻപത് രൂപ) കർഷകരുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## കൃഷി വകുപ്പ് ഫാമുകളിൽ ദിവസവേതനക്കാരുടെ നിയമനം

61 (1548) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമുകളിൽ ആവശ്യമായത്ര സ്ഥിരം തൊഴിലാളികളും കാഷ്വൽ തൊഴിലാളികളും ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരവും അനിവാര്യവുമായി ചെയ്യേണ്ട കാർഷിക ജോലികൾക്ക് ദിവസവേതനക്കാരെ നിയമിക്കുവാൻ ഫാം സൂപ്രണ്ടിന് അനുമതിയുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അനുമതി നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനാരെന്ന് വ്യക്തമാക്കുമോ?

ഫാം സൂപ്രണ്ടിന് സ്വമേധയാ ജോലിക്കാരെ നിയമിക്കുന്നതിന് അനുമതി ഇല്ല. ഓരോ ഫാമുകളിലും സർക്കാർ അനുവദിച്ചിട്ടുള്ള തൊഴിലാളികളെ മാത്രമേ നിയമിക്കാൻ വ്യവസ്ഥയുള്ളൂ.

(ബി) പ്രസ്തുത അനുമതി ലഭിക്കേണ്ടതിലേയ്ക്ക് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഓരോ ഫാമിലേയും തൊഴിൽ ആവശ്യകത കണക്കിലെടുത്ത് ഒരു വർഷത്തെ തൊഴിൽ ദിനങ്ങളിൽനിന്നും (3 വർഷത്തെ ശരാശരി) വിളവെടുപ്പിനുള്ള തൊഴിൽ ദിനങ്ങൾ കുറച്ചുകിട്ടുന്നതിനെ 240 ദിവസംകൊണ്ട് ഭാഗിച്ച് കിട്ടുന്ന അനുപാതത്തിലാണ് തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തൊഴിലാളികളുടെ എണ്ണം അംഗീകരിക്കുന്നത്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ തൊഴിലാളികളെ സ്ഥിരമായോ, ദിവസ വേതനത്തിലോ, താൽക്കാലികമായോ, നിയമിക്കുന്നത് സംവരണക്രമം പാലിച്ച് ഫാം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായിരിക്കണം എന്ന് സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിക്കുന്ന ലിസ്റ്റിൽനിന്നും കായികക്ഷമത, കൂടിക്കാഴ്ച എന്നിവ നടത്തി അർഹരായവരുടെ പട്ടിക തയ്യാറാക്കുകയും ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ തൊഴിലാളികൾക്കുള്ള നിയമന ഉത്തരവ് നൽകുകയാണ് ചെയ്തുവരുന്നത്.

## കൃഷി വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

62 (1549) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും അനുവദിച്ച തുക ഉൾപ്പെടെ വിശദമാക്കുമോ; ഇവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും ആരംഭിക്കാനുള്ളതും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും അനുവദിച്ച തുകയുടെ വിശദവിവരങ്ങളും അനുബന്ധം. 1 ൽ* ചേർക്കുന്നു.

(ബി) തരിശുരഹിത കൃഷിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തരിശുരഹിത കൃഷിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും സ്വീകരിച്ച നടപടികൾ അനുബന്ധം- 2 ൽ* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തരിശുഭൂമി കൃഷിയുക്തമാക്കുന്നതിനുള്ള നടപടി

63 (1550) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "തരിശുഭൂമി കൃഷി യുക്തമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും, രണ്ടാംവർഷം 70,00 രൂപയും മൂന്നാംവർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാംവർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാംവർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും; മൂന്നാംവർഷം 3,750 രൂപയും 750 രൂപയും ആണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാംവർഷം തരിശ് നെൽകൃഷിയുടെ ആനുകൂല്യം 40,000 രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000 രൂപയാണ് ധനസഹായം നൽകി വന്നിരുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപയുമാണ് നൽകി വരുന്നത്. ഇത് 2020-21 വർഷം മുതൽ 40,000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഭക്ഷ്യ-കാർഷിക മേഖലയെ സാരമായി ബാധിച്ച ആഗോള പ്രതിസന്ധിയാണ് കോവിഡ്-19 മഹാമാരി (Pandemic). കോവിഡ് 19 പ്രതിസന്ധി ലോകമെമ്പാടും ഭക്ഷ്യക്ഷാമം ഉണ്ടാക്കുമെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ പ്രതിസന്ധി ഭക്ഷ്യ ക്ഷാമത്തിനും പോഷകാഹാരക്കുറവിനും ഇടയാക്കുന്നതാണ്. ഇത് പരിഹരിക്കുന്നതിനായി കേരള സർക്കാർ സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് തരിശുഭൂമികൃഷി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം ഇതിനായി ഉപയോഗിക്കുന്നു. കൂടാതെ കൃഷി വകുപ്പ് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. 25,500 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിൽ 12,500 ഹെക്ടർ ഭൂമിയിലെ കൃഷിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും, 13,000 ഹെക്ടർ ഭൂമിയിലെ കൃഷിയ്ക്ക് ആർ.കെ.വി.വൈ പദ്ധതി

വിഹിതമായ 37 കോടി രൂപയുടെ ആനുകൂല്യവും നൽകുന്നതാണ്. പ്രവാസികൾ, യുവജനങ്ങൾ, കൃഷിക്കാർ, കർഷക സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ എന്നിവയ്ക്കു പുറമേ തൊഴിലുറപ്പ് പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേന, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ എന്നിവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി) ഏതൊക്കെ വിളകൾക്കാണ് ഇതിൽ പ്രാമുഖ്യം നൽകുന്നത്?

2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശുഭൂമിയിലെ കൃഷിയിൽ നെല്ല്, പച്ചക്കറി, ഫലവർഗ്ഗം (വാഴ), കിഴങ്ങു വർഗ്ഗം, പയർ വർഗ്ഗം, ചെറു ധാന്യങ്ങൾ എന്നീ വിളകൾക്കാണ് പ്രാധാന്യം നൽകുന്നത്.

(സി) ഇതുമൂലം കാർഷികോല്പാദനത്തിൽ ഉണ്ടായ വർദ്ധന സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി 2782.3857 ഹെക്ടറിലും, 2017-18 വർഷത്തിൽ 5485.686 ഹെക്ടറിലും 2018-19- ൽ 3668.0064 ഹെക്ടറിലും 2019-20 വർഷത്തിൽ 2987.95 ഹെക്ടറിലും തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കി. പദ്ധതി നടപ്പിലാക്കിയതിലൂടെ 2016-17 വർഷത്തിൽ 10628.44 മെട്രിക് ടണ്ണും, 2017-18 വർഷത്തിൽ 19458.28 മെട്രിക് ടണ്ണും, 2018-19 വർഷത്തിൽ 17918.21 മെട്രിക് ടണ്ണും, 2019-20-ൽ 11751.61 മെട്രിക് ടണ്ണും നെൽ അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 696.611 ഹെക്ടറിലും, 2017-18 വർഷത്തിൽ 998 ഹെക്ടറിലും 2018-19-ൽ 783.605 ഹെക്ടറിലും 2019-20 വർഷത്തിൽ 926.37 ഹെക്ടറിലും തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി. പദ്ധതി നടപ്പിലാക്കിയതിലൂടെ 2016-17 വർഷത്തിൽ 7662.72 ടണ്ണും, 2017-18 വർഷത്തിൽ 10978 മെട്രിക് ടണ്ണും 2018-19 വർഷത്തിൽ 8619.655 മെട്രിക് ടണ്ണും, 2019-20-ൽ 10190.07 മെട്രിക് ടണ്ണും പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശുകൃഷിമൂലം 5,000 ഹെക്ടർ ഭൂമിയിൽനിന്നും 17500 ടൺ നെല്ല്; 7000 ഹെക്ടർ കൃഷിയിൽനിന്നും 105000 ടൺ പച്ചക്കറി; 7500 ഹെക്ടർ വാഴകൃഷിയിൽനിന്നും 90000 ടൺ വാഴക്കുല; 5,000 ഹെക്ടർ കിഴങ്ങു വർഗ്ഗ കൃഷിയിൽനിന്നും 60000 ടൺ കിഴങ്ങു വിളകൾ; 500 ഹെക്ടർ ഭൂമിയിൽനിന്നും 475 ടൺ പയർ വർഗ്ഗങ്ങൾ; 500 ഹെക്ടർ ചെറുധാന്യ കൃഷിയിൽനിന്നും 325 ടൺ ചെറുധാന്യങ്ങൾ എന്നിങ്ങനെ ഉത്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പിലാക്കിവരുന്നു. വിളവെടുപ്പ് പൂർണ്ണമായിട്ടില്ല.

## തരിശുരഹിത ഗ്രാമം പദ്ധതി

64 (1551) ശ്രീ. വി. റ്റി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുരഹിത ഗ്രാമം പദ്ധതിയുടെ വിശദാംശം നൽകുമോ?

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന (ഗ്രാമപഞ്ചായത്ത്) പരിധിയിൽ വരുന്ന കൃഷിയോഗ്യമായ എല്ലാ ഭൂമിയിലും അനുയോജ്യമായ വിള കൃഷി ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം ഇതിനായി ആകെ തരിശുഭൂമി തിട്ടപ്പെടുത്തുകയും സാധ്യമായ സ്ഥലത്തെല്ലാം അനുയോജ്യമായ വിള കൃഷിയിറക്കി തരിശുരഹിതഗ്രാമമായി പ്രഖ്യാപനം നടത്തുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യ വികസനത്തിനും സംഭരണത്തിനും വിപണനത്തിനും മൂല്യവർദ്ധനവിനും തുടർകൃഷിയ്ക്കുമുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി വകുപ്പിന്റെയും അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

(ബി) തരിശായി കിടക്കുന്ന നെൽപാടങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്?

തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 40,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാംവർഷം കർഷകന് 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാംവർഷം ഇതു യഥാക്രമം 5,800 രൂപയും 1,200 രൂപയും ; മൂന്നാം വർഷം 3,750 രൂപയും 7,50 രൂപയും ആണ്. ഇതിനുപുറമെ നെൽകൃഷിക്ക് മറ്റു കർഷകർക്കനുവദിക്കുന്ന സാധാരണ ആനുകൂല്യങ്ങൾകൂടി അനുവദിക്കാറുണ്ട്. ഇതുകൂടാതെ സുഭിക്ഷ കേരളം പദ്ധതിയിൽ തരിശുനില കൃഷിക്ക് ആദ്യവർഷം ഹെക്ടറിന് 40,000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് എത്ര തരിശുരഹിതഗ്രാമങ്ങൾ ഉണ്ട്; അതിന്റെ എണ്ണം കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

നിലവിൽ 87 തരിശുരഹിത ഗ്രാമങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. തരിശുരഹിത ഗ്രാമങ്ങളുടെ എണ്ണം കൂട്ടുന്നതിന് ഹരിത കേരള മിഷനും കൃഷി വകുപ്പും സംയുക്തമായി തരിശുരഹിത ഗ്രാമം ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു.

### വർക്കല മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി

65 (1552) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3655 കർഷകർ ചേർന്നിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നശേഷം വർക്കല മണ്ഡലത്തിലെ എത്ര കർഷകർക്ക് വിള ഇൻഷ്വറൻസ് നഷ്ടപരിഹാരമായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷിനാശം സംഭവിച്ച 308 കർഷകർക്ക് വിള ഇൻഷ്വറൻസ് നഷ്ടപരിഹാരമായി 15,64,540 രൂപ (പതിനഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റിനാൽപ്പത് രൂപ) നൽകിയിട്ടുണ്ട്.

### കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷകൾ

66 (1553) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷകൾ എത്ര; ഇവയിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചു;

(ബി) തീർപ്പാക്കാത്ത അപേക്ഷകൾ തീർപ്പാക്കാൻ ഇനി എത്ര സമയം വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടാശ്വാസക്കമ്മീഷനിൽ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2020 മാർച്ച് 31-ന് അവസാനിച്ചിരുന്നു. കോവിഡ് മഹാമാരി മൂലം 2020 ഏപ്രിൽ മുതൽ നിർത്തിവച്ചിരുന്ന സിറ്റിംഗ് 2021 ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കാർഷിക കടാശ്വാസ കമ്മീഷൻ

67 (1554) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനായി സംസ്ഥാന തലത്തിൽ കാർഷിക കടാശ്വാസ

കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച എത്രപേർക്ക് ആശ്വാസസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2020 മാർച്ച് വരെ 29715 കർഷകർക്ക് ധനസഹായം നൽകുന്നതിന് കടാശ്വാസ കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൽ 24210 കർഷകർക്ക് ഇതിനോടകം തുക അനുവദിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് ആശ്വാസസഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ജില്ലാ അടിസ്ഥാനത്തിലാണ് കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ നടത്തുന്നത്. ചെങ്ങന്നൂർ മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ 43 കർഷകർക്ക് കടാശ്വാസം അനുവദിച്ച് കടാശ്വാസ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കേന്ദ്രസർക്കാരിന്റെ കാർഷിക നിയമങ്ങൾ

68 (1555) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സമീപകാലത്ത് പാസ്സാക്കിയ കാർഷിക നിയമങ്ങൾ സംസ്ഥാനത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയുംമൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കുമുന്നിൽ വളരെ ദുർബ്ബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽനിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും.

(ബി) കേരളത്തിലെ കർഷകരെ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര നിയമങ്ങളിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ?

കേന്ദ്ര സർക്കാർ പാസ്സാക്കിയ പുതിയ കാർഷിക നിയമങ്ങൾ പരിശോധിച്ചതിൽ ടി നിയമങ്ങൾ കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് മനസ്സിലാക്കുകയും 2020 ഡിസംബർ 31-ന് നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് അവ റദ്ദ് ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് പ്രമേയം വഴി ഐകകണ്ഠ്യേന ആവശ്യപ്പെടുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

(സി) കർഷകവിരുദ്ധ കേന്ദ്ര നിയമങ്ങൾക്കെതിരെ ബോധവൽക്കരിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേന്ദ്ര സർക്കാർ നിലവിൽ പാസ്സാക്കിയിട്ടുള്ള കാർഷിക നിയമങ്ങൾ ഓർഡിനൻസായി പുറപ്പെടുവിച്ചപ്പോൾ തന്നെ സംസ്ഥാനത്തെ വിവിധ കർഷക സംഘടനാ പ്രതിനിധികളുമായി പല ഘട്ടങ്ങളിൽ ചർച്ച നടത്തുകയും അഭിപ്രായങ്ങൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് സംസ്ഥാനത്തെ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ഒരു കാർഷിക നിയമം സംസ്ഥാനത്ത് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നത്.

## കേന്ദ്ര സർക്കാരിന്റെ കർഷക വിരുദ്ധ നിയമങ്ങൾ

69 (1556) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സെപ്റ്റംബറിൽ പാസ്സാക്കിയ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ സംസ്ഥാനത്തെ കർഷകരെയും കാർഷിക മേഖലയെയും എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയുംമൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന

ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കുമുന്നിൽ വളരെ ദുർബ്ബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടുനൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും.

(ബി) സംസ്ഥാന നിയമസഭ ഡിസംബർ 31-ന് പ്രസ്തുത നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. 6-1-2021-ന് പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന് അയയ്ക്കില്ലായെന്ന് ഗവർണർ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമസഭ പാസ്സാക്കുന്ന പ്രമേയങ്ങൾ ഗവർണർ വഴിയാണോ കേന്ദ്രത്തിലേക്ക് അയക്കുന്നതെന്ന് അറിയിക്കാമോ?

ഇല്ല. 31-12-2020-ന് പ്രത്യേക നിയമസഭ പാസ്സാക്കിയതിന്റെ ഇംഗ്ലീഷ് പരിഭാഷ 6-1-2021-ന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൃഷി, സഹകരണവും കർഷകക്ഷേമവും വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) കേന്ദ്ര കൃഷി നിയമങ്ങൾക്കെതിരെ പഞ്ചാബ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങൾ പാസ്സാക്കിയ രീതിയിലുള്ള ബദൽ നിയമം കൊണ്ടുവരാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) ബദൽ നിയമ തീരുമാനത്തിൽനിന്നും സർക്കാർ പുറകോട്ട് പോയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്താമോ?

(ഡി & ഇ) സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനകരമായ ഒരു നിയമം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**കേന്ദ്രസർക്കാരിന്റെ പുതിയ കാർഷിക നിയമങ്ങൾ**

70 (1557) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ പുതിയ കൃഷി നിയമങ്ങൾ കാർഷികമേഖലയെ സംസ്ഥാനങ്ങളുടെ അധികാരപരിധിക്ക് പുറത്ത് കൊണ്ടുവന്ന് കൃഷിയെ കേന്ദ്രവിഷയമാക്കി മാറ്റുകയാണോ; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയ്ക്ക് മുകളിൽ കർഷകർക്ക് സംസ്ഥാനസർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ നല്കാൻ കഴിയാത്ത അവസ്ഥ കൃഷി കേന്ദ്രവിഷയമാക്കുന്നതോടുകൂടി സംജാതമാകുമോ;

(സി) കാർഷികവിള, കൃഷിഭൂമി, തണ്ണീർത്തടങ്ങൾ മുതലായ കാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള സംസ്ഥാനങ്ങളുടെ അവകാശം ഹനിക്കുന്നതാണോ പ്രസ്തുത നിയമങ്ങളെന്ന് വ്യക്തമാക്കാമോ; ആയത് ഫെഡറൽ തത്വങ്ങളുടെ ലംഘനമല്ലേയെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിൽനിന്ന് എഫ്.സി.ഐ. പിന്മാറുന്നത് പൊതുവിതരണ സംവിധാനത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്നറിയിക്കാമോ?

(എ-ഡി) ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ (ആർട്ടിക്കിൾ 246) കൃഷി 14 ആയും മാർക്കറ്റ് & ഫെയർസ് 28 ആയും സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകളോട് ആലോചിച്ചും സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുത്തും അവരുടെ താത്പര്യം സംരക്ഷിച്ചുമല്ലാതെ ഈ മേഖലയിൽ കേന്ദ്ര നിയമങ്ങൾ കൊണ്ടുവരുവാൻ പാടില്ലായിരുന്നു. കേരളത്തിലെ കർഷകരെ ഈ നിയമങ്ങളിലൂടെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളെ തടയുന്നതിന് വേണ്ടിയും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമായ കൃഷിയിലുള്ള കേന്ദ്ര സർക്കാരിന്റെ കടന്നുകയറ്റം ഒഴിവാക്കുന്നതിനും പുതിയ ഒരു നിയമത്തിന്റെ കരട് തയ്യാറാക്കുവാൻ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ ചെയർമാൻ കാർഷികോൽപ്പാദന കമ്മീഷണറും കോ-ചെയർമാൻ നിയമ വകുപ്പ് സെക്രട്ടറിയും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഉൾപ്പെടെ ഈ നിയമം ബാധിക്കുന്ന എല്ലാ വകുപ്പുകളുടെയും ഡയറക്ടർമാർ ഈ

സമിതിയിൽ അംഗങ്ങളാണ്. കേന്ദ്രസർക്കാരിന്റെ 2019-20 വർഷത്തെ സാമ്പത്തിക സർവ്വേയിൽ ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണത്തിൽനിന്ന് എഫ്.സി.ഐ. പിൻമാറണമെന്നും സംഭരണ ചുമതല സംസ്ഥാനങ്ങളെ ഏൽപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ റേഷൻ വിതരണത്തിന് വേണ്ട അരിയും ഗോതമ്പും ലഭ്യമാകാത്ത സാഹചര്യം നിലവിൽ വരികയും പൊതുവിതരണ സംവിധാനം തന്നെ തകരാനും സാധ്യതയുണ്ട്.

## അഗ്രോ സർവ്വീസ് സെന്ററുകൾ

71 (1558) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തികവർഷത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെ ജില്ലയിൽ ആണ് സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിക്കുന്ന പഞ്ചായത്തുകളുടെ പേരുവിവരം വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ പുതുതായി 5 അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു എങ്കിലും ബഡ്ജറ്റിൽ അനുവദിച്ച തുക കഴിഞ്ഞ വർഷത്തെ 'Q' ബില്ലുകൾക്കായി നീക്കിവയ്ക്കേണ്ടി വന്നതുമൂലം സെന്ററുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. അധിക ധന അനുമതി ലഭിക്കുന്ന മുറയ്ക്ക് 5 അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതാണ്. നിലവിൽ 98 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ഓരോന്നിനും എത്ര ലക്ഷം രൂപയാണ് അനുവദിച്ചത് എന്ന് വിശദമാക്കാമോ?

ഒരു അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിന് 32 ലക്ഷം രൂപയാണ് നിലവിൽ അനുവദിച്ചു വരുന്നത്.

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ

72 (1559) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ സർക്കാർ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും 2000-നുശേഷം വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ക്ഷാമബത്ത കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഏറെ നാൾ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നതിനാൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ യാതൊരുവിധ വിരമിക്കൽ ആനുകൂല്യങ്ങളും നൽകാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. സർക്കാർ അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് 2002-നുശേഷം വിരമിച്ച 140-ൽപരം ജീവനക്കാർക്ക് നൽകുവാനുണ്ടായിരുന്ന വിരമിക്കൽ ആനുകൂല്യങ്ങൾ പൂർണ്ണമായും അനുവദിച്ചുനൽകുകയുണ്ടായി. ഗ്രാറ്റുവിറ്റി അനുവദിച്ച് നൽകുന്നതിനുണ്ടായ കാലതാമസം മൂലമുള്ള പിഴപ്പലിശ മാത്രമാണ് ഇനി അനുവദിക്കുവാനുള്ളത്. ടി ഇനത്തിൽ 1,23,24,769 (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത് രൂപ) ഇനിയും കൊടുത്തുതീർക്കുവാനുണ്ട്. 1999 മുതൽ 2006 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനതകൾ കാരണം മരവിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കാലയളവിലെ ഡി.എ. കുടിശ്ശിക ആർക്കും തന്നെ അനുവദിച്ചിട്ടില്ല. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത കാരണം ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് വൈകിയതിന്മേലുള്ള പിഴപ്പലിശ നൽകുവാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ആയത് പരിഹരിക്കുവാൻ സർക്കാരിൽനിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം പരിഗണിച്ചില്ല.

(ബി) പ്രതിമാസം ആയിരത്തോളം രൂപ മാത്രം ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്ന ഇത്തരക്കാർക്ക് പൊതുവിഭാഗത്തിലുൾപ്പെടുത്തി റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളതിനാൽ യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൻമേൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## കാർഷിക പരിസ്ഥിതി മേഖലകൾ തിരിച്ചുള്ള വിളക്രമം

73 (1560) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കം, കാലാവസ്ഥാവ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ കാർഷിക പരിസ്ഥിതി മേഖലകൾ തിരിച്ച് വിളക്രമം നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനുമായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റംവരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായി കാർഷികമേഖലയെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായി വിഭജിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷിസമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്ക് അനുസൃതമായിട്ടാണ് പ്രസ്തുത ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതിനാൽ വിളകളുടെ പരമാവധി ഉത്പാദനം പ്രസ്തുത പ്രദേശത്തുനിന്നും ലഭിക്കും. കൂടാതെ ഗുണമേന്മയുള്ള ഉല്പാദനോപാധികൾ കൃത്യമായ അളവിൽ നൽകുന്നതുകൊണ്ട് ഉല്പാദനക്ഷമതയും വർദ്ധിക്കും.

(ബി) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം സഹായ സഹകരണങ്ങളാണ് നൽകുന്നത്?

കാർഷികോത്പ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹനപദ്ധതി (MSME) എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. ആനുകൂല്യത്തിന്റെ വിവരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു. സംരംഭകർ ഓൺലൈനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പാബന്ധിത പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ദേശസാൽകൃത/ സ്വകാര്യ/ ഷെഡ്യൂൾഡ്/ സഹകരണ/ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഉണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. പദ്ധതി രൂപരേഖ എസ്.എഫ്.എ.സി.-യുടെ സാങ്കേതിക സമിതിയുടെ വിശദപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. പദ്ധതി പൂർണ്ണമായും നടപ്പാക്കിയ ശേഷം എസ്.എഫ്.എ.സി.-യുടെ സാങ്കേതിക സമിതി പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി ഓൺലൈനായി നിക്ഷേപിക്കുന്നതാണ്. ഇതിനായി നടപ്പുവർഷം 410 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കും കാർഷിക വ്യവസായ ഇൻകുബേറ്റർ സേവനങ്ങൾക്കുള്ള പദ്ധതികൾ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക-കാർഷിക വ്യാപാര കൺസോർഷ്യം വഴി നടപ്പാക്കുന്ന പദ്ധതിയാണ് കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കും കാർഷിക വ്യവസായ പ്രോത്സാഹനത്തിനായുള്ള ഇൻകുബേറ്റർ സേവനങ്ങൾക്കുള്ള പദ്ധതി. നൂതന സാങ്കേതികവിദ്യ വികസനം, സംരംഭകത്വ പ്രോത്സാഹനം, കാർഷിക മേഖല നേരിടുന്ന വിവിധ വെല്ലുവിളികൾക്കുള്ള പരിഹാരാധിഷ്ഠിതമായ സാങ്കേതിക വികസനം തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി എസ്.എഫ്.എ.സി. നടപ്പാക്കുന്നത്. ഇതിനായി ഈ വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. കർഷക ഉൽപ്പാദക സംഘടന (FPO) ലക്ഷ്യമിടുന്നത് കാർഷിക കേരളം നേരിടുന്ന നിരവധിയായ വെല്ലുവിളികളെ നേരിടാനാണ്. ഉൽപ്പാദന മേഖലയിൽ വർത്തിക്കുന്ന ചെറുകിട നാമമാത്ര കർഷകരെ സംഘടിതരാക്കുക, അവർക്കാവശ്യമുള്ള സാങ്കേതികവിദ്യ, ഉൽപ്പാദനോപാധികൾ, വായ്പാ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉൽപ്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം തികച്ചും അസംഘടിത മേഖലയിൽ വർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക തുടങ്ങി മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളാക്കാൻ പര്യാപ്തത കൈവരിപ്പിക്കുകയും ശക്തമായ വിപണി ഇടപെടൽ സാധ്യമാക്കുക ഇങ്ങനെ നാനോന്മുഖമായ പ്രവർത്തനങ്ങളാണ് ഈ കർഷക സംഘടന രൂപീകരിക്കുക വഴി സാധ്യമാകുന്നത്. 50 കർഷക ഉൽപ്പാദക സംഘടനകളാണ് അടുത്ത 3 വർഷത്തിനുള്ളിൽ നടപ്പാക്കുന്നത്. (2019-20 മുതൽ 2021-22 വരെ). കേരളത്തിന്റെ ഓരോ ജില്ലകൾക്കും തനത് കാർഷിക മേഖലകളുടെ ശക്തി മനസ്സിലാക്കി വിളകൾക്കനുസൃതമായ കർഷക ഉൽപ്പാദക സംഘടനകളാണ് നിലവിൽ വരുന്നത്. ഇതിനായി ജില്ലകളെ 5 സോണുകളായി തിരിക്കുകയും ഓരോ സോണിൽ 10 കർഷക ഉൽപ്പാദക സംഘടനകൾ നിലവിൽ വരുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക ഉൽപ്പാദക സംഘടനകൾ ഓരോ ജില്ലകളിലും രൂപീകരിക്കുന്നതിന് കാർഷിക വ്യവസായ പ്രോത്സാഹന ഏജൻസികളെയാണ് ഏൽപ്പിക്കുന്നത്. സംസ്ഥാനത്തെ FPO-കളെ ശാക്തീകരിക്കുന്നതിനായി ഒരു FPO പോളിസി ആരംഭിച്ച് നടപ്പിലാക്കുന്നു. FPO കളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 4063.00 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യ വർഷം 1899.5 ലക്ഷം രൂപയാണ് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള 50 FPO-കൾ ശാക്തീകരിക്കുന്നതിനും പുതുതായി 50 FPO-കൾ രൂപീകരിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേയ്ക്കായി ABPA ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ FPO-കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ നടത്തി വരുന്നു.

(സി) വിളാധിഷ്ഠിത ആഗ്രോ പാർക്കുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പാർക്കുകൾ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്താമോ?

മൂല്യവർദ്ധിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ കുത്താളി, വേങ്ങേരി എന്നിവിടങ്ങളിൽ ഓരോ നാളികേര ആഗ്രോ പാർക്ക്, കണ്ണാറ ഫാമിൽ ബനാന&ഹണി ആഗ്രോ പാർക്ക്, പാലക്കാട് ജില്ലയിലെ മുതലമടയിൽ മാംഗോ ആഗ്രോ പാർക്ക്, ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഫാമിൽ പച്ചക്കറി ആഗ്രോ പാർക്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ബനാന&ഹണി പാർക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഫെബ്രുവരി മാസത്തിൽ പാർക്കിന്റെ ഉദ്ഘാടനം നടക്കും.

## കെ.എൽ.ഡി.സി. മുഖാന്തരമുള്ള പ്രവൃത്തികൾ

74 (1561) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചടയമംഗലം നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

മറുപടി (പട്ടികരൂപത്തിൽ) അനുബന്ധമായി *ചേർക്കുന്നു.

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിലെ പോരേടം ക്ഷേത്രക്കുളം സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷണ-നവീകരണ പ്രവൃത്തികൾ നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ചടയമംഗലം നിയോജകമണ്ഡലത്തിലെ പോരേടം ക്ഷേത്രക്കുളം സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷണ-നവീകരണ പ്രവൃത്തികൾ നടത്തണമെന്ന് ആവശ്യപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലഭിച്ച നിവേദനത്തിന്മേൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ഇരിങ്ങാലക്കുടയിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി

75 (1562) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എൽ.ഡി.സി. മുഖേന ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ (പൂർത്തീകരിച്ച) പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം-I ആയും നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം-II* ആയും ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കർഷക ക്ഷേമനിധി ബോർഡ്

76 (1563) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതിയതായി ആരംഭിച്ച കർഷക ക്ഷേമനിധി ബോർഡ് വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും താഴെപ്പറയും പ്രകാരമാണ്.

1. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച അംഗങ്ങൾക്ക് അറുപത് വയസ്സ് തികയുമ്പോൾ മുതൽ ആനുപാതിക പെൻഷൻ
2. കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും
3. സ്ഥായിയായ ശാരീരിക മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം
4. അംഗങ്ങളുടെ ചികിത്സാ സഹായം, വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകൽ, വനിതാ അംഗങ്ങളുടെയോ കർഷകരുടെയോ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായവും, അംഗങ്ങളുടെ മക്കളുടെ വിദ്യാഭാസത്തിനുള്ള ധനസഹായം.
5. ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതി പ്രകാരം നിശ്ചയിക്കുന്ന ഒരു നിശ്ചിത തുക ഒറ്റത്തവണയായി നൽകുക
6. അംഗങ്ങൾക്കുണ്ടാവുന്ന അപകടങ്ങൾക്കും അപകടമരണങ്ങൾക്കും നഷ്ടപരിഹാരം നൽകുക.

(ബി) കർഷക ക്ഷേമനിധി ബോർഡിന്റെ ഘടന വ്യക്തമാക്കാമോ ?

ബോർഡിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്

1. ചെയർമാൻ
2. കാർഷികോല്പാദന കമ്മീഷണർ (ഡയറക്ടർ)
3. കൃഷി വകുപ്പ് സെക്രട്ടറി (ഡയറക്ടർ)
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ (ഡയറക്ടർ)
5. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ (ഡയറക്ടർ)

6. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ)

7. നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ)

8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി.എഫ്.പി.സി.കെ (ഡയറക്ടർ)

9. സർക്കാർ നാമനിർദേശം ചെയ്യുന്ന കാർഷിക മേഖലയിൽനിന്നുള്ള വിദഗ്ധൻ (ഡയറക്ടർ)

10. സർക്കാർ നാമനിർദേശം ചെയ്യുന്ന 14 കർഷക പ്രതിനിധികൾ (ഡയറക്ടർ)

11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മെമ്പർ സെക്രട്ടറി

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

13-10-2020 - ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 19/2020/കൃഷി പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 15-10-2020-ൽ ചെയർമാനും മറ്റ് ബോർഡ് അംഗങ്ങളും ചുമതല ഏറ്റെടുത്തതോടെ കേരള കർഷക ക്ഷേമനിധി ബോർഡ് ഔദ്യോഗികമായി നിലവിൽ വന്നു. ബോർഡിന്റെ ആദ്യ യോഗം 4-11-2020-ന് തിരുവനന്തപുരം, ആനയറ സമേതിയിൽ ചേരുകയും ബോർഡിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ചചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. പുതിയ ബഡ്ജറ്റിൽ 200 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ ചട്ടങ്ങളും പദ്ധതിയും ബൈലോയും രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ ആസ്ഥാന മന്ദിരത്തിനായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം മേഖലാ ഓഫീസിനും ലെയ്സൺ ഓഫീസിനുമായി ഉദ്ദേശം 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആനയറ സമേതിയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെയും ഓഫീസ് പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കർഷക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി-യുമായി ചർച്ചകൾ നടന്നുവരികയാണ്. കർഷകർക്കുള്ള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വിഷയത്തിലും സർക്കാർ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## താങ്ങുവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നേന്ത്രക്കായ സംഭരണം

77 (1564) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കൃഷി വകുപ്പ് നിയന്ത്രിക്കുന്ന വി.എഫ്.പി.സി.കെ. സംഭരണ കേന്ദ്രങ്ങൾ നേന്ത്രക്കായ കിലോയ്ക്ക് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ കർഷകരിൽനിന്നും വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ നിശ്ചയിച്ച മുപ്പത് രൂപ നിരക്ക് ഒഴിവാക്കി ഇരുപത്തിയഞ്ച് രൂപയ്ക്ക് വാങ്ങുവാൻ വി.എഫ്.പി.സി.കെ.-യ്ക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) വി.എഫ്.പി.സി.കെ. സംഭരണ കേന്ദ്രങ്ങളിൽ കർഷകരിൽനിന്നും താങ്ങുവിലയേക്കാൾ കുറച്ച് വാങ്ങിയ കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവില അടിസ്ഥാനപ്പെടുത്തി ബാക്കി തുക നൽകുന്നതിന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 16 ഇനം പച്ചക്കറികൾക്ക് കേരള സർക്കാർ 2020 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഈ പദ്ധതി നടപ്പാക്കുന്നത് AIMS പോർട്ടലിനെ ആധാരമാക്കിയാണ്. അടിസ്ഥാന വിലയുടെ ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ വിള വിസ്തീർണ്ണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിക്കുന്ന വിളവ്, വിളവെടുപ്പ് സമയം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ മുൻകൂട്ടി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും വിശദാംശങ്ങൾ പരിശോധിച്ചശേഷം കൃഷി ഭവൻ ഉദ്യോഗസ്ഥർ AIMS പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകുന്നതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ മൊത്തവ്യാപാര വിപണികൾ, ഇക്കോഷോപ്പുകൾ തുടങ്ങി 300-ഓളം വിപണികളിലൂടെയും PAC-കളുടെ നേതൃത്വത്തിൽ 250-ഓളം വിപണികളിലൂടെയുമാണ് അടിസ്ഥാന വിലയിൽ കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. പദ്ധതിയുടെ ജില്ലാതല നടത്തിപ്പ് വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പ്രൈസ് മോണിറ്ററിംഗ് സമിതി (DLPMC) രൂപീകരിച്ചിട്ടുണ്ട്. ഈ DLPMC-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിപണിവില അടിസ്ഥാന വിലയേക്കാൾ താഴ്ന്ന

എന്നു ബോധ്യപ്പെട്ടാൽ ഈ വിവരം കൃഷി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും, തുടർന്ന് കൃഷി വകുപ്പ് ഡയറക്ടർ പ്രസ്തുത ജില്ലയിൽ അടിസ്ഥാന വില നിലവിൽ വന്നു എന്ന് പ്രഖ്യാപനം നടത്തുകയും ചെയ്യും. അടിസ്ഥാന വില ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത കർഷകർ രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം ഉൽപ്പന്നങ്ങൾ അവരുടെ പ്രദേശത്തെ മേൽപ്പറഞ്ഞ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടു വരണം. ഉൽപ്പന്നങ്ങളുടെ ഗുണ മേന്മ വിലയിരുത്തി നിലവിലുള്ള വിപണി വില കർഷകർക്ക് സംഭരണ ഏജൻസി നൽകും. വിപണി വില ഓരോ ഉല്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാൾ താഴെ ആയിരിക്കുമ്പോൾ അടിസ്ഥാന വിലയും വിപണി വിലയും തമ്മിലുള്ള വിലവ്യത്യാസം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിപണിയിലെത്തിച്ചിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകും.

## കൃഷിഭവനുകൾ

78 (1565) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയമസഭാ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകൾ ഏതൊക്കെയെന്നും അവയുടെ അധികാരപരിധിയിൽ വരുന്നത് ഏതൊക്കെ വാർഡുകളാണെന്നും വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവയാണ് വട്ടിയൂർക്കാവ് നിയമസഭാ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകൾ. തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവനിൽ ഉൾപ്പെടുന്ന വാർഡുകൾ-കേശവദാസപുരം, മുട്ടട, പട്ടം, ശാസ്തമംഗലം, കവടിയാർ, കുറവൻകോണം, നന്തൻകോട്, കുന്നുകുഴി, കാഞ്ഞിരംപാറ, പേരൂർക്കട, വട്ടിയൂർക്കാവ്, പി.ടി.പി.നഗർ, പാങ്ങോട്, വലിയവിള, കണ്ണമ്മൂല.

വട്ടിയൂർക്കാവ് കൃഷിഭവനിൽ ഉൾപ്പെടുന്ന വാർഡുകൾ- തുരുത്തുംമൂല, നെട്ടയം, കാച്ചാണി, വാഴോട്ടുകോണം, കൊടുങ്ങാനൂർ.

കുടപ്പനക്കുന്ന് കൃഷിഭവനിൽ ഉൾപ്പെടുന്ന വാർഡുകൾ- കുടപ്പനക്കുന്ന്, പാതിരപ്പള്ളി, ചെട്ടിവിളാകം, കിണവൂർ.

(ബി) ഈ കൃഷിഭവനുകളിൽ ഓരോന്നിലും ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

മേൽ കൃഷിഭവൻ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം കോർപ്പറേഷൻ</u>

കൃഷി ഫീൽഡ് ഓഫീസർ - 1
കൃഷി അസിസ്റ്റന്റ് - 1
പി.റ്റി.എസ്. - 1

<u>വട്ടിയൂർക്കാവ്</u>

കൃഷി ഓഫീസർ - 1
കൃഷി അസിസ്റ്റന്റ് - 3
പി.റ്റി.എസ്. - 1

<u>കുടപ്പനക്കുന്ന്</u>

കൃഷി ഓഫീസർ - 1
കൃഷി അസിസ്റ്റന്റ് - 3
പി.റ്റി.എസ്. - 1

(സി) ഒന്നിലേറെ കൃഷിഭവനുകളുള്ള മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും പ്രവർത്തിക്കുന്ന എല്ലാ കൃഷിഭവനുകളുടെ അധികാരപരിധി തുല്യമാക്കുന്ന തരത്തിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. വിശദമായ പരിശോധന നടന്നുവരുന്നു.

(ഡി) മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

## വിളവൂർക്കൽ കൃഷി ഓഫീസ് കെട്ടിട നിർമ്മാണം

79 (1566) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളവൂർക്കൽ കൃഷി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്റെ (1896012/17/Min. Agri.) നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നിവേദനത്തിന്മേൽ കൃഷി വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടതു പ്രകാരം വിളവൂർക്കൽ കൃഷി ഭവൻ ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുകയും 26-8-2020 മുതൽ പുതിയ കെട്ടിടത്തിൽ കൃഷി ഭവൻ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

## കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

80 (1567) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കൃഷി വകുപ്പിലെ സ്റ്റേറ്റ് സർവ്വീസുമായി ബന്ധപ്പെട്ട കരട് വിശേഷാൽ ചട്ടങ്ങൾ 23-12-2020-ന് ചേർന്ന നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി പരിഗണിക്കുകയുണ്ടായി. കമ്മിറ്റിയുടെ മിനിട്ട്സ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. കൃഷി വകുപ്പിലെ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസിന്റെ കരട് ചട്ടങ്ങളിന്മേൽ ബന്ധപ്പെട്ട സർവീസ് സംഘടനകളുമായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11-8-2020 നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

## കൊരട്ടിച്ചാൽ സംരക്ഷണ - നവീകരണ പ്രവൃത്തികൾ

81 (1568) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിച്ചാൽ സംരക്ഷണ-നവീകരണ പ്രവൃത്തികൾ ഇനിയും പൂർത്തികരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.കെ.വി.ഐ. 2014-15 പദ്ധതിയിൽ ചാലക്കുടി ബ്ലോക്കിലെ കുളയിടം കൊരട്ടിച്ചാൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം എന്ന പ്രവൃത്തിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ അതിർത്തി തർക്കംമൂലം തുടങ്ങാനായില്ല. കൃഷിക്കാർ ജനുവരി മാസം വരെ കൃഷി നടത്തുന്നതുകൊണ്ട് കുറച്ച് മാസങ്ങൾ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ലഭിക്കുകയുള്ളൂ. ലെവൽ സർവ്വേ ജോലികൾ 2020 ഫെബ്രുവരിയിൽ ആരംഭിച്ചെങ്കിലും അതിർത്തി തർക്കം നിലനിൽക്കുന്നതിനാലും ചില കർഷകർ തോട് താഴ്ത്തേണ്ട സ്ഥലങ്ങളിൽ കൃഷിയിറക്കിയതിനാലും നിശ്ചിത സമയത്ത് പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി പ്രോജക്ട് പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഇപ്പോഴും അതിർത്തി തർക്കം നിലനിൽക്കുന്നതിനാലും ചില കർഷകർ തോട് താഴ്ത്തേണ്ട സ്ഥലങ്ങളിൽ കൃഷിയിറക്കിയതിനാലും ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിലും ആയത് പരിഹരിക്കുവാൻ ശ്രമങ്ങൾ തുടർന്നുവരുന്നുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവൃത്തികൾ**

82 (1569) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നാളിതുവരെ കൃഷി വകുപ്പ് മുഖേന എത്ര തുകയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെ വിശദാംശവും അതിനായി ചെലവഴിച്ച തുകയും പ്രത്യേകം പ്രത്യേകം അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിൻ കീഴിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി തച്ചനാട്ടുകര പഞ്ചായത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 6.91 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 3066 സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു. ആയതിന് 37,954 രൂപ ചെലവഴിച്ചു.

**വണ്ടൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവൃത്തികൾ**

83 (1570) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ കൃഷി വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ കൃഷി വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവ വർഷാടിസ്ഥാനത്തിൽ രേഖപ്പെടുത്തിയത് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

**കാട്ടാക്കട മണ്ഡലത്തിലെ നെൽകൃഷിയിടത്തിന്റെ വർദ്ധനവ്**

84 (1571) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി നിലവിലുള്ള ആകെ നെൽകൃഷി ഏരിയ എത്രയെന്നും ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ അത് എത്രയായിരുന്നെന്നും വ്യക്തമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ നിലവിലെ ആകെ നെൽകൃഷി ഏരിയ 9.63 ഹെക്ടറാണ്. ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ 2.52 ഹെക്ടർ നെൽകൃഷിയാണ് ഉണ്ടായിരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും ഉണ്ടായ നെൽകൃഷിയിടത്തിന്റെ വർദ്ധനവ് എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഉണ്ടായ നെൽക്യഷിയിടത്തിന്റെ വർദ്ധനവ് അനുബന്ധമായി *കൊടുത്തിരിക്കുന്നു.

**ആലത്തൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ**

85 (1572) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. XXVI-ന് കീഴിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദവിവരവും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ മണ്ഡലത്തിൽ RIDF XXVI പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ പദ്ധതിയായ ആലത്തൂർ മണ്ഡലത്തിന് കീഴിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കുള്ള പദ്ധതിയിൽ ആലത്തൂർ നിയമസഭാ മണ്ഡലത്തിന് കീഴിൽ വരുന്ന കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ കനാലുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി 298 ലക്ഷം രൂപയും രണ്ടാമത്തെ പദ്ധതിയായ ആലത്തൂർ കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കുള്ള പദ്ധതിയിൽ 1923 ലക്ഷം രൂപയും ചേർത്ത് ആകെ 2221 ലക്ഷം രൂപയുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## ദേവികുളം നിയോജകമണ്ഡലത്തിൽ കൃഷി ഭവൻ മുഖേന വിതരണം ചെയ്ത ആനുകൂല്യങ്ങൾ

86 (1573) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ഓരോ കൃഷി ഭവൻ മുഖേനയും കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിലെ വിവിധ കൃഷി ഭവൻ മുഖേന കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ കൃഷി വകുപ്പ് 1340.65701 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ഫ്ലവർ ഷോ

87 (1574) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബേക്കൽ കോട്ടയിൽ കൃഷി വകുപ്പ് ഫ്ലവർ ഷോ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ എപ്പോഴെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന് ചെലവായ തുക എത്രയാണെന്നും തുക സമാഹരിച്ചതെങ്ങനെയെന്നും വ്യക്തമാക്കാമോ;

(സി) ഫ്ലവർ ഷോ ലാഭകരമായിരുന്നോ നഷ്ടമായിരുന്നോ എന്ന് അറിയിക്കാമോ;

(ഡി) ലൈറ്റ് ആൻഡ് സൗണ്ട് ഒരുക്കിയത് ആരാണെന്നും എത്ര രൂപയ്ക്കാണ് ക്വട്ടേഷൻ ഏറ്റെടുത്തതെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത ക്വട്ടേഷൻ പ്രകാരം കരാറുകാരന് എത്ര രൂപ നൽകാൻ ബാക്കിയുണ്ടെന്നും എന്തുകൊണ്ടാണ് ഇതുവരെ നൽകാത്തതെന്നും വ്യക്തമാക്കാമോ;

(എഫ്) കരാറുകാരനുമായി എഗ്രിമെന്റ് ഉണ്ടാക്കിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ- എഫ്) ചോദ്യം ഉദിക്കുന്നില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിൽ കുളങ്ങളുടെ നവീകരണം

88 (1575) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഉത്രത്തിൻകാവ് ക്ഷേത്രക്കുളത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXV സ്കീമിൽ ഉൾപ്പെടുത്തി 95.77 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗതിയിലാണ്.

(ബി) പുതിയതായി കുളങ്ങൾ നവീകരിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതിയതായി ഒറ്റപ്പാലം താലൂക്കിലെ ചളവറ പഞ്ചായത്തിലെ കവനി കുളത്തിന്റെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി റിപ്പോർട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിവരുന്നു.

## മൈങ്കല്ലിയൂർ കണിയാറാംകോട്ടുകുളം നവീകരണം

89 (1576) ശ്രീ. ഐ. ബി സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ മൈങ്കല്ലിയൂർ കണിയാറാംകോട്ടുകുളം നവീകരണത്തിനായി സമർപ്പിച്ച നിവേദനത്തിന്റെ തുടർനടപടി എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുളം നവീകരിക്കുന്നതിന് മണ്ണ് പര്യവേക്ഷണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ മൈങ്കല്ലിയൂർ കണിയാറാംകോട്ടുകുളം നവീകരിക്കുന്നതിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കെ.എൽ.ഡി.സി. എന്നിവർ പദ്ധതി തയാറാക്കിയിരുന്നു. ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കെ.എൽ.ഡി.സി സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതി ആർ.കെ.ഐ. പദ്ധതി ഗൈഡ് ലൈൻസ് പ്രകാരം അല്ലാത്തതിനാൽ അനുമതി നൽകിയിട്ടില്ല. പ്രസ്തുത പദ്ധതി ആർ.കെ.ഐ. പദ്ധതി ഗൈഡ്ലൈൻസ് പ്രകാരം പുനഃക്രമീകരിച്ച് സമർപ്പിക്കണമെന്ന് കെ.എൽ.ഡി.സി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുളം നവീകരിക്കുന്നതിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതി തയ്യാറാക്കി ആർ.ഐ.ഡി.എഫ്. 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും സെക്ടറൽ അലോക്കേഷന്റെ പരിമിതി കാരണം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

## നെന്മാറ മണ്ഡലം-സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി

90 (1577) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ എം.എൽ.എ.-നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തി തുടങ്ങാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തികൾ തുടങ്ങാൻ നിലവിൽ തടസ്സങ്ങളില്ല.

(ബി) ഈ പദ്ധതി തുടങ്ങുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ടോ; ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ബഹു. നെൻമാറ എം.എൽ.എ.-യുടെ 2018-19, 2019-20 വർഷങ്ങളിലെ ആസ്തിവികസന പദ്ധതിയിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കുന്നതിന് പാലക്കാട് Assistant Development Commissioner (General) തലത്തിൽ അനുമതി നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ അടങ്കൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരികയാണ്. ആയത് പൂർത്തിയാക്കി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**നാദാപുരം എടച്ചേരിയിൽ രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണം**

91 (1578) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രാറുടെ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ?

എടച്ചേരി രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്ത് സർവ്വേ നമ്പർ 163/5-ൽ ഉൾപ്പെട്ടതും എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിനുള്ള ഭരണ സമിതി തീരുമാനമാണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്.

(ബി) മേൽ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നാളിതുവരെ സ്ഥലം അനുവദിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി സ്ഥലം അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

(ബി&സി) ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഭൂമി പഞ്ചായത്ത് ആർജ്ജിച്ചതാണോ നിക്ഷിപ്തമായ ഭൂമിയാണോ അതോ ഏതെങ്കിലും ആവശ്യത്തിനായി സർക്കാർ അനുവദിച്ചുനൽകിയ ഭൂമിയാണോ എന്ന് വ്യക്തമാക്കാനും ഭൂമി ആർജ്ജിച്ചതാണെങ്കിൽ കരമടച്ച രസീതിന്റെ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ ബി.ടി.ആർ. പകർപ്പ്, സ്ഥലം

ആവശ്യപ്പെട്ടുകൊണ്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ പ്രൊപ്പോസൽ എന്നിവകൂടി ലഭ്യമാക്കാനും പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നികുതി വകുപ്പിന്റെകൂടി അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. റിപ്പോർട്ടുകൾ പരിശോധിച്ച് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ.

## അനധികൃത നിർമ്മാണം

92 (1579) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും എത്ര അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചുനൽകിയിട്ടുണ്ട്; പട്ടിക ലഭ്യമാക്കുമോ;

(ബി) ഈ ഇനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏത് തീയതി വരെയുള്ള അനധികൃത നിർമ്മാണങ്ങളാണ് ക്രമവത്കരിച്ചത്; അതിനുശേഷമുള്ള അനധികൃതനിർമ്മാണങ്ങളുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; വിശദവിവരം നൽകുമോ?

(എ-സി) വിവരം ശേഖരിച്ച് വരുന്നു

## കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് വിഹിതം

93 (1580) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-2020 കാലഘട്ടത്തിലെ ഓരോ സാമ്പത്തികവർഷത്തെയും ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(ബി) ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റിൽ പ്രതിപാദിച്ചിരുന്ന തുകയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ; എന്തുകൊണ്ടാണ് ഓരോ സാമ്പത്തികവർഷവും ബാക്കി ഉണ്ടായിരുന്ന തുക ചെലവഴിക്കാതെ പോയതെന്ന് വിശദമാക്കുമോ?

അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2015-2020 കാലഘട്ടത്തിൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ എത്ര പേർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്നും എത്ര പേർക്കാണ് നിയമാനുസൃതമായി ഈ ആനുകൂല്യങ്ങൾ ലഭിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ; ബാക്കിയുള്ളവർക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കുമോ?

വ്യക്തിഗത ആനുകൂല്യം നൽകിയത് -5248* നിയമാനുസൃതം ലഭിക്കേണ്ടിയിരുന്നത് -5324* അപേക്ഷകൾ അപൂർണ്ണമായതിനാലാണ് ബാക്കിയുള്ളവർക്ക് ആനുകൂല്യം നൽകാതിരുന്നത്.

## അമൃത് പദ്ധതി

94 (1581) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ കൊല്ലം കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന അമൃത് പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 212.94 കോടി രൂപയുടെ 60 പദ്ധതികളാണ് കൊല്ലം കോർപ്പറേഷനിൽ നടപ്പിൽ വരുത്തുന്നത്. എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടെയും ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. 4 പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിൽ ഏർപ്പെടുവാൻ സാധിച്ചിട്ടില്ല. 28 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചു. പദ്ധതിയിലെ നിലവിലെ സ്ഥിതി അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. സ്വിവറേജ് മേഖലയിലെ രണ്ട് പദ്ധതികൾ റദ്ദ് ചെയ്യുവാൻ കോർപ്പറേഷൻ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ വൃദ്ധജന പരിപാലന സ്ഥാപനങ്ങളെ സംബന്ധിച്ച്

95 (1582) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അശരണരായ വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിനായിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ അശരണരായ വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിനായിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തുകൾ. പാറശ്ശാല, ചെങ്കൽ, കൊല്ലയിൽ, മലയിൻകീഴ്, വിളപ്പിൽ, കല്ലിയൂർ, അണ്ടൂർക്കോണം, പോത്തൻകോട്, പൂവച്ചൽ, വിതുര, അരുവിക്കര, കരകുളം, കല്ലറ, നെല്ലനാട്, കിളിമാനൂർ, കിഴവില്ലം, മുദാക്കൽ. നഗരസഭകൾ നെടുമങ്ങാട് -1 നെയ്യാറ്റിൻകര -2 വർക്കല -3 ആറ്റിങ്ങൽ -3 തിരുവനന്തപുരം-2 ബ്ലോക്ക് പഞ്ചായത്തുകൾ വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കാട്ടാക്കട, പൂവച്ചൽ, കുറ്റിച്ചൽ, ആര്യനാട് ഉഴമലയ്ക്കൽ, വിതുര എന്നീ പഞ്ചായത്തുകൾ. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആര്യൻകോട്, കള്ളിക്കാട്, കൊല്ലയിൽ, പെരുങ്കടവിള, ഒറ്റശേഖരമംഗലം, വെള്ളറട, കുന്നത്തുകാൽ എന്നീ പഞ്ചായത്തുകൾ. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട അഴൂർ, കഠിനംകുളം, മംഗലപുരം എന്നീ ഗ്രാമപഞ്ചായത്തുകൾ.

(ബി) വൃദ്ധജന പരിപാലന സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നവ എത്ര; സ്വകാര്യ വ്യക്തികളും ചാരിറ്റബിൾ സംഘടനകളും നടത്തുന്നവ എത്ര; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധജന പരിപാലന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകൾ -10 തിരുവനന്തപുരം നഗരസഭ - 2 നെടുമങ്ങാട് നഗരസഭ -1 നെയ്യാറ്റിൻകര നഗരസഭ -1 വർക്കല നഗരസഭ-1 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്- 3 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്-2 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്-6 സ്വകാര്യ വ്യക്തികളും ചാരിറ്റബിൾ സംഘടനകളും നടത്തുന്നവ ഗ്രാമപഞ്ചായത്തുകൾ -11 വർക്കല നഗരസഭ -2 ആറ്റിങ്ങൽ നഗരസഭ -3 നെയ്യാറ്റിൻകര നഗരസഭ -1 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് - 5 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് - 1

(സി) സ്വകാര്യ വ്യക്തികളും ചാരിറ്റബിൾ സംഘടനകളും നടത്തുന്ന സ്ഥാപനങ്ങളിൽ വൃദ്ധജന പരിപാലനത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സർക്കാർ പരിശോധനാ സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. ബ്ലോക്ക് പരിധിയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും വനിതാ ശിശുവികസന വകുപ്പിൽനിന്നുള്ള സൂപ്പർ വൈസർമാർ അതത് ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തുന്നുണ്ട്. നെയ്യാറ്റിൻകര, വർക്കല എന്നീ നഗരസഭകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ, ശുചിത്വ നിലവാരം നഗരസഭ ആരോഗ്യ വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട് എന്നാൽ നെടുമങ്ങാട്, ആറ്റിങ്ങൽ, തിരുവനന്തപുരം നഗരസഭകളിൽ പരിശോധനാ സംവിധാനം നിലവിലില്ല.

## സാമൂഹ്യസുരക്ഷാ പെൻഷൻ

96 (1583) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്ന എത്ര പേർ ഉണ്ട്; ഓരോ വിഭാഗമായി വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്ന 4864627 ഗുണഭോക്താക്കളാണുള്ളത്. ഓരോ പെൻഷന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (13-1-2021 പ്രകാരം)

| ക്രമ നമ്പർ | പെൻഷൻ തരം | ഗുണഭേഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 4361302 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2580514 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/ മാനസികമായി വെല്ലുവിളി നേരിടുന്നവർ | 405298 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 85081 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 1357604 |
| | ആകെ | 4864627 |

(ബി) ഈ സർക്കാർ എത്രപേർക്കാണ് പുതുതായി സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചത്?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി 1421213 പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എത്ര പേരാണ് ഉണ്ടായിരുന്നത്; യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ വിവിധ പെൻഷനുകൾ എത്ര രൂപയായിരുന്നു?

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 3443414 പേരാണ് സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായി ഉണ്ടായിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ ഉള്ള പെൻഷൻ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ തരം | ഉപവിഭാഗം | പെൻഷൻ റേറ്റ് |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | | 600 |
| 2. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് താഴെ | 600 |
| | | 75 വയസ്സിന് മുകളിൽ | 1500 |
| 3. | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ | അംഗപരിമിതി 80 ശതമാനത്തിൽ കുറവ് | 800 |
| | | അംഗ പരിമിതി 80 ശതമാനത്തിൽ കൂടുതൽ | 1100 |
| 4. | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | 800 |
| 5. | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | | 800 |

(ഡി) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്?

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ ഉണ്ടായിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ്.

(ഇ) സാമൂഹ്യസുരക്ഷാ പെൻഷനിൽ എത്ര ഗുണഭോക്താക്കൾക്കാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്; അത് ഓരോന്നിനും എത്രയാണ് ലഭിക്കുന്നത്; വിശദമാക്കാമോ?

സാമൂഹ്യസുരക്ഷാ പെൻഷനിൽ 688329 ഗുണഭോക്താക്കൾക്കാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്. ആയത് ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം പെൻഷൻ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ തരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 449158 |
| 2 | ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ സ്കീം -ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ | 29935 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 209236 |
| | ആകെ | 688329 |

**നെന്മാറയിൽ റീബിൽഡ് കേരള പദ്ധതി**

97 (1584) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

റീബിൽഡ് കേരള പദ്ധതിയിൽ നെന്മാറ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

i) അലമ്പല്ലം പാലം

ii) ആനമട-പുല്യമ്പാറ റോഡ്

iii) പുല്യമ്പാറ-കോട്ടയ്ക്കാട് റോഡ്

(ബി) നിലവിൽ ഈ പ്രവൃത്തികൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അലമ്പല്ലം പാലത്തിന്റെ alignment സർവ്വേ നടപടികൾ പൂർത്തിയാക്കി soil investigation പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ആനമട പുല്യമ്പാറ റോഡ്, പുല്യമ്പാറ

കോട്ടയ്ക്കാട് റോഡ് എന്നിവയ്ക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഈ പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

അലമ്പല്ലം പാലം 6 മാസത്തിനുള്ളിൽ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി പ്രവൃത്തികൾ NOC ലഭ്യമാകുന്ന മുറയ്ക്ക് സർവ്വേ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണവകുപ്പുകളുടെ ഏകീകരണം**

98 (1585) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം സംബന്ധിച്ച് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സ്പെഷ്യൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമ വികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ., പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സെക്രട്ടറി തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) ഏകീകൃത വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള മാന്വൽ ലോക്കൽ ഡെവലപ്മെന്റ് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഏകീകൃത വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള മാന്വൽ ലോക്കൽ ഡെവലപ്മെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

(സി) വകുപ്പുകളുടെ ഏകീകരണം ജീവനക്കാരുടെ പ്രൊമോഷനെ എങ്ങനെ ബാധിക്കുമെന്ന് വിശദീകരിക്കാമോ?

17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ ത.സ്വ.ഭ.വ., പ്രകാരം ഏകീകരണ ഉത്തരവ് തീയതിക്ക് മുമ്പ് സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവീസിലും പ്രവേശിച്ച ഓരോ ജീവനക്കാരനും സർവ്വീസിൽനിന്നും പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള Seniority യും lien-ഉം നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രൊമോഷനുകൾക്കും അർഹത യുണ്ടായിരിക്കുന്നതാണ്.

(ഡി) കേരള മുനിസിപ്പൽ കോർപ്പറേഷനിൽ നവംബർ 2020 മുതൽ 2021 മെയ് 31 വരെ എത്ര റവന്യൂ ഇൻസ്പെക്ടർ സൂപ്രണ്ട് ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

കേരള മുനിസിപ്പൽ കോർപ്പറേഷനിൽ നവംബർ 2020 മുതൽ 2021 മേയ് 31 വരെ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 5 ഒഴിവുകളും സൂപ്രണ്ട് തസ്തികയിൽ 11 ഒഴിവുകളും ഉണ്ടാകുന്നതാണ്.

## പൊതു ശുചിമുറികളുടെ നിർമ്മാണം

99 (1586) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ശുചിമുറികളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; ഇതിനായി എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി "ടേക്ക് എ ബ്രേക്ക്" എന്ന പേരിൽ ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ High Quality Toilet - കൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് Take a Break Toilet Complex-കൾ. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ 2 എണ്ണവും നഗരസഭകളിൽ 4 എണ്ണവും കോർപ്പറേഷനുകളിൽ 6 എണ്ണവും വീതം ടോയ്‌ലെറ്റ് കോംപ്ലക്സുകൾ നിർമ്മിക്കേണ്ടതാണ്. ഇങ്ങനെ സംസ്ഥാനത്ത് 2345 ടോയ്‌ലെറ്റുകൾ നിർമ്മിക്കുവാനാണ് പദ്ധതിയിടുന്നത്. ഇതിൽ 1222 ടോയ്‌ലെറ്റ്

കോംപ്ലക്സുകളുടെ പ്രോജക്ടുകൾ ടെണ്ടർ ചെയ്ത് 140 പ്രോജക്ടുകൾ പ്രവൃത്തി തുടങ്ങി. 45 പ്രോജക്ടുകൾ പൂർത്തിയാക്കി. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കുടുംബശ്രീ മുഖേന തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നു. 2021 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യംവയ്ക്കുന്നത്.

(സി) ഈ പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനും സഹകരണ സ്ഥാപനങ്ങളുമായി സഹകരിക്കുന്നത് കൂടുതൽ സഹായകരമാകുമെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ; എങ്കിൽ ആയതിനായി പ്രത്യേക നിർദ്ദേശം നൽകുമോ?

ഉണ്ട്. ഈ പദ്ധതിക്കായി സ്ഥലം വിട്ടുനൽകുവാൻ തയ്യാറുള്ള സഹകരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനാണ് സർക്കാർ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുള്ളത്. പബ്ലിക്ക്- പ്രൈവറ്റ് - പാർട്ണർഷിപ്പ് രീതിയിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചും കോ-ഓപ്പറേറ്റീവ് സ്ഥാപന ഫണ്ട് ഉപയോഗിച്ചും "ടേക്ക് എ ബ്രേക്ക്" പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷപദവി

100 (1587) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മുന്നണി സ്ഥാനാർത്ഥികളായി മത്സരിക്കുന്നവർ ഏത് മുന്നണിയുടെ ഭാഗമാണെന്ന് വ്യക്തമാക്കുന്ന പ്രസ്താവന നാമനിർദ്ദേശ പത്രികയോടൊപ്പം നിർബന്ധമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷ പദവി തുടർച്ചയായി സംവരണം ചെയ്യുന്നത് ഒഴിവാക്കി പുനഃക്രമീകരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

ത്രിതല പഞ്ചായത്തുകളിലെയും കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും അദ്ധ്യക്ഷ സ്ഥാനം പട്ടികവർഗ്ഗ സ്ത്രീ, പട്ടികവർഗ്ഗം, പട്ടികജാതി സ്ത്രീ, പട്ടികജാതി, സ്ത്രീ എന്നീ വിഭാഗങ്ങൾക്ക് സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ 3-11-2020-ൽ പുറപ്പെടുവിച്ച ഉത്തരവുകൾ ആർട്ടിക്കിൾ 243-ഡി (4) ന്റെ മൂന്നാം ക്ലിപ്ത നിബന്ധന പ്രകാരമുള്ള ഭരണഘടനാ നിർദ്ദേശങ്ങൾ

പാലിച്ചുകൊണ്ട് റീകാസ്റ്റ് ചെയ്യുന്നതിന് ഡബ്ല്യു.പി.സി 24044/2020 തുടങ്ങിയ റിട്ട് പെറ്റീഷനുകളിൽ 16-11-2020-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത വിധിക്കെതിരെ സംസ്ഥാന സർക്കാരും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീലുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സുകളിൽ ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിന്റെ 16-11-2020-ലെ വിധി റദ്ദ് ചെയ്തുകൊണ്ട് 14-12-2020-ൽ ഡിവിഷൻ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എങ്കിൽ, പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ/ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ/ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വിവാഹ രജിസ്ട്രേഷനുള്ള വ്യവസ്ഥകൾ

101 (1588) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ഹിന്ദു വിവാഹ നിയമം - 1955, കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ - 1957.
2. കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ - 2008.
3. ആനന്ദ് വിവാഹ രജിസ്ട്രേഷൻ നിയമം 1909, കേരള ആനന്ദ് വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ 2014.

ഇതുകൂടാതെ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, നിർദ്ദേശങ്ങൾ, സർക്കുലറുകൾ എന്നിവ ക്രോഡീകരിച്ച് 10-5-2017-ൽ ബി1.15346/2017 നമ്പരായി മുഖ്യ (പൊതു) വിവാഹ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ജനന വർഷം മാത്രം രേഖപ്പെടുത്തിയ ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ് എന്നിവയൊഴികെ ജനനത്തീയതി തെളിയിക്കാൻ മറ്റ് രേഖകളൊന്നുമില്ലാത്തവർ വിവാഹം രജിസ്റ്റർ ചെയ്യാൻ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജനപ്രതിനിധികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രായം കണക്കാക്കി വിവാഹം രജിസ്റ്റർ ചെയ്യാൻ അനുമതി നൽകുന്നതിന് സർക്കാർ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രോപ്പർട്ടി ടാക്സ് നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങൾ

102 (1589) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന പ്രോപ്പർട്ടി ടാക്സ് നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുത നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും ചട്ടം 9 മുതൽ 12 വരെ പ്രതിപാദിച്ചിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് യഥാക്രമം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും പ്രോപ്പർട്ടി ടാക്സ് നിലവിൽ നിശ്ചിയിച്ചുവരുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

16-12-2015-ലെ സ.ഉ.(എം.എസ്.) നമ്പർ 358/15/ത.സ്വ.ഭ.വ. 27-4-2015-ലെ സ.ഉ.(എം.എസ്.) നമ്പർ 144/15/ത.സ്വ.ഭ.വ. 6-3-2019-ലെ സ.ഉ.(സാധാ) നമ്പർ 540/2019/ത.സ്വ.ഭ.വ. 14-1-2011 സ.ഉ.(അ) നമ്പർ 17/2011/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ**

103 (1590) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ സ്ത്രീ സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്ന വിലയിരുത്തൽ നടത്താറുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടകോട്ടങ്ങളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഓരോ വർഷവും പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അതുകൂടി കണക്കിലെടുത്ത് അവസ്ഥാ വിശകലനം പുതുക്കുന്നുണ്ട്. ഇത് അവലംബമാക്കി ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അവസ്ഥാ രേഖ (Status Report) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) സ്ത്രീകൾ നിയന്ത്രിക്കുന്നതും, സ്ത്രീകൾ ഗുണഭോക്താക്കളുമായ പ്രോജക്ടുകൾ മാത്രം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും മറിച്ചുള്ളവയ്ക്കെതിരെ കൃത്യമായ പരിശോധനയും നടപടിയും സ്വീകരിക്കാനാകുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ ആകെ വികസന ഫണ്ടിന്റെ 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തേണ്ടതാണെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ വനിതകൾ തന്നെയാണെന്നുള്ള കാര്യം നിർവ്വഹണ ഉദ്യോഗസ്ഥനും പ്രോജക്ട് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ഉറപ്പുവരുത്തുന്നുണ്ട്. വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ജില്ലാ ആസൂത്രണ സമിതികളും ഇക്കാര്യം ഉറപ്പ് വരുത്തുന്നുണ്ട്. ഇപ്രകാരം മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതി രൂപീകരണം നടത്തുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കാലാകാലങ്ങളിൽ ഓഡിറ്റ് നടത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുംവരുന്നുണ്ട്.

## ഇ.ആർ.എഫ്. വിഭാഗങ്ങൾക്ക് ഫണ്ട്

104 (1591) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോമാകെയർ, ഇ.ആർ.എഫ്. എന്നീ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും രക്ഷാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റ് സാമഗ്രികളും വാങ്ങുന്ന ചെലവുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് മുഴുവൻ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾക്ക് യൂണിഫോം പോലും വാങ്ങാൻ ഫണ്ട് ലഭ്യമല്ലെന്ന വസ്തുത കണക്കിലെടുത്ത് അടിയന്തരമായ രക്ഷാ പ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുത്തുന്ന ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട് മാറ്റിവയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നിലവിലുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ല. നിലവിൽ രോഗബാധിതർക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ആനുകൂല്യങ്ങൾ നൽകുന്നത്. ആരോഗ്യ പ്രവർത്തകർക്ക് ആനുകൂല്യങ്ങൾ നൽകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളായ ആശുപത്രികൾക്ക് മെയിന്റനൻസ് ഗ്രാന്റിൽനിന്നും തുക ചെലവഴിച്ചുവരുന്നതാണ്.

## കോവിഡ് പ്രതിരോധത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക

105 (1592) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് 19-മായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനും കമ്മ്യൂണിറ്റി കിച്ചൺ നടത്തുവാനുമായി എത്ര തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്; ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ലഭിച്ചത് എത്ര തുകയെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് 19-മായി ബന്ധപ്പെട്ട് ചെലവായ തുക ലഭിക്കാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്; അവ ഏതെല്ലാം;

(സി) ചെലവായ തുക നൽകുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഇത് സംബന്ധിച്ച് സർക്കാരിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരണം**

106 (1593) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാര്യങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിലുണ്ടെങ്കിലും മനുഷ്യന്റെ നിലനിൽപ്പിന് അടിസ്ഥാനമായ കൃഷിക്കുമാത്രം സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കൃഷിക്ക് മാത്രമായി സ്റ്റാന്റിംഗ് കമ്മിറ്റി നിലവിലില്ല. കാർഷിക മേഖലയ്ക്ക് ഊന്നൽ നല്കികൊണ്ട് ഈ മേഖലയിലെ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിലെ പദ്ധതികൾ ചർച്ച ചെയ്യുന്നതിനും പ്രവൃത്തികളുടെ നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ കൃഷി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകുന്നതിനുവേണ്ടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രതിസന്ധി**

107 (1594) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധത്തിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടായിട്ടുള്ള ഫണ്ട് പ്രതിസന്ധിയെ മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്വാറന്റയിൻ സെന്റർ, സി.എഫ്.എൽ.റ്റി.സി. തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ലഭ്യമാക്കുന്നുണ്ട്. മാത്രമല്ല ഫണ്ട് അപര്യാപ്തത പരിഹരിക്കുന്നതിനായി വികസന ഫണ്ടിന്റെ ഗഡുക്കൾ മുൻകൂറായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ കോവിഡ് ചികിത്സയ്ക്കായി ആരംഭിച്ച ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഫണ്ടിന്റെ അപര്യാപ്തത കാരണം നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫണ്ടിന്റെ അപര്യാപ്തതമൂലം സി.എഫ്.എൽ.റ്റി.സി.-കളുടെ പ്രവർത്തനം നിർത്തിവച്ചിട്ടില്ല.

(സി) കോവിഡ് പ്രതിസന്ധി രൂക്ഷമാകുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിക്കാവുന്നതും 21-7-2020-ലെ സ.ഉ.(സാധാ)നമ്പർ 1382/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വികസന ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും (എസ്.ഡി.ആർ.എഫ്.) അനുവദിക്കുന്ന തുകയും സംഭാവന ഇനത്തിൽ ചെലവഴിക്കുന്ന തുകയും ഉപരിയായി വരുന്ന തുക അധിക വിഹിതമായി കണക്കാക്കും. കോവിഡ് പ്രതിരോധ പ്രവർത്തനം എന്ന തലക്കെട്ടോടുകൂടി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ യഥാർത്ഥ ചെലവുകൾ അനുവദിച്ചുനൽകുന്നതുമാണ്.

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

108 (1595) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിയ എം.എൽ.എ., എ.ഡി.എസ്, എസ്.ഡി.എഫ്., റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, മുഖ്യമന്ത്രിയുടെ എൽ.ആർ.ആർ.പി. തുടങ്ങിയ പദ്ധതികളിലൂടെ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ;

(സി)ഇവയിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ വിശദമാക്കാമോ?

(എ - സി) എം.എൽ.എ. എ.ഡി.എസ്., എസ്.ഡി.എഫ്., റീബിൽഡ് കേരള ഇൻഷ്യേറ്റീവ്, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി എന്നിവയ്ക്ക് കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, II, III, IV ആയി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുവാൻ ചീഫ് എഞ്ചിനീയർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ്, യൂണിറ്റ് പ്രോജക്ട് ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വേയ്ക്കൽ-വട്ടപ്പാറ-തങ്കക്കല്ല് റോഡ് നവീകരണം**

109 (1596) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റിൽ 20% തുക വകയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നവീകരണ പ്രവൃത്തി അനുവദിക്കപ്പെട്ട വേയ്ക്കൽ-വട്ടപ്പാറ-തങ്കക്കല്ല് റോഡ് പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി നടപ്പിൽ വരുത്തുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി നടപ്പിൽ വരുത്തുന്നതിന് ഭരണാനുമതി നല്കി അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. ടി പ്രവൃത്തിയുടെ DPR ഭരണാനുമതി നൽകുന്നതിലേയ്ക്ക് സർക്കാർ തലത്തിൽ പരിഗണിച്ചുവരികയാണ്. ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ഡീസെൻട്രലൈസ്ഡ് സ്വീവറേജ് പദ്ധതി

110 (1597) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയുടെ 15, 16, 17 ഡിവിഷനുകളിൽ അമൃത് പദ്ധതിയിൽ സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ള ഡീസെൻട്രലൈസ്ഡ് സ്വീവറേജ് പദ്ധതിയുടെ തൽസ്ഥിതി വ്യക്തമാക്കാമോ?

കൊച്ചി നഗരസഭയുടെ 15, 16, 17 ഡിവിഷനുകളിൽ അമൃത് പദ്ധതിയിൽ സ്വീവറേജ് & സെപ്റ്റേജ് മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ടെണ്ടർ അധിക നിരക്കിന് അമൃത് പദ്ധതികളുടെ സംസ്ഥാനതല ഉന്നതാധികാര സമിതി (SHPSC) ഉപാധികളോടെ അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ അധിക നിരക്ക് മൂലമുള്ള സാമ്പത്തിക ബാധ്യതയുടെ 50% കോർപ്പറേഷൻ വഹിക്കണമെന്നതാണ് ഉപാധി. പ്രസ്തുത ഉപാധിക്ക് കോർപ്പറേഷൻ കൗൺസിലിന്റെ അംഗീകാരത്തിനായി കാക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷൻ കൗൺസിൽ അംഗീകാരം നൽകുന്ന മുറയ്ക്കേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

### ഉദുമ മണ്ഡലത്തിലെ ബേഡഡുക്കയിൽ സ്മാർട്ട് ടി.വി. വിതരണം

111 (1598) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതിന് കെ.എസ്.എഫ്.ഇ.-യുടെ ഒ.വി.എസ്. പദ്ധതി, എം.എൽ.എ. ഫണ്ട് എന്നിവ പ്രകാരം ഉദുമ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക പഞ്ചായത്ത് എത്ര സ്മാർട്ട് ടെലിവിഷനുകളാണ് നൽകിയത്?

സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-യുടെ ഒ.വി.എസ്. പദ്ധതി, എം.എൽ.എ. ഫണ്ട് എന്നിവ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ 115 ടെലിവിഷനുകൾ വിതരണത്തിന് ലഭ്യമാക്കിയതിൽ 110 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 5 എണ്ണം വിതരണം നടത്തുന്നതിലേക്കായി നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

(ബി) ടെലിവിഷനുകളുടെ തുക കെ.എസ്.എഫ്.ഇ. പഞ്ചായത്തിന് കൈമാറിയെങ്കിലും സെക്രട്ടറി ഈ തുക ഇതുവരെ ടെലിവിഷൻ കമ്പനിക്ക് നൽകിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) മണ്ഡലത്തിലെ മറ്റ് സെക്രട്ടറിമാർ ടെലിവിഷന്റെ തുക കമ്പനിക്ക് നൽകിയെങ്കിലും ബേഡഡുക്ക പഞ്ചായത്ത് സെക്രട്ടറി ഈ തുക നൽകാതെ വച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

ടെലിവിഷൻ കമ്പനിക്ക് ആകെ അനുവദിക്കേണ്ട 15,51,350 രൂപയിൽ 11,50,000 രൂപ കെ.എസ്.എഫ്.ഇ.-യിൽനിന്നും 4,01,350 രൂപ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നുമുള്ളതാണ്. കെ.എസ്.എഫ്.ഇ.-യിൽനിന്നുള്ള 11,50,000 രൂപ 14-8-2020-ൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ തുക ജില്ലാ കളക്ടറിൽനിന്നും ലഭ്യമാകുന്നതിന് അസ്സൽ ബില്ലുകൾക്കൊപ്പം, എം.എൽ.എ.-യുടെ പേര്, സാമ്പത്തിക വർഷം എന്നിവ ഉൾപ്പെടുത്തിയ സ്റ്റിക്കർ പതിച്ച് ആയത് കാണത്തക്കവിധം പകർത്തിയ ഫോട്ടോ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് 10 സ്ഥാപനങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക നൽകിയിട്ടില്ല. ടി സ്ഥാപനങ്ങൾ വരുത്തിയ കാലതാമസമാണ് ടെലിവിഷൻ കമ്പനിക്ക് തുക അനുവദിക്കുന്നതിന് തടസ്സമായിട്ടുള്ളത്.

(ഡി) പഞ്ചായത്ത് ഭരണസമിതി തീരുമാനം, കെ.എസ്.എഫ്.ഇ.-യുടെ കത്ത്, സ്ഥലം എം.എൽ.എ.-യുടെ കത്ത്, എം.എൽ.എ. ഫണ്ട് ഉത്തരവ് എന്നിവ ഉണ്ടായിട്ടും ഫണ്ട് നൽകാതെ പിടിച്ചുവച്ച സെക്രട്ടറിക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇതുസംബന്ധിച്ച് സെക്രട്ടറിയുടെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ ക്രമക്കേടോ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മഹിളാ കിസാൻ സശാക്തീകരൺ പരിയോജന**

112 (1599) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ കിസാൻ സശാക്തീകരൺ പരിയോജന സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട് എന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതി 2011-ൽ ആരംഭിച്ച് 2020 മാർച്ചോടുകൂടി അവസാനിക്കുകയുണ്ടായി. യന്ത്രവൽകൃത കൃഷി രീതിയിലൂടെ സ്ത്രീ തൊഴിലാളികൾക്ക് അധികവരുമാനവും സ്ഥിര വരുമാനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമവികസന വകുപ്പ് മുഖാന്തരവും 150000 വനിതകളെ കാർഷികവൃത്തിയിലേയ്ക്ക് കൊണ്ടുവന്ന് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക, 30000 കൃഷിസംഘങ്ങളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ മുഖാന്തരവും ആണ് എം.കെ.എസ്.പി. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിരുന്നത്. ഗ്രാമവികസന വകുപ്പ് ആദ്യഘട്ടത്തിൽ മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലും 2016-ലും 2018-ലുമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുടുംബശ്രീ പദ്ധതി കാലയളവിൽ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുതപദ്ധതിയുടെ ഉദ്യോഗസ്ഥ ഘടന ഏതുവിധത്തിൽ ആണെന്നും വിവിധ കാലഘട്ടങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ ആയിട്ടുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; ശമ്പളത്തിനും ഭരണപരമായ ചെലവുകൾക്കും എത്ര തുക വീതം നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥ ഘടന:

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, 2) ഹെഡ് അക്കൗണ്ടന്റ്, 3) ഡേറ്റാ എൻട്രി ഓപ്പറേറ്റർ, 4) ഓഫീസ് ക്ലാർക്ക്, 5) ഓഫീസ് അസിസ്റ്റന്റ്, 6) ഫീൽഡ് കോ-ഓർഡിനേറ്റേഴ്സ്. വിവിധ കാലഘട്ടങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിവരങ്ങൾ 1. ശ്രീ. മോഹൻകുമാർ (27-6-2011-30-4-2013)- അഡീഷണൽ ചാർജ്, 2. ശ്രീ. സി. ചന്ദ്രബാബു (1-5-2013- 19-1-2014)- അഡീഷണൽ ചാർജ്, 3. ശ്രീ. കെ. ശശിധരൻ നായർ (20-1-2014-16-8-2014), 4. ശ്രീ. വി. എസ്. സന്തോഷ് കുമാർ (18-8-2014-26-8-2016),

5. ശ്രീ. വി. അജയകുമാർ (26-8-2016-31-3-2017), 6. ശ്രീ. വി. എസ്. സന്തോഷ് കുമാർ (1-4-2017-19-6-2017) -അഡീഷണൽ ചാർജ്, 7. ശ്രീ. കെ.അനിൽ ബാബു (19-6-2017- 24-10-2017), 8. ശ്രീ. പി. അബ്ദുൾ അസീസ് (24-10-2017- 29-6-2018), 9. ശ്രീ. സി. വി. ജോയ് (29-6-2018 - 14-1-2019), 10. ഡോ.പി. കെ. സനിൽകുമാർ (14-1-2019-29-2-2020), 11. ശ്രീ. വി. എസ്. സന്തോഷ് കുമാർ (1-3-2020 മുതൽ)- അഡീഷണൽ ചാർജ്. ശമ്പളത്തിനായി 2,11,76,314 രൂപയും, ഭരണപരമായ ചെലവുകൾക്കായി 45,90,352 രൂപയും ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ കുടുംബശ്രീയിൽ എം.കെ.എസ്.പി.-ക്കായി സി.ഇ.ഒ.-യെ നിയമിച്ചിട്ടില്ലായിരുന്നു. സംസ്ഥാനതലത്തിൽ പ്രോഗ്രാം ഓഫീസർ, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരും, 14 ജില്ലകളിലായി 14 പ്രോഗ്രാം മാനേജർമാരും, 152 ബ്ലോക്കുകളിലായി 155 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരും എം.കെ.എസ്.പി. പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചിരുന്നു. ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കും 4.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഓരോ വർഷവും യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും ഇതുപയോഗിച്ച് ഓരോ ബ്ലോക്കിലും എത്രമാത്രം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും അറിയിക്കുമോ?

ഗ്രാമവികസന വകുപ്പ് 2012-13-0, 2013-14-0, 2014-15- 3,16,99,967, 2015-16 - 2,97,20,864, 2016-17-1,83,86,518, 2017-18- 13,53,250, 2018-19- 34,12,750, 2019-20- 2,35,90,500 ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം ആയി ചേർക്കുന്നു.* കുടുംബശ്രീ, കുടുംബശ്രീ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ മുഖാന്തരം കാർഷിക യന്ത്രോപകരണങ്ങളായ പമ്പ്സെറ്റ്, വീഡ്കട്ടർ, വീൽബാരോ, സ്പ്രേയർ, കോണോവീഡർ, ടില്ലർ, പാഡി സീഡർ എന്നിവ കൃഷിസംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 3,96,31,003 രൂപയുടെ ചെലവ് വന്നിട്ടുണ്ട്.

(ഡി) പദ്ധതിയുടെ കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഏത് ഏജൻസിയാണ് കണക്ക് ഓഡിറ്റ് ചെയ്യുന്നതെന്ന് അറിയിക്കുമോ?

ഉണ്ട്. ഗ്രാമവികസന വകുപ്പ് മുഖാന്തരം നടപ്പാക്കിയ എം.കെ.എസ്.പി. പദ്ധതിയുടെയും, കുടുംബശ്രീ മുഖാന്തരം നടപ്പാക്കിയ എം.കെ.എസ്.പി. പദ്ധതിയുടെയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാരാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെങ്കിലും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസ് നിലവിലില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം.**

113 (1600) ശ്രീ. എസ്. ശർമ്മ:
ശ്രീ . എം. നൗഷാദ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കാനും ആസൂത്രണത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും ഗതിവേഗം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നയപരവും ഭരണപരവുമായ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽതന്നെ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിക്കുകയും കാലേക്കൂട്ടി തന്നെ ഗ്രാമ-ഭരണ സ്ഥാപനങ്ങൾക്കും നഗര-ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതി നിർവ്വഹണത്തിന് 12 മാസവും ലഭ്യമാക്കൽ, വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കൽ, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിക്കൊണ്ട് നടപടിക്രമങ്ങൾ പലതും അഭികാമ്യം, അനിവാര്യം എന്നിങ്ങനെ തിരിക്കൽ, നഷ്ടപ്പെട്ടുപോയ ജനപങ്കാളിത്തം വീണ്ടെടുക്കാനായി തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതികൾ രൂപീകരിക്കൽ, കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസർമാരേയും നൽകൽ, നൂതന പ്രോജക്ടുകൾക്ക് പ്രത്യേക മാർഗ്ഗരേഖ, ജില്ലാ പദ്ധതികൾ തയ്യാറാക്കൽ, പ്രോജക്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനായി ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കൽ എന്നിവയെല്ലാം ജനകീയാസൂത്രണ രംഗത്ത് ഈ സർക്കാർ കൈക്കൊണ്ട നടപടികളാണ്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയിലടക്കം ഉത്പാദന മേഖലയിൽ ഒഴിവാക്കിയ നിർബന്ധിത വകയിരുത്തൽ തിരികെ കൊണ്ടുവന്നു. സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച്

വകുപ്പുകളുടെ നിരക്കുമായി യോജിപ്പിച്ചു. പ്രായോഗികതയിൽ ഊന്നി ഗുണഭോക്താക്കളുടെ വരുമാന പരിധി വർദ്ധിപ്പിച്ചു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വികസന ഫണ്ട് എത്ര കോടി രൂപ ആയിരുന്നു;ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്തെ (2011-12 to 2015-16) വികസന ഫണ്ടായി 18349.02 കോടിയും ഈ സർക്കാരിന്റെ കാലത്തെ (2016-17 to 2020-21) വികസന ഫണ്ടായി 33572.33 കോടിയും അനുവദിച്ചിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുന്നതിനും വിവിധ മേഖലകളിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി പദ്ധതി തുക ചെലവഴിക്കുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ വികസന പദ്ധതികൾ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിന് 12 മാസവും ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ 2018-19 മുതൽ തന്നെ മാറിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനവും നഗരസഭകൾ 10 ശതമാനവും കുറഞ്ഞത് ഉല്പാദനമേഖലയ്ക്ക് വകയിരുത്തണം എന്ന നിബന്ധന പതിമൂന്നാം പദ്ധതിയിൽ പ്രാവർത്തികമാക്കി.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020-21 ലെ പദ്ധതി വിഹിതം**

114 (1601) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയ്ക്ക് 2020-21 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി എത്ര രൂപയാണ് മാറ്റി വച്ചിരുന്നത്?

അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ ഓരോ സമിതിയും 2021 ജനുവരി ഒന്നു വരെ ചെലവാക്കിയത് എത്ര രൂപയാണ്; ഇത് എത്ര ശതമാനമാണെന്ന് അറിയിക്കുമോ?

അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സാമ്പത്തികവർഷത്തെ എത്ര കോടി രൂപയുടെ ബില്ലുകൾ മാറി നൽകാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ?

അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. *

## തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ് രൂപീകരണം

115 (1602) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പൊതുസർവീസ് രൂപീകരിക്കാൻ ചട്ടങ്ങൾ തയ്യാറായിട്ടുണ്ടോ; പൊതുസർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി സർക്കാരോ വകുപ്പോ ചർച്ച നടത്തിയിരുന്നോ; പ്രസ്തുത യോഗത്തിന്റെ തീരുമാനവും മിനിട്ട്സും ലഭ്യമാക്കാമോ?

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവ്വീസിന്റെയും, സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങളിന്മേൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി 2018 നവംബർ 8, 9 തീയതികളിൽ ചർച്ച നടത്തിയിരുന്നു. തുടർന്ന് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും സർവ്വീസ് സംഘടനകളുടെ നിർദ്ദേശങ്ങളും വകുപ്പ് മേധാവികളുടെ അഭിപ്രായവും പരിശോധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ., ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2018 നവംബർ 8, 9 തീയതികളിൽ സർവ്വീസ് സംഘടനകളുമായി നടത്തിയ യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു* .

(ബി) പൊതു തദ്ദേശ സർവ്വീസിന് എതിരെ കോടതികളിൽ കേസ് നിലവിലുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതു സർവീസിന് എതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ (എറണാകുളം) ആറ് കേസുകൾ നിലവിലുണ്ട്. കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൽ.എസ്.ജി.ഡി. എഞ്ചിനീയേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത OA 1115/2020, ശ്രീ. പ്രമോദ് കുമാർ എസ്.എൻ., ജനറൽ സെക്രട്ടറി, കേരള പഞ്ചായത്ത് എംപ്ലോയീസ് ഫെഡറേഷൻ ഫയൽ ചെയ്ത OA 1099/2020, കേരള എൻ.ജി.ഒ. അസോസിയേഷൻ ഫയൽ ചെയ്ത OA 1126/2020, ശ്രീ. നേഷ്യോ ബേബി അറീയ്ക്കൽ, ജനറൽ സെക്രട്ടറി, കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ ഫയൽ ചെയ്ത OA 1149/2020, ഫെഡറേഷൻ ഓഫ് എഞ്ചിനീയറിംഗ് എംപ്ലോയീസ് ഇൻ ലോക്കൽ അഡ്മിനിസ്ട്രേഷനും മറ്റുള്ളവരും ഫയൽ ചെയ്ത OA 1129/2020, ശ്രീ. ഫക്രുദീൻ അലി അമീർ ഫയൽ ചെയ്ത OA 1146/2020.

(സി) പൊതു സർവ്വീസ് വരുമ്പോൾ എത്ര തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും; ഈ തസ്തികകൾ ഏതൊക്കെയാണ്; ഇവയിൽ ശമ്പള സ്കെയിൽ എന്താണ്; പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതു സർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ അധിക തസ്തികകളൊന്നും സൃഷ്ടിക്കുവാൻ തീരുമാനമായിട്ടില്ല. പൊതു സർവ്വീസ് രൂപീകരിക്കുമ്പോളുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) പൊതു സർവ്വീസ് വരുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പ്രയോജനം എന്താണ്; താഴെത്തട്ടിൽ അധിക തസ്തികകൾ ജനസമ്പർക്കത്തിനായും സേവനം മെച്ചപ്പെടുത്തുന്നതിനുമായും സൃഷ്ടിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരങ്ങൾ വിനിയോഗിച്ച് നടപ്പിലാക്കുന്ന ഫലപ്രദമായ നടപടികളും തീരുമാനങ്ങളും സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനായി ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനം അനിവാര്യമാണ്. നിലവിൽ വിവിധ വകുപ്പുകളിലായി നിലകൊള്ളുന്ന ഉദ്യോഗസ്ഥരിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. അവരുടെ സേവന സംബന്ധമായ സ്പെഷ്യൽ റൂളുകളും വ്യത്യസ്തമാണ്. അപ്രകാരമുള്ളവരെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പിന് കീഴിൽ ഒറ്റ സ്പെഷ്യൽ റൂളിന് കീഴിൽ കൊണ്ടു വരുന്നത് വഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. പൊതു സർവ്വീസിന്റെ ഭാഗമായി നിലവിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഇ) കെട്ടിടനിർമ്മാണ അപേക്ഷകൾ ഉൾപ്പെടെ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം താഴെത്തട്ടിലുണ്ടോ; ഇതു വേഗത്തിലാക്കാൻ എന്തെങ്കിലും പരിഷ്കാരങ്ങൾ പൊതുസർവ്വീസിലുണ്ടോ?

(എഫ്) പൊതുസർവ്വീസ് വരുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ വേഗത്തിലാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ&എഫ്) പഞ്ചായത്തുകളിൽ സുതാര്യവും കാര്യക്ഷമവുമായ സേവനങ്ങൾക്കായി വിവിധ സോഫ്റ്റ്‌വെയറുകൾ എന്നിവ ഉപയോഗിച്ചുവരുന്നു. കെട്ടിട നമ്പറിംഗ്, ഉടമസ്ഥാവകാശം മാറ്റം വരുത്തൽ എന്നിവ IKM തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തരം ഭാഗികമായി ഓൺലൈനായും കെട്ടിട നികുതി അടവാക്കൽ, കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകൽ എന്നീ സേവനങ്ങൾ IKM തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയും പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. ഇതുകൂടാതെ ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും ലൈസൻസ് നൽകുന്നതിലേയ്ക്കായി നാഷണൽ ഇൻഫോർമാറ്റിക് സെന്റർ വികസിപ്പിച്ച K-Swift സോഫ്റ്റ്‌വെയറും പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലൂടെ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറായ IBPMS നഗരസഭകളിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 8 അമൃത് പട്ടണങ്ങളിലും, വർക്കല മുനിസിപ്പാലിറ്റിയിലും ഇത് നടപ്പാക്കുകയും ചെയ്തു. വസ്തു നികുതി, കെട്ടിട നികുതി തുടങ്ങിയ വിവിധ നികുതികൾ ഈടാക്കുന്നതിനും വിവാഹ, ജനന-മരണ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനും നഗരസഭകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ബിസിനസ്സ് ആരംഭിക്കുവാൻ സംരംഭകരെ സഹായിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം K-SWIFT നഗരകാര്യ വകുപ്പിന് കീഴിൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ലൈസെൻസുകളും അനുമതികളും സമയബന്ധിതമായും ഫലപ്രദമായും അനുവദിക്കുന്നതിന് സാധിച്ചിട്ടുണ്ട്. എല്ലാ നഗരസഭകളിലും പൊതുജനങ്ങൾക്ക് ലഭ്യമായിട്ടുള്ള സേവനങ്ങൾ അറിയിച്ചുകൊണ്ട് പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിവിധ നഗരങ്ങൾക്ക് വേണ്ടിയുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകൾ GIS Format-ൽ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യാനുള്ള നടപടി നഗര-ഗ്രാമാസൂത്രണ വകുപ്പിൽ സ്വീകരിച്ച് വരുന്നു. ഓഫീസ് ഫയലുകൾ സുതാര്യമായും വേഗത്തിലും കൈകാര്യം ചെയ്യുന്നതിന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടെണ്ടറിംഗ് സുതാര്യമാക്കുന്നതിന് ഇ-ടെണ്ടറിംഗ്

ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിക്കുന്നതിനും പരാതികൾക്കുള്ള മറുപടി ഓൺലൈൻ ആയി പരാതിക്കാരന് ലഭിക്കുന്നതിനും ' ഫോർ ദ പീപ്പിൾ' എന്ന പേരിലുള്ള ഓൺലൈൻ വെബ്പോർട്ടൽ പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിൽ അതിവേഗം തയ്യാറാക്കുന്നതിനും തുടർന്നുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും പ്രൈസ് വെബ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിന് ' സങ്കേതം' ഉപയോഗിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് പൊതുസർവ്വീസ് രൂപീകരിച്ചിട്ടുള്ളത്.

## 2019-20 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി വിഹിതം

116 (1603) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുവദിച്ച പദ്ധതി വിഹിതം എത്രയാണ്?

അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. തീയതി, 17-7-2020

(ബി) ഇതിൽ ഓരോ സമിതിയും എത്ര രൂപ വീതം ചെലവഴിച്ചു?

അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച എത്ര കോടി രൂപയുടെ ബില്ലുകൾക്കാണ് പണം നൽകാൻ ബാക്കിയുള്ളത് എന്നറിയിക്കാമോ?

അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

117 (1604) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിനായി അനുവദിച്ച തുകയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ

118 (1605) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള യുവജനങ്ങൾ ഉൾപ്പെടെയുള്ള നിരവധിപേർ സാമ്പത്തിക പരിമിതികൾമൂലം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാൻ കഴിയാതെ തൊഴിൽരഹിതരായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ സ്വയം സംരംഭകരാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനുള്ള പദ്ധതികൾ നിലവിലുണ്ടോ;

(ഡി) ഇല്ലായെങ്കിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ- ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ പ്രവൃത്തികൾ

119 (1606) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

120 (1607) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1563 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടുകയും അതിൽ 1405 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭവനങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ച വീടുകൾ | വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്ന വീടുകൾ. |
|---|---|---|---|
| അണ്ടൂർക്കോണം | 167 | 132 | 35 |
| കരകുളം | 267 | 259 | 8 |
| മാണിക്കൽ | 397 | 350 | 47 |
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | 83 | 76 | 7 |
| പോത്തൻകോട് | 214 | 199 | 15 |
| വെമ്പായം | 435 | 389 | 46 |
| ആകെ | 1563 | 1405 | 158 |

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്ഥിരതാമസക്കാരായ ഭൂരഹിതർക്ക് വീട് വച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ തദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ രേഖാ പരിശോധന പൂർത്തിയാക്കി അർഹരായ ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ഭൂമി ആർജ്ജിക്കുന്ന ഗുണഭോക്താക്കളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ വകുപ്പുകൾ മുഖേനയോ ഭൂമി ലഭ്യമാകുന്ന അർഹരായ ഗുണഭോക്താക്കളെയും ലൈഫ് രണ്ടാംഘട്ടത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കരാർ വച്ച് വീട് നൽകുന്ന നടപടികളും സ്വീകരിച്ചുവരുന്നു. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ അർഹരായ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി 138 സെന്റ് സ്ഥലത്ത് ഭവന സമുച്ചയ നിർമ്മാണത്തിനായുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.

## ദേവികുളം മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

121 (1608) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ എത്ര വീടുകൾ വീതം അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അനുവദിച്ച വീടുകളുടെ എണ്ണം അനുബന്ധം (1) ആയി ചേർക്കുന്നു*.

(ബി) അനുവദിക്കപ്പെട്ട വീടുകളിൽ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പൂർത്തിയായ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അനുബന്ധം (2) ആയി ചേർക്കുന്നു. *

## കൽപ്പറ്റ ലൈഫ് പദ്ധതി

122 (1609) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ ഓരോ ഘട്ടത്തിലും എത്ര വീടുകൾ വീതം പൂർത്തീകരിച്ചു; ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ ഓരോ ഘട്ടത്തിലും പൂർത്തീകരിച്ച വീടുകളുടെയും നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെയും എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ലൈഫ് പദ്ധതിക്കായി ഈ സർക്കാർ കൽപ്പറ്റ മണ്ഡലത്തിൽ എത്ര കോടി രൂപ വിനിയോഗിച്ചു; വിശദമാക്കാമോ?

ലൈഫ് ഒന്നും രണ്ടും ഘട്ടങ്ങളിലായി 101.42 കോടി രൂപ നാളിതുവരെ കൽപ്പറ്റ മണ്ഡലത്തിൽ വിനിയോഗിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന ഭവനപദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; ഇതിൽ ഓരോ പദ്ധതി പ്രകാരവും എത്ര വീടുകൾ വീതം അനുവദിച്ചു; പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

| പഞ്ചായത്ത് | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന ഭവന പദ്ധതികൾ | ഇതിൽ ഓരോ പദ്ധതി പ്രകാരവും എത്ര വീടുകൾ വീതം അനുവദിച്ചു |
|---|---|---|
| കണിയാമ്പറ്റ | ജൂബിലി ഭവന പദ്ധതി | 120 |
| കോട്ടത്തറ | ഐ.എ.വൈ.ഭവനം | 221 |
| മേപ്പാടി | സമ്പൂർണ്ണ ഭവന പദ്ധതി | 219 |
| മുപ്പൈനാട് | സമ്പൂർണ്ണ ഭവന പദ്ധതി | 351 |
| മുട്ടിൽ | ഐ.എ.വൈ., ഇ.എം.എസ്.ഭവന പദ്ധതി, സമ്പൂർണ്ണ ഭവന പദ്ധതി | ഐ.എ.വൈ.-410, ഇ.എം.എസ്.ഭവന പദ്ധതി-399, സമ്പൂർണ്ണ ഭവന പദ്ധതി-68 |
| പടിഞ്ഞാറത്തറ | തണൽ | 324 |
| പൊഴുതന | സമ്പൂർണ്ണ ഭവന പദ്ധതി, ഐ.എ.വൈ. | സമ്പൂർണ്ണ ഭവന പദ്ധതി-176, ഐ.എ.വൈ.-158 |
| തരിയോട് | ഐ.എ.വൈ., ഇ.എം.എസ്.ഭവന പദ്ധതി. | ഐ.എ.വൈ.-315, ഇ.എം.എസ്.-111. |
| വെങ്ങപ്പള്ളി | ഇ.എം.എസ്. ഭവന പദ്ധതി | 12 |
| വൈത്തിരി | ഇ.എം.എസ്. ഭവന പദ്ധതി | 243 |

പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ ലൈഫ് പദ്ധതി

123 (1610) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതി പ്രകാരം ആകെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിനായി ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ലൈഫ് പദ്ധതി പ്രകാരം 8823.20 കോടി രൂപ ചെലവഴിച്ച് 2,50,547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ അനുവദിച്ച വീടുകളുടെ എണ്ണവും ചെലവായ തുകയും നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ അനുവദിച്ച വീടുകളുടെ എണ്ണവും ചെലവായ തുകയും നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## വാമനപുരം നിയോജകമണ്ഡലത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടിക

124 (1611) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ നിലവിലുള്ള ഗുണഭോക്തൃ പട്ടിക ലഭ്യമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള ഗുണഭോക്തൃപട്ടിക ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കംചെയ്യുന്നു*.

(ബി) നിലവിൽ എത്ര വീടുകൾ പൂർത്തിയായെന്നും പൂർത്തിയാകാത്ത വീടുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 3211 ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും അതിൽ 2615 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കേണ്ട വീടുകൾ |
|---|---|---|---|
| ആനാട് | 269 | 226 | 43 |
| കല്ലറ | 318 | 240 | 78 |
| നന്ദിയോട് | 582 | 444 | 138 |
| നെല്ലിനാട് | 171 | 143 | 28 |
| പനവൂർ | 330 | 324 | 6 |
| പാങ്ങോട് | 186 | 153 | 33 |
| പെരിങ്ങമ്മല | 803 | 542 | 261 |
| പുല്ലമ്പാറ | 352 | 351 | 1 |
| വാമനപുരം | 200 | 192 | 8 |
| ആകെ | 3211 | 2615 | 596 |

**പയ്യന്നൂർ ലൈഫ് ഭവന പദ്ധതി**

125 (1612) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് ഇതുവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് പണം അനുവദിച്ചിട്ടുള്ളത്; 2020 ഡിസംബർ 31 വരെ അതിൽ എത്ര വീടുകൾ പൂർത്തിയായി?

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 250547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് ലക്ഷ്യമിടുന്നത്.

(ബി) പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന വിവിധ തദ്ദേശസ്വയം സ്ഥാപനങ്ങളിലായി ഇതുവരെ എത്ര വീടുകൾക്കാണ് ഫണ്ട് അനുവദിച്ചത്; 2020 ഡിസംബർ 31 വരെ അതിൽ ഫ്ലാറ്റുകൾ ഉൾപ്പെടെ എത്ര വീടുകൾ പൂർത്തിയായി?

പയ്യന്നൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി 473 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് ഭവന പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നഗരസഭയിലും ഗ്രാമപഞ്ചായത്തുകളിലും എത്രയാണ് വിഹിതം; ലൈഫ് ഭവന പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ എത്ര രൂപ ലഭിച്ചു?

പി.എം.എ.വൈ. (അർബൻ)- ലൈഫ് പി.എം.എ.വൈ. (ഗ്രാമീൺ) ലൈഫ്- പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭ്യമാകുന്നുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ എത്ര രൂപ ലഭിച്ചു എന്ന വിവരം ശേഖരിച്ചുവരുന്നു.

**ലൈഫ് ഭവനപദ്ധതി**

126 (1613) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ച വീടുകളുടെയും ലൈഫിന്റെ ഭാഗമായി നിർമ്മിച്ച ഫ്ലാറ്റുകളുടെയും കണക്ക് വിശദമാക്കുമോ?

സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. നാളിതുവരെ 250547 വീടുകളും 6 ഭവന സമുച്ചയങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി വസ്തുവും വീടും ഇല്ലാതെ ഇനിയും സംസ്ഥാനത്ത് അവശേഷിക്കുന്ന കുടുംബങ്ങളുടെ കണക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള ലിസ്റ്റിൽ വിട്ടുപോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചപ്പോൾ 8,32,650 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) ലൈഫ് ഭവനപദ്ധതി അർഹർക്ക് മാത്രമാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളും നടപടികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി അർഹതാ പരിശോധന നടത്തുകയും മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപന സമിതി ഇത് അംഗീകരിക്കുകയും ചെയ്തതിന് ശേഷമാണ് നിർവ്വഹണം നടത്തുന്നത്.

## വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി

127 (1614) ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിൽ ലൈഫ് മിഷൻ ഏതെങ്കിലും വിദേശ ഏജൻസികളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഇല്ല. ലൈഫ് മിഷൻ യു.എ.ഇ. റെഡ്ക്രസന്റുമായി ഒരു ജനറൽ ഫ്രെയിംവർക്ക് കരാർ ഒപ്പു വച്ചിട്ടുണ്ട് .

(ബി) പ്രസ്തുത ധാരണാപത്രം അനുസരിച്ച് വടക്കാഞ്ചേരിയിൽ കെട്ടിടനിർമ്മാണത്തിന് ഉള്ള ഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിക്ക്; അപ്രകാരം കൈമാറിയ ഭൂമി സർക്കാർ ഭൂമിയായിരുന്നോ; വ്യക്തമാക്കാമോ;

(സി) ഏത് നടപടിയുടെ അടിസ്ഥാനത്തിലാണ് ഭൂമി അവർക്ക് കൈമാറിയത്; ഭൂമി കൈമാറ്റം സംബന്ധിച്ച് സർക്കാരും കൈമാറി കിട്ടിയ സ്ഥാപനവും തമ്മിൽ കരാറുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് യു.എ.ഇ.-യുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ റെഡ്ക്രസന്റിൽനിന്നും പണം കമ്മീഷനായി കൈപ്പറ്റാൻ സൗകര്യം ഒരുക്കിയ ഉപകരണം ആയിരുന്നു ഈ ധാരണാപത്രം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി-ഇ) ഇല്ല. പ്രസ്തുത ധാരണാപത്രം പ്രകാരം ഭൂമി കൈമാറിയിട്ടില്ല.

## ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ നൽകിയ വീടുകൾ

128 (1615) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ എത്ര വീടുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ 500 വീടുകൾ നൽകിയിട്ടുണ്ട്.

(ബി) ഇതിൽ പണി പൂർത്തീകരിച്ചവ, നിർമ്മാണത്തിലുള്ളവ എന്നിങ്ങനെ ഇനം തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ 379 വീടുകൾ പൂർത്തീകരിക്കുകയും 121 എണ്ണം നിർമ്മാണ പുരോഗതിയിലുമാണ്.

(സി) മണ്ഡലത്തിലെ എത്ര വീടുകൾക്ക് ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായി ധനസഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായി 500 വീടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

**ലൈഫ് ഭവന നിർമ്മാണ പദ്ധതി**

129 (1616) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്ക് കൈമാറിയെന്ന് വ്യക്തമാക്കുമോ?

സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. നാളിതുവരെ 250547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക മേശപ്പുറത്തുവയ്ക്കുമോ?

ലൈഫ് മിഷൻ മുഖേന നിർമ്മിച്ച വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(സി) ലൈഫ് പദ്ധതിയിൽ പൂർത്തിയായതിന് പുറമെ എത്ര വീടുകളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

ലൈഫ് പദ്ധതി മുഖേന പൂർത്തീകരിച്ച 250547 വീടുകൾക്ക് പുറമെ 25000 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 15,000 വീടുകൾകൂടി 2021 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ നൽകിയ വീടുകൾ

130 (1617) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ എത്ര വീടുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ 500 വീടുകൾ നൽകിയിട്ടുണ്ട്.

(ബി) ഇതിൽ പണി പൂർത്തീകരിച്ചവ, നിർമ്മാണത്തിലുള്ളവ എന്നിങ്ങനെ ഇനം തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ആറന്മുള മണ്ഡലത്തിൽ ലൈഫ് മിഷനിലൂടെ 379 വീടുകൾ പൂർത്തീകരിക്കുകയും 121 എണ്ണം നിർമ്മാണ പുരോഗതിയിലുമാണ്.

(സി) ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായി എത്ര വീടുകൾക്ക് മണ്ഡലത്തിൽ ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായി 500 വീടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

### പാറശ്ശാലയിലെ ലൈഫ് പദ്ധതി

131 (1618) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്കാണ് വിവിധ ഘട്ടങ്ങളിലായി വീട് ലഭ്യമായതെന്ന, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം മൂന്ന് ഘട്ടങ്ങളിലായി 3393 വീടുകൾ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ലൈഫ് പദ്ധതിപ്രകാരം പുതുതായി വീട് ലഭിക്കുന്നതിനായി പാറശ്ശാല മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നുള്ള പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

ലൈഫ് പദ്ധതിപ്രകാരം പുതുതായി വീട് ലഭിക്കുന്നതിനായി പാറശ്ശാല മണ്ഡലത്തിലെ വിവിധ തദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കായംകുളം മണ്ഡലം- ലൈഫ് മിഷൻ**

132 (1619) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കായംകുളം നഗരസഭ, പത്തിയൂർ, കണ്ടല്ലൂർ, ഭരണിക്കാവ്, ചെട്ടിക്കുളങ്ങര, ദേവികുളങ്ങര, കൃഷ്ണപുരം എന്നീ പഞ്ചായത്തുകളിൽ ലൈഫ് മിഷൻവഴി അനുവദിച്ചിട്ടുള്ള വീടുകൾ എത്ര; ഇതിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിലെ കായംകുളം നഗരസഭ, പത്തിയൂർ, കണ്ടല്ലൂർ, ഭരണിക്കാവ്, ചെട്ടികുളങ്ങര, ദേവികുളങ്ങര, കൃഷ്ണപുരം എന്നീ പഞ്ചായത്തുകളിൽ ലൈഫ് മിഷൻ പദ്ധതി വഴി അനുവദിച്ചിട്ടുള്ള വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**പാലക്കാട് ജില്ലയിലെ ലൈഫ് പദ്ധതി**

133 (1620) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പാലക്കാട് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടും സ്ഥലവും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കുമോ?

സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതരെ ലൈഫ് മിഷൻ മൂന്നാം ഘട്ട പട്ടികയായ ഭൂരഹിത ഭവനരഹിതരുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വരുന്നു. ഇത്തരത്തിൽ പാലക്കാട് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ എത്ര കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഇത്തരത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിച്ചുവെന്നുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടാക്കടയിലെ ലൈഫ് ഭവന പദ്ധതി

134 (1621) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ലൈഫ് ഭവന പദ്ധതി വഴി എത്രപേർക്ക് വീട് നൽകിയിട്ടുണ്ടെന്നും ആയതിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയെന്നും ഇനി എത്ര പേർക്ക് വീട് നൽകാനുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേയും രണ്ടാം ഘട്ടത്തിലേയും അർഹരായ ഗുണഭോക്താക്കൾക്കും മൂന്നാം ഘട്ടത്തിൽനിന്നും ഭൂമി ലഭ്യമായതിന്റെ ഫലമായി രണ്ടാം ഘട്ടത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടേയും അതിൽ ഇനി അവശേഷിക്കുന്ന എണ്ണം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി എത്ര പേർക്ക് വീട് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാട്ടാക്കട-336, മാറനല്ലൂർ-1588, വിളവൂർക്കൽ-324, വിളപ്പിൽ-40, പള്ളിച്ചൽ-738, മലയിൻകീഴ്-526

## ലൈഫ് മിഷൻ

135 (1622) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി?

സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിലെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഈ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി 3 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നാളിതുവരെ 250547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുതുതായി ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്?

പുതുതായി ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി 832650 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്.

(സി) ലൈഫ് മിഷൻ ഭവനസമുച്ചയം നിർമ്മിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി സ്ഥല പരിശോധനയും സർവ്വേയും നടത്തി ഡി.പി.ആർ. തയ്യാറാക്കിവരുന്നു

**വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് നിർമ്മാണം**

136 (1623) ശ്രീ. അനിൽ അക്കര:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ കരാർ ഏതു കമ്പനിക്കാണ് നൽകിയതെന്ന് വിശദമാക്കാമോ?

കരാർ യൂണിടാക്ക് കമ്പനി മുഖേനയാണ് സ്പോൺസർ നടപ്പിലാക്കുന്നത്.

(ബി) ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണം നടത്തുന്ന കമ്പനികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വടക്കാഞ്ചേരിയിൽ ഫ്ലാറ്റ് നിർമ്മിക്കുന്ന കമ്പനി പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള കമ്പനിയാണോ; വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ നേരിട്ട് നിർമ്മാണം നടത്തുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി കമ്പനികളെ തെരഞ്ഞെടുക്കുന്നത് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. ടി മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു*. വടക്കാഞ്ചേരി ഭവന സമുച്ചയം സ്പോൺസർഷിപ്പ് രീതിയിൽ റെഡ് ക്രസന്റ് എന്ന സന്നദ്ധ സംഘടന നിർമ്മിച്ച് നൽകുകയാണ് ചെയ്യുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മൂന്നര കോടിയുടെ കമ്മിഷൻ അഴിമതി നടന്നതായി ധനകാര്യമന്ത്രി വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്ക് പിന്നിൽ ഗൂഢാലോചന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വടക്കാഞ്ചേരി ലൈഫ് മിഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കമ്മിഷൻ സംബന്ധിച്ച ആരോപണങ്ങൾ സ്റ്റേറ്റ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. വകുപ്പുതല അന്വേഷണം പ്രഖ്യാപിച്ചിട്ടില്ല.

**ലൈഫ് മിഷൻ**

137 (1624) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം കൊല്ലം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ലൈഫ് മിഷൻ മുഖേന 3419 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 649 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

**ലൈഫ് മിഷൻ പദ്ധതി**

138 (1625) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത് കോടി രൂപയുടെ ലൈഫ് മിഷൻ പദ്ധതിയും ആശുപത്രി നിർമ്മാണവും ലഭിക്കുന്നതിന് 4.35 കോടി രൂപ കോഴയായി നൽകേണ്ടിവന്നു എന്ന് നിർമ്മാണമേറ്റെടുത്ത യൂണിടാക്ക് ബിൽഡേഴ്സ് എൻഫോഴ്സ്മെന്റിന് മൊഴി നൽകിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

പത്ര-ദൃശ്യ മാധ്യമങ്ങളിലെ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിയുടെ ധാരണാപത്രം ഒപ്പിട്ടശേഷം ലൈഫ് മിഷൻ സി.ഇ.ഒ.-യും റെഡ് ക്രസന്റ് സെക്രട്ടറിയുമായി നടത്തിയ കത്തിടപാടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക കൺസൾട്ടൻസി ഏജൻസിയും സംസ്ഥാന സർക്കാരുമായിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നോ?

പദ്ധതിയുടെ ധാരണാപത്രം ഒപ്പിട്ടശേഷം ലൈഫ് മിഷൻ സി.ഇ.ഒ.-യും റെഡ് ക്രസന്റ് സെക്രട്ടറിയുമായി നടത്തിയ കത്തിടപാടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക കൺസൾട്ടൻസി ഏജൻസിയും സംസ്ഥാന സർക്കാരുമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. അത്തരത്തിൽ യാതൊരുവിധ കത്തിടപാടുകളും നടന്നിട്ടില്ല.

(സി) യൂണിടാക്കുമായി സർക്കാരിനോ ലൈഫ് മിഷനോ യാതൊരു ബന്ധവുമില്ല എന്ന സർക്കാർ വാദത്തെ ഇവയൊക്കെ അപ്രസക്തമാക്കി എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഇല്ല. യൂണിടാക്കും റെഡ് ക്രസന്റുമായുണ്ടാക്കിയ കരാറിൽ സർക്കാരോ ലൈഫ് മിഷനോ കക്ഷിയല്ല. റെഡ് ക്രസന്റ് നിർമ്മാണ ഏജൻസിയെ തെരഞ്ഞെടുത്തതിൽ സർക്കാരിനോ ലൈഫ് മിഷനോ പങ്കില്ല.

**പി.എം.എ.വൈ. ഗ്രാമം പദ്ധതി**

139 (1626) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.എ.വൈ. ഗ്രാമം പദ്ധതി അനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്നും എന്ത് തുകയാണ് ലഭിച്ചത്; വിശദമാക്കുമോ?

പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി അനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്നും 12190.21 ലക്ഷം രൂപ ലഭിച്ചു.

(ബി) ഈ തുക ഉപയോഗിച്ച് ഇതിനകം എത്ര വീടുകൾ പൂർത്തിയാക്കി; പൂർത്തിയാക്കിയ വീടുകൾക്ക് എന്ത് തുകയാണ് ചെലവായത്; വിശദാംശം നൽകുമോ?

പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി പ്രകാരം 13-1-2021 വരെ 17195 വീടുകൾ പൂർത്തീകരിച്ചു. കേന്ദ്ര വിഹിതമായി 12380.40 ലക്ഷം രൂപ നൽകി.

(സി) 2020 ഡിസംബർ 31 വരെ എത്ര കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് നൽകിയതെന്ന് അറിയിക്കുമോ?

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പടെ 2017-18 വർഷം 16367.74 ലക്ഷത്തിന്റെയും 2018-19 വർഷം 4373.37 ലക്ഷത്തിന്റെയും വിനിയോഗ സർട്ടിഫിക്കറ്റുകൾ കേന്ദ്ര സർക്കാരിന് നൽകി.

**പി.എം.എ.വൈ. പദ്ധതി**

140 (1627) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി പ്രകാരം 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ ഭവനനിർമ്മാണത്തിന് എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

പി.എം.എ.വൈ. (ജി) പദ്ധതിയിൽ പൊതുജനങ്ങളിൽ നിന്ന് അപേക്ഷകൾ വാങ്ങുന്നതിനുപകരം അർഹതാ പട്ടികയിൽ ഉൾപ്പെട്ടവരിൽനിന്ന് കേന്ദ്ര സർക്കാർ നൽകുന്ന ഭൗതിക ലക്ഷ്യമനുസരിച്ച് മാത്രം അപേക്ഷ വാങ്ങുകയാണ് ചെയ്യുന്നത്. പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) ലിസ്റ്റിൽ നിന്നുമാണ്. നിലവിൽ ഈ ലിസ്റ്റിൽ നിന്നാണ് വീട് അനുവദിച്ച് വരുന്നത്. എസ്.ഇ.സി.സി. ലിസ്റ്റിൽ മതിയായ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം പുതിയ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേ 2019 മാർച്ച് 7 വരെ നടത്തിയതിൽ മലപ്പുറം ജില്ലയിൽ 40633 ഗുണഭോക്താക്കളെ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പൂർണ്ണമായും തീർന്നതിനുശേഷമേ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തവർക്ക് വീടിന് അനുമതി കേന്ദ്ര സർക്കാർ നൽകുകയുള്ളൂ.

(ബി) എത്ര പേർക്ക് വീടുനിർമ്മാണത്തിന് ധനസഹായം നൽകി; എത്രപേരുടെ വീടുനിർമ്മാണം പൂർത്തിയായി; വിശദാംശം വെളിപ്പെടുത്തുമോ?

മലപ്പുറം ജില്ലയിൽ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിപ്രകാരം 2018-19- ൽ 132 വീടുകൾക്കും 2019-20-ൽ 137 വീടുകൾക്കും 2020-21-ൽ 58 വീടുകൾക്കും ധനസഹായം നൽകി. 2018-19 ൽ 869 വീടുകളും 2019-20-ൽ 259 വീടുകളും, 2020-21-ൽ 99 വീടുകളും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണ ഘട്ടത്തിലാണ്.

(സി) അർഹരായ ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

അർഹരായ എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ എന്ന പേരിൽ ബൃഹത്തായ ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

**പ്രധാൻമന്ത്രി ആവാസ് യോജന**

141 (1628) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) പദ്ധതിപ്രകാരം പാവപ്പെട്ട ആളുകൾക്ക് വീട് വച്ചുനൽകുന്നതിനായി സംസ്ഥാനത്തുടനീളം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ?

ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ ഇപ്രകാരമുള്ള ലിസ്റ്റ് എന്ന് തയ്യാറാക്കിയെന്നും ഇതിൽ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; ഇതിന്റെ തുടർനടപടികൾ എപ്രകാരമെന്ന് അറിയിക്കാമോ?

പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) ലിസ്റ്റിൽ നിന്നുമാണ്. നിലവിൽ ഈ ലിസ്റ്റിൽ നിന്നാണ് വീട് അനുവദിച്ച് വരുന്നത്. മലപ്പുറം ജില്ലയിൽ 2512 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്. എസ്.ഇ.സി.സി. ലിസ്റ്റിൽ മതിയായ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം 2019 മാർച്ച് 7 വരെ പുതിയ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേ നടത്തിയതിൽ മലപ്പുറം ജില്ലയിൽ 40633 ഗുണഭോക്താക്കളെ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പൂർണ്ണമായും തീർന്നതിനുശേഷമേ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തവർക്ക് വീടിന് അനുമതി കേന്ദ്ര സർക്കാർ നൽകുകയുള്ളൂ. മലപ്പുറം ജില്ലയിൽ പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതിയിൽ അനുമതി ലഭിച്ച 11848 ഭവനങ്ങളിൽ, 10,815 ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 8206 ഭവനങ്ങൾ വാസയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ ഏവ; ഇത്തരത്തിൽ തയ്യാറാക്കിയ ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് ഇതുവരെ ഭവനപദ്ധതിക്ക് സഹായം നൽകിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ അറിയിക്കാമോ?

പ്രധാൻമന്ത്രി ആവാസ് യോജനയ്ക്കുള്ള (ഗ്രാമീൺ)-2011 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെയാണ്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡ പട്ടിക ചുവടെ ചേർക്കുന്നു:

1. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽപ്പെടുന്നവർ ഒഴിവാക്കൽ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു.

a) യന്ത്രവൽകൃത രണ്ടുചക്ര/മൂന്നുചക്ര/നാലുചക്ര വാഹനമോ യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ.

b) യന്ത്രവൽകൃത മൂന്നുചക്ര/നാലുചക്ര/കാർഷിക ഉപകരണങ്ങളുള്ളവർ.

c) 50,000 രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ.

d) സർക്കാർ ജീവനക്കാരുള്ള കുടുംബം.

e) കാർഷികേതര സംരംഭങ്ങൾ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ.

f) പ്രതിമാസം 10,000 രൂപയിൽ കൂടുതൽ വരുമാനമുള്ള ഏതെങ്കിലും അംഗങ്ങളുള്ള കുടുംബങ്ങൾ.

g) വരുമാന നികുതി നൽകുന്നവരുള്ള കുടുംബം.

h) തൊഴിൽ നികുതി നൽകുന്നവരുള്ള കുടുംബം.

i) റെഫ്രിജറേറ്ററുള്ള കുടുംബം.

j) ലാന്റ് ലെയിൻ ഫോണുള്ള കുടുംബം.

k) സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം.

l) രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം.

m) ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം

2. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽപ്പെടുന്നവർ സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നു.

a) ഭവനരഹിതർ

b) അഗതികൾ / യാചകർ

c) തോട്ടിപ്പണി ചെയ്യുന്നവർ

d) ആദിമ ഗോത്രവർഗ്ഗങ്ങൾ

e) വിമോചിതരായ അടിമപ്പണിക്കാർ

ആവാസ് പ്ലസ്സിൽ ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്യുന്നതിനും മേൽപ്പറഞ്ഞ ഒഴിവാക്കൽ, ഉൾപ്പെടുത്തൽ മാനദണ്ഡങ്ങൾ തന്നെയാണ് അവലംബമാക്കുന്നത്. പി.എം.എ.വൈ.(ഗ്രാമീൺ) പദ്ധതി പ്രകാരം സഹായം നൽകിയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. പി.എം.എ.വൈ.(നഗരം)- ലൈഫ് പദ്ധതിയിൽ ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.

നഗരപ്രദേശത്ത് കുറഞ്ഞത് 3 വർഷക്കാലമായി താമസിക്കുന്നവർ, വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ, നഗര പ്രദേശത്ത് സ്വന്തമായി സ്ഥലം ഉള്ളവർ, ഭാരതത്തിൽ ഒരിടത്തും സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്തവർ ഇത്തരത്തിൽ തയ്യാറാക്കിയ ലിസ്റ്റുകളിൽ നിന്ന് ഭവന പദ്ധതി ധനസഹായം നൽകിയതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിച്ച വീട് | പൂർത്തീകരിച്ച വീട് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം | 3229 | 3005 |
| 2. | കൊല്ലം | 1712 | 1408 |
| 3. | പത്തനംതിട്ട | 846 | 728 |
| 4. | ആലപ്പുഴ | 905 | 730 |
| 5. | കോട്ടയം | 634 | 604 |
| 6. | ഇടുക്കി | 853 | 760 |
| 7. | എറണാകുളം | 820 | 780 |
| 8. | തൃശ്ശൂർ | 1869 | 1539 |

| (1) | (2) | (3) | (4) |
|---|---|---|---|
| 9. | പാലക്കാട് | 2583 | 1938 |
| 10. | മലപ്പുറം | 2512 | 2390 |
| 11. | കോഴിക്കോട് | 1652 | 1127 |
| 12. | വയനാട് | 955 | 922 |
| 13. | കണ്ണൂർ | 722 | 693 |
| 14. | കാസർഗോഡ് | 712 | 571 |
| | ആകെ | 20004 | 17195 |

**ശുചീകരണ തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ**

142 (1629) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ പത്ത് വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന എത്ര ശുചീകരണ തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ?

470 (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(ബി) ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശുചീകരണ തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷപോലെയുള്ള ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഈ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 224 (1) പ്രകാരം സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് തസ്തികകളിലെ നിയമനം ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ 22-4-1982-ലെ സ.ഉ. (എം.എസ്.) നമ്പർ 14/82/എൽ.ബി.ആർ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകൂ. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്ക് മാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതിനും അർഹതയുള്ളൂ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചുള്ളിവട-മാരാക്കാവ് മലയഭഗവതി ചിതലിപ്പാലം റോഡ്

143 (1630) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് തദ്ദേശസ്വയഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന ചുള്ളിവട-മാരാക്കാവ് മലയഭഗവതി ചിതലിപ്പാലം റോഡ്, എരിമയൂർ പഞ്ചായത്തിലെ തൃപ്പാളൂർ ശിവക്ഷേത്രം ഗായത്രിപുഴയിൽ ത്തുക്കപാലം, അരിയക്കോട് ചെക്ക് ഡാം നിർമ്മാണം, അക്വാട്ടിക്ക് അക്കാദമി നിർമ്മാണം, ആലത്തൂർ ബൈപ്പാസ് റോഡ് തുടങ്ങിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| (1) | (2) | (3) |
| 1. | ചുള്ളിമട മാരാക്കടവ് മലയഭഗവതി ചിതലിപ്പാലം റോഡ് എരിമയൂർ ഗ്രാമ പഞ്ചായത്ത് | മേൽ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| 2. | തൃപ്പാളൂർ ശിവക്ഷേത്രത്തിലേയ്ക്ക് ഗായത്രിപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മാണം എരിമയൂർ ഗ്രാമ പഞ്ചായത്ത് | മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി 23-10-2020-ന് അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്-ന് നൽകിയിട്ടുണ്ട്. |
| 3. | അരിയക്കോട് ചെക്ക് ഡാം നിർമ്മാണം എരിമയൂർ ഗ്രാമ പഞ്ചായത്ത് | ഡി.പി.ആർ തയ്യാറാക്കി വരുന്നു. |

| (1) | (2) | (3) |
|---|---|---|
| 4. | ആലത്തൂർ ബൈപ്പാസ് റോഡ് | പൊതുമരാമത്ത് വകുപ്പിലെ നിർവഹണ ചുമതല ഏൽപ്പിച്ച സ്വയം ഭരണ വകുപ്പിന് കൈ മാറുന്നതിനുള്ള അനുമതി ധനകാര്യ വകുപ്പിൽ നിന്നും ലഭിക്കാനുണ്ട്. |
| 5. | അക്വാട്ടിക് അക്കാഡമി നിർമ്മാണം | ഡി.പി.ആർ ലഭ്യമാക്കുന്നതിനായി കായിക യുവജകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

(ബി) ബഡ്ജറ്റ് വർക്കുകൾ തദ്ദേശസ്വയംഭരണ വിഭാഗത്തിന് നൽകുമ്പോൾ ഡി.പി.ആർ. തയ്യാറാക്കാൻ ഫണ്ടില്ല എന്ന കാരണത്താൽ പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള പരിഹാരം നിർദ്ദേശിക്കാമോ?

ഉണ്ട്; പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

144 (1631) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന് ചുവടെ ചേർത്ത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 41962 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു.

2. വയോജനങ്ങൾക്കുവേണ്ടി 25992 പ്രത്യേക അയൽക്കൂട്ടവും, ഭിന്നശേഷിക്കാർക്ക് വേണ്ടി 3352 അയൽക്കൂട്ടവും 48 ട്രാൻസ്ജെൻഡർ അയൽക്കൂട്ടവും, 7135 ട്രൈബൽ അയൽക്കൂട്ടവും രൂപീകരിക്കാൻ സാധിച്ചു.

3. 2.77 ലക്ഷത്തോളം വരുന്ന അയൽക്കൂട്ടങ്ങളിൽ 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ സാമൂഹ്യാധിഷ്ഠിത പഠന കളരി സംഘടിപ്പിച്ചു.

കുടുംബശ്രീ പദ്ധതികളെക്കുറിച്ചും ഗവൺമെന്റുകളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും കൃത്യമായ അറിവ് നൽകുന്നതിന് ഈ പഠന സ്കൂൾ വഴി സാധിച്ചു.

4. മുഴുവൻ സി.ഡി.എസ്., എ.ഡി.എസ്. ഭാരവാഹികൾക്കും ഈ കാലയളവിൽ പരിശീലനം നൽകാൻ സാധിച്ചു.

5. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 4,000 രൂപയിൽ നിന്ന് 7,000 രൂപയായി വർദ്ധിപ്പിച്ചു.

6. തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിനായി 81 കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയമിക്കുകയും, 6,000 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 15,000 രൂപ വീതം 9 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.

7. 2017, 2018, 2019 എന്നീ മൂന്ന് വർഷങ്ങളിൽ തുടർച്ചയായി അയൽക്കൂട്ടം മുതൽ സംസ്ഥാന തലം വരെ അയൽക്കൂട്ടാംഗങ്ങളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി 'അരങ്ങ് എന്ന പേരിൽ കലോത്സവം സംഘടിപ്പിച്ചു.

8. ആദിവാസി മേഖലകളിൽ കുടുംബശ്രീ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 7 സ്ഥലങ്ങളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ. ഇതിലൂടെ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. 14 ജില്ലകളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ 649 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാദേശികമായി തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും മാനസിക പിന്തുണയും കൗൺസിലിംഗ് സൗകര്യവും ലഭ്യമാക്കുക എന്നത് ജെൻഡർ റിസോഴ്സ് സെന്ററുകളുടെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ സെന്ററുകളിൽ ആഴ്ചയിൽ രണ്ട് ദിവസം വീതം കൗൺസിലിംഗ് സേവനം ലഭ്യമാണ്. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കൗൺസിലർമാരാണ് സെന്ററുകളിൽ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത്. പ്രാദേശികമായി സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് കമ്മ്യൂണിറ്റി കൗൺസിലിംഗ്. പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് പലപ്പോഴും എങ്ങനെ സഹായം തേടണം എന്ന് അറിയാത്തതിനാൽ പല സേവനങ്ങളും ലഭ്യമാകാതെ വരാറുണ്ട്. ഈ സാഹചര്യത്തിലാണ് പ്രാദേശിക തലത്തിൽ കമ്മ്യൂണിറ്റി കൗൺസിലർമാരെ

പരിശീലനം നൽകി വിന്യസിച്ചിട്ടുള്ളത്. ഇതുകൂടാതെ പോലീസ് സ്റ്റേഷനുകൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും വിവിധ ജില്ലകളിൽ കൗൺസിലിംഗ് സേവനം കുടുംബശ്രീ ലഭ്യമാക്കുന്നുണ്ട്.

(സി) സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ നടക്കുന്ന അതിക്രമങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനും, കുടുംബശ്രീക്ക് നിലവിലുള്ള സംവിധാനം എന്താണ്?

സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി 14 ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന സേവന കേന്ദ്രമാണ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്. ഏതെങ്കിലും പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും സൗജന്യ സേവനത്തിനായി സ്നേഹിതയെ ആശ്രയിക്കാവുന്നതാണ്. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസസൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ-ആരോഗ്യ പരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിംഗ് സേവനവും ലഭ്യമാണ്. ഓരോ കേന്ദ്രങ്ങളിലും കൗൺസിലർ, സേവനദാതാക്കൾ, സെക്യൂരിറ്റി, ഓഫീസ് അസിസ്റ്റന്റ്, കെയർ ടേക്കർ തുടങ്ങിയ തസ്തികകളിലായി 11 പേർ വീതം ജോലി ചെയ്യുന്നു. കൂടാതെ 14 ജില്ലകളിലേയും സ്നേഹിത സെന്ററിനോട് അനുബന്ധമായി കെൽസെയുമായി ചേർന്ന് സൗജന്യ നിയമസഹായം ലഭ്യമാക്കുന്ന ലീഗൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. കൂടാതെ സ്നേഹിതയുടെയും കമ്മ്യൂണിറ്റി കൗൺസിലർമാരുടെയും ജെൻഡർ റിസോഴ്സ് പേഴ്സൺമാരുടെയും നേതൃത്വത്തിൽ വിവിധ അവബോധ പ്രവർത്തനങ്ങളും ക്യാമ്പയിനുകളും നടത്തിവരുന്നു. പിന്നോക്ക മേഖലകളെ കണ്ടെത്തി പ്രത്യേക പ്രവർത്തനങ്ങളും കുടുംബശ്രീ നടത്തിവരുന്നു.

(ഡി) ലൈഫ് മിഷൻ പദ്ധതികളുമായി ബന്ധപ്പെട്ട ഭവന നിർമ്മാണ പദ്ധതികളിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ?

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ് പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി എന്ന നിലയ്ക്ക് കുടുംബശ്രീ താഴെപ്പറയുന്ന ചുമതലകളാണ് വഹിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ മാർഗ്ഗരേഖകൾ, സർക്കുലറുകൾ എന്നിവ തയ്യാറാക്കുക, ആവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, നഗരസഭകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് മുമ്പാകെ സമർപ്പിക്കുക, സംസ്ഥാനതല സമിതികളുടെ അംഗീകാരത്തോടെ കേന്ദ്ര മന്ത്രാലയത്തിന്റെ

അനുമതിക്കായി സമർപ്പിക്കുക, അംഗീകാരം ലഭ്യമായ പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുക, പദ്ധതി നിർവ്വഹണത്തിന് നഗരസഭയ്ക്ക് വേണ്ട സാങ്കേതിക പിന്തുണ നൽകുക, പദ്ധതി നിർവ്വഹണം നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുക, യഥാസമയം കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുക, പദ്ധതി പുരോഗതിക്ക് അനുസൃതമായി നഗരസഭകൾക്ക് പദ്ധതി തുക ലഭ്യമാക്കുക, നഗരസഭ വിഹിതം കണ്ടെത്താൻ സാധിക്കാത്ത നഗരസഭകൾക്ക് അധിക ധനസമാഹരണം നടത്തുന്നതിനുള്ള പിന്തുണ നൽകുക, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെന്ന് ഉറപ്പാക്കുക.

**കുടുംബശ്രീയുടെ പ്രവർത്തനം**

145 (1632) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനം സ്ത്രീ ശാക്തീകരണത്തിന് എത്രത്തോളം സഹായകരമായെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ കുടുംബശ്രീ ആരംഭിച്ച സൂക്ഷ്മ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; അവ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടോ?

ഈ സർക്കാർ കാലയളവിൽ കുടുംബശ്രീ ആരംഭിച്ച സൂക്ഷ്മ സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇവ കുടുംബശ്രീ അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നു.

ഹരിത കർമ്മസേന- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത കർമ്മസേന. കുടുംബശ്രീ മിഷൻ ഹരിതകേരളം മിഷനുമായും ശുചിത്വ മിഷനുമായും സംയോജിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 28000-ൽപരം കുടുംബശ്രീ വനിതകൾ ഇതിനകം പരിശീലനം പൂർത്തീകരിച്ച് പ്രവർത്തന സജ്ജരായി.

എറൈസ്- സംസ്ഥാനത്ത് പ്രളയക്കെടുതികൾമൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 50,000 പേർക്ക് 10 മേഖലകളിലായി സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി എറൈസ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ (തെങ്ങുകയറ്റം/കാടുവെട്ടൽ), ലോൺട്രി & അയേണിംഗ്, സെയിൽസ്, ഹൗസ് കീപ്പിംഗ്, ഡേ കെയർ, ഹൗസ് മെയ്ഡ്, ഡാറ്റ എൻട്രി എന്നീ പത്ത് മേഖലകളിലാണ് എറൈസ് പ്രോഗ്രാം വഴി പരിശീലനം ലഭ്യമാക്കുന്നത്. പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ എന്നീ മേഖലകളിൽ എല്ലാ പഞ്ചായത്തുകളിലും എറൈസ് മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ചു വരുന്നു.

ലീപ് പദ്ധതി- 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം അയൽക്കൂട്ടതലത്തിൽ പരമാവധി ആളുകൾക്ക് കുടുംബശ്രീയുടെ വിവിധ പദ്ധതികളിലൂടെ വൈദഗ്ധ്യ പരിശീലനം ലഭ്യമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. സ്വയംതൊഴിൽ, വേതനാധിഷ്ഠിത തൊഴിൽ എന്നിവയിലൂടെയാണ് സ്ഥിര വരുമാനം ഉറപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ സി.ഡി.എസ്.-ലും കുറഞ്ഞത് 5 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതുവഴി ആകെ 5000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ- സേവന മേഖലയിൽ ഏറ്റവും വ്യത്യസ്തമായി കുടുംബശ്രീ കൊണ്ടുവന്ന പദ്ധതിയാണ് കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ. നിർമ്മാണ മേഖലയിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി, ഇവർക്ക് അംഗീകൃത പരിശീലന ഏജൻസികളുടെ നേതൃത്വത്തിൽ സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്തി പരിശീലനം നല്കി വരുന്നു. കേരളത്തിൽ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാവർക്കും വീട് നിർമ്മിച്ചു നല്കുക എന്ന ലക്ഷ്യം മുൻനിർത്തി ഗവൺമെന്റ് നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. കുടുംബശ്രീ നിർമ്മാണ സാമഗ്രി ഉല്പ്പാദന യൂണിറ്റുകൾ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഏറ്റവും ആവശ്യമായ ഒന്നാണ് സിമന്റ് ബ്രിക്കുകൾ. സർക്കാർ പദ്ധതിയിൽ മാത്രമായി ഏകദേശം 2.50 ലക്ഷം ഭവനങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഈ തൊഴിൽ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി കുടുംബശ്രീ ഓരോ ബ്ലോക്കിലും നഗരസഭകളിലും ആവശ്യം അനുസരിച്ച് നിർമ്മാണ സാമഗ്രി ഉൽപ്പാദന യൂണിറ്റുകൾ രൂപീകരിച്ചുവരുന്നു. നിലവിൽ 55 സിമന്റ് ബ്രിക്ക് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചുകൊണ്ട് സർക്കാർ ഭവന പദ്ധതികൾക്ക് ആവശ്യമായ സിമന്റ് ബ്രിക്കുകളും, മറ്റു നിർമ്മാണസാമഗ്രികളും നിർമ്മിച്ചു വരുന്നു.

ജനകീയ ഹോട്ടൽ- സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'വിശപ്പു രഹിത കേരളം' പദ്ധതിയുടെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെയും സഹകരണത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 20 രൂപയ്ക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ സംസ്ഥാനമൊട്ടാകെ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം ജനകീയ ഹോട്ടലുകൾ മുഖാന്തരം സാധാരണക്കാരായ ജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ന്യായവിലയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്.

ഡിസ് ഇൻഫെക്ഷൻ ടീം- കൊറോണയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിനായുള്ള അണുനശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയുടെ അണുനശീകരണ, ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ കുടുംബശ്രീ ഡിസിൻഫെക്ഷൻ ടീമുകളെ രൂപീകരിക്കുന്നതിനുള്ള പദ്ധതി.

പ്രത്യാശ- സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അവിവാഹിതരായ അമ്മമാർ, ട്രാൻസ്ജെൻഡേഴ്സ്, മാനസിക വൈകല്യം നേരിടുന്ന കുട്ടികൾ/അവരുടെ അമ്മമാർ, കിടപ്പു രോഗികൾ/അവരുടെ സംരക്ഷകരായ സ്ത്രീകൾ, വൃദ്ധകൾ, വിധവകൾ തുടങ്ങിയവർക്ക് സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി. പൊതു സേവന കേന്ദ്രങ്ങൾ ഓരോ ജില്ലയിലും ഒരേ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഒരുമിപ്പിച്ച് ഒരേ ഉത്പന്നങ്ങൾ വലിയ തോതിൽ ഉത്പാദിപ്പിച്ച് ഒരേ രീതിയിൽ ബ്രാൻഡിംഗ്, പാക്കിംഗ് എന്നിവ കൊണ്ടുവരികയും ആയത് വിപണിയിൽ എത്തിച്ച് പരമാവധി വരുമാനം സംരംഭകർക്ക് ലഭ്യമാക്കുകയുമാണ് കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്.സി.)

സാന്ത്വനം- ആരോഗ്യ രംഗത്തെ കുടുംബശ്രീയുടെ ഭാവനാപൂർണ്ണമായ പദ്ധതിയാണ് സാന്ത്വനം. മാറിവരുന്ന ജീവിതശൈലിയുടെ ഭാഗമായി ഉണ്ടാകുന്ന രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ പരിശീലനം സിദ്ധിച്ച സാന്ത്വനം വോളന്റിയേഴ്സ് വീടുകളിൽ എത്തിച്ചേർന്ന് യഥാസമയം പരിശോധിക്കുകയാണ് 'സാന്ത്വനം' എന്ന പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

ഹർഷം- ആരോഗ്യരംഗത്ത് വയോജന പരിപാലനത്തിന് പരിശീലനം സിദ്ധിച്ച എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ഹർഷം ജെറിയാട്രിക് കെയർ പദ്ധതി. മുതിർന്ന തലമുറയ്ക്കും കിടപ്പുരോഗികൾക്കും ആവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) കുടുംബശ്രീ സ്കൂളിന്റെ പ്രവർത്തനം വ്യക്തമാക്കുമോ; സമൂഹാധിഷ്ഠിത സ്വയംപഠനം എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ട് എന്നറിയിക്കുമോ?

കുടുംബശ്രീയുടെ ചരിത്രത്തിൽ ആദ്യമായി 277175 അയൽക്കൂട്ടങ്ങളിലെയും 4306976 അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ അനൗപചാരിക വിദ്യാഭ്യാസ പരിപാടി രണ്ടു ഘട്ടങ്ങളിലായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കി. ഘട്ടം ഒന്നിലും ഘട്ടം രണ്ടിലും അയൽക്കൂട്ട യോഗങ്ങളിൽ 2 മണിക്കൂർ വീതമുള്ള ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് 6 ആഴ്ച കൊണ്ട് 6 വിഷയങ്ങളിൽ പരിശീലനം പൂർത്തീകരിച്ചു. വളരെ മികച്ച രീതിയിലാണ് പരിശീലന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്.

(ഡി) അയൽക്കൂട്ടങ്ങളുടെ എണ്ണത്തിലും വ്യാപ്തിയിലും ഈ സർക്കാർ കാലയളവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം നാളിതുവരെ 41962 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു. കൂടാതെ വയോജനങ്ങൾക്കുവേണ്ടി 25992 പ്രത്യേക അയൽക്കൂട്ടങ്ങളും, ഭിന്നശേഷിക്കാർക്കുവേണ്ടി 3352 അയൽക്കൂട്ടങ്ങളും 48 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങളും, 7135 ട്രൈബൽ അയൽക്കൂട്ടങ്ങളും രൂപീകരിക്കാൻ സാധിച്ചു.

(ഇ) കുടുംബശ്രീ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. സേവന മേഖലയിൽ ഏറ്റവും വ്യത്യസ്തമായി കുടുംബശ്രീ കൊണ്ടുവന്ന പദ്ധതിയാണ് കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ. നിർമ്മാണ മേഖലയിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി, ഇവർക്ക് അംഗീകൃത പരിശീലന ഏജൻസികളുടെ നേതൃത്വത്തിൽ സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്തി പരിശീലനം നല്കിവരുന്നു. കേരളത്തിൽ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാവർക്കും വീട് നിർമ്മിച്ചുനല്കുക എന്ന ലക്ഷ്യം മുൻനിർത്തി ഗവൺമെന്റ് നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ 288 ഗ്രൂപ്പുകളിലായി 2375 വനിതാ അംഗങ്ങൾ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു.

**കുടുംബശ്രീ പദ്ധതികൾ**

146 (1633) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി . എസ് . ജയലാൽ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനംമൂലം സാമൂഹ്യ സാമ്പത്തിക സ്ത്രീ ശാക്തീകരണ മേഖലകളിൽ ഉളവായ ഫലങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ 16,865 കുടുംബശ്രീ അംഗങ്ങൾ മത്സരിക്കുകയും 7058 പേർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇത് സാമൂഹിക ശാക്തീകരണത്തിന് ഏറ്റവും വലിയ ഉദാഹരണമാണ്. കഴിഞ്ഞ 5 വർഷക്കാലയളവിൽ 27458 സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിക്കാനും, സാധാരണ കുടുംബശ്രീ അംഗങ്ങളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാനും സാധിച്ചു. 14 ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയ്ക്കുവേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത കൗൺസിലിംഗ് സെന്റർ ആരംഭിക്കാൻ സാധിക്കുകയും ഇതിനുവേണ്ടി സ്ത്രീകളായ പ്രൊഫഷണലുകളെ ശാക്തീകരിക്കാനും സാധിച്ചു. കൂടാതെ കുടുംബശ്രീ അംഗങ്ങളായ വിദ്യാസമ്പന്നരെ പരിശീലിപ്പിച്ച് കമ്മ്യൂണിറ്റി കൗൺസിലർമാരായി വിന്യസിക്കുകയും ചെയ്തു. ആദിവാസി മേഖലയിൽ സാമൂഹിക ഇടപെടലിനുവേണ്ടി 461 ആനിമേറ്റർമാരെ കുടുംബശ്രീ മുഖേന നിയമിക്കാനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിച്ചു. തീരദേശമേഖലയിൽ 82 തീരദേശ വോളണ്ടിയർമാരെ നിയമിക്കുകവഴി തീരദേശ മേഖലയിലെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും, കുടുംബശ്രീ പ്രവർത്തനങ്ങൾ തീരദേശ മേഖലയിൽ ശക്തിപ്പെടുത്താനും സാധിച്ചു.

(ബി) കുടുംബശ്രീയുടെ പ്രധാന പദ്ധതികളായ കുടുംബശ്രീ മൈക്രോ ഫിനാൻസ്, ലിങ്കേജ് ബാങ്കിംഗ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ഒരു പ്രധാന പ്രവർത്തനമാണ് മൈക്രോ ഫൈനാൻസ്. അയൽക്കൂട്ടങ്ങൾ ഓരോ ആഴ്ചയിലും യോഗം കൂടുമ്പോൾ ഒരു നിശ്ചിത തുക സമ്പാദ്യമായി മാറ്റിവയ്ക്കുന്നു. ഇത്തരത്തിൽ 287723 അയൽക്കൂട്ടങ്ങൾക്കായി ആകെ സമ്പാദ്യം 5061.83 കോടി രൂപയാണ്. അയൽക്കൂട്ട അംഗങ്ങൾക്ക് അവരുടെ സമ്പാദ്യത്തിൽനിന്നും അവർ തീരുമാനിക്കുന്ന പലിശനിരക്കിൽ ആന്തരിക വായ്പ നൽകുന്നുണ്ട്. കുടുംബശ്രീ

അയൽക്കൂട്ടങ്ങളുടെ ആകെ ആന്തരിക വായ്പ 20341.32 കോടി രൂപയാണ്. അയൽക്കൂട്ടങ്ങൾ വിവിധ ബാങ്കുകളിൽ നിന്നായി ലിങ്കേജ് വായ്പ എടുക്കുന്നുണ്ട്. ആകെ ലിങ്കേജ് വായ്പ 19460 കോടി രൂപയാണ്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി- കൊവിഡ് 19 എന്ന മഹാമാരിയെ തുടർന്ന് ലോക്ക്ഡൗൺമൂലം ഉണ്ടാകാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്തു സാധാരണക്കാർക്ക് അടിയന്തര വായ്പാ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി. 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലായി 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി.

റീസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്.)- 2018-ൽ കേരളം നേരിട്ട മഹാപ്രളയത്തിൽ ദുരിതം നേരിട്ട അയൽക്കൂട്ടാംഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതിയാണ് ആർ.കെ.എൽ.എസ്. ആകെ 28212 അയൽക്കൂട്ടങ്ങൾ വഴി 1.95 ലക്ഷം പേർക്ക് 1680 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. 261 കോടി രൂപ പലിശ സബ്സിഡി ലഭ്യമാക്കി.

(സി) വയോജന പരിപാലനത്തിന് കുടുംബശ്രീയുടെ ഹർഷം ജെറിയാട്രിക് കെയർ പദ്ധതി നടക്കുന്നുണ്ടോ; കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഹർഷം പദ്ധതിയനുസരിച്ച് ജില്ലയൊട്ടാകെ വിദഗ്ദ്ധ പരിശീലനം ലഭിച്ച 646 കുടുംബശ്രീ അംഗങ്ങൾ ഫീൽഡ് തലത്തിൽ പ്രവർത്തിച്ചുവരുന്നു. വയോജന പരിചരണം, അവർക്ക് വേണമെന്നുള്ള മറ്റ് സേവനങ്ങൾ അതായത് ബിൽ പേമെന്റ്, വീട്ടു സാധനങ്ങൾ വാങ്ങൽ, അവരോടൊപ്പം ഹോസ്പിറ്റലിലോ, മറ്റു സ്ഥലങ്ങളിലോ കൂട്ടുപോകൽ, തുടങ്ങിയവയ്ക്കായി ഒരു ഫീസ് ഈടാക്കി ഇത്തരം കെയർ ഗിവേഴ്സിന്റെ സേവനം അവർക്ക് ലഭ്യമാക്കി വരുന്നു.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന ഹരിത കർമ്മസേന പദ്ധതി മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിൽ ഫലപ്രദമാകുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 882 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 23283 ഹരിതകർമ്മ സേന അംഗങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടി അംഗങ്ങൾക്കുവേണ്ടിയുള്ള പരിശീലനം ശുചിത്വ മിഷന്റെ സഹായത്തോടെ കുടുംബശ്രീ മിഷൻ തൃപ്തികരമായി നൽകി വരുന്നു. തദ്ദേശസ്വയംഭരണ തലത്തിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തന മേൽനോട്ടം വഹിക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയ്ക്കും അനന്തര ശുശ്രൂഷയ്ക്കുമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 'സാന്ത്വനം' പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ആരോഗ്യ മേഖലയിലെ സ്വയംതൊഴിൽ സംരംഭമാണ് 'സാന്ത്വനം'. ഈ പദ്ധതിയുടെ ഭാഗമായി ജീവിത ശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം എന്നിവയും ബി.എം.ഐ., ഹീമോ ഗ്ലോബിൻ എന്നിവയുടെ അളവും വീടുകളിൽ തന്നെ പരിശീലനം നേടിയ സാന്ത്വനം വോളന്റിയർമാർ മുഖേന നിർണ്ണയിച്ചുലഭ്യമാക്കുന്നു. ഇതിലൂടെ ക്ലിനിക്കൽ ലാബുകളിൽ പോയി രോഗനിർണ്ണയം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നു എന്നത് മാത്രമല്ല, കിടപ്പുരോഗികൾ, വയോജനങ്ങൾ എന്നിവർക്ക് ഈ പദ്ധതി ഒരു അനുഗ്രഹമാണ്. ഇപ്രകാരം സാന്ത്വനം പദ്ധതിയിലേർപ്പെട്ടിരിക്കുന്ന സാന്ത്വനം വോളന്റിയമാർക്ക് ഇതിലൂടെ ഉപജീവനോപാധിയും ലഭിക്കുന്നതാണ്. കുടുംബശ്രീയും ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ എന്ന സംഘടനയും സംയുക്തമായാണ് ഈ പദ്ധതിക്കായുള്ള പരിശീലനം നൽകുന്നത്. സാന്ത്വനം വോളണ്ടിയർമാർ യഥാസമയം വീടുകളിൽ എത്തിച്ചേർന്ന് പരിശോധനകൾ നടത്തുന്നതിനാൽ രോഗനിർണ്ണയം കൂടുതൽ അനായാസകരമാകുന്നു. ഇതിലൂടെ ജീവിതശൈലി രോഗങ്ങളെ ഒരു പരിധിവരെ മുൻകൂട്ടി കണ്ടെത്താനും തടയാനും സാധിക്കുന്നു.

**ആറന്മുള മണ്ഡലത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ**

147 (1634) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആറന്മുള മണ്ഡലത്തിൽ വിവിധ പദ്ധതികളിലായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് എത്ര തുക വായ്പ നൽകിയിട്ടുണ്ട്?

ഈ സർക്കാരിന്റെ കാലത്ത് ആറന്മുള മണ്ഡലത്തിൽ വിവിധ പദ്ധതികളിലായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കിയ വായ്പാ തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രളയാനന്തരം ഒരു ലക്ഷം രൂപ ലോണായി എത്ര പേർക്ക് കുടുംബശ്രീ വഴി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആറന്മുള മണ്ഡലത്തിൽ പ്രളയാനന്തരം പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള വായ്പ കുടുംബശ്രീ മുഖേന 4032 അയൽക്കൂട്ടാംഗങ്ങൾക്ക് നല്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ലോക്ക്ഡൗൺ കാലത്തെ കുടുംബശ്രീ പ്രവർത്തനം**

148(1635) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡും ലോക്ക്ഡൗൺമൂലവും ബുദ്ധിമുട്ടിലായ കുടുംബങ്ങളിലേയ്ക്ക് പ്രതീക്ഷയും വരുമാനവും എത്തിക്കുന്നതിന് കുടുംബശ്രീ മിഷന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ലോക്ക്ഡൗൺ കാലത്ത് സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം" വായ്പ പദ്ധതി നടപ്പിലാക്കി. 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലെ 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിലെ ജീവനക്കാരും കമ്മ്യൂണിറ്റി കൗൺസിലർമാരും ചേർന്ന് വയോജന അയൽക്കൂട്ട അംഗങ്ങളെയും സ്നേഹിത കോളിംഗ്ബെൽ പദ്ധതിയുടെ പിന്തുണ സ്വീകർത്താക്കളെയും ഫോണിൽ വിളിച്ചുകൊണ്ട് ഈ ലോക്ക്ഡൗൺ കാലത്തെ ഒറ്റപ്പെടലിനിടയിൽ അവരുടെ ആധികളും ആശങ്കകളും അകറ്റി ഇല്ലായ്മകളും പ്രയാസങ്ങളും ചോദിച്ചറിഞ്ഞു പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തി. മാനസിക പ്രയാസം, ആശങ്കകൾ, ആകുലതകൾ, എന്നിവ ഉള്ളവർക്ക് പ്രത്യേകമായി കൗൺസിലിംഗും നൽകി. വയോജന അയൽക്കൂട്ട അംഗങ്ങളായ മുതിർന്ന പൗരന്മാരുടെ ക്ഷേമാന്വേഷണങ്ങൾക്കൊപ്പം കോവിഡ് കാലത്തെ കരുതലിനെ കുറിച്ച് ബോധവൽക്കരണം നടത്തി. കേരളത്തിലെ 14 ജില്ലകളിലുമായി പ്രവർത്തിക്കുന്ന 332 കമ്മ്യൂണിറ്റി കൗൺസിലർമാരും സ്നേഹിത ഉദ്യോഗസ്ഥരും 24 മണിക്കൂറും സേവന സന്നദ്ധരായി പ്രവർത്തിച്ചുകൊണ്ട് പിന്തുണ ആവശ്യമുള്ള എല്ലാവർക്കും ആവശ്യമായ സേവനം നൽകി. 1,14,774 പേർക്കാണ് ഇത്തരത്തിൽ പിന്തുണ ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക കൗൺസിലിംഗ് സേവനവും നൽകി. ബാലസഭ കുട്ടികൾക്ക് വിവിധ തരത്തിലുള്ള ഓൺലൈൻ പരിശീലനങ്ങൾ സംഘടിപ്പിച്ചു.

(ബി) കുടുംബശ്രീ മിഷൻ വഴി അൻപതിനായിരം പേർക്ക് തൊഴിൽ നൽകുമെന്ന മുഖ്യമന്ത്രിയുടെ ആഗസ്റ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി 'അതിജീവനം കേരളീയം' എന്ന പേരിൽ കുടുംബശ്രീ ക്യാമ്പയിൻ ആരംഭിച്ചു. കുടുംബശ്രീയുടെ വിവിധ പദ്ധതികൾ മുഖേന 15000 പേർക്ക് തൊഴിൽ നൽകുകയെന്നതായിരുന്നു ഈ ക്യാമ്പയിന്റെ ലക്ഷ്യം. ഇതുപ്രകാരം 36192 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഇതിന്റെ രണ്ടാം ഘട്ടത്തിൽ 7500 തൊഴിലുകളാണ് ലക്ഷ്യമിടുന്നത്.

(സി) ഏതൊക്കെ തൊഴിൽ മേഖലകളിലാണ് തൊഴിൽ നൽകിയത്; കുടുംബശ്രീയുടെ അംഗസംഖ്യ ഇപ്പോൾ ഉള്ളതിൽനിന്നും എഴുപത്തിയഞ്ച് ശതമാനത്തോളം ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; നിലവിൽ എത്ര അംഗങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

കുടുംബശ്രീ മുഖേന തൊഴിൽ നൽകിയിട്ടുള്ള മേഖലകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഈ സർക്കാർ നിലവിൽ വന്നശേഷം ഏകദേശം 5 ലക്ഷത്തോളം പേരെ കുടുംബശ്രീയിൽ അംഗങ്ങളാക്കാൻ സാധിച്ചു. നിലവിൽ ഏകദേശം 45 ലക്ഷത്തോളം അംഗങ്ങളാണ് കുടുംബശ്രീയിൽ ഉള്ളത്.

(ഡി) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായ തൊഴിൽസംരംഭകരെ സഹായിക്കുവാൻ കുടുംബശ്രീ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കടക്കെണിയിലായ സൂക്ഷ്മ സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനായി എം.ഇ. റിവൈവൽ ഫണ്ട് കഴിഞ്ഞ വർഷം മുതൽ വിതരണം ചെയ്തു വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 3 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം കടക്കെണിയിലായ സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ജില്ലകളിലെ എം.ഇ. കൺസൾട്ടന്റുമാർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്.

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണി

149 (1636) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങൾക്ക് സർക്കാർ തലത്തിൽ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി ഉറപ്പാക്കുന്നതിനും വിപണന വർദ്ധനവിനുമായി 4 തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് കുടുംബശ്രീ സ്വീകരിച്ചുവരുന്നത്.

(1) പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം.

2) കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിരവിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള വിപണനം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(3) കുടുംബശ്രീ ഉല്പന്നങ്ങൾ സാമൂഹികാധിഷ്ഠിത വിതരണ-ശൃംഖല വഴി വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം.

(4) ഓൺലൈൻ മാർക്കറ്റിംഗിലൂടെയുള്ള വിപണനം. ഇവ കൂടാതെ സർക്കാർ തലത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്, സപ്ലൈകോ, കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകളിൽ ഉൽപ്പന്നങ്ങൾ വിപണനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. സപ്ലൈകോ വഴിയുള്ള വിപണനത്തിനായി സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ഷെൽഫ് സ്പേസ് അനുവദിക്കുന്നതിന് ധാരണ ആയിട്ടുണ്ട്. നിലവിൽ ഇടുക്കി ജില്ലയിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾവഴി കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നു. കോട്ടയം ജില്ലയിൽ കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ വഴി കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം ആരംഭിച്ചിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകളിൽ കുടുംബശ്രീ ഉല്പന്നങ്ങൾക്ക് മുൻഗണന ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകൾ വഴിയുള്ള വിപണനത്തിനായി സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ഷെൽഫ് സ്പേസ് അനുവദിക്കുന്നതിന് സപ്ലൈകോയുമായി ധാരണയായിട്ടുണ്ട്.

(സി) ഓൺലൈൻ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള പുതിയ വിപണന മാർഗ്ഗങ്ങൾ സ്വീകരിച്ചതിലൂടെ കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) കുടുംബശ്രീ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ന്യൂട്രിമിക്സ് യൂണിറ്റുകളിലും ഗ്രേഡിംഗ് നടപ്പിലാക്കുകയും ഉൽപ്പന്നങ്ങളുടെ സാമ്പിൾ ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ നൽകി ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കറി

പൗഡർ മേഖലയിൽ യൂണിറ്റുകളുടെ ഏകീകൃത മൂല്യശൃംഖല വികസനം നടപ്പിലാക്കി ഗുണനിലവാരം മെച്ചപ്പെടുത്തി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. ക്യാന്റീൻ, കാറ്ററിംഗ്, ടെയിലറിംഗ് മേഖലകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പെർഫോമൻസ് ഇംപ്രൂവ്മെന്റ് പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടി**

150 (1637) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളിലൂടെ സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ചുവടെ ചേർത്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ബാങ്ക് ലിങ്കേജ്: ബാങ്ക് മുഖാന്തരം അർഹരായ എല്ലാ അയൽക്കൂട്ടങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാക്കിക്കൊണ്ട് അയൽക്കൂട്ടങ്ങളുടെ കുടുംബത്തിന്റെ സാമ്പത്തിക ശാക്തീകരണം സാധ്യമാക്കി. വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു*.

പലിശ സബ്സിഡി: 2016-2017 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പലിശ സബ്സിഡി പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപ വരെയുള്ള അയൽക്കൂട്ട ലിങ്കേജ് വായ്പകൾക്ക് 4% പലിശ കഴിച്ച് ബാക്കിയുള്ള പലിശ (പരമാവധി 8.5%) സബ്സിഡിയായി ലഭ്യമാക്കുന്നു. വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു*.

റിസർജന്റ് കേരള ലോൺ സ്കീം: 2018 ആഗസ്റ്റിലുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കികൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബനാഥയ്ക്ക്/കുടുംബശ്രീ അംഗത്തിന് 1,00,000 രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്നു. ഈ പദ്ധതി പ്രകാരം ആകെ 28212 അയൽക്കൂട്ടങ്ങൾ വഴി 2.027 ലക്ഷം പേർക്ക് 1794.02 കോടി രൂപ പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്. 261 കോടി രൂപ പലിശ സബ്സിഡി ലഭ്യമാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ (CM's Helping Hand Loan Scheme - CMHLS): കോവിഡ് 19 എന്ന മഹാമാരിയെ ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ഉണ്ടാകാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് സാധാരണക്കാർക്ക് അടിയന്തര വായ്പാസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി ഒരു അയൽക്കൂട്ടത്തിന് പരമാവധി നാല് ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി ലഭ്യമാക്കുന്നതരത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതുവരെ 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലായി 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി.

കെ.എസ്.എഫ്.ഇ. വിദ്യാശ്രീ ചിട്ടി: കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ ഡിജിറ്റൽ മീഡിയ വഴി കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കിയപ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപാധി ഒരുക്കുന്നതിനായി ത്വരിത സാമ്പത്തിക സഹായം ലഭ്യമാക്കാനായി കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ചിട്ടിയിൽ ചേരുന്ന ലാപ് ടോപ്പ് ആവശ്യമായ എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും ലാപ് ടോപ്പ് ലഭ്യമാക്കുന്നതാണ്. നിലവിൽ 6 ലക്ഷം അംഗങ്ങൾ ചിട്ടിയിൽ ചേരാൻ താത്പര്യം പ്രകടിപ്പിക്കുകയും 5 ലക്ഷം അംഗങ്ങൾ ലാപ് ടോപ്പ് വാങ്ങുന്നതിനു താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. 90412 അയൽക്കൂട്ടാംഗങ്ങൾ ഇതുവരെ പദ്ധതിയിൽ ചേർന്നു.

കുടുംബശ്രീ ജീവൻ ദീപം (എന്റെ കുടുംബം എന്റെ ഉത്തരവാദിത്വം) ഇൻഷ്വറൻസ് പദ്ധതി: കുടുംബശ്രീയിലെ എല്ലാ അംഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതിയാണ് കുടുംബശ്രീ ജീവൻ ദീപം. പദ്ധതിയിൽ പങ്കു ചേരുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചാൽ പദ്ധതിപ്രകാരം അനുവദനീയമായ ഇൻഷ്വറൻസ് തുകയിൽ നിന്ന് അയൽക്കൂട്ട വായ്പ തിരിച്ചടവുണ്ടെങ്കിൽ അതിനാവശ്യമായ തുക അയൽക്കൂട്ട ബാങ്ക് അക്കൗണ്ടിലേയ്ക്കും ബാക്കി തുക അംഗത്തിന്റെ അവകാശിക്കും ലഭിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു.*

(ബി) കുടുംബശ്രീയുടെ 12 ഇനം സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ ബ്രാൻഡ് അടിസ്ഥാനത്തിൽ കേന്ദ്രീകൃത മാർക്കറ്റിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കുടുംബശ്രീയുടെ 12 ഇന സൂക്ഷ്മസംരംഭക മേഖലയിലുള്ള ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് കേന്ദ്രീകൃത വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ പ്രകാരം ന്യൂട്രിമിക്സ് പൂരകപോഷക ഉൽപ്പന്നം, മാരികുട, സുഭിക്ഷ നാളികേര ഉൽപ്പന്നങ്ങൾ, ട്രൈബൽ ഉല്പന്നങ്ങൾ, കറിപൗഡറുകൾ, കേരള ചിക്കൻ, അപ്പാരൽ, കരകൗശല ഉൽപന്നങ്ങൾ എന്നിവ ബ്രാൻഡ് ചെയ്ത് കുടുംബശ്രീയുടെ കേന്ദ്രീകൃത വിപണികളായ കുടുംബശ്രീ ബസാർ, ഓൺലൈൻ വിപണന പോർട്ടലുകൾ എന്നിവയിൽ വിപണനത്തിനായി ലഭ്യമാക്കുകയും സപ്ലൈകോ, മറ്റ് പൊതുവിപണന കേന്ദ്രങ്ങളുമായി സഹകരിച്ച് പൊതുവിപണിയിൽ ഇവയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 2020-21-ൽ കുടുംബശ്രീ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്; അതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ട്?

1. ജനകീയ ഹോട്ടൽ- സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെയും സഹകരണത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 20 രൂപയ്ക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ സംസ്ഥാനമൊട്ടാകെ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം ജനകീയ ഹോട്ടലുകൾ മുഖാന്തരം സാധാരണക്കാരായ ജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ന്യായ വിലയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്.

2. അതിജീവനം കേരളീയം പദ്ധതി- 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് അതിജീവനം കേരളീയം പദ്ധതി. ടി പദ്ധതി പ്രകാരം അയൽക്കൂട്ടതലത്തിൽ പരമാവധി ആളുകൾക്ക് കുടുംബശ്രീയുടെ വിവിധ പദ്ധതികളിലൂടെ വൈദഗ്ദ്ധ്യ പരിശീലനം ലഭ്യമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. സ്വയംതൊഴിൽ, വേതനാധിഷ്ഠിത തൊഴിൽ എന്നിവയിലൂടെയാണ് സ്ഥിര വരുമാനം ഉറപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ സി.ഡി.എസ്.-ലും കുറഞ്ഞത് 5 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതുവഴി ആകെ 5000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

3. ബഡ്സ് - പ്രത്യേക ഉപജീവന പദ്ധതി. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനും, പുനരധിവാസത്തിനുമായി പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങളിൽ 150 എണ്ണത്തിൽ 2020-21 പ്രത്യേക ഉപജീവന പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. പദ്ധതിയുടെ പരിശീലനം നടന്നു വരുന്നു.

4. കുടുംബശ്രീ ജീവൻ ദീപം (എന്റെ കുടുംബം എന്റെ ഉത്തരവാദിത്വം) ഇൻഷ്വറൻസ് പദ്ധതി- കുടുംബശ്രീയിലെ എല്ലാ അംഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതിയാണ് കുടുംബശ്രീ ജീവൻ ദീപം. പദ്ധതിയിൽ പങ്കുചേരുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചാൽ പദ്ധതിപ്രകാരം അനുവദനീയമായ ഇൻഷ്വറൻസ് തുകയിൽ നിന്ന് അയൽക്കൂട്ട വായ്പ തിരിച്ചടവുണ്ടെങ്കിൽ അതിനാവശ്യമായ തുക അയൽക്കൂട്ട ബാങ്ക് അക്കൗണ്ടിലേയ്ക്കും ബാക്കി തുക അംഗത്തിന്റെ അവകാശിക്കും ലഭിക്കുന്നു. പദ്ധതിയുടെ നേട്ടങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*. 2021 ഫെബ്രുവരി 1 മുതൽ 2022 ജനുവരി 31 വരെയാണ് പദ്ധതിയുടെ കാലാവധി. ടി പദ്ധതി അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. കെ.എസ്.എഫ്.ഇ. വിദ്യാശ്രീ ചിട്ടി- കൊവിഡ് പശ്ചാത്തലത്തിൽ സർക്കാർ ഡിജിറ്റൽ മീഡിയ വഴി കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കിയപ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപാധി ഒരുക്കുന്നതിനായി ത്വരിത സാമ്പത്തിക സഹായം ലഭ്യമാക്കാനായി കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ചിട്ടിയിൽ ചേരുന്ന ലാപ് ടോപ്പ് ആവശ്യമായ എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും ലാപ് ടോപ്പ് ലഭ്യമാക്കും. നിലവിൽ 6 ലക്ഷം അംഗങ്ങൾ ചിട്ടിയിൽ ചേരാൻ താത്പര്യം പ്രകടിപ്പിക്കുകയും 5 ലക്ഷം അംഗങ്ങൾ ലാപ് ടോപ്പ് വാങ്ങുന്നതിനു താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. 90412 അയൽക്കൂട്ടാംഗങ്ങൾ ഇതുവരെ പദ്ധതിയിൽ ചേർന്നു.

## ന്യായവില ഭക്ഷണശാലകൾ

151 (1638) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം തൊഴിൽരഹിതരായവർക്ക് ന്യായവില ഭക്ഷണശാല ഒരുക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര ന്യായവില ഹോട്ടലുകളാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ?

856 ജനകീയ ഹോട്ടലുകൾ കുടുംബശ്രീ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീയുടെ സഹകരണത്തോടെയാണോ പദ്ധതി ആവിഷ്കരിച്ചതെന്ന് അറിയിക്കുമോ; ഇതിനായുള്ള ഭക്ഷ്യധാന്യങ്ങളും പച്ചക്കറികളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എപ്രകാരമാണ് ഇവർക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ; ഇതിനായി സബ്സിഡി നൽകിയിട്ടുണ്ടോ?

കുടുംബശ്രീയുടെയും ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത സഹകരണത്തോടെയാണ് ജനകീയ ഹോട്ടലുകൾ നടപ്പാക്കുന്നത്. ഇതിനായുള്ള അരി ഭക്ഷ്യ പൊതുവിതരണ വകുപ്പിൽനിന്നും ലഭ്യമാക്കുന്നു. പച്ചക്കറികളും മറ്റും സംരംഭ യൂണിറ്റുകൾ നേരിട്ടാണ് വാങ്ങുന്നത്. ഊണൊന്നിന് 10 രൂപ നിരക്കിൽ സബ്സിഡി കുടുംബശ്രീയിൽനിന്നും നൽകുന്നു.

**കുടുംബശ്രീ വഴിയുള്ള സ്ത്രീ ശാക്തീകരണ പദ്ധതികൾ**

152 (1639) <u>ശ്രീമതി പി. അയിഷാ പോറ്റി</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. പുരുഷൻ കടലുണ്ടി</u>:
<u>ശ്രീ എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രസ്ഥാനമായി കുടുംബശ്രീയെ മാറ്റിത്തീർക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കുടുംബശ്രീ അംഗങ്ങൾക്ക് സാമ്പത്തിക സ്വാശ്രയത്വം ലഭ്യമാക്കുകയാണ് കുടുംബശ്രീ സൂക്ഷ്മസംരംഭ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി മേഖലയിൽ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമ്പത്തിക സ്വാശ്രയത്വം ലഭ്യമാക്കുന്നതിനായി പ്രത്യാശ പദ്ധതി ആരംഭിച്ചു.

2. 2018-ലെ പ്രളയത്തിനോടനുബന്ധിച്ച് എറൈസ് പദ്ധതി ആരംഭിച്ചു.

3. വയോജന പരിപാലനത്തിനായി ഹർഷം പദ്ധതി ആരംഭിച്ചു.

4. അജൈവ മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മസേന പദ്ധതി ആരംഭിച്ചു. ഇതിൽ 23,283 ഹരിത കർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു.

5. കുഞ്ഞുങ്ങൾക്ക് അങ്കണവാടികളിൽ ടേക്ക് ഹോം റേഷൻ ആയി നൽകുന്ന അമൃതംപൊടി കൂടുതൽ പോഷക സമ്പുഷ്ടമാക്കുന്നതിനായി ന്യൂട്രിമിക്സ് ഫെർട്ടിലൈസേഷൻ നടപ്പിലാക്കി.
6. സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി 'ലീപ്' പദ്ധതി നടപ്പിലാക്കി.
7. 2017-ൽ ജീവനം ക്യാമ്പയിനിലൂടെ 5115 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും 15000 പേർക്ക് സ്വയംതൊഴിൽ ലഭ്യമാക്കുകയും ചെയ്തു.
8. 2020-ൽ ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പദ്ധതിയോടനുബന്ധിച്ച് അതിജീവനം - കേരളീയം ക്യാമ്പയിനോട് അനുബന്ധിച്ച് 40,917 പേർക്ക് തൊഴിൽ ലഭ്യമാക്കി.
9. ഓരോ ജില്ലയിലും ഒരേ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഒരുമിപ്പിച്ച് ഒരേ ഉൽപ്പന്നങ്ങൾ വലിയ തോതിൽ ഉത്പാദിപ്പിച്ച് ഒരേ രീതിയിൽ ബ്രാൻഡിംഗ്, പാക്കിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിച്ചു. സ്ത്രീശാക്തീകരണത്തിനായുള്ള പ്രവർത്തനങ്ങൾ ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയായി വളരാൻ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. നാളിതുവരെ മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷം സ്ത്രീകളെ ഒറ്റ കുടക്കീഴിൽ കൊണ്ടുവരാനും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ വികസന കാര്യങ്ങളിൽ ഇടപെടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിനും കുടുംബശ്രീക്ക് സാധിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജില്ലാതലത്തിൽ സ്നേഹിത സെന്ററുകൾ സ്ഥാപിക്കുകയും മുൻസിപ്പൽ പഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം 2015-16-ൽ പ്ലാൻ ഫണ്ട് 75 കോടി രൂപയിൽനിന്നും 2020-21-ൽ 200 കോടിയിലേയ്ക്ക് ഉയർത്താൻ ഈ സർക്കാരിന് സാധിച്ചു. ഇതുകൂടാതെ 2018-ലെ പ്രളയാനന്തരം, പ്രത്യേക ജീവനോപാധി വികസന പാക്കേജായി 2019-20-ൽ 25 കോടി രൂപയും 2020-21-ൽ 50 കോടി രൂപയും കുടംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരളയുടെ ഭാഗമായി ഉപജീവനത്തിനായി കുടുംബശ്രീക്കുവേണ്ടി 250 കോടി രൂപ

പ്രത്യേകമായി നൽകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സംയോജനം സാധ്യമാക്കിക്കൊണ്ട് കുടുംബശ്രീക്ക് കൂടുതൽ ഫണ്ട് വകയിരുത്താനും സാധിച്ചിട്ടുണ്ട്.

(സി) കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ കുടുംബശ്രീ വഴി തൊഴിൽ രഹിതരായ സ്ത്രീകൾക്ക് മികച്ച വരുമാനം ഉറപ്പുവരുത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

കുടുംബശ്രീ വനിതകൾക്ക് കാർഷികവൃത്തിയിലൂടെയും കാർഷിക സംരംഭങ്ങളിലൂടെയും ഉപജീവനം കണ്ടെത്തുന്നതിനും വിവിധ പദ്ധതികൾ വിഭാവനം ചെയ്തിരുന്നു. ആയതിന്റെ വിവരം ചുവടെചേർക്കുന്നു.

നിലവിൽ 72397 കൃഷി സംഘങ്ങളിലായി 326713 വനിതാ കർഷകർ 50,000 ഹെക്ടർ കൃഷിഭൂമിയിൽ കൃഷി ചെയ്തുവരുന്നു. 201 ക്ലസ്റ്ററിലായി 5884 ഹെക്ടർ ഭൂമിയിൽ നിലവിൽ 75243 ജൈവ കർഷകർ കൃഷി ചെയ്തുവരുന്നു. നാളിതുവരെ 201 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും (964 അംഗങ്ങൾ) 509 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും (1367 അംഗങ്ങൾ) 1143 അഗ്രി ബിസിനസ് സംരംഭങ്ങളും (2311 അംഗങ്ങൾ) ആരംഭിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ മേഖല- മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ വഴി തൊഴിൽ രഹിതരായ സ്ത്രീകൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിലേയ്ക്ക് ആട്ടുഗ്രാമം, ക്ഷീരസാഗരം പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയുണ്ടായി. ക്ഷീരസാഗരം പദ്ധതിവഴി 5802 സ്ത്രീകൾക്ക് പശുവളർത്തൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിലേയ്ക്ക് 21,02,55,037 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആട്ടുഗ്രാമം പദ്ധതി വഴി 7119 സ്ത്രീകൾക്ക് ആടുവളർത്തൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിലേയ്ക്ക് 7,03,02,500 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് വരുമാനം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് വാല്യൂ അഡിഷൻ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകിവരുന്നു. നിലവിൽ 49 യൂണിറ്റുകളിലായി 205 കുടുംബശ്രീ വനിതകൾ ടി പ്രവർത്തനത്തിൽ ഭാഗമായിട്ടുണ്ട്. നിലവിലെ ക്ഷീര കർഷകർക്ക് പ്രവർത്തന മൂലധനം കണ്ടെത്തുന്നതിലേയ്ക്ക്, കാർഷിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (സി.ഐ.എഫ്. ലോൺ) എം.കെ.എസ്.പി. പദ്ധതി വഴി 100 സി.ഡി.എസ്.-കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. എ.ബി.സി. പദ്ധതി വഴി തെരുവുനായ നിയന്ത്രണ പദ്ധതിയിൽ ഭാഗമാകുന്നതിനും അതുവഴി ഉപജീവനം കണ്ടെത്തുന്നതിനും കുടുംബശ്രീ വനിതകൾക്ക് അവസരമൊരുക്കി.

കേരള ചിക്കൻ- കേരള ചിക്കൻ പദ്ധതി മുഖാന്തരം കുടുംബശ്രീ അംഗങ്ങൾക്ക് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 52 ഫാമുകളും 24 ഔട്ട് ലെറ്റുകളും ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) കുടുബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഇരുപത് രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 856 ജനകീയ ഹോട്ടലുകൾ (ഗ്രാമപ്രദേശത്തിൽ 719-ഉം നഗര പ്രദേശത്ത് 137-ഉം) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷം**

153 (1640) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേയ്ക്ക് കടന്നതിന്റെ സവിശേഷത കണക്കിലെടുത്ത് അധികാര വികേന്ദ്രീകരണാസൂത്രണ അനുഭവങ്ങൾ ഉൾക്കൊണ്ട് വിപുലമായ ഒരു സംഗമം സംഘടിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ബി) ഇതിലേയ്ക്കായി സംഘടിപ്പിച്ച കാര്യങ്ങൾ വിശദീകരിക്കുമോ; ഇതിനായി ചെലവാക്കിയ ആകെ തുകയെത്ര; ചെലവുകളുടെ ഇനം തിരിച്ച് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ നടത്തിപ്പിനായി 23-12-2020-ലെ സ.ഉ (സാധാ) നമ്പർ 2404/2020/ത.സ്വ.ഭ.വ. പ്രകാരം കിലയ്ക്ക് പ്രത്യേക ധനസഹായമായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംഗമവുമായി ബന്ധപ്പെട്ട് പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ തുകയൊന്നും ചെലവ് ചെയ്തിട്ടില്ല.

## സാമൂഹ്യ പെൻഷൻ നൽകുന്നതിന് ചെലവഴിച്ച തുക

154 (1641) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര പേർക്കാണ് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിയിരുന്നത്; പ്രതിമാസം എത്ര രൂപയായിരുന്നു നൽകിയിരുന്നത്; ഇതിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് എത്ര രൂപ ചെലവഴിച്ചിരുന്നു?

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 34,43,414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നത്. പ്രതിമാസം നല്കിയിരുന്ന പെൻഷൻ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനായി യു.ഡി.എഫ്. ഗവൺമെന്റ് 93112186148 രൂപയാണ് ചെലവഴിച്ചത്.

(ബി) ഈ സർക്കാർ വരുമ്പോൾ സാമൂഹ്യ പെൻഷൻ എത്ര മാസം കുടിശ്ശിക ഉണ്ടായിരുന്നു; അത് ആകെ എത്ര കോടി രൂപ വരും?

ഈ സർക്കാർ വരുമ്പോൾ ഉണ്ടായിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ്.

(സി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ എത്ര പേർക്കാണ് നൽകുന്നത്; അത് പ്രതിമാസം എത്ര രൂപയാണ്?

നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ സർക്കാർ വന്നതിനു ശേഷം ഇതുവരെ എത്ര കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഈ സർക്കാർ വന്നതിനുശേഷം ഇതേ വരെ 5 ഇനം പെൻഷനുകളിലായി (കർഷകത്തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം) 273170814810 രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തെരുവുനായ്ക്കളുടെ ആക്രമണം

155 (1642) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെയും ഗുരുതരമായി പരിക്കേൽക്കുന്നവരുടെയും എണ്ണം വർദ്ധിച്ച് വരുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

പരിഗണിച്ചിട്ടുണ്ട്.

(ബി) തെരുവുനായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പ്രോഗ്രാം ഫലപ്രദമല്ലായെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. ഓരോ വർഷവും കുടുംബശ്രീ യൂണിറ്റ് വഴി പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷന് ഫണ്ട് അനുവദിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എ.ബി.സി. പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതിക്കായി ഫണ്ട് വകയിരുത്തുന്നതിനായി ജില്ലാതല ക്യാമ്പയിൻ നടത്തുന്നതിനും ജില്ലാതല പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികളും കുടുംബശ്രീ മിഷൻ വഴി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശകൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകാനാണ് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി പ്രധാനമായും ശിപാർശ ചെയ്തുവരുന്നത്. കമ്മിറ്റി നാളിതുവരെ 28 റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി വരുന്നു.

(ഡി) കമ്മിറ്റിയുടെ ശിപാർശപ്രകാരം നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ബാധ്യത തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണോ എന്ന് അറിയിക്കുമോ; നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സമയബന്ധിതമായി നഷ്ടപരിഹാരത്തുക ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിന് വകുപ്പ് മേധാവികൾ മുഖാന്തരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം എത്ര ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയെന്ന് അറിയിക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ 2,12,96,678 (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അറുനൂറ്റി എഴുപത്തിയെട്ട്) രൂപയും നഗരസഭകളിൽ 1,38,40,305 (ഒരു കോടി മുപ്പത്തിയെട്ട് ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി അഞ്ച്) രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

## തെരുവുനായ ശല്യം

156 (1643) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം കൂടിവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; ഇതിൽ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ?

പരിശോധിച്ചിട്ടുണ്ട്. നിലവിൽ എ.ബി.സി. പ്രോഗ്രാമുമായി ബന്ധപ്പെട്ട് പദ്ധതി രൂപീകരിക്കുകയും വകയിരുത്തിയ തുക നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷനിൽ കൈമാറുകയുമാണ് ചെയ്യുന്നത്. സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങളുടെ പകർപ്പുകൾ അനുബന്ധം -I ആയി ചേർക്കുന്നു.* ഇതുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങൾ പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയത് പാലിക്കുന്നതിന് വകുപ്പ് തലവന്മാർ മുഖാന്തരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2020 ജനുവരി മുതൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും കടിയേറ്റവരുടെയും മരണമടഞ്ഞവരുടെയും വിവരം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 2020 ജനുവരി 1 മുതൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 659 പേർക്ക് തെരുവുനായയുടെ കടിയേൽക്കുകയും ഒരാൾ മരണമടയുകയും ചെയ്തു. നഗരസഭാ പ്രദേശങ്ങളിൽ 83 പേർക്ക് തെരുവുനായയുടെ കടിയേറ്റു. വിവരങ്ങൾ അനുബന്ധം -II ആയി ചേർത്തിട്ടുണ്ട്.*

(സി) 2016 ജനുവരി മുതൽ തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനും അവയെ സംരക്ഷിക്കുന്നതിനുംവേണ്ടി എത്ര തുക ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ചെലവാക്കി; വ്യക്തമാക്കുമോ?

സംസ്ഥാനത്തിൽ നായകളുടെ വന്ധ്യംകരണത്തിനായി നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 14,76,48,134 (പതിനാല് കോടി എഴുപത്തി ആറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഒരുനൂറ്റി മുപ്പത്തിനാല്) രൂപയും നഗരസഭാ പ്രദേശങ്ങളിൽ 10,96,51,234 (പത്ത് കോടി തൊണ്ണൂറ്റി ആറുലക്ഷത്തി അമ്പത്തിഒന്നായിരത്തി ഇരുനൂറ്റി മുപ്പത്തിനാല്) രൂപയും ചെലവാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം -II ആയി ചേർത്തിട്ടുണ്ട്*.

(ഡി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് അടിയന്തര നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ അധികാരികൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

പദ്ധതി കുറ്റമറ്റരീതിയിൽ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ആയത് മോണിറ്റർ ചെയ്യുന്നതിനും പഞ്ചായത്ത്-നഗരകാര്യ ഡയറക്ടർമാർ മുഖാന്തരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ചെങ്ങന്നൂർ മണ്ഡലത്തിലെ മാലിന്യ സംസ്കരണം

157 (1644) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യ സംസ്കരണത്തിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിവരിക്കാമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നഗരസഭകൾക്ക് നൽകി വരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ് സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതോടൊപ്പം നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദ്രവമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് നഗരപ്രദേശങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ 87 നഗരസഭകളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ശാസ്ത്രീയ ജൈവ-അജൈവ മാലിന്യ സംസ്കരണം, ലെഗസി മാലിന്യ നിർമ്മാർജ്ജനം, സാനിട്ടറി ലാൻഡ്ഫിൽ നിർമ്മാണം, റീ-സൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ മുതലായവ നടപ്പിലാക്കി ശാസ്ത്രീയ മാലിന്യ സംസ്കരണ ശേഷി കൈവരിക്കാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പുതുതായി ലോക ബാങ്ക് ധനസഹായത്തോടെ 2100 കോടി രൂപയുടെ കേരള ഖര മാലിന്യ പരിപാലന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2021 - 2026 ആണ് ടി പദ്ധതിയുടെ കാലപരിധി.

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങളില്ലാത്തത് ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണെന്ന് കരുതുന്നുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഏജൻസിക്ക് നൽകുന്നത് സർക്കാർ പരിഗണിക്കുമോ?

പ്ലാസ്റ്റിക്കുൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ ആവശ്യാനുസരണമില്ലാത്തതും പ്ലാസ്റ്റിക് ഷ്രെഡ്ഡ്/ബെയിൽ ചെയ്യുന്നതിനുള്ള ആർ.ആർ.എഫ്. ചെങ്ങന്നൂർ നഗരസഭയിൽ ഇല്ലാത്തതും സെപ്റ്റേജ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതും മണ്ഡലത്തിലെ മാലിന്യ സംസ്കരണത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടെ ആധുനിക മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

**ഖരമാലിന്യ സംസ്കരണത്തിന് ലോക ബാങ്ക് പദ്ധതി**

158 (1645) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്; കേരള ഖരമാലിന്യ സംസ്കരണ പദ്ധതി. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണം, സാനിട്ടേഷൻ എന്നീ മേഖലകളിൽ കൂടുതൽ ഇടപെടലുകൾ ഉറപ്പാക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 23-1-2020-ലെ സ.ഉ.(എം.എസ്.) നമ്പർ 20/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്റ്റിന് സർക്കാർ അംഗീകാരം നൽകുകയും കേരളത്തിലെ നഗരസഭകൾക്ക് ബജറ്റ് വിഹിതത്തിന് പുറമേ അധികമായി ലോക ബാങ്ക് സഹായം അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. 29-7-2020-ലെ സ.ഉ.(സാധാ)നമ്പർ 1420/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട്, കേരള ഖരമാലിന്യ പരിപാലന പദ്ധതി (Kerala Solid Waste Management Project) എന്ന് പുനർ നാമകരണം ചെയ്തു. കേരള ഖര മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആകെ പദ്ധതി തുക 300 മില്യൺ യു. എസ്. ഡോളർ ആണ്, ആയതിൽ 210 മില്യൺ യു. എസ്. ഡോളർ (70 %)

ലോക ബാങ്ക് ധന സഹായവും ബാക്കി 90 മില്യൺ യു. എസ്. ഡോളർ സംസ്ഥാന ബജറ്റിൽനിന്നും ലഭ്യമാക്കുന്നതുമാണ്. ലോക ബാങ്ക് ബോർഡ് പദ്ധതി അംഗീകരിക്കുന്ന തീയതി മുതൽ ആയിരിക്കും പദ്ധതിയുടെ ആകെ തുക ആയ 300 മില്യൺ യു. എസ്. ഡോളർ എന്നതിന്റെ ഇന്ത്യൻ രൂപത്തിലുള്ള പരിവർത്തന നിരക്ക് തീരുമാനിക്കുന്നത്. പദ്ധതി നടത്തിപ്പിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ലോക ബാങ്ക് വിഹിതത്തിൽനിന്നും തിരികെ ലഭിക്കുന്നതാണ്. ഈ പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണ് ഉള്ളത്.

ഒന്നാമത്തെ ഘടകം-മാലിന്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ/ഏജൻസികളുടെ കാര്യശേഷി വർദ്ധിപ്പിക്കലും അവർക്ക് സാങ്കേതിക സഹായം നൽകലുമാണ്. ഇതിൽ മാലിന്യ സംസ്കരണത്തിനായുള്ള ബോധവൽക്കരണവും ഉദ്യോഗസ്ഥന്മാരുടെ കാര്യശേഷി വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ള പരിശീലന പരിപാടികളും മാലിന്യപരിപാലനം സംബന്ധിച്ച് അന്തർദ്ദേശീയ നിലവാരത്തിൽ ബൈലോയും ചട്ടങ്ങളും നിയമങ്ങളും നിർമ്മിക്കുന്നതിന് സംസ്ഥാനത്തിന് നൽകുന്ന സാങ്കേതികസഹായവും ഉൾപ്പെടുന്നു.

രണ്ടാമത്തെ ഘടകം - വികേന്ദ്രീകൃത മാലിന്യ സംസ്കരണം ശക്തിപ്പെടുത്തുന്നതിനും അജൈവ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കുന്നതിനും വേണ്ടി നഗരസഭകൾക്ക് അനുവദിക്കുന്ന പ്രത്യേക ഗ്രാൻഡ് ആണ്. ഇതിൽ വികേന്ദ്രീകൃത മാലിന്യനിർമാർജ്ജനം, മാലിന്യശേഖരണം, മാലിന്യങ്ങൾ ശേഖരിക്കുവാൻവേണ്ടിയുള്ള വാഹനങ്ങൾ ഏർപ്പെടുത്തൽ, Covid-19 സഹായ പ്രവർത്തനങ്ങൾ, പൊതു തെരുവുകൾ വൃത്തിയാക്കൽ, ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ ശുചീകരണ സാമഗ്രികൾ വാങ്ങി നൽകൽ, ഹരിത കർമ്മ സേന അംഗങ്ങൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, നിലവിലുള്ള മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ പുനരുജ്ജീവനം, മെറ്റീരിയൽ കളക്ഷൻ സെന്റർ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി എന്നിവയുടെ നിർമ്മാണം മുതലായവ ഉൾപ്പെടുന്നതാണ്.

മൂന്നാമത്തെ ഘടകം- മേഖലാ അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റുകളുടെ നിർമ്മാണം, സാനിറ്ററി ലാൻഡ്ഫിൽ, നിലവിലുള്ള ഖരമാലിന്യ പ്ലാന്റുകളുടെ പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്നതാണ്. ഇങ്ങനെ നിർമ്മിക്കുന്ന ഖരമാലിന്യ പ്ലാന്റുകളുടെ നടത്തിപ്പ്, പരിപാലനം എന്നിവ ഈ പദ്ധതിയിൽ ഉറപ്പാക്കുന്നതാണ്. ഒന്നാമത്തെയും മൂന്നാമത്തെയും ഘടകത്തിന്റെ നിർവ്വഹണ ഏജൻസിയായി ശുചിത്വമിഷനെയാണ് വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടാമത്തെ ഘടകം നിർവഹണം നടത്തുന്ന ചുമതല കേരളത്തിലെ നഗരസഭകൾക്കാണ്.

(ബി) ഈ പദ്ധതിപ്രകാരം ഏതെല്ലാം സ്ഥലങ്ങളിൽ മാലിന്യ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) പുതുതായി എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി&സി) കേരള ഖരമാലിന്യ പരിപാലന പദ്ധതി (Kerala Solid Waste Management Project) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിപ്രകാരം മാലിന്യ പ്ലാൻറുകൾ സ്ഥാപിച്ചിട്ടില്ല. പദ്ധതി നടപ്പിൽ വരുന്ന ഘട്ടത്തിൽ പ്ലാന്റുകൾ സ്ഥാപിക്കേണ്ടി വരുന്ന പക്ഷം വിശദമായ പഠനം നടത്തി സ്ഥലം നിശ്ചയിക്കുന്നതാണ്.

## പ്ലാസ്റ്റിക് റീ- സൈക്ലിംഗ് യൂണിറ്റ്

159 (1646) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് റീ -സൈക്ലിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയവയിൽ സ്വകാര്യ പ്ലാസ്റ്റിക് റീ-സൈക്ലിംഗ് സ്ഥാപനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 166 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (RRF) പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ, പ്ലാസ്റ്റിക് മെൽറ്റിംഗ് ആന്റ് ഗ്രൈൻഡിംഗ് മെഷീൻ എന്നീ സംവിധാനങ്ങളോട് കൂടിയ പ്ലാസ്റ്റിക് റീ-സൈക്ലിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 25 എണ്ണം ക്ലീൻ കേരള കമ്പനിയാണ് നടത്തുന്നത്. ഒരെണ്ണത്തിന്റെ നടത്തിപ്പ് ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. മറ്റുള്ളവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്.

(സി) പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ-സൈക്ലിംഗ് വഴി പുനരുപയോഗം ചെയ്യുന്നതിന് ശുചിത്വ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണ-ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കേണ്ട വിഷയമായി പരിഗണിച്ച് ഇതിനായുള്ള നയരൂപീകരണം

നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്നതിന് 1032 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിക്കുകയും 821 തദ്ദേശസ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുകയുംചെയ്തു. ഗാർഹിക/സ്ഥാപന തലത്തിൽനിന്നും ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിനായോ, പുനഃചംക്രമണയോഗ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ റോഡ് ടാറിംഗ് പോലെയുള്ള ആവശ്യങ്ങൾക്കായോ ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന വിഭവങ്ങളാക്കി മാറ്റുക എന്ന നയം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (ആർ.ആർ.എഫ്.) സ്ഥാപിക്കുന്നതിനും ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും സഹായകമായ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരന്തനിവാരണ പദ്ധതികൾ**

160 (1647) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും പ്രകൃതിവിഭവവിനിയോഗത്തിലെ അശാസ്ത്രീയതകളും കൊണ്ട് മനുഷ്യർ സൃഷ്ടിച്ച ദുരന്തസാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുവാനും പ്രതിരോധിക്കുവാനും കഴിയുന്ന തരത്തിൽ പ്രാദേശികവികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനനുസൃതമായി ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനും അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ദുരന്തനിവാരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത നിവാരണ പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇതുപ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2020-21 വാർഷിക പദ്ധതിക്കൊപ്പം ദുരന്ത മാനേജ്മെന്റ് പ്ലാനുകൾക്കും രൂപം നൽകിയിരുന്നു. ദുരന്ത മാനേജ്മെന്റ് പ്ലാൻ മുന്നോട്ടുവയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്ന് ഏറ്റവും പ്രധാനപ്പെട്ടവ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

### കോതമംഗലത്ത് ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം

161 (1648) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് വേണ്ടിയുള്ള സ്ഥലം കോതമംഗലം മണ്ഡലത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കിലയുടെ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കൊട്ടളത്ത്മല സർവ്വേ നമ്പർ 125-ലെ 6.33 ഏക്കർ സ്ഥലം വികസന പരിശീലനത്തിന് അനുയോജ്യമാണെന്ന് കില അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച സെക്രട്ടേറിയറ്റിലെ ഫയൽ നമ്പരും പ്രസ്തുത ഫയലിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(ഡി) എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന പ്രസ്തുത പരിശീലന കേന്ദ്രം അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി &ഡി) തദ്ദേശഭരണ വകുപ്പിലെ ഐ.ബി. 2/311/2018/ത.സ്വ.ഭ.വ. നമ്പർ ഫയലിലാണ് വിഷയം പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ കില ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ സ്കൂൾ നിർമ്മാണ പ്രവർത്തനം**

162 (1649) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3-8-2018-ലെ സ.ഉ.(സാധാ) നമ്പർ 2976/2018/ പൊ.വി.വ. ഉത്തരവ് പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഗവ. എൽ.പി.എസ്. ചെമ്മാണിയോട് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരനുമായി 10-7-2020-ൽ എഗ്രിമെന്റ് ഒപ്പുവച്ചു.

(ബി) പ്രവൃത്തിയുടെ സാങ്കേതിക അനുമതിയും ടെണ്ടർ വിശദാംശവും പ്രവൃത്തി ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്ന വിവരവും അറിയിക്കുമോ?

3-6-2020-ലെ സാങ്കേതിക അനുമതി നമ്പർ 25422/2020-2021 സാങ്കേതിക അനുമതി തുക-1,75,00,000 രൂപ. കുറഞ്ഞ ടെണ്ടർ നിരക്ക്- 1,24,18,120 + GST കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധി 12 മാസമാണ്.

**സേവാഗ്രാം ഗ്രാമകേന്ദ്രം**

163 (1650) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് 'സേവാഗ്രാം ഗ്രാമകേന്ദ്രം' എന്ന പേരിൽ വാർഡടിസ്ഥാനത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ " സേവാഗ്രാം ഗ്രാമ കേന്ദ്രം" എന്ന പേരിൽ വാർഡടിസ്ഥാനത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് 25-6-2014-ലെ സ.ഉ.(കൈ) നമ്പർ 112/2014/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തിന് ഫണ്ട് നീക്കിവെക്കാൻ പറ്റുമോ; എങ്കിൽ എത്രയൊക്കെ, ഏതെല്ലാം കാര്യങ്ങൾക്ക് തുടങ്ങിയ വിവരങ്ങൾ അറിയിക്കാമോ?

ഗ്രാമ കേന്ദ്രത്തിന്റെ വാടക, സ്റ്റേഷനറി ചെലവ്, യോഗ നടത്തിപ്പ് ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് പരമാവധി 50,000 രൂപ വരെ വികസന- തനത് ഫണ്ടിൽനിന്നും ചെലവാക്കാവുന്നതാണ്.

(സി) പ്രസ്തുത കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്ന് ലഭിക്കേണ്ട ഏതെങ്കിലും സേവനം നേരിട്ട് നൽകാൻ പറ്റുമോ; വിശദീകരിക്കാമോ?

ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ അപേക്ഷകൾ വിതരണം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും വാർഡുതല യോഗങ്ങൾ ചേരുന്നതിനും വിവിധ ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനും ഗ്രാമകേന്ദ്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.

(ഡി) പ്രസ്തുത കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോ; വിശദമാക്കാമോ?

25-6-2014-ലെ സ.ഉ.(കൈ)നമ്പർ112/2014/ത.സ്വ.ഭ.വ., ഉത്തരവ് പ്രകാരം ഗ്രാമ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഗ്രാമസഭാ കൺവീനറെ ആവശ്യാനുസരണം സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്തിലോ, ഘടക സ്ഥാപനത്തിലോ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ഭരണസമിതി നിശ്ചയിക്കേണ്ടതും സെക്രട്ടറി ഇതനുസരിച്ച് ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുശ്മശാനം**

164 (1651) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുശ്മശാനം നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കല്ലറ, മാറനല്ലൂർ, ഒറ്റശേഖരമംഗലം, പാറശ്ശാല, പഴയകുന്നുമ്മേൽ, പെരിങ്ങമ്മല എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈ സർക്കാരിന്റ കാലത്ത് പൊതുശ്മശാനം നിർമ്മിച്ചിട്ടുള്ളവയാണ്. വെള്ളനാട് ഗ്രാമ പഞ്ചായത്ത് - കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുശ്മശാനത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. വെമ്പായം

ഗ്രാമ പഞ്ചായത്ത് - 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്. തിരുവനന്തപുരം നഗരസഭയിൽ കഴക്കൂട്ടത്ത് പുതിയതായി ശ്മശാനത്തിന്റെ പണി പുരോഗമിക്കുന്നുണ്ട്. നിലവിലുള്ള ശാന്തികവാടം ശ്മശാനത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും നടന്നുവരുന്നുണ്ട്. നെടുമങ്ങാട് നഗരസഭ 2 പൊതുശ്മശാനങ്ങൾ നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു. ആറ്റിങ്ങൽ നഗരസഭ ഈ സർക്കാരിന്റെ കാലത്ത് (2019-20) നിലവിലെ പരമ്പരാഗത ശ്മശാനത്തോട് ചേർന്ന് വാതക ശ്മശാനം കൂടി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പൊതുശ്മശാനം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1)-ന് അനുബന്ധമായിട്ടുള്ള 3-ാം പട്ടികയിലെ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ് പൊതുശ്മശാനങ്ങളുടെ നിർമ്മാണവും പരിപാലനവും. പൊതുശ്മശാനം ആവശ്യമായ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് ആവശ്യമുണ്ടെങ്കിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

## ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ക്രിമറ്റോറിയത്തിന്റെ പുരോഗതി

165 (1652) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് മാതൃകയായി ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ?

പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി രണ്ട് ഘട്ടങ്ങളിലായാണ് നിർമ്മാണം പൂർത്തികരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടം പ്രവൃത്തി (Structure Work, സൈഡ് കെട്ട്, റോഡ് പ്രവൃത്തി എന്നിവ) 95 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) ദക്ഷിണേന്ത്യയിലെ തന്നെ ആദ്യത്തെ ഭൂഗർഭ ശ്മശാനമായ പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

രണ്ടാം ഘട്ടം മുഴുവൻ പ്രവൃത്തികളും 2021 ഡിസംബർ 31-നകം പൂർത്തികരിക്കുന്നതിനാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്.

## ഗ്രീൻഫീൽഡ് മാതൃകയിൽ കോട്ടയം നാഗമ്പടം സ്റ്റേഡിയം

166 (1653) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് നാഗമ്പടം സ്റ്റേഡിയം ഗ്രീൻഫീൽഡ് മാതൃകയിൽ നിർമ്മിക്കുന്ന വിഷയം ഈ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇതിനായി ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കോന്നി മണ്ഡലത്തിലെ റോഡുകൾ

167 (1654) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കോന്നി മണ്ഡലത്തിലെ റോഡുകളുടെ (ഫേസ് 1, ഫേസ് 2) നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; ഇതിന്റെ നിർമ്മാണോദ്ഘാടനം എന്നത്തേയ്ക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഒന്നാംഘട്ടത്തിന്റെ ഭാഗമായി താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ DPR-കൾക്ക് Technical Committee അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

i) കോട്ടമൺപാറ-മേലേകോട്ടമൺപാറ-പാണ്ഡ്യൻപാറ റോഡ്.

ii) തണ്ണിത്തോട് പ്ലാന്റേഷൻ-തേക്കുതോട് റോഡ്.

iii)പഞ്ചായത്ത് പടി-പുല്ലുചാണി-രാധാപ്പടി-മുതുപ്പെഴുങ്കൽ റോഡ്.

iv) പോലീസ് സ്റ്റേഷൻപടി-ടി വി.എം ആശുപത്രി-എലങ്ങവട്ടം ക്ഷേത്രം റോഡ് രണ്ടാംഘട്ടത്തിൽ ചേന്നമ്പള്ളിപ്പടി-കല്ലിടുക്കിൽപ്പടി റോഡ്, ചീക്കമ്പാറ-ചെറുവള്ളിമൂല റോഡ് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

കൂടാതെ കുന്നിട വട്ടക്കുന്നിൽ റോഡ്, സീതക്കുഴി മുടൻപാറ ഗുരുനാഥൻ മണ്ണ് റോഡ്, കൊല്ലമുക്ക്-പറയകോട്-മണ്ണൂറ്റിൽ പടി റോഡ് എന്നിവയും investigation പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഫേസ് 1 പ്രവൃത്തികളുടെ നിർമ്മാണോദ്ഘാടനം 2 മാസത്തിനുള്ളിലും ഫേസ് 2 പ്രവൃത്തികളുടെ നിർമ്മാണോദ്ഘാടനം 6 മാസത്തിനുള്ളിലും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഒറ്റപ്പാലത്തെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

168(1655) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലേയ്ക്ക് എത്ര റോഡുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി എന്ന് അറിയിക്കുമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 56 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ട ഓരോ റോഡിന്റെ പേരും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരും, അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെയും വിശദാംശവും പ്രത്യേകം ലഭ്യമാക്കാമോ;

(സി) ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

## മൂവാറ്റുപുഴ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി

169 (1656) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇനി ആരംഭിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കു കീഴിൽ മുവാറ്റുപുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടിക, പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലത്തിലെ തദ്ദേശ റോഡ് പ്രവൃത്തികൾ

170 (1657) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ നിലവിലുള്ള പുരോഗതി എന്തൊക്കെയെന്നും വിശദമാക്കാമോ?

അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

171 (1658) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്നും എത്ര തുകയാണ് ഓരോ റോഡിനും അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട ഓരോ റോഡ് പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഇതുവരെ ഏതെങ്കിലും റോഡ് പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയവ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

(എ-ഡി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*. പ്രവൃത്തികൾ ആരംഭിക്കുവാനാവശ്യമായ നടപടികൾ പൂർത്തീകരിച്ചു വരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നത്തുനാട് മണ്ഡലത്തിൽ തദ്ദേശ റോഡ് പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

172 (1659) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളും അനുവദിച്ച ആകെ തുകയും പട്ടിക തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും പട്ടിക തിരിച്ച് വ്യക്തമാക്കാമോ; പൂർത്തീകരിക്കാത്ത പദ്ധതികളുടെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പട്ടിക അവയുടെ അടങ്കൽ തുക സഹിതം അനുബന്ധമായി ചേർക്കുന്നു*. പ്രവൃത്തികൾ കരാറുറപ്പിച്ച് നിർമ്മാണ ഘട്ടത്തിലാണ്. അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## തോട്ടുമുക്കം-മാടാമ്പി റോഡ് പ്രവൃത്തി

173 (1660) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. സഹായത്തോടെ തോട്ടുമുക്കം-മാടാമ്പി റോഡ് പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ബാധകമല്ല.

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതി

174 (1661) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമീണ റോഡുകളാണ് തദ്ദേശസ്വയംഭരണ വകുപ്പ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ളവ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) മണലൂർ നിയോജകമണ്ഡലത്തിൽ ആകെ 4.80 കോടി രൂപ ചെലവിൽ 31 പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പള്ളിപ്പറമ്പ് റോഡ്, കണ്ടാനശ്ശേരി ഗ്രാമപഞ്ചായത്തിലെ കല്ലുകുത്തിപ്പാറ റോഡ് എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

175 (1662) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഈ പദ്ധതിയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 5101 റോഡുകൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളത്. പൂർത്തീകരിച്ച പ്രവൃത്തികളുടേതായ 9.50 കോടി രൂപയുടെ ബില്ലുകൾ മാറി നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### നെടുമങ്ങാട് മണ്ഡലത്തിലെ ആനതാഴ്ച്ചിറ ബണ്ട് റോഡ് നിർമ്മാണം

176 (1663) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ആനതാഴ്ച്ചിറ ബണ്ട് റോഡ് നിർമ്മാണം ഇതുവരെ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സി.എം.എൽ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ ആനതാഴ്ച്ചിറ ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി 22-10-2020-ൽ ഇ-ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ സിംഗിൾ ടെണ്ടർ മാത്രം ലഭിച്ചതിനാൽ ടെണ്ടർ അംഗീകരിക്കുവാൻ സാധിച്ചില്ല. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. പെരുമാറ്റച്ചട്ടം പിൻവലിച്ചതിനെ തുടർന്ന് പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്. ടി ടെണ്ടർ 22-1-2021-ന് തുറന്ന് പരിശോധിക്കുന്നതാണ്.

### മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

177 (1664) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയെന്തെന്നും വിശദമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ പുരോഗതിയുടെയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

178 (1665) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയാണ് അനുവദിച്ചത്; വിശദമാക്കാമോ?

ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധഘട്ടങ്ങളിലായി നാളിതുവരെ 1000 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് (2011-2016) ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിരുന്നോ; ഉണ്ടെങ്കിൽ ഏത് പദ്ധതിയാണെന്നും അതിന് എത്ര രൂപയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിരുന്നില്ല

## റോഡ് നിർമ്മാണ-നവീകരണ പ്രവൃത്തികൾ

179 (1666) ശ്രീ. വി.ജോയി:
ശ്രീ. കെ ദാസൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത സൗകര്യമില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ റോഡുകൾ നിർമ്മിച്ച് അവയെ പ്രധാന റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം ഈ സർക്കാർ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*
PMGSY-III പ്രകാരം 1425 കി.മീ. റോഡ് അനുവദിച്ചെടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതിക്കായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എപ്രകാരമാണെന്നും കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഈ പദ്ധതിക്കായി 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ യഥാക്രമം തുക അനുവദിക്കുന്നത്. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്കാണ് വീണ്ടും തുക അനുവദിക്കുന്നത്.

(സി) തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതും പ്രളയത്തിൽ തകർന്നതുമായ റോഡുകളുടെ നവീകരണത്തിനായി നടപ്പാക്കുന്ന 'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' പ്രകാരം എത്ര കിലോ മീറ്റർ റോഡ് പുനരുദ്ധരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന 11880 കിലോമീറ്ററോളം നീളം വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) റീ ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണത്തിന് എത്ര കോടി രൂപയാണ് ഈ സർക്കാർ വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

റീ ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ നടക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി 67.90 കോടി രൂപയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 488 കോടി രൂപയും വകയിരുത്തിയിരിക്കുന്നു.

**വണ്ടൂരിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

180 (1667) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ഉൾപ്പെടെ, തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാമ്പായിമൂല ഇന്ദിരാഗാന്ധി റോഡ് ജംഗ്ഷൻ ഡെവലപ്മെന്റ് പദ്ധതി.**

181 (1668) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-5-2018-ലെ ഉത്തരവ് നമ്പർ 1499/2018/ത.സ്വ.ഭ.വ. പ്രകാരം 1.166 കോടി രൂപ അനുവദിച്ച കൊച്ചി നഗരസഭ 15-ാം ഡിവിഷനിലെ പാമ്പായിമൂല ഇന്ദിരാഗാന്ധി റോഡ് ജംഗ്ഷൻ ഡെവലപ്മെന്റ് പദ്ധതി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പദ്ധതി നിർവ്വഹണം അവസാനഘട്ടത്തിലാണ്.

(ബി) ഈ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

i. പദ്ധതി തുക - 1.16 കോടി

ii. നടപ്പാത - 881 ച.മീ.

iii. ബഞ്ച് - 4 എണ്ണം

iv. തെരുവ് വിളക്ക് - 8 എണ്ണം

v. മരം വച്ചുപിടിപ്പിക്കൽ - 54 എണ്ണം

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

26-11-2018-ന് ആരംഭിച്ച പ്രസ്തുത പ്രവൃത്തി 28-2-2021-ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചാലക്കുടിയിലെ പ്രളയത്തിൽ നശിച്ച റോഡുകളുടെ പുനരുദ്ധാരണം**

182 (1669) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ചാലക്കുടി മണ്ഡലത്തിലെ പ്രളയത്തിൽ നശിച്ച ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ-നവീകരണ പ്രവൃത്തികൾക്കാണ് മുഖ്യമന്ത്രിയുടെ പ്രത്യേക ഫണ്ടിൽനിന്നും തുക അനുവദിച്ച് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

(എ&ബി) നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൊഴിലുറപ്പ് പദ്ധതി

183 (1670) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നടപ്പാക്കിവരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഏതൊക്കെ തരം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

I. വിഭാഗം എ: പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

II. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഒന്നാം പട്ടികയുടെ ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

III. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ വ്യവസ്ഥകൾ പ്രകാരമുള്ള സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

IV. വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നഗര പ്രദേശങ്ങളിലെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് പുറമേ മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കലിനായി സുഭിക്ഷ കേരളം പദ്ധതിക്ക് കീഴിലുള്ള ഇടപെടലുകൾ തുടങ്ങിയവയും ഏറ്റെടുത്തുവരുന്നു.

(ബി) തൊഴിലുറപ്പിൽ ഇപ്പോൾ നൽകിവരുന്ന കൂലി എത്ര; വ്യക്തമാക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലും അവിദഗ്ദ്ധ കായിക തൊഴിലിന് ഇപ്പോൾ നല്കി വരുന്ന കൂലി 291 രൂപയാണ്.

(സി) തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായവർക്ക് മിനിമം 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഓരോ ഗ്രാമപഞ്ചായത്തിലും ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി തൊഴിൽ നൽകിവരുന്നു. തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 5 കോടി തൊഴിൽദിനങ്ങൾ അധികമായി സൃഷ്ടിക്കുന്നതിന് ആവശ്യമായ 13 കോടി തൊഴിൽദിനങ്ങൾ ഉൾപ്പെട്ട ലേബർ ബഡ്ജറ്റ് തയ്യാറാക്കി സുഭിക്ഷകേരളം, ശുചിത്വ കേരളം പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത് ക്ഷീര കർഷകർ, തീറ്റപ്പുൽ കൃഷി, സുഭിക്ഷ കേരളവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിലൂടെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) ഇവർക്ക് ഇപ്പോൾ പണം അക്കൗണ്ടുകളിലേയ്ക്ക് എത്താൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

തൊഴിലാളികൾക്ക് അക്കൗണ്ടിലേക്ക് പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായി മസ്റ്റർറോൾ ക്ലോസ് ചെയ്താൽ 8 ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്തുതലത്തിൽ എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 15 ദിവസത്തിനുള്ളിൽ തൊഴിലാളികളുടെ അക്കൗണ്ടിൽ തുക എത്തുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനും ആവശ്യമുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി 5 കോടി തൊഴിൽദിനങ്ങൾ അധികമായി സൃഷ്ടിക്കുന്നതിന് ആവശ്യമായ 13 കോടി തൊഴിൽദിനങ്ങൾ ഉൾപ്പെട്ട ലേബർ ബഡ്ജറ്റ് തയ്യാറാക്കി സുഭിക്ഷ കേരളം, ശുചിത്വ കേരളം പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നഗരസഭകൾക്ക് നൽകുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വിഹിതം നൽകാൻ എന്തെങ്കിലും തടസ്സം നേരിട്ടു കഴിഞ്ഞാൽ നഗരസഭകൾക്ക് അവരുടെ തനതു ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പിന്നീട് സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി തുക റീക്ക്യൂപ്പ് ചെയ്യുന്നതാണ്. എല്ലാ നഗരസഭകളും ഈ നിർദ്ദേശം പാലിച്ച് സമയബന്ധിതമായി തൊഴിലാളികൾക്ക് വേതനം നൽകുവാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്.

## കൊല്ലം ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി

184 (1671) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും സമർപ്പിക്കുകയും ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു. പി.എം.ജി.എസ്.വൈ.I 2010-11 ബാച്ച്-I കൊട്ടാരക്കര ബ്ലോക്ക്- 1. ഇരുമ്പനങ്ങാട്- തുണ്ടിൽ കോളനി റോഡ് 2. നാൽക്കവല- മീയ്യണ്ണൂർ കോളമത്ത് റോഡ്. 3. മുള്ളൻപാറ- കുടവട്ടൂർ റോഡ്. വെട്ടിക്കവല ബ്ലോക്ക്- 1. പാങ്ങോട്-തെക്കംചേരി റോഡ്. പി.എം.ജി.എസ്.വൈ.II 2017-18 ബാച്ച്-I കൊട്ടാരക്കര ബ്ലോക്ക്- 1. ചീരങ്കാവ്- കൊച്ചാഞ്ഞിലിമൂട് ബദാം ജംഗ്ഷൻ റോഡ്. 2. മരങ്ങാട്- കുരിശിൻമൂട് ചെങ്കുളം അങ്കണവാടി റോഡ് 3. മാലയിൽ- മലപ്പത്തൂർ വൈദ്യൻകുന്ന് റോഡ്. പി.എം.ജി.എസ്.വൈ. III 2019-20 ബാച്ച്-I കൊട്ടാരക്കര ബ്ലോക്ക്- 1. കരീപ്ര- സുന്ദരിമുക്ക്- നെല്ലിമുക്ക്- പഴങ്ങാലം റോഡ്.

(ബി) "പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതെങ്കിലും പ്രസ്തുത ബ്ലോക്കുകളിൽ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

പി.എം.ജി.എസ്.വൈ.-യിൽ അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവൃത്തികൾ വെട്ടിക്കവല- കൊട്ടാരക്കര ബ്ലോക്കുകളിൽ നിലവിലില്ല.

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ബ്ലോക്ക് തിരിച്ച് നൽകുമോ?

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ മാലയിൽ മലപ്പത്തൂർ വൈദ്യൻകുന്ന് റോഡ് നിലവിൽ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ഇപ്പോൾ ഫിനിഷിംഗ് പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

185 (1672) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.ജി.എസ്.വൈ. പദ്ധതി ഫേസ് 3 പ്രകാരം കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പി.എം.ജി.എസ്.വൈ.-III-യിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി കോഴിക്കോട് ജില്ലയിൽ ചുവടെ ചേർത്തിട്ടുള്ള റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | റോഡിന്റെ പേര് | ബ്ലോക്ക് | നീളം(കി.മി) |
|---|---|---|---|
| 1. | പനായി-നന്മണ്ട | ബാലുശ്ശേരി | 3.818 |
| 2. | ചവറമുഴി-പിള്ളപ്പെരുമണ്ണ | പേരാമ്പ്ര | 5.722 |
| 3. | തൈവച്ചപറമ്പ്-വലതുകര കനാൽ | തൂണേരി | 5.44 |
| 4. | അഞ്ചാംപീടിക-അരിക്കുളം | മേലടി | 8.833 |
| 5. | ചെമ്മലത്തൂർ-കുറ്റിക്കാട്ടൂർ-കോട്ടാംപറമ്പ | കുന്നമംഗലം | 2.555 |
| 6. | നരിക്കോട്ടംചാൽ-നങ്ങേലിക്കണ്ടി-വടയന്നൂർ | കുന്നമ്മൽ | 4.41 |
| 7. | ചങ്ങരംവള്ളി-കാവുതറ-പന്തലയാനി | മേലടി | 3.74 |
| 8. | മൊയിലോത്തറ-മരുതോങ്കര-മുള്ളൻകുന്ന് | കുന്നമേൽ | 7.455 |
| 9. | അമരാവതി-മേമുണ്ട-കീഴൽമുക്ക് | തോടന്നൂർ | 6.1 |
| 10. | പുത്തഞ്ചേരി-ഒള്ളൂർ | ബാലുശ്ശേരി | 8.139 |
| 11. | കുറ്റിക്കടവ്-കണ്ണിപറമ്പ്-കരിയാത്തൻകാവ്-പള്ളിക്കടവ് | കുന്നമംഗലം | 5.766 |
| | ആകെ | | 61.978 |

**കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിവരം**

186 (1673) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്., എൻ.സി.ആർ.എഫ്. ഉപയോഗിച്ച്

അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും ആയതിനായി അനുവദിച്ച തുക എത്രയെന്നും അറിയിക്കുമോ;

(ബി) അനുവദിച്ച പദ്ധതികളിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇതുവരെ ആരംഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

(സി) ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക.

187 (1674) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ഒക്ടോബർ 31 വരെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും ഓരോന്നും എത്ര ശതമാനം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വർക്കല മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ

188(1675) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വർക്കല മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ആയവയിൽ ടെണ്ടർ നടപടികൾ പൂർത്തിയായ പ്രവൃത്തികൾ, പൂർത്തിയാക്കാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

(എ&ബി) വർക്കല മണ്ഡലത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 1* ആയും വർക്കല മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുകീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധം 2 *ആയും ചേർക്കുന്നു. ഭരണാനുമതി, ടെണ്ടർ പൂർത്തീകരണം സംബന്ധിച്ച സ്ഥിതി എന്നിവയും അനുബന്ധങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

(സി) മണ്ഡലത്തിലെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**തദ്ദേശ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ**

189 (1676) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിൽ സംസ്ഥാനത്ത് എത്ര ഒഴിവുകൾ ഉണ്ട്; തസ്തിക തിരിച്ച് ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) 2021 മേയ് 31-വരെ ഗ്രാമ പഞ്ചായത്ത് വകുപ്പിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം തസ്തികയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ജോയിന്റ് ഡയറക്ടർ – 1, ഡെപ്യൂട്ടി ഡയറക്ടർ – 2, അസിസ്റ്റന്റ് ഡയറക്ടർ - 1, സെക്രട്ടറി/സീനിയർ സൂപ്രണ്ട് - 97, അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് - 59, യു.ഡി. ടൈപ്പിസ്റ്റ് - 1, ഹെഡ് ക്ലാർക്ക് - 11, അക്കൗണ്ടന്റ് - 12, സീനിയർ ക്ലാർക്ക് - 58, ക്ലാർക്ക്- 16, ഫെയർ കോപ്പി സൂപ്രണ്ട് - 1, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് - 1, ഓഫീസ് അറ്റൻഡന്റ് - 27, ഫുൾടൈം സ്വീപ്പർ – 22, ലൈബ്രേറിയൻ – 5, ഫുൾടൈം നഴ്സറി ടീച്ചർ – 1, പൗണ്ട് കീപ്പർ – 1, ഡ്രൈവർ -1, ഫുൾ ടൈം ആയ – 1.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തദ്ദേശ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത്തരത്തിൽ ഒരു പൊതുസർവ്വീസ് പ്രഖ്യാപിച്ചതിൽ വകുപ്പുകൾക്ക് ഉണ്ടായ ഗുണഫലങ്ങൾ എന്തെല്ലാമാണ്. വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020 -ലെ സ.ഉ.(കൈ) നമ്പർ 106/2020/ ത.സ്വ.ഭ.വ., പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ത്രിതല, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്കിടയിലും തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച പ്രവർത്തനം ആവശ്യമാണ്. വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പ്രാദേശിക ഭരണത്തിനും, പദ്ധതി നിർവ്വഹണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത ഉദ്യോഗസ്ഥ സംവിധാനം അനിവാര്യമാണ്. ആയത് പൊതുസർവ്വീസ് നിലവിൽ വരുന്നതോടെ സാധ്യമാകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരങ്ങൾ വിനിയോഗിച്ച് നടപ്പിലാക്കുന്ന ഫലപ്രദമായ നടപടികളും തീരുമാനങ്ങളും സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനായി ജീവനക്കാരുടെ കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനം അനിവാര്യമാണ്. വിവിധ വകുപ്പുകളിലെ വ്യത്യസ്ത സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുന്ന ജീവനക്കാരിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പിൽ വരുന്നത്. അപ്രകാരമുള്ളവരെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പിന് കീഴിൽ ഒറ്റ സ്പെഷ്യൽ റൂളിനുകീഴിൽ കൊണ്ടുവരുന്നതുവഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

(ഡി) പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റി ഫലപ്രദമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പൊതുസർവ്വീസ് കരട് ചട്ടങ്ങളിന്മേൽ വകുപ്പ് മേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20-9-2019-ലെ സ.ഉ.(സാധാ) നമ്പർ 2036/2019/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് കൊണ്ട് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്കുള്ള സ്ഥാനക്കയറ്റം

190 (1677) <u>ശ്രീ കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്ക് അർഹമായ സ്ഥാനക്കയറ്റം നൽകണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്ക് അർഹമായ സ്ഥാനക്കയറ്റം നൽകണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടില്ല. 1994- ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ നടപ്പിലാക്കിയപ്പോൾ ആയതിന് 1-1-1990 മുൻകാല പ്രാബല്യം നൽകിയിരുന്നു. പ്രസ്തുത തീയതി പ്രാബല്യത്തിൽ വകുപ്പിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ പട്ടിക തയ്യാറാക്കിയത് സംബന്ധിച്ചും ആയതിൽ ക്വാട്ട റൂൾ പാലിക്കുന്നത് സംബന്ധിച്ചും അന്ന് വകുപ്പിൽ നിലവിലുണ്ടായിരുന്ന വകുപ്പ് വിഭാഗം ജീവനക്കാരും രണ്ടാം ഗ്രേഡ്

എക്സിക്യൂട്ടീവ് ഓഫീസർമാരും തമ്മിലുണ്ടായിരുന്ന വ്യവഹാരം ആണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 29-3-2017 -ലെ സിവിൽ അപ്പീൽ നം. 5203/2016, 5204/16, 5205/16, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ 2-8-2018-ലെ അന്തിമ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ റ്റി. എ. നം. 171/2013 & ഒ.എ.നം. 1002/2014, 1375/2014, 735/2014 എന്നീ ഹർജികളിലെ 6-3-2015 തീയതിയിലെ അന്തിമ ഉത്തരവ് ശരിവയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ 1-1-1990 തീയതി മുതലുള്ള മുഴുവൻ സീനിയോരിറ്റി പട്ടികകളും പുതുക്കി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിക്കാൻ അർഹരായവരുടെ സീനിയോരിറ്റി ലിസ്റ്റ് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ റ്റി. എ. നമ്പർ 171/2013 & ഒ. എ. നമ്പർ 1002/2014, 1375/2014, 735/2014 എന്നീ ഹർജികളിലെ 6-3-2015-ലെ അന്തിമ ഉത്തരവ്, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 29-3-2017 -ലെ സിവിൽ അപ്പീൽ നമ്പർ 5203/2016, 5204-5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ 1-1-1990 തീയതി മുതലുള്ള മുഴുവൻ പട്ടികകളും പുതുക്കി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം ഈ വകുപ്പിൽനിന്നും പ്രസിദ്ധീകരിച്ച ഉത്തരവുകളിൽ മേൽ പറഞ്ഞ പുനഃക്രമീകരണങ്ങൾ 1994 -ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 3-ാം ചട്ടം 2-ാം ഉപചട്ടത്തിലെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ഉദ്യോഗക്കയറ്റങ്ങൾ, ശമ്പള, ബത്ത, കുടിശ്ശിക ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്ത തികച്ചും സാങ്കൽപ്പിക ഉദ്യോഗ കയറ്റങ്ങൾ മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു.

(സി) ഈ വിധി പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ള റിട്ടയർ ചെയ്തവരുടേയും അല്ലാത്തവരുടേയും എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിൻമേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ?

പ്രസ്തുത വിധിയും തുടർന്ന് പ്രസിദ്ധീകരിച്ച പട്ടികകളും അടിസ്ഥാനപ്പെടുത്തി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നീ തസ്തികകളിലെ സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് ചൂണ്ടിക്കാണിച്ച് 14 ജീവനക്കാർ സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു.

(ഡി) കോടതി വിധി പുറപ്പെടുവിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും അർഹമായ സ്ഥാനക്കയറ്റം നൽകാതെ കാലതാമസം വരുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ?

സീനിയർ സൂപ്രണ്ടോ അതിനു മുകളിലോ ഉള്ള തസ്തികകളിൽനിന്നും വിരമിച്ചവരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവ സെലക്ഷൻ തസ്തികകളായതിനാൽ സീനിയോരിറ്റിയുടെ ക്രമാനുഗമം മാത്രം പരിഗണിച്ചല്ല മറിച്ച് ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവുകൂടി വിലയിരുത്തിയാണ് സ്ഥാനക്കയറ്റം നൽകേണ്ടത്. ആയതിനാൽ തന്നെ അകാരണമായകാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എങ്കിൽ തടസ്സങ്ങൾ നീക്കി കോടതിവിധി പ്രകാരം അർഹരായ ജീവനക്കാർക്ക് എന്നത്തേയ്ക്ക് പ്രൊമോഷൻ നല്കുമെന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 29-3-2017 -ലെ സിവിൽ അപ്പീൽ നമ്പർ 5203/2016, 5204/16, 5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ 1-1-1990 മുതലുള്ള മുഴുവൻ സീനിയോരിറ്റി പട്ടികകളും പുതുക്കി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട സുപ്രീം കോടതി 2-8-2018-ലെ അന്തിമ വിധി ന്യായ പ്രകാരം ശരി വച്ചിട്ടുള്ളതുമാണ്. നിലവിൽ വകുപ്പിലെ അർഹരായ എല്ലാ ജീവനക്കാർക്കും തടസ്സങ്ങളില്ലാതെ സ്ഥാനക്കയറ്റം അനുവദിച്ച് നൽകുന്നുണ്ട്.

## ത്രിതല പഞ്ചായത്ത് ഉദ്യോഗസ്ഥ വിഭാഗം സംയോജനം

191 (1678) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഉദ്യോഗസ്ഥ വിഭാഗം സംയോജനത്തിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സ.ഉ.(സാധാ) നമ്പർ 1611/2020/ ത.സ്വ.ഭ.വ. തീയതി, 7-9-2020-ലെ പ്രകാരം നിലവിലുണ്ടായിരുന്ന പ്രിൻസിപ്പൽ ഡയറക്ടറെ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായും പഞ്ചായത്ത് ഡയറക്ടറെ തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ ആയും നഗരകാര്യ ഡയറക്ടറെ തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ ആയും പുനർനാമകരണം ചെയ്യുകയും പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, റൂറൽ ഡയറക്ടറേറ്റ്, അർബൻ ഡയറക്ടറേറ്റ് എന്നിവ നിശ്ചയിക്കുകയുമുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിനെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് എന്നും നഗരാസൂത്രണ വകുപ്പിനെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്. 17-7-2020-ലെ സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ. തീയതി, പ്രകാരം രൂപീകരിച്ച പബ്ലിക്ക് ഹെൽത്ത് എൻവയോൺമെന്റ് വിംഗ്, കമ്മ്യൂണിക്കേഷൻ ഉപവിഭാഗം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഏകീകൃത പൊതുസർവ്വീസിന്റെ ഭാഗമായി ഒരു ഐ.റ്റി. സെൽ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പൊതുസർവ്വീസുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ ഒരു പരാതി പരിഹാര സെല്ലും സർക്കാർ തലത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ അഞ്ച് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഓർഗനൈസേഷൻ ചാർട്ട് തയാറാക്കുന്നതിന് എല്ലാ വകുപ്പുകളിലേയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെയും ഒരു ഉപസമിതി പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) ഇതിന്റെ ഭാഗമായുള്ള സ്പെഷ്യൽ റൂൾ സംബന്ധിച്ച് ജീവനക്കാരുടെ ആശങ്ക പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏകീകൃത സർവ്വീസിൽ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് സീനിയോരിറ്റിയെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ?

(ബി&സി) 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

(ഡി) ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയാണ് എന്ന് അറിയിക്കുമോ?

പൊതുസർവ്വീസ് രൂപീകരിക്കുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല.

## റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തിക

192 (1679) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തികകൾ ഉള്ളത്; ഇവയുടെ വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും വ്യക്തമാക്കാമോ?

ഗ്രാമവികസന വകുപ്പിനു കീഴിൽ മണ്ണുത്തി, കൊട്ടാരക്കര, തളിപ്പറമ്പ് എന്നീ വികസന പരിശീലന കേന്ദ്രങ്ങളിൽ റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തികകൾ നിലവിലുണ്ട്. വിദ്യാഭ്യാസ യോഗ്യത- 50% മാർക്കോടുകൂടി എക്കണോമിക്സിലോ അപ്ലൈഡ് ഇക്കണോമിക്സിലോ മാസ്റ്റർ ബിരുദം. ശമ്പള സ്കെയിൽ- ലക്ചറർ റൂറൽ എക്കണോമിക്സ് ഗ്രേഡ് 1- 35700 - 75600, ഗ്രേഡ് II -29200-62400. കിലയിൽ നിലവിൽ ഒരു തസ്തിക ഉണ്ട്. യോഗ്യത- എം.എ. ഇക്കണോമിക്സ്/ ഇക്കോണോമെടിക്സ്, കംപ്യൂട്ടർ പരിജ്ഞാനം. എം.ഫിൽ/ പി.എച്ച്.ഡി അഭിലഷണീയം. ശമ്പള സ്കെയിൽ -36,600-79,200

(ബി) ഗ്രാമവികസന വകുപ്പിലെ ഏതെല്ലാം ലക്ചറർ തസ്തികകൾക്കാണ് സ്പെഷ്യൽ റൂൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

22-01-2010-ലെ ജി.ഒ.(പി) നമ്പർ 18/2010/ത.സ്വ.ഭ.വ. സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള ലക്ചറർ തസ്തികകൾ ചുവടെ ചേർക്കുന്നു.

സബോർഡിനേറ്റ് സർവ്വീസ് കാറ്റഗറി I (a) ലക്ചറർ ഗ്രേഡ് II (അഗ്രികൾച്ചർ), (b) ലക്ചറർ ഗ്രേഡ് II (റൂറൽ ഇക്കണോമിക്സ്), (c) ലക്ചറർ ഗ്രേഡ് II (സോഷ്യൽ എഡ്യൂക്കേഷൻ), (d) ലക്ചറർ ഗ്രേഡ് II (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ), (e) ലക്ചറർ ഗ്രേഡ് II (ഹോം സയൻസ്), സ്റ്റേറ്റ് സർവ്വീസ് കാറ്റഗറി II (a) ലക്ചറർ ഗ്രേഡ് I (അഗ്രികൾച്ചർ), (b) ലക്ചറർ ഗ്രേഡ് I (റൂറൽ

എക്കണോമിക്സ്), (c) ലക്ചറർ ഗ്രേഡ് I (സോഷ്യൽ എഡ്യൂക്കേഷൻ), (d) ലക്ചറർ ഗ്രേഡ് I (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ), (e) ലക്ചറർ ഗ്രേഡ് I (ഹോം സയൻസ്), കാറ്റഗറി II (ii) (a) ലക്ചറർ ഗ്രേഡ് I (റൂറൽ ഇൻഡസ്ട്രീസ്), (b) ലക്ചറർ ഗ്രേഡ് I (ആനിമൽ ഹസ്ബൻഡറി), (c) ലക്ചറർ ഗ്രേഡ് I (റൂറൽ എഞ്ചിനിയറിംഗ്), (d) ലക്ചറർ ഗ്രേഡ് I (കോ-ഓപ്പറേഷൻ).

(സി) പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരം ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിൽ പി.എസ്.സി. വഴി അല്ലാതെ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരമുള്ള എല്ലാ തസ്തികകളിലും പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്. എന്നാൽ സഹകരണ വകുപ്പിലെ അസി. രജിസ്ട്രാർ തസ്തികയിൽ ജോലി ചെയ്യുന്ന 3 ഉദ്യോഗസ്ഥർ ലക്ചറർ ഗ്രേഡ് 1 (കോ-ഓപ്പറേറ്റീവ്) തസ്തികയിൽ കൊട്ടാരക്കര, തളിപ്പറമ്പ്, തൃശ്ശൂർ 'കില' സെന്റർ ഫോർ ഗുഡ് ഗവേണൻസ് (ഇ.റ്റി.സി.) എന്നീ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ടിയാളുകളെ മാതൃവകുപ്പിലേയ്ക്ക് തിരിച്ചയച്ച് സർക്കാർ മുഖേന പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഗ്രാമവികസന വകുപ്പിന്റേതല്ലാത്ത ഏതെല്ലാം ലക്ചറർ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെ ആണെന്ന് വ്യക്തമാക്കാമോ?

കിലയുടെ റീജിയണൽ സെന്ററായ കില-സി.എച്ച്.ആർ.ഡി.-യിൽ 7 ലക്ചറർ തസ്തികകൾ നിലവിലുണ്ട്. തസ്തികകളും നിലവിലുള്ള നിയമനരീതിയും ചുവടെ ചേർക്കുന്നു.

1) ലക്ചറർ (റൂറൽ ഡെവലപ്പ്മെന്റ്) -ഗ്രാമവികസന വകുപ്പിലെ ഡി.ഡി.സി കേഡറിലുള്ള ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ നിയമനം.
2) ലക്ചറർ (റൂറൽ ഇക്കണോമിക്സ്)- നേരിട്ടുള്ള നിയമനം.
3) ലക്ചറർ (റൂറൽ സോഷ്യോളജി)- നേരിട്ടുള്ള നിയമനം.
4) ലക്ചറർ (മാനേജ്മെന്റ്)-നേരിട്ടുള്ള നിയമനം.
5) ലക്ചറർ (ഇൻഫർമേഷൻ ടെക്നോളജി) -നേരിട്ടുള്ള നിയമനം.
6) ലക്ചറർ (വനിതാ ശിശുവികസനം)- നേരിട്ടുള്ള നിയമനം.
7) അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ) -നേരിട്ടുള്ള നിയമനം.

(ഇ) ലക്ചറർ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഗ്രാമ വികസന വകുപ്പിലെ ലക്ചറർ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്.

**തദ്ദേശ പൊതു സർവ്വീസ് രൂപീകരണം**

193 (1680) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ പ്രൊമോഷൻ/സ്ഥലംമാറ്റം അടക്കമുള്ള ആശങ്കകൾ പരിഹരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ആക്ഷേപങ്ങളും/ആശങ്കകളും സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾ നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് കൊണ്ട് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ ത.സ്വ.ഭ.വ., പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

(സി) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, നഗരകാര്യ വകുപ്പ്, കോർപ്പറേഷൻ തുടങ്ങിയയിടങ്ങളിൽ സമാന തസ്തികകളിൽ ജീവനക്കാരെ വിന്യസിക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കിയിട്ടില്ല.

**കാസർഗോഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തസ്തികകൾ**

194 (1681) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ ഉണ്ടെന്നും ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പട്ടിക അറ്റാച്ച് ചെയ്തിരിക്കുന്നു*.

(ബി) എത്രകാലമായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് തസ്തികയും പഞ്ചായത്തും തിരിച്ച് വ്യക്തമാക്കാമോ?

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ജനപ്രതിനിധികളും ജനങ്ങളും അഭിമുഖീകരിക്കുന്ന ദുരിതവും പ്രയാസവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശാശ്വതപരിഹാരം എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പാർട്ട് ടൈം തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയതായി ചുമതലയേറ്റിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

195 (1682) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയതായി ചുമതലയേറ്റിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട ലോക്കൽ എംപ്ലോയ്മെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഷ്വറൻസ് പ്രോഗ്രാം (LEAP)- ന്റെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും വിശദമായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പ്രകൃതി ദുരന്തങ്ങളിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്കും കോവിഡ് മഹാമാരിയെ തുടർന്ന് തൊഴിൽ നഷ്ടം ഉണ്ടായവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറുദിന പരിപാടിയുടെ ഭാഗമായി " അതിജീവനം കേരളീയം " എന്ന ക്യാമ്പയിനിൽ കുടുംബശ്രീ മുഖേന സ്വയംതൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള അംഗങ്ങൾക്ക് നൈപുണ്യ പരിശീലനങ്ങളുംമറ്റും നടത്തുന്നുണ്ട്. സുഭിക്ഷ കേരളം പദ്ധതി, എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് അസാപ്പ് (ASAP) മുഖേന നൽകുന്ന തൊഴിലവസരങ്ങൾ എന്നിവയും തൊഴിൽ ലഭ്യതയെ പരിപോഷിപ്പിക്കുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)യിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ 13 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടന്നുവരുന്നു. നഗരങ്ങളിൽ കായികാദ്ധ്വാനത്തിന് തയ്യാറുള്ള വ്യക്തികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽലഭ്യത ഉറപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22-ൽ വിശേഷ വൈദഗ്ധ്യമുള്ള അഭ്യസ്ഥവിദ്യരെയും ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**പള്ളുരുത്തിയിൽ നൈറ്റ് ഷെൽറ്റർ സ്ഥാപിക്കാൻ നടപടി**

196 (1683) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-10-2017-ന് കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിലെ നഗരസഭ വക സ്ഥലത്ത് എൻ.യു.എൽ.എം. മുഖേന നൈറ്റ് ഷെൽറ്റർ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) പദ്ധതിപ്രകാരം നഗരസഭയിൽനിന്നും തയ്യാറാക്കി സമർപ്പിക്കുന്ന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് (ഡി.പി.ആർ.) ഇതേവരെ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമായിട്ടില്ലാത്തതിനാലാണ് ഇതുവരെ ഡി.പി.ആർ. തയ്യാറാക്കാത്തത്.

(ബി) കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഇത് ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിന് അയയ്ക്കുന്നതിന് പേമെന്റ് ഒടുക്കാത്തത് കാരണം.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കോസ്റ്റൽ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ. തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

**വഴുതക്കാട് വനിതാ സൗഹൃദ ഇടനാഴി നിർമ്മാണം**

197 (1684) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ വഴുതക്കാട് വനിതാ സൗഹൃദ ഇടനാഴി സ്ഥാപിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരാണ് ടെണ്ടർ എടുത്തത്; എത്ര കോടി രൂപയായിരുന്നു എസ്റ്റിമേറ്റ് എന്നറിയിക്കാമോ?

ശ്രീ. അബ്ദുൾ വഹാബ് ഇ., എസ്റ്റിമേറ്റ് തുക ഒരു കോടി.

(സി) വനിതാ സൗഹൃദ ഇടനാഴിയിൽ ടെണ്ടർ പ്രകാരം നടത്തേണ്ട ജോലികൾ എന്തൊക്കെയായിരുന്നു; അത് കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ടോ?

വനിതാ സൗഹൃദ ഇടനാഴി സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, സോളാർ പാനൽ സ്ഥാപിക്കൽ, ഇന്റർലോക്ക് ടൈൽ പാകൽ എന്നിവയാണ് ടെണ്ടർ പ്രകാരം നടത്തേണ്ട ജോലികൾ. ഇന്റർലോക്ക് ടൈൽപാകൽ പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചിട്ടില്ല.

(ഡി) ഇതിനകം കരാറുകാരന് എന്ത് തുക നൽകി?

കരാറുകാരന് 83,64,883 രൂപ പാർട്ട് ബില്ലായി അനുവദിച്ചിട്ടുണ്ട്.

(ഇ) വനിതാ സൗഹൃദ ഇടനാഴിയിൽ ചരിത്രത്തിൽ ഇടംനേടിയ വനിതകളുടെ ചിത്രങ്ങൾ പതിപ്പിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചത്; ഇതിനായി ടെണ്ടർ വിളിച്ചിരുന്നോ?

ചിത്രങ്ങൾ പതിപ്പിച്ചിട്ടുണ്ട്. ചിത്രങ്ങൾക്കായി തിരുവനന്തപുരം നഗരസഭ പ്രോജക്ട് വയ്ക്കുകയോ ടെണ്ടർ വിളിക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

(എഫ്) വനിതാ ഇടനാഴി നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിച്ചതെന്നും പൊതുമരാമത്ത് വകുപ്പ് മുമ്പ് സ്ഥാപിച്ച ഹാൻഡ്റെയിൽ മാറ്റി പുതിയ സ്റ്റീൽ റെയിൽ സ്ഥാപിക്കാതെയാണ് കരാറുകാരന് പണം നൽകിയതെന്നുമുള്ള ആക്ഷേപം പരിശോധിക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിലവിൽ സ്ഥാപിച്ചിട്ടുള്ളതായ ഹാൻഡ് റെയിൽസിന് കേടുപാടുകൾ സംഭവിക്കാത്തതിനാൽ ആയത് ഇളക്കിമാറ്റിയിട്ടില്ല. ബാക്കി ഭാഗങ്ങളിൽ കോർപ്പറേഷന്റെ പദ്ധതിപ്രകാരം സ്ഥാപിച്ച സ്റ്റീൽ ഹാൻഡ് റെയിലിന്റെയും സൗഹൃദ ഇടനാഴിയുടേയും ഗുണനിലവാരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മുഖേന പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷമാണ് നിർമ്മാണം നടത്തിയിട്ടുള്ളതും ആയതിനു മാത്രമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളതും. ആക്ഷേപത്തിൽ കഴമ്പില്ലാത്തതിനാൽ പരിശോധന വേണ്ടതില്ല.

## തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക സ്ഥിതി

198 (1685) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2015-16, 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലെ ബഡ്ജറ്റ് തുക എത്രയായിരുന്നു; ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയിൽ എത്ര രൂപ വീതം ചെലവഴിച്ചു; വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് എത്ര രൂപയുടെ ബാധ്യത നിലവിലുണ്ട്; ലോണായോ ഗ്രാന്റായോ ഏതെങ്കിലും സഹായം 2015-2020 കാലഘട്ടത്തിൽ തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

തൃക്കാക്കര നഗരസഭയ്ക്ക് ബാധ്യതയോ ലോണോ ഒന്നുംതന്നെയില്ല. ആയതിന്റെ പേരിൽ ഗ്രാന്റുകളും അനുവദിച്ചിട്ടില്ല.

(സി) തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകൾ ഏതെങ്കിലും ബാങ്കിൽ നിലവിലുണ്ടോയെന്നും മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകൾ എവിടെയാണ് എന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

തൃക്കാക്കര നഗരസഭയ്ക്ക് നിലവിൽ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന സ്ഥിരം അക്കൗണ്ട് യൂണിയൻ ബാങ്കിലും കാർഡ് പേമെന്റിന് എച്ച്.ഡി.എഫ്.സി. ബാങ്കിലും ഓൺലൈൻ പേമെന്റിനുള്ള അക്കൗണ്ട് സൗത്ത് ഇന്ത്യൻ ബാങ്കിലും ഉണ്ട്. ട്രഷറിയിൽ എൽ.ജി.റ്റി.എസ്.ബി. അക്കൗണ്ട് ഉണ്ട്. ഇന്ത്യൻ ഓവർസീസ് ബാങ്കിൽ 3 കോടി രൂപ സ്ഥിര നിക്ഷേപവും ഉണ്ട്.

## തൃക്കാക്കര മുനിസിപ്പാലിറ്റിക്കെതിരെ കേസ്സുകൾ

199 (1686) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റി ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റിയായി ഉയർത്തിയത് എന്നാണ്; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

22-7-2014-ലെ സ.ഉ. (കൈ) നമ്പർ 135/2014/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമാണ് തൃക്കാക്കര മുനിസിപ്പാലിറ്റി ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റിയായി ഉയർത്തിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റിയിലെ സ്റ്റാഫ് പാറ്റേൺ തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ?

ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റിയായി ഉയർത്തിയ എല്ലാ മുനിസിപ്പാലിറ്റികൾക്കും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(സി) തൃക്കാക്കര മുനിസിപ്പാലിറ്റിക്കെതിരെ ഏതെങ്കിലും കേസ്സുകൾ ഏതെങ്കിലും കോടതിയിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഓരോ കേസ്സിന്റെയും നമ്പർ സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി) കോടതിയിൽ കേസ് നടത്താൻ എത്ര അഭിഭാഷകരെയാണ് തൃക്കാക്കര മുനിസിപ്പാലിറ്റി നിയമിച്ചിട്ടുള്ളത്; ഇവർ ആരെല്ലാമെന്നും ഇവർ എത്രകാലമായി ഈ പദവിയിൽ തുടരുന്നുവെന്നും വിശദമാക്കാമോ?

പത്തുപേരെയാണ് നിയമിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | കോടതി | കാലയളവ് |
|---|---|---|
| അഡ്വ. രാജീവ്. എസ് | സുപ്രീംകോടതി | 10 വർഷത്തിൽ അധികമായി |
| അഡ്വ. ജി. ജി. മനോജ് | ഹൈക്കോടതി | 4 വർഷം |
| അഡ്വ. പി. ടി. മനോജ് | ഹൈക്കോടതി | 4 വർഷം |
| അഡ്വ. കെ. ബി. രാജേഷ് | ഹൈക്കോടതി | 4 വർഷം |
| അഡ്വ. എസ്. ജമാൽ | ഹൈക്കോടതി | 4 വർഷം |
| അഡ്വ.ഡി. എം. നൗഫാൽ | ട്രിബ്യൂണൽ | 4 വർഷം |
| അഡ്വ. ജിൻസാമോൾ | കീഴ്ക്കോടതി | 4 വർഷം |
| അഡ്വ. ഷറീനഷുക്കൂർ | കീഴ്ക്കോടതി | 4 വർഷം |
| അഡ്വ. ഡി. ജി. വിപിൽ | കീഴ്ക്കോടതി | 4 വർഷം |
| അഡ്വ. നോയൽ ജോസഫ് | കീഴ്ക്കോടതി | 4 വർഷം |

## ചെമ്മനാട്, ഉദുമ ഗ്രാമപഞ്ചായത്തുകളിലെ പട്ടയവിതരണം

200 (1687) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ ചെമ്മനാട്, ഉദുമ ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഭൂമിയിൽ വീടുകെട്ടി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള ആർ.സി.4/147/18/എൽ.എസ്.ജി.ഡി, ആർ.സി.4/95/17/എൽ.എസ്.ജി.ഡി ഫയലുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) അപേക്ഷകൾ പരിഗണിച്ച് ഈ പാവപ്പെട്ടവർക്ക് പട്ടയം നൽകാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തടസ്സങ്ങൾ നീക്കി എപ്പോൾ നടപടികൾ പൂർത്തിയാക്കാനാവും എന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/147/18/LSGD ഫയലിൽ കൈകാര്യം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 256/part -ൽപ്പെട്ട 0.28 ഏക്കർ ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനായി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന പൂർണ്ണമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. 2) ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്ന വിഷയം RC4/95/17/ LSGD ഫയലിൽ പരിശോധിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സർവ്വേ നമ്പരിൽ അപാകത ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അത് പരിഹരിച്ച് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം 21-1-2021 -ൽ ചേരുന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### തമ്മാനിമറ്റം തൂക്കുപാലം

201 (1688) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന തമ്മാനിമറ്റം തൂക്കുപാലം പുനർ നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാകുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) നിർമ്മാണകാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസിക്ക് നിർമ്മാണ ചുമതല നൽകി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി, നിർമ്മാണ ചുമതല സർക്കാർ അക്രെഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്.

## പാക്കോയി പാലം നിർമ്മാണം

202 (1689) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പാക്കോയി പാലം നിർമ്മാണ പ്രവൃത്തിക്കായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പാക്കോയി പാലം നിർമ്മാണ പ്രവൃത്തിക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 2.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈൻ എന്നിവ നടത്തുവാൻ ചുമതലപ്പെടുത്തിയിരുന്ന കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് 12-1-2021-ൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ ഡിസൈൻ സമർപ്പിച്ചിട്ടുണ്ട്.

(ബി) പാലം പണി എന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

നിലവിലെ സാഹചര്യത്തിൽ നിർമ്മാണം മാർച്ച് 2022-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പുത്തൻകുരിശ് പഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി

203 (1690) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ നൂറ്റിയിരുപത്തിനാല് കുടുംബങ്ങളെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പി.എം.ആർ.വൈ. അർബൻ, ഗ്രാമീൺ പദ്ധതികൾ പ്രകാരമുള്ള തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ?

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പി.എം.ആർ.വൈ, അർബൻ, ഗ്രാമീൺ പദ്ധതികൾ പ്രകാരമുള്ള തുക നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രദേശത്തെ വീടുകൾ പൊളിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടുംബങ്ങൾക്ക് ഗുണഭോക്തൃവിഹിതം അനുവദിക്കുന്ന തിനുമുമ്പ് ഭവനങ്ങൾ പൊളിച്ച നടപടിയിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്ക് താമസസൗകര്യം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി പ്രദേശത്തെ വീടുകൾ പൊളിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾക്കായി 3.14 ഏക്കർ സ്ഥലം പ്ലോട്ട് തിരിച്ചു വീതിച്ചുകൊടുക്കുന്നതിനും ഭൂവികസന പ്രവർത്തനങ്ങൾ നടത്തേണ്ടതിനുമാണ് വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചുമാറ്റിയിട്ടുള്ളത്. കുടുംബങ്ങൾക്ക് ഗുണഭോക്തൃവിഹിതം അനുവദിക്കുന്നതിനുമുമ്പ് ഭവനങ്ങൾ പൊളിച്ച നടപടിയിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല. ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് താൽക്കാലിക താമസസൗകര്യം ഒരുക്കുന്നത് നിഷ്കർഷിച്ചിട്ടില്ല.

## കുന്നത്തുനാട് ഇൻഫോപാർക്ക് പ്രവേശന കവാടം

204 (1691) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിന് പ്രവേശന കവാടം നിർമ്മിക്കുന്നതിനായി കുന്നത്തുനാട് പഞ്ചായത്ത് നൽകിയ അപേക്ഷ എത്ര വർഷമായി പരിഗണനയിലാണ്;

(ബി) ആയതിന്മേൽ നാളിതുവരെ തീരുമാനം എടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(സി) പ്രസ്തുത പുറമ്പോക്ക് സ്ഥലം ഇൻഫോപാർക്കിന് കൈമാറുന്നതിന് എന്ത് നിയമതടസ്സമാണ് നിലവിലുള്ളത് എന്നത് വ്യക്തമായ കാരണസഹിതം വിശദമാക്കാമോ?

(എ-സി) ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിന് പ്രവേശന കവാടം നിർമ്മിക്കുന്നതിനായുള്ള കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ പ്രൊപ്പോസൽ, RC4/290/16/LSGD എന്ന ഫയലിൽ പരിശോധിച്ചുവരികയാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ ആദ്യ തീരുമാനം വസ്തു സൗജന്യമായി വിട്ടു നൽകേണ്ടതില്ലെന്നും ഒന്നുകിൽ അനുയോജ്യമായ സ്ഥലമോ/വസ്തുവിന്റെ വിലയോ പഞ്ചായത്തിന് നൽകേണ്ടതാണെന്നും ആയിരുന്നു. എന്നാൽ പഞ്ചായത്ത് ഭരണ സമിതി നിലവിൽ എടുത്തിട്ടുള്ള തീരുമാനപ്രകാരം കുന്നത്തുനാട് വില്ലേജിൽ സർവ്വേ നമ്പർ 384/10-ൽ വരുന്നതും BTR-ൽ സർക്കാർ വഴിയെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ 8 ആർ 20 ച.മീ. ഭൂമി മാത്രം ഇൻഫോപാർക്കിന് വിട്ടു നൽകുക എന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഒറ്റപ്പാലത്തെ ഗ്രാമപഞ്ചായത്ത് കളിസ്ഥലങ്ങൾ

205 (1692) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ സ്വന്തമായി കളിസ്ഥലം നിലവിലുണ്ട്;

(ബി) സ്വന്തമായി കളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം തുടങ്ങുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അപ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിച്ചു; വിശദമാക്കാമോ?

(എ&ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്വന്തമായി കളിസ്ഥലം ഉണ്ട്.

## പേരാവൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

206 (1693) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ മണ്ഡലത്തിലെ അയ്യൻകുന്ന്, കൊട്ടിയൂർ, ആറളം തുടങ്ങിയ പഞ്ചായത്തുകളിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

പേരാവൂർ മണ്ഡലത്തിലെ അയ്യൻകുന്ന്, കൊട്ടിയൂർ, ആറളം പഞ്ചായത്തുകളിലേക്കായി മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി 6 പ്രവൃത്തികൾക്ക് 4.15 കോടി രൂപ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ 5 പ്രവൃത്തികളുടെ കരാർ ഉടമ്പടിയും ഉറപ്പിച്ചിട്ടുണ്ട്.

(ബി) പുനർനിർമ്മാണത്തിന് എത്ര തുക ആവശ്യമുണ്ട്; എത്ര തുക അനുവദിച്ചിട്ടുണ്ട്; പുനർ നിർമ്മാണത്തിന് ഇനി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ടി പ്രവൃത്തികളുടെ പുനർനിർമ്മാണത്തിന് 4.15 കോടി രൂപ ആവശ്യമാണ്. ഇനി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി ഉറപ്പിച്ച് നിർവ്വഹണം നടത്തുന്നതാണ്.

## വാമനപുരം നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി

207 (1694) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം വാമനപുരം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ഈ സർക്കാർ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചത് എന്നറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐ. നിർമ്മാണം

208 (1695) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ. നിർമ്മാണത്തിന് വിട്ടുനൽകുന്നതിനുള്ള ആർ.സി.1/ 193/2019-എൽ.എസ്.ജി.ഡി. ഫയലിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള റീ.സർവ്വേ നമ്പർ 20-ൽപ്പെട്ട 0.7689 ഹെക്ടർ ഭൂമി ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടത്തിന്റെ നിർമ്മാണത്തിന് വിട്ടുനൽകുന്ന വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കേണ്ടതുണ്ട്.

## കടുത്തുരുത്തി പോളിടെക്നിക്കിന്റെ ഭൂമി

209 (1696) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പോളിടെക്നിക്കിന്റെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി അളന്ന് തിട്ടപ്പെടുത്തി ഉത്തരവ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിക്കുന്നതിനായി, വകുപ്പുമന്ത്രിതല യോഗത്തിന്റെ തീരുമാനപ്രകാരം റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെയും കടുത്തുരുത്തി പഞ്ചായത്തിനെയും ചുമതലപ്പെടുത്തിയതിൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഈ ഫയൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ; ഈ ഫയലിൽ ആർ.സി. 4 സെക്ഷൻ കാലതാമസം വരുത്തിയോയെന്ന് അറിയിക്കാമോ;

(സി) റിപ്പോർട്ടിനായി ഈ ഫയൽ ആരുടെയൊക്കെ കൈവശം എത്ര സമയംവരെ വച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനം നടപ്പാക്കുന്നതിന് ഈ ഫയലിൽ എന്ത് അടിയന്തരനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ആർ.സി.4/137/2017, ആർ.സി.4/469030/ എൽ.എസ്.ജി.ഡി. എന്നീ ഫയലുകൾ പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ട് ഒരു വർഷമായിട്ടും റിപ്പോർട്ട് സമർപ്പിക്കാത്ത കടുത്തുരുത്തി പഞ്ചായത്ത് സെക്രട്ടറിക്കും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുമെതിരെ നടപടി സ്വീകരിക്കുമോ?

(എ-ഇ) കടുത്തുരുത്തി പോളിടെക്നിക്കിന്റെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി അളന്ന് തിട്ടപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെയും കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുള്ളതും കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ പോളിടെക്നിക്കുമായി ബന്ധപ്പെട്ട വസ്തു വിവിധ ആവശ്യങ്ങൾക്കായി പ്രത്യേകം അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. പോളിടെക്നിക്കിന് അനുവദിച്ച സ്ഥലത്തിനുശേഷം ബാക്കിയുള്ള സ്ഥലത്തിൽ 8 ഏക്കർ കേന്ദ്രീയ വിദ്യാലയത്തിനും 60.5 സെന്റ് ഫയർ സ്റ്റേഷനും 9 സെന്റ് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്കും 8 സെന്റ് അങ്കണവാടിയ്ക്കും 1 ഏക്കർ ലൈഫ് മിഷനിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിനായും അളന്ന് തിട്ടപ്പെടുത്തി സർവ്വേക്കല്ലുകൾ സ്ഥാപിച്ച് പ്രത്യേകം പ്ലോട്ടുകളായി തിരിച്ചിട്ടുള്ളതുമാണ്. 13-1-2021-ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ഈ വിഷയം ചർച്ചചെയ്യുകയും, പ്രൊപ്പോസൽ അംഗീകരിച്ച് തീരുമാനിക്കുകയും ആയത് അംഗീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം ലഭ്യമായാലുടൻ മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫയൽ നടപടികളുമായി ബന്ധപ്പെട്ട് ആർ.സി. 4 സെക്ഷനിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റാന്നി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

210 (1697) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018-2019 വർഷത്തിലെ പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 11880 കിലോമീറ്ററോളം വരുന്ന 5101 റോഡുകളുടെ നിർമ്മാണത്തിനായി 1000 കോടി രൂപയ്ക്ക് വിവിധ ഘട്ടങ്ങളിലായി ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) റാന്നി നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ അനുവദിച്ച റോഡുകളുടെ നിർമ്മാണപുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ?

റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) സി.എം.എൽ.ആർ.ആർ.പി. സ്കീമിൽ അനുവദിച്ച റോഡുകളുടെ പേരുമാറ്റം സംബന്ധിച്ച് പുതിയ ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇനിയും ആവശ്യമെങ്കിൽ പേര് മാറ്റം അനുവദിക്കുമോ; വ്യക്തമാക്കാമോ?

ഭരണാനുമതി ഉത്തരവുകളിൽ റോഡിന്റെ പേരിൽ പിശകുകൾ കടന്നു കൂടിയിട്ടുള്ളതായി കണ്ടെത്തുന്നപക്ഷം ആവശ്യമായ തിരുത്തലുകൾ നടത്തുന്നതാണ്.

## മണലൂരിലെ റീബിൽഡ് കേരള പദ്ധതി

211 (1698) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.

i) പാരീസ് റോഡ്-സാങ്കേതികാനുമതി ലഭിച്ച് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

ii) മളുക്കര റോഡ്-സർവ്വേ നടപടി പുരോഗമിച്ച് വരുന്നു.

iii) ആനക്കാട് റോഡ്-ടി റോഡിന്റെ ഭൂരിഭാഗം നീളവും മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്.

iv) ചോറ്റിലപ്പാറപ്പാലം-Alignment സർവ്വേ നടന്നു വരുന്നു. Soil investigation പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

## ഗ്രാമവികസന വകുപ്പിലെ ബിരുദ തസ്തികകൾ

212 (1699) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗത്തിലും ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ലക്ചറർ ഗ്രേഡ് I & II എന്നീ തസ്തികകളിലാണ് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുള്ളത്. ഗ്രാമവികസന വകുപ്പിൽ ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഗസറ്റഡ് തസ്തികയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്പെഷ്യൽ റൂൾസ് G.O.(P)No.44/2011/LSGD, dtd 16-2-2011 പ്രകാരവും, ഗസറ്റഡ് തസ്തികയായ ലക്ചറർ ഗ്രേഡ് I നോൺ ഗസറ്റഡ് തസ്തികയായ ലക്ചറർ ഗ്രേഡ് II എന്നിവയുടെ സ്പെഷ്യൽ റൂൾസ് G.O.(P) No.18/2010/LSGD, dtd 22-1-2010 പ്രകാരവും നിലവിലുണ്ട്.

(ബി) വിശേഷാൽ ചട്ടങ്ങളിൽ തസ്തികമാറ്റ നിയമനം വഴി ഗസറ്റഡ് തസ്തികയിൽനിന്നും നോൺ ഗസറ്റഡ് തസ്തികയിൽ നിയമനം നടത്തുന്നതിന് ചട്ടം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഇല്ല.

## റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തിക

213 (1700) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തികകൾ ഉള്ളതെന്നറിയിക്കാമോ; ഇവരുടെ വിദ്യാഭ്യാസ യോഗ്യതയും ശമ്പളസ്കെയിലും വ്യക്തമാക്കാമോ?

തളിപ്പറമ്പ്, മണ്ണുത്തി, കൊട്ടാരക്കര എന്നീ വികസന പരിശീലന കേന്ദ്രങ്ങളിൽ റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തികകൾ നിലവിലുണ്ട്. വിദ്യാഭ്യാസ യോഗ്യത 50% മാർക്കോടുകൂടി ഇക്കണോമിക്സിലോ അപ്ലൈഡ് ഇക്കണോമിക്സിലോ മാസ്റ്റർ ബിരുദം. ശമ്പള സ്കെയിൽ ലക്ചറർ റൂറൽ ഇക്കണോമിക്സ് ഗ്രേഡ് I 35700-75600; ലക്ചറർ റൂറൽ ഇക്കണോമിക്സ് ഗ്രേഡ് II 29200-62400; കിലയിൽ റൂറൽ ഇക്കണോമിക്സ് ലക്ചററുടെ ഒരു തസ്തിക നിലവിലുണ്ട്. വിദ്യാഭ്യാസ യോഗ്യത എം.എ. ഇക്കണോമിക്സ്/ഇക്കണോമെട്രിക്സ്. അദ്ധ്യാപന പരിചയം, കംപ്യൂട്ടർ പരിജ്ഞാനം എം.ഫിൽ,/പി.എച്ച്.ഡി അഭിലഷണീയം ശമ്പള സ്കെയിൽ 36,600-79,200.

(ബി) ലക്ചറർ തസ്തികകൾ ഏകീകരിച്ച് സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമവികസന കമ്മീഷണർ ശിപാർശ നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇല്ല.

## ഗ്രാമവികസന വകുപ്പിൽ എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ ലക്ച്ചറർ തസ്തിക

214 (1701) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ ലക്ചറർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടി സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ& ബി) 22-1-2010-ലെ ജി.ഒ.(പി)നമ്പർ 18/2010/ത.സ്വ.ഭ.വ. പ്രകാരമുള്ള സ്പെഷ്യൽ റൂൾസിൽ എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ ലക്ചറർ തസ്തിക ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

## ഗ്രാമവികസന വകുപ്പിൽ ലക്ചറർ തസ്തിക

215 (1702) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ലക്ചറർ ഗ്രേഡ് I തസ്തികകളിലെ ജോലിസ്വഭാവത്തിൽ എന്തെല്ലാം വ്യത്യാസങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ?

ജോലി സ്വഭാവത്തിലെ വ്യത്യാസങ്ങൾ നിലവിൽ നിർണ്ണയിച്ചിട്ടില്ല.

(ബി) ഗ്രേഡ് II ഇല്ലാതെ ഗ്രേഡ് I മാത്രമുള്ള ലക്ചറർ തസ്തികകൾ ഏതൊക്കെയാണ്; ഇവർക്ക് ഗ്രേഡ് II അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഗ്രേഡ് II ഇല്ലാതെ ഗ്രേഡ് I മാത്രമുള്ള ലക്ചറർ തസ്തികകൾ

(a) ലക്ചറർ ഗ്രേഡ് I (റൂറൽ ഇൻഡസ്ട്രീസ്)

(b) ലക്ചറർ ഗ്രേഡ് I (അനിമൽ ഹസ്ബന്ററി)

(c) ലക്ചറർ ഗ്രേഡ് I (റൂറൽ എഞ്ചിനീയറിംഗ്)

(d) ലക്ചറർ ഗ്രേഡ് I (കോ-ഓപ്പറേഷൻ) ആവശ്യമായ തസ്തികകൾ മാത്രമേ സൃഷ്ടിക്കാറുള്ളൂ / അനുവദിക്കാറുള്ളൂ.

(സി) ലക്ചറർ തസ്തികയിൽ സ്പെഷ്യൽ റൂൾ അപാകത പരിഹരിക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഇല്ല.

(ഡി) ലക്ചറർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകൾ മുൻകാലപ്രാബല്യത്തോടെ ഏകീകരിച്ച് ഉത്തരവുണ്ടാകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

## തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതി

216 (1703) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യവികസനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കേന്ദ്രം, സംസ്ഥാനം, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും വിവിധ പദ്ധതികൾക്കായി 1538 കോടി രൂപയിൽനിന്നും 1135.7 കോടി രൂപ 40 പ്രോജക്ടുകൾക്ക് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്.സി.ടി.എൽ.) ബോർഡ് അനുമതി നൽകി. 40 പ്രോജക്ടുകളും ടെണ്ടർ ചെയ്തു. 95% പ്രോജക്ടുകൾക്ക് വർക്ക് അവാർഡ് ചെയ്തു. ഇതിൽ 9 പ്രോജക്ടുകൾ പൂർത്തീകരിച്ചു.

(ബി) ഈ പദ്ധതിക്കായി തിരുവനന്തപുരം നഗരത്തിന് അനുവദിച്ചത് എന്ത് തുകയാണെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ?

കേന്ദ്രം, സംസ്ഥാനം, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും വിവിധ പദ്ധതികൾക്കായി 1538 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 386 കോടി രൂപ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. 26.35 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയിൻ കീഴിൽ ഇതിനകം ഏതൊക്കെ കാര്യങ്ങളാണ് തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയത്; അതിന്റെ ചെലവ് സംബന്ധിച്ച കണക്കുകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ?

ആറുസ്ഥലങ്ങളിൽ (കോർപ്പറേഷൻ, പുത്തരിക്കണ്ടം, തമ്പാനൂർ, കെ.എസ്.ആർ.ടി.സി. ഇൻ ഗേറ്റ്, കെ.എസ്.ആർ.ടി.സി ഔട്ട് ഗേറ്റ്, വഞ്ചിയൂർ) പൊതു ശൗചാലയങ്ങളുടെ പുനരുദ്ധാരണം 2020 ജനുവരി 14-ന് ആരംഭിച്ചു. പദ്ധതിയുടെ മൊത്തം ചെലവ് 0.545 കോടി രൂപയാണ്. പുത്തരിക്കണ്ടം, കോർപ്പറേഷൻ, തമ്പാനൂർ, എന്നീ സ്ഥലങ്ങളിലെ ജോലികൾ പൂർത്തീകരിച്ച് പൊതു ഉപയോഗത്തിനായി ഉദ്ഘാടനം ചെയ്യുകയുംചെയ്തു. വഞ്ചിയൂർ, കെ.എസ്.ആർ.ടി.സി. ഔട്ട് ഗേറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. തമ്പാനൂർ ന്യൂ തിയേറ്ററിന് സമീപം, പൊതു ശൗചാലയങ്ങളുടെ പുനർനിർമ്മാണം 2020 ജനുവരി 29-ന് ആരംഭിച്ചു. പദ്ധതിയുടെ ആകെ ചെലവ് 0.610 കോടി രൂപയാണ്. നിർമ്മാണം പൂർത്തീകരിച്ചു. കണക്കുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പനവിള, ആയുർവേദ കോളേജ്, തമ്പാനൂരിന് സമീപമുള്ള ആർ.എം.എസ്., കിള്ളിപ്പാലത്തെ രണ്ട് സ്ഥലങ്ങൾ, വിമൻസ് കോളേജിന് സമീപം എന്നിങ്ങനെ 6 സ്ഥലങ്ങളിൽ സ്മാർട്ട് ബസ്സ് സ്റ്റോപ്പുകളുടെ നിർമ്മാണം 2019 മേയ് 24 -ന് ആരംഭിച്ചു. ഇന്റഗ്രേറ്റഡ് കമാൻഡ് & കൺട്രോൾ സെന്റർ വരുന്ന മുറയ്ക്ക് സൗജന്യ വൈഫൈ സംവിധാനവും സുരക്ഷ ഉറപ്പാക്കുന്നതിനായി പാനിക് ബട്ടൺ സംവിധാനവും മുഴുവൻ സമയ സി.സി.ടി.വി.

സംവിധാനവും ഇതിന്റെ ഭാഗമായി വരും. 2020 നവംബറിൽ പദ്ധതി പൂർത്തീകരിച്ചു. തിരുവനന്തപുരത്ത് മെച്ചപ്പെട്ട വൈദ്യുത മൊബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.സി.ടി.എൽ., KAL-ൽനിന്നും 15 ഇ-ഓട്ടോകൾ വാങ്ങി. ഓരോ വാഹനത്തിന്റെയും വില ഏകദേശം 2.80 ലക്ഷം രൂപയാണ്. ആകെ പദ്ധതി തുക 50 ലക്ഷം രൂപയാണ്. 2020 ഓഗസ്റ്റിൽ പദ്ധതി പൂർത്തീകരിച്ചു. തിരുവനന്തപുരത്ത് ഇലക്ട്രിക് റിക്ഷ എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 15 ഇ-റിക്ഷകൾ വാങ്ങി. പദ്ധതിയുടെ ആകെ തുക 0.34 കോടി രൂപയാണ്. സെപ്റ്റംബർ 2020-ന് പദ്ധതി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.എൽ.-മായി (REES) കൂടിയാലോചിച്ച് (ഗാന്ധി പാർക്ക്) ഇ-ഓട്ടോ/ഇ-റിക്ഷയ്ക്കുള്ള ചാർജ്ജിംഗ് സൗകര്യം സ്ഥാപിച്ചു. പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 0.04 കോടി രൂപ. സെപ്റ്റംബർ 2020 - ന് പദ്ധതി പൂർത്തീകരിച്ചു. ശ്രീകണ്ഠേശ്വരം പാർക്ക്, ശ്രീ ചിത്രാ പാർക്ക്, ഗാന്ധി പാർക്ക് എന്നിവിടങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ പൊതുജനങ്ങൾ വളരെ നല്ലരീതിയിൽ ഉപയോഗിച്ചുവരുന്നു. മൊത്തം പദ്ധതി ചെലവ് 0.31 കോടി രൂപയാണ്. 2019 ഒക്ടോബർ 5-ന് പണി പൂർത്തീകരിച്ചു. അങ്കണവാടി കെട്ടിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ കളിപ്പാട്ടങ്ങൾ, ദൈംദിന ഭക്ഷണം തയ്യാറാക്കുന്നതിനുള്ള അടുക്കള പാത്രങ്ങൾ, കളി ഉപകരണങ്ങളും സാധനങ്ങളും സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാട്ടർ പ്യൂരിഫയർ അങ്കണവാടി ആവശ്യങ്ങൾക്കായി ഐ.ടി. അധിഷ്ഠിത പഠനസൗകര്യങ്ങൾ, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സി.സി.ടി.വി. നിരീക്ഷണം എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. രാജാജി നഗർ (16 ലക്ഷം രൂപ) തമ്പാനൂർ യു.പി.എസ്. (14 ലക്ഷം രൂപ) ഫോർട്ട് സംസ്കൃത സ്കൂൾ (12 ലക്ഷം രൂപ) എന്നിവിടങ്ങളിലെ അങ്കണവാടികളുടെ നവീകരണം 2020 മാർച്ച് 25 -ന് പൂർത്തിയായി. (മൊത്തം 0.380 കോടി രൂപ).

(ഡി) 2021 മാർച്ചിൽ പദ്ധതിയുടെ കാലാവധി അവസാനിപ്പിക്കുന്നതിനുമുമ്പ് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; അതിനായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ കാലാവധി 2022 ആഗസ്റ്റ് വരെയാണ്. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. പാളയം മാർക്കറ്റ് ഒഴികെയുള്ള പദ്ധതികൾ 2022 ആഗസ്റ്റിൽ പൂർത്തീകരിക്കുന്ന രീതിയിലാണ് കരാറിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

## ടഫൻഡ് ഗ്ലാസ് ഉപയോഗിക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ

217 (1704) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിൽ ഗുണനിലവാരമില്ലാത്ത ഗ്ലാസ്സുകൾ ഉപയോഗിക്കുന്നതുമൂലം അപകടമരണങ്ങൾ ഉണ്ടാകുന്നതിന് ഇടയാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കെട്ടിടം നിർമ്മിക്കുമ്പോൾ സുരക്ഷ ഉറപ്പാക്കുന്നതിനായി ഗുണനിലവാരമുള്ള ടഫൻഡ് ഗ്ലാസ് ഉപയോഗിക്കണമെന്ന വ്യവസ്ഥ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഹൈറൈസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ചില്ല് ഉപയോഗിക്കുമ്പോൾ 2015-ലെ Guidelines on use of Glass in Buildings Human Safety-ലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണമെന്ന് 2019-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6(10)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചില്ല് ഉപയോഗിച്ച് വാതിലുകൾ, പാർട്ടീഷനുകൾ മുതലായവ നൽകുമ്പോൾ ടഫൻഡ് ഗ്ലാസ്/ലാമിനേറ്റഡ് ഗ്ലാസ് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പു വരുത്തണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 25-9-2020-ൽ ആർ.എ 1/276/2020/ തസ്വഭവ നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഉണ്ട്. ഡബ്ല്യു.പി(സി)15229/2020(S) നമ്പർ കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് ചില്ലു വാതിലുകളും മറ്റും നൽകുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് 25-9-2020-ൽ ആർ.എ 1/276/2020/ ത.സ്വ.ഭ.വ. നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

## ടൗൺ പ്ലാനിംഗ് ആഫീസുകളുടെ പ്രവർത്തനം

218 (1705) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൗൺ പ്ലാനിംഗ് ആഫീസുകളിൽ തീർപ്പ് കൽപ്പിക്കാതെ ഉള്ള അപേക്ഷകളുടെ എണ്ണം ലഭ്യമാക്കാമോ?

2630 (രണ്ടായിരത്തി അറുനൂറ്റി മുപ്പത് എണ്ണം).

(ബി) സംസ്ഥാനത്തെ ചീഫ് ടൗൺ പ്ലാനിംഗ് ആഫീസ് ഉൾപ്പെടെ ഓരോ ആഫീസിലും തീർപ്പ് കൽപ്പിക്കാതെ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം ആഫീസ് തിരിച്ച് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ?

| ടൗൺ പ്ലാനിംഗ് ഓഫീസ് | അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 159 |
| കൊല്ലം | 33 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 275 |
| കോട്ടയം | 31 |
| ഇടുക്കി | 5 |
| എറണാകുളം | 275 |
| തൃശ്ശൂർ | 117 |
| പാലക്കാട് | 20 |
| മലപ്പുറം | 223 |
| കോഴിക്കോട് | 266 |
| വയനാട് | 6 |
| കണ്ണൂർ | 91 |
| കാസർഗോഡ് | 228 |
| ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസ് | 899 |
| ആകെ | 2630 |

(സി) ടൗൺ പ്ലാനിംഗ് ആഫീസുകളിൽ അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഇല്ല.

(ഡി) ടൗൺ പ്ലാനിംഗ് ആഫീസുകൾ കൂടുതൽ പൊതുജന സൗഹൃദമാക്കാൻ പ്രത്യേക നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ടൗൺ പ്ലാനിംഗ് ഓഫീസുകൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും അന്വേഷണ കൗണ്ടർ, ഹെല്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ആക്ടുകൾ, റൂളുകൾ തീർപ്പാകുന്ന ഫയലുകളുടെ വിശദാംശങ്ങൾ എന്നിവ വെബ്സൈറ്റിൽ നല്കിയിട്ടുള്ളതുമാണ്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

219 (1706) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി എന്നാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര നഗര വികസന മന്ത്രാലയം എത്ര തുകയാണ് അനുവദിച്ചതെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

കൊച്ചിൻ സ്മാർട്ട് സിറ്റി പദ്ധതിക്കായുള്ള സ്പെഷ്യൽ പർപ്പസ് കമ്പനി 2016 മാർച്ച് 16-ൽ രൂപീകരിച്ചു. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ സെപ്റ്റംബർ 2017-ൽ നിയമിച്ചു. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര നഗര വികസന മന്ത്രാലയം 500 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ വിഹിതമായി 196 കോടി രൂപയും കേരള സർക്കാരിന്റെ വിഹിതമായി 200 കോടി രൂപയും കൊച്ചിൻ സ്മാർട്ട് മിഷന് ലഭിച്ചു. 2020 ഡിസംബർ മാസത്തെ കണക്കുപ്രകാരം ഇതിൽ 170.14 കോടി രൂപ ചെലവാക്കി.

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ റോഡുകൾ, ഹോസ്പിറ്റലുകൾ, സ്കൂൾ, മറൈൻഡ്രൈവ് വാക്‌വേ, പാർക്കുകൾ, പൊതുസ്ഥലങ്ങളുടെ നവീകരണം, ഇന്റഗ്രേറ്റഡ് സിറ്റി സെക്യൂരിറ്റി സർവ്വെയ്‌ലൻസ്, സ്മാർട്ട് വാട്ടർ മീറ്റർ എന്നിവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെരുമ്പടപ്പ് ബസ്സ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മാണം

220 (1707) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറ മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12-2-2019-ൽ മന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം ആർ.സി1/23/2019 എന്ന ഫയലിൽ നെൽവയൽ നികത്തിയത് സാധൂകരിക്കുന്ന കാര്യത്തിൽ, ആവശ്യമായ റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

തൃപ്പൂണിത്തുറ മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് ചേർന്ന യോഗത്തിൽ, നെൽവയൽ നികത്തിയത് സാധൂകരിക്കുന്നതിന് വേണ്ട റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിശദ വിവരങ്ങളും കൊച്ചി കോർപ്പറേഷനിൽനിന്നും ലഭ്യമാക്കി പരിശോധിച്ച് റവന്യൂ - നിയമ വകുപ്പുകളുമായി കൂടിയാലോചിച്ച് നിയമസാധുത പരിശോധിച്ച് നടപടി സ്വീകരിക്കുവാനാണ് തീരുമാനമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ - നിയമ വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കേണ്ടതുണ്ട്.

## കടമക്കുടി പഞ്ചായത്തിലെ കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണം

221 (1708) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കടമക്കുടി പഞ്ചായത്തിലെ കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാനാകും.

(ബി) പാലം നിർമ്മാണം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**കിലയിലെ നിയമനങ്ങൾ**

222 (1709) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഡിസംബർ രണ്ടാം തീയതി കൂടിയ കിലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കിലയിലെ സ്ഥിരം നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുവാൻ തീരുമാനിച്ചിരുന്നോ?

ഇല്ല; എന്നാൽ, 2-12-2015-ൽ ചേർന്ന കില എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ കിലയിലെ സ്ഥിര നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുവാൻ തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2-12-2015-ൽ ചേർന്ന കില എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ കിലയെ Kerala Public Service Commission (Additional functions as Respects certain Corporations and Companies) Act 1970-ന്റെയും Kerala Public Service Commission (Consultation by Corporation and Companies) Rules 1971-ന്റെയും പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുവാനും കമ്മീഷൻ അഡ്വൈസ് ചെയ്തിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കിലയിലെ നിലവിലുള്ള എല്ലാ സ്ഥിരം തസ്തികകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം കിലയിൽ എത്ര താൽക്കാലിക/കരാർ/ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി; വിശദാംശം നൽകുമോ?

കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരുടെ ലിസ്റ്റ് താഴെക്കൊടുക്കുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസനാസൂത്രണത്തിലും കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളുടെ നിർവ്വഹണം, പഠന ഗവേഷണ പ്രവർത്തനങ്ങൾ, നയരൂപീകരണത്തിൽ സംസ്ഥാന സർക്കാരിനാവശ്യമായ ഉപദേശ-നിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിന് ചുമതലപ്പെട്ട സ്വയംഭരണ സ്ഥാപനമാണ് കില. കിലയിൽ ധാരാളം പരിശീലന പരിപാടികളും നിരവധി പ്രോജക്ടുകളും നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി അതാത് സമയങ്ങളിൽ honorarium/ consolidated remuneration/Daily wage വ്യവസ്ഥയിൽ ആവശ്യാനുസരണം താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് വേതനം കൈപ്പറ്റിയവരുടെ പട്ടിക അനുബന്ധം -1 ആയി ചേർക്കുന്നു*.

(ഡി) 2016 ഡിസംബറിനുശേഷം താൽക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ കിലയിൽ ജോലിചെയ്തിരുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തി എന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം സ്ഥിരപ്പെടുത്തിയത് എന്നും അറിയിക്കാമോ?

24-12-2020-ലെ സ.ഉ.(കൈ.)നമ്പർ 201/2020/ത.സ്വ.ഭ.വ. പ്രകാരം കിലയിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവന കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -2 ആയി* ചേർക്കുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ

223 (1710) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചു?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള NMSM സർക്കാർ കോളേജിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുബന്ധം I* പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിലെ വിവിധ കോളേജുകളിൽ പുതുതായി എത്ര കോഴ്സുകൾ അനുവദിച്ചു; വിശദമാക്കാമോ; പുതിയ അദ്ധ്യയന വർഷം ഏതെങ്കിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോളേജുകളിൽ ആരംഭിച്ച കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു.* 2021-22 അദ്ധ്യയന വർഷം പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾക്കായി യൂണിവേഴ്സിറ്റി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) കൽപ്പറ്റയിൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ച സാഹചര്യത്തിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകും; വിശദമാക്കാമോ?

വയനാട് കൽപ്പറ്റയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ചചെയ്യുന്നതിനായി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-1-2021-ന് ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ, കൽപ്പറ്റയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ്സെന്റർ ആരംഭിക്കുന്നതിന്റെ ഭാഗമായി കൽപ്പറ്റ സർക്കാർ കോളേജിൽ കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ ശനി, ഞായർ ദിവസങ്ങളിൽ ബിരുദ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം ആരംഭിക്കുവാനും കോഴ്സിന്റെ co-ordination ചുമതല കോളേജ് പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന പ്രദേശവാസിയായ അദ്ധ്യാപകന് നൽകുവാനും പ്രവർത്തനത്തിന്റെ ഉദ്ഘാടനം 7-2-2021-ന് രാവിലെ 11.00 മണിക്ക് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി online വഴി നിർവ്വഹിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് സിവിൽ സർവ്വീസ് അക്കാദമി സബ്സെന്റർ നിർമ്മാണം ആരംഭിക്കുന്നതിന് കൽപ്പറ്റ സർക്കാർ കോളേജിൽ സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സി.സി.ഇ.കെ. ഡയറക്ടർ കോളേജ് പ്രിൻസിപ്പലുമായി ചർച്ചചെയ്ത് സ്വീകരിക്കുവാനും തീരുമാനമായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകൾ

224 (1711) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള എത്ര കോളേജുകളുണ്ടെന്ന് ജില്ല തിരിച്ച് പേരു സഹിതം വ്യക്തമാക്കാമോ?

പത്ത് കോളേജുകളുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. തിരുവനന്തപുരം-ഗവൺമെന്റ് വനിതാ കോളേജ്, ഗവൺമെന്റ് കോളേജ്, നെടുമങ്ങാട് യൂണിവേഴ്സിറ്റി കോളേജ് കോട്ടയം-ഗവൺമെന്റ് കോളേജ്, കോട്ടയം എറണാകുളം-മഹാരാജാസ് കോളേജ്,കണ്ണൂർ ഗവൺമെന്റ് ബ്രെണ്ണൻ കോളേജ് പാലക്കാട്-ഗവൺമെന്റ് കോളേജ്, ചിറ്റൂർ ഗവൺമെന്റ് വിക്ടോറിയ കോളേജ് ശ്രീ നീലകണ്ഠ സംസ്കൃത കോളേജ്, പട്ടാമ്പി, കാസർഗോഡ്, ഗവൺമെന്റ് കോളേജ്, കാസർഗോഡ്.

(ബി) സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽ നിർബന്ധമായും വേണ്ട കോഴ്സുകൾ എത്രയാണെന്നും സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽ ഏതെങ്കിലും പ്രത്യേക കോഴ്സുകളോ സംവിധാനങ്ങളോ നിർബന്ധമായും വേണ്ടതായി നിഷ്കർഷിച്ചിട്ടില്ല.

(സി) സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽ നിലവിലുള്ള കോഴ്സുകളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) എല്ലാ സെന്റർ ഓഫ് എക്സലൻസും റിസർച്ച് സെന്റർ കൂടിയാണോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

എല്ലാ സെന്റർ ഓഫ് എക്സലൻസ് കോളേജുകളിലും ചില ഡിപ്പാർട്ട്മെന്റുകളിൽ റിസർച്ച് സെന്ററുകൾ ഉണ്ട്. റിസർച്ച് ഡിപ്പാർട്ട്മെന്റിൽ കുട്ടികൾക്കാവശ്യമായ ലാബ് സൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും ലഭ്യമാണ്. എന്നാൽ പൊതുവായി ഉപയോഗിക്കാത്ത ലാബ് ഉപകരണങ്ങൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ CSIR പോലുള്ള റിസർച്ച് ലാബുകളെ ഉപയോഗപ്പെടുത്തുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കരട് വിദ്യാഭ്യാസനയം

225 (1712) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് വിദ്യാഭ്യാസനയത്തിന് കേരള സർക്കാർ ഭേദഗതി നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന തരത്തിൽ കരടിലുണ്ടായിരുന്ന പ്രതിലോമകരമായ നിർദ്ദേശങ്ങൾ പലതും അതുപോലെ കേന്ദ്രം ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; കേന്ദ്രനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പരിപാടികൾ നിർത്തലാക്കുമോ;

(ഡി) സാധാരണക്കാരന് ഉന്നതവിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

(ഇ) പുതിയതായി ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനുവേണ്ട അദ്ധ്യാപക തസ്തികകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ;

(എഫ്) ന്യൂജെൻ കോഴ്സുകളെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് കോളേജുകൾ ഏതെങ്കിലും തരത്തിലുള്ള ഫീസ് ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ന്യൂജെൻ കോഴ്സുകളുടെ ഫീസ്, ഘടന വിശദമാക്കുമോ?

(ഇ&എഫ്) അഞ്ച് വർഷത്തേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതല്ലെന്നും ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിച്ച് ക്ലാസ്സുകൾ നടത്തേണ്ടതാണെന്നും ഉള്ള വ്യവസ്ഥയോടെയാണ് പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുള്ളത്. ന്യൂജെൻ കോഴ്സുകളുടെ ഫീസ്, ഘടന സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## സമൂഹ പുനർനിർമ്മിതിയിൽ വിദ്യാർത്ഥികളുടെ ആശയങ്ങൾ

226 (1713) ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി സി. കെ. ആശ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹ പുനർനിർമ്മിതിയിൽ വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവ ചർച്ചചെയ്യുന്നതിനുമായി സർക്കാർ വേദി ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സമൂഹ പുനർനിർമ്മിതിയിൽ വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവ ചർച്ചചെയ്യുന്നതിനുമായി സർക്കാർ പദ്ധതികളായ TBI, YIP (Young Innovators Programme) എന്നിവയിലൂടെ വേദി ഒരുക്കുന്നുണ്ട്. ഈ പദ്ധതികൾക്കായി വിദ്യാർത്ഥികളേയും Fecilitators and Mentors ആയി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അദ്ധ്യാപകരേയും പങ്കെടുപ്പിക്കാറുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമാകാനും കേരളത്തിലെ സാങ്കേതിക വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ നൂതനാശയങ്ങളും നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി പങ്കുവയ്ക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിഭാഗം വിദ്യാർത്ഥികളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ പങ്കെടുപ്പിച്ച് " നവകേരളം യുവകേരളം" എന്ന പേരിൽ സർവ്വകലാശാല കേന്ദ്രങ്ങളിൽ വച്ച് 2021 ഫെബ്രുവരി മാസം വേദിയൊരുക്കുന്നുണ്ട്. കൂടാതെ, തിരുവനന്തപുരത്തും കോഴിക്കോട്ടും മുഖ്യമന്ത്രി നേരിട്ട് നേതൃത്വം നൽകിയ ചീഫ് മിനിസ്റ്റേഴ്സ് സ്റ്റുഡന്റ് ലീഡേഴ്സ് കോൺക്ലേവുകൾ സംഘടിപ്പിച്ചത് ഇതേ ലക്ഷ്യത്തോടെയാണ്.

(ബി) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് അതത് മേഖലകളിലെയും ഇതര വൈജ്ഞാനിക മേഖലകളിലെയും ഏറ്റവും മികച്ച അറിവുകൾ സ്വായത്തമാക്കുന്നതിന് വിദഗ്ദ്ധരുമായി സംവദിക്കുന്നതിനുള്ള അവസരം ഒരുക്കിയിരുന്നോ; വിശദമാക്കുമോ?

ഉണ്ട്. സർക്കാർ - എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നൂതന ആശയങ്ങൾ "ടെക്ക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ" വഴി നടപ്പിലാക്കപ്പെട്ടു വരുന്നു. കൂടാതെ "എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബും അക്കാദമിക് മൈനർ" എന്ന പേരിൽ KTU ഒരു പദ്ധതിയും തുടങ്ങിയിട്ടുണ്ട്. സെന്റർ ഫോർ

എക്സലൻസ് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് മുഖേന വിദ്യാർത്ഥികൾക്ക് ഗവേഷണ സഹായം, സ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ വഴി പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് നൂതന അറിവുകൾ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളിൽനിന്ന് യുവസംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ടുള്ള നൂതന അറിവുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം, അന്തർദ്ദേശീയ സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയിലെ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് അതാത് വൈജ്ഞാനിക സാങ്കേതിക മേഖലകളിലെ വിദഗ്ദ്ധരുമായി സംവദിക്കുന്നതിനും അറിവുകൾ സ്വായത്തമാക്കുന്നതിനും ആശയ രൂപീകരണം നടത്തുന്നതിനായി "പ്രൊഫഷണൽ സ്റ്റുഡന്റ് സമ്മിറ്റ്" സംഘടിപ്പിച്ചിരുന്നു.

(സി) ആധുനിക ലോകത്തെ പരിവർത്തനപ്പെടുത്തുന്ന മേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എഞ്ചിനീയറിംഗ് എന്നിവയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ;

(ഡി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ വിഷയങ്ങൾ കൂടുതൽ കോളേജുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) ഉണ്ട്, നിലവിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട വിഷയങ്ങൾ 2003 മുതലുള്ള പി.ജി പ്രോഗ്രാമുകളുടെ ഇലക്ടീവ് ആയി പഠിപ്പിച്ചുവരുന്നു. തുടർന്ന് 2005 മുതൽ UG തലത്തിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അതിന്റെ തുടർ ശാഖകളും ഇലക്ടീവ് ആയി EEE, ECE, CSE എന്നീ ബ്രാഞ്ചുകളിൽ പഠിപ്പിച്ചുവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇന്റർഡിസിപ്ലിനറി എം.ടെക് പ്രോഗ്രാം തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-20-ൽ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്-യുടെ സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

## സ്കൂൾ അദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി.

227 (1714) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കോളേജ് അദ്ധ്യാപകർക്കും യൂണിവേഴ്സിറ്റി ജീവനക്കാർക്കും മാത്രം നൽകിവരുന്ന പാർട്ട് ടൈമായി പി.എച്ച്.ഡി. ചെയ്യുവാനുള്ള അനുവാദം സ്കൂൾ അദ്ധ്യാപകർക്കും പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അനുവദിക്കാൻ തയ്യാറാകുമോ?

കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, മലയാള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ സ്കൂൾ അദ്ധ്യാപകർക്ക് പാർട്ട് ടൈമായി പി.എച്ച്.ഡി. ചെയ്യുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. യോഗ്യരായ അദ്ധ്യാപകർക്ക് പി.എച്ച്.ഡി. ചെയ്യുവാനുള്ള അനുമതി നൽകുന്നതിന് തയ്യാറാണെന്ന് കണ്ണൂർ സർവ്വകലാശാലയും അറിയിച്ചിട്ടുണ്ട്.

(ബി) ഇത് അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും ഗുണനിലവാരം ഉയർത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് സ്കൂൾ അദ്ധ്യയനം മികവുറ്റതാക്കും.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾ

228 (1715) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ബിരുദതല വിദ്യാഭ്യാസ തലത്തിലുള്ള ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA) തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

2. ക്രോസ്-ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 എന്ന പദ്ധതിയിലൂടെ യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നു.

3. ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഫാക്കൽറ്റി ഡെവലപ്മെൻറ് സെന്റർ (FDC) ആരംഭിച്ചിട്ടുണ്ട്.

4. പ്രബുദ്ധത, എറുഡൈറ്റ്, ക്ലസ്റ്റർ കോളേജ് പദ്ധതികൾ, ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ, ബ്രെയിൻ ഗെയിൻ സമീപനം തുടങ്ങിയവ.

5. കൈരളി ഗവേഷണ പുരസ്കാരങ്ങൾ, ചാൻസിലേഴ്സ് അവാർഡ് തുടങ്ങിയവ.

6. ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യത, അംഗീകാരം തുടങ്ങിയവ സംബന്ധിച്ച് പരാതികളും പ്രശ്നങ്ങളും തീർപ്പു കൽപ്പിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC).

7. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ദ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന 'Higher Education for the Future' എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു.

8. ഓപ്പൺ സർവ്വകലാശാല ആരംഭിക്കുകയുണ്ടായി.

9. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (KALNET) രൂപീകരിച്ചു.

10. സംസ്ഥാനതല ഇൗ-ജേർണൽ കൺസോർഷ്യം (State Level E Journal Consortium) രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

11. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ് സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം ഒരുക്കിയിട്ടുണ്ട്.

12. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റഡിയോ (ORICE – Online Resources Initiatives of Collegiate Education) മുഖേന അറിവും അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

13. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടു വേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാംവിധം Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു.

14. Scholar Support Programme, Walk With Scholar, FLAIR (Fostering Linkages For Academic Innovation And Research), മുതലായവ.

15. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL -ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു.

16. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി തുടങ്ങി വിവിധ സ്കോളർഷിപ്പുകൾ.

17. വിദേശ സർവ്വകലാശാലകളെ പരിചയപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് നേതൃത്വപാടവം ലഭിക്കുന്നതിനുമായി കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തുകയുണ്ടായി.

18. 'Jeevani – College Mental Awareness Programme' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

19. സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി, അക്കാദമിക്/ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി-ലബോറട്ടറി വികസനം തുടങ്ങിയ പദ്ധതികൾ.

20. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.

21. 40 സർക്കാർ കോളേജുകൾക്ക് നാക് അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യം പ്രദാനം ചെയുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തുക വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുത്തൻ കോഴ്സുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

5-11-2020-ലെ G.O.(MS)389/2020/HEDN, 11-12-2020-ലെ G.O.(MS)431/2020/HEDN, 30-12-2020-ലെ G.O.(MS)473/2020/HEDN എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ/ എയ്ഡഡ് കോളേജുകൾക്ക് നൂതന കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) വിദേശ സർവ്വകലാശാലകളുമായി ചേർന്ന്, സംസ്ഥാനത്ത് ഉന്നതപഠനം സാധ്യമാക്കുന്നതിന് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

വിദേശ സർവ്വകലാശാലകളുമായി ചേർന്ന്, സംസ്ഥാനത്ത് ഉന്നത പഠനം സാധ്യമാക്കുന്നതിന്റെ ഭാഗമായി

1. കേരള സർവ്വകലാശാലയിൽ ഇന്ററാക്ഷൻ വിത്ത് എമിനന്റ് സ്കോളർ പദ്ധതി, ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദേശ രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കായി സെന്റർ ഫോർ ഗ്ലോബൽ അക്കാദമിക്സ് പ്രവൃത്തിച്ചുവരുന്നു.

2. മഹാത്മാഗാന്ധി സർവ്വകലാശാല വിദേശ സർവ്വകലാശാലകളുമായി ചേർന്ന് പി.എച്ച്.ഡി. പ്രോഗ്രാം നടത്തുന്നതിനു പുറമെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് റിസർച്ച് പ്രോജക്ടുകൾ, ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണത്തിന്റെ ഒരു ഭാഗം വിദേശ സർവ്വകലാശാലകളിൽ പൂർത്തീകരിക്കാനുള്ള അവസരം എന്നിവ നൽകുന്നുണ്ട്. നിലവിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള 33 വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ പഠനം നടത്തുന്നുണ്ട്.

3. കണ്ണൂർ സർവ്വകലാശാല University of Adelaide-Australia, University of Erfurt- Germany, University of Chieti-Italy എന്നീ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട്.

4. മലയാള സർവ്വകലാശാല ജർമ്മനിയിൽ ഗുണ്ടർട്ട് ചെയർ സ്ഥാപിച്ച് മാതൃഭാഷയെ പരിപോഷിപ്പിക്കുന്നു.

5. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് വിദേശ സർവ്വകലാശാലകളുമായി ചേർന്ന് എക്സ്ചേഞ്ച്/ലെക്ചർ പ്രോഗ്രാം നടത്തുന്നുണ്ട്.

6. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല Shimane University-Japan, Yamagata University-Japan, Nansen Environmental and Remote Sensing Centre-Norway, Nippon Kaiji Kyokai-Japan, Niigata University-Japan, Old Dominion University- USA, University of Gothenburg-Sweden, University of Salerno-Italy, Univesite de Rennes-France എന്നീ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട്.

**കോളേജ് അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ**

229 (1716) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ കോളേജ് അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത്; വിശദമാക്കാമോ;

(ബി) 2016 മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ ശമ്പള സ്കെയിലെ ശമ്പളം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നറിയിക്കാമോ?

(എ&ബി) അർഹമായ എല്ലാ ആനുകൂല്യങ്ങളും ഈ സർക്കാർ വന്നശേഷം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. 2016 മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ ശമ്പള സ്കെയിലിലെ ശമ്പളം അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകൾ പുതുക്കി പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യങ്ങൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാർ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തിനായി 29-06-2019-ലെ G.O.(P)No.18/2019/HEDN പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ധനകാര്യ വകുപ്പ് 2020 ജനുവരിയിൽ നടത്തിയ യോഗതീരുമാനപ്രകാരം എയ്ഡഡ് കോളേജിലെ ശമ്പള പരിഷ്കരണം സ്പാർക്കിൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തിലെ മുൻകൂർ ഇൻക്രിമെന്റ് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശവും 2018 യു.ജി.സി. റെഗുലേഷനിലെ നിർദ്ദേശവും വിരുദ്ധമായിരുന്നു. 29-06-2019-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം മുൻകൂർ ഇൻക്രിമെന്റ് ആനുകൂല്യം നിർത്തലാക്കിയിരുന്നു. ടി

ഉത്തരവിലെ പ്രസ്തുത നിർദ്ദേശം സംബന്ധിച്ചും മറ്റു ചില നിർദ്ദേശങ്ങളിലും വ്യക്തത വരുത്തണമെന്ന് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ടിരുന്നു. 19-6-2019-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യക്തത വരുത്തിക്കൊണ്ട് 6-11-2020-ലെ GO(P)No.38/2020/HEDN പ്രകാരം സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തു. ഏഴാം ശമ്പള പരിഷ്കരണം നടത്തുന്നതിനായി 6-11-2020-ലെ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ഓപ്ഷൻ സമർപ്പിക്കാൻ എല്ലാ കോളേജ് അദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഏഴാം ശമ്പള പരിഷ്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ജാഗ്രത കുറവ് ഉണ്ടായിട്ടില്ല.

## നെടുമങ്ങാട് ഗവൺമെന്റ് കോളേജിലും പോളിടെക്നിക്കിലും നടപ്പിലാക്കിയ നവീകരണം

230 (1717) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നെടുമങ്ങാട് ഗവൺമെന്റ് കോളേജിലും നെടുമങ്ങാട് ഗവൺമെന്റ് പോളിടെക്നിക്കിലും എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത കോളേജിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് താഴെ വിശദീകരിച്ചത് പ്രകാരമുള്ള തുക അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്:

1. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി ഫിസിക്സ് ഡിപ്പാർട്ട്മെന്റ് നവീകരണം നടത്തിയിട്ടുണ്ട്. (കമ്പ്യൂട്ടർ ലാബ് സജ്ജമാക്കി നവീകരിച്ചു) തുക - 7,00,000 രൂപ.

2. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് നവീകരണം നടത്തിയിട്ടുണ്ട്. (ഗണിത വിഭാഗം ലാബ് കമ്പ്യൂട്ടറുകൾ സജ്ജമാക്കി നവീകരിച്ചു). തുക- 8,30,000 രൂപ.

3. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് റിസർച്ച് ലാബ് നവീകരണം നടത്തിയിട്ടുണ്ട്. തുക-6,98,000 രൂപ.

4. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി കോളേജ് ലൈബ്രറി നവീകരണം നടത്തിയിട്ടുണ്ട്. (പഠനോപകരണങ്ങൾ, കമ്പ്യൂട്ടർ എന്നിവ സജ്ജമാക്കി നവീകരിച്ചു). തുക - 6,40,000 രൂപ.

5. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി ലാംഗ്വേജ് ലാബ് നവീകരണം നടത്തിയിട്ടുണ്ട്. (കമ്പ്യൂട്ടറുകൾ, സോഫ്റ്റ് വെയർ എന്നിവ സജ്ജമാക്കി നവീകരിച്ചു) തുക – 17,50,000 രൂപ.

6. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി ഹിസ്റ്ററി മ്യൂസിയം നവീകരണം നടത്തി. തുക- 14,10,000 രൂപ.

7. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി പെൺകുട്ടികളുടെ വിശ്രമ കേന്ദ്രം നവീകരണം നടത്തി. (ഫർണിച്ചറുകൾ, സാനിറ്ററി ഐറ്റംസ് തുടങ്ങിയവ വാങ്ങി, ആവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കി) - തുക – 3,46,850 രൂപ.

8. 2018-19 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ ഉൾപ്പെടുത്തി ക്യാന്റീൻ നവീകരണം നടത്തിയിട്ടുണ്ട്. (ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും പാത്രങ്ങളും വാങ്ങി, കൗണ്ടർ/ക്യാബിൻ) തുക- 5,00,000 രൂപ.

9. റൂസ ഫണ്ടിൽ അനുവദിച്ച 70,00,000 രൂപ (എഴുപത് ലക്ഷം രൂപ) തുകയിൽ പി.ജി.ബ്ലോക്ക് നിർമ്മാണം നടക്കുന്നു. പൂർത്തീകരിച്ചിട്ടില്ല.

10. 2016-17 പ്ലാൻ ഫണ്ടിൽ സെന്റർ ഓഫ് എക്സലൻസ് ഇനത്തിൽ 5-11-2016-ലെ പി3/27997/2016/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസിൽ ഉൾപ്പെടുത്തി 3 കോടി രൂപ അനുവദിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി.-യോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും 2,50,00,000 രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക പി.ഡബ്ല്യൂ.ഡി.-ക്ക് അടയ്ക്കുകയുണ്ടായി എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. നെടുമങ്ങാട് സർക്കാർ പോളിടെക്നിക്ക് കോളേജിൽ 650 ലക്ഷം രൂപ ചെലവിൽ Construction of Second floor ന് 4-2- 2019-ലെ സ.ഉ.(പി)നമ്പർ 183/19/ഉ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

231 (1718) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു*

(ഡി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും സർവ്വകലാശാലകളിലും നിയമനങ്ങൾ നടത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

## സ്വാശ്രയ കോളേജ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

232 (1719) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വാശ്രയ കോളേജുകളുടെ നിലവാരം ഉയർത്തുന്നത് ലക്ഷ്യമിട്ട് കേരളത്തിലെ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്**

233 (1720) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE- Online Resource Initiatives of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Wingllish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസ്സുകൾ, Scholar Support Programme, പഠിതാവിനൊപ്പം (Walk with Scholar), FLAIR( Fostering Linkages for Academic Innovation and Research), വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ-ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, ആസ്പയർ സ്കോളർഷിപ്പ്, സാമൂഹ്യശാസ്ത്ര വിഷയങ്ങളിലും, സാഹിത്യത്തിലും, സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL-ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു. ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്രവികസനത്തിനായിട്ടുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും

അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഉണ്ടാവുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് & സയൻസ് കോളേജുകളിൽ നടപ്പിലാക്കി. കേരളത്തിലെ വിവിധ കോളേജുകളിൽ അദ്ധ്യാപകരുടെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ കാലഘട്ടത്തിന് അനുസൃതമായി കോഴ്സുകളുടെ ആധുനികവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അന്തർദ്ദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും, ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു. CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു. നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു. അസാപിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ, സ്ത്രീ ശാക്തീകരണത്തിനായുള്ള ‘ She Skills-2019' പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു. സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും; വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ

ഓൺലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി. പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദിയൊരുക്കി Students Leaders' Conclave- സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാലാ, സർക്കാർ കോളേജ് യൂണിയൻ ചെയർമാൻമാർക്ക് വിദേശരാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം -" For The Students" നിലവിൽ വന്നു. ആർട്സ് & സയൻസ് കോളേജുകളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ. സർവ്വകലാശാല സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പരീക്ഷാ കൺട്രോളർ ഓഫീസും സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററും SITTTR (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആൻഡ് റിസർച്ച്)-ഉം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ സാങ്കേതിക/തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് State Board of Technical Education പുനഃസംഘടിപ്പിച്ച് പ്രവർത്തനങ്ങൾ വിപുലമാക്കി. ത്രിവത്സര ഡിപ്ലോമ കോഴ്സിന് lateral entry വഴി കൂടി പ്രവേശനം നടപ്പാക്കി പഠനത്തോടൊപ്പം വരുമാനം എന്ന ആശയം യാഥാർത്ഥ്യമാക്കി തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ പ്രൊഡക്ഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ചു. എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ബിരുദതലങ്ങളിലായി നൂതന സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കി 17 പുതിയ കോഴ്സുകൾ ആരംഭിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 45 പുതിയ മന്ദിരങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2016 ജൂൺ മുതൽ 2020 നവംബർ വരെ മുപ്പതിലേറെ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് സ്ഥാപനങ്ങൾക്ക് കൈമാറി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വയംഭരണ കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ 5 സ്വയംഭരണ കോളേജുകൾക്ക് 5 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിയിൽ അംഗത്വം ലഭിച്ചിട്ടുണ്ട്. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വീതം

റൂസ ഫണ്ട് സംസ്ഥാനത്തെ 15 ഗവൺമെന്റ്/106 എയ്ഡഡ് കോളേജുകൾ ഉൾപ്പെടെ ആകെ 121 സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. റൂസയുടെ നേതൃത്വത്തിൽ ഗവേഷണ മേഖലയിലെ ഉന്നമനത്തിനുവേണ്ടി RRNG (RUSA Research Network Group) എന്ന പേരിൽ സർവ്വകലാശാല/കോളേജ് അദ്ധ്യാപകരുടെ കൂട്ടായ്മ രൂപീകരിക്കുകയും ദേശീയ/അന്തർദ്ദേശീയ മേഖലയിലെ വിവിധ ഫണ്ടുകൾ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ 185/28, 185/2 എന്നീ റീസർവ്വേ നമ്പരുകളിൽപ്പെട്ട 1.5 ഏക്കർ സ്ഥലം ലൈഫ് മിഷൻ പദ്ധതിക്കായി അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. അതിനാൽ സർവ്വകലാശാലയുടെ കീഴിലുള്ള രാജാരവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സിന് സ്ഥലം കൈമാറാൻ കഴിയില്ല എന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സി) മാവേലിക്കര രാജാരവിവർമ്മ ആർട്സ് കോളേജിന് അനുവദിച്ച വിവിധ പ്രവൃത്തികളുടെയും അനുവദിക്കപ്പെട്ട തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിന് അനുവദിച്ച വിവിധ പ്രവൃത്തികളുടെയും അനുവദിക്കപ്പെട്ട തുകയുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര വി.എച്ച്.എസ്. സ്കൂളിൽ യു.ഐ.ടി. ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള സർവ്വകലാശാല മാവേലിക്കരയിൽ അനുവദിച്ചിട്ടുള്ള യു.ഐ.ടി. സെന്റർ പ്രവർത്തിക്കുന്നതിനായി മാവേലിക്കര ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ വി.എച്ച്.എസ്.എസ്. ബ്ലോക്കിനും എച്ച്.എസ്. ബ്ലോക്കിനും ഇടയിൽ വി.എച്ച്.എസ്.ഇ ഫണ്ട് ഉപയോഗിച്ച് പുതുതായി പണികഴിപ്പിച്ചിട്ടുള്ള 3 ക്ലാസ് മുറികളോടുകൂടിയ കെട്ടിടം ഇതിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലനിൽക്കുന്നതാണെന്ന വ്യവസ്ഥയോടെ പ്രസ്തുത സർവ്വകലാശാലയ്ക്ക് താൽക്കാലികമായി വിട്ടുനൽകികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോളേജ് കെട്ടിടങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

234 (1721) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങളും നിലവിലുള്ള നിർവ്വഹണ പുരോഗതിയും എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികളുടെ വിശദാംശങ്ങളും നിർവ്വഹണ പുരോഗതിയും അടങ്കൽ തുകയും അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ കോളേജിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് ലേഡീസ് ഹോസ്റ്റൽ II-ന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(എഫ്) ഈ പദ്ധതികൾ ഓരോന്നിന്റെയും അടങ്കൽ തുക, നിർവ്വഹണ പുരോഗതി എന്നിവ വ്യക്തമാക്കാമോ?

(ഡി-എഫ്) അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ മണ്ഡലം- ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

235 (1722) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പയ്യന്നൂർ മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ മതിൽ, ക്യാമ്പസിനുള്ളിലെ റോഡ്, താൽക്കാലിക ക്ലാസ് റൂമുകൾ, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം നടത്തി. പയ്യന്നൂർ മണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പയ്യന്നൂർ റെസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് കോളേജ് പ്രവർത്തിച്ചുവരുന്നു. വാർഷിക പ്ലാൻ ബഡ്ജറ്റിൽ വകുപ്പിലെ സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസനത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾപ്രകാരം സർക്കാർ പോളിടെക്നിക്കുകളുടെ വികസനം, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി, കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും, പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം, പോളിടെക്നിക്കുകൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിവര സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി എന്നീ പദ്ധതികൾ ടി സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ മേൽപ്പറഞ്ഞ പദ്ധതികളെ ഘടകങ്ങളായി കണക്കാക്കി Umbrella Schemes രൂപീകരിച്ചിട്ടുണ്ട്. പയ്യന്നൂർ വനിതാ പോളിടെക്നിക്കിൽ ഓപ്പൺ എയർ ആഡിറ്റോറിയം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കം-ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണവും നടത്തി. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പയ്യന്നൂർ കേന്ദ്രത്തിൽ 2018-ൽ രവീന്ദ്രനാഥ ടാഗോറിന്റെ പേരിൽ ഒരു പഠനകേന്ദ്രം ആരംഭിച്ചിരുന്നു. 2020-21 അദ്ധ്യയന വർഷത്തിൽ പുതുതലമുറ കോഴ്സുകളിൽ ഉൾപ്പെടുത്തി കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ് കോളേജ് പെരിങ്ങോമിൽ MA English Language & Literature കോഴ്സ് അനുവദിക്കുകയും ടി കോഴ്സിന് സർവ്വകലാശാല അഫിലിയേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുടെ കീഴിലുള്ള നവജ്യോതി കോളേജ്, ചെറുപുഴയിൽ (Un-Aided College) B.A. Economics (40), M. Com Marketing (20), M.A. English (20) കോഴ്സുകൾക്ക് 2018-19 വർഷത്തിലും ഗുരുദേവ് ആർട്സ് ആൻഡ് സയൻസ് കോളേജ്, മാത്തിലിൽ B.Sc Psychology Course-ന് (25) 2020-21 അദ്ധ്യയന വർഷത്തിലും അഫിലിയേഷൻ നൽകിയിട്ടുണ്ട്.

## കിഫ്ബി മുഖേന കോളേജുകൾക്ക് അനുവദിച്ച തുക

236 (1723) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളുടെയും സർവ്വകലാശാലയുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനും ആയി കിഫ്ബി പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഇതിനകം അംഗീകാരം ലഭിച്ചിട്ടുള്ളത്;

(ബി) ഇതുപ്രകാരം ഏതെല്ലാം കോളേജുകൾക്കും സർവ്വകലാശാല കൾക്കുമാണ് അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾക്കായി തുക അനുവദിച്ചത്; ഓരോ സ്ഥാപനത്തിന്റെ പേരുവിവരവും അനുവദിച്ച തുകയും പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ?

(എ-സി) 2016-17 വർഷത്തിലെ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 186-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും പുതിയതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ, പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ മേൽ സൂചിപ്പിച്ച കിഫ്ബി പദ്ധതി പ്രകാരമുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും അവയുടെ അതിവേഗ പൂർത്തീകരണത്തിനുമായി KITE, KITCO, KSITIL, RBDCK-എന്നീ ഏജൻസികളെ SPV-കളായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം ടി സ്ഥാപനങ്ങൾക്ക് നിശ്ചിത എണ്ണം പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരണത്തിനായി നൽകിയിട്ടുമുണ്ട്. ടി ഏജൻസികൾ നിർവ്വഹിച്ചു വരുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിലെ വിവിധ കിഫ്ബി പദ്ധതികളുടെ വിശദവിവരങ്ങളും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ അവസ്ഥയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ

237 (1724) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തിന് നവീന ആശയങ്ങളും ദിശാബോധവും നൽകി ഈ മേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാർ നടപ്പാക്കുന്ന തെറ്റായ നയങ്ങൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

## നിർദ്ധന വിദ്യാർത്ഥികൾക്കുള്ള 100 ദിന കർമ്മ പദ്ധതി

238 (1725) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി 1000 നിർദ്ധന വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപയുടെ സ്കോളർഷിപ്പും അന്താരാഷ്ട്ര പ്രസിദ്ധി നേടിയവരുമായി ആശയവിനിമയം നടത്തുന്നതിനുമുള്ള അവസരവും ഒരുക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിൽ ആധുനികാശയങ്ങളും ശാസ്ത്രപുരോഗതിയും പരിചയപ്പെടുത്തുന്ന തിനുവേണ്ടി സർക്കാർ ഉടമസ്ഥതയിൽ ടി.വി. ചാനൽ/വെബ്സൈറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(എ&ബി) പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോവിഡ് നിയന്ത്രണകാലത്ത് ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പഠനമേഖലയെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കോളേജ് അദ്ധ്യാപക തസ്തികകൾ

239 (1726) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ വർഷങ്ങളായി നിലനിന്നിരുന്ന പി.ജി. വെയ്റ്റേജും ഒൻപതിൽ കൂടുതൽ പഠനമണിക്കൂറുള്ള കോഴ്സുകൾക്ക് അധിക തസ്തികയും സർക്കാർ നിർത്തിയതിനെത്തുടർന്ന് സംസ്ഥാനത്ത് മൂവായിരത്തോളം കോളേജ് അദ്ധ്യാപക തസ്തികകൾ ഇല്ലാതായ സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

യു.ജി.സി. മാർഗ്ഗ നിർദ്ദേശ പ്രകാരം അദ്ധ്യാപക നിയമനങ്ങൾക്ക് ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും നിലവിലുള്ള ഒരു തസ്തികയും നഷ്ടമായിട്ടില്ല.

(ബി) മുൻസർക്കാർ 2016-17 വർഷം അനുവദിച്ച പത്ത് പുതിയ എയ്ഡഡ് കോളേജുകൾക്കും വിവിധ കോളേജുകളിൽ നൽകിയ കോഴ്സുകൾക്കും സർക്കാർ ഇപ്പോൾ പുതിയ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

മുൻസർക്കാരിന്റെ കാലത്തും നിലവിലുള്ള സർക്കാരിന്റെ കാലത്തും സംസ്ഥാനത്ത് പുതിയതായി അനുവദിച്ച എയ്ഡഡ് കോളേജുകൾക്കും വിവിധ എയ്ഡഡ് കോളേജുകളിൽ നൽകിയ കോഴ്സുകൾക്കും 30-12-2020-ലെ ജി.ഒ. (എം.എസ്.)നമ്പർ 471/2020/ഉ.വി.വ. ഉത്തരവ് പ്രകാരം 721 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) എങ്കിൽ അന്ന് ഇതോടൊപ്പം കോഴ്സുകൾ അനുവദിച്ച എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന യു.ജി.സി. അംഗീകാരമുള്ള അറബിക് കോളേജുകളിൽ ഇപ്പോൾ പുതിയ തസ്തിക അനുവദിക്കാത്തതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എയ്ഡഡ് അറബിക് കോളേജുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി ശിപാർശ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങൾ

240 (1727) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങൾക്ക് അവസാനമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് എന്നാണെന്നും ഇതിൽ യു.ജി.സി. ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങൾക്ക് അവസാനമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് 31-12-2019-നാണ്. യു.ജി.സി. ചട്ടങ്ങൾ പാലിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപക തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് കാലിക്കറ്റ് സർവ്വകലാശാല യു.ജി.സി.-യുടെ 04-06-2019-ലെ DO No.F1-14/2019 (CPP-II) കത്ത് പ്രകാരമുള്ള നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

116 ഓളം ഒഴിവുകൾ നികത്താനുള്ളതിനാൽ നിർദ്ദിഷ്ട സമയമായ ആറു മാസത്തിനുള്ളിൽ നിയമനപ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. WP(C) Nos. 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 3rd day of February 2016 കോടതി വിധിപ്രകാരമുള്ള കാര്യങ്ങളൊഴിച്ച് മറ്റ് മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്നുണ്ട്.

(സി) പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് വിവിധ പഠന വകുപ്പുകളിലെ ഒഴിവ് നിലവിൽ വരുന്ന തീയതി നിജപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ റിസർവ്വേഷൻ റോസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഒഴിവ് നിലവിൽവന്ന തീയതി സർവ്വകലാശാലയിൽ ഉണ്ടെങ്കിലും കോടതിവിധിപ്രകാരം സംവരണം നടപ്പിലാക്കേണ്ടത് നിയമന സമയത്താണ്. നിയമന പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം ലഭ്യമാക്കാൻ കഴിയുന്നതാണ്.

(ഡി) ഈ നിയമനത്തിന് വിജ്ഞാപനം ഇറക്കുന്നതിന് മുമ്പ് അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തസ്തികകൾ ഏതെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

സംവരണം നടപ്പിലാക്കുന്ന സമയത്ത് അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് KS&SSR പ്രകാരമുള്ള സംവരണം നൽകുന്നതാണ്. വിശദാംശങ്ങൾ നിയമന പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം ലഭ്യമാക്കാൻ കഴിയുന്നതാണ്.

(ഇ) കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനത്തിൽ വ്യാപകമായ ചട്ടലംഘനം (UGC Regulation, KS &SSR Rule, Right to persons with Disability Act 2016) നടക്കുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അദ്ധ്യാപക നിയമനത്തിൽ എല്ലാ ചട്ടങ്ങളും കോടതിവിധികളും പാലിച്ചിട്ടുള്ളതായി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ്

241 (1728) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ 19-6-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 174/2019/ഉ.വി.വ പ്രകാരം ജൂനിയർ ലക്ചറർ ഇൻ അപ്ലൈഡ് ആർട്സിൽ രണ്ട് അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത കോളേജിൽ അനദ്ധ്യാപക തസ്തികകൾ ഒന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല.

## സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ

242 (1729) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുകയുണ്ടായി. ബിരുദതല വിദ്യാഭ്യാസ തലത്തിലുള്ള ചോയിസ് ബെയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA) തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

2. ക്രോസ്-ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 എന്ന പദ്ധതിയിലൂടെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നു.

3. ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ (FDC) ആരംഭിച്ചിട്ടുണ്ട്.

4. പ്രബുദ്ധത, എറുഡൈറ്റ്, ക്ലസ്റ്റർ കോളേജ് പദ്ധതികൾ, ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബ്രെയിൻ ഗെയിൻ സമീപനം തുടങ്ങിയവ.

5. കൈരളി ഗവേഷണ പുരസ്കാരങ്ങൾ, ചാൻസിലേഴ്സ് അവാർഡ് തുടങ്ങിയവ.

6. ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യത, അംഗീകാരം തുടങ്ങിയവ സംബന്ധിച്ച് പരാതികളും പ്രശ്നങ്ങളും തീർപ്പു കൽപ്പിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC).

7. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തിനകത്തും പുറത്തുംനിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന 'Higher Education for the Future' എന്ന 'ബൈ-ആന്വൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു.

8. ഓപ്പൺ സർവ്വകലാശാല ആരംഭിക്കുകയുണ്ടായി.

9. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (KALNET) രൂപീകരിച്ചു.

10. സംസ്ഥാനതല ഇൗ-ജേർണൽ കൺസോർഷ്യം (State Level E Journal Consortium) രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

11. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം ഒരുക്കിയിട്ടുണ്ട്.

12. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE – Online Resources Initiatives of Collegiate Education) മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

13. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടു വേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാംവിധം Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു.

14. Scholar Support Programme, Walk With Scholar, FLAIR (Fostering Linkages For Academic Innovation And Research) മുതലായവ.

15. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL- ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു.

16. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി തുടങ്ങി വിവിധ സ്കോളർഷിപ്പുകൾ.

17. വിദേശ സർവ്വകലാശാലകളെ പരിചയപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് നേതൃത്വപാടവം ലഭിക്കുന്നതിനുമായി കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തപ്പെട്ടു.

18. 'Jeevani - College Mental Awareness Programme' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

19. സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി-ലബോറട്ടറി വികസനം തുടങ്ങിയ പദ്ധതികൾ.

20. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

21. 40 സർക്കാർ കോളേജുകൾക്ക് നാക് അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കോളേജുകളിൽ നൂതനമായ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

5-11-2020-ലെ G.O.(MS)389/2020/HEDN, 11-12-2020-ലെ G.O.(MS) 431/2020/HEDN, 30-12-2020-ലെ G.O.(MS)473/2020/HEDN എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ/ എയ്ഡഡ് കോളേജുകൾക്ക് നൂതന കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയിഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളിൽ 375 അദ്ധ്യാപക തസ്തികകളും എയ്ഡഡ് കോളേജുകളിൽ 753 അദ്ധ്യാപക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

## യു.ജി.സി.-യുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ

243 (1730) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് യു.ജി.സി. പുറത്തിറക്കിയ 4-6-2019-ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർവ്വകലാശാലകൾ പാലിക്കുന്നുണ്ടോ; ഏതെല്ലാം സർവ്വകലാശാലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയത് പാലിക്കാത്ത സർവ്വകലാശാലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള പുതിയ വിജ്ഞാപനത്തിന് മുന്നോടിയായി ഒഴിവുകളുടെ എണ്ണം നിജപ്പെടുത്തി റിസർവ്വേഷൻ പട്ടിക പ്രകാരം യൂണിവേഴ്സിറ്റി എം.എച്ച്.ആർ.ഡി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ സർവ്വകലാശാലകളിൽ അവസാനമായി നടത്തിയ അദ്ധ്യാപക നിയമനത്തിന്റെ റിസർവേഷൻ റോസ്റ്റർ ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്.

## സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ

244 (1731) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ സ്വകാര്യ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികയുടെ സ്റ്റാഫ് പാറ്റേൺ 29-2-2016-ലെ ജി.ഒ.(എം.എസ്.) 60/2016/ഉ.വി.വ. പ്രകാരം ആണ് അവസാനമായി പുതുക്കി നിശ്ചയിച്ചത്. 1-4-2020-ലെ ജി.ഒ.(എം.എസ്.)നമ്പർ 155/2020/ഉവിവ പ്രകാരം അദ്ധ്യാപകരുടെ ജോലിഭാരവും എണ്ണവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

(സി) പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ഓരോ കോളേജുകളിലും അദ്ധ്യാപക, അനദ്ധ്യാപക തലങ്ങളിൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരത്തിനാണ് ഒരു അദ്ധ്യാപക തസ്തിക അനുവദനീയമായിട്ടുള്ളത്. എന്നാൽ ഓരോ എയ്ഡഡ് കോളേജുകളിലും നിലവിലുള്ള കോഴ്സുകളുടെയും അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിലാണ് അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത്.

(ഡി) സ്റ്റാഫ് പാറ്റേൺ പ്രകാരം അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

2013 മുതൽ അനുവദിച്ച കോഴ്സുകളുടെ ജോലിഭാരം കണക്കാക്കി എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തിക 30-12-2020-ലെ ജി.ഒ.(എം.എസ്.)നമ്പർ 471/2020/ഉ.വി.വ. പ്രകാരം സൃഷ്ടിക്കുകയും അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ 29/02/2016 ലെ ജി.ഒ.(എം.എസ്.)നമ്പർ 60/2016/ഉവിവ പ്രകാരവും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അനദ്ധ്യാപക സ്റ്റാഫ് പാറ്റേണിൽ ഉണ്ടായ ചില അനോമലി 1-9-2019-ലെ ജി.ഒ.(എം.എസ്)നമ്പർ 308/2019/ഉവിവ പ്രകാരവും 21-11-2019-ലെ ജി.ഒ.(എം.എസ്.)നമ്പർ 375/2019/ഉവിവ പ്രകാരവും പരിഹരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ അറബിക് കോളേജുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

എയ്ഡഡ് അറബിക് കോളേജുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി ശിപാർശ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ

245 (1732) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി യൂണിവേഴ്സിറ്റി ലോസ് (The University Laws- Second Amendment) Act, 2014 പ്രകാരം ഏത് തീയതി മുതലാണ് കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളെയും ഒരു യൂണിറ്റായി പരിഗണിക്കേണ്ടത് എന്നറിയിക്കാമോ?

19-9-2013 മുതൽ.

(ബി) പ്രസ്തുത നിയമനിർമ്മാണപ്രകാരം വിവിധ പഠന വകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ ഒറ്റ യൂണിറ്റായി പരിഗണിക്കുന്നതിനാൽ പ്രസ്തുത തീയതിക്കുമുമ്പുള്ള ബാക് ലോഗ് ഒഴിവുകൾ, വ്യത്യസ്ത സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ടവ, നികത്തേണ്ടതില്ല എന്ന് നിഷ്കർഷിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിഷ്കർഷിക്കുന്നില്ല.

(സി) ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ വരുത്തിയ ഭേദഗതിയ്ക്ക് മുമ്പുള്ള ബാക് ലോഗ് ഒഴിവുകൾ, വിവിധ സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ടവ, നികത്താതിരിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

വ്യവസ്ഥയില്ല.

(ഡി) ടി നിയമം നിലവിൽ വന്നശേഷം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അദ്ധ്യാപക നിയമനത്തിനായി സംവരണ വിഭാഗങ്ങൾക്കായുള്ള എൻ.സി.എ. വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സർവ്വകലാശാലകൾ എന്നറിയിക്കാമോ?

ഇറക്കിയിട്ടില്ല.

## ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം നൽകുന്നതിന് നടപടി

246 (1733) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും ഈ അദ്ധ്യയന വർഷം ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചിരുന്നുവോ?

നിയമിച്ചിരുന്നു.

(ബി) എയ്ഡഡ് കോളേജുകളിൽ ഉൾപ്പെടെ നിയമിതരായ ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

എയ്ഡഡ് കോളേജുകളിൽ നിയമിതരായ ഗസ്റ്റ് ലക്ചറർമാർക്ക് ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ മുഖേനയും, സർക്കാർ കോളേജുകളിൽ നിയമിതരായ ഗസ്റ്റ് ലക്ചറർമാർക്ക് അതത് കോളേജുകൾ മുഖേനയും ശമ്പളം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് പ്രായപരിധി

247 (1734) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കേരളത്തിലെ സർവ്വകലാശാലകളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നീക്കണമെന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്; ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 21-1-2020-ൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം അസിസ്റ്റന്റ് പ്രൊഫസറിന്റെയും പ്രൊഫസറിന്റെയും നേരിട്ടുള്ള നിയമനത്തിന് (Direct Recruitment) ഉയർന്ന പ്രായപരിധി യു.ജി.സി. റെഗുലേഷൻ 2018-ന് അനുസൃതമായി ഒഴിവാക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഈ ശിപാർശ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

വിഷയം പരിശോധിക്കുന്നതാണ്.

(ഡി) യു.ജി.സി. മാനദണ്ഡപ്രകാരം അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

യു.ജി.സി മാനദണ്ഡപ്രകാരം അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

## ഗവൺമെന്റ് കോളേജുകളിലെ ഒഴിവുള്ള തസ്തികകളിലെ നിയമനം

248 (1735) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിൽ ദീർഘകാലമായി പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഏതൊക്കെ ഗവൺമെന്റ് കോളേജുകളിലാണ് പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് എന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 43 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

(ബി) കോളേജ് അധ്യാപകരുടെ ജോലിഭാരം വർദ്ധിപ്പിച്ചുകൊണ്ട് ഈയിടെ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല.

(സി) പ്രിൻസിപ്പൽ തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകളിൽ നിയമനം നടത്തി സംസ്ഥാനത്തെ കോളേജുകളിലെ ഭരണ-അക്കാദമികരംഗം സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഴിക്കോട് കോടഞ്ചേരി ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

249 (1736) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോടഞ്ചേരി ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണത്തിന് കിഫ്ബി ധനസഹായത്തോടെ തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ അവസ്ഥയും വിശദാംശവും ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് കോടഞ്ചേരി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന് KSITIL-നെ ആണ് നിർവഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത കോളേജിന്റെ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ കിഫ്ബി അപ്രൈസൽ പുരോഗമിച്ചുവരികയാണ്. അപ്രൈസൽ പൂർത്തിയാക്കി കിഫ്ബി അംഗീകാരം ലഭിച്ചശേഷം മാത്രമെ തുടർനടപടികൾ സാധിക്കുകയുള്ളൂ.

## വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്

250 (1737) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോളേജിന്റെ പ്രവർത്തന ആവശ്യത്തിലേയ്ക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി സർക്കാർ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ വൈപ്പിൻ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന വൈപ്പിനിൽ, ഒരു സർക്കാർ കോളേജിന് ആവശ്യമായ സർക്കാർ ഭൂമി ലഭ്യമല്ല. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും ഏകദേശം 1 കിലോമീറ്റർ ദൂരെ മാറി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 7.5 ഏക്കറോളം വരുന്ന ഭൂമി കോളേജ് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതായും ഭൂവുടമകൾ സമ്മതപത്രം നൽകിയതായും കോളേജിൽനിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത 7.5 ഏക്കർ ഭൂമിയിൽ 75 സെന്റ് ഭൂമി ഒഴികെയുള്ള ഭൂമിയുടെ കരം ഒടുക്ക് രസീതിൽ ഭൂമിയുടെ സ്വഭാവം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത

സ്ഥലത്തു കെട്ടിട നിർമ്മാണം നടത്തുന്നതിനായി ഭൂമി പുരയിടമായി മാറ്റേണ്ടതുണ്ട്. ഇത്തരത്തിൽ ഭൂമി ഇനം മാറ്റുന്നതിന് THE KERALA CONSERVATION OF PADDY LAND AND WETLAND ACT, 2008 പ്രകാരം പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാൻ ആയി Local Level Monitoring Committee എല്ലാ പഞ്ചായത്തിലും രൂപീകരിച്ചിട്ടുണ്ട്. കോളേജിന് കണ്ടെത്തിയ ഭൂമി കോളേജിന് വേണ്ടി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഭൂമി ഇനം മാറ്റുന്നതിന് Local Level Monitoring Committee-ക്ക് കോളേജിൽനിന്നും അപേക്ഷ നൽകുന്നതിന് കോളേജിന് കത്ത് നൽകിയിരുന്നു. ആയത് പ്രകാരം ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്നറിയുന്നതിനായി ഞാറക്കൽ വില്ലേജ് ഓഫീസർക്കും ഞാറക്കൽ കൃഷി ഓഫീസർക്കും കോളേജ് അധികൃതർ കത്ത് നൽകുകയും ചെയ്തിരുന്നു. അവിടെനിന്നും ലഭിച്ച മറുപടി പ്രകാരം 502/14, 503/12, 508/4, 508/2 എന്നീ റീ-സർവ്വേ നമ്പർ പ്രകാരമുള്ള ഏകദേശം ഒരേക്കറോളം ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റാബാങ്കിൽനിന്നും വിടുതലാക്കി ലഭിക്കുന്നതിനായി ജില്ലാ മോണിറ്ററിംഗ് സമിതിയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടികൾ കോളേജിൽനിന്നും സ്വീകരിച്ചു വരികയാണ്.

## തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ (ചൊക്ലി) അടിസ്ഥാന സൗകര്യ വികസനം

251 (1738) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ (ചൊക്ലി) അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തലശ്ശേരി, ചൊക്ലി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന് KITCO-യെ ആണ് നിർവ്വഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി 19-8-2018-ലെ G.O.(Rt) No.1573/ 2018/HEDN dated ഉത്തരവ് പ്രകാരം 10,41,32,948 രൂപ അനുവദിക്കുകയും 10,38,02,155 രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുകയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണുള്ളതെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം കോൺട്രാക്ടറെ നിശ്ചയിച്ച് പ്രസ്തുത കോൺട്രാക്ടറുമായി കരാറിലേർപ്പെട്ട് വർക്ക് അവാർഡ് ചെയ്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

252 (1739) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

തൃപ്പൂണിത്തുറ സർക്കാർ ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി വഴിയാണ് നടത്തുന്നത്. KITCO-യെ ആണ് നിർവ്വഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി 27-3-2018 -ലെ G.O.(Rt)No:603/2018/HEDN പ്രകാരം 13,57,58,075 രൂപ അനുവദിക്കുകയും 12-9-2019-ലെ TS No: 01/HED/KIIFB/2019-2020 പ്രകാരം 13,85,15,859 രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. 2021 ഫെബ്രുവരി മാസം അവസാനത്തോടെ നിർമ്മാണം പൂർത്തിയാകുന്നതാണ്.

## കുട്ടമ്പുഴയിൽ പുതിയ സർക്കാർ കോളേജ്

253 (1740) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പതിനാറിലധികം വരുന്ന ആദിവാസി കോളനികൾ ഉൾപ്പെടുന്നതും പിന്നാക്ക പ്രദേശവുമായ കുട്ടമ്പുഴയിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കുട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) ഇവിടെ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുള്ള അനുകൂല റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; ഇതുസംബന്ധിച്ച് ഏതെങ്കിലും ഫയൽ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

അനുയോജ്യമായ ഭൂമി ലഭ്യമാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ നിലവിലുണ്ട്.

(ഡി) പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പുതിയ അദ്ധ്യയന വർഷംതന്നെ കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്ഥലലഭ്യത, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്ത് ഇക്കാര്യം തീരുമാനിക്കുന്നതാണ്.

**പെരിങ്ങോം ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവൃത്തി**

254 (1741) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് കിഫ്ബി പദ്ധതിയിലൂടെ അനുവദിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പദ്ധതി എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി നിർമ്മാണം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണം നടത്തുന്നതിന് ടെണ്ടർ നടപടികൾ നടത്തിയെങ്കിലും വർക്ക് അവാർഡ് ചെയ്തിരുന്നില്ല. നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)-നെ ഏൽപ്പിക്കുന്നതിന് പ്രസ്തുത കോളേജിലെ കിഫ്ബി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KITCO സർക്കാർ നിർദ്ദേശം തേടുകയും അതിൻപ്രകാരം ULCCS-ന്റെ ടെണ്ടർ പരിഗണിക്കുന്നതിന് KITCO-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കാലതാമസം കൂടാതെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## തലശ്ശേരി ഗവൺമെന്റ് കോളേജ് (ചൊക്ലി) ചുറ്റുമതിൽ നിർമ്മാണം

255 (1742) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി ഗവൺമെന്റ് കോളേജിന് (ചൊക്ലി) ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്ന് അറിയിക്കാമോ?

തലശ്ശേരി, ചൊക്ലി സർക്കാർ കോളേജിൽ ചെയിൻ ലിങ്ക്ഡ് കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് 7.34 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

## വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്

256 (1743) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതുതായി കോഴ്സുകൾ അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുതുതായി കോഴ്സുകൾ തുടങ്ങുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല സമർപ്പിച്ച പട്ടികയിൽ വൈപ്പിൻ ഗവൺമെന്റ് കോളേജിനായി കോഴ്സുകൾ നിർദ്ദേശിച്ചിരുന്നെങ്കിലും ടി കോളേജിന് 2020-21 അദ്ധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല.

(ബി) ഈ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി, പ്രാദേശിക പരിഗണനകൾ, നാക്ക് അംഗീകാരം എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണ പ്രവൃത്തികൾ

257 (1744) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, പ്രവേശന കവാടം എന്നീ സുപ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് കോളേജ് അധികൃതർ, സ്ഥലം എം.എൽ.എ. തുടങ്ങിയവർ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ കെട്ടിട നിർമ്മാണം നടത്തിയ ഏജൻസിയെ കൊണ്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) മങ്കട സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, പ്രവേശന കവാടം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്, പ്രസ്തുത കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണം നടത്തിയിരുന്ന ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നെങ്കിലും ഫണ്ടിന് അപര്യാപ്തത ഉണ്ടായിരുന്നതിനാൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കോളേജിൽനിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## തഴവ ഗവൺമെന്റ് കോളജിന്റെ പേര് മാറ്റം

258 (1745) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ അനുവദിച്ച തഴവ ഗവൺമെന്റ് കോളേജിന്റെ പേര് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നു മാറ്റം വരുത്തുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉണ്ട്. കരുനാഗപ്പള്ളിയിൽ നിലവിൽ കോളേജിനായി കണ്ടെത്തിയിരിക്കുന്ന ഐ.എച്ച്.ആർ.ഡി.-യുടെ ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കോളേജിന് സ്വന്തമായി ഭൂമി ലഭ്യമായശേഷം കോളേജിന്റെ പേര് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 18-6-2020-ലെ G.O.(Rt) No.811/2020/HEDN പ്രകാരം 13,82,60,153 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത കോളേജിന്റെ പദ്ധതിയുടെ കിഫ്ബി അപ്രൈസൽ നടന്നുകൊണ്ടിരിക്കുന്നു.

(സി) കോളേജിനാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ?

13-10-2020-ലെ G.O.(MS) 123/2020/HEDN, 28-7-2018-ലെ G.O. (MS) No. 182/2018/HEDN, 27-10-2019 -ലെ G.O.(MS) 362/2019/HEDN എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

### കട്ടപ്പന സർക്കാർ കോളേജിന് ഇൻഡോർ സ്റ്റേഡിയം

259 (1746) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ കട്ടപ്പന ഗവൺമെന്റ് കോളേജിന് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇടുക്കി ജില്ലയിലെ കട്ടപ്പന സർക്കാർ ആർട്സ് & സയൻസ് കോളേജിലെ ഇൻഡോർ സ്റ്റേഡിയവും ഓഡിറ്റോറിയവും നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ 22-5-2020-ൽ നടന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നു. എന്നാൽ നാക്ക് സന്ദർശനം നിശ്ചയിച്ചിട്ടുള്ളതിനാൽ നാക് സ്കോറിന് അത്യാവശ്യമുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി 26-6-2020 -ലെ സ.ഉ.(സാധാ) നമ്പർ 859/2020/ഉ.വി.വ പ്രകാരം

4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയത് നിർമ്മിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് മുഖേന സ്വീകരിച്ചുവരികയാണ്. അടുത്ത സാമ്പത്തിക വർഷം ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുന്നതാണ്.

## നാദാപുരം ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

260 (1747) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) കിഫ്ബി വഴി ഭരണാനുമതി ലഭിച്ച പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) നാദാപുരം, സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന് കിറ്റ്കോയെ ആണ് നിർവ്വഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നെങ്കിലും യോഗ്യരായ ഒരു കോൺട്രാക്ടറെ മാത്രമേ കണ്ടെത്താൻ സാധിച്ചിരുന്നുവെള്ളുവെന്നും കണ്ടെത്തിയ ഏക കോൺട്രാക്ടറെ ഉപയോഗിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിവന്നു. നിർവ്വഹണ ഏജൻസിയായ കിറ്റ്കോയുടെ നേതൃത്വത്തിൽ റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിലെ അടിസ്ഥാനസൗകര്യ വികസനം

261 (1748) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി 4 കോടി 70 ലക്ഷം രൂപയും അഡ്മിനിസ്ട്രേറ്റീവ്/അക്കാദമിക് ബ്ലോക്കിന്റെയും ക്യാന്റീൻ കെട്ടിടത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി ധനസഹായത്തോടെ 5 കോടി 72 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ കോളേജിൽ പുരോഗമിച്ചുവരികയാണ്.

## ഡോ.ബി.ആർ.അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ വികസനപ്രവർത്തനങ്ങൾ

262 (1749) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ എം.എൽ.എ ഫണ്ടിൽ നിന്ന് 4,20,00,000 രൂപ ഉപയോഗിച്ച് കോളേജിന്റെ 30% നിർമ്മാണ പ്രവൃത്തി നടത്തിയിട്ടുണ്ട്. തുടർന്ന് 2018-19 സാമ്പത്തിക വർഷം നിലവിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 1,00,00,000 രൂപയും കിണർ, പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷം 46 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി 11,41,31,737 രൂപ ബാക്കിയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുണ്ട്. 2020-ൽ പുതിയ പി.ജി.കോഴ്സ് ആയ എം.എ. ഡെവലപ്മെന്റ് ഇക്കണോമിക്സ് പ്രസ്തുത കോളേജിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കിഫ്ബി അനുവദിച്ച പത്ത് കോടി രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

(ബി&സി) ബാലുശ്ശേരി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി പ്രവൃത്തി നടത്തുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന്

KITCO-യെ ആണ് നിർവ്വഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി 27-4-2020-ലെ G.O.(Rt) No.556/2020/HEDN ഉത്തരവ് പ്രകാരം 12,93,91,063 രൂപ അനുവദിക്കുകയും 4-6-2020-ലെ TS No:36/HED/KIIFB/2020-2021 പ്രകാരം 11,10,69,868 രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം കോൺട്രാക്ടറെ നിശ്ചയിച്ച് പ്രസ്തുത കോൺട്രാക്ടറുമായി കരാറിലേർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## മാനന്തവാടി ഗവൺമെന്റ് കോളേജ്

263 (1750) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച റൂസ പദ്ധതിയിൽ ഉൾപ്പെട്ട കോളേജിന്റെ പുരോഗതി വിലയിരുത്തുമോ?

റൂസാ 2-ാം ഘട്ടത്തിലെ ഘടകം 5-ൽ ഉൾപ്പെടുത്തി വയനാട് ജില്ലയ്ക്ക് അനുവദിച്ച മോഡൽ ഡിഗ്രി കോളേജ് വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പെരിയ വില്ലേജിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളുമായാണ് റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് മുമ്പോട്ട് പോകുന്നത്. ആയതിലേയ്ക്കായി 2019 ഫെബ്രുവരി 3-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി കോളേജിന്റെ ഡിജിറ്റൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. കോളേജ് ആരംഭിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കണ്ടെത്തുകയും ഭൂമി കൈമാറി ലഭിച്ച വിവരം റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് ദേശീയ റൂസയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി അടങ്കലായ 14.45 കോടി രൂപയിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച 12 കോടി രൂപയിൽ അധികമായി വരുന്ന 2.45 കോടി രൂപ വഹിച്ചുകൊള്ളാമെന്ന സംസ്ഥാന സർക്കാരിന്റെ അണ്ടർ ടേക്കിംഗും സ്ഥലത്തിന്റെ പൊസെഷൻ സർട്ടിഫിക്കറ്റും സഹിതം തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി/റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടർ 28-9-2020, 6-1-2021 എന്നീ തീയതികളിൽ ദേശീയ റൂസയെയും, കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി ഗവൺമെന്റ് അംഗീകൃത ഏജൻസിയായി

KSITIL തയ്യാറാക്കിയ DPR ആണ് അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിനാവശ്യമായ കേന്ദ്ര വിഹിതം ലഭിച്ചാലുടൻ തുടർനടപടികൾ റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റിന്റെ ഭാഗത്തുനിന്നും ആരംഭിക്കുന്നതാണ്.

(ബി) മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് പുതിയ കോഴ്സ് അനുവദിച്ചത്?

മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി സർക്കാർ കോളേജിന് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ പി. കെ. കാളൻ മെമ്മോറിയൽ അപ്ലൈഡ് സയൻസ് കോളേജിൽ 2020-21 അദ്ധ്യയന വർഷത്തിൽ എം.കോം (ഫിനാൻസ്) - 15 സീറ്റ്, ബി.കോം (കോ-ഓപ്പറേഷൻ) - 40 സീറ്റ് എന്നീ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ മാനന്തവാടി സർക്കാർ പോളിടെക്നിക്ക് കോളേജ് ഈ സർക്കാരിന്റെ കാലത്താണ് പ്രവർത്തനം ആരംഭിച്ചത്. ടി പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ ഡിപ്ലോമ ബ്രാഞ്ചുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

(സി) മാനന്തവാടി മണ്ഡലത്തിലെ മേരിമാതാ കോളേജിന് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) മാനന്തവാടി ഐ.എച്ച്.ആർ.ഡി കോളേജ് വിപുലീകരിക്കുന്നതിന് നടപടിയുണ്ടോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള പി. കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് മാനന്തവാടി ഗവൺമെന്റ് കോളേജിന്റെ ക്യാമ്പസ്സിലാണ് പ്രവർത്തിക്കുന്നത്. കോളേജിനുവേണ്ടി അനുവദിച്ച സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 7-1-2021-ൽ നിർവ്വഹിക്കുകയുണ്ടായി. ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പ്രവർത്തനം ഈ പുതിയ ക്യാമ്പസ്സിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിന് കൂടുതൽ കെട്ടിട സൗകര്യങ്ങൾ ആവശ്യമുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്.

(ഇ) മാനന്തവാടി ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ കൂടുതൽ കോഴ്സുകൾ അനുവദിക്കാൻ നടപടിയുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി സർക്കാർ കോളേജിൽ അനുവദിച്ച കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

Name of the College, Course sanctioned during the period of this Govt., Year of Sanction, Government Order - Govt. Arts & Science College Mananthavady; M.A English, M.A Development Economics, M.Sc Electronics; 2016-17, 2018-19, 2020-21, 7-11-2016-ലെ G.O.(MS) No. 227/2016/H.Edn, 30-1-2020-ലെ G.O (Ms) No. 59/2020/H.Edn.

## ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

264 (1751) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എളേരിത്തട്ടിലെ ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ യൂണിവേഴ്സിറ്റി ശിപാർശ ഉണ്ടായിട്ടും അനുവദിക്കാൻ കഴിയാത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ; പ്രസ്തുത കോളേജിൽ പുതിയ കോഴ്സ് എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിന് 2020-2021 അക്കാദമിക വർഷത്തിൽ 16-1-2020-ലെ സ.ഉ.(കൈ.) നമ്പർ 31/2020/ഉ.വി.വ. ഉത്തരവ് പ്രകാരം ബി.എ. പൊളിറ്റിക്കൽ സയൻസ് കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. NAAC സ്കോറും, പ്രാദേശിക പരിഗണനകളും മറ്റും കണക്കിലെടുത്താണ് പുത്തൻതലമുറ കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്.

## നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയതായി അനുവദിച്ച കോഴ്സ്

265 (1752) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിൽ 2020-21 വർഷത്തിൽ പുതിയതായി അനുവദിച്ച കോഴ്സ് ഏത് എന്ന് വിശദമാക്കാമോ?

എം.എ ഇംഗ്ലീഷ്.

(ബി) അനുവദിച്ച പുതിയ കോഴ്സ് ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

കേരള യൂണിവേഴ്സിറ്റിയിൽനിന്നും കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. യൂണിവേഴ്സിറ്റി തലത്തിൽ അംഗീകാരം ലഭിച്ചാൽ മാത്രമെ കോഴ്സ് ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## പൂക്കോട്ടുകാവിൽ കോളേജ് സ്ഥാപിക്കണമെന്ന നിർദ്ദേശം

266 (1753) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചതെന്ന് അറിയിക്കുമോ?

1-7-2019- നാണ് ലഭിച്ചത്.

(ബി) ആയതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിഗണിക്കാവുന്നതാണെന്ന വിവരം 6-3-2020-ലെ ബി3/68/2019 നമ്പർ കത്ത് മുഖേന ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്

267 (1754) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(എ&ബി) തൃപ്പൂണിത്തുറ ആർ.എൽ.വി. മ്യൂസിക് & ഫൈൻ ആർട്സ് കോളേജിലെ അടിസ്ഥാന സൗകര്യവികസനത്തിനായി താഴെ പട്ടിക പ്രകാരമുള്ള തുക അനുവദിക്കുകയും നിർമ്മാണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

| Sl No. | Work | Details | Year | Amount |
|---|---|---|---|---|
| 1. | Construction of Toilet in Auditorium | Plan Fund | 2017-18 | 1,00,000 |
| 2. | Construction of Ladies Hostel | CIUP | 2018-19 | 3,00,00,000 |
| 3. | Construction & Maintenance of Toilets | CQIP | 2018-19 | 10,00,000 |
| 4. | Maintenance of College Building | AMF | 2019-20 | 1,66,25,000 |

**കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടം**

268 (1755) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് തീയതി സഹിതം വ്യക്തമാക്കുമോ?

(എ&ബി) 9-5-2011-ലെ സ.ഉ.(കൈ)നമ്പർ 26/11/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കോഴിക്കോട് താലൂക്ക് കസബ വില്ലേജ് റീ സർവ്വേ നമ്പർ ടി.എസ്. 5/23/1134-ൽ ഉൾപ്പെട്ട 34 സെന്റ് സ്ഥലവും പ്രസ്തുത സ്ഥലത്ത് നിലവിലുള്ള പഴയ സ്റ്റോർ കെട്ടിടങ്ങളും കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി സബ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി അഞ്ച് വർഷത്തേയ്ക്ക് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയ്ക്ക് വാടക ഒഴിവാക്കി അനുവദിച്ചുനല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവ് 13-7-2012-ലെ G.O.(Ms).1266/2012/PWD പ്രകാരം കോഴിക്കോട് ജില്ലയിലെ തുരുത്തിയാട് ഒഴിഞ്ഞുകിടക്കുന്ന പി.ഡബ്ല്യൂ.ഡി. ജില്ലാ സ്റ്റോർ കെട്ടിടങ്ങളും

54 സെന്റ് സ്ഥലവും (സർവ്വേ നമ്പർ-5-23-1139/2) സബ് സെന്റർ സ്ഥാപിക്കുന്നതിനായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്ക് താല്ക്കാലികമായി കൈമാറുന്നതിന് ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന സർവ്വേ നമ്പർ ഭൂമി നിർമ്മിതി കേന്ദ്രയ്ക്ക് വിട്ടുകൊടുത്ത ഭൂമിയുടെതാണെന്ന് കണ്ടെത്തിയതിനാൽ കൈമാറ്റം നടന്നില്ല. 2-6-2014-ലെ സ.ഉ.(എം.എസ്.) നമ്പർ 228/2014/റവന്യൂ പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി തുരുത്തിയാട് അഴകൊടി ദേവീ ക്ഷേത്രത്തിന് സമീപമുള്ള അടഞ്ഞുകിടക്കുന്ന PWD ജില്ലാ ഗോഡൗൺ പരിസരത്ത് (ടി.എസ്. 5-23-1139/2), 54 സെന്റ് സ്ഥലം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഭൂമി അഴകൊടി ദേവീ ക്ഷേത്രത്തിന് വിട്ടു നൽകണം എന്ന ആവശ്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. ലോഹിതാക്ഷൻ സമർപ്പിച്ച WP (C) 22446/18 നമ്പർ കേസ് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ടി കേസിന്റെ 3-9-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കളക്ടർ അനുമതി നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജനപ്രതിനിധികളുടെ അഭിപ്രായത്തെ തുടർന്ന്, DPR-ഉം എസ്റ്റിമേറ്റും തയ്യാറാക്കുവാൻ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ 22-11-2019-ലെ CE/F/7420/2016 കത്ത് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. അതിൻ പ്രകാരം M/s.ULCCS കെട്ടിട നിർമ്മാണത്തിന്റെ പ്ലാൻ മാർച്ച് 6, 2020-ന് സമർപ്പിച്ചു. 6-8-2020-ലും 20-8-2020-ലും ഡയറക്ടർ തലത്തിൽ മീറ്റിംഗ് കൂടുകയും 11-9-2020-ൽ M/s.ULCCS 51711 sq.ft-ൽ 5 നില കെട്ടിടത്തിന് പുതിയ പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .

(സി) ആയതിനായി എത്ര തുകയാണ് വകയിരുത്തിയതെന്നും എന്നാണ് ഈ തുക വകയിരുത്തിയതെന്നും വിശദമാക്കുമോ?

ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

മതിയായ ഫണ്ടും Administartive Sanction-ഉം Technical Sanction എന്നിവയുടെ അഭാവം എന്നിവമൂലം കെട്ടിട നിർമ്മാണം വൈകിയിട്ടുണ്ട്.

## ദേവികുളത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വികസനപ്രവൃത്തികൾ

269 (1756) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന ദേവികുളം നിയോജകമണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) 2018-ലെ മഹാപ്രളയത്തിൽ തകർന്നുപോയ മൂന്നാർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ കുട്ടികൾക്ക് അടിയന്തര പഠന സൗകര്യം ഒരുക്കുന്നതിന് 20 ലക്ഷം രൂപ അനുവദിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി അവിടെ കോളേജ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തരമായി മൂന്നാർ ആർട്സ് & സയൻസ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ 2015-16-ൽ 85 ലക്ഷം രൂപയും 2017-18-ൽ 50 ലക്ഷം രൂപയും പ്ലാൻ ഫണ്ടായി അനുവദിച്ചിരുന്നു. ആയത് മെക്കാനിക്കൽ ലാബിനും Equipments നും ആയി ഉപയോഗിക്കുകയുണ്ടായി. ദേവികുളം നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അടിമാലി സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിൽ അക്കാദമിക് ബ്ലോക്ക്, വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ, ഓഡിറ്റോറിയം, ശൗചാലയം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എം.ജി.സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് സർവ്വകലാശാലയുടെ ഹ്രസ്വകാല കോഴ്സുകൾക്ക് വേണ്ടി സാറ്റലൈറ്റ് ക്യാമ്പസും ഇൻഫർമേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ചീമേനി അപ്ലൈഡ് സയൻസ് കോളേജ്

270 (1758) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ കൂടുതൽ നൂതനമായ കോഴ്സുകൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ജില്ലയുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഉന്നതവിദ്യാഭ്യാസത്തിന് കൂടുതലും കർണ്ണാടക സ്റ്റേറ്റിനെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ ഇവിടെ പുതിയ കോഴ്സുകൾ പ്രഖ്യാപിക്കുമോ?

(എ&ബി) ചീമേനിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ നൂതന രീതിയിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. 2020-21 അദ്ധ്യയന വർഷത്തിൽ പ്രസ്തുത കോളേജിൽ എം.കോം (ഫിനാൻസ്) കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബി.കോം (കോ-ഓപ്പറേഷൻ) എന്ന കോഴ്സ് ആരംഭിക്കുന്നതിനുള്ള ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം

271 (1759) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് നിലവിലെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ ആനുകൂല്യം എന്ന് മുതൽ പ്രസ്തുത അദ്ധ്യാപകർക്ക് നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

31-3-2020-ലെ G.O.(Ms)No.154/2020/HEDN പ്രകാരം എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ AICTE ശമ്പളപരിഷ്കരണം (7th Scheme) നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ ചില പിശകുകൾ കടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 21-5-2020-ലെ G.O.(Rt) No.649/2020/HEDN ഉത്തരവ് പ്രകാരം മേൽ ഉത്തരവ് Stay ചെയ്യുകയുണ്ടായി. AICTE നിർദ്ദേശപ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

272 (1760) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഏതെല്ലാം കോഴ്സുകൾ പുതുതായി അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അനുവദിച്ച കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. B.Tech in Civil Engineering (60 Seats)

2. M.Tech in Mechanical Engineering (Robotics - 18 Seats)

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കോളേജിന്റെ വികസനത്തിനായി സർക്കാർ അനുവദിച്ച തുകയുടെയും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No | Name of Work | Amount(in Lakhs) | Status of work |
|---|---|---|---|
| 1 | Construction of Staff Quarters | 730 | Under Construction |
| 2 | Rain water harvesting tank | 85 | Under Construction |
| 3 | Roofing/Leak proofing/painting | 297 | 80% completed |
| 4 | Rural sports complex | 20 | Completed in 2019 |

## സാങ്കേതിക സർവ്വകലാശാല വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ

273 (1761) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ക്ലാസ്സുകൾ ജനുവരിയിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡ് വ്യാപനം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ ക്രമീകരണങ്ങളാണ് സർവ്വകലാശാല ഒരുക്കിയിട്ടുള്ളത്?

ഇതുസംബന്ധിച്ച് 2020 നവംബറിൽ യു.ജി.സി. പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാല പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ഓൺലൈനായി പഠിക്കുവാൻ താല്പര്യം ഉള്ളവർക്ക് അതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) പഠനയാത്രകൾ, ഫീൽഡ് വർക്കുകൾ തുടങ്ങിയവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്

274 (1762) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിച്ച് പണിയുന്ന പുതിയ മന്ദിരത്തിനു പി.ഡബ്ല്യൂ.ഡി.-യുടെ ഡി.പി.ആർ. അനുസരിച്ച് ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഏത് തരത്തിലുള്ള ഇടപെടൽ കൊണ്ടാണ് പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് വിഭാഗം നൽകിയ ഡി.പി.ആർ.-ന് ഭരണാനുമതി നിഷേധിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) അടിയന്തര ഇടപെടൽ നടത്തി പുതിയ മന്ദിരത്തിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിലെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ അനുമതിക്കായി 22-2-2020-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സമർപ്പിക്കുകയും പ്രസ്തുത

യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ടി സ്ഥാപനത്തിലെ മെയിൻ ബ്ലോക്കിൽ എ.ഐ.സി.ടി.ഇ അക്രെഡിറ്റേഷൻ ആവശ്യങ്ങൾക്കായി ഒരു ക്ലാസ് മുറി ഒഴിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ടി സ്ഥാപന മേധാവിക്ക് അറിയിപ്പ് നൽകിയിരുന്നുപ്രകാരം നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് പ്രിൻസിപ്പൽ 20-1-2021-ന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 22-5-2020-ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനമനുസരിച്ച് ഡെപ്യൂട്ടി ഡയറക്ടർ സ്ഥാപനം സന്ദർശിക്കുകയും പ്രസ്തുത ക്ലാസ്സ് മുറിയിൽനിന്നും വിദ്യാർത്ഥികളെ ഒഴിപ്പിച്ച് മുറിയിലെ സാധനങ്ങൾ മാറ്റി പെയിന്റിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ടി മുറി മറ്റാവശ്യങ്ങൾക്കൊന്നും ഉപയോഗിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അടുത്ത വർക്കിംഗ് ഗ്രൂപ്പ് മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതിന് നടപടി

275 (1765) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് കോളേജാക്കി ഉയർത്തണമെന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിന്റെ പരിസരത്തുതന്നെ പോളിടെക്നിക് ആരംഭിക്കുന്നതിലേക്കായി അവിടെ ബ്രാഞ്ചുകൾ, തസ്തികകളുടെ എണ്ണം, ഭൂമിയുടെ ലഭ്യത തുടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിലേക്കായി എസ്റ്റിമേറ്റുൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(ബി) പോളിടെക്നിക് കോളേജാക്കി ഉയർത്തണമെന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടായിട്ടില്ല. എന്നാൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ശ്രീ. മുഹമ്മദ് മുസ്തഫയെ, കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിരുന്നു. ടിയാൻ 21-01-2019-ൽ പ്രാഥമിക റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തിരുന്നു. ടിയാൻ വിരമിക്കലിന് മുന്നോടിയായി ലീവിൽ പ്രവേശിച്ച സാഹചര്യത്തിൽ, സ്ഥാപനം തുടങ്ങുന്നതിലേയ്ക്കാവശ്യമായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ആയ ശ്രീ. സജീവ്. പി.എസ്.-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) ഇത് സംബന്ധിച്ച സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ഫയലുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രാഥമിക റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

## സി-ആപ്റ്റ്

276 (1766) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ പേ റിവിഷൻ നടപ്പിലാക്കിയിട്ട് എത്ര വർഷമായെന്ന് അറിയിക്കാമോ?

സി-ആപ്റ്റിൽ പേ റിവിഷൻ നടപ്പിലാക്കിയിട്ട് 8 വർഷമായി.

(ബി) സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മീഷൻ റിപ്പോർട്ട് പ്രകാരം വട്ടിയൂർക്കാവിലെ സി-ആപ്റ്റ് ഹെഡ് ഓഫീസിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ അധികമായി ജോലി ചെയ്യുന്നുണ്ട്?

സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെയും സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറെയും എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു. അപാകതകൾ പരിഹരിച്ച് പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഹെഡ് ഓഫീസിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ അധികമായി ജോലി ചെയ്യുന്നുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാവുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സർക്കാർ വന്നതിനുശേഷം സി-ആപ്റ്റിന് എത്ര രൂപ ഗ്രാന്റ് ആയി ലഭിച്ചു; ഈ തുകയിൽനിന്ന് എത്ര രൂപ ഏതൊക്കെ സെന്ററിന് നല്കിയെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ ഫണ്ടിനത്തിൽ സി-ആപ്റ്റിന് ലഭിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 250 | 250 |
| 2017-18 | 290 | 70.62 |
| 2018-19 | 320 | 157.3833 |
| 2019-20 | 320 | 220.367 |
| 2020-21 | 300 | 193.849 |

മേൽ സൂചിപ്പിച്ച തുകയിൽനിന്നും എറണാകുളം ഉപകേന്ദ്രത്തിന് 49.42 ലക്ഷം രൂപയുടെ മെഷീൻ 2016-20 വർഷങ്ങളിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്. കൂടാതെ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ബയോ മെട്രിക് അറ്റൻഡൻസ് സിസ്റ്റം എന്നിവ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എല്ലാ ഉപകേന്ദ്രങ്ങൾക്കും സി-ആപ്റ്റിൽനിന്നും വാങ്ങി നൽകിയിട്ടുണ്ട്.

(ഡി) സി-ആപ്റ്റിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും കഴിഞ്ഞ പത്ത് വർഷക്കാലമായി ഒരു ട്രാൻസ്ഫർപോലും ലഭിക്കാത്ത എത്ര ജീവനക്കാർ ഉണ്ടെന്നും അറിയിക്കാമോ?

സി-ആപ്റ്റിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ 310 ജീവനക്കാരും ഉപകേന്ദ്രം/ഡെപ്യൂട്ടേഷൻ/ദീർഘകാല അവധി എന്നീ വിഭാഗങ്ങളിലായി 282 ജീവനക്കാരും ഉൾപ്പെടെ ആകെ 592 ജീവനക്കാരാണ് സെന്ററിൽ ഉള്ളത്. സെന്ററിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കിയിട്ടില്ല. സെന്ററിന്റെ പ്രധാന പ്രവർത്തനം നടക്കുന്ന ഹെഡ് ഓഫീസിലാണ് ഭൂരിഭാഗം ജീവനക്കാരും ജോലി ചെയ്തുവരുന്നത്. ഹെഡ് ഓഫീസിലും ഉപകേന്ദ്രങ്ങളിലും ലഭിക്കുന്ന അച്ചടി ജോലികൾക്കനുസൃതമായാണ് ജീവനക്കാരെ പുനർവിന്യസിക്കുന്നത്. നിലവിൽ ഹെഡ് ഓഫീസിലും ഉപകേന്ദ്രങ്ങളിലും ജോലിനോക്കുന്ന ഭൂരിഭാഗം ജീവനക്കാരും പത്ത് വർഷക്കാലത്തിലധികമായി ഒരു ട്രാൻസ്ഫറും ലഭിക്കാത്ത ജീവനക്കാരാണ്.

(ഇ) ലോട്ടറി സെക്ഷനിലേക്ക് റൊട്ടേഷൻ വ്യവസ്ഥിതിയിൽ സബ് സെന്ററിൽനിന്നും ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ കൊണ്ടുവരുന്നത് എന്ത് മാനദണ്ഡമനുസരിച്ചാണ്; സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേണും പ്രൊമോഷൻ പോളിസിയും ട്രാൻസ്ഫർ നോംസും നിലവിലുണ്ടോ?

സി-ആപ്റ്റിന്റെ ഉൽപ്പാദിത വരുമാനത്തിൽനിന്നുമാണ് ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് ചെലവുകളും കണ്ടെത്തി വരുന്നത്. സെന്ററിന്റെ മുഖ്യവരുമാനം ലഭിക്കുന്നത് ഹെഡ് ഓഫീസിൽ നടക്കുന്ന ലോട്ടറി ടിക്കറ്റ് അച്ചടി, പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തക അച്ചടി, എസ്.എസ്.എ ചോദ്യപേപ്പർ അച്ചടി എന്നിവയിൽ നിന്നുമാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എസ്.എസ്.എ ചോദ്യപേപ്പർ അച്ചടി സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇത് സ്ഥാപനത്തിന്റെ വരുമാനത്തെ വലിയ തോതിൽ ബാധിച്ചിരുന്നു. നിലവിൽ ഉപകേന്ദ്രങ്ങളിൽ മിക്കവയും ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ ഹെഡ് ഓഫീസിലെ പ്രൊഡക്ഷൻ/ലോട്ടറി ടിക്കറ്റ് അച്ചടിയിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് ഉപകേന്ദ്രങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുൾപ്പെടെയുള്ളവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകി വരുന്നത്. നിലവിൽ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസ് കോംപ്ലക്സിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാരെയും ശനി, ഞായർ ദിവസങ്ങളിൽപോലും ഡ്യൂട്ടിക്ക് നിയോഗിച്ച് ലോട്ടറി ജോലികൾ സമയബന്ധിതമായി തീർപ്പാക്കുവാൻ മാനേജ്മെന്റ് ശ്രമിച്ചുവെങ്കിലും പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. യഥാസമയം ലോട്ടറി ടിക്കറ്റ് അച്ചടിച്ച് ലോട്ടറി വകുപ്പിന് നൽകിയില്ലായെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലോട്ടറി ടിക്കറ്റുകൾ വിൽക്കുവാൻ സാധിക്കാതെ വരികയും ലോട്ടറിയിൽ നിന്നുള്ള വരുമാനം സർക്കാരിന് കുറയുവാൻ ഇടവരികയും ചെയ്യും. ഇത് ലോട്ടറി പ്രിന്റിംഗ് ജോലികൾ സി-ആപ്റ്റിന് നഷ്ടമാകാനും അതിലൂടെ സ്ഥാപനം കടുത്ത സാമ്പത്തിക അരക്ഷിതാവസ്ഥയിലേയ്ക്ക് പോകാനും സാധ്യതയുണ്ട്. മേൽ പശ്ചാത്തലത്തിലാണ് ഹെഡ് ഓഫീസിൽ ലോട്ടറി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി ഉപകേന്ദ്രങ്ങളിലെ ജീവനക്കാരെ 90 പ്രവൃത്തി ദിവസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെൻറ് അടിസ്ഥാനത്തിൽ ഹെഡ് ഓഫീസിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ളത്. കൂടാതെ ഹെഡ് ഓഫീസിൽ അധിക ജീവനക്കാരെ ആവശ്യമുള്ളപക്ഷം മറ്റു ജില്ലകളിൽനിന്നും പുനർവിന്യസിപ്പിക്കുവാൻ 9-4-2019-ലെ കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. നിലവിൽ സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി, ട്രാൻസ്ഫർ നോംസ് എന്നിവ നടപ്പിലാക്കിയിട്ടില്ല.

(എഫ്) സി-ആപ്റ്റിൽ സബ് സെന്റർ/ജില്ലാ ഓഫീസുകളിൽ മേലധികാരികളെ നിയമിക്കുന്നത് എന്ത് മാനദണ്ഡമനുസരിച്ചാണെന്ന് വ്യക്തമാക്കാമോ?

സി-ആപ്റ്റിൽ പ്രൊമോഷൻ പോളിസി, സ്റ്റാഫ് പാറ്റേൺ എന്നിവ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഉപകേന്ദ്രങ്ങളിൽ ഉയർന്ന തസ്തികയിൽ ജോലി ചെയ്തുവരുന്ന ട്രെയിനിംഗ് ഓഫീസർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഇൻസ്ട്രക്ടർ (പ്രിന്റിംഗ്), ജൂനിയർ അക്കൗണ്ടന്റ് എന്നീ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഉപകേന്ദ്രങ്ങളുടെ ചുമതല നൽകിവരുന്നു.

## സി-ആപ്റ്റ് ജീവനക്കാരുടെ പ്രശ്നങ്ങൾ

277 (1767) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ മറ്റ് ജില്ലകളിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് ദിനബത്തയും യാത്രാബത്തയും നൽകാറുണ്ടോ?

ഇല്ല.

(ബി) ഹെഡ് ഓഫീസിലും സബ് സെന്ററുകളിലുമായി ക്ലറിക്കൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ എത്ര ജീവനക്കാർ മറ്റ് സെക്ഷനുകളിൽനിന്നും ജോലി ചെയ്യുന്നുണ്ട്; അവരുടെ വിശദവിവരങ്ങൾ നൽകാമോ?

ഹെഡ് ഓഫീസിൽനിന്നും 9 പേരും കോട്ടയം ഉപകേന്ദ്രത്തിൽനിന്നും ഒരാളും ഉൾപ്പെടെ 10 പേർ മറ്റു വിഭാഗങ്ങളിൽനിന്നായി സി-ആപ്റ്റിന്റെ ഓഫീസ് വിഭാഗത്തിൽ ജോലി നോക്കുന്നു. അവരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫീസ് - ശ്രീമതി ഗീതാകുമാരി. റ്റി. ജി (കംപ്യൂട്ടർ ഓപ്പറേറ്റർ), ശ്രീ. ഗോപകുമാർ. ജി (ഡി.റ്റി.പി ഓപ്പറേറ്റർ), ശ്രീമതി പാത്തുമ്മ ബീവി. എം (ഹെൽപ്പർ), ശ്രീ. ഷാജു. എ (ഹെൽപ്പർ), ശ്രീ. ശ്രീകുമാർ. കെ (കംപ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി ബിന്ദു. വി (ഡി.റ്റി.പി. ഓപ്പറേറ്റർ), ശ്രീമതി നജു. എ (ഡി.റ്റി.പി ഓപ്പറേറ്റർ), ശ്രീമതി സലീന എം. സെയ്ദ് (ഡി.റ്റി.പി. ഓപ്പറേറ്റർ), ശ്രീ. സുനിൽ എം. എ (ഡി.റ്റി.പി. ഓപ്പറേറ്റർ). കോട്ടയം ഉപകേന്ദ്രം - ശ്രീമതി ജെസ്സി ജോസഫ് (ഡി.റ്റി.പി. ഓപ്പറേറ്റർ)

(സി) ബുദ്ധിമാന്ദ്യം, ഓട്ടിസം എന്നീ ഗുരുതരമായ അംഗവൈകല്യമുള്ള മക്കളുള്ള ജീവനക്കാർക്ക് സർക്കാർ നിർദ്ദേശിക്കുന്ന പരിഗണന സി-ആപ്റ്റ് നൽകുന്നുണ്ടോ?

ഉണ്ട്.

(ഡി) ലോട്ടറി സെക്ഷനിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ 90 പ്രവൃത്തി ദിവസം ജോലി പൂർത്തിയാക്കാത്ത എത്ര ജീവനക്കാർ ഉണ്ട്; അവരുടെ പേര്, തസ്തിക തുടങ്ങിയ വിവരങ്ങൾ നൽകാമോ?

ലോട്ടറി സെക്ഷനിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ 90 പ്രവൃത്തി ദിവസം ജോലി പൂർത്തിയാക്കാത്ത 14 പേരുണ്ട്. അവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സിറ്റി സെന്റർ - ശ്രീമതി ചിത്രജയ. ഡി. ആർ (ഇ. റ്റി. ഓപ്പറേറ്റർ), ശ്രീമതി ഷാഹിദാ ബീവി. എം (എൽ.ഡി. സ്റ്റോർ കീപ്പർ) കൊല്ലം - ശ്രീ. ഉദയൻ. എൻ, (ഹെൽപ്പർ) കോട്ടയം - ശ്രീമതി ആലീസ് ജോസഫ് (ഡി.റ്റി.പി. ഓപ്പറേറ്റർ), ശ്രീ. സൈബു കെ. എം. (ബൈന്റർ), ശ്രീമതി ബിന്ദു തങ്കപ്പൻ (എൽ. ഡി. ടൈപ്പിസ്റ്റ്), ശ്രീ. ബിനു. എസ് (ഹെൽപ്പർ), ശ്രീ. രഘുനാഥൻ നായർ. ഡി (ഹെൽപ്പർ) എറണാകുളം - ശ്രീ. പോളച്ചൻ കെ. എസ്. (ഓഫീസ് അസിസ്റ്റന്റ്), ശ്രീമതി മണിയമ്മ. സി. കെ., (ഹെൽപ്പർ) കട്ടുത്തുരുത്തി- ശ്രീ. തോംസൺ തോമസ് (ജൂനിയർ അക്കൗണ്ടന്റ്) മലപ്പുറം - ശ്രീ. ശിവാനന്ദൻ എം. (ഓഫീസ് അസിസ്റ്റന്റ്), ശ്രീമതി നസീമ പി. എം (ബൈന്റർ) കണ്ണൂർ - ശ്രീമതി സൂസൻ ജേക്കബ് (ഇ. റ്റി. ഓപ്പറേറ്റർ)

## ആയവന റ്റി.എച്ച്.എസ്.-ന് സ്വന്തം കെട്ടിടം

278 (1768) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആയവന റ്റി.എച്ച്.എസിന് സ്വന്തമായി കെട്ടിടം പണിയുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിലെ ഏനാനല്ലൂർ വില്ലേജിലെ 269/5-1, 273/1A2, 273/2 എന്നീ സർവ്വേ നമ്പരുകളിലുള്ള 3 ഏക്കർ 19 സെന്റ് സ്ഥലം ആയവന ടെക്നിക്കൽ ഹൈസ്കൂളിനായി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സർവ്വകലാശാലകളിലെ പൊതുഅക്കാദമിക് കലണ്ടർ

279 (1769) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന്റെ നടപടിയുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതുഅക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെയും കൗൺസിലിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ നടത്തിപ്പും ഫല പ്രഖ്യാപനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ബി) പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയിൽ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം വരുത്തുവാൻ സർക്കാർ ഭാഗത്തുനിന്നും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതുഅക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെയും കൗൺസിലിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## ശ്രീശങ്കരാചാര്യ, മലയാള സർവ്വകലാശാലകളിലെ ഗവേഷണ പഠനം

280 (1770) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സോഷ്യൽ വർക്കിൽ ഗവേഷണ പഠനത്തിന് നാളിതുവരെ രജിസ്റ്റർ ചെയ്തവരുടെ പേരുകൾ വ്യക്തമാക്കാമോ; ഇവരിൽ ആരുടെയൊക്കെ രജിസ്ട്രേഷൻ ആണ് റദ്ദായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. അബിൻ മാത്യു 2. ഉമേഷ് ഉണ്ണികൃഷ്ണൻ 3. ഷിഞ്ചു കുര്യൻ 4. ഉമാദേവി കെ. 5. ദർശിനി ഷിബു 6. അരുൺ പോൾ 7. അബ്ദുൾ കരീം സി. 8. ടെസ്‌ല ജസിൽ ഇ. 9. കിരൺ ചന്ദ്രൻ ആർ. എസ്. 10. ജെസ്‌ലി ജേക്കബ് 11. വിവേക് കുമാരൻ 12. ജാസ്മിൻ ജോർജ് ഇവരിൽ ആരും രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടില്ല.

(ബി) രജിസ്ട്രേഷൻ റദ്ദായിട്ടുള്ള ഓരോരുത്തരുടെയും പുനർ രജിസ്ട്രേഷന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടില്ലാത്തതിനാൽ പുനർ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല.

(സി) തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ തദ്ദേശ വികസന പഠനം, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഗവേഷണപഠനത്തിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ സോഷ്യോളജി വിഭാഗത്തിൽ ഗവേഷണ പഠനത്തിന് സോഷ്യോളജി വിഷയത്തിൽ 55% മാർക്കോട്ടുകൂടിയുള്ള എം.എ. അടിസ്ഥാന യോഗ്യതയാണ്. തദ്ദേശ വികസന പഠനത്തിന് 55% മാർക്കോട്ടുകൂടിയുള്ള എം.എ. തദ്ദേശ വികസന പഠനം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഡെവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡെവലപ്മെന്റ് എന്നിവയാണ് യോഗ്യതകൾ.

(ഡി) സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) ഇവയുടെ അടിസ്ഥാന യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ഇ) സമാന പഠനശാഖയിൽ ഉൾപ്പെടുന്നതിനാൽ സോഷ്യൽ വർക്ക് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം തദ്ദേശ വികസന പഠനം, സോഷ്യോളജി എന്നിവയിൽ ഗവേഷണത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സോഷ്യൽ വർക്ക് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം തദ്ദേശ വികസന പഠനം, സോഷ്യോളജി എന്നിവയിൽ ഗവേഷണത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിന് പഠനബോർഡിന്റെയും പണ്ഡിതസഭയുടെയും നിർവ്വാഹക സമിതിയുടെയും അംഗീകാരം ലഭിക്കേണ്ടതുണ്ട്.

**സർവ്വകലാശാലാ നിയമങ്ങൾ ഏകീകൃതമാക്കുവാൻ നടപടി**

281 (1771) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളിലെ നിയമങ്ങൾ ഏകീകൃതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി എന്തെങ്കിലും പഠനങ്ങൾ നടത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇത്തരത്തിൽ സർവ്വകലാശാലകളിലെ നിയമങ്ങൾ ഏകീകരിക്കുക വഴി എന്തൊക്കെ ഗുണങ്ങളാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് ഉണ്ടാവുകയെന്ന് വെളിപ്പെടുത്താമോ?

(എ-സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളിലെ നിയമങ്ങൾ ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**അംഗീകാരമില്ലാത്ത കോഴ്സുകൾ**

282(1772) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പരസ്പരം അംഗീകരിക്കാത്ത എത്ര കോഴ്സുകൾ ഇപ്പോൾ നിലവിലുണ്ട്; വിശദമാക്കാമോ?

യു.ജി.സി. അംഗീകാരമുള്ള എല്ലാ കേന്ദ്ര, സംസ്ഥാന, പ്രൈവറ്റ്, കൽപ്പിത സർവ്വകലാശാലകളുടെയും റെഗുലർ പ്രോഗ്രാമുകൾക്കും കേരളത്തിനകത്തുള്ള സർവ്വകലാശാലകളുടെ ഒരേ നാമകരണത്തിലുള്ള എല്ലാ റെഗുലർ യു.ജി., പി.ജി., കോഴ്സുകൾക്കും സംസ്ഥാനത്തെ സർവ്വകലാശാല തുല്യത സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. എന്നാൽ വ്യത്യസ്ത നാമകരണത്തിലുള്ള കോഴ്സുകളുടെയും വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെയും തുല്യതയെ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് അതത് സർവ്വകലാശാലയുടെ അക്കാദമിക് സമിതിയാണ്.

(ബി) ഈ കോഴ്സുകൾ പരസ്പരം അംഗീകരിക്കണമെന്ന ശിപാർശ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

അക്കാദമിക് പ്രോഗ്രാമുകളുടെയും ബിരുദങ്ങളുടെയും പേരുകൾ, അംഗീകാരം, തുല്യത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട, പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എംപ്ലോയ്മെന്റ് ഏജൻസികൾക്കും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തരം, SLAC-യുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. മേൽവിഷയങ്ങൾ സംബന്ധിച്ചുള്ള പരാതികൾ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന SLAC-യുടെ തീരുമാനത്തിന് സമർപ്പിക്കാവുന്നതാണ്.

(സി) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഏറ്റവും ഒടുവിൽ യോഗം ചേർന്നതെന്നാണ്; ഈ സമിതിയുടെ പ്രധാന ശിപാർശകൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി നിലവിൽ പ്രവർത്തിക്കുന്നില്ല.

## റീവാല്യൂവേഷനിലൂടെ അധിക മാർക്ക് നല്കുന്നതിനുള്ള മാനദണ്ഡം

283 (1773) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പരീക്ഷാ പേപ്പർ റീവാല്യൂവേഷനിൽ ലഭിക്കുന്ന അധിക മാർക്ക് വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതിന്റെ മാനദണ്ഡം ഒരുപോലെയാണോ എന്ന് വിശദമാക്കാമോ; അല്ലെങ്കിൽ ഇത് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സർവ്വകലാശാലയിൽ റീവാല്യുവേഷന് അപേക്ഷിക്കുന്ന വിദ്യാർത്ഥിക്ക് ആദ്യ തവണ റീവാല്യുവേഷനിൽ ഒറിജിനൽ മാർക്കിനേക്കാൾ കൂടുതൽ മാർക്ക് ലഭിക്കുകയാണെങ്കിൽ റീവാല്യുവേഷനിൽ ലഭിച്ച കൂടിയ മാർക്ക് പരിഗണിക്കുന്നതാണ്. എന്നാൽ ആദ്യ റീവാല്യുവേഷനിൽ ലഭിക്കുന്ന മാർക്കും ഒറിജിനൽ മാർക്കും തമ്മിലുള്ള വ്യത്യാസം മൊത്തം മാർക്കിന്റെ പത്ത് ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ രണ്ടാമതും റീവാല്യുവേഷൻ

നടത്തുന്നതും രണ്ട് റീവാല്യുവേഷൻ മാർക്കുകളുടെയും ശരാശരി മാർക്ക് വിദ്യാർത്ഥിക്ക് നൽകുന്നതുമാണ്. രണ്ടാം റീവാല്യുവേഷൻ മാർക്കും ആദ്യ റീവാല്യുവേഷൻ മാർക്കും തമ്മിലുള്ള വ്യത്യാസം ഇരുപതു ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ മൂന്നാമതും റീവാല്യുവേഷൻ നടത്തുന്നതും മൂന്ന് റീവാല്യുവേഷൻ മാർക്കുകളുടെയും ശരാശരി മാർക്ക് വിദ്യാർത്ഥിക്ക് നൽകുന്നതുമാണ്. കണ്ണൂർ സർവ്വകലാശാലയിൽ റീവാല്യുവേഷനിലൂടെ ലഭിക്കുന്ന അധിക മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം താഴെപ്പറയുന്നു:

1. റീവാല്യുവേഷനിലൂടെ ലഭിക്കുന്ന ഗ്രേഡ്/ഗ്രേഡ് പോയിന്റ് ആവറേജ് ഒറിജിനൽ റീവാല്യുവേഷനിൽ ലഭിച്ച ഗ്രേഡ് പോയിന്റ് ആവറേജിനേക്കാൾ കുറവാണെങ്കിൽ ഒറിജിനൽ വാല്യുവേഷനിൽ ലഭിച്ച ഗ്രേഡ് പോയിന്റ് ആവറേജിന് മാറ്റമുണ്ടാവില്ല.

2. റീവാല്യുവേഷനിൽ ഗ്രേഡ് പോയിന്റ് ആവറേജ് (ജി.പി.എ.) വർദ്ധിക്കുകയും എന്നാൽ ഗ്രേഡിൽ മാറ്റമില്ലാതിരിക്കുകയും ചെയ്താൽ ഒറിജിനൽ വാല്യുവേഷനിലും റീവാല്യുവേഷനിലും ലഭിച്ച ജി.പി.എ.-യുടെ ആവറേജാണ് നൽകുന്നത്.

3. റീവാല്യുവേഷനിലൂടെ ഗ്രേഡ് ഹയർ ഗ്രേഡ് ആയി മാറിയാൽ ഉത്തരക്കടലാസ് സെക്കന്റ് റീവാല്യുവേഷന് അയയ്ക്കുകയും ഒന്നാമത്തെയും രണ്ടാമത്തെയും റീവാല്യുവേഷനുകളിൽ ലഭിച്ച ജി.പി.എ.-കളുടെ ആവറേജ് കണക്കാക്കി ഗ്രേഡ് നൽകുകയുമാണ് ചെയ്യുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റീവാല്യുവേഷനിൽ അധികമാർക്ക് ലഭിച്ചാൽ അത് നൽകുകയും കുറവ് മാർക്ക് ലഭിച്ചാൽ പഴയ മാർക്ക് നിലനിർത്തുകയും ചെയ്യും. ആദ്യ റീവാല്യുവേഷനിൽ ആകെ മാർക്കിന്റെ 15 ശതമാനമോ അതിലധികമോ വർദ്ധനയുണ്ടായാൽ വീണ്ടും റീവാല്യുവേഷൻ നടത്തുകയും ഒന്നും രണ്ടും റീവാല്യുവേഷനുകളിൽ ലഭിച്ച മാർക്കിന്റെ ശരാശരി ഒറിജിനൽ വാല്യുവേഷനിലെ മാർക്കിനേക്കാൾ കൂടുതലാണെങ്കിൽ അത് നൽകുകയും ചെയ്യുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ആദ്യം ലഭിച്ച മാർക്കിനേക്കാൾ 25% വരെ അധിക മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് റീവാല്യുവേഷനിൽ ലഭിച്ച മാർക്ക് നൽകുന്നതാണ്. 25 മുതൽ 37.5% വരെ അധിക മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ സെക്കന്റ് റീവാല്യുവേഷനും 37.5 ശതമാനത്തിന് മുകളിൽ അധിക മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ രണ്ട് അദ്ധ്യാപകർ അടങ്ങുന്ന ബോർഡ് വാല്യുവേഷനും നടത്താറുണ്ട്. സെക്കന്റ് റീവാല്യുവേഷനിൽ ലഭിക്കുന്ന

മാർക്കും ആദ്യ വാല്യുവേഷനിലോ റീവാല്യുവേഷനിലോ ലഭിച്ച മാർക്കും ഏതിനാണോ മാർക്ക് വ്യത്യാസം കുറവ് വരുന്നത്, അവ തമ്മിലുള്ള ശരാശരി കണക്കാക്കി, പ്രസ്തുത വിഷയത്തിന്റെ മാർക്കായി നൽകാറുണ്ട്. ബോർഡ് വാല്യുവേഷന് ലഭിക്കുന്ന മാർക്ക് അന്തിമമായിരിക്കും. റീവാല്യുവേഷനിൽ കിട്ടിയ മാർക്ക് ആദ്യത്തെ മാർക്കിനേക്കാൾ കുറവാണെങ്കിൽ ആദ്യം ലഭിച്ച മാർക്ക് തന്നെ നിലനിൽക്കും. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റീവാല്യുവേഷനുശേഷം ലഭിച്ച മാർക്ക്, ആദ്യം ലഭിച്ച മാർക്കിനേക്കാൾ വിഷയത്തിന്റെ പരമാവധി മാർക്കിന്റെ 5 ശതമാനത്തിൽ കൂടുതലാണെങ്കിൽ റീവാല്യുവേഷനുശേഷമുള്ള മാർക്ക് അവസാന മാർക്കായി പരിഗണിക്കും. റീവാല്യുവേഷനുശേഷം ലഭിച്ച മാർക്ക് ആദ്യം ലഭിച്ച മാർക്കിനേക്കാൾ വിഷയത്തിന്റെ പരമാവധി മാർക്കിന്റെ 5%-ൽ കുറവാണെന്നിരിക്കെത്തന്നെ മോഡറേഷൻ പരിധിയിൽ വരുകയും മോഡറേഷൻ നൽകിയാൽ വിദ്യാർത്ഥിക്ക് ആ വിഷയത്തിൽ ജയിക്കാനാവുമെങ്കിൽ പുനർമൂല്യ നിർണ്ണയത്തിൽ ലഭിച്ച മാർക്ക് പരിഗണിച്ച് സ്വീകരിക്കുകയും ചെയ്യും. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ റീവാല്യുവേഷനിൽ ലഭിച്ച മാർക്കും മുമ്പ് ലഭിച്ച മാർക്കും തമ്മിൽ 15 ശതമാനത്തിൽ അധികം വ്യത്യാസം ഉണ്ടെങ്കിൽ മൂന്നാമത് വാല്യുവേഷൻ നടത്തുന്നതും ആയതിൽ അധികം മാർക്ക് ലഭിച്ച രണ്ട് വാല്യുവേഷന്റെ മാർക്കുകളുടെ ശരാശരി മാർക്ക് കണക്കാക്കുകയും ചെയ്യുന്നു. ശരാശരി മാർക്ക് ആദ്യം ലഭിച്ച മാർക്കിനേക്കാൾ കൂടുതലാണെങ്കിൽ ആയതും കുറവാണെങ്കിൽ ആദ്യം ലഭിച്ച മാർക്കും നൽകുന്നു. കാലിക്കറ്റ് സർവ്വകലാശാലയിലും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലും അധിക മാർക്ക് ഏതാണോ അതാണ് നൽകുന്നത്. മലയാള സർവ്വകലാശാലയിൽ ഡബിൾ വാല്യുവേഷൻ രീതി നിലനിൽക്കുന്നതിനാൽ റീവാല്യുവേഷൻ നിലവിലില്ല. മാനദണ്ഡം ഏകീകരിക്കുന്ന കാര്യം സർവ്വകലാശാലകളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

(ബി) ആദ്യം മൂല്യനിർണ്ണയം നടത്തുന്നയാൾ ശരിയായ രീതിയിൽ മൂല്യനിർണ്ണയം നടത്താത്തതുമൂലം ഇത്തരത്തിൽ റീവാല്യുവേഷന് അപേക്ഷിക്കേണ്ടിവരുന്നത് വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റീവാല്യൂവേഷനിൽ കൂടുതൽ മാർക്ക് ലഭിച്ചാൽ റീവാല്യൂവേഷൻ ഫീസും പുതിയ മാർക്ക് ലിസ്റ്റ് ലഭിക്കാൻ ഫീസും അടയ്ക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ റീവാല്യുവേഷൻ മുഖേന 15 ശതമാനത്തിൽ അധികം മാർക്ക് ലഭിക്കുകയാണെങ്കിൽ റീവാല്യുവേഷൻ ഫീസ് തിരികെ നൽകുന്നതാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റീവാല്യുവേഷനിൽ ലഭിച്ച മാർക്ക് വിഷയത്തിന്റെ പരമാവധി മാർക്കിന്റെ 20 ശതമാനത്തിൽ കൂടുതൽ ആണെങ്കിൽ റീവാല്യുവേഷൻ ഫീസ് (അപേക്ഷ ഫീസ് ഒഴികെ) തിരികെ നൽകുന്നതാണ്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിലും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലും കാലിക്കറ്റ് സർവ്വകലാശാലയിലും റീവാല്യുവേഷൻ മുഖേന കൂടുതൽ മാർക്ക് ലഭിച്ചാൽ പുതിയ മാർക്ക് ലിസ്റ്റിനായി വീണ്ടും ഫീസ് ഈടാക്കുന്നില്ല. കേരള സർവ്വകലാശാലയും മഹാത്മാഗാന്ധി സർവ്വകലാശാലയും റീവാല്യുവേഷനുശേഷം നിശ്ചിത സമയപരിധിക്കുള്ളിൽ പുതിയ മാർക്ക് ലിസ്റ്റിന് ഫീസ് ഈടാക്കുന്നില്ല. കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, ന്യുവാൽസ് എന്നിവിടങ്ങളിൽ റീവാല്യുവേഷൻ മാർക്ക് ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ മാർക്ക് ലിസ്റ്റിന് ഫീസ് ഈടാക്കുന്നില്ല.

**ഉത്തരക്കടലാസ് വീട്ടിൽനിന്നും പിടിച്ചെടുത്ത സംഭവം**

284 (1774) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ് പ്രതിയുടെ വീട്ടിൽനിന്നും കേരള സർവ്വകലാശാലയുടെ ഉത്തരക്കടലാസ് പോലീസ് പിടിച്ചെടുത്ത സംഭവത്തിൽ സർവ്വകലാശാല അന്വേഷണസമിതി അന്വേഷണം നടത്തിയിരുന്നോ?

അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്താണ്; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പിടിച്ചെടുത്ത ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റി കോളേജിൽനിന്നും നഷ്ടപ്പെട്ടതാണെന്ന് വ്യക്തമായിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജിൽ നടന്ന

ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും 2015 മുതൽ നൽകിയ ഉത്തരക്കടലാസുകളുടെ സ്ഥിതിവിവരക്കണക്കുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിർദ്ദേശങ്ങൾ വിശദമാക്കുകയും പരീക്ഷ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ പൂർണ്ണമായും സി.സി.റ്റി.വി. ക്യാമറയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ. ബി. മനോജ്, പ്രൊഫ. ലളിത, ഡോ. കെ. ജി. ഗോപ്ചന്ദ്രൻ എന്നിവർ ഉൾപ്പെട്ട ഉപസമിതി യൂണിവേഴ്സിറ്റി കോളേജിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ, കേരള യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളേജിലെ പരീക്ഷ ചുമതല വഹിച്ചിരുന്ന ഡോ. അബ്ദുൽ ലത്തീഫ് ഇ., ഡോ. കെ. കൃഷ്ണൻകുട്ടി എന്നീ അദ്ധ്യാപകരെ പരീക്ഷ ചുമതലകളിൽനിന്നും ഡീബാർ ചെയ്തിട്ടുണ്ട്. കൂടാതെ, ഇവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാലയിൽ ഒരു വിജിലൻസ് വിംഗ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ അദ്ധ്യാപകനെ സർവ്വകലാശാലയിൽ അറബിക് പ്രൊഫസറായി നിയമിക്കുവാൻ യൂണിവേഴ്സിറ്റി സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിൽ സിൻഡിക്കേറ്റിന്റെ തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ?

കേരള സർവ്വകലാശാല അറബിക് ഡിപ്പാർട്ട്മെന്റിൽ നടന്ന പ്രൊഫസർ തസ്തികയിലെ സെലക്ഷൻ പ്രോസസ്സിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തപ്പെട്ടില്ല. 29-12-2020-ൽ നടന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരം പ്രസ്തുത തസ്തിക പുനഃവിജ്ഞാപനം ചെയ്യുന്നതാണ്. കേരള സർവ്വകലാശാല അറബിക് പഠന വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് സ്ക്രീനിംഗ് കം സെലക്ഷൻ കമ്മിറ്റി നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥി ഡോ. അബ്ദുൽ ലത്തീഫ്. ഇ ആണ്. 29-12-2020-ൽ നടന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരം, അദ്ദേഹത്തിനുമേൽ ആരോപിക്കപ്പെട്ട വിഷയത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശംകൂടി പരിഗണിച്ചതിനുശേഷം നിയമനം നൽകുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതാണ്.

## കേരള സർവ്വകലാശാലയിലെ വനിതാ കരാർ ജീവനക്കാർ

285 (1775) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ ജോലി ചെയ്യുന്ന വനിതാ കരാർ ജീവനക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് പഠിക്കുവാൻ സിൻഡിക്കേറ്റ് ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കരാർ ജീവനക്കാർക്ക് പ്രസവാവധിയും പ്രസവാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

4-1-2021-ലെ സ.ഉ.(അച്ചടി) നമ്പർ 2/2021/ധന, സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*)

(സി) ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നറിയിക്കാമോ?

മനുഷ്യാവകാശ കമ്മീഷനിൽനിന്നും ഒരു നിർദ്ദേശവും ഇതുവരെ ലഭിച്ചിട്ടില്ല.

## ബി.കോം.(വിദൂരവിദ്യാഭ്യാസം) ഡിഗ്രി റിസൾട്ട് പ്രഖ്യാപിക്കാൻ നടപടി

286 (1776) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നടത്തിയ 2017-ലെ വിദൂരവിദ്യാഭ്യാസ സംവിധാനത്തിലുള്ള ബി.കോം. ഡിഗ്രി അവസാന വർഷ പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ റിസൾട്ട് കൃത്യമായി പ്രസിദ്ധീകരിക്കാതെയും സർവ്വകലാശാലയുടെ പ്രസ്തുത വിദ്യാഭ്യാസ സംവിധാനത്തിലൂടെയുള്ള കോൺടാക്ട് ക്ലാസ്സ് ഈ വിഭാഗത്തിന് മാത്രം കൃത്യമായി നൽകാതെ റിസൾട്ടിലും ബന്ധപ്പെട്ട കാര്യങ്ങളിലും വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കും വിധം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളോട് മാത്രം സ്വീകരിച്ച് വരുന്ന കർക്കശ നിലപാടിൽ അയവ് വരുത്തി മറ്റ് കോഴ്സിലേതുപോലെ ഇവർക്കും തുടർപഠനത്തിന് അവസരമൊരുക്കുമോ?

(എ-സി) കേരള സർവ്വകലാശാല നടത്തിയ 2017-അഡ്മിഷൻ വിദൂരവിദ്യാഭ്യാസ ബി.കോം. ഡിഗ്രി അവസാന വർഷ പരീക്ഷയുടെ റിസൾട്ട് 2020 ഒക്ടോബർ 2-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## തുല്യതാ സർട്ടിഫിക്കറ്റ്

287 (1777) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നുള്ള ഏതെല്ലാം സർവ്വകലാശാലകളുടെ ഏതെല്ലാം കോഴ്സുകളാണ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള അണ്ണാമല സർവ്വകലാശാലയുടെ കോഴ്സുകൾക്ക് തത്തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

അണ്ണാമല സർവ്വകലാശാലയുടെ അംഗീകൃത കോഴ്സുകൾക്ക് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷകൻ 10th, 12th, ഡിഗ്രി സർട്ടിഫിക്കറ്റ്, റ്റി.സി., പി.ജി. സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് (യു.ജി. & പി.ജി), പി.ജി. റ്റി.സി. എന്നിവയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പികളും അനുബന്ധ ഫീസും അടച്ച് അപേക്ഷിക്കേണ്ടതാണ്.

(സി) അണ്ണാമല സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള കേരള സർവ്വകലാശാലയുടെ കോഴ്സുകൾക്ക് തത്തുല്യമായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ?

അണ്ണാമല സർവ്വകലാശാലയുടെ റെഗുലർ കോഴ്സുകൾക്ക് റെസിപ്രോക്കൽ (reciprocal) അടിസ്ഥാനത്തിൽ സർവ്വകലാശാല തുല്യത സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. എന്നാൽ 2017-നുശേഷമുള്ള വിദൂര വിദ്യാഭ്യാസം വഴിയുള്ള കോഴ്സുകൾക്ക് U.G.C.-DEB-ന്റെ അനുമതി നിർബന്ധമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽനിന്നുമൊക്കെ വ്യത്യസ്തമായി കേരള സർവ്വകലാശായിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലുൾപ്പെടെയുള്ള വിവിധ കാര്യങ്ങളിൽ അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിലപാടിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അംഗീകൃതമായിട്ടുള്ള കോഴ്സുകളുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷിക്കുന്ന അന്നേ ദിവസംതന്നെ ലഭ്യമാക്കാറുണ്ട്. സർട്ടിഫിക്കറ്റ് ഓൺലൈൻ ആക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ച് വരികയാണ്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ കരാർ നിയമനം

288(1778) <u>ശ്രീ. എം. ഉമ്മർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിൽ സർക്കാർ അംഗീകൃത തസ്തികകളുടെയും കരാർ/ദിവസവേതന തസ്തികകളുടെയും എണ്ണം എത്രയെന്ന് വിശദമാക്കാമോ?

വിശദമായ പട്ടിക അനുബന്ധം - I, II ആയി ചേർത്തിരിക്കുന്നു*.

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിൽ പത്ത് വർഷം പൂർത്തിയാക്കിയ കരാർ/ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രോഗ്രാമർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ 2 പേരെ അവരുടെ യോഗ്യത അനുസരിച്ച് ഒരാളെ പ്രോഗ്രാമർ തസ്തികയിലും ഒരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ തസ്തികയിലും ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 7 പേരെയും 6 പേർക്ക് ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) തസ്തികയിലും ഒരാളെ റൂം ബോയ്-കം-ബേറെർ തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും സ്ഥിരപ്പെടുത്തിയവരെ താൽക്കാലിക നിയമനത്തിൽ തുടരാനും കോടതി ഉത്തരവിറക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 9-10-2006-ന് ശേഷം ദിവസവേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല എന്ന സുപ്രീം കോടതിവിധി യൂണിവേഴ്സിറ്റി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

9-10-2006-നുശേഷം ദിവസവേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല എന്ന സുപ്രീം കോടതി വിധി ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ടതല്ലെന്നും ആയതിനാൽ ഈ കേസിലെ വിധി ബന്ധപ്പെട്ട കേസിൽമാത്രം ബാധകമാണെന്നും സർവ്വകലാശാലയ്ക്ക് ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈകൊള്ളുന്നതിന് തടസ്സമില്ലെന്നും കണ്ടെത്തിയെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) പ്രസ്തുത നിയമനം സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാര്യം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതും ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുമാണ് എന്ന വ്യവസ്ഥയിലാണ് കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനടിസ്ഥാനമായ ഉത്തരവിറക്കിയിട്ടുള്ളത്.

**സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം**

289 (1779) ശ്രീ. എൻ. ഷംസുദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് കൈമാറി വിശേഷാൽ ചട്ടവും മറ്റും രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലെയും അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനാധികാരം 19-12-2015-ൽ നിലവിൽ വന്ന Kerala Public Service Commission (Additional Functions as Respects the Universities) Act, 2015 (Act 18 of 2015) പ്രകാരം പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ആക്ടിന് തുടർച്ചയായി 26-2-2016 തീയതിയിലെ G.O(P)No.7/2016/H.Edn. പ്രകാരം സർവ്വകലാശാലയിലെ അസ്സിസ്റ്റന്റ്, കംപ്യൂട്ടർ അസ്സിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾക്കുള്ള വിശേഷാൽ ചട്ടവും 6-11-2020-ലെ സ.ഉ.(അച്ചടി) 37/2020/ഉ.വി.വ. പ്രകാരം സർവ്വകലാശാലകളിലെ 16 തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്കുള്ള വിശേഷാൽ ചട്ടവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച ശേഷവും കാലിക്കറ്റ് അടക്കമുള്ള സർവ്വകലാശാലകളിൽ അനദ്ധ്യാപക തസ്തികയിൽ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉണ്ട്. പ്രോഗ്രാമർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ 2 പേരെ അവരുടെ യോഗ്യത അനുസരിച്ച് ഒരാളെ പ്രോഗ്രാമർ തസ്തികയിലും ഒരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ തസ്തികയിലും ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 7 പേരെയും 6 പേർക്ക് ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) തസ്തികയിലും ഒരാളെ റൂം ബോയ്-കം-ബേററർ തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും സ്ഥിരപ്പെടുത്തിയവരെ താൽക്കാലിക നിയമനത്തിൽ തുടരാനും കോടതി ഉത്തരവിറക്കിയിട്ടുണ്ട്.

(സി) അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് കൈമാറിയതിന് ശേഷവും ഈ തസ്തികകളിൽ നടത്തിയ അനധികൃത സ്ഥിര നിയമനങ്ങൾ റദ്ദുചെയ്ത് പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതിന് സർക്കാർ അനുമതി തേടണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടുമാണ് ടി തസ്തികകളിൽ പത്ത് വർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തിയത്. ഈ നിയമനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തതിനാലും ഈ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോടതിയുടെ പരിഗണനയിലുള്ള വിഷയം ആയതിനാലും സർക്കാർ അനുമതി തേടുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഒന്നും സർവ്വകലാശാല കൈക്കൊണ്ടിട്ടില്ല.

## കാലിക്കറ്റ് യൂണിവേഴ്സി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തൽ

290 (1780) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ/ദിവസവേതന അടിസ്ഥാനത്തിൽ പത്ത് വർഷം ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി തീരുമാനം എടുത്തിട്ടുണ്ടോ; സ്റ്റേറ്റ് ഓഫ് കർണ്ണാടക Vs ഉമാദേവി അപ്പീൽ (civil) 3595-3612 of 1999 കേസിലെ സുപ്രീംകോടതി ഉത്തരവുകൾക്ക് വിധേയമായിട്ടാണോ ഇപ്രകാരം സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

(ബി) ഏതൊക്കെ തസ്തികകളിലാണ് നിയമനം സ്ഥിരപ്പെടുത്തിയത്; സ്ഥിരപ്പെടുത്തിയ തസ്തികയുടെ സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയാണ്; ഇപ്രകാരം സ്ഥിരപ്പെടുത്താനായി സൂപ്പർ ന്യൂമററി തസ്തികകൾ ഏതെല്ലാം വിഭാഗത്തിൽ സൃഷ്ടിക്കുന്നുണ്ട്; സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റി കൂടിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രോഗ്രാമർ (സാംഗ്ഷൻഡ് സ്ട്രെംഗ്ത്ത്-5) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ 2 പേരെ അവരുടെ യോഗ്യത അനുസരിച്ച് ഒരാളെ പ്രോഗ്രാമർ തസ്തികയിലും മറ്റൊരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ (സാംഗ്ഷൻഡ് സ്ട്രെംഗ്ത്-5) തസ്തികയിലും ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ (സാങ്ഷൻഡ് സ്ട്രെങ്ത്-5) 10 വർഷം പൂർത്തിയാക്കിയ 7 പേരെയും 6 പേർക്ക് ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) (സാംഗ്ഷൻഡ് സ്ട്രെംഗ്ത്-10) തസ്തികയിലും ഒരാളെ റൂം ബോയ്-കം-ബേറെർ തസ്തികയിലും (സാങ്ഷൻഡ് സ്ട്രെങ്ത്-3) സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രോഗ്രാമർ, അസ്സിസ്റ്റന്റ് പ്രോഗ്രാമർ, ഇലക്ട്രിസിറ്റി വർക്കർ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) തസ്തികകളിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കൊണ്ടാണ് നിയമനം നടത്തിയിട്ടുള്ളത്. സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റി കൂടിയിട്ടില്ല .

(സി) ഇപ്രകാരം സ്ഥിരപ്പെടുത്താനുള്ള സിൻഡിക്കേറ്റ് തീരുമാനം സെനറ്റ് അംഗീകരിച്ചിട്ടുണ്ടോ; സ്ഥിരപ്പെടുത്തുന്നതുമൂലം സർവ്വകലാശാലയ്ക്കുള്ള സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ?

സെനറ്റ് അംഗീകരിച്ചിട്ടില്ല. സ്ഥിരപ്പെടുത്തുന്നതുമൂലം സർവ്വകലാശാലയ്ക്കുള്ള സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

(ഡി) ഇങ്ങനെ വരുന്ന സാമ്പത്തിക ബാധ്യതയുടെ കാര്യം സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയെയോ ഗവൺമെന്റിനെയോ അറിയിച്ചിട്ടുണ്ടോ?

ഇല്ല. സ്ഥിരപ്പെടുത്തിയത് സർക്കാരിന്റെ അനുവാദം വാങ്ങിയിരിക്കണം എന്ന നിബന്ധനയോടുകൂടിയാണ്.

(ഇ) ഇതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് തീരുമാനത്തിൽ ഉൾപ്പെടാത്ത തസ്തികയിൽ കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(എഫ്) കരാർ/ദിവസവേതന അടിസ്ഥാനത്തിൽ 10 വർഷം ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയാൽ സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന അധിക

സാമ്പത്തിക ബാധ്യത എത്രയെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സിൻഡിക്കേറ്റ് യോഗത്തിൽ അജണ്ടയായി സമർപ്പിച്ച കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ?

രേഖാമൂലം വ്യക്തമാക്കിയിട്ടില്ല. സിൻഡിക്കേറ്റ് യോഗത്തിൽ അജണ്ടയായി സമർപ്പിച്ച കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ജി) കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം പി.എസ്.സി.-യിൽ നിക്ഷിപ്തമായിരിക്കെ, കാലിക്കറ്റ് സർവ്വകലാശാല അനദ്ധ്യാപക തസ്തികകളിൽ നിയമനം/സ്ഥിരപ്പെടുത്തൽ നടത്താൻ സിൻഡിക്കേറ്റിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം 19-12-2015-ൽ നിലവിൽ വന്ന Kerala Public Service Commission (Additional Functions as Respects the Universities) Act, 2015 (Act 18 of 2015) പ്രകാരം പി.എസ്.സി.-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആക്ട് 23 (viii), കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്റ്റ് 1975 പ്രകാരം യൂണിവേഴ്സിറ്റിയിലെ അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്താനുള്ള അധികാരം സിൻഡിക്കേറ്റിനുണ്ട്.

## എം.ജി. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനം

291 (1781) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി-ടെക് കോഴ്സിൽ ഒരു വിഷയത്തിൽമാത്രം തോറ്റ വിദ്യാർത്ഥികൾക്ക് അഞ്ച് മാർക്ക് മോഡറേഷൻ നൽകി വിജയിപ്പിക്കുവാൻ എം.ജി. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നോയെന്ന് വെളിപ്പെടുത്തുമോ?

ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയംമാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിന് പുറമേ പരമാവധി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5 മാർക്കുകൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് 30-4-2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത തീരുമാനം 2019 ഒക്ടോബർ 26-ന് സർവ്വകലാശാല റദ്ദ് ചെയ്തിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

പ്രസ്തുത തീരുമാനം 24-10-2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനപ്രകാരം 26-10-2019-ൽ റദ്ദുചെയ്ത് ഉത്തരവ് ഇറക്കിയിരുന്നു. സർവ്വകലാശാലയുടെ യശസ്സിനെയും കൈവരിച്ച നേട്ടങ്ങളെയും കളങ്കപ്പെടുത്തുന്നവിധത്തിൽ സമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ പ്രചരിക്കാൻ ഇടയായ സാഹചര്യത്തിലാണ് ഈ തീരുമാനം എടുത്തത്.

(സി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കിയിരുന്നോ; എങ്കിൽ എത്ര പേരുടെയെന്ന് വെളിപ്പെടുത്താമോ?

അധിക മോഡറേഷനിലൂടെ ബി-ടെക് ഡിഗ്രി നേടിയ 116 വിദ്യാർത്ഥികളുടെ പരീക്ഷ വിജയിച്ചതായ പരീക്ഷാഫലം റദ്ദുചെയ്ത് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകൾ, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ റദ്ദുചെയ്ത് വിജ്ഞാപനം ഇറക്കിയിരുന്നു.

(ഡി) സർട്ടിഫിക്കറ്റുകൾ റദ്ദാക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിയമങ്ങളും പാലിച്ചാണോ സർവ്വകലാശാല അത് നടപ്പിലാക്കിയത്; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ?

17-5-2019-ലെ ഉത്തരവിനെ അടിസ്ഥാനമാക്കി നൽകിയ ഡിഗ്രികൾ 24-10-2019-ൽ സിൻഡിക്കേറ്റ് തീരുമാനത്തെത്തുടർന്ന് 1997-ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, അദ്ധ്യായം 35-ൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെതന്നെ റദ്ദ് ചെയ്യാമെന്ന സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശത്തെ തുടർന്നാണ് നടപ്പിലാക്കിയതെന്ന് സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഇ) സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് അനുസരിച്ച് ഏതൊക്കെ സാഹചര്യത്തിലാണ് സർവ്വകലാശാല നൽകിയ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അസാന്മാർഗിക പ്രവർത്തികളിലേർപ്പെട്ടതിൽ കുറ്റം തെളിഞ്ഞിട്ടുള്ളവരുടെ ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ റദ്ദാക്കുന്ന സാഹചര്യത്തിലുള്ള നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ അദ്ധ്യായം

35-ൽ പ്രസ്താവിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് നൽകിയ മോഡറേഷനിലൂടെ വിജയിച്ച വിദ്യാർത്ഥികളുടെ മോഡറേഷൻ റദ്ദാക്കിയത് ഇതിന്റെ പരിധിയിൽ വരില്ല. മറ്റു സന്ദർഭങ്ങളിൽ ഡിഗ്രി റദ്ദാക്കുന്നതിന് സ്റ്റാറ്റ്യൂട്ടിൽ നടപടിക്രമങ്ങൾ ഒന്നുംതന്നെ പറയുന്നില്ല.

(എഫ്) സർവ്വകലാശാലയുടെ ഒക്ടോബർ 26-ലെ നടപടി കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് ഈ നടപടി സ്വീകരിച്ചതെന്ന് അറിയിക്കാമോ?

WP(C)No.32960/2019, WP(C) No. 35551/2019 എന്നീ കേസുകളുടെ വിധിന്യായത്തിലൂടെ ഒക്ടോബർ 26-ലെ നടപടി കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

**സർവ്വകലാശാലകളിലെ കരാർ നിയമനം**

292 (1782) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലും ജോലിചെയ്യുന്ന മൂവായിരത്തോളം പേരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഇറക്കിയിട്ടില്ല.

(ബി) സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ട സാഹചര്യത്തിൽ ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.-ക്ക് മാത്രമേ അധികാരമുള്ളൂ എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സർവ്വകലാശാല അദ്ധ്യാപകനിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ല.

(സി) സ്പെഷ്യൽ റൂൾ സർക്കാർ അംഗീകരിച്ചിട്ടും ഒഴിവുകൾ സർവ്വകലാശാലകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് ഇവിടങ്ങളിലെ പി.എസ്.സി വഴിയുള്ള നിയമനത്തിന് തടസ്സമായിട്ടുണ്ടോ?

സർവ്വകലാശാലകളിലെ ഒഴിവ് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത ഈ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്ന കാര്യം പരിഗണിക്കുമോ?

സർവ്വകലാശാലകളിലെ ഒഴിവ് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർവ്വകലാശാലകളിലെ താല്ക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്ന നടപടി

293 (1783) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ദിവസക്കൂലിയിനത്തിലും കരാർ അടിസ്ഥാനത്തിലും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; തസ്തിക തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകിയിട്ടുണ്ടോ?

കേരള, മഹാത്മാഗാന്ധി, കാലിക്കട്ട്, കൊച്ചി ശാസ്ത്ര സാങ്കേതിക, ശ്രീശങ്കരാചാര്യ സംസ്കൃത, കണ്ണൂർ, ന്യൂവാൽസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ ദിവസക്കൂലിയിനത്തിലും കരാർ അടിസ്ഥാനത്തിലും ജോലിചെയ്യുന്നവരുടെ സർവ്വകലാശാല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

26-2-2015-ലെ G.O.(P)No.7/2016/H.Edn, 6-11-2020-ലെ 37/2020/ ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 18 അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സ്പെഷ്യൽ റൂൾസ് രൂപീകരിക്കേണ്ടതുണ്ട്.

(സി) സർവ്വകലാശാലകളിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിലാണ് ഇപ്രകാരം സ്ഥിരപ്പെടുത്തുന്നതെന്ന് തസ്തിക സഹിതം വ്യക്തമാക്കാമോ?

സർവ്വകലാശാലകളിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

(ഡി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സുപ്രീം കോടതിയുടെ ഉമാദേവി v/s സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിലെ വിധിയുടെ ലംഘനമല്ലേ?

സർവ്വകലാശാലകളിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## യൂണിവേഴ്സിറ്റികളിലെ താൽക്കാലിക നിയമനം

294(1784) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ 2021 ജനുവരി ഒന്നിനുശേഷം താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ 30-12-2020-ന് 10 വർഷം പൂർത്തിയാക്കിയവരും പ്രസ്തുത തസ്തികകളിൽ ഇപ്പോഴും ജോലി ചെയ്തു കൊണ്ടിരിക്കുന്നവരുമായ 6 ഡ്രൈവർ-മാരെയും, ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 7 പേരെയും ഒരാളെ പ്രോഗ്രാമർ തസ്തികയിലും ഒരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ തസ്തികയിലും ഒരാളെ റൂം ബോയ് കം ബെയറർ തസ്തികയിലും 1-1-2021 ലെ 93/2021/ അഡ്മിൻ നമ്പർ സർവ്വകലാശാല ഉത്തരവിനും സർക്കാരിൽ നിന്നുള്ള അനുമതിക്കും വിധേയമായി അനുവദിക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകളിലേയ്ക്ക് absorb ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ absorb ചെയ്യപ്പെടുന്ന ജീവനക്കാരുടെ റെഗുലർ സർവീസ് അവർ സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മാത്രമായിരിക്കുമെന്നും അവരുടെ കരാർ/ദിവസവേതന കാലയളവ് മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ലായെന്നും ഇത്തരത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാര്യം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ നിലവിൽ മേൽ വിഷയം കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത നിയമനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും സ്ഥിരപ്പെടുത്തിയവരെ താത്കാലിക നിയമനത്തിൽ തുടരാനും കോടതി ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച സുപ്രീംകോടതി വിധിന്യായം മറികടക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ?

സുപ്രീംകോടതിയുടെ വിധിന്യായം മറികടന്നിട്ടില്ലായെന്നും ഇതുസംബന്ധിച്ച കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയി ലാണെന്നും യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

## കുന്ദമംഗലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

295 (1785) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതുമായി ബന്ധപ്പെട്ട C4/98/2019-HE ഫയലിന്മേൽ എടുത്ത നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

അധിക നൈപുണ്യ ആർജ്ജന പദ്ധതി (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പാ സഹായത്തോടെയുള്ള ഒരു പദ്ധതിയാണ്. 2012-ൽ ആരംഭിച്ച പദ്ധതിയുടെ അടങ്കൽ തുകയിൽ 68 ശതമാനം എ.ഡി.ബി. വായ്പാ സഹായമായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടങ്കൽ തുകയും പ്രവർത്തനങ്ങളും മറ്റും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങളും ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്റേഴ്സും (ഡി.എൽ.ഐ.) പദ്ധതി ആരംഭത്തിൽത്തന്നെ നിർവ്വചിക്കുകയും നിശ്ചയിക്കപ്പെടുകയുമുണ്ടായി. ഇത്തരത്തിൽ നിർവ്വചിച്ച് നിശ്ചയിക്കപ്പെട്ട ഘടകങ്ങളിൽപ്പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അവയിൽ 9 എണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലം നിർണയിച്ച് നിശ്ചയിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്തുള്ള സ്ഥലം പരിഗണിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും ടി സ്ഥലത്തിന്റെ പകുതി മുൻപ് പോലീസ് വകുപ്പിന് കൈമാറീട്ടുള്ളതും ബാക്കി ഭാഗം ഏറെ നാളായി ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കണ്ടെത്തി. ഈ സ്ഥലം കിടക്കുന്ന കുന്നിൻപ്രദേശത്തിന്റെ മുകൾഭാഗത്തേയ്ക്ക് എത്തിപ്പെടാനായി നീളമുള്ളതും കുത്തനെയുള്ളതുമായ അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടിവരുമെന്നും പോലീസ് വകുപ്പിന് നേരത്തെ

കൈമാറിയിരുന്ന സ്ഥലത്തുനിന്നും ഗണ്യമായ ഭാഗം ലഭിച്ചാൽമാത്രമേ അത്തരത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാവൂയെന്ന് കണ്ടെത്തിയതിനാൽ ടി സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലായെന്ന് വിലയിരുത്തപ്പെട്ടു. മറ്റ് അനുയോജ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുവാൻ ഫണ്ട് വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നതിനാൽ കുന്നമംഗലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്.

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

296 (1786) ശ്രീ. പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ചട്ടങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.* ഇതിൽ കമ്മീഷന്റെ അധികാരം വിവക്ഷിക്കുന്നുണ്ട്.

(ബി) കമ്മീഷന്റെ കാലാവധി എത്ര വർഷമാണെന്ന് വെളിപ്പെടുത്താമോ?

കമ്മീഷൻ ചട്ടം 5 പ്രകാരം ചെയർപേഴ്സണും മെമ്പർമാർക്കും അവരുടെ സ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്യപ്പെടാത്ത പക്ഷം മൂന്ന് വർഷമായിരിക്കും കാലാവധി.

(സി) കമ്മീഷനിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും പങ്കാളിത്തം നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ?

(സി&ഡി) കമ്മീഷനിൽ ആകെ മൂന്ന് അംഗങ്ങളാണുള്ളത്. കേരളത്തിലെ പ്രബല ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് അംഗത്വം നൽകിവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൽപ്പറ്റ ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിയ കാര്യങ്ങൾ

297(1787) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ വകുപ്പിന് കീഴിൽ എത്ര രൂപയുടെ ധനസഹായ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി./ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി നടപ്പാക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. എന്നിരുന്നാലും കൽപ്പറ്റ ബ്ലോക്കിൽ ഈ സർക്കാരിന്റെ കാലത്ത് 357.20 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ സ്കൂൾ ക്ലാസ് കെട്ടിട നിർമ്മാണവും ടോയ്‌ലെറ്റ് ബ്ലോക്കുകളും ഉൾപ്പെടുന്നു.

2. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി 2013-14 കാലയളവുമുതൽ ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലത്ത് 123 വീടുകൾക്കായി 3,70,75,000 രൂപ കൽപ്പറ്റ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 33 വീടുകൾക്ക് 14,00,000 രൂപ കൽപ്പറ്റ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

3. 2018-19 മുതൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രീമാരിറ്റൽ കൗൺസിലിംഗ് പദ്ധതിയിൽ വയനാട് ജില്ലയിൽ 5,11,800 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ കൽപ്പറ്റ മണ്ഡലവും ഉൾപ്പെടുന്നു.

4. 2013-14 മുതൽ സ്കോളർഷിപ്പുകളും കരിയർ ഗൈഡൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് പുതിയതായി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇവയൊന്നും മണ്ഡലാടിസ്ഥാനത്തിലല്ല നൽകി വരുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ഇവയുടെ പ്രയോജനം ടി മണ്ഡലത്തിലുള്ളവർക്കും ലഭിക്കുന്നുണ്ട്.

5. 2011 സാമ്പത്തിക വർഷം മുതൽ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ പ്രയോജനം ടി മണ്ഡലത്തിലുള്ളവർക്കും ലഭിക്കുന്നുണ്ട്.

6. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിലേയ്ക്കും വിദ്യാഭ്യാസ പുരോഗതിക്കുംവേണ്ടി സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഉദ്യോഗസ്ഥ വായ്പ, ഭവന വായ്പ, മദ്രസാദ്ധ്യാപകർക്കുള്ള പലിശ രഹിത ഭവന വായ്പ തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു. കൽപ്പറ്റ മണ്ഡലത്തിൽ സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഉദ്യോഗസ്ഥ വായ്പ, ഭവന വായ്പ, മദ്രസാദ്ധ്യാപക ഭവന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ എന്നീ ഇനങ്ങളിലായി KSMDFC വഴി മൊത്തം 95,27,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

## ഭാഷാന്യൂനപക്ഷങ്ങൾ

298 (1788) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭാഷാന്യൂനപക്ഷങ്ങളുണ്ട്; ഇവർ ഏതെല്ലാം ന്യൂനപക്ഷ ഭാഷാ വിഭാഗക്കാർ ആണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ തമിഴ്, കന്നഡ എന്നീ ഭാഷകളെയാണ് ന്യൂനപക്ഷ ഭാഷകളായി അംഗീകരിച്ചിട്ടുള്ളത്. 2011-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ തമിഴ്, കന്നഡ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ജില്ല | തമിഴ് | കന്നഡ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 38814 | 1013 |
| കൊല്ലം | 16546 | 175 |
| പത്തനംതിട്ട | 6910 | 131 |

| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 5372 | 312 |
| കോട്ടയം | 12537 | 308 |
| ഇടുക്കി | 193841 | 1750 |
| എറണാകുളം | 30965 | 1943 |
| തൃശ്ശൂർ | 15565 | 2932 |
| പാലക്കാട് | 139058 | 5067 |
| മലപ്പുറം | 10567 | 1178 |
| കോഴിക്കോട് | 10506 | 1364 |
| വയനാട് | 9380 | 13175 |
| കണ്ണൂർ | 8141 | 2384 |
| കാസർഗോഡ് | 4314 | 55263 |
| ആകെ | 502516 | 86995 |

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളെ പുതുതായി ചേർത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല

(സി) ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്; വിശദമാക്കാമോ?

ഭരണഘടനാപരമായി ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം താഴെപ്പറയും പ്രകാരമാണ്:- ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേയ്ക്കായി, ഒരു താലൂക്കിലെ ഓരോ മുനിസിപ്പൽ ടൗണിനെയും അല്ലെങ്കിൽ നോൺ മുനിസിപ്പൽ ഏരിയയെയും ഒരു പ്രത്യേക ലോക്കൽ ഏരിയ ആയി പരിഗണിക്കേണ്ടതാണെന്നും അത്തരം ലോക്കൽ ഏരിയകളിൽ 15 ശതമാനമോ അതിലധികമോ ജനങ്ങൾ സംസ്ഥാനത്തെ ഭൂരിപക്ഷ ഭാഷയായ മലയാളം അല്ലാത്ത മറ്റൊരു ഭാഷ സംസാരിക്കുന്നുവെങ്കിൽ അത്തരം ലോക്കൽ ഏരിയകളിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

1) എല്ലാ പ്രധാനപ്പെട്ട സർക്കാർ നോട്ടീസുകൾ, ചട്ടങ്ങൾ, തെരഞ്ഞെടുപ്പ് വോട്ടർപ്പട്ടികകൾ മുതലായവ ന്യൂനപക്ഷ ഭാഷകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

2) പൊതുജനങ്ങൾ ഉപയോഗിക്കേണ്ടതായ അപേക്ഷാഫോറങ്ങൾ മുതലായവ പ്രാദേശിക ഭാഷയിലും ന്യൂനപക്ഷ ഭാഷയിലും അച്ചടിക്കേണ്ടതാണ്.

3) രേഖകളുടെ രജിസ്ട്രേഷൻ ന്യൂനപക്ഷ ഭാഷകളിൽ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്.

4) സർക്കാർ ഓഫീസുകളുമായുള്ള കത്തിടപാടുകൾ ന്യൂനപക്ഷ ഭാഷയിൽ നടത്തുന്നതിന് അനുവദിക്കേണ്ടതാണ്.

5) പ്രസ്തുത ഏരിയകളിലെ കോടതികളിൽ ന്യൂനപക്ഷ ഭാഷയിൽ രേഖകൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകേണ്ടതാണ്.

6) പ്രായോഗികമായിടത്തോളം, ഭരണപരമായ സൗകര്യങ്ങൾ പരിഗണിച്ച്, പ്രസ്തുത ലോക്കൽ ഏരിയകളിൽ ജോലിക്കായി നിയമിക്കപ്പെടുന്ന ഓഫീസർമാർ ന്യൂനപക്ഷ ഭാഷയിൽ മതിയായ അറിവ് ഉള്ളവരാണെന്ന് ഉറപ്പുവരുത്താനുള്ള ശ്രമം നടത്തേണ്ടതാണ്. ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറി, സെക്കന്ററിതല വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിൽത്തന്നെ നൽകി വരുന്നുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 10(aaaa) പ്രകാരം, മലയാളം അല്ലാത്ത മറ്റൊരു ഭാഷയിൽ റിക്രൂട്ട്മെന്റ് ടെസ്റ്റിൽ പങ്കെടുക്കുകയും ഏതെങ്കിലും സർവ്വീസിലേയ്ക്ക് നിയമനം ലഭിക്കുകയും ചെയ്യുന്ന ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ 31-3-1966-ലെ G.O.(Ms)No.142/PD നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മലയാളം ഭാഷാ പരീക്ഷ, ജോലിയിൽ പ്രവേശിച്ച് പരമാവധി 10 വർഷത്തിനുള്ളിൽ പാസ്സായാൽ മതിയാകുന്നതാണ്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവിധ കോളേജുകളിലും വിവിധ ഹയർസെക്കന്ററി സ്കൂളുകളിലും ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി 5% സംവരണം അനുവദിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ സുരക്ഷാ മാർഗ്ഗങ്ങൾ (safeguards) നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാതല ഭാഷാന്യൂനപക്ഷ സമിതി രൂപീകരിക്കുന്നതിന് 16-10-2002-ലെ G.O.(Rt)No.6324/2002/GAD പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല ഭാഷാന്യൂനപക്ഷ സമിതിയും നിലവിലുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ഭാഗം-II ചട്ടം- 9(d) പ്രകാരം ഒരു തസ്തികയിലെ ഒഴിവിലേയ്ക്ക് ഏതെങ്കിലും ഒരു പ്രാദേശികഭാഷാ പരിജ്ഞാനം

ആവശ്യമുണ്ടെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുള്ള പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് പ്രാദേശിക ഭാഷാജ്ഞാനമില്ലാത്ത സീനിയറിനെ മറികടന്ന് പ്രസ്തുത പ്രാദേശികഭാഷ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ബോധന മാധ്യമമായി പഠിച്ചിട്ടുള്ളതും ചട്ടപ്രകാരം ആവശ്യമായ യോഗ്യതകളുള്ളതുമായ ജൂനിയറിനെ താൽക്കാലികമായി നിയമിക്കാവുന്നതാണ്. കേരളത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 4-12-2017-ലെ സ.ഉ.(കൈ)നം. 362/2017/പൊ.ഭ.വ. പ്രകാരം ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത ഒഴിവാക്കിക്കൊണ്ടുള്ള 11-5-1977-ലെ G.O.(P)No.139/77/GAD ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/ കോർപ്പറേഷൻ/ ബോർഡുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് 26-10-2019-ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പുതുതായി എന്തെല്ലാം സഹായങ്ങളാണ് ഇത്തരം വിഭാഗങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്; അത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കേരള ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഫണ്ട്

299(1789) <u>ശ്രീ. പി. സി. ജോർജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേരള ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഫണ്ടിൽനിന്നും ഏതൊക്കെ മതവിഭാഗങ്ങൾക്ക് പണം നൽകുന്നുണ്ടെന്നറിയിക്കാമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്നും മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

(ബി) ഓരോ മതവിഭാഗങ്ങൾക്കും നൽകുന്ന ശതമാനം എത്രയാണെന്ന് വിശദമാക്കാമോ?

സ്കോളർഷിപ്പുകൾ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ മുസ്ലീം മറ്റിതര വിഭാഗങ്ങൾക്കായി 80:20 എന്ന അനുപാതത്തിലാണ് നൽകുന്നത്.

**ന്യൂനപക്ഷ വിഭാഗത്തിന്റെ ഉന്നമനത്തിനുളള പദ്ധതികൾ**

300 (1790) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഈ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കായി ആവിഷ്കരിച്ചിട്ടുളള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കാമോ?

ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ 2016-2017 സാമ്പത്തിക വർഷം 1240 വീടുകളും 2017-18 സാമ്പത്തിക വർഷം 1798 വീടുകളും കൂടാതെ, 1000 ഭവനങ്ങളുടെ പുനരുദ്ധാരണത്തിനും ഈ സർക്കാരിന്റെ കാലത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി വീടുകളിൽ പൂർത്തികരിക്കാത്ത ഭവനങ്ങൾക്ക് തുടർന്നുളള വർഷങ്ങളിലും ബഡ്ജറ്റ് വിഹിതം നീക്കിവയ്ക്കുകയും നിർമ്മാണ പൂർത്തീകരണം നടക്കുന്ന മുറയ്ക്ക് തുക അനുവദിച്ചുവരികയും ചെയ്യുന്നു. നിലവിൽ സംസ്ഥാന സർക്കാർ മുഖേന സംസ്ഥാനത്തെ ഭവനരഹിതരായ ജനവിഭാഗങ്ങൾക്ക് ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ലൈഫ് മിഷൻ മുഖേന ഭവന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇമ്പിച്ചി ബാവാ ഭവന പദ്ധതി ലൈഫ് മിഷൻ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളും നൽകി വരുന്ന സ്കോളർഷിപ്പുകളും എന്തെല്ലാമാണ്

അനുബന്ധം 2 -ആയി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് പരീക്ഷകൾക്ക് സജ്ജരാക്കുന്നതിന് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്തൊട്ടാകെ 24 പരിശീലന കേന്ദ്രങ്ങളും 32 ഉപ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ടി പരിശീലന കേന്ദ്രങ്ങളിൽ 2 റെഗുലർ ബാച്ചുകൾ വീതവും ഒരു ഹോളിഡേ ബാച്ചും നടന്നു വരുന്നു. പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ പി.എസ്.സി., യു.പി.എസ്.സി., റെയിൽവേ തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള പരീക്ഷാ പരിശീലനവും ആയതിനു പുറമെ ആലുവ പരിശീലന കേന്ദ്രത്തിനുകീഴിൽ സേനകളിൽ ചേരുന്നതിനുള്ള ഫിസിക്കൽ ട്രെയിനിംഗും നൽകി വരുന്നു.

**വേങ്ങര മണ്ഡലത്തിലെ ചെറുകരമലയിൽ കുടിവെള്ള പദ്ധതി**

301 (1791) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിൽ ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുള്ളതും നിലവിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; ഇവ ജില്ല, നിയോജകമണ്ഡലങ്ങൾ എന്നിങ്ങനെ ഇനം തിരിച്ച് വിശദമാക്കാമോ?

വകുപ്പിന് കീഴിൽ ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുള്ളതും നിലവിൽ പൂർത്തീകരിച്ച് വരുന്നതുമായ കുടിവെള്ള പദ്ധതികൾ അനുബന്ധം (1) & (2) പ്രകാരം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇപ്രകാരം കുടിവെള്ള പദ്ധതികൾ അനുവദിക്കുന്നതിന് മാനദണ്ഡമാക്കുന്ന കാര്യങ്ങൾ വിശദീകരിക്കുമോ?

1. ജലദൗർല്ലഭ്യം നേരിടുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.
2. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമാണെന്ന സാക്ഷ്യപത്രം ഉണ്ടാകണം.
3. Price software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയിരിക്കണം സമർപ്പിക്കേണ്ടത്.
4. പദ്ധതി അംഗീകരിച്ച് പൂർത്തിയാക്കുന്ന പക്ഷം തുടർന്നുള്ള പരിപാലനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുമെന്നുള്ള സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുടിവെള്ള ക്ഷാമം നേരിടുന്ന വേങ്ങരയിലെ ചെറുകരമലയിൽ കുടിവെള്ള പദ്ധതി അനുവദിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഈ കുടിവെള്ള പദ്ധതി അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ?

വേങ്ങരയിലെ ചെറുകരമലയിൽ കുടിവെള്ള പദ്ധതി അനുവദിക്കുന്നതിന് അപേക്ഷ ലഭ്യമായിരുന്നു. എന്നാൽ മാനദണ്ഡങ്ങൾ പൂർത്തിയാക്കിയവയിൽനിന്നും മുൻഗണനാക്രമം പാലിക്കുന്നതിന് മാത്രമാണ് അനുമതി നൽകിയത്.

## കെ.എസ്.എം.ഡി.എഫ്.സി.-യിലെ നിയമനം

302 (1792) ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എം.ഡി.എഫ്.സി.-യിൽ നിയമനം നേടുകയും തുടർന്ന് സർവ്വീസിൽ ബ്രേക്ക് നൽകിയോ അല്ലാതെയോ ഈ സർക്കാർ അധികാരമേറ്റപ്പോൾ തിരുവനന്തപുരം ഓഫീസിൽ എത്ര പേരെ തുടരാൻ അനുവദിച്ചു; ഏതൊക്കെ തസ്തികകളിൽ; വിശദവിവരം ലഭ്യമാക്കുമോ?

ആരെയും തുടരാൻ അനുവദിച്ചിട്ടില്ല.

(ബി) ഇത്തരത്തിൽ മാറിമാറിവരുന്ന സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി എത്രപേരെ റഗുലറൈസ് ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; റെഗുലറൈസ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) എങ്കിൽ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ളവരാരൊ ക്കെയാണെന്നും തസ്തിക ഏതൊക്കെയെന്നും ഇവരെ തെരഞ്ഞെടുത്തതിനും സ്ഥിരപ്പെടുത്തുന്നതിനും സ്വീകരിച്ച/സ്വീകരിക്കാനുദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നിയമനം തരപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് തുടരുന്നവരെ സ്ഥിരപ്പെടുത്തുന്നുണ്ടെങ്കിൽ അതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ?

(സി&ഡി) 'ബി' പിരിവിന് നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## പ്രവാസികൾക്ക് ന്യൂനപക്ഷ വികസന കോർപ്പറേഷനിൽനിന്നുള്ള ധനസഹായ പദ്ധതികൾ

303 (1793) ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തിയ പ്രവാസികൾക്ക് ന്യൂനപക്ഷ വികസന കോർപ്പറേഷനിൽനിന്നും പ്രത്യേക ധനസഹായ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ പ്രവാസികൾക്കായി നൽകി വരുന്ന "പ്രവാസി ലോൺ" കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തിയ പ്രവാസികൾക്കും നൽകി വരുന്നുണ്ട്. ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തി 11 മാസത്തിനുള്ളിൽ വായ്പ അപേക്ഷ നൽകുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് 10 ലക്ഷം രൂപ വരെ 5% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

304 (1794) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമ വകുപ്പ് വഴി വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ;

(സി) ഓരോ പദ്ധതികൾക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ?

(എ-സി) ണ്ഡലത്തിൽ പനവൂരിൽ (PMJ എജ്യൂക്കേഷണൽ ട്രസ്റ്റ്) ന്യൂനപക്ഷ പരിശീലന ഉപകേന്ദ്രം അനുവദിച്ചിട്ടുണ്ട്.

## വഖഫ് സ്വത്തുക്കൾ സംബന്ധിച്ചുള്ള സർവ്വേ നടപടികൾ

305 (1795) ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്വത്തുക്കൾ സംബന്ധിച്ചുള്ള സർവ്വേ നടപടികളുടെ പുരോഗതി അറിയിക്കുമോ?

1995-ലെ വഖഫ് ആക്ട് സെക്ഷൻ 4(1) പ്രകാരം സർവ്വേ നടപടികൾക്കായി സർവ്വേ കമ്മീഷണറെയും അഡീഷണൽ സർവ്വേ കമ്മീഷണർമാരെയും അസിസ്റ്റന്റ് സർവ്വേ കമ്മീഷണർമാരെയും നിയമിച്ചിട്ടുള്ളതാണ്. അഡീഷണൽ സർവ്വേ കമ്മീഷണർമാരായ ജില്ലാ കളക്ടർമാരുടെയും അസിസ്റ്റന്റ് സർവ്വേ കമ്മീഷണർമാരായ സർവ്വേ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും വഖഫ് സ്വത്തുക്കളുടെ സർവ്വേ നടപടികൾ നടന്നുവരുകയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽ സർവ്വേ നടന്നുവരുന്നു.

(ബി) വഖഫ് ഭൂമി അന്യായമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

അന്യാധീനപ്പെട്ട വസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വഖഫ് ആക്ട് സെക്ഷൻ 52 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 52-ാം വകുപ്പ് പ്രകാരം ഇത്തരം അന്യാധീനപ്പെട്ട വസ്തുക്കൾ ജില്ലാ കളക്ടർ മുഖേനയാണ് തിരിച്ചുപിടിക്കുന്നത്.

## വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യം

306 (1796) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗികമായി സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോവിഡ്-19-ന്റെ സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കുറവായതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിമൂലം കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകളിൽ യാത്രക്കാരുടെ വൻകുറവാണ് അനുഭവപ്പെടുന്നത്. തന്മൂലം കെ.എസ്.ആർ.ടി.സി. മുൻപില്ലാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. എന്നിരുന്നാലും യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും സൗകര്യപ്രദമായ രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്കും സ്വകാര്യ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കും നികുതി ഇളവുകൾ നൽകിയതിന്റെ ഫലമായി കൂടുതൽ സ്വകാര്യ ബസ്സ് സർവ്വീസുകളും മുഴുവൻ കെ.എസ്.ആർ.ടി.സി. സർവ്വീസുകളും പുനരാരംഭിക്കുകയും ചെയ്തതോടുകൂടി പൊതുഗതാഗത രംഗത്ത് യാത്രാക്ലേശം വളരെയധികം കുറഞ്ഞിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

307 (1797) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ലാഭത്തിലും ജനകീയവുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IIM കൽക്കട്ടയിലെ പ്രൊഫ.സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു.

2. കോർപ്പറേഷനെ സ്വയംപര്യാപ്തമായ മൂന്ന് മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കോമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

7. കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ പുനഃസംഘടിപ്പിച്ചു.

8. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു.

9. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്വത്തിലായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവ്വേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി. മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ

നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്സ് എന്ന പദ്ധതി വഴിയും കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചു വരുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യസ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ്സ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. എന്ന പൊതുഗതാഗത സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭാവിയിൽ എന്തൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. എന്ന പൊതുഗതാഗത സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി KIIFB ധനസഹായത്തോടെ 310 എണ്ണം Fully Built Non AC CNG BS VI ബസ്സുകൾ വാങ്ങുന്നതിലേയ്ക്കായി ദർഘാസ് നടപടി ക്രമം നടന്നുവരുന്നു. കേന്ദ്ര സർക്കാരിന്റെ FAME-II സ്കീം പ്രകാരം തിരുവനന്തപുരം മേഖലയ്ക്കായി 50 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നടപടിക്രമം നടന്നു വരുന്നു. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ജീവനക്കാരുടെ ശമ്പള ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെരുമാറ്റം ജനസൗഹൃദമാക്കുന്നതിന് ജീവനക്കാർക്ക് മികച്ച മാനേജ്മെന്റ് പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖേന ഇത്തരത്തിലുള്ള പരിശീലനങ്ങൾ ജീവനക്കാർക്ക് നൽകിവരുന്നു. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതും വിവിധ സംവിധാനങ്ങളിൽ സേവന പാരമ്പര്യം ഉള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് വരുന്നു. കൂടാതെ മിഡിൽ മാനേജ്മെന്റ് തലത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പി.എസ്.സി മുഖാന്തരം നേരിട്ട് നിയമിച്ചും വരുന്നു. ഇപ്രകാരം നിയമിതരായവർ/ നിയമിതരാകുന്നവരുടെ കീഴിൽ മറ്റ് ജീവനക്കാർക്ക് മതിയായ പരിശീലനം നൽകിയും മേൽനോട്ടം കാര്യക്ഷമമാക്കിയും പൊതുജന സൗഹാർദ്ദമായ സർവ്വീസ് ഓപ്പറേഷൻ ആണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. ഇതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

308 (1798) <u>ശ്രീ. പി. കെ. ശശി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? ഇതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പ്രത്യേകമായി വികസന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കെ. എസ്. ആർ. ടി. സി.- യിലെ കോവിഡ് പ്രോട്ടോക്കോൾ ലംഘനം

309 (1799) <u>ശ്രീ . എൻ . ഷംസുദീൻ</u>:
<u>ശ്രീ . ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ .കെ .എൻ .എ. ഖാദർ</u>:
<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രോട്ടോക്കോൾ നിലവിൽ വന്ന നാൾ മുതൽ സാധാരണക്കാർ അധികവും യാത്രയ്ക്ക് ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി.-യിൽ മാത്രം മാസ്ക് ഒഴികെയുള്ള സർവ്വമാനദണ്ഡങ്ങളും ലംഘിക്കുന്നത് രോഗവ്യാപനത്തിന് പ്രധാന കാരണമാകുന്നുണ്ടോ?

കോവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചതിനെ തുടർന്ന് 22-3-2020 മുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകളും സർക്കാർ നിർദ്ദേശപ്രകാരം പൂർണ്ണമായും നിർത്തിവച്ചിരുന്നു. എന്നാൽ രോഗവ്യാപന തീവ്രത കുറഞ്ഞതിനെ തുടർന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഘട്ടം ഘട്ടമായി പുനരാരംഭിച്ചിട്ടുണ്ട്. 20-5-2020 മുതൽ ജില്ലാടിസ്ഥാനത്തിൽ കർശന സാമൂഹ്യ അകലവും മാസ്ക്, സാനിറ്റൈസർ പോലുള്ള സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സർക്കാർ നിർദ്ദേശപ്രകാരം സർവ്വീസുകൾ ആരംഭിച്ചിരുന്നത്.

(ബി) ഈ കോവിഡ് പ്രോട്ടോക്കോൾ ലംഘനം രോഗവ്യാപനത്തിന് ഏതെല്ലാം രീതിയിൽ കാരണമായിട്ടുണ്ടെന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്നും കോവിഡ് പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടില്ല.

(സി) വിവിധ ഘട്ടങ്ങളിൽ പൊതുജനങ്ങളെ ബാധിക്കുന്ന ഇത്തരം ഗൗരവതരമായ വിഷയങ്ങളിൽ കോവിഡ് പ്രോട്ടോക്കോളിന് വിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യെ അധികാരപ്പെടുത്തുന്ന നടപടി പുനരാലോചിക്കുമോ?

കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കണമെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ പൊതുജനങ്ങളെ ബാധിക്കുന്ന കോവിഡ് മാനദണ്ഡ ലംഘന വിഷയത്തിൽ തീരുമാനമെടുത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ?

മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ഇ-വെഹിക്കിൾ നയം**

310 (1800) ശ്രീ . കെ. സി . ജോസഫ്:
ശ്രീ . വി .എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 2013-ലെ ഇ-മൊബിലിറ്റി നയത്തിനനുസൃതമായി സംസ്ഥാനം ഇ-വെഹിക്കിൾ നയം രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ പഠനം നടത്താൻ സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(സി) സംസ്ഥാനത്ത് ഇ-ബസ്സുകൾ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് ഏതെങ്കിലും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നല്കിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് 10-10-2017-ലെ G.O.(Rt)No.242/2017/E&ITD പ്രകാരം വിദഗ്ധരെ ഉൾപ്പെടുത്തി ഹൈലെവൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു. കൂടാതെ 12-6-2018-ലെ G.O(Rt)No.265/ 2018/Trans പ്രകാരം ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി ഡ്രാഫ്റ്റ് EV പോളിസി സമർപ്പിക്കുകയും വിശദമായി പരിശോധിച്ചതിനുശേഷമാണ് അന്തിമ EV Policy പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് ഇ-ബസ് നിർമ്മിക്കാനായി ഏതെങ്കിലും കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഒപ്പിടാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) ഇല്ല. ഇലക്ട്രിക് ബസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലാന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17-2-2020-ന് ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്യൂ.സി-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേസമയം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് 2020 ഏപ്രിൽ അവസാനത്തോടെ ധാരണാപത്രം ഒപ്പുവെയ്ക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂ.സി. കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല.

### പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ

311 (1801) <u>ശ്രീ. രാജു എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സാധാരണക്കാരന് താങ്ങാൻ കഴിയാത്തവിധം ഡീസൽ/പെട്രോൾ വില വർധിക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിക്, സോളാർ വാഹനങ്ങൾ കൂടുതലായി പൊതുയാത്രാരംഗത്ത് ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശംങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾ 2021 ജനുവരി 1 മുതൽ CNG, LNG, LPG, ഇലക്ട്രിക് ബദൽ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എങ്കിലും പ്രസ്തുത സമയപരിധി 1-6-2021 വരെ നീട്ടിനൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വൈദ്യുത വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.എൽ, അനെർട്ട് എന്നിവരുമായി സഹകരിച്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ നികുതി ഗണ്യമായി കുറച്ചിട്ടുണ്ട്. കൂടാതെ 8 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ FAME-II സ്കീം പ്രകാരം തിരുവനന്തപുരം മേഖലയ്ക്കായി 50 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നടപടിക്രമം നടന്നുവരുന്നു.

**റോഡുകളിലെ പുതിയ ട്രാഫിക് അടയാളങ്ങൾ**

312 (1802) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശപ്രകാരം റോഡുകളിൽ രേഖപ്പെടുത്തുന്ന പുതിയതരം ട്രാഫിക് അടയാളങ്ങൾ ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അടയാളങ്ങൾ ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കും പരിചയപ്പെടുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്രസ്തുത അടയാളങ്ങൾ ലേണേഴ്സ് ലൈസൻസ് പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നതാണ്. ആവശ്യമായ ട്രെയിനിംഗുകൾ ഡ്രൈവർമാർക്ക് നൽകുന്നതാണ്.

(ബി) പ്രസ്തുത അടയാളങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾ ലേണേഴ്സ് ടെസ്റ്റിന് ഏർപ്പെടുത്തുന്നതിനും ട്രാഫിക്ക് ബോധവൽക്കരണ ക്ലാസ്സിന്റെ സിലബസിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ട്രാഫിക്ക് ബോധവൽക്കരണ ക്ലാസ്സുകളിലും ലേണേഴ്സ് ടെസ്റ്റിന്റെ സിലബസിലും ഉൾപ്പെടുത്തുന്നതാണ്.

**ഇരുചക്ര വാഹന യാത്രികരുമായി ബന്ധപ്പെട്ട നിയമം**

313(1803) <u>ശ്രീ. കെ. എം. ഷാജി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരുചക്ര വാഹന യാത്രികരിൽ പിറകിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നത് കേന്ദ്ര മോട്ടോർ വാഹന നിയമം സംസ്ഥാനത്ത് അതുപോലെ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണോ; മുൻ സർക്കാരിന്റെ കാലത്തും ഇക്കാര്യം നിർബന്ധമാക്കിയിരുന്നോ?

കേന്ദ്ര മോട്ടോർ വാഹന നിയമം 2019 -ലെ ഭേദഗതി അനുസരിച്ച് സെക്ഷൻ 129 പ്രകാരമാണ് ഇരു ചക്ര വാഹനയാത്രികരിൽ പുറകിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കേരള മോട്ടോർ വാഹന ചട്ടം 347A പ്രകാരം പിൻ സീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ഒഴിവാക്കിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 19-11-2019-ലെ WP(C)No25181/2010 നമ്പർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടം 347 A നടപ്പാക്കുന്നത് മാറ്റി വയ്ക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ചാണ് പിൻ സീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കിയിട്ടുള്ളത്.

(ബി) ഇരുചക്ര വാഹന യാത്രയിൽ രണ്ട് ഹെൽമറ്റ് ധരിക്കേണ്ടതും യാത്രാവസാനം അത് ചുമന്ന് സൂക്ഷിക്കേണ്ടതുംകൊണ്ട് ജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മുൻ സർക്കാർ പോലീസുകാരെ ഉപയോഗിച്ച് മൊബൈൽ ക്യാമറയിൽ പകർത്തി പിഴ ചുമത്തുന്നതിന് പകരം പ്രസ്തുത നിയമത്തിൽ ഇളവ് ചെയ്ത് നല്കിയത് പരിശോധിക്കുമോ?

കേന്ദ്ര മോട്ടോർ വാഹന നിയമം 2019-ലെ ഭേദഗതി അനുസരിച്ച് സെക്ഷൻ 129 പ്രകാരമാണ് ഇരു ചക്ര വാഹന യാത്രികരിൽ പുറകിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കേരള മോട്ടോർ വാഹന ചട്ടം 347 A പ്രകാരം പിൻ സീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ഒഴിവാക്കിയിരിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള

ഹൈക്കോടതിയുടെ 19-11-2019-ലെ WP(C)No25181/2010 നമ്പർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടം 347 A നടപ്പാക്കുന്നത് മാറ്റിവയ്ക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ചാണ് പിൻ സീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. ആയതിൽ ഇളവ് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിലെ നടപടികൊണ്ട് എന്ത് തുക നാളിതുവരെ അധികമായി ലഭിച്ചിട്ടുണ്ട്?

2,19,48,797 രൂപ.

(ഡി) ഇത്തരത്തിൽ നിയമം നിർബന്ധമാക്കിയതുമൂലം റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്.

(ഇ) ടി നിയമത്തിന്റെ ഭാഗമായി പിഴ ചുമത്തുന്നതിൽനിന്നും വൃദ്ധരെയും കുട്ടികളെയും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഇപ്പോൾ പരിഗണനയിലില്ല.

## സേഫ് കേരള പദ്ധതി

314 (1804) <u>ശ്രീ .എ . പ്രദീപ് കുമാർ</u>:
<u>ശ്രീ . എം . മുകേഷ്</u>:
<u>ശ്രീ എ. എൻ. ഷംസീർ</u>:
<u>ശ്രീ. ബി. സത്യൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നടപ്പിലാക്കി വരുന്ന സേഫ് കേരള പദ്ധതിയുടെ വിശദാംശം നൽകാമോ?

24x7 സമയവും റോഡുകളിൽ എൻഫോഴ്സ്മെന്റ് സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും അതിലൂടെ അപകട നിരക്ക് കുറച്ചുകൊണ്ടുവരുന്നതിനും അപകടം ഉണ്ടായാൽ അടിയന്തര വൈദ്യസഹായം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടും കൂടിയാണ് കേരളത്തിൽ 14 ജില്ലകളിലും Artificial Intelligence Automated number plate recognition-നോടുകൂടിയ ക്യാമറകൾ സ്ഥാപിച്ച് സേഫ് കേരള എന്ന പദ്ധതി നടപ്പാക്കിവരുന്നത്. നിലവിൽ 240 ക്യാമറകൾ പ്രവർത്തിക്കുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലും എറണാകുളം ജില്ലയിലും രണ്ട് കൺട്രോൾ റൂമുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

(ബി) പൊതുജന പങ്കാളിത്തത്തോടെ ഗതാഗത നിയമലംഘകരെ കണ്ടെത്തുവാനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുവാനും തേർഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

കൺട്രോൾ റൂമുകൾ പ്രവർത്തനസജ്ജമാകുന്നതോടുകൂടി പൊതുജന പങ്കാളിത്തം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള എൻഫോഴ്സ്മെന്റ് പദ്ധതികൾ നടപ്പിലാക്കും. പരിവാഹൻ സോഫ്റ്റ്‌വെയറിൽ ഇതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതാണ്.

(സി) ദേശീയ, സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഗതാഗത ലംഘനം കണ്ടുപിടിക്കുന്നതിന് റഡാർ സർവ്വെയലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ മോട്ടോർ വാഹന വകുപ്പിന് 240-ഓളം ക്യാമറകൾ പ്രവർത്തിക്കുന്നു. Over speed, Red Light violation detection camera-കൾ സ്ഥാപിച്ചിട്ടുണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലും 70 Artificial Intelligence Automated number plate recognition-നോടുകൂടിയ നിയമലംഘനങ്ങൾ കണ്ടുപിടിക്കാനുതകുന്ന ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

## കാർഷിക നിയമങ്ങൾ

315 (1805) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ തികച്ചും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്നത് സർക്കാർ വിശദമാക്കാമോ?

കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയുംമൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവിലപോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കുമുന്നിൽ വളരെ ദുർബ്ബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി

കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്കുമാത്രം വിട്ടുനൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽനിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യവിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും.

(ബി) ഇതിന് പരിഹാരം കണ്ടെത്തി സംസ്ഥാന കർഷകരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിവരിക്കാമോ;

(സി) സംസ്ഥാന സർക്കാർ തലത്തിൽ നിയമം പാസ്സാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സർക്കാർ പരിഗണിക്കുമോ?

(ബി&സി) കേന്ദ്ര സർക്കാർ പാസ്സാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾമൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ചചെയ്യുകയും കേന്ദ്ര സർക്കാർ പാസ്സാക്കിയ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31-12-2020-ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസ്സാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം പൊതുതാൽപ്പര്യ പ്രകാരം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

**ആട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറ**

316 (1806) ശ്രീ സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) ഗതാഗത വകുപ്പ് സംസ്ഥാനത്ത് ആകെ എത്ര ആട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഏത് കാലഘട്ടത്തിലാണ് പണം ചെലവഴിച്ചത്?**

സംസ്ഥാനത്ത് ആകെ 143 ആട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 2012 മുതലുള്ള കാലഘട്ടത്തിലാണ് ഇത്തരം ക്യാമറകൾ സ്ഥാപിക്കുവാൻ ആരംഭിച്ചത്. ആകെ 26,04,17,028 രൂപ ഇതിനായി ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

**(ബി) ഇവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് വേണ്ടി എത്ര തുക ഈ സർക്കാർ വന്നശേഷം ചെലവഴിച്ചു?**

ഈ സർക്കാരിന്റെ കാലയളവിൽ 74,88,839 രൂപ ക്യാമറകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ ക്യാമറകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനരഹിതമാണ്?

65 ക്യാമറകൾ നിലവിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമാണ്.

(ഡി) വാർഷിക അറ്റകുറ്റപ്പണി നടത്താത്തതിന് എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ; ഇവ അറ്റകുറ്റപ്പണി നടത്തി പ്രവർത്തിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അറ്റകുറ്റപ്പണികൾ വിശദമായ പരിശോധനകൾ പ്രകാരം ഘട്ടംഘട്ടമായി നടത്തി വരുന്നു. അതോടൊപ്പം വാർഷിക കരാർ ഉടമ്പടിയിലേർപ്പെടുന്ന മുറയ്ക്ക് പ്രവർത്തന രഹിതമായിരിക്കുന്ന ക്യാമറകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അപകടത്തിൽ മരിച്ച വ്യക്തിയുടെ വിധവയ്ക്ക് നഷ്ടപരിഹാരം**

317 (1807) ശ്രീ പി .ടി .എ . റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) OP(M) 735/12 കേസിൽ കോഴിക്കോട് എം.എ.സി.ടി. ഉത്തരവ് പ്രകാരം ഹൈക്കോടതി നൽകാൻ വിധിച്ച എട്ട് ലക്ഷത്തി മുപ്പത്തെട്ടായിരത്തി അഞ്ഞൂറ് രൂപ മരിച്ച മുഹമ്മദിന്റെ അവകാശിയായ ബുഷ്റ എന്നയാൾക്ക് ഇതുവരെ ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2012-ൽ നടന്ന ബസ്സ് അപകടത്തിൽ മരിച്ച വ്യക്തിയുടെ വിധവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ കാലതാമസത്തിന് എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കേസിൽ പരാതിക്കാരൻതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ 29-08-2019-ൽ മാത്രമാണ് തീർപ്പാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മുൻകാലങ്ങളിൽ ഇൻഷ്വറൻസ് ഇല്ലാതിരുന്നതിനാൽ 1179 കേസുകളിലായി 63 കോടിയോളം രൂപ നഷ്ടപരിഹാരമായി നൽകാനുണ്ട്. ആയത് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പരാധീനത കാരണം സമയബന്ധിതമായി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും പരമാവധി തുക കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) തുക എന്ന് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തുക നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗം

318 (1808) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

പോത്തൻകോട് വെമ്പായം പഴകുറ്റി നെടുമങ്ങാട് റോഡിൽ സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് സേഫ്റ്റി ഫണ്ട് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പ്രവർത്തിക്ക് 42,77,321 രൂപ പോലീസ് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടത് ടി വകുപ്പാണ്. നടപടി ക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സമഗ്ര ഗതാഗതപരിഷ്കരണം

319 (1809) പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ . ടി . എ . അഹമ്മദ് കബീർ:
ഡോ. എം. കെ . മുനീർ:
ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് കേരളത്തിലുള്ള ഒട്ടേറെ റോഡുകളിൽ കഴിഞ്ഞ 3 വർഷത്തെ അപകടങ്ങളെക്കുറിച്ചും അപകടമരണങ്ങളും പരിശോധിച്ചതിൽ 238 അതിതീവ്ര അപകടമേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഹ്രസ്വകാല നടപടിയായി Warning Signboard, Speed നിയന്ത്രണം clearing of bushes എന്നിവ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതല്ലാതെ 4 വരിപ്പാതയിലും നാഷണൽ ഹൈവേയിലും സംഭവിക്കുന്ന അപകടങ്ങളുടെ ലിസ്റ്റ് കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിഹാര നടപടികൾ MoRTH- ന് കീഴിലുള്ള NHAI ആണ് സ്വീകരിക്കേണ്ടത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ ഗതാഗത വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരളത്തിലുടനീളം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സുരക്ഷിത മേഖലയായി പ്രഖ്യാപിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി Table Top Pedestrian crossing, Automatic pedestrian signal (പെലിക്കൺ സിഗ്നൽ) എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സമഗ്ര ഗതാഗതപരിഷ്കരണം നടപ്പാക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് & റൂൾസ് പ്രകാരം, അപകടഹേതുക്കളായ തടസ്സങ്ങൾ നീക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുവായി നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി

320 (1810) ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെ തുടർന്ന് സർവ്വീസ് നിർത്തിവച്ച സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായി കോൺട്രാക്ട് കാര്യേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ ടൂറിസ്റ്റ് ബസ്സുകൾക്ക് 1-4-2020 തുടങ്ങുന്ന ക്വാർട്ടറിലെ 20% നികുതിയും 23-3-2020-ലെ (G.O.(P)No.13/2020/Trans) 1-7-2020-ൽ തുടങ്ങുന്ന ക്വാർട്ടറിലെ മുഴുവൻ നികുതിയും 27-8-2020-ലെ (G.O.(P)No.45/2020/Trans) 1-10-2020-ൽ തുടങ്ങുന്ന ക്വാർട്ടറിലെ 50% നികുതിയും 6-11-2020-ലെ (G.O.(P) No.60/2020/Trans) ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ 1-1-2021-ൽ തുടങ്ങുന്ന ക്വാർട്ടറിലെ നികുതി അടയ്ക്കുന്നതിനുള്ള സമയം 31-3-2021 വരെ 7-1-2021-ലെ (G.O.(P) No.2/2021/Trans) നീട്ടി നൽകിയിട്ടുണ്ട്.

(ബി) ഈ മേഖലയുടെ അതിജീവനത്തിനുവേണ്ടി സംസ്ഥാനത്തെ പൊതുമേഖല ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാമ്പത്തിക പാക്കേജ് അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും ഗതാഗത വകുപ്പിൽ നിലവിലില്ല.

(സി) വിനോദസഞ്ചാര മേഖലകൾ സജീവമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ മോട്ടോർ വാഹന നികുതിയിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നവീകരണം

321 (1811) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?**

" Sustainable Urban Development - Smart Cities" (SUD - SC) Project-ന്റെ ഭാഗമായി GIZ ഇന്ത്യ എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ കൊച്ചി നഗരസഭ KSRTC സ്റ്റാന്റ് ഉൾപ്പെടുന്ന മുല്ലശ്ശേരി കനാലും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്തി Urban Design Competition Proposal തയ്യാറാക്കുന്നുണ്ട്. അപ്രകാരം എറണാകുളം KSRTC ബസ് സ്റ്റാന്റ് നവീകരിക്കുന്ന പദ്ധതിക്കായി മാസ്റ്റർ പ്ലാനും DPR തയ്യാറാക്കുന്നതിന് 16-7-2020-ന് GIZ India-ക്ക് കത്ത് നൽകുകയും ആ വിവരം എം.പി./എം.എൽ.എ, ജില്ലാ കളക്ടർ എന്നിവരെയും അറിയിച്ചിട്ടുമുണ്ട്.

**(ബി) ഇതിന്റെ രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?**

രൂപരേഖ തയ്യാറാക്കിയിട്ടില്ല.

**(സി) ഈ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം നൽകിയിട്ടുണ്ടോ?**

ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല.

**(ഡി) നവീകരണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?**

Design finalise ചെയ്ത്, ഫണ്ട് ലഭിച്ചശേഷം നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം

322 (1812) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എത്ര തുകയാണ് ഈ പദ്ധതിക്ക് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കേരള സർക്കാരിന്റെ 2020-21 പദ്ധതി വിഹിതത്തിലുൾപ്പെടുത്തി 16.98 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ?

2018-ൽ ITS പ്രോജക്ടിനായി 63.77 കോടി രൂപ ധനസഹായം ആവശ്യപ്പെട്ട് ഒരു പദ്ധതിരേഖ സമർപ്പിച്ചിരുന്നു. ആയതിന്മേൽ ചില സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിൽനിന്ന് കത്ത് ലഭിച്ചിട്ടുണ്ട്.

## കെ-സ്വിഫ്റ്റ് പദ്ധതി

323 (1813) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി-യെ വിഭജിച്ചുകൊണ്ട് കെ-സ്വിഫ്റ്റ് എന്ന പേരിൽ ഒരു ഗതാഗത കമ്പനി രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

310 CNG ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങുന്നതിനും 400 ഡീസൽ ബസ്സുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ

നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി. "കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തരം ദീർഘദൂര ബസ്സുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി 10 വർഷത്തിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ ലയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കിഫ്ബിയുടെ ധനസഹായത്താൽ 310 CNG ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണനയിലാണ്.

(സി) ഇപ്പോൾത്തന്നെ നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തുന്നതിന് പകരം കെ-സ്വിഫ്റ്റ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കുന്നത് കെ.എസ്.ആർ.ടി.സി-യുടെ തകർച്ചയ്ക്ക് ആക്കം കൂട്ടും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രാഥമികമായി കിഫ്ബിയുടെ നിബന്ധനകൾ പാലിക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ ഇന്നത്തെ അവസ്ഥയിൽനിന്നും കര കയറ്റുകയെന്ന ലക്ഷ്യംകൂടി സ്വിഫ്റ്റ് രൂപീകരിക്കുന്നതിന് പിന്നിലുണ്ട്.

## ഇരിങ്ങാലക്കുടയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ കുറവ്

324 (1814) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുടയിൽനിന്നും ഉണ്ടായിരുന്ന തിരുവനന്തപുരം സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുടയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് നടത്തിവന്നിരുന്ന സർവ്വീസ് ഗുരുവായൂർ ഡിപ്പോയിൽനിന്നും ഇരിങ്ങാലക്കുട വഴി പുനഃക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ ലഭിക്കുന്ന പക്ഷം യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(ബി) ഇരിങ്ങാലക്കുടയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?**

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## കെ. എസ്.ആർ.ടി. സി.-യിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം

325 (1815) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിയ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ?**

വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായും സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി.-യിലെ ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ -കം- കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**(ബി) ഈ സംവിധാനത്തിനെതിരെ ജീവനക്കാരുടെ സംഘടനകൾ കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിലുള്ള കോടതി നിർദ്ദേശം എന്തായിരുന്നു?**

ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം താഴെ പറയുന്നു.

1. ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർ സന്നദ്ധരല്ലായെങ്കിൽ പ്രസ്തുത ജീവനക്കാരെ ഡ്രൈവർ-കം-കണ്ടക്ടർ ആയി നിയോഗിക്കാൻ പാടുള്ളതല്ല.

2. നിശ്ചിത യോഗ്യത ഇല്ലാത്ത ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരെ ഡ്രൈവർ-കം-കണ്ടക്ടർ ആയി നിയോഗിക്കാൻ പാടില്ല.

3. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ Writ Appeal No 1798/2000-ലേയും അനുബന്ധ കേസുകളിലേയും വിധിയുടെ അടിസ്ഥാനത്തിൽ എട്ട് മണിക്കൂറിലധികം സമയം ജോലിക്ക് നിയോഗിക്കാൻ പാടുള്ളതല്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകളിൽ ഈ സംവിധാനവും ക്രൂചെയിഞ്ച് സംവിധാനവും വീണ്ടും കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പും ലക്ഷ്യമിട്ട് 1-12-2020 മുതൽ ദീർഘദൂര സർവ്വീസുകളിൽ കോടതി വിധികളുടെ നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചുകൊണ്ട് ഡ്രൈവർ-കം-കണ്ടക്ടർ/ക്രൂചെയിഞ്ച് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ പുനർവിന്യാസം

326 (1816) ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ കെ.എസ്.ആർ.ടി.സി.-യിൽ ബസ് ഒന്നിന് നിലവിലുള്ള ഓഫീസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്ന് പറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ എന്തുകൊണ്ട് മെല്ലെപ്പോക്ക് സ്വീകരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതൽ ആണെന്ന് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം വിശദമായ പരിശോധന നടത്തുകയും 4-8-2020-ൽ ചേർന്ന 404-ാമത് ഭരണ സമിതി കെ.എസ്.ആർ.ടി.സി.-യുടെ ജീവനക്കാരുടെ എണ്ണം പുന:ക്രമീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം പുനഃക്രമീകരിച്ചപ്പോൾ നിലവിലെ ജീവനക്കാരുടെ എണ്ണം വളരെ അധികമാണെന്ന് ബോധ്യപ്പെട്ടു. ആയത് ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) ഇക്കാര്യത്തിൽ പുനർവിന്യാസം നടത്തുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ പതിനഞ്ച് കൊല്ലത്തിലധികം ജോലി നോക്കിയ ലൈൻഡ്യൂട്ടിക്കാരായ ആരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് മുന്തിയ പരിഗണന നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്തെന്നറിയിക്കാമോ?

ലൈൻ ഡ്യൂട്ടി ചെയ്യുന്നതിന് സ്ഥിരമായി ആരോഗ്യപ്രശ്നം ഉണ്ടെന്ന് ബോദ്ധ്യമാകുന്നവർക്ക് പരിഗണന നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ നിക്ഷേപം

327 (1817) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി കെ അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തുന്നതിനായി ഉപയോഗമില്ലാതെ കിടക്കുന്ന കെ.എസ്.ആർ.ടി.സി. ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ നിക്ഷേപം നടത്തി വരുമാനം ഉണ്ടാക്കാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നില്ല.

(ബി) എങ്കിൽ പദ്ധതികളുടെ വിശദാംശം നൽകുമോ;

ബാധകമല്ല.

(സി) ഇക്കാര്യത്തിൽ കോർപ്പറേഷന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിൽനിന്ന് യാതൊരുവിധ അനുമതിയും നൽകിയിട്ടില്ല.

## രൂപമാറ്റം വരുത്തിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

328 (1819) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ യാത്രാ സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സുകളെയാണ് കെ.എസ്.ആർ.ടി.സി അതിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുകയോ കടയുടെയും ഡോർമറ്ററികളുടെയും രൂപഭേദം വരുത്തുകയോ ചെയ്തിട്ടുള്ളത്?

2016-മേയ് മുതൽ നാളിതുവരെ 947 ബസ്സുകൾ സർവ്വീസിൽനിന്നും പിൻവലിച്ചിട്ടുണ്ട്. ആയതിൽ 40 ബസ്സുകൾ " Shop on wheel" പദ്ധതിയിൽ രൂപമാറ്റം വരുത്തുന്നതിനും 21 ബസ്സുകൾ സ്ലീപ്പറുകളായും രൂപമാറ്റം വരുത്തുന്നതിനും ഉപയോഗിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ഡിപ്പോകളിലെ എത്ര വീതം ബസ്സുകളെയാണ് പൂർണ്ണമായും സർവ്വീസിന് യോഗ്യമല്ലെന്ന് കാട്ടി ഒഴിവാക്കിയതെന്നും അതിനായി സ്വീകരിച്ച നടപടിക്രമങ്ങളെന്തെല്ലാമെന്നും വിശദമാക്കാമോ?

ഡിപ്പോ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* വാഹനത്തിന്റെ കാലപ്പഴക്കം, ഓടിയ ദൂരം (കിലോമീറ്റർ) കൂടാതെ ഗുരുതരമായ മെക്കാനിക്കൽ ചേസിസ്/ബോഡി തകരാറുകൾ ഉണ്ടാകുന്ന ബസ്സുകൾ ഡിപ്പോതലത്തിൽ പരിശോധിച്ച് ഡിപ്പോതല കമ്മിറ്റി സ്ക്രാപ്പ് ചെയ്യുന്നതിന് ശിപാർശ ചെയ്ത് അസിസ്റ്റന്റ് വർക്ക്സ് മാനേജർ (മെയിന്റനൻസ്)ന്റെ അനുമതിയോടെ റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പിലേയ്ക്ക് നൽകുകയും റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പ് അധികാരിയുടെ ശിപാർശയെ അടിസ്ഥാനമാക്കി ചീഫ് ഓഫീസ് അനുമതിയോടെ ആണ് ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നത്.

(സി) ഇത്തരത്തിൽ സർവ്വീസ് നടത്തിയിരുന്ന യാത്രാബസ്സുകളെ രൂപമാറ്റത്തിന് തെരഞ്ഞെടുക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കേണ്ടിയിരുന്നത്; വ്യക്തമാക്കുമോ?

വാഹനത്തിന്റെ കാലപ്പഴക്കം, ഓടിയ ദൂരം (കിലോമീറ്റർ) കൂടാതെ ഗുരുതരമായ മെക്കാനിക്കൽ ചേസിസ്/ബോഡി തകരാറുകൾ ഉണ്ടാകുന്ന ബസ്സുകൾ സർവ്വീസിൽനിന്നും ഒഴിവാക്കി സ്ക്രാപ്പ് ചെയ്യുന്നതിന് യോഗ്യമായ ബസ്സുകളാണ് ഇത്തരത്തിൽ രൂപമാറ്റത്തിനായി തെരഞ്ഞെടുക്കുന്നത്. നിലവിൽ കുറഞ്ഞത് 10 ലക്ഷം കിലോമീറ്ററും 10 വർഷവും പിന്നിട്ട ബസ്സുകളാണ് സ്ക്രാപ്പ് ചെയ്യുന്നതിന് പരിഗണിക്കുന്നത്.

(ഡി) ഇനിയും എത്ര യാത്രാ ബസ്സുകൾ ആണ് സർവ്വീസ് നടത്തുന്നതിൽ നിന്ന് ഒഴിവാക്കി ഇത്തരത്തിൽ വിവിധ ഉദ്ദേശത്തോടെ രൂപ മാറ്റത്തിന് വിധേയമാക്കാൻ നിലവിൽ നിശ്ചയിച്ചിട്ടുള്ളത്?

500-ഓളം ബസ്സുകളാണ് വിവിധ ഉദ്ദേശത്തോടെ രൂപമാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നത്.

(ഇ) ആയവയുടെ പൂർണ്ണ വിവരം ഡിപ്പോ തിരിച്ച് ലഭ്യമാക്കുമോ?

നിലവിൽ ടി ബസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള ബസ്സ് സർവ്വീസുകൾ

329 (1820) ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വ്യാപനത്തിന് മുമ്പ് കാസർഗോഡ് ഡിപ്പോയിൽനിന്ന് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഏതെല്ലാം റൂട്ടിൽ സർവ്വീസ് നടത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ;

37 റൂട്ടുകളിലായി 92 സർവ്വീസുകൾ നടത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) അപ്പോഴത്തെ കാസർഗോഡ് ഡിപ്പോയിലെ പ്രതിദിന വരുമാനം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

പ്രതിദിനം ശരാശരി 12,13,464 രൂപ വരുമാനം ലഭിച്ചിരുന്നു.

(സി) കോവിഡ് കാലത്ത് ഏതെല്ലാം സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും അതുമൂലം വരുമാനത്തിലുണ്ടായ കുറവ് എത്രയാണെന്നും വ്യക്തമാക്കാമോ?

സമ്പൂർണ്ണ ലോക്ക്ഡൗൺ കാലത്ത് ഒരു സർവ്വീസും ഓപ്പറേറ്റ് ചെയ്തിട്ടില്ല. മെയ് മാസത്തിൽ ജില്ലയ്ക്കകത്ത് മാത്രം ഓപ്പറേറ്റ് ചെയ്യാൻ അനുവദിച്ചപ്പോൾ 32 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് ഓപ്പറേറ്റ് ചെയ്യുവാൻ അനുവാദം ലഭിച്ചപ്പോൾ 44 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. നിലവിൽ 52 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുമ്പോൾ പ്രതിദിന വരുമാനം ശരാശരി 7,59,493 രൂപയാണ് ലഭിക്കുന്നത്. കോവിഡിന് മുമ്പുള്ള വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ശരാശരി 4,53,971 രൂപയുടെ കുറവുണ്ട്.

(ഡി) റദ്ദ് ചെയ്ത ഏതെല്ലാം സർവ്വീസുകൾ പുനഃസ്ഥാപിച്ചുവെന്നും ബാക്കിയുള്ളവ എപ്പോൾ പുനരാരംഭിക്കുമെന്നും വ്യക്തമാക്കാമോ?

52 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.* ജീവനക്കാരുടെ കുറവ് പരിഹരിക്കുന്ന മുറയ്ക്കും കോവിഡ് സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്കും ബാക്കി സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസ്സുകൾ ഇപ്പോൾ കാസർഗോഡുനിന്ന് മംഗലാപുരത്തേയ്ക്ക് പ്രതിദിനം എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബസ്സിൽ മംഗലാപുരത്ത് ചെന്ന് പഠിക്കുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

35 സർവ്വീസുകൾ അനുവദിക്കുന്നുണ്ട്. മംഗലാപുരത്ത് ചെന്ന് പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് കർണ്ണാടക സർക്കാർ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്.

(എഫ്) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ ഇത്തരത്തിൽ സൗജന്യം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഇല്ല. അന്യ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് നിലവിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നില്ല.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും

330 (1821) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ സർക്കാർ എത്ര കോടി രൂപയാണ് നാളിതുവരെയായി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കോവിഡിനെ തുടർന്ന് ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ സർക്കാർ നാളിതുവരെയായി 1264.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് ഫണ്ടായി 5 കോടി രൂപയും കെ.റ്റി.ഡി.എഫ്.സി. വായ്പയുടെ പലിശ ഒടുക്കുന്നതിന് 12.77 കോടി രൂപയും ഡീസൽ പ്രൈസ് ഇനത്തിൽ ഐ.ഒ.സി.-ക്ക് നൽകുന്നതിനായി 20 കോടി രൂപയും ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 7.30 കോടി രൂപയും ശബരിമല സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിനായി 10 കോടി രൂപയും കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നതിലേയ്ക്കായി 4.37 കോടി രൂപയും 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 2.73 കോടി രൂപയും ചേർത്ത് ഈ കോവിഡ് കാലഘട്ടത്തിൽ ആകെ 1406.80 കോടി രൂപ സർക്കാർ സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ എത്ര ശതമാനം ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

12-01-2021-ലെ കണക്ക് പ്രകാരം റിസർവ്വേഷൻ ഉൾപ്പെടെ 61.45% ബസ്സുകളാണ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്.

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാനുള്ള പദ്ധതികൾ**

331 (1822) <u>ശ്രീ. പി. സി. ജോർജ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തനസമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുകയും ചെയ്യുന്നു.

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി വരുന്നു.

2. കോർപ്പറേഷനെ സ്വയം പര്യാപ്തമായ മൂന്ന് മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കോമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

7. കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ പുനഃസംഘടിപ്പിച്ചു.

8. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു.

9. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.-യ്ക്ക് ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്വത്തിലായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കോവിഡ്-19 കാരണം കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ട്. പ്രതിമാസ വരുമാനം പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ സൂപ്പർഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25% നിരക്കിളവ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടൂ വീലർ യാത്രക്കാരെ ആകർഷിക്കുന്നതിനായി Bus on Demand (BOND) സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ഡബിൾ ഡക്കർ ഹെറിറ്റേജ് സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി. മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ

ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്സ് എന്ന പദ്ധതി വഴിയും കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. സ്ലീപ്പർ ഇൻ ബസ്സ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യും IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾകൂടി (public amenities) ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ്സ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

332 (1823) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് പുനരുദ്ധാരണ പാക്കേജ് ആയി ഓരോ വർഷവും എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച സാമ്പത്തിക സഹായം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി. എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്നതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം ഡിസംബർ മാസം വരെ ശമ്പളയിനത്തിൽ 1921.39 കോടി രൂപയും പെൻഷൻ ഇനത്തിൽ 2517.66 കോടി രൂപയും കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.-യിൽ നിന്നെടുത്ത വായ്പകളുടെ പലിശയിനത്തിൽ കുടിശ്ശികയുണ്ടായിരുന്ന തുക സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.-യ്ക്ക് അടച്ച ഇനത്തിൽ 46.70 കോടി രൂപയും ശബരിമല സ്പെഷ്യൽ സർവ്വീസുകളുടെ ക്രമീകരണത്തിനായി 15 കോടി രൂപയും ജീവനക്കാർക്ക് ഓണക്കാലത്ത് ബോണസ് അനുവദിക്കുന്നതിനായി 15 കോടി രൂപയും എൻ.പി.എസ്. തിരിച്ചടവിനത്തിൽ 27.68 കോടി രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും ഓയിൽ കമ്പനികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ ഐ.ഒ.സി.-ക്ക് നൽകിയ 20 കോടി രൂപയും കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും ജീവനക്കാർക്ക് ഇടക്കാലാശ്വാസം വിതരണം ചെയ്യുന്നതിനായി 4.37 കോടി രൂപയും അസ്ഥിര ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ അനുവദിച്ച വകയിൽ 2.11 കോടി രൂപയും സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും നടപ്പിലാക്കുന്നതിനായി ആദ്യഘട്ടമായി 2.73 കോടി രൂപയും കൂടാതെ വിവിധ പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 45.59 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വാഹനങ്ങൾ ഏത് ഫണ്ട് ഉപയോഗിച്ച് വാങ്ങാനാണ് തീരുമാനം എടുത്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉണ്ട്. KIIFB-യുടെ വായ്പ ഉപയോഗിച്ച് 310 സി.എൻ.ജി. ബസ്സുകളും സംസ്ഥാന സർക്കാരിന്റെ 2020-21 സാമ്പത്തിക പദ്ധതിവിഹിതം ഉപയോഗിച്ച് 72 ഫുള്ളി ബിൽറ്റ് നോൺ എസി ബി.എസ്. 6 ഡീസൽ ബസ്സുകളും 8 പ്രീമിയം ക്ലാസ്സ് ഫുള്ളി ബിൽറ്റ് എസി-സ്ലീപ്പർ ബി.എസ്. 6 ഡീസൽ ബസ്സുകളും 20 എണ്ണം സെമി പ്രീമിയം ക്ലാസ്സ് ഫുള്ളി ബിൽറ്റ് എസി-സീറ്റർ ബസ്സുകളും ചേർത്ത് ആകെ 410 ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ഡി) ഉപയോഗ ശൂന്യമായതും കാലപ്പഴക്കം ചെന്നതുമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എങ്ങനെയാണ് ഒഴിവാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉപയോഗശൂന്യമായതും കാലപ്പഴക്കം ചെന്നതുമായ ബസ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC മുഖേന E-Auction-ലൂടെ ആണ് വില്പന നടത്തുന്നത്. കൂടാതെ സർവ്വീസ് യോഗ്യമല്ലാത്ത കാലപ്പഴക്കം ചെന്ന ബസ്സുകൾ രൂപമാറ്റം വരുത്തി Shop on Wheel, Staff Sleeper എന്ന തരത്തിലും ഉപയോഗിക്കുന്നു.

## കോവിഡ് കാലത്തെ കെ.എസ്.ആർ.ടി.സി. പ്രവർത്തനം

333 (1824) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ നിലമെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് കോവിഡ് കാലത്തും യഥാസമയം ശമ്പളവും പെൻഷനും ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു.

2. കോർപ്പറേഷനെ സ്വയംപര്യാപ്തമായ മൂന്ന് മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കോമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുന:ക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുന:ക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

7. കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ പുന:സംഘടിപ്പിച്ചു.

8. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു.

9. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്വത്തിലായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവ്വേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിച്ച് നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചുവരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്സ് എന്ന പദ്ധതിയും കോവിഡ്-19 കിറ്റുകൾ കൊണ്ടു പോകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന

പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിനും സാധ്യമാകും. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധികാലത്ത് ശമ്പളം നൽകുന്നതിനായി 666.39 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 661.63 കോടി രൂപയും സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് ഫണ്ടായി 5 കോടി രൂപയും കെ.ടി.ഡി.എഫ്.സി. വായ്പ പലിശ ഒടുക്കുന്നതിന് 12.77 കോടി രൂപയും ഡീസൽ പ്രൈസ് ഇനത്തിൽ ഐ.ഒ.സി.-യ്ക്ക് നൽകുന്നതിനായി 20 കോടി രൂപയും ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 7.30 കോടി രൂപയും ശബരിമല സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിനായി 10 കോടി രൂപയും കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും ദിവസവേതന ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനായി 2.11 കോടി രൂപയും ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നതിലേയ്ക്കായി 4.37 കോടി രൂപയും 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 2.73 കോടി രൂപയും ചേർത്ത് ഈ കോവിഡ് കാലഘട്ടത്തിൽ ആകെ 1472.31 കോടി രൂപ സർക്കാർ സഹായമായി നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ജി-സ്പാർക്ക് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ ജി-സ്പാർക്ക് ഡേറ്റാ ഷീറ്റ് മുഖേന ശേഖരിക്കുകയും ആയവ സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിക്കുന്ന ജോലികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. പരീക്ഷണാടിസ്ഥാനത്തിൽ കേന്ദ്ര ഓഫീസായ ട്രാൻസ്പോർട്ട് ഭവനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നവംബർ മാസത്തെ ശമ്പളം സ്പാർക്ക് മുഖേന പ്രോസസ്സ് ചെയ്യുകയുണ്ടായി.

## കെ.എസ്.ആർ.ടി.സി.-യിലെ കോവിഡ് പ്രതിരോധ വസ്തുക്കളുടെ വിതരണം

334 (1825) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സാനിട്ടൈസറുകളും മാസ്കും വിതരണം ചെയ്യുന്നതിനുവേണ്ടി വാങ്ങിയിട്ടുണ്ടായിരുന്നോ?

ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം വിഭാഗം ജീവനക്കാർക്ക് വിതരണം നടത്തുന്നതിനാണ് ഇവ വാങ്ങിയത്; ഇവ വാങ്ങുന്നതിനായി വിവിധ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും സർക്കാർ സ്ഥാപനമായ കെ.എസ്.ഡി.പി.-യെ ആശ്രയിച്ചപ്പോൾ കെ.എസ്.ആർ.ടി.സി.-യും ഇവിടെ നിന്ന് തന്നെയാണോ അവ വാങ്ങിയിരുന്നതെന്ന് വെളിപ്പെടുത്താമോ?

എല്ലാ വിഭാഗം ജീവനക്കാർക്കും വിതരണം നടത്തുന്നതിനാണ് വാങ്ങിയത് (Operational, Ministerial, Mechanical). സാനിട്ടൈസർ സർക്കാർ പൊതുമേഖലാ സ്ഥാപനമായ Kerala State Drugs and Pharmaceuticals Ltd. എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്. മാസ്ക് കെ.എസ്.ആർ.ടി.സി.-യുടെ വിവിധ വർക്ക്ഷോപ്പുകളിൽനിന്നും നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(സി) എങ്കിൽ സർക്കാർ നിഷ്കർഷിച്ച ഗുണനിലവാരമുള്ള എത്രവീതം, ഏതൊക്കെ സമയങ്ങളിൽ, എന്ത് തുകയ്ക്കുള്ളവ വാങ്ങുന്നതിനാണ് ഓർഡർ നൽകിയിരുന്നത്; നൽകിയ ഓർഡറിന്റെ അടിസ്ഥാനത്തിൽ ആകെ എത്ര വീതം ഏത് നിലവാരത്തിലുള്ളവയാണ് കെ.എസ്.ഡി.പി. കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്; അതിൽ സാനിട്ടൈസറുകൾ ആകെ എത്ര അളവുണ്ടായിരുന്നെന്നും ഏതൊക്കെ അളവിലുള്ള കുപ്പികളാണ് ലഭ്യമായതെന്നും വെളിപ്പെടുത്താമോ?

1. 15-4-2020-ലെ Purchase Order No.SRA1/003476/2020 പ്രകാരം 3000 എണ്ണം 250 ml Bottle (Rs.99 Bottle) വാങ്ങിയിട്ടുണ്ട്. 3000 എണ്ണത്തിന്റെ ആകെ വില Rs.2,97,000 രൂപ.
2. 4-6-2020-ലെ Purchase Order No. SRA1/003427/2020, പ്രകാരം 10,000 എണ്ണം 100 ml Bottle- (Rs.34.72 Bottle) വാങ്ങിയിട്ടുണ്ട്. 10,000 എണ്ണത്തിന്റെ ആകെ വില Rs.3,47,200 രൂപ.

3. 24-06-2020-ലെ Purchase Order No. SRA1/003427/2020 പ്രകാരം 10,000 എണ്ണം 100 ml Bottle - (Rs.34.72 Bottle) വാങ്ങിയിട്ടുണ്ട്. 10,000 എണ്ണത്തിന്റെ ആകെ വില Rs.3,47,200 രൂപ.

4. 2-7-2020-ലെ Purchase Order No.SRA1/003429/2020, പ്രകാരം 2,00,000 എണ്ണം 100 ml Bottle - (Rs.33 Bottle) വാങ്ങിയിട്ടുണ്ട്. 2,00,000 എണ്ണത്തിന്റെ ആകെ വില Rs.66,00,000 രൂപ.

5. 28-10-2020-ലെ Purchase Order No. SRA1/003429/2020, പ്രകാരം 2,00,000 എണ്ണം 100 ml Bottle - (Rs.33 Bottle) വാങ്ങിയിട്ടുണ്ട്. 2,00,000 എണ്ണത്തിന്റെ ആകെ വില Rs.66,00,000 രൂപ.

(ഡി) തൊഴിൽ സമയത്ത് പൊതുജനങ്ങളുമായി ഏറ്റവും അധികം ബന്ധപ്പെടുന്ന ലൈൻ ഡ്യൂട്ടിക്കാർക്ക് ഇവ നൽകുന്നതിന് പകരം മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് നൽകിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇവ ലൈൻ ഡ്യൂട്ടിക്കാർക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാർ വിവിധ ഡിപ്പോകളിൽ പ്രതിഷേധിച്ചതും തുടർന്ന് സർക്കാർ ഇടപെട്ട് അവർക്ക് ഇവ ലഭ്യമാക്കിയ സാഹചര്യവും ഗൗരവമായി കണ്ടിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ബാധകമല്ല.

(എഫ്) കോവിഡ് കാലത്തും ജോലി നോക്കേണ്ടിവന്ന കണ്ടക്ടർ, ഡ്രൈവർ എന്നിവർക്ക് സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും തലസ്ഥാനത്തെ ഡിപ്പോകളിൽപ്പോലും ഇത്തരത്തിൽ സാനിട്ടൈസറുകളും മാസ്കും കൈയ്യുറയും ലഭ്യമാക്കാതെ വന്ന സാഹചര്യം പരിശോധിച്ചിരുന്നോ; ലഭ്യമാക്കിയെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ നൽകാമോ?

ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. വാങ്ങി വിതരണംചെയ്ത സാനിട്ടൈസറുകളുടെയും വർക്ക്ഷോപ്പുകളിൽ നിർമ്മിച്ച് വിതരണംചെയ്ത മാസ്കുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ജി) കെ.എസ്.ആർ.ടി.സി.-യിൽ കോവിഡ് പ്രതിരോധ വസ്തുക്കൾ വാങ്ങിയതിൽ വൻതിരിമറി നടന്നതായുള്ള റിപ്പോർട്ടുകളുടെ വസ്തുത അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ വെബ്സൈറ്റിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എസ്.ആർ.ടി.സി ഭവനിലെ പ്രതിമാസ വെള്ളക്കരം

335 (1826) ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഭവനിലെ പ്രതിമാസ വെള്ളക്കരം എത്ര രൂപയാണെന്ന് അറിയിക്കുമോ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതലുള്ള ദ്വൈമാസ വെള്ളക്കരം ഓരോ ആറ് മാസത്തിലേത് കണക്കാക്കി നാളിതുവരെയുള്ളത് എത്രയെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ഭവനിലെ 2020-ലെ ശരാശരി പ്രതിമാസ വെള്ളക്കരം 30,000 രൂപയാണ്. 2016 June- 2016 Dec.=2,59,350 രൂപ. 2017 Jan. - 2017 June=1,95,592 രൂപ. 2017 July - 2017 Dec.=2,43,848 രൂപ. 2018 Jan - 2018 June=2,91,236 രൂപ. 2018 July - 2018 Dec.=2,31,975 രൂപ. 2019 Jan - 2019 June=1,47,632 രൂപ. 2019 July - 2019 Dec.=1,75,113 രൂപ. 2020 Jan - 2020 June=1,53,319 രൂപ 2020 July - 2020 Dec.=1,69,693 രൂപ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് മുതൽ നാളിതുവരെയുള്ള ആകെ തുക =18,67,758 രൂപ.

(ബി) ഈ സ്ഥാപനത്തിൽനിന്ന് കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് അടച്ചിരുന്ന വെള്ളക്കരത്തിൽ 16-04-2018 മുതൽ 31-12-2020 വരെയുള്ളതിന്റെ കണക്ക് പ്രത്യേകം നൽകുമോ; ഈ കാലയളവിൽ ഇവിടുത്തെ വെള്ളക്കരം താരതമ്യേന കുറഞ്ഞിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിരുന്നോ?

6-4-2018 മുതൽ 31-12-2020 വരെയുള്ള വെള്ളക്കരം 11,07,224 രൂപയാണ്. 16-4-2018 മുതൽ 31-12-2020 വരെയുള്ള കാലയളവിൽ ഇവിടുത്തെ വെള്ളക്കരം താരതമ്യേന കുറഞ്ഞിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി. ഭവനിൽനിന്നുള്ള സർവ്വീസ് വാട്ടർ ടാപ്പുകളിൽ നിന്നാണ് ചുറ്റുമുള്ള അനധികൃത തട്ടുകടകൾ ചായയും ജ്യൂസുമുൾപ്പെടെയുള്ള ഭക്ഷണപാനീയങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തുന്നത് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി എടുത്തു;

(ഡി) ഇത്തരത്തിൽ പ്രസ്തുത സ്ഥാപനത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ സർവ്വീസ് ജലം അനധികൃതമായി ഉപയോഗിക്കുന്നത് അനുവദിച്ചുനൽകുന്ന ആശാവഹമല്ലാത്ത പ്രവൃത്തി ഉടൻ അവസാനിപ്പിക്കാൻ സർക്കാർ ഇടപെടൽ നടത്തുമോ?

(സി&ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുള്ള കമ്പനി

336 (1827) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനായി 'കെ-സ്വിഫ്റ്റ് എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

310 CNG ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങുന്നതിനും 400 ഡീസൽ ബസ്സുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി. "കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തരം ദീർഘദൂര ബസ്സുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി രൂപീകരിക്കുന്നത് 10 വർഷക്കാലത്തേയ്ക്ക് മാത്രമാണ്. അതിനുശേഷം ഈ കമ്പനി കെ.എസ്.ആർ.ടി.സി.-യിൽ ലയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത കമ്പനിക്ക് മൂലധനം എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ സ്വിഫ്റ്റിലേയ്ക്ക് മാറ്റുന്ന ബസ്സുകൾക്ക് ആനുപാതികമായ വാടക കെ.എസ്.ആർ.ടി.സി.-ക്ക് എടുക്കുന്നതിനുള്ള സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ബസ്സുകൾക്കും റൂട്ടുകൾക്കും കെ.എസ്.ആർ.ടി.സി.-ക്ക് ലീസ് ചാർജ്ജ് നൽകുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് സ്വന്തമായി ഡിപ്പോയോ, വർക്ക്ഷോപ്പോ ഉണ്ടായിരിക്കുന്നതല്ല. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങൾക്കും സ്വിഫ്റ്റ് യൂസർ ഫീ നൽകുന്നതായിരിക്കും. സ്വിഫ്റ്റ് രൂപീകരണത്തിന്റെ ഭാഗമായി

പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിന് 15 കോടി രൂപ അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്.

(സി) ഇതിലെ നിയമനങ്ങൾ എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഈ സ്ഥാപനത്തിന്റെ കാലാവധി 10 വർഷത്തേയ്ക്ക് മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. നിയമനങ്ങൾ പൂർണ്ണമായും കരാർ അടിസ്ഥാനത്തിൽ ആയിരിക്കും.

**ഇ-ബസ്സിനായി ഹെസ് കമ്പനിയുമായുള്ള കരാർ നടപടികൾ**

337 (1828) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അന്താരാഷ്ട്ര കമ്പനിയുമായി മൂവ്വായിരം ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ ചർച്ചകൾ നടത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഇലക്ട്രിക് ബസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17-2-2020-ന് ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്ല്യൂ.സി.-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേ സമയം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് 2020 ഏപ്രിൽ അവസാനത്തോടെ ധാരണാപത്രം ഒപ്പുവയ്ക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂ.സി.-യുമായി കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) സംസ്ഥാന സർക്കാർ പ്രസ്തുത കമ്പനിയുമായി ഇ-ബസ്സുകൾ വാങ്ങുന്നതിന് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ വെബ്സൈറ്റിൽ കേരള സർക്കാരുമായി എം.ഒ.യു. ഒപ്പിട്ടു എന്ന വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാർത്ത തെറ്റാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ പേരിൽ മുതലെടുപ്പ് നടത്താൻ ശ്രമം നടത്തിയ കമ്പനിയുടെ നടപടി സർക്കാർ കരാറിന് വിപരീതമല്ലേ എന്ന് വെളിപ്പെടുത്താമോ;

(ഡി) വെബ്സൈറ്റിൽ തെറ്റായി വാർത്ത വന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഹെസ് കമ്പനിക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി&ഡി) ഇല്ല. എം.ഒ.യു. ഒപ്പിട്ടതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ലൈൻ ഡ്യൂട്ടി ജീവനക്കാരുടെ മാസശമ്പളം**

338 (1829) ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിമാസം പൂർണ്ണദിവസങ്ങളിൽ ലൈൻ ഡ്യൂട്ടി ചെയ്യാനാവാത്ത ശാരീരിക ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ ശമ്പള ബിൽ സപ്ലിമെന്ററിയായിട്ടാണ് തയ്യാറാക്കുന്നതെങ്കിലും ആയതിന്റെ പേമെന്റ് പ്രതിമാസം പൂർണ്ണ ദിവസങ്ങളിൽ ജോലി നോക്കിയവരുടെ ശമ്പളം നൽകുന്നതിനനുബന്ധമായിത്തന്നെ മാനുഷിക പരിഗണന നൽകി കൃത്യമായി നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാരുടെ മാസശമ്പളം വൈകുന്നത് ആവർത്തിക്കാതിരിക്കാൻ ഗൗരവമായ ഇടപെടൽ നടത്തുമോ;

(സി) ശമ്പളം വൈകുന്നത് ഉദ്യോഗസ്ഥ തലത്തിലുള്ള പിഴവാണെങ്കിൽ ആയത് ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്കെതിരെ മാതൃകാപരമായ നടപടി എടുക്കുമോ; വ്യക്തമാക്കാമോ?

(എ-സി) നിലവിൽ സർക്കാർ സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം നൽകി വരുന്നത്. കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകാരണമാണ് സപ്ലിമെന്ററി സാലറി വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായത്. എന്നാൽ നിലവിൽ സപ്ലിമെന്ററി സാലറി പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ നിരക്ക് വർദ്ധന

339 (1830) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കോവിഡ് കാലത്ത് വരുത്തിയ പൊതുവായ നിരക്ക് വർദ്ധന നിലവിൽ തുടരുന്നുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളുടെ നിരക്ക് 2-7-2020-ലെ ജി.ഒ.(പി)37/2020/ഗതാ നം. ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത നിരക്ക് വർദ്ധന നിലവിൽ തുടരുന്നുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്കൂൾ കുട്ടികളുടെ കൺസഷൻ നിരക്ക് പ്രസ്തുത വർദ്ധനവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

കോവിഡ്-19 നിലനിൽക്കുന്ന സാഹചര്യത്തിൽ ബസ്സ് ചാർജ് വർദ്ധിപ്പിച്ചുവെങ്കിലും വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റിന്റെ നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല.

## കെ-സ്വിഫ്റ്റ്

340 (1831) ശ്രീ. ഒ. രാജഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി കെ-സ്വിഫ്റ്റ് എന്ന ഒരു കമ്പനി രൂപീകരിയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

310 CNG ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങുന്നതിനും 400 ഡീസൽ ബസ്സുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണമെന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി "കെ.എസ്.ആർ.റ്റി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തരം ദീർഘദൂര ബസ്സുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി രൂപീകരിക്കുന്നത് 10 വർഷക്കാലത്തേയ്ക്ക് മാത്രമാണ്. അതിനുശേഷം ഈ കമ്പനി wind up ചെയ്യുന്നതായിരിക്കും.

(ബി) കെ.എസ്.ആർ.ടി.സി.-യെയും നിലവിലെ തൊഴിലാളികളെയും ഇത് എങ്ങനെ ബാധിക്കും എന്ന് പഠിച്ചിട്ടുണ്ടോ?

കിഫ്ബിയുടെ നിബന്ധന പാലിക്കുന്നതിനും അതോടൊപ്പം കെ.എസ്.ആർ.ടി.സി.-യുടെയും അത് മുഖേന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടേയും താല്പര്യം സംരക്ഷിക്കുന്നതിന് കൂടിയാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) തൊഴിലാളികളുടെ ആശങ്ക അകറ്റുവാൻ നടപടി സ്വീകരിക്കുമോ?

അംഗീകൃത തൊഴിലാളി യൂണിയനുകളുമായി കെ.എസ്.ആർ.ടി.സി. ചെയർമാൻ&മാനേജിംഗ് ഡയക്ടറുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ഉദ്ദേശലക്ഷ്യങ്ങൾ സ്പഷ്ടീകരിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച യൂണിയനുകളുടെ അഭിപ്രായം അറിയുന്നതിനായി യൂണിയനുകളുടെ യോഗം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വീണ്ടും വിളിച്ചിട്ടുണ്ട്.

## ഇ-ബസ്സുകൾ നിർമ്മിക്കുന്ന പദ്ധതി

341 (1832) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ബസ്സുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും കൺസൾട്ടൻസി കമ്പനിയെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; ഈ കമ്പനിയെ തെരഞ്ഞെടുത്തത് മാനദണ്ഡങ്ങൾ പാലിച്ചാണോ എന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി 7-11-2019-ലെ സ.ഉ(സാധാ) നമ്പർ 515/2019/ഗതാ. പ്രകാരം പി.ഡബ്ല്യൂ.സി എന്ന കമ്പനിയെ

ചുമതലപ്പെടുത്തിയിരുന്നു. Toshiba, Arrival, HESS, Hitachi, Seimens, ABB തുടങ്ങിയ കമ്പനികൾ വ്യവസായ വകുപ്പുമായും ഗതാഗത വകുപ്പുമായും ചർച്ചകൾ നടത്തുകയും കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം NICSI അംഗീകൃത കൺസൾട്ടന്റുകളിൽനിന്നും ടെണ്ടർ വിളിക്കുകയും ബസ്സ് പോർട്ട്, ലോജിസ്റ്റിക് പോർട്ട്, ഇ-മൊബിലിറ്റി എന്നീ മൂന്ന് മേഖലകളിലായി അഞ്ച് കൺസൾട്ടൻസികളിൽനിന്നും മൂന്ന് കൺസൾട്ടന്റുകളെ തെരഞ്ഞെടുത്തു. ധനകാര്യ, വ്യവസായ വകുപ്പിന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കി ദക്ഷിണ മേഖലയിൽ ഇ-മൊബിലിറ്റി കൺസൾട്ടന്റായി തെരഞ്ഞെടുക്കപ്പെട്ട പി.ഡബ്ല്യൂ.സി.-യെ (KDISC-engage ചെയ്ത consultant ആയ) സംസ്ഥാനത്ത് Electric Vehicle manufacturing eco system സംബന്ധിച്ച് പഠിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ കമ്പനിയുമായി ഹെസ് പ്രതിനിധികൾ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

ഇലക്ട്രിക് ബസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17-2-2020-ന് ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്യൂ.സി.-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേ സമയം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് 2020 ഏപ്രിൽ അവസാനത്തോടെ KAL ധാരണാപത്രം ഒപ്പുവയ്ക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂ.സി.-യുമായി കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) സംസ്ഥാനത്തിന്റെയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെയോ അധീനതയിലുള്ള ഭൂമി ഹെസ് കമ്പനിക്ക് കരാർ അടിസ്ഥാനത്തിൽ വിട്ടുനൽകാൻ തീരുമാനമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഈ വിഷയത്തിൽ ഗതാഗത വകുപ്പിൽനിന്ന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ ഹിതപരിശോധന

342 (1833) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ യൂണിയനുകളുടെ ഹിതപരിശോധന നടത്തിയിട്ടുണ്ടോ?

നടത്തിയിട്ടുണ്ട്.

(ബി) എത്ര ശതമാനം വോട്ട് നേടിയ യൂണിയനുകൾക്കാണ് അംഗീകാരം നൽകുന്നതെന്ന് അറിയിക്കാമോ?

പോൾ ചെയ്ത വോട്ടുകളുടെ 15%.

(സി) ഇപ്പോൾ നടത്തിയ ഹിതപരിശോധനയിൽ ഏതെല്ലാം യൂണിയനുകൾക്കാണ് അംഗീകാരം ലഭിച്ചതെന്നും ഓരോ യൂണിയനും ലഭിച്ച വോട്ട് ശതമാനവും വ്യക്തമാക്കുമോ?

1. KSRT എംപ്ലോയീസ് അസ്സോസിയേഷൻ (CITU)-35.24%.
2. ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ (TDF)-23.37%.
3. KST എംപ്ലോയീസ് സംഘ് (BMS)-18.21%.

## കെ.എസ്.ആർ.ടി.സി.-യിലെ ഡ്യൂട്ടിക്രമം

343 (1834) <u>ശ്രീ. കെ. എം. ഷാജി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സമയത്തെയും അവസാനിപ്പിക്കുന്ന സമയത്തെയും എപ്രകാരമാണ് നാമകരണം നല്കിയിട്ടുള്ളത്; ഇതുപ്രകാരം സൈൻഓൺ മുതൽ സൈൻഓഫ് വരെയുള്ള സമയത്തിൽ എത്ര മണിക്കൂറാണ് ഒരു ഡ്യൂട്ടിയായി പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സമയത്തെയും അവസാനിപ്പിക്കുന്ന സമയത്തെയും യഥാക്രമം സൈൻഓൺ, സൈൻഓഫ് എന്നാണ് നാമകരണം നൽകിയിട്ടുള്ളത്. 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച് 8 മണിക്കൂർ ജോലി സമയത്തിന് ഒരു ഡ്യൂട്ടിയാണ് അനുവദിച്ചുനൽകുന്നത്.

(ബി) ക്രൂമെമ്പേഴ്സ് സൈൻഓൺ മുതൽ സൈൻഓഫ് വരെ ഡ്യൂട്ടിയിലായതിനാൽ ഇതിനിടയിലെ സമയം ക്രൂമെമ്പേഴ്സിന് അവരുടെ സ്വകാര്യ ആവശ്യത്തിനായി ഉപയോഗപ്പെടുത്താനാവുമോ; ഇത്തരത്തിൽ അവരുടെ സ്വകാര്യ ആവശ്യത്തിന് സമയം ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ?

ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് ഡ്യൂട്ടി സമയം മറ്റ് സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല.

(സി) ഇല്ലെങ്കിൽ ഡ്യൂട്ടി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും ഓരോ ഡ്യൂട്ടിയായിട്ടാണോ പരിഗണിക്കുന്നത്; എങ്കിൽ 25-11-2020 രാവിലെ 10.30-ന് ഡ്യൂട്ടിയിൽ പ്രവേശിച്ച് 27-11-2020 വൈകുന്നേരം 05.00 വരെ ഡ്യൂട്ടിയിലായിരുന്നാൽ ക്രൂവിന് നിയമപ്രകാരം എത്ര ഡ്യൂട്ടിക്ക് അർഹതയുണ്ട്?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് ആക്റ്റിലെ 2(f), 13 എന്നീ വകുപ്പുകൾ പ്രകാരം ഡ്യൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 25-11-2020-ന് രാവിലെ 10.30-ന് നടത്തിയ തിരുവനന്തപുരം-മൂന്നാർ സർവ്വീസിന് ഡ്യൂട്ടി സമയം തീരേണ്ടത് 26-11-2020-ന് വൈകിട്ട് 17.00 മണിക്കായിരുന്നു. എന്നാൽ 26-11-2020-ന് നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം തടസ്സപ്പെട്ടതിനാൽ പ്രസ്തുത സർവ്വീസ് 27-11-2020-ന് 17.00 മണിക്കാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ മൂന്നാർ യൂണിറ്റിൽ ഹാൾട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും ആയതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടികൂടി നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ തങ്ങളുടെ സ്വകാര്യ ഇടപാടുകൾക്കല്ലാതെ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിന്മേൽ 55 മണിക്കൂർ (രണ്ട് രാത്രിയും 3 പകലും ഡ്യൂട്ടിയിലായിരുന്ന) സേവനത്തിലായിരുന്ന ക്രൂവിന് എത്ര ഡ്യൂട്ടിക്കാണ് അർഹതയുള്ളത്; വിശദീകരിക്കുമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ 2(f), 13 എന്നീ വകുപ്പുകൾക്കും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിലെ റിട്ട് അപ്പീൽ ഹർജി നമ്പർ. W.A.1797, 1994, 2037, 2346 എന്നീ നമ്പർ കേസ്സുകളിൽ 12-12-2017-ലെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 23-2-2018-ൽ കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരവും മൂന്ന് ഡ്യൂട്ടികൾക്കാണ് അർഹതയുണ്ടായിരുന്നത്. 25-11-2020-ന് രാവിലെ 10.30-ന് നടത്തിയ തിരുവനന്തപുരം-മൂന്നാർ സർവ്വീസിന് ഡ്യൂട്ടി സമയം തീരേണ്ടത് 26-11-2020-ന് വൈകിട്ട് 17.00 മണിക്കായിരുന്നു. എന്നാൽ 26-11-2020-ന് നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം

തടസ്സപ്പെട്ടതിനാൽ പ്രസ്തുത സർവ്വീസ് 27-11-2020-ന് 17.00 മണിക്കാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ മൂന്നാർ യൂണിറ്റിൽ ഹാൾട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും ആയതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടികൂടി നൽകിയിട്ടുണ്ട്.

(ഇ) തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും സേവനത്തിനിറങ്ങിയ പ്രസ്തുത ക്രൂമെമ്പേഴ്സിന് അർഹമായ ഡ്യൂട്ടി നൽകാതെ ജോലിയ്ക്ക് കൂലി നിഷേധിച്ചത് സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ആളിന് അർഹമായ ഡ്യൂട്ടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് ആക്ട്-ലെ 2(f), 13 എന്നീ വകുപ്പുകൾ പ്രകാരം ഡ്യൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 25-11-2020-ന് രാവിലെ 10.30-ന് നടത്തിയ തിരുവനന്തപുരം-മൂന്നാർ സർവ്വീസിന് ഡ്യൂട്ടി സമയം തീരേണ്ടത് 26-11-2020-ന് വൈകിട്ട് 17.00 മണിക്കായിരുന്നു. എന്നാൽ 26-11-2020-ന് നടന്ന ദേശീയ പണിമുടക്കമായി ബന്ധപ്പെട്ട് വാഹന ഗതാഗതം തടസ്സപ്പെട്ടതിനാൽ പ്രസ്തുത സർവ്വീസ് 27-11-2020-ന് 17.00 മണിക്കാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ മൂന്നാർ യൂണിറ്റിൽ ഹാൾട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും ആയതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടികൂടി നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

344 (1835) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പത്ത് ഇലക്ട്രിക് ബസ്സുകൾ പത്ത് വർഷത്തെ കാലാവധിക്ക് " M/s Mahavoyage " എന്ന കമ്പനിയിൽനിന്നും ലീസിന് എടുത്തിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി. മഹാവോയേജ് എൽ.എൽ.പി. എന്ന സ്ഥാപനത്തിൽ നിന്ന് 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനായി ലീസിന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ബസ്സുകൾ നിലവിൽ ഏത് റൂട്ടിലാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കുമോ?

തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ആണ് പ്രസ്തുത ബസ്സുകൾ ഓപ്പറേറ്റ് ചെയ്തിരുന്നത്. നിലവിൽ ഈ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല.

(സി) കരാർപ്രകാരം ഇതിനകം എത്ര തുക പ്രസ്തുത കമ്പനിക്ക് കെ.എസ്.ആർ.ടി.സി. നൽകിയെന്ന് അറിയിക്കുമോ?

4,99,43,701 രൂപ നൽകിയിട്ടുണ്ട്.

(ഡി) ബസ് ഓപ്പറേറ്റ് ചെയ്ത വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് 31-12-2020 വരെ ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ?

ഇലക്ട്രിക് ബസ് ഓപ്പറേറ്റ് ചെയ്ത വകയിൽ 3,03,93,797 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(ഇ) ഇലക്ട്രിക് ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വൻസാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുവെങ്കിൽ നഷ്ടപരിഹാരം നൽകി കരാറിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് പിൻമാറുന്നതിന് സാധിക്കുമോ?

മൂന്ന് മാസത്തെ നോട്ടീസ് നൽകി ഇരുകക്ഷികൾക്കും കരാറിൽനിന്ന് പിന്മാറാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി. സി. ബസ്സുകളിലെ കോവിഡ് പ്രോട്ടോക്കോൾ ലംഘനം

345 (1836) <u>ശ്രീ. കെ എം ഷാജി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയിൽനിന്നും ജനങ്ങളെ രക്ഷിക്കാനായി സംസ്ഥാന സർക്കാർ ഇറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഗതാഗത വകുപ്പിനും ബാധകമായിരുന്നോ; എങ്കിൽ അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഏർപ്പാടാക്കിയിരുന്നോ; വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. പൂർണ്ണമായും പാലിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചതിനെ തുടർന്ന് 22-03-2020 മുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളും സർക്കാർ നിർദ്ദേശപ്രകാരം പൂർണ്ണമായും നിർത്തി വച്ചിരുന്നു. എന്നാൽ രോഗവ്യാപന തീവ്രത കുറഞ്ഞതിനെ തുടർന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഘട്ടംഘട്ടമായി പുനരാരംഭിച്ചിട്ടുണ്ട്. 20-5-2020 മുതൽ ജില്ലാടിസ്ഥാനത്തിൽ കർശന സാമൂഹ്യ അകലവും മാസ്ക്, സാനിറ്റൈസർ പോലുള്ള സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സർക്കാർ നിർദ്ദേശപ്രകാരം സർവ്വീസുകൾ ആരംഭിച്ചിരുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇരുന്ന് യാത്ര ചെയ്യുന്ന യാത്രക്കാർ തമ്മിലുള്ള സാമൂഹിക അകലം എത്രയെന്നു വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുഴുവൻ സീറ്റുകളിലും യാത്രക്കാരെ അനുവദിക്കുന്നതിൽ 3-6-2020 മുതൽ ഉത്തരവ് നൽകിയിട്ടുണ്ട്. കോവിഡ്കാല മറ്റു സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് ടി സർവ്വീസുകൾ നടത്തിവരുന്നത്. സീറ്റുകളിൽ യാത്രക്കാർ ഇരിക്കുന്നതിൽ സാമൂഹിക അകലം നിഷ്കർഷിച്ചിട്ടില്ല.

(സി) പൊതുഗതാഗത സർവ്വീസായ റെയിൽവേ സാമൂഹിക അകലം കർശനമായി പാലിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇത് നടപ്പാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) രോഗവ്യാപനത്തിന് മുഖ്യ കാരണമായ സാമൂഹിക അകലം പാലിക്കാതെ യാത്രക്കാരെ ചേർത്ത് ഇരുത്തി സർവ്വീസ് നടത്തുന്ന രീതി കോവിഡ് ഭീതി അവസാനിക്കുംവരെയെങ്കിലും ഒഴിവാക്കുമോ;

(ഇ) ബസ്സുകളിൽ യാത്രക്കാർക്ക് ഇരുന്നു മാത്രം യാത്ര ചെയ്യാൻ അനുമതി നൽകുന്ന രീതി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് കോവിഡ് ഭീതി ഒഴിവായി എന്നതിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) പൂർണ്ണമായും കർശന നിയന്ത്രണങ്ങളും സാമൂഹിക സുരക്ഷിതത്വവും ഉറപ്പ് വരുത്തി മാത്രമാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിരുന്നത്. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയത് കോവിഡ് രോഗ വ്യാപനം കൂടുവാൻ കാരണമായി എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ കഴിയുകയില്ല. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുള്ളത്. സർക്കാർ വിവിധ കാലയളവുകളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനഃരാരംഭിച്ചിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത് സംബന്ധിച്ച നടപടികൾ പുന:പരിശോധിക്കുന്നകാര്യം സർക്കാർ പരിഗണനയിലില്ലാത്തതാണ്.

(എഫ്) കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ കോവിഡ് മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

സർക്കാർ ഉത്തരവുകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുന:രാരംഭിച്ചിട്ടുള്ളത്. ജനങ്ങളുടെ യാത്രാവശ്യവും കെ.എസ്.ആർ.ടി.സി.-യുടെ താൽപ്പര്യങ്ങളും ഉറപ്പ് വരുത്തിയാണ് സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളത്. ശ്രീ. സി. വി. രാജേന്ദ്രൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, (കോഴിക്കോട് സോണൽ) ടിയാന്റെ ജോലിസ്ഥലമായ കോഴിക്കോട്ട്നിന്നും തിരുവനന്തപുരത്തേയ്ക്കും ശ്രീ. എം. റ്റി. സുകുമാരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, (എറണാകുളം സോണൽ) ടിയാന്റെ ജോലിസ്ഥലമായ എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേയ്ക്കും 24-3-2020-ന് യാത്രചെയ്തു എന്ന് കാണിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരോട് വിശദീകരണം തേടിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ സ്വിഫ്റ്റ് കമ്പനി രൂപീകരണം**

346 (1837) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സർവ്വീസുകൾ ലാഭകരമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ 'സ്വിഫ്റ്റ്' കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

310 CNG ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങുന്നതിനും 400 ഡീസൽ ബസ്സുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി "കെ.എസ്.ആർ.റ്റി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തരം ദീർഘദൂര ബസ്സുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി രൂപീകരിക്കുന്നത് 10 വർഷക്കാലത്തേയ്ക്ക് മാത്രമാണ്. അതിനുശേഷം ഈ കമ്പനി wind up ചെയ്യുന്നതായിരിക്കും.

(ബി) ഇപ്രകാരം ഒരു കമ്പനി രൂപീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ലോകോത്തര നിലവാരത്തിലുള്ള ബസ്സുകളും സേവനങ്ങളും പൊതുഗതാഗതത്തിന് പ്രദാനം ചെയ്യുക. മെച്ചപ്പെട്ട സൗകര്യങ്ങൾ യാത്രക്കാർക്ക് നൽകി പൊതുഗതാഗതം കൂടുതലായി ഉപയോഗിക്കുന്ന സംവിധാനം ഒരുക്കുക. നല്ല സേവനം നൽകി കൂടുതൽ ലാഭം കണ്ടെത്തുക എന്നതാണ് നയം. ഇപ്രകാരം കൈവരിക്കുന്ന ലാഭം കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിനും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനുമായി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള എത്ര ബസ്സുകൾ പ്രസ്തുത കമ്പനിയുടെ കീഴിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്; കിഫ്ബി വഴി വാങ്ങുന്ന ഹൈടെക് ബസ്സുകളും പ്രസ്തുത കമ്പനിയുടെ കീഴിലേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും ആദ്യ ഘട്ടത്തിൽ മാറ്റുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി സ്വിഫ്റ്റിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന ബസ്സുകളുടെ വിവരം

| No. | Scheme No. | of Buses |
|---|---|---|
| 1. | JnNRUM Volvo Buses | * 190 |
| 2. | Scania and Volvo Buses | 29 |
| 3. | Scania Bus on Wet - lease | 9 |
| 4. | Electric Bus on Wet-lease | 9 |
| | Total | 237 |

കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്വിഫ്റ്റിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ

| No. | Scheme No. | of Buses |
|---|---|---|
| 1. | CNG Buses to be procured through KIIFB | 310 |
| 2. | Electric Bus to be procured through KIIFB | 50 |
| | Total | 360. |

(ഡി) കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കമാണ് ഇതിലുള്ളതെന്ന തൊഴിലാളി യൂണിയനുകളുടെ ആശങ്ക വസ്തുതാപരമാണോ; എങ്കിൽ പ്രസ്തുത ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

തൊഴിലാളി യൂണിയനുകളുടെ ആശങ്ക അടിസ്ഥാനരഹിതമാണ്. തെറ്റിദ്ധാരണകൾ മാറ്റുന്നതും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾകൊണ്ട് ലക്ഷ്യമിടുന്നത് എന്തെന്നത് വിശദീകരിക്കുന്നതിനുമായും 11-1-2021-ൽ തൊഴിലാളി സംഘടനകളുമായി ഒരു യോഗം ചേർന്നിട്ടുള്ളതാണ്. നടപടികൾ സുതാര്യമാക്കുന്നതിനും യൂണിയനുകളുടെ സഹകരണം ഉറപ്പ് വരുത്തുന്നതിനുമായും തുടർചർച്ചകൾ നടത്തുവാനും നിശ്ചയിച്ചിട്ടുണ്ട്.

## സെസ്സ് ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച വരുമാനം

347 (1838) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ സെസ്സ് തുക ഈടാക്കുന്നുണ്ടോ; എങ്കിൽ ഏത് നിരക്കിൽ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഈടാക്കി വന്നിരുന്ന സെസ്സിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.

1) 14 രൂപ വരെ – ഇല്ല.

2) 15 രൂപ മുതൽ 24 രൂപ വരെ - 1 രൂപ.

3) 25 രൂപ മുതൽ 49 രൂപ വരെ – 2 രൂപ.

4) 50 രൂപ മുതൽ 74 രൂപ വരെ – 3 രൂപ.

5) 75 രൂപ മുതൽ 99 രൂപ വരെ – 4 രൂപ.

6) 100 രൂപയും അതിന് മുകളിലും – 10 രൂപ.

(ബി) ഓർഡിനറി ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി അതിലെ സെസ്സ് ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) സെസ്സ് ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇതിനകം ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കാമോ?

സെസ്സ് ഇനത്തിൽ 456,76,26,912 രൂപയാണ് വരുമാനമായി ലഭിച്ചത്.

(ഡി) സെസ്സ് ഒഴിവാക്കുന്നതിലൂടെ ഉണ്ടാകുന്ന വരുമാന നഷ്ടം എപ്രകാരം നികത്തുവാൻ സാധിക്കുമെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ യാത്രക്കാർ പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്നത് കുറഞ്ഞ സാഹചര്യത്തിൽ കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി പരീക്ഷണാടിസ്ഥാനത്തിലാണ് ഓർഡിനറി, സിറ്റി ഫാസ്റ്റ്, ജൻറം നോൺ എ.സി സർവ്വീസുകളിൽ 49 രൂപ വരെയുള്ള ടിക്കറ്റിന് സെസ്സ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ സുശീൽ ഖന്ന റിപ്പോർട്ട്

348 (1839) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ കെ.എസ്.ആർ.ടി.സി.-യിൽ സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ പേര് പറഞ്ഞ് ലൈൻ ഡ്യൂട്ടി വിഭാഗത്തിൽപ്പെടുന്നവർക്ക് എതിരെ ഗവൺമെന്റ് നയത്തിന്റെ ഭാഗമായി അടിച്ചേൽപ്പിച്ച പരിഷ്കാരങ്ങൾ കൊണ്ട് കഴിഞ്ഞ നാലര വർഷം കെ.എസ്.ആർ.ടി.സി. ഏത്ര കോടി രൂപ ലാഭമുണ്ടാക്കി; ഏതൊക്കെ മേഖലകളിൽ; എത്ര വീതം; കണക്കുകൾ സഹിതം വ്യക്തമാക്കുമോ?

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ടിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ നിരവധി പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക വിഭാഗം ജീവനക്കാർക്കെതിരെയോ, തൊഴിലാളികളുടെ അവകാശങ്ങൾ ലംഘിക്കുന്ന പരിഷ്കാരങ്ങളോ കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയിട്ടില്ല. പരിഷ്കരണ നടപടികളിലൂടെ ലഭിച്ച സാമ്പത്തിക നേട്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഓഫീസുകൾക്ക് മാസത്തിലെ 2-ാം ശനിയാഴ്ച മറ്റ് ഗവൺമെന്റ് ഓഫീസുകൾക്ക് സമാനമായി പൊതു അവധി നൽകിയത് തുടരുന്നതിനും മറിച്ച് ലൈൻ ഡ്യൂട്ടി വിഭാഗക്കാർക്ക് ഇത് നിഷേധിക്കുന്നതിനോ അല്ലെങ്കിൽ തൽസ്ഥിതി (ടി വിഭാഗക്കാർക്ക് അവധി നൽകാതിരിക്കുന്നതിനും) തുടരുന്നതിനോ ശിപാർശ ഉണ്ടായിരുന്നോ; എങ്കിൽ വിശദവിവരം റിപ്പോർട്ടിന്റെ പകർപ്പിലെ ഭാഗം ഉദ്ധരിച്ച് വ്യക്തത നൽകുമോ?

ഇത്തരത്തിൽ ശിപാർശ ലഭ്യമായിട്ടില്ല.

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽമാത്രം യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണയിലാണ് ഒരു വിഭാഗക്കാർക്ക് അവധി അനുവദിക്കുന്നതിനും ഒരേ സ്ഥാപനത്തിലെ ലൈൻ ഡ്യൂട്ടി എടുക്കുന്ന മറ്റു വിഭാഗക്കാർക്ക് മാത്രം ഈ ആനുകൂല്യം നിഷേധിക്കുന്നതിനും കാരണമെന്ന സർക്കാർ വാദം നീതിയുക്തമാകുമോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കുമോ?

Negotiable Instrument Act- പ്രകാരം അവധി നൽകുന്ന സ്ഥാപനമാകയാലാണ് രണ്ടാം ശനി അവധിക്ക് യോഗ്യരായ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ച് വരുന്നത്. പ്രസ്തുത Act പ്രകാരം എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്കുശേഷം ടി വിഭാഗം ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ചകൾ പ്രവൃത്തി ദിവസങ്ങളാക്കുന്നത് വഴി രണ്ട്, നാല് ശനിയാഴ്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ടി വിഭാഗം ജീവനക്കാർ അർഹത നേടുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ ഇപ്രകാരം അവധിക്ക് അർഹരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച മാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ചുവരുന്നത്. അർഹമായ അവധികൾ അർഹരായ വിഭാഗം ജീവനക്കാർക്ക് അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥരാണ്. ആയതിനാൽ രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധിയായി അനുവദിക്കുന്നതുവഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

(ഡി) ഇല്ലെങ്കിൽ ഈ അവധി ദിനം ഒരു വിഭാഗക്കാർക്ക് മാത്രം ലഭ്യമാക്കിയതുകൊണ്ട് കഴിഞ്ഞ നാലര വർഷം എത്ര കോടി രൂപ തുക ഇനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ലാഭമുണ്ടാക്കാനായി; പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

സാമ്പത്തിക നേട്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

(ഇ) ടി അവധി ലൈൻ ഡ്യൂട്ടിക്കാർക്കും ബാധകമാക്കാനാവുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത അവധി ദിനം കെ.എസ്.ആർ.ടി.സി.-യുടെ അവധി പട്ടികയിൽനിന്ന് ഒഴിവാക്കി പ്രസ്തുത ദിവസവും പ്രവർത്തി ദിനമാക്കുന്നതിനെക്കുറിച്ച് തീരുമാനമുണ്ടാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വൈചിത്ര്യമുള്ള സർക്കാർ നിലപാടിന്റെ കാരണമറിയിക്കുമോ?

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് Negotiable Instrument Act പ്രകാരവും ടി വിഭാഗം ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചുമാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ/ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല. സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ/അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ ആനുകൂല്യങ്ങൾ കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ അനർഹമായി രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

### കെ.എസ്.ആർ.ടി.സി.-യിലെ ഡ്യൂട്ടിക്രമം

349 (1840) ശ്രീ. കെ. എം. ഷാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്കെത്തുന്നവർ ജോലിയിൽ പ്രവേശിക്കുന്ന (സൈൻ ഓൺ) മുതൽ ടിയാന്റെ ജോലി അവസാനിച്ച് തിരികെ ഇറങ്ങുന്നതുവരെ (സൈൻ ഓഫ്) വരെ പ്രസ്തുത ജോലിയിൽ തുടരുന്നതായാണോ പരിഗണിക്കുന്നത്; അവർക്ക് ജോലിയിൽ പ്രവേശിച്ച സമയം മുതൽ ജോലിയിൽ നിന്ന് ഒഴിവാകുന്നത് വരെ ജോലിയിലാണെന്നതിനാൽ അയാൾക്ക് പ്രസ്തുത സമയം വരെ ജോലിയുള്ള ശമ്പളം പറ്റുന്നതിന് അർഹതയുണ്ടോ?

കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലെ 2(K) വകുപ്പ് പ്രകാരം ഡ്യൂട്ടി ആരംഭിക്കുന്നതുമുതൽ ഡ്യൂട്ടി അവസാനിപ്പിക്കുന്നതുവരെയുള്ള സമയത്തിന് ടി നിയമത്തിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച് 8 മണിക്കൂർ ജോലി സമയത്തിന് ഒരു ഡ്യൂട്ടിയാണ് അനുവദിച്ച് നൽകുന്നത്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ/ഡ്രൈവർ എന്നിവരുടെ ജോലി കാര്യത്തിൽമാത്രം ഇത് ബാധകമല്ലാതാകുന്നുണ്ടോ; ഇത്തരക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്ന (സൈൻ ഓൺ) മുതൽ വിടുതൽ ചെയ്യുന്ന (സൈൻ ഓഫ്) വരെയുള്ള സമയം ഡ്യൂട്ടിയായിട്ടാണോ പരിഗണിക്കുന്നത?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലെ 2(K) വകുപ്പ് പ്രകാരം ഡ്യൂട്ടി ആരംഭിക്കുന്നതുമുതൽ ഡ്യൂട്ടി അവസാനിപ്പിക്കുന്നതുവരെയുള്ള സമയത്തിന് ടി നിയമത്തിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച് 8 മണിക്കൂർ ജോലി സമയത്തിന് ഒരു ഡ്യൂട്ടിയാണ് കെ.എസ്.ആർ.ടി.സി.-യിൽ അനുവദിച്ച് നൽകുന്നത്.

(സി) ഇവർക്ക് സൈൻ ഓൺ മുതൽ സൈൻ ഓഫ് വരെയുള്ള സമയം പ്രസ്തുത പണിയിൽനിന്ന് ഒഴിവായി സ്വകാര്യമായ മറ്റേതെങ്കിലും കാര്യനിർവ്വഹണത്തിന് അനുമതി ഉണ്ടോ; ഇല്ലെങ്കിൽ ടി ജോലിയിൽ ഉള്ള സമയം മുഴുവനും ഇവർ എട്ട് മണിക്കൂർ ചേർന്ന ഓരോ ഡ്യൂട്ടിക്കും തുടർന്ന് ശമ്പളത്തിനും അർഹതയുണ്ടോ?

ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് ഡ്യൂട്ടി സമയം മറ്റ് സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല. 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഡ്യൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുള്ളത്.

(ഡി) എങ്കിൽ 18-1-2020-ന് രാത്രി 21:45-ന് കെ.എസ്.ആർ.ടി.സി.-യുടെ തിരുവനന്തപുരം സെൻട്രൽ ബസ്സ് സ്റ്റാന്റിൽ നിന്ന് ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം വരെയും തിരികെ 19-1-2020 13:05-ന് തിരുവനന്തപുരത്തേയ്ക്കും ഡ്യൂട്ടി സർവ്വീസ് ഉണ്ടായിരുന്നോ; എങ്കിൽ അതിനുള്ള സൈൻ ഓൺ, സൈൻ ഓഫ് എന്നിവയുടെ സമയം എത്രയായിരുന്നു?

സർവ്വീസ് നടത്തിയിരുന്നു. 22-1-2019-ലെ TR.4/036992/2011, എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ആരംഭിക്കുന്ന 21.45-ന് മുമ്പുള്ള 15 മിനിട്ട് സൈൻ ഓണും ഡ്യൂട്ടി അവസാനിക്കുന്ന 21.30-ന് ശേഷമുള്ള 15 മിനിട്ട് സൈൻ ഓഫ് സമയവുമാണ്.

(ഇ) എങ്കിൽ ഈ ഡ്യൂട്ടി നിർവ്വഹിച്ചവർ എത്ര മണിക്കൂർ ആകെ ജോലിയിലായിരുന്നു; എട്ട് മണിക്കൂർ ഓരോ ഡ്യൂട്ടി എന്ന കണക്കിൽ ആകെ എത്ര ഡ്യൂട്ടിക്കാണ് ടി സർവ്വീസ് പോയ ഇരുവരും അർഹരായിരുന്നത്; എന്നാൽ കെ.എസ്.ആർ.ടി.സി. ഇവർക്ക് എട്ട് മണിക്കൂർ ചേർന്ന എത്ര ഡ്യൂട്ടി നൽകി; ഇവർക്ക് നിയമപ്രകാരം നൽകേണ്ടിയിരുന്ന ഡ്യൂട്ടിയിൽ കുറവ് വരുത്തിയിരുന്നെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ; ഈ സർവ്വീസ് പോയ ഇരുവർക്കും എട്ട് മണിക്കൂർ ഓരോ ഡ്യൂട്ടി കണക്കാക്കി കൃത്യമായി ഡ്യൂട്ടി ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ?

പ്രസ്തുത സർവ്വീസിന് നിയോഗിച്ച ജീവനക്കാർ 15 മണിക്കൂർ 10 മിനിട്ട് ജോലി ചെയ്തിട്ടുണ്ട്. 1961-ലെ നിയമ വ്യവസ്ഥകൾ പ്രകാരം 2.5 ഡ്യൂട്ടിയും വീക്ക്‌ലി ഓഫും ഉൾപ്പെടെ അനുവദിച്ച് നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

350 (1841) ശ്രീ. കെ. വി. വിജയദാസ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തനസമയം എന്നിവയിൽ പുന:ക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി വരുന്നു.

2. കോർപ്പറേഷനെ സ്വയം പര്യാപ്തമായ മൂന്ന് മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കോമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുന:ക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുന:ക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നത് വരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

7. കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ പുന:സംഘടിപ്പിച്ചു.

8. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു.

9. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്വത്തിലായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കോവിഡ്-19 കാരണം കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ട്. പ്രതിമാസ വരുമാനം പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ സൂപ്പർഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25% നിരക്കിളവ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടൂ വീലർ യാത്രക്കാരെ ആകർഷിക്കുന്നതിനായി Bus on Demand (BOND) സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ഡബിൾ ഡക്കർ ഹെറിറ്റേജ് സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി. മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതി വഴിയും കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ

"Sight seeing" എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യും IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യൂവൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾകൂടി (public amenities) ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ്സ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പട്ടയം ലഭിക്കാത്ത ഭൂമി**

351 (1842) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഭൂമിയുടെ അളവെത്രയാണ്?

കെ.എസ്.ആർ.ടി.സി.-ക്ക് ആകെയുള്ള ഭൂമി -171 ഹെക്ടർ 97 ആർ (422 ഏക്കർ 78 സെന്റ് 069 സ്ക്വയർ ലിംഗ്സ്).

(ബി) കെ.എസ്.ആർ.ടി.സി. കൈവശംവച്ച് അനുഭവിക്കുന്നതും എന്നാൽ പട്ടയം ലഭിക്കാത്തതുമായ ഭൂമിയുടെ അളവെത്രയെന്നും പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

38 ഹെക്ടർ 85 ആർ (95 ഏക്കർ 99 സെന്റ് 83 സ്ക്വയർ ലിംഗ്സ്) പട്ടയം ലഭ്യമല്ലാത്ത ഭൂമിയ്ക്ക് ആയത് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി ഒരു ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്), ഒരു തഹസിൽദാർ (റിട്ടയേർഡ്) എന്നിവരുടെ സേവനംകൂടി ലഭ്യമാക്കികൊണ്ട് പട്ടയം ഇല്ലാത്ത കെ.എസ്.ആർ.ടി.സി. ഭൂമിക്ക് തണ്ടപ്പേർ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

352 (1843) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പരിപൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ടോ?

കോവിഡ് 19-നെ തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം 22-3-2020 മുതൽ പൂർണ്ണമായും നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഘട്ടംഘട്ടമായി 20-05-2020 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വീസുകളും പൂർണ്ണ അർത്ഥത്തിൽ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും യാത്രക്കാരുടെ എണ്ണം പരിമിതമായാണ് അനുഭവപ്പെടുന്നത്. കോവിഡ് കാലത്തിന് മുൻപ് പ്രതിദിനം ശരാശരി 16 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തിയിരുന്നതും നിലവിൽ ശരാശരി 9.8 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തുകയും ചെയ്യുന്നു.

(ബി) കോവിഡ് കാലത്ത് കോർപ്പറേഷന്റെ ലാഭ-നഷ്ട കണക്കുകൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-ക്ക് കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗണിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവച്ചതുമൂലം വരുമാന നഷ്ടമുണ്ടാവുകയും പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ശരാശരി 6.6 കോടി രൂപ വരുമാനം ലഭിച്ചിരുന്ന സമയത്താണ് സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ഇപ്പോൾ ശരാശരി പ്രതിദിന വരുമാനം 2.68 കോടി രൂപയായി കുറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് വൻ ആഘാതമുണ്ടാക്കിയിരിക്കുകയാണ്. കോവിഡ് കാലത്തെ വരുമാനം, ചെലവ് എന്നിവ സംബന്ധിച്ച വിശദമായ വിവരം ചുവടെ ചേർക്കുന്നു.

2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ആകെ വരുമാനം 316.39 കോടി രൂപയാണ്. 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ആകെ ചെലവ് (പെൻഷൻ കണക്കാക്കാതെ) 964.28 കോടി രൂപയാണ്. വരുമാനവും ചെലവും തമ്മിലുള്ള അന്തരം (പെൻഷൻ കണക്കാക്കാതെ) -647.89 കോടി രൂപയാണ്. 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെ പെൻഷൻ ഇനത്തിൽ 559.33 കോടി രൂപ നൽകിയിട്ടുണ്ട്. അതുംകൂടി കണക്കാക്കുമ്പോൾ ആകെ ചെലവ് 1523.61 കോടി രൂപയാണ്. അതായത് 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള

വരുമാനവും ചെലവും തമ്മിലുള്ള അന്തരം പെൻഷൻ കൂടി കണക്കാക്കുമ്പോൾ - 1207.22 കോടി രൂപയാണ്. ഇതിൽ സർക്കാർ പൂർണ്ണമായും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) വഴി 2020 ഡിസംബർ മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. പെൻഷൻ ഒഴികെയുള്ള അന്തരമായ 647.89 കോടി രൂപയിൽ 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ശമ്പള വിതരണത്തിനായി 596.39 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

(സി) പ്രതിദിനം ഇപ്പോൾ എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; കോവിഡ് കാലത്ത് ഇരുപത്തിയഞ്ച് ശതമാനം നിരക്കിൽ വർദ്ധിപ്പിച്ച ചാർജ്ജ് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

12-1-2021 തീയതിയിലെ കണക്ക് അനുസരിച്ച് 3005 സർവ്വീസുകൾ നടത്തി വരുന്നു. കോവിഡ് മഹാമാരിയെ തുടർന്ന് സർക്കാർ നിർദ്ദേശങ്ങളും സാമൂഹിക സുരക്ഷാ നടപടികളും കർശനമായി പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ച് സർവ്വീസുകൾ പൂർണ്ണ അർത്ഥത്തിൽ പുനരാരംഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രത്യേക നിരക്ക് പിൻവലിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ കൂടുതൽ യാത്രക്കാരെ ലഭിക്കുന്നതിനായി യാത്രാ തിരക്ക് കുറവുള്ള ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള എല്ലാ സർവ്വീസുകളിലും 25% നിരക്ക് ഇളവ് കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ 49 രൂപ വരെയുള്ള ടിക്കറ്റിന്മേൽ ഈടാക്കിവന്നിരുന്ന സെസ്സ് തുക ഓർഡിനറി, സിറ്റി ഫാസ്റ്റ്, ജൻറം നോൺ എ.സി. സർവ്വീസുകളിൽ താൽക്കാലികമായി നിർത്തിവച്ചിട്ടുമുണ്ട്.

(ഡി) ടയറിന്റെ ലഭ്യതക്കുറവുമൂലം വിവിധ ഡിപ്പോകളിൽനിന്നും സർവ്വീസ് വെട്ടിക്കുറയ്ക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ സാഹചര്യത്തിൽ മലബാർ മേഖലയിലെ രൂക്ഷമായ ഗതാഗത പ്രതിസന്ധി പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

മലബാർ മേഖലയിലെ രൂക്ഷമായ ഗതാഗത പ്രതിസന്ധി പരിഹരിക്കുന്നതിനും കെ.എസ്.ആർ.ടി.സി.-ക്കും യാത്രക്കാർക്കും ഗുണകരമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. സർവ്വീസ് റദ്ദാക്കൽ**

353 (1844) ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗണിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തിവച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടം ഉണ്ടാകുകയും കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-ക്ക് കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗണിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവച്ചതുമൂലം വരുമാന നഷ്ടമുണ്ടാവുകയും പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ശരാശരി 6.6 കോടി രൂപ വരുമാനം ലഭിച്ചിരുന്ന സമയത്താണ് സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ഇപ്പോൾ ശരാശരി പ്രതിദിന വരുമാനം 2.68 കോടി രൂപയായി കുറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യ്ക്ക് വൻ ആഘാതമുണ്ടാക്കിയിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രതിസന്ധിക്കിടയിലും ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള തുക എപ്രകാരമാണ് കണ്ടെത്തിയത്?

കോവിഡുമായി ബന്ധപ്പെട്ട പ്രതിസന്ധിക്കിടയിലും ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. സർക്കാർ സഹായം മാത്രം കൊണ്ടാണ് ശമ്പളം കൃത്യമായി നൽകുന്നതിന് സാധിച്ചത്.

(സി) നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സർവ്വീസുകൾ നടത്തുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നിർത്തിയ സർവ്വീസുകൾ പരമാവധി പുനരാരംഭിക്കുന്നതിന് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചതിനെ തുടർന്ന് 22-03-2020 മുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളും സർക്കാർ നിർദ്ദേശപ്രകാരം പൂർണ്ണമായും നിർത്തി വച്ചിരുന്നു. എന്നാൽ രോഗവ്യാപന തീവ്രത കുറഞ്ഞതിനെ തുടർന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഘട്ടംഘട്ടമായി പുനരാരംഭിച്ചിട്ടുണ്ട്. 20-05-2020 മുതൽ ജില്ലാടിസ്ഥാനത്തിൽ കർശന സാമൂഹിക അകലവും മാസ്ക്, സാനിറ്റൈസർ പോലുള്ള സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സർക്കാർ നിർദ്ദേശപ്രകാരം സർവ്വീസുകൾ ആരംഭിച്ചിരുന്നത്.

**ബസ് ടെർമിനൽ**

354 (1845) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ആധുനിക കാഴ്ചപ്പാടിൽ നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്വത്തിലായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കോവിഡ്-19 കാരണം കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ട്. പ്രതിമാസ വരുമാനം പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ സൂപ്പർഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25% നിരക്കിളവ് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ടു വീലർ യാത്രക്കാരെ ആകർഷിക്കുന്നതിനായി Bus on Demand (BOND) സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ഡബിൾ ഡക്കർ ഹെറിറ്റേജ് സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റംവരുത്തി സ്റ്റാളുകളാക്കിമാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതിയും കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചു വരുന്നു. സ്ലീപ്പർ ഇൻ ബസ്സ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ

ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യും IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനോടൊപ്പം പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾകൂടി (public amenities) ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ്സ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ ഡിപ്പോയിലെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ചെങ്ങന്നൂർ ഡിപ്പോയിലെ 10 ബേ ഗ്യാരേജും ഓഫീസ് കെട്ടിടവും നിർമ്മിക്കുന്ന പ്രവൃത്തിയിൽ ഗ്യാരേജിന്റെയും അനുബന്ധ സൗകര്യങ്ങളുടേയും പണികൾ പൂർത്തിയാക്കി. ഒന്നാം നിലയിലുള്ള ഓഫീസ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള ഫിനിഷിംഗ് ജോലികൾക്ക് വേണ്ടി DSR 2016 പ്രകാരം 33.65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

(സി) കാലപ്പഴക്കംചെന്ന അപകടകരമായ പഴയ കെട്ടിടം പൊളിക്കുന്നത് പരിഗണനയിലുണ്ടോ; വിവരിക്കാമോ?

എം.എൽ.എ. മുൻകയ്യെടുത്ത് നിയോജക മണ്ഡല ആസ്തിവികസന പദ്ധതിയിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി പുതിയ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള രൂപ രേഖ M/s.വാപ് കോസ് മുഖേന തയ്യാറാക്കിയിരുന്നു. അത് നടപ്പിലാക്കുകയും ഓഫീസിന്റെ ബാക്കിയുള്ള പണികൾ കൂടി പൂർത്തിയാക്കി ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയശേഷം പഴയ കെട്ടിടം പൊളിക്കാവുന്നതാണ്.

(ഡി) താഴത്തെ നിലയിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളും മുകളിൽ ആഫീസ് കെട്ടിടങ്ങളും ഉൾപ്പെടെയുള്ള ബസ്സ് ടെർമിനൽ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ എം.എൽ.എ. ഫണ്ടോ/മറ്റ് ഏതെങ്കിലും ഫണ്ടോ കിട്ടുന്ന മുറയ്ക്ക് പരിഗണിയ്ക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

355 (1846) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/ കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു.

2. കോർപ്പറേഷനെ സ്വയം പര്യാപ്തമായ മൂന്ന് മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കോമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ

മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

7. കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ പുനഃസംഘടിപ്പിച്ചു.

8. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു.

9. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.-യ്ക്ക് ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്വത്തിലായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കോവിഡ്-19 കാരണം കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ട്. പ്രതിമാസ വരുമാനം പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ സൂപ്പർഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25% നിരക്കിളവ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടു വീലർ യാത്രക്കാരെ ആകർഷിക്കുന്നതിനായി Bus on Demand (BOND) സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ഡബിൾ ഡക്കർ ഹെറിറ്റേജ് സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവ്വേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി. മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി

സ്റ്റാളുകളാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിച്ച് നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്സ് എന്ന പദ്ധതി വഴിയും കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. സ്ലീപ്പർ ഇൻ ബസ്സ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ/പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യും IOC മുതലായ വൻകിട എണ്ണക്കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനോടൊപ്പം പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾകൂടി (public amenities) ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ്സ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇത് കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാന വർദ്ധനയ്ക്കും ഇടയാക്കിയിട്ടുണ്ടോ?

ഉണ്ട്.

(സി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം എന്നാണ് നടത്തേണ്ടിയിരുന്നത്; അത് നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

1-3-2016 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തേണ്ടതായിരുന്നു. അംഗീകൃത തൊഴിലാളി യൂണിയനുകളുമായി ചർച്ചകൾ നടന്നുവെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം ആയത് വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് ആനുകൂല്യമാണ് നൽകുന്നത്?

ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിച്ചിട്ടുണ്ട്. 1500 രൂപ ഇടക്കാലാശ്വാസമായി ജീവനക്കാർക്ക് 2020 നവംബർ മാസം മുതൽ വിതരണം നടത്തി വരുന്നു.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തികസ്ഥിതി ശമ്പളപരിഷ്കരണം നടത്തുന്നതിന് അനുകൂലമാണോ; ഇല്ലെങ്കിൽ ശമ്പളപരിഷ്കരണം മൂലമുണ്ടാകുന്ന അധികബാധ്യത എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി ശമ്പള പരിഷ്കരണം നടത്തുന്നതിന് അനുകൂലമല്ല. നിലവിൽ സർക്കാർ സഹായത്താലാണ് ശമ്പളവും പെൻഷനും നൽകി വരുന്നത്. ആയതു കൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭത്തിലേയ്ക്കെത്തിക്കുക എന്നതാണ് ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ബാദ്ധ്യത പരിഹരിക്കുന്നതിനുള്ള ഏക മാർഗ്ഗം.

## പ്രതിമാസ ഡ്യൂട്ടി പൂർണ്ണമായും നോക്കാൻ കഴിയാത്ത ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പള വിതരണം

356 (1847) ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ആരോഗ്യകാരണങ്ങളാൽ കെ.എസ്.ആർ.ടി.സി.-യിൽ പ്രതിമാസ ഡ്യൂട്ടി പൂർണ്ണമായും നോക്കാൻ കഴിയാത്ത ലൈൻ ഡ്യൂട്ടിക്കാരുടെ 2018 മുതൽ കുടിശ്ശിക ആയിട്ടുള്ള ശമ്പളം വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിതരണ നടപടികൾ എതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

നിലവിൽ ജീവനക്കാരുടെ സപ്ലിമെന്ററി സാലറി 2020 ഒക്ടോബർ മാസം വരെ നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് അതിലെ ഇതര വിഭാഗം ജീവനക്കാരുടേതുൾപ്പെടെ മറ്റ് ചെലവുകൾക്കൊക്കെ സാമ്പത്തിക പ്രതിസന്ധി എന്നത് ഉന്നയിച്ച് തുക വകയിരുത്തുമെങ്കിലും ടി വിഭാഗം ജീവനക്കാരുടെ പ്രതിമാസ ശമ്പള വിതരണത്തിന് തടസ്സമുണ്ടാക്കുകയും അവരുടെ കുടുംബ ബഡ്ജറ്റിനെ തകർക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരം, അസ്ഥിരം ജീവനക്കാരുടെ പ്രതിമാസ ശമ്പളം സർക്കാർ സഹായത്തോടുകൂടി മുടക്കമില്ലാതെ നൽകിവരുന്നുണ്ട്. കോവിഡ് കാലത്തിനുമുമ്പ് സർക്കാരിൽനിന്നും ലഭ്യമാകുന്ന ധനസഹായത്തോടൊപ്പം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽനിന്നും നിശ്ചിത തുക നീക്കിവച്ച് ആയതും കൂടി ചേർത്താണ് ജീവനക്കാരുടെ ശമ്പളം നൽകി വന്നിരുന്നത്. കോവിഡ് പ്രതിസന്ധിയെ തുടർന്ന് സർവ്വീസുകൾ നിർത്തിവെക്കുകയും പിന്നീട് പരിമിതമായി ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ നല്ലൊരു വിഭാഗം ദിവസവേതന ജീവനക്കാർക്ക് ജോലി ലഭിക്കാതെ വരികയും കെ.എസ്.ആർ.ടി.സി.-യുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാർ നിർദ്ദേശപ്രകാരം ടി ദിവസവേതന ജീവനക്കാരെ ജോലിയിൽനിന്നും മാറ്റി നിർത്തുകയും ഇവർക്ക് സർവ്വീസിനാനുപാതികമായി ഒരു നിശ്ചിത തുക എക്സ്ഗ്രേഷ്യ ഇനത്തിൽ സർക്കാർ സഹായത്തോടുകൂടി നൽകിയിട്ടുമുണ്ട്. ഈ കോവിഡ് കാലഘട്ടത്തിൽ നിലവിലുള്ള സ്ഥിരം, അസ്ഥിരം ജീവനക്കാർക്ക് സർക്കാർ സഹായത്തോടുകൂടി ഇതുവരെയുള്ള ശമ്പളം മുടക്കമില്ലാതെ പൂർണ്ണമായും നൽകിവരുന്നുണ്ട്.

(സി) പ്രതിമാസം പൂർണ്ണമായും ഡ്യൂട്ടി നോക്കുന്നവരുടെ ശമ്പളം നൽകിയാലുടൻ പ്രസ്തുത ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

നിലവിൽ സർക്കാർ സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം നൽകിവരുന്നത്. കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകാരണമാണ് സപ്ലിമെന്ററി സാലറി വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായത്. എന്നാൽ നിലവിൽ സപ്ലിമെന്ററി സാലറി പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം

357 (1848) ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-യിൽ പ്രശ്നപരിഹാരത്തിനായി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഇക്കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുമായുള്ള ചർച്ചകളിലൂടെ മാത്രമേ സേവന-വേതന വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തുവാൻ കഴിയുകയുള്ളൂ.

(ബി) ജീവനക്കാരുടെ നിലവിലെ ശമ്പളം കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

കോവിഡ് കാലയളവിൽ ലോക്ക്ഡൗൺ കാരണം സർവ്വീസുകൾ നിർത്തിവെക്കുകയും തുടർന്ന് പരിമിതമായി പുനരാരംഭിക്കുകയും ചെയ്തിരുന്നു. ഇക്കാലയളവിൽ പൂർണ്ണമായും ശമ്പളവും വേതനവും സർക്കാർ സഹായത്താലാണ് നൽകി വന്നിരുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കി ചെലവുകൾ കണ്ടെത്താനുള്ള സാധ്യത മാനേജ്മെന്റിന് പരിശോധിക്കാവുന്നതാണെന്നും സർക്കാർ ഗ്യാരന്റി ആവശ്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കാവുന്നതാണെന്നും കോവിഡുമൂലമുള്ള ഇപ്പോഴുള്ള പ്രതിസന്ധി കാലഘട്ടത്തിൽ സർവ്വീസുകൾ വളരെ കുറവായതിനാൽ ആയതിനനുസൃതമായി ചെലവ് കുറവ് ചെയ്യുന്ന വിഷയത്തിലും ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിഷയത്തിലും വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്.

(സി) ഇക്കാര്യങ്ങളിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ലോക്ക്ഡൗണിനുശേഷം സർവ്വീസുകൾ പരിമിതമായി പുനരാരംഭിച്ചപ്പോൾ സർക്കാർ നിർദ്ദേശത്തെ തുടർന്ന് ശമ്പളയിനത്തിലെ ചെലവ് ചുരുക്കലിന്റെ ഭാഗമായി അസ്ഥിര ജീവനക്കാരെ ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കുകയും സർക്കാർ സിവറൻസ് പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. പൂർണ്ണമായും സർവ്വീസ് ഓപ്പറേഷൻ നടത്തിയ 2020 ജനുവരി മാസത്തിൽ 33,763 ജീവനക്കാർക്ക് ശമ്പള വേതന ഇനത്തിൽ 81.17 കോടി രൂപ അനുവദിച്ചത് 2020 ഒക്ടോബർ മാസത്തിൽ 27,709 ജീവനക്കാർക്ക് 75.45 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അതായത് 2020 ജനുവരി മാസത്തെ അപേക്ഷിച്ച് ശമ്പള വിതരണം ചെയ്യുന്ന ജീവനക്കാരുടെ എണ്ണത്തിൽ 6,054 എണ്ണം ജീവനക്കാരുടെ കുറവ് വരുത്തുകയും അതുവഴി ശമ്പള ചെലവിൽ 5.72 കോടി രൂപയുടെ കുറവ് വരുത്തുവാനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ അസ്ഥിര ജീവനക്കാരെ ഒഴിവാക്കിയതുവഴി ശമ്പള വേതന ചെലവുകളിൽ ഗണ്യമായ കുറവ് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന പദ്ധതികളായ ലോജിസ്റ്റിക്ക്സ് സർവ്വീസ്സ്, ഷോപ്പ് ഓൺ വീൽസ്, വാട്ടർ കിയോസ്ക്ക്, സ്ലീപ്പർ ഇൻ ബസ്സ്, ബസ്സ് ഓൺ ഹയർ തുടങ്ങിയവ ആവിഷ്ക്കരിച്ച്

നടപ്പിലാക്കിവരുന്നു. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് ആവശ്യകത ഇല്ലാത്ത, കിലോമീറ്ററിന് 25 രൂപയിൽ താഴെ മാത്രം വരുമാനം ലഭിച്ചിരുന്ന ട്രിപ്പുകൾ കൃത്യമായി പരിശോധനയിലൂടെ കണ്ടെത്തി പുന:ക്രമീകരിച്ചുവഴി ചെലവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ മുടങ്ങി ക്കിടക്കുന്ന വാണിജ്യ സമുച്ചയ പ്രോജക്ടുകൾ പൂർത്തീകരിച്ച് കടമുറികൾ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. രണ്ടു വർഷക്കാലമായി പത്തനംതിട്ടയിൽ മുടങ്ങി കിടന്ന ഷോപ്പിംഗ് ക്ലോംപ്ലക്സിന്റെ പണി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ജനുവരി മുതൽ വാടക ലഭ്യമായി തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. വാണിജ്യ സമുച്ചയങ്ങളിലെ കടമുറികളിൽനിന്നും ലഭിക്കുന്ന വാടക വായ്പ തിരിച്ചടവിനായി ഉപയോഗപ്പെടുത്താനും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിലേയ്ക്ക് മുതൽക്കൂട്ടാനുമാകും.

### കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള സ്കെയിൽ

358 (1849) <u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ ശമ്പള സ്കെയിൽ വളരെ താഴ്ന്ന നിലയിലാണ് അനുവദിച്ചിരിക്കുന്നതെന്ന കാര്യം സർക്കാർ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; ഇവിടെ പതിനാറ് വർഷം തികഞ്ഞ ഒരു കണ്ടക്ടർക്ക് ലഭിക്കുന്ന ശമ്പളവും ഇതേ കാലയളവ് പൂർത്തിയാക്കിയ ഒരു ക്ലറിക്കൽ ജീവനക്കാരന് ലഭ്യമാകുന്ന പ്രതിമാസ പൂർണ്ണ ശമ്പളവും താരതമ്യം ചെയ്തിട്ടുണ്ടോ?

ലൈൻ ഡ്യൂട്ടി ജീവനക്കാരിൽ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിനേക്കാൾ തൊട്ടുമുകളിലുള്ള ശമ്പള സ്കെയിലും കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ഒരേ ശമ്പള സ്കെയിലും ആണ് നിലനിൽക്കുന്നത്. ഡ്രൈവർ ഗ്രേഡ് II - Scale IV (10210-23160) കണ്ടക്ടർ ഗ്രേഡ് II - Scale III (9940-21180) ജൂനിയർ അസിസ്റ്റന്റ് - Scale III (9940-21180) പതിനാറ് വർഷം യഥാസമയം പൂർത്തിയാക്കിയ കണ്ടക്ടർക്കും ഡ്രൈവർക്കും ക്ലാർക്കിനും ഒരേ അടിസ്ഥാന ശമ്പളവുമാണുള്ളത്. ആയതിനാൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിനെക്കാൾ താഴ്ന്ന നിലയിലുള്ള ശമ്പളമാണ് ലഭ്യമാകുന്നതെന്നത് വസ്തുതാപരമല്ല. കൂടാതെ കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ പെർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. എന്നാൽ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല.

(ബി) ഇവിടെ പ്രയാസമേറിയ ജോലി നോക്കുന്ന ലൈൻ ഡ്യൂട്ടി വിഭാഗത്തിന് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെക്കാൾ താഴ്ന്ന പ്രതിമാസ ശമ്പളമാണ് ലഭ്യമാകുന്നതെന്ന കാര്യം സർക്കാരിന് അറിവുണ്ടോ?

ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിനെക്കാൾ താഴ്ന്ന നിലയിലുള്ള ശമ്പളമാണ് ലഭ്യമാകുന്നതെന്നത് വസ്തുതാപരമല്ല. കൂടാതെ കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ/അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(സി) എങ്കിൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതിൽനിന്നും പൂർണ്ണ വ്യത്യസ്തതയോടെ ഓപ്പറേറ്റിംഗ് വിഭാഗത്തിനാണ് മിനിസ്റ്റീരിയൽ വിഭാഗത്തെക്കാളും അധികരിച്ച ശമ്പളം നൽകിവരുന്നതെന്ന് സർക്കാരിന് അറിവുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-യിൽ മാത്രം ഇത് നടപ്പിലാക്കുന്നതിന് തൊഴിലാളി സംഘടനകൾ ആവശ്യമുന്നയിച്ചില്ലെങ്കിലും സർക്കാർ ഇക്കാര്യത്തിൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടേതിൽനിന്നും വേറിട്ടൊരു സമീപനം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിന് തുല്യമോ അതിനു മുകളിലോ ഉള്ള ശമ്പളമാണ് ലഭ്യമാകുന്നത്.

(ഡി) തൊഴിലാളി യൂണിയനുകളുമായി നടക്കാനിരിക്കുന്ന അടുത്ത ശമ്പളക്കരാർ ചർച്ചയിൽ സർക്കാർ ഇക്കാര്യം നടപ്പിലാക്കുന്നതിന് ആത്മാർത്ഥതയോടെ താൽപ്പര്യമെടുക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

നിലവിൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിന് തുല്യമോ അതിനു മുകളിലോ ഉള്ള ശമ്പളമാണ് ലഭ്യമാകുന്നത്. കൂടാതെ കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ/അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ കൊറിയർ സർവ്വീസ്**

359 (1851) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് കൊറിയർ സർവ്വീസിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ പ്രസ്തുത സർവ്വീസ് നൽകുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വീസിന്റെ പ്രവർത്തന സമയം നിജപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കൊറിയർ സർവ്വീസിന് രൂപം നൽകിയിട്ടുണ്ട്. ലൈസൻസി മുഖേനയാണ് കൊറിയർ സർവ്വീസ് പ്രവർത്തിച്ചിരുന്നത്. നിലവിൽ ലൈസൻസി ഇല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല.

**കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

360 (1853) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

1) MLA ഫണ്ട് ഉപയോഗിച്ചുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2) ബസ്സ് സ്റ്റേഷൻ യാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

3) ബസ്സ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സിലെ സിവിൽ പണികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. ഇനി കെട്ടിടം പൂർണ്ണമായും നിർമ്മിച്ച് ഉപയോഗയോഗ്യമാക്കുന്നതിനുള്ള ബാക്കി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് Project Management Consultancy ആയ M/s. Hindustan Prefab Limited-ന് നിർവ്വഹണ ചുമതല നൽകിയിട്ടുണ്ട്.

4) MLA-LACADS ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അനുമതി ലഭിച്ചതിൽ ഇനി ആരംഭിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അവ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ?

MLA-LACADS ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭരണ നിർവ്വഹണ ബ്ലോക്കിന്റെ നിർമ്മാണ ചുമതല ആദ്യം KSRTC-യെ ആണ് ചുമതലപ്പെടുത്തിയത്. കെ.എസ്.ആർ.ടി.സി. എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് തവണ e-tender ചെയ്തുവെങ്കിലും കരാറുകാരെ ലഭിക്കാത്തത് കാരണം ഈ പ്രവൃത്തി ചെയ്യുന്നതിനായി എം.എൽ.എ. M/s. Habitat Technology Group-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. M/s. Habitat Technology Group കെട്ടിടത്തിന്റെ ഡിസൈൻ Government Engineering College മുഖാന്തരം പരിശോധിച്ച് നൽകുന്നതിനുള്ള കാലതാമസംമൂലം സാങ്കേതികാനുമതി നൽകുവാൻ സാധിച്ചിട്ടില്ല. കൂടാതെ M/s. Habitat Technology Group-നെ ചുമതലപ്പെടുത്തി ഭരണാനുമതി കിട്ടേണ്ടതുമുണ്ട്. നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ M/s. Habitat Technology Group-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോ**

361 (1854) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോ എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ; ആയതിനായി മാറ്റിവച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

24-10-2020-ലെ G.O (Rt) No: 349/2020/TRANS പ്രകാരം കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റി തീരുമാന പ്രകാരം 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. യാർഡിന്റെ പ്രവൃത്തികൂടി പൂർത്തിയാക്കിയാൽ ഡിപ്പോ ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്.

## സുൽത്താൻ ബത്തേരി സർവ്വീസ്

362 (1855) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും രാവിലെ 7.50-ന് ആരംഭിച്ചിരുന്ന സുൽത്താൻ ബത്തേരി സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വളരെ ലാഭകരമായി പ്രവർത്തിച്ചുവന്നിരുന്ന പ്രസ്തുത സുൽത്താൻ ബത്തേരി സർവ്വീസ് പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

പ്രസ്തുത സർവ്വീസ് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വൈപ്പിനിൽനിന്നും പുതുതായി സർവ്വീസ് ആരംഭിച്ച ബസ്സുകൾ

363 (1856) ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽനിന്നും പുതുതായി സർവ്വീസ് ആരംഭിച്ച ചെറായി-മൂന്നാർ, ചെറായി-പാലക്കാട്, ചെറായി-കോഴിക്കോട് എന്നീ ബസ്സ് സർവ്വീസുകൾ നിലവിൽ തുടരുന്നുണ്ടോ; ഏതെങ്കിലും സർവ്വീസ് നിർത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ വൈപ്പിൻ-പാലക്കാട് സർവ്വീസ് നടത്തുന്നുണ്ട്. വൈപ്പിൻ-കോഴിക്കോട് സർവ്വീസ് വരുമാനക്കുറവുമൂലം നിർത്തിവച്ചിട്ടുള്ളതാണ്. ചെറായി-മൂന്നാർ സർവ്വീസ് കോവിഡിന്റെ സാഹചര്യത്തിൽ നിർത്തിവച്ചിട്ടുള്ളതാണ്. നിലവിൽ കോവിഡുമൂലമുള്ള ലോക്ക്ഡൗൺ പിൻവലിച്ചിട്ടുള്ളതിനാൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത സർവ്വീസുകൾ ഉടനടി പുനരാരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വൈപ്പിൻ-കോഴിക്കോട് സർവ്വീസ് കൂടുതൽ വരുമാനം ലഭ്യമാകുന്ന വിധത്തിൽ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

364 (1857) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്. (ULCCS) പിന്മാറിയതിനാൽ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും 3 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തിരമായി പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ KSRTC-യിൽനിന്ന് ലഭിച്ചിട്ടില്ല. ലഭ്യമാകുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ സമഗ്രവികസനം

365 (1858) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും അപകടാവസ്ഥയ്ക്കും പരിഹാരമായി നിലവിൽ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വാണിജ്യ/വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള കൊല്ലം അടക്കമുള്ള ചില ഡിപ്പോകൾ പ്രവർത്തനത്തിന് തടസ്സം ഇല്ലാത്ത തരത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി Public Private Partnership (PPP) മാതൃകയിൽ ദീർഘകാലത്തേയ്ക്ക് പാട്ടത്തിന് നൽകി ഒറ്റത്തവണയായി വൻ തുകകൾ സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന ഭരണ സമിതി ഉപസമിതിയുടെ ശിപാർശ ഭരണസമിതിയുടെ പരിഗണനയിലാണ്.

(ബി) ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പദ്ധതികൾ പരിഗണനയിലില്ല.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കെട്ടിട നിർമ്മാണം

366 (1859) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിന് ട്രാൻസ്പോർട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 1-6-2016-ൽ ബിൽഡിംഗ് പെർമിറ്റിന് ആവശ്യമായ രേഖകളെല്ലാം ഉൾപ്പെടുത്തി അപേക്ഷ മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങുവാനും ബിൽഡിംഗ് പെർമിറ്റ് ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും സ്ഥലം എം.എൽ.എ ചർച്ചയിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 21-6-2016-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നുവരവെ മുനിസിപ്പാലിറ്റിയിൽനിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെത്തുടർന്ന് 1-7-2016- മുതൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പിന്നീട് പല തവണ പെർമിറ്റ് അനുവദിച്ച് നല്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. കത്ത് സമർപ്പിക്കുകയും ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് അനുസരിച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടലുകൾ നടത്തുകയും ചെയ്തെങ്കിലും മുനിസിപ്പാലിറ്റി നാളിതുവരെ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ കരാർ തുക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ഉത്തരവാകുകയുണ്ടായി. മുനിസിപ്പാലിറ്റിയിൽ നിന്ന് നിർമ്മാണാനുമതി ലഭിച്ചാൽത്തന്നെ ഡിപ്പോ കെട്ടിടത്തിന്റെ ബാക്കി ചെയ്യേണ്ട പ്രവൃത്തികൾക്കുവേണ്ടി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങി ടെണ്ടർ ക്ഷണിക്കേണ്ടതായിട്ടുണ്ട്. ടി വിവരങ്ങൾ എം.എൽ.എ.-യെ 16-10-2020-ലെ നമ്പർ AB1/036385/15 പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ, പൊതുമരാമത്ത് (കെട്ടിട നിർമ്മാണം) വകുപ്പ് മുഖേന പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചശേഷം പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും KSRTC-യെ അറിയിച്ചിട്ടുണ്ട്.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

367 (1860) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

നിലവിൽ പണി നിർത്തിവച്ചിരിയ്ക്കുന്ന അവസ്ഥയിലാണ്.

(ബി) നിർമ്മാണം നിർത്തിവയ്ക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബിൽ തുക കുടിശ്ശിക കാരണം കരാറുകാരൻ പണി നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(സി) ഇതുവരെയുള്ള പ്രവൃത്തികളുടെ തുക കരാറുകാരന് നൽകിയിട്ടുണ്ടോ; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

മുഴുവൻ തുകയും നൽകിയിട്ടില്ല. ആകെ തുകയായ 1,68,80,677 രൂപയിൽനിന്നും 50,00,000 രൂപ നൽകിയിട്ടുണ്ട്. മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാക്കി പൂർത്തീകരിക്കുവാനുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും Price Software-ൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും Project Management Consultancy ആയ M/s. HLL Lifecare Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കായംകുളത്ത് അനുവദിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

368 (1861) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പുതുതായി അനുവദിച്ച സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം ഡിപ്പോയിൽനിന്നും 06.50 കായംകുളം - കോട്ടയം 05.00 കായംകുളം - ഓച്ചിറ 05.20 കായംകുളം - ഓച്ചിറ 05.40 കായംകുളം - ഓച്ചിറ 05.15 കായംകുളം - ചെങ്ങന്നൂർ 05.35 കായംകുളം - ചെങ്ങന്നൂർ എന്നിങ്ങനെ 6 സർവ്വീസുകളാണ് പുതിയതായി ആരംഭിച്ചിട്ടുള്ളത്.

## കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ മോഡേൺ ബസ് ടെർമിനൽ

369 (1862) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനായി 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും 1.875 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോണിന്റെ 2018-19 വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം ഡിപ്പോയിൽ മോഡേൺ ബസ്സ് ടെർമിനൽ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായി ആർ.ഡി.3-792/2019 തീയതി 30-12-2019 പ്രകാരം 1.875 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. PWD മുഖേന പണി ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി. NOC-യും നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭ്യമായതിനുശേഷം ബസ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ?

ബസ് ടെർമിനൽ നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) നിലവിലെ ബസ് ടെർമിനലിലെ പഴയ കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്ത് തുക കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാണ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ടി വകുപ്പിൽനിന്നും തുടർനടപടികൾ സ്വീകരിച്ചതായി അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല.

(ഡി) പുതിയ ബസ്സ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി.-യുടെ ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് കെ.എസ്.ആർ.ടി.സി. തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; തുക ട്രാൻസ്ഫർ ചെയ്യുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇല്ല. തുക റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത ബസ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ബസ് ടെർമിനൽ നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പ് ആകയാൽ ടെണ്ടർ നടപടികൾ ടി വകുപ്പാണ് സ്വീകരിക്കേണ്ടത്.

## പാറശ്ശാല മണ്ഡലത്തിൽ ജീവനക്കാരുടെ കുറവുമൂലം നിർത്തിവച്ചിരിക്കുന്ന ബസ്സ് സർവ്വീസുകൾ

370 (1863) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, കാട്ടാക്കട, വെള്ളറട, നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ആവശ്യത്തിന് ഡ്രൈവർ, കണ്ടക്ടർ എന്നീ ജീവനക്കാർ ഇല്ലാത്തത് കാരണം സർവ്വീസുകൾ കൃത്യമായി നടത്താൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലയിലെ സമീപ ഡിപ്പോകളിൽ കൂടുതലായി ലഭ്യമായിട്ടുള്ള ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെ പ്രസ്തുത ഡിപ്പോകളിലേയ്ക്ക് മാറ്റി പരമാവധി സർവ്വീസുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഡിപ്പോകളിൽനിന്നും പാറശ്ശാല നിയോജകമണ്ഡലവുമായി ബന്ധിപ്പിച്ചുകൊണ്ട് ഏതൊക്കെ സർവ്വീസുകളാണ് നടത്തി വരുന്നത് എന്നുള്ള റൂട്ട് വിവരം ലഭ്യമാക്കാമോ?

നെയ്യാറ്റിൻകര ഡിപ്പോയിൽ 56 സർവ്വീസുകളും പാറശ്ശാല ഡിപ്പോയിൽ 10 സർവ്വീസുകളും വെള്ളറട ഡിപ്പോയിൽ 7 സർവ്വീസുകളും കാട്ടാക്കട ഡിപ്പോയിൽ 10 സർവ്വീസുകളുമാണ് നടത്തിവന്നിരുന്നത്. പ്രസ്തുത ഡിപ്പോയിലെ റൂട്ടുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അതിൽ എത്ര സർവ്വീസുകളാണ് ജീവനക്കാരുടെ കുറവുമൂലം നിർത്തിവച്ചിരിക്കുന്നതെന്നും ആയത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്നും അറിയിക്കാമോ?

പാറശ്ശാല- 10, നെയ്യാറ്റിൻകര- 30, കാട്ടാക്കട- 4, ജീവനക്കാരുടെ പുനർ വിന്യാസ നടപടികൾ പുരോഗമിക്കുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തിവച്ച സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### കായംകുളത്ത് പുതിയ ബസ്സ് ടെർമിനൽ

371 (1864) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കാലപ്പഴക്കത്താൽ തികച്ചും ജീർണ്ണാവസ്ഥയിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കായംകുളത്ത് പുതിയ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ് ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി detailed project report സമർപ്പിക്കുന്നതിന് Project Management Consultancy ആയ M/s. HLL Lifecare Ltd-ന് 3-12-2020-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

372 (1865) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽനിന്നും വിവിധ വിഭാഗങ്ങളിലായി എത്ര ഷെഡ്യൂളുകളാണിപ്പോൾ ഓപ്പറേറ്റ് ചെയ്യുവാൻ അനുമതി ലഭിച്ചിട്ടുള്ളതെന്ന് പട്ടിക തിരിച്ച് അറിയിക്കാമോ?

ഓർഡിനറി - 40 ഫാസ്റ്റ് പാസഞ്ചർ - 7

(ബി) അനുമതി ലഭിച്ചിട്ടുള്ള എല്ലാ ഷെഡ്യൂളുകളും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നില്ല.

(സി) നിലവിൽ ഡിപ്പോയിൽനിന്നും ഏതെല്ലാം പ്രദേശങ്ങളിലേയ്ക്ക് എത്ര സർവീസുകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ?

ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ 1. ചാത്തന്നൂർ-കോട്ടയം - 1 എണ്ണം 2. തിരുവനന്തപുരം-കൊല്ലം - 6 എണ്ണം ഓർഡിനറി സർവ്വീസുകൾ 1. കൊല്ലം-ആറ്റിങ്ങൽ - 5 എണ്ണം 2. കൊട്ടിയം-അഞ്ചൽ - 7 എണ്ണം 3. പാരിപ്പള്ളി-കൊട്ടാരക്കര - 6 എണ്ണം 4. പാരിപ്പള്ളി-ബൈപ്പാസ്-കരുനാഗപ്പള്ളി - 5 എണ്ണം 5. ചിറക്കര ക്ഷേത്രം-കൊല്ലം - 1 എണ്ണം 6. മരക്കുളം-കൊല്ലം - 1 എണ്ണം 7. പരവൂർ-തിരുവനന്തപുരം - 1 എണ്ണം 8. പരവൂർ-പുനലൂർ - 1 എണ്ണം ആകെ 34 സർവ്വീസുകൾ.

## ഇടുക്കി ജില്ലയിലെ യാത്രാസൗകര്യം

373 (1866) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-നോട് അനുബന്ധിച്ച് യാത്രക്കാരുടെ എണ്ണം കുറയുകയും സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കുറയ്ക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ യാത്രാ സൗകര്യം പരിമിതമായ ഇടുക്കി ജില്ലയിൽ കൂടുതൽ യാത്രാസൗകര്യം ഒരുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

കോവിഡിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച സർവ്വീസുകൾ പരമാവധി പുനരാരംഭിച്ചുവരുന്നു. കോവിഡിനെ തുടർന്ന് ജീവനക്കാരെ സ്വന്തം ഡിപ്പോകളിലേയ്ക്ക് തിരിച്ചയച്ചതിനാൽ ജീവനക്കാരുടെ കുറവ് പല ഡിപ്പോകളിലും ഉണ്ട്. ജീവനക്കാരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

(ബി) സ്കൂളുകൾ പുനരാരംഭിച്ചതോടെ വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്ത് കൂടുതൽ ബസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ജീവനക്കാരെ പുനർവിന്യസിച്ച് കുറവ് പരിഹരിക്കുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) വിദ്യാർത്ഥികൾക്ക് കൺസഷൻ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

## കോട്ടയം നഗരത്തിൽ ആകാശപ്പാത നിർമ്മാണം

374 (1867) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ച "ആകാശപ്പാത" (സ്കൈ വാക്ക്) യുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് പൂർത്തിയാക്കാൻ സാധിക്കുമോയെന്നറിയിക്കുമോ?

കോട്ടയം ശീമാട്ടി ജംഗ്ഷനിലെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "സ്കൈവാക്ക്" 5,18,62,000 രൂപയുടെ ഈ പദ്ധതിക്കുവേണ്ടി ഇതുവരെ 1 കോടി 75 ലക്ഷം രൂപ KITCO-യ്ക്ക് കൈമാറിയിട്ടുണ്ട്. ടി പദ്ധതി 2021-ൽ തന്നെ പൂർത്തീകരിക്കുന്നതിനുവേണ്ടി KITCO-യും കേരള റോഡ് സുരക്ഷാ അതോറിറ്റി ടെക്നിക്കൽ ഗ്രൂപ്പും ചേർന്ന് പുതുക്കിയ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ കാലതാമസം പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

8-1-2021-ൽ നടന്ന 43-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ ഒരു അജണ്ട ഐറ്റമായി "സ്കൈവാക്ക്" പദ്ധതി ചർച്ച ചെയ്യുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതുമൂലം പൂർത്തീകരണ ചെലവ് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അട്ടപ്പാടിയിലേയ്ക്കുള്ള യാത്രാസൗകര്യം

375 (1868) ശ്രീ. എൻ. ഷംസുദീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലേയ്ക്കുള്ള യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

നിലവിൽ അട്ടപ്പാടി മേഖലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ദിനംപ്രതി 26 റൗണ്ട് ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നു. ഒരു റൗണ്ട് ട്രിപ്പ് കെ.എസ്.ആർ.ടി.സി.-യുടെ പാല യൂണിറ്റിൽനിന്നും, മറ്റുള്ളവ മണ്ണാർക്കാട് യൂണിറ്റിൽനിന്നും അട്ടപ്പാടി മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി യാത്രക്കാർക്കും കോർപ്പറേഷനും ഗുണപ്രദമാകുന്നതരത്തിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പീരുമേട് മണ്ഡലത്തിലെ റോഡപകടങ്ങളുടെ നിയന്ത്രണം

376 (1869) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജകമണ്ഡലത്തിലെ സംസ്ഥാന-ദേശീയപാതകളിൽ അതീവ അപകട സാധ്യതാ മേഖലകൾ നിലനിൽക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; ആയത് പരിഹരിക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പീരുമേട് നിയോജകമണ്ഡലത്തിലെ സംസ്ഥാന-ദേശീയപാതകളിൽ അതീവ അപകട സാധ്യതാ മേഖലകൾ നിലനിൽക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016-2018 വരെയുള്ള ആക്സിഡന്റ് ഡാറ്റാ അടിസ്ഥാനമാക്കി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിൽ അതീവ അപകട സാധ്യതാ മേഖലയായി ഇടുക്കി ജില്ലയിൽ കണ്ടെത്തിയിട്ടുള്ളത് തൊടുപുഴയിലാണ്.

## ട്രാഫിക് നിയമലംഘനം തടയുന്നതിന് നടപടി

377 (1870) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. ബസ്, ടിപ്പർ ലോറികൾ ഇവ മാത്രം ഉണ്ടാക്കിയ വാഹന അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയാണ്; വെളിപ്പെടുത്തുമോ?

1525.

(ബി) അമിതവേഗം കാരണം 2018-19 വർഷത്തിൽ ക്യാമറ മുഖേന പിടിക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം എത്ര; ആർ.ടി.ഒ. തിരിച്ച് വ്യക്തമാക്കാമോ?

791925.

തിരുവനന്തപുരം, 7163 – കൊല്ലം, 593 പത്തനംതിട്ട, 182 ആലപ്പുഴ, 253 കോട്ടയം, 1307 ഇടുക്കി, 1986 എറണാകുളം, 758157 തൃശ്ശൂർ, 2000 പാലക്കാട്, 2100 മലപ്പുറം, 8200 കോഴിക്കോട്, 1280 വയനാട്, 3200 കണ്ണൂർ, 3071 കാസർഗോഡ്, 2040 ആറ്റിങ്ങൽ, 253 മൂവാറ്റുപുഴ, ---- വടകര ആർ.ടി.ഒ. എൻ.എസ് 140 ആകെ -791925.

(സി) ഇതിൽ എത്ര ഉടമകളിൽനിന്നും പിഴ ഈടാക്കി; എത്ര തുക; അറിയിക്കാമോ?

ഉടമകളുടെ എണ്ണം -782178, പിഴ തുക – 21,74,25,720 രൂപ

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ട എത്ര പേരുടെ ലൈസൻസ് റദ്ദാക്കി; ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ എത്രപേരുണ്ടെന്ന് അറിയിക്കുമോ; ആർ.ടി.ഒ. തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ട 51198 പേരുടെ ലൈസൻസ് റദ്ദാക്കി. ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ 259. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ എണ്ണം ആർ.ടി.ഒ. തിരിച്ച് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം-25, കൊല്ലം-40, പത്തനംതിട്ട-3, ആലപ്പുഴ-30, കോട്ടയം-20, ഇടുക്കി- 2, എറണാകുളം-60, തൃശ്ശൂർ-9, പാലക്കാട്-1, മലപ്പുറം-1, കോഴിക്കോട്-5, വയനാട്-19, കണ്ണൂർ-3, കാസർഗോഡ്-6, ആറ്റിങ്ങൽ-6, മൂവാറ്റുപുഴ-26, വടകര-3, ആർ.ടി.ഒ ----- എൻ.എസ് ആകെ 259.

(ഇ) സംസ്ഥാനത്ത് മിക്ക സ്വകാര്യവാഹനങ്ങളിലും ഹാലജൻ ബൾബുകൾ ഹൈ ബീം ലൈറ്റുകൾ ഇവ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ലൈറ്റുകൾ വാഹനങ്ങളിൽ ഉപയോഗിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

ഉണ്ട്. ഹാലജൻ ബൾബുകൾ അതത് വാഹനങ്ങളുടെ ടൈപ്പ് അപ്രൂവൽ (ARAI) പ്രകാരം അനുവദനീയമാണ്.

(എഫ്) സ്വകാര്യ ടൂറിസ്റ്റ് ബസ്സുകളിൽ ഡി.ജെ. മ്യൂസിക് സംവിധാനവും ആഡംബര ലൈറ്റുകളും മറ്റും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര വാഹനങ്ങളിൽനിന്നും ഇവ പിടിച്ചെടുത്തു; ആർ.ടി.ഒ. തിരിച്ച് 2019 ജനുവരി മുതലുള്ള കണക്ക് വ്യക്തമാക്കുമോ; ഈയിനത്തിൽ പിഴയായി എത്ര തുക ഈടാക്കി; വെളിപ്പെടുത്തുമോ?

ഇല്ല. പിഴ ഇനത്തിൽ 21,30,100 രൂപ പിരിച്ചെടുത്തു. തിരുവനന്തപുരം- 143, കൊല്ലം-10, പത്തനംതിട്ട-38, ആലപ്പുഴ-50, കോട്ടയം-38, ഇടുക്കി-98, എറണാകുളം-233, തൃശ്ശൂർ-198, പാലക്കാട്-12, മലപ്പുറം-70, കോഴിക്കോട്-7, വയനാട്- 3, കണ്ണൂർ -9, കാസർഗോഡ്- 4, ആറ്റിങ്ങൽ-71, മൂവാറ്റുപുഴ-116, വടകര-3, ആർ.ടി.ഒ എൻ.എസ് ------- ആകെ 1103.

(ജി) ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന ട്രാഫിക് നിയമലംഘനങ്ങൾ തടയുവാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി പുതിയ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ 14 ജില്ലകളിലായി 24X7 സമയവും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ഒരു സെൻട്രൽ കൺട്രോൾ റൂമും ജില്ലകളിൽ വെവ്വേറെ കൺട്രോൾ റൂമുകളും നിലവിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. റോഡ് സുരക്ഷാ നടപടികൾ ഏകോപിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും ഇതുകൊണ്ട് സാധ്യമാകും.

## ലെക്സ്മീറ്റർ ഉപയോഗം

378 (1871) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ലെക്സ്മീറ്റർ ഉപയോഗിച്ച് ടൂവീലർ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള അമിതപ്രകാശം പരത്തുന്ന ലൈറ്റുകൾ ഉപയോഗിക്കുന്നത് കണ്ടെത്താറുണ്ടോ; എങ്കിൽ ഈ ഗവൺമെന്റിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്ന് അറിയിക്കുമോ?

ഉണ്ട്. 1537 കേസുകൾ.

(ബി) പിടികൂടിയ വാഹനങ്ങളിൽനിന്നും പ്രസ്തുത ലൈറ്റുകൾ ഇളക്കി മാറ്റുന്നതിനോടൊപ്പം വാഹനം ഓടിച്ചവർക്കെതിരെ പിഴ ശിക്ഷയായി ഈടാക്കിയ തുകയുടെ കണക്ക് ഓരോ വർഷവും പട്ടിക തിരിച്ച്, ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) മൊബൈൽ ഫോൺ ഉപയോഗിച്ചും മദ്യപിച്ചും വാഹനമോടിക്കുന്ന നിയമലംഘകരെ പരിശോധന വേളയിൽ ഒഴിവാക്കുകയോ മറ്റ് ചെറിയ ട്രാഫിക് നിയമലംഘനങ്ങൾ കാണിച്ച് പിഴചുമത്തി ഒഴിവാക്കുകയോ ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഒഴിവാക്കാറില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാഹനങ്ങളിലെ കറുത്തഫിലിം ഉപയോഗം

379 (1872) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ കാഴ്ച മറയ്ക്കുന്ന രീതിയിൽ കറുത്ത ഫിലിം പതിപ്പിക്കുന്നതും കർട്ടൻ ഉപയോഗിക്കുന്നതും കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് കുറ്റകരമാണോയെന്നും അതിനുള്ള പിഴ ശിക്ഷ എത്രയാണെന്നും അറിയിക്കാമോ?

വാഹനങ്ങളിൽ കാഴ്ച മറയ്ക്കുന്ന രീതിയിൽ കറുത്ത ഫിലിം പതിപ്പിക്കുന്നതും കർട്ടൻ ഉപയോഗിക്കുന്നതും കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് കുറ്റകരമാണ്. പിഴ 250 രൂപയാണ്.

(ബി) കറുത്ത ഫിലിമിനുപകരം കർട്ടനുപയോഗിച്ച് മറച്ച് ഉന്നത പോലീസുദ്യോഗസ്ഥർ വാഹനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കംചെയ്യുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങളിൽ കർട്ടൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് നീക്കംചെയ്യാൻ ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നാദാപുരം സബ് ആർ.ടി. ഓഫീസ്

380 (1873) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയായ നാദാപുരം മണ്ഡലത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ വാഹനം രജിസ്റ്റർ ചെയ്യപ്പെടുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) നാദാപുരത്ത് ഒരു സബ് ആർ.ടി. ഓഫീസ് അനുവദിക്കുക എന്ന ദീർഘ നാളത്തെ ആവശ്യം സർക്കാരിന്റെ പരിഗണയിൽ ഉണ്ടോ;

(സി) ആയത് പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) നാദാപുരത്ത് പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ടാക്സി ഡ്രൈവർമാരുടെ പ്രശ്നങ്ങൾ

381 (1874) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും കാരണം ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന ടാക്സി ഡ്രൈവർമാർ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

23-3-2020-ലെ G.O.(P) No.13/2020/Trans (SRO No.251/2020 dated 30-3-2020) പ്രകാരം 1-4-2020 മുതൽ തുടങ്ങുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതിയിൽ 20% ഇളവ് അനുവദിച്ചുനൽകി. 30-4-2020-ലെ G.O.(P) No.23/2020/Trans (SRO No.294/2020) പ്രകാരം കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ 1-4-2020 മുതൽ തുടങ്ങുന്ന ത്രൈമാസ നികുതി ഒടുക്കാനുള്ള കാലാവധി 15-6-2020 വരെയും 15-6-2020-ലെ G.O.(P) No.34/2020/Trans (SRO No.395/2020 dated 15-6-2020) പ്രകാരം 15-7-2020 വരെയും 14-7-2020-ലെ G.O(P) No.40/ 2020/Trans (SRO No.460/2020) പ്രകാരം 15-8-2020 വരെയും ദീർഘിപ്പിച്ചു നൽകി. 14-7-2020-ലെ G.O.(P) No.39/2020/Trans (SRO No. 459/2020 dated 14-7-2020) പ്രകാരം 1-7-2020 മുതൽ ഒടുക്കേണ്ട കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി 14-9-2020 വരെ ദീർഘിപ്പിച്ചു നൽകി. 27-8-2020-ലെ G.O(P) No.45/2020/Trans (SRO No.544/2020 dated 27-8-2020) പ്രകാരം കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ 1-7-2020 മുതലുള്ള ത്രൈമാസ നികുതി ഇളവ് അനുവദിച്ച് നൽകി. 13-10-2020-ലെ G.O.(P) No.52/2020/Trans (SRO No.700/2020 dated 14-10-2020) പ്രകാരം 1-10-2020 മുതലുള്ള ത്രൈമാസ നികുതി ഒടുക്കാനുള്ള കാലാവധി 30-11-2020 വരെ ദീർഘിപ്പിച്ചു നൽകി. 6-11-2020-ലെ G.O(P) No.60/2020/Trans dated 06-11-2020 (SRO No.787/2020) പ്രകാരം 1-10-2020 മുതലുള്ള ത്രൈമാസ നികുതിയിൽ 50% ഇളവ് അനുവദിച്ച് നൽകി. 7-1-2021-ലെ G.O(P) No.2/2021/Trans(SRO No.29/2021 dated 8-1-2021) പ്രകാരം 1-1-2021 മുതൽ ഒടുക്കവാനുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതി കാലാവധി 31-3-2021 വരെ ദീർഘിപ്പിച്ചു നൽകി.

(ബി) ടൂറിസം മേഖലയിലെ പ്രതിസന്ധികൾ കാരണം ടാക്സി ഡ്രൈവർമാർ ആത്മഹത്യ ചെയ്തതായുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആത്മഹത്യചെയ്ത ഡ്രൈവർമാരുടെ കുടുംബങ്ങൾക്ക് സഹായങ്ങൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രതിസന്ധി സാഹചര്യം പരിഗണിച്ച് 2017-നുമുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് ടാക്സ് കുടിശ്ശികയിന്മേലുള്ള പലിശ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പുത്തൻകുരിശിൽ മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്ര നിർമ്മാണം

382 (1875) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുത്തൻകുരിശിൽ നിർമ്മിക്കുന്ന മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ടി കേന്ദ്രത്തോടനുബന്ധിച്ച് ആർ.ടി.എ. സബ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൃപ്പൂണിത്തുറയിൽ (പുത്തൻകുരിശ്ശിൽ) കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും ആണ് നിർമ്മിക്കുന്നത്. ഇതിന്റെ ഭാഗമായി രണ്ട് ബിൽഡിംഗുകളുടെ സ്ട്രക്ച്ചറിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തിയായിട്ടുണ്ട്. പെയിന്റിംഗ് ജോലികൾ പൂർത്തിയാകാനുണ്ട്. ടി സ്റ്റേഷനിൽ ടെസ്റ്റിംഗുകൾ നടത്തുന്നതിനായുള്ള ഉപകരണങ്ങൾ ജർമനിയിൽനിന്നും എത്തിയിട്ടുണ്ട്. ആയതു ഇൻസ്റ്റാൾ ചെയ്യുന്നതിനായി വിദഗ്ധ ടെക്നീഷ്യന്മാർ ജർമനിയിൽനിന്ന് എത്തേണ്ടതുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിസകൾ അനുവദിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കാരണം ജർമ്മനിയിൽനിന്നും ടെക്നീഷ്യന്മാർക്ക് എത്താൻ കഴിഞ്ഞിട്ടില്ല. ടി കേന്ദ്രത്തോടനുബന്ധിച്ച് ആർ.ടി.ഒ. സബ് സെന്റർ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ഡീസൽ ഓട്ടോ നിരോധനം

383 (1876) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനസംബന്ധമായ ഏതൊക്കെ സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

വാഹനസംബന്ധമായ പെർമിറ്റ്, സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങി എല്ലാ സേവനങ്ങളും ഇപ്പോൾ ഓൺലൈൻ ആയി ആണ് നൽകുന്നത്.

(ബി) പതിനഞ്ച് വർഷം കഴിഞ്ഞ ഡീസൽ ഓട്ടോകൾ നിരോധിക്കുമെന്ന പ്രഖ്യാപനം മരവിപ്പിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ?

പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ 1-1-2021-നുശേഷം സർവ്വീസ് നടത്തുവാൻ പാടില്ല എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എങ്കിലും പ്രസ്തുത സമയപരിധി 1-6-2021 വരെ നീട്ടി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതികൾ

384(1877) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(എ&ബി) ഉണ്ട്. നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വകുപ്പിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1. ഇന്ത്യയിലെ പ്രഥമ സംരഭമായ ഒരു 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസ് ആരംഭിച്ചു. 2020-ൽ ആദിത്യക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരവും ലഭിക്കുകയുണ്ടായി.

2. ജലഗതാഗത വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഇവ പ്രളയ കാലഘട്ടത്തിൽ മികച്ച രീതിയിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപകരിക്കുകയും ചെയ്തു.

3. വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വച്ഛമായും

സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

4. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു.

5. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് ആരംഭിച്ചു.

6. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും, ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ ഒരു 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ കറ്റാമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചു.

7. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടുംകൂടിയ ഐ.ആർ.എസ്. ക്ലാസ്സിൽ നിർമ്മിച്ച 5 ബോട്ടുകളും, കൈനകരി സർക്കുലർ സർവ്വീസും ആരംഭിച്ചു.

8. എറണാകുളം-വരാപ്പുഴ സർവ്വീസ് ആരംഭിച്ചു.

9. വൈറ്റില ഹബ്ബിൽനിന്നും കാക്കനാട്ടേയ്ക്ക് സർവ്വീസ് ആരംഭിച്ചു. ടി സർവ്വീസ്, റോഡ് ഗതാഗത കുരുക്കിൽനിന്നും സ്കൂൾ കുട്ടികൾ ഉൾപ്പെടയുള്ളവർക്ക് ചുരുങ്ങിയ സമയംകൊണ്ട് യഥാസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് സഹായകമായി.

10. ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യസംരംഭം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടുകൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

11. പാണാവള്ളി സ്റ്റേഷൻ ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചു.

12. വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി. സ്ഥാപിച്ചു.

13. ഇന്ത്യയിലെതന്നെ ആദ്യ സംരംഭമെന്ന നിലയിൽ 2 വാട്ടർ ടാക്സി നിർമ്മാണം പൂർത്തീകരിക്കുയും ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരികയും ചെയ്യുന്നു.

14. ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കറ്റാമറൈൻ ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ൽ നടത്തുകയും ചെയ്തു.

15. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു കറ്റാമറൈൻ ബോട്ടിന്റെ സർവ്വീസ് ആരംഭിച്ചു.

### സീ അഷ്ടമുടി പാസഞ്ചർ-കം-ടൂറിസം ബോട്ട് സർവ്വീസ്

385 (1878) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സീ-അഷ്ടമുടി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; ആയതിന്റെ സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സീ-അഷ്ടമുടി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ബോട്ടുകളുടെ 6 നിർമ്മാണ ഘട്ടങ്ങളിൽ 4-ാം ഘട്ട നിർമ്മാണം (Deck Integration) പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം നിലയുടെ നിർമ്മാണവും ഇന്റീരിയൽ വർക്കുകളുമാണ് ഇപ്പോൾ നടന്നുവരുന്നത്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1757, 1763, 1764, 1818, 1850, 1852 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരസമയം കഴിഞ്ഞു)